


4th International Congress on Kerala Studies

KERALA DEVELOPMENT AGENDA 2016

**സഞ്ചിക 2**

# നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്

**2016 ജനുവരി 9, 10**

## കേരള വികസന അജണ്ട


എകെജി പഠനഗവേഷണകേന്ദ്രം, തിരുവനന്തപുരം



നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്

സഞ്ചിക 2

INTERNATIONAL
CONGRESS
ON
KERALA STUDIES

# നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്

**2016 ജനുവരി 9, 10**

## കേരള വികസന അജണ്ട
## സഞ്ചിക 2

**എകെജി പഠന ഗവേഷണ കേന്ദ്രം**
**തിരുവനന്തപുരം**

**നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്**
**2016 ജനുവരി 9, 10**
**കേരള വികസന അജണ്ട**
സഞ്ചിക 2

*പ്രസിദ്ധീകരണം*
എ.കെ.ജി. പഠന ഗവേഷണകേന്ദ്രം
തിരുവനന്തപുരം

*പേജ് ക്രമീകരണം*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

*കവർ ഡിസൈൻ*
ഗോഡ്ഫ്രെ ദാസ്

*അച്ചടി*
അക്ഷര ഓഫ്സെറ്റ്, തിരുവനന്തപുരം

## ഉള്ളടക്കം


| | | |
|---|---|---|
| അധ്യായം 15 | പൊതുജനാരോഗ്യം | 5–25 |
| അധ്യായം 16 | പൊതുവിദ്യാഭ്യാസം | 26–46 |
| അധ്യായം 17 | ഉന്നതവിദ്യാഭ്യാസം | 47–61 |
| അധ്യായം 18 | സമ്പൂർണ്ണ സാമൂഹ്യസുരക്ഷ | 62–79 |
| അധ്യായം 19 | ദളിത്-ആദിവാസി വികസനം | 80–96 |
| അധ്യായം 20 | സ്ത്രീപദവിയും വികസനവും | 97–117 |
| അധ്യായം 21 | പ്രവാസി ക്ഷേമം | 118–127 |
| അധ്യായം 22 | ജലവിഭവം | 128–142 |
| അധ്യായം 23 | മാലിന്യസംസ്കരണം | 143–153 |
| അധ്യായം 24 | കല, സംസ്കാരം, മാദ്ധ്യമം | 154–164 |
| അധ്യായം 25 | മലയാളവും ഭാഷാസാങ്കേതികവിദ്യയും | 165–182 |
| അധ്യായം 26 | കായികരംഗം | 183–190 |

അധ്യായം 15

# പൊതുജനാരോഗ്യം

ആരോഗ്യ വിദ്യാഭ്യാസമേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളാണ് ഏറെ പ്രകീർത്തിക്കപ്പെട്ട കേരള വികസനമാതൃകയുടെ അടിസ്ഥാനമായി കരുതപ്പെടുന്നത്. ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടുമാണിരിക്കുന്നത്. സാക്ഷരതയിൽ പ്രത്യേകിച്ച് സ്ത്രീ സാക്ഷരതയിലുണ്ടായ വളർച്ചയാണ് ആരോഗ്യമേഖലയിലെ നേട്ടങ്ങളുടെ പ്രധാന കാരണം. ഏതാണ്ട് വികസിത രാജ്യങ്ങൾക്ക് തുല്യമായ ആരോഗ്യനിലവാരം കൈവരിച്ച സംസ്ഥാനമാണ് കേരളം. അംഗീകൃത ആരോഗ്യ മാനദണ്ഡങ്ങളായ പൊതുശിശുമാതൃമരണനിരക്കുകൾ കുറച്ചുകൊണ്ടുവരാനും ആയുർദൈർഘ്യം വർധിപ്പിക്കാനും കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സർക്കാർ ആശുപത്രികൾ പാവപ്പെട്ടവർക്ക് ചികിത്സാ ലഭ്യത ഉറപ്പുവരുത്താൻ സഹായിച്ചു. സർക്കാരും പൊതുസമൂഹവും ചെലവിടുന്ന മൊത്തം തുക കണക്കിലെടുത്താൽ വികസിത രാജ്യങ്ങളിലേതിനേക്കാൾ വളരെ തുശ്ചമായ തുകയാണ് ആരോഗ്യാവശ്യങ്ങൾക്കായി കേരളം ചെലവിടുന്നത്. ഇതെല്ലാം കണക്കിലെടുത്താണ് ചെലവ് കുറഞ്ഞതും സാമൂഹ്യനീതിയിലധിഷ്ഠിതവും മികച്ച ആരോഗ്യനിലവാരം കൈവരിച്ചതുമായ കേരള ആരോഗ്യമാതൃകയെ ലോകാരോഗ്യസംഘടനയും (Good Health at Low Cost Good Health with Social justice and Equtiy) മറ്റും പ്രകീർത്തിക്കുന്നത്.

കേരളം സാമൂഹിക ക്ഷേമമേഖലകളിൽ നടത്തിയ മുന്നേറ്റങ്ങളുടെ ഭാഗമാണ് നമ്മുടെ മെച്ചപ്പെട്ട പൊതുജനാരോഗ്യ നേട്ടങ്ങൾ. നിരന്തരമായ സാമൂഹിക രാഷ്ട്രീയ മുന്നേറ്റങ്ങളുടെയും അതിന്റെ തുടർച്ചയായി വന്ന ജനകീയ സർക്കാരുകളുടെ ഭരണ നടപടികളുടെയും ഫലമായിട്ടാണ് പൊതുജനാരോഗ്യരംഗത്ത് വികസിത രാജ്യങ്ങൾക്ക് ഏതാണ്ട് തുല്യമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കായത്. (പട്ടിക 15.1)

**പട്ടിക 15.1**
**ആരോഗ്യ സൂചികകൾ**
**ഇന്ത്യ, കേരളം, ബ്രിട്ടൻ, ചൈന താരതമ്യം**

| സൂചിക | ഇന്ത്യ | കേരളം | ബ്രിട്ടൻ | ചൈന |
|---|---|---|---|---|
| ആയുർദൈർഘ്യം | 65 | 74 | 81 | 75 |
| മരണനിരക്ക് | 7.1 | 6.9 | 9 | 7 |
| ജനനനിരക്ക് | 21.4 | 14.7 | 12 | 13.3 |
| ശിശുമരണനിരക്ക് | 44 | 12 | 3.8 | 11 |
| മാതൃമരണനിരക്ക് | 178 | 66 | 8 | 32 |

ഉറവിടം: സംസ്ഥാന ആസൂത്രണ ബോർഡ് 2013, ലോകാരോഗ്യ സംഘടന.

ഉയർന്ന സാക്ഷരത, ഭൂപരിഷ്കരണനിയമങ്ങളിലൂടെ ജന്മിത്തം അവസാനിപ്പിച്ച് കാർഷികമേഖലയിലെ ദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിയത്, ആഹാരസാധനങ്ങളുടെ താരതമ്യേന കുറ്റമറ്റ പൊതുവിതരണ സമ്പ്രദായം, ഉയർന്ന അവകാശ ബോധത്തിലൂടെയും അവകാശസമരങ്ങളിലൂടെയും ദുർബല ജനവിഭാഗങ്ങൾ നേരിട്ടുവന്നിരുന്ന കടുത്ത

ചൂഷണത്തിന്റെ തോത് കുറച്ചുകൊണ്ടുവന്നത് എന്നീ സാമൂഹ്യസാമ്പത്തിക ഘടകങ്ങളും സാർവ്വത്രികവും സൌജന്യവുമായ സർക്കാർ പൊതുജനാരോഗ്യ സംവിധാനവും കേരളത്തിലെ ജനങ്ങളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിൽ സംഭാവന നൽകിയിട്ടുണ്ട്. നമ്മുടെ നേട്ടങ്ങൾ നിലനിർത്തുന്നതിനും പുതിയ കാലത്തെ സങ്കീർണ്ണമായ വെല്ലുവിളികൾ നേരിടുന്നതിനും കേരളത്തിനു മുന്നിലുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും വ്യക്തമായ ആരോഗ്യ നയം രൂപീകരിക്കേണ്ടതുണ്ട്.

## I. കേരള ആരോഗ്യം പ്രതിസന്ധിയിലേക്ക്

1980കളോടെ ആരോഗ്യമേഖലയിൽ കേരളം പ്രതിസന്ധികളെ നേരിട്ടു തുടങ്ങിയിരുന്നു. പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തുവെന്ന് കരുതിയിരുന്ന മഞ്ഞപ്പിത്തം, കോളറ, എലിപ്പനി, മലേറിയ തുടങ്ങിയ രോഗങ്ങൾ തിരിച്ച് വന്നു തുടങ്ങിയതോടെയാണ് കേരള ആരോഗ്യമാതൃകയിൽ വിള്ളലുകളുണ്ടെന്ന് സംശയം ഉയർന്നു വന്നത്. അധികം വൈകാതെ ഡെങ്കിപനി, ചിക്കുൻ ഗുനിയ, ജാപ്പാനിസ് മസ്തിഷ്കജ്വരം, എച്ച് വൺ എൻ വൺ തുടങ്ങിയ പുത്തൻ പകർച്ചവ്യാധികൾ കേരളത്തിൽ പ്രത്യക്ഷപ്പെടുകയും വർഷം തോറും അനേകമാളുടെ ജീവനപഹരിക്കുകയും ചെയ്തു തുടങ്ങി. സ്കറൈബ് ടൈഫസ്, കെയ്സനർ ഫോറസ്റ്റ് ഡിസീസ് തുടങ്ങിയ പകർച്ചവ്യാധികളും അടുത്തകാൽത്ത് പ്രത്യക്ഷപ്പെട്ട് തുടങ്ങിയിട്ടുണ്ട്. (പട്ടിക 15.2). മാത്രമല്ല വാക്സിനേഷൻ വഴി പൂർണ്ണമായും തടഞ്ഞു കഴിഞ്ഞിരുന്ന ഡിഫ്തീരിയ പോലുള്ള പകർച്ചവ്യാധികൾ തിരിച്ചു വരികയും സമീപകാലത്ത് രണ്ട് കുട്ടികൾ മലപ്പുറത്ത് മരണമടയുകയുമുണ്ടായി. അതിനിടെ പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ ജീവിതശൈലീരോഗങ്ങളും കാൻസറും കേരളത്തിൽ വർധിച്ചുവന്നു. ആയുർദൈർഘ്യം വർധിക്കുമ്പോൾ സ്വാഭാവികമായും ഇത്തരം രോഗങ്ങൾ കൂടുതലായി കണ്ടുവരാൻ സാധ്യതയുണ്ടെന്ന വ്യാഖ്യാനത്തിലാണ് പലരും അഭയം തേടിയത്. എന്നാൽ പ്രതീക്ഷിച്ചതിലും എത്രയോ കൂടുതലായാണ് പ്രമേഹം തുടങ്ങിയ രോഗങ്ങൾക്ക് കേരളീയർ അടിമപ്പെട്ടുവരുന്നതെന്ന യാഥാർത്ഥ്യം ശ്രദ്ധിക്കപ്പെടാതെ പോയി. ഇന്ത്യമൊത്തമെടുത്താൽ 1549 പ്രായപരിധിയുള്ള ഒരു ലക്ഷം പേരിൽ 1051 പുരുഷന്മാർക്കും 881 സ്ത്രീകൾക്കുമാണ് പ്രമേഹമുള്ളതെങ്കിൽ കേരളത്തിലത് യഥാക്രമം 3078 ഉം 2549 ഉം ആയി എതാണ്ട് മൂന്നിരട്ടിയിലധികമായി വളരെ ഉയർന്ന് നിൽക്കുന്നു. 90കളുടെ ആരംഭത്തോടെ പകർച്ചവ്യാധികളുടേയും ജീവിതശൈലീരോഗങ്ങളുടെയും സാന്നിധ്യമുള്ള ഇരട്ട രോഗഭാരം പേറുന്ന ജനസമൂഹമായി കേരളം മാറി.1970 കളിൽ തന്നെ ഡോ പി ജി കെ പണിക്കരും ഡോ സി ആർ സോമനും നിരീക്ഷിച്ച രീതിയിൽ കുറഞ്ഞ മരണനിരക്കും കൂടിയ രോഗതുരതയുമുള്ള (Low Mortaltiy High Morbidtiy Syndrome) സമൂഹമായി കേരളം മാറികഴിഞ്ഞിരിക്കയാണ്.

**പട്ടിക 15.2**
**പകർച്ച വ്യാധികൾ ബാധിച്ചവർ**
**(മരണ സംഖ്യ ബ്രാക്കറ്റിൽ)**

| രോഗം | 2010 | 2011 | 2012 | 2013 | 2014 |
|---|---|---|---|---|---|
| ഡങ്കി | 2597 (17) | 1304 (10) | 4056 (16) | 7911 (25) | 2575 (11) |
| ചിക്കൻ ഗുനിയ | 210 (0) | 81 (0) | 62 (0) | 249 (0) | 265 (0) |
| മസ്തിഷ്ക ജ്വരം | ലഭ്യമല്ല | 37 (8-) | 3 (1-) | 2 (0-) | 2 (2-) |
| മലേറിയ | 2299 (6-) | 1993 (2-) | 2036 (3-) | 1634 (0-) | 1751 (6-) |
| സ്കറബ് ടൈഫസ് | ലഭ്യമല്ല | 8 (1-) | 39 (4-) | 68 (0-) | 431 (6-) |

ഉറവിടം: ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവീസ് 2014

### കാൻസർ രോഗം

റീജിയണൽ കാൻസർ സെന്ററിന്റെ കാൻസർ റജിസ്റ്ററി അനുസരിച്ച് കേരളത്തിൽ വർഷം തോറും ഏതാണ്ട് 50,000 പേരെ പുതുതായി കാൻസർ ബാധിച്ചുവരുന്നുണ്ട്. ഇതിൽ കൂടുതലും സ്ത്രീകളാണ്. സ്തനം, തൈറോയ്ഡ് ഗ്രന്ഥി, ഗർഭാശയം എന്നീ അവയവങ്ങളെ ബാധിക്കുന്ന കാൻസറുകൾ സ്ത്രീകളിലും ശ്വാസകോശം, പ്രോസ്റ്റേറ്റ്, വായ് എന്നിവിടങ്ങളിലെ കാൻസറുകൾ പുരുഷന്മാരിലും കൂടുതലായി കണ്ടുവരുന്നു. ആമാശയം, വൻകുടൽ, കരൾ തുടങ്ങിയ ഭാഗങ്ങളെ ബാധിക്കുന്ന കാൻസറുകളും രക്താർബുദം, ലിംഫോമ തുടങ്ങിയ വിഭാഗത്തിൽ പെട്ട കാൻസറുകളും സ്ത്രീകളിലും പുരുഷന്മാരിലും ഒരുപോലെ പ്രത്യക്ഷപ്പെടാറുണ്ട്. പുകവലിയിൽ കുറവുണ്ടായിട്ടും ശ്വാസകോശ അർബുദത്തിൽ കാര്യമായ കുറവ് കാണുന്നില്ല. വെറ്റമുറുക്കും പൊതുവിൽ കുറഞ്ഞു വരുന്നുണ്ടെങ്കിലും വായിലുണ്ടാവുന്ന കാൻസറിൽ പ്രതീക്ഷിച്ച് കുറവ് കാണുന്നില്ല. പുകയിലയുടെ മറ്റ് തരത്തിലുള്ള ഉപയോഗം വർധിച്ച് വരുന്നതായിരിക്കണം ഇതിനു കാരണം.

പൊതുവിൽ പറഞ്ഞാൽ ജനിതക ഘടന, ജീവിത രീതി, പരിസര ഘടകങ്ങൾ ഇവ മൂന്നും ചേർന്നാണ് കാൻസർ ബാധക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നത്. വിവിധ തരത്തിലുള്ള കാൻസറിന് കാരണമായേക്കാവുന്ന ജനിതക വൈകല്യങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ളവർ അനാരോഗ്യകരമായ ജീവിതരീതി പിന്തുർന്നാൽ മറ്റുള്ളവരേക്കാൾ വേഗം കാൻസറിനു അടിമപ്പെടേണ്ടിവരുന്നു. ഉദാഹരണത്തിന് ശ്വാസകോശ അർബുദ സാധ്യതയുള്ള ജനിതക വൈകല്യമുള്ളയാൾ പുകവലിക്കുകകൂടി ചെയ്താൽ

അതിവേഗം കാൻസറിന് വിധേയനാവുന്നു. മറ്റ് ജീവിത രീതി രോഗങ്ങൾക്ക് കാരണമാകാവുന്ന അമിതവണ്ണം, അനാരോഗ്യകരമായ ആഹാരരീതി, വ്യായാമ വിമുഖത എന്നിവയെല്ലാം കാൻസറിനും കാരണമാവാം. ആഹാരത്തിലിടെയും വെള്ളത്തിലൂടെയും അന്തരീക്ഷത്തിലൂടെയും ശരീരത്തിലേക്ക് കടക്കാനിടയുള്ള മാരകമായ രാസവസ്തുക്കളും കാൻസർ രോഗങ്ങളുടെ പ്രധാന കാരണങ്ങളിൽ പെടുന്നു. അന്തരീക്ഷ, ജല, ഭൂ മലിനീകരണം വർധിച്ച് വരുന്ന കേരളത്തിൽ കാൻസർ കൂടുതലായി വ്യാപിച്ച് വരുന്നതിൽ അത്ഭുതപ്പെടാനില്ല. കേരളത്തിൽ കാണപ്പെടുന്ന കാൻസർ രോഗങ്ങളുടെ കാരണങ്ങളെ സംബന്ധിച്ച് കൂടുതൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്. റീജിയണൽ കാൻസർ സെന്ററിലും മറ്റും നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ശ്ലാഘനീയങ്ങളാണ്.

## ആത്മഹത്യ, അപകടമരണം

ഇതിനെല്ലാം പുറമേ മറ്റ് അനേകം സവിശേഷങ്ങളായ ആരോഗ്യ പ്രശ്നങ്ങൾക്കും കേരളീയർ വിധേയരായി തുടങ്ങി. ഇന്ത്യയിൽ ഏറ്റവുമധികം ആത്മഹത്യ നടക്കുന്ന സംസ്ഥാനമാണ് കേരളം. ദേശീയ ശരാശരിയേക്കാൽ രണ്ടിരട്ടിയിലധികമാണ് കേരളീയരുടെ ആത്മഹത്യാനിരക്ക്. ഒരു ലക്ഷം പേരിൽ ശരാശരി 11.2 പേരാണ് ഇന്ത്യ മൊത്തമെടുത്താൽ ആത്മഹത്യ ചെയ്യുന്നതെങ്കിൽ കേരളത്തിൽ 24.3 പേരാണ് ആത്മഹത്യയിലൂടെ ജീവനൊടുക്കുന്നത്. 2003 ൽ ആത്മഹത്യാനിരക്ക് 30.8 ആയിരുന്നത് 2009 ൽ 25.5 ആയും 2010 ൽ 24.8 ആയും കുറഞ്ഞിട്ടുണ്ട്. എന്നാൽ ഇടുക്കി, കൊല്ലം. വയനാട്, തിരുവനന്തപുരം ജില്ലകളിലെ ആത്മഹത്യാനിരക്ക് ഉയർന്നു തന്നെ നിൽക്കയാണ്. അതുപോലെ കുടുംബ ആത്മഹത്യ വഴി ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം 2009ൽ 38 ആയിരുന്നത് 2010ൽ 56 ആയി വർധിച്ചിട്ടുണ്ട്. നിരവധി സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പ്രതിസന്ധികളാണ് വ്യക്തികളെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്നത്. അതോടൊപ്പം മലയാളികളുടെ ദുർബലമായ മാനസികാരോഗ്യവും ആത്മഹത്യക്ക് കാരണമാവുന്നുണ്ട്. അതായത് രോഗാതുരമായ ശരീരത്തിന്റെ മാത്രമല്ല മനസ്സിന്റേയും ഉടമകളാണ് മലയാളികൾ എന്നാണിത് സൂചിപ്പിക്കുന്നത്. മാത്രമല്ല 2001ലെ സെൻസസ് പ്രകാരം 5.87 ശതമാനം പേർ സൈക്കോസിസ്, ബൈപോളാർ ഡിസ് ഓർഡർ, അമിത മദ്യമയക്ക് മരുന്നാസക്തി തുടങ്ങിയ മാനസിക രോഗം ബാധിച്ചവരാണ്. ഇന്ത്യ മൊത്തമെടുത്താൽ മാനസിക രോഗം ബാധിച്ചവർ 2 ശതമാനം മാത്രമാണ്. മദ്യം ഏറ്റവുമധികം ഉപയോഗിക്കുന്ന സംസ്ഥാനമായി കേരളം മാറി യിട്ടുണ്ട്. 8.3 ലിറ്ററാണ് പ്രതിവർഷ പ്രതിശീർഷ മദ്യ ഉപഭോഗം. ആദ്യമായി മദ്യം കഴിച്ച് തുടങ്ങുന്ന പ്രായം 1986 ൽ 19 ആയിരുന്നത് 2001 ൽ 13 ആയി കുറഞ്ഞിരിക്കുന്നു. വാഹനാപകടത്തെ തുടർന്ന് ശരാശരി 10 പേരാണ് ദിനംപ്രതി കേരളത്തിൽ മരണമടയുന്നത്. എഴുപതാളുകൾക്കെങ്കിലും ഗുരുതരമായ പരിക്ക് പറ്റുകയും ചെയ്യുന്നു ചുരുക്കത്തിൽ, ദൈവത്തിന്റെ സ്വന്തം നാട് രോഗികളുടെയും സ്വന്തം നാടായി മാറികഴിഞ്ഞുവെന്ന് അതിശയോക്തികൂടാതെ തന്നെ പറയാൻ കഴിയും.

## പ്രായാധിക്യമുള്ളവരുടെ ആരോഗപ്രശ്നങ്ങൾ

സമീപഭാവിയിൽ കേരളം നേരിടാൻ പോകുന്ന പ്രധാനവെല്ലുവിളി പ്രായാധിക്യമുള്ളവരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളായിരിക്കും. ജനനനിരക്ക് കുറയുകയും ആയുർദൈർഘ്യം വർധിക്കയും ചെയ്തതോടെ കേരള സമൂഹത്തിൽ പ്രായമായവരുടെ എണ്ണം വർധിച്ചുവരികയാണ്. അടുത്ത കാൽനൂറ്റാണ്ട് അവസാനിക്കുമ്പോഴേക്കും കേരളജനതയിൽ നാലിലൊന്നും (പട്ടിക 15.3) അറുപതു വയസ്സ് കഴിഞ്ഞവരായിരിക്കും. വാർധ്യകാല രോഗങ്ങളുടെ ചികിത്സാചെലവ് വളരെ കൂടുതലായിരിക്കും. കൂട്ടുകുടുംബം തകർന്ന് അണുകുടുംബ വ്യവസ്ഥ വൃദ്ധജനങ്ങളുടെ പരിപാലനവും വലിയ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ സൃഷ്ടിച്ചു വരികയാണ്. പ്രാഥമികാരോഗ്യ സേവനം, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയ സാമൂഹ്യാരോഗ്യ ഇടപെടലുകളിലൂടെ രോഗപ്രതിരോധവും പ്രാരംഭഘട്ട ചികിത്സയും ഉറപ്പാക്കിയാൽ ചികിത്സാ ചെലവ് കുറക്കാനും ഗുരുതരമായ രോഗാവസ്ഥ തടയാനുമാവും. കേരളത്തിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലും പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിലും വളർന്നു വന്നിട്ടുള്ള സാന്ത്വാന പരിചരണ സംവിധാനങ്ങൾ വൃദ്ധജനങ്ങൾക്ക് ആശ്വാസം പകരുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. കഴിഞ്ഞ ഇടത് മുന്നണി സർക്കാർ ഒരു സാന്ത്വാന പരിചരണനയവും രൂപീകരിച്ചിരുന്നു. വൃദ്ധജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിനായി കൂടുതൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്ക്ണ്ടതുണ്ട്.

**പട്ടിക 15.3**
**ജനസംഖ്യയിൽ വൃദ്ധ ജനങ്ങളുടെ ശതമാനം**

| വർഷം | 60–74 വയസ്സു വരെ | 75 വയസ്സിനു മുകളിൽ |
|---|---|---|
| 1991 | 8.85 | 1.95 |
| 2001 | 10.83 | 2.74 |
| 2011 | 13.57 | 3.76 |
| 2021 | 18.59 | 4.87 |
| 2031 | 25.49 | 7.13 |

ഉറവിടം: പ്ലാനിംഗ് കമ്മിഷൻ, ഇന്ത്യാ സർക്കാർ 2008

## സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ

സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ വളരെ ഉയർന്നു നിൽക്കുന്ന സംസ്ഥാനമാണ് കേരളം. നമ്മുടെ സാമൂഹ്യ വളർച്ചയുടെ സൂചന കൂടിയാണ

ത്. 2011ലെ സെൻസസ് അനുസരിച്ച് പുരുഷ സ്ത്രീ അനുപാതം കേരളത്തിൽ 1000: 1084 ആണ് അതേയ വസരത്തിൽ ദേശീയ അനുപാതമാവട്ടെ മാത്രമാണ്. സ്ത്രീകളുടെ ആയുർദൈർഘ്യം പുരുഷന്മാരെക്കാൾ കൂടുതലായതുകൊണ്ടും വിവാഹപ്രായത്തിലുള്ള വ്യത്യാസം മൂലവും ഇവരിൽ കൂടുതലും വിധവകളുമായിരിക്കും. പ്രായമാവുമ്പോൾ സ്ത്രീകളുടെ ആരോഗ്യ സ്ഥിതി പുരുഷന്മാരേക്കാൾ മോശമാവാനാണ് സാധ്യത. ഹൃദ്രോഗം, രക്താതിമർദ്ദം തുടങ്ങിയ രോഗങ്ങൾ മധ്യവയസ്കരായ സ്ത്രീകളിൽ വർധിച്ച് വരുന്നുണ്ട്. സ്തനാർബുദം, തൈറോയിഡ് ഗ്രന്ഥിയെ ബാധിക്കുന്ന കാൻസർ ഇവയും സ്ത്രീകളിൽ കൂടുതലായി കാണപ്പെടുന്നു. അമിതഭാരവും അനാരോഗ്യകരമായ ആഹാര രീതികളുമാണ് പലരോഗങ്ങളും സ്ത്രീകളിലും വർധിച്ച് വരുന്നതിനുള്ള കാരണം. സ്ത്രീകളിൽ. 28 ശതമാനം പേർ അമിതഭാരമുള്ളവരാണ്. അതേയവസരത്തിൽ 18 ശതമാനം സ്ത്രീകൾ തൂക്കക്കുറവുള്ള വരാണ്. വിളർച്ച യുള്ള സ്ത്രീകളുടെ ശതമാനം (15 മുതൽ 49 വയസ്സുവരെ) 98–99ൽ 22.7 ശതമാനമായിരുന്നത് 2005–2006 ൽ 34 ശതമാനമായി വർധിച്ചിട്ടുണ്ട്.

മാതൃമരണനിരക്ക് കഴിഞ്ഞവർഷങ്ങളിൽ ഇത് 80ൽ നിന്ന് 66 ആയി കുറയ്ക്കാൻപറ്റിയിട്ടുണ്ട്. എന്നിരിക്കിലും 100 ശതമാനത്തോടടുത്ത് പ്രസവങ്ങൾ ആസ്പത്രികളിൽ നടക്കുന്ന കേരളത്തിൽ, പ്രതിവർഷം നടക്കുന്ന അഞ്ചുലക്ഷത്തിനടുത്ത പ്രസവങ്ങളിൽ 200ഓളം സ്ത്രീകൾ മരണപ്പെടുന്നുണ്ട്. വേണ്ടസമയത്ത് ശരിയായ ചികിത്സ ലഭിക്കാൻ വൈകുന്നതുകൊണ്ടായിരിക്കണം ഇത് സംഭവിക്കുന്നത്. താഴെതട്ടിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ സ്ത്രീ ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയാൽ 'മാതൃമരണങ്ങൾ' തടയാം. പരമ്പരാഗത. തൊഴിൽ മേഖലകളായ കശുവണ്ടി, കയർ, കൈത്തറി മത്സ്യത്തൊഴിലാളി മേഖലകളിലും എസ്റ്റേറ്റുകളിലും വ്യക്തിഗത സുരക്ഷാനടപടികളുടെയും

ശുചിത്വസൗകര്യങ്ങളുടെയും ചികിത്സാ സൌകര്യങ്ങളുടെയും അഭാവം മൂലം തൊഴിൽജന്യരോഗങ്ങൾ കൂടിവരുണ്ട്. എന്നാൽ സ്ത്രീകൾ നേരിടുന്ന തൊഴിൽ ജന്യരോഗങ്ങൾ പഠിച്ച് ചികിത്സ നൽകുന്നതിനുള്ള ഒരു ശ്രമവും നടന്നിട്ടില്ല.

കേരളത്തിൽ സർക്കാർ സ്വകാര്യ ആശുപത്രികളിലെ സിസേസേറിയൻ നിരക്ക് ആശങ്കാജനകമായ നിലയിൽ വർധിച്ചുവരികയാണെന്ന് ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ കാണുന്നു. 2015 ഏപ്രിൽ മാസം വരെ സർക്കാർ സ്വകാര്യ ആശുപത്രികളിൽ നടത്തിയ പഠനമാണ് ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് സർക്കാർ ആശുപത്രികളിൽ 41 ശതമാനവും സ്വകാര്യ ആശുപത്രികളിൽ 42 ശതമാനവുമാണ് സിസേറിയൻ നിരക്ക്. അഞ്ചു ജില്ലകളിലെ സർക്കാർ ആശുപത്രികളിലൂം ആറു ജില്ലകളിലെ സ്വകാര്യ ആശുപത്രികളിലും 50 ശതമാനത്തിലേറെ സിസേറിയൻ നടക്കുന്നു. മലപ്പുറം ജില്ലയിലെ സ്വകാര്യ ആശുപത്രികളിലാണ് ഏറ്റവുമധികം സിസേറിയൻ നടക്കുന്നത് ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഏറ്റവും കൂടിയാൽ 15 ശതമാനം സിസേറിയനാണ് അനുവദനീയമായിട്ടുള്ളത്. അനുവദനീയമായ നിരക്കിൽ നിന്നും സിസേറിയൻ വർധിക്കുന്നതിന് വൈദ്യശാസ്ത്രപരമായി നീതീകരണം കണ്ടെത്താനാവില്ല. കേരളത്തിൽ പ്രസവം കുറഞ്ഞു വരുന്നത് കൊണ്ട് അമ്മയുടെയും കുഞ്ഞിന്റേയും കാര്യത്തിൽ അമിത ശ്രദ്ധയുണ്ടാവുമ്പോൾ പ്രശ്നങ്ങളുണ്ടാവാൻ കാത്തിരിക്കാതെ സിസേറിയനെ ആശ്രയിക്കുന്നവരുണ്ട്. അതുപോലെ വന്ധ്യതാചികിത്സ വിജയിച്ച് ഗർഭിണികളാവുന്നവരുടെയും പ്രായമേറിയായി ഗർഭം ധരിക്കുന്നവരുടെയും കാര്യത്തിലും ഇതേ മനോഭാവത്തോടെ സിസേറിൻ രീതി സ്വീകരിച്ചുവെന്ന് വരാം. എന്നാൽ ഈ കാരണങ്ങൾ കൊണ്ടൊന്നും ഇപ്പോഴത്തെ സിസേറിയൻ നിരക്കിനെ ന്യായീകരിക്കാനാവില്ല. സിസേറിയന് വിധേയരാവുന്നവരിൽ ഭൂരിഭാഗവും സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവരാണെന്നതും കൂടുതൽ സിസേറിയൻ നടക്കുന്നത് സ്വകാര്യ ആശുപത്രികളിലാണെന്നതും സൂചിപ്പിക്കുന്നത് സാമ്പത്തിക താത്പര്യങ്ങളാണ് സിസേറിയൻ ശസ്ത്രക്രിയയിലേക്ക് നയിക്കുന്ന പ്രധാന പ്രേരകഘടകമെന്നാണ്. ഹെൽത്ത് സർവീസസ് ആശുപത്രികളിൽ സ്വകാര്യ ചികിത്സയും അനുവദിച്ചിട്ടുണ്ടല്ലോ. അതൊരു അർത്ഥത്തിൽ ആന്തരികമായ സ്വകാര്യവൽക്കരണവുമാണ്. ആദ്യമൊക്കെ ഡോക്ടർമാർ സാമ്പത്തികവും മറ്റുമായ കാരണങ്ങളാൽ സിസേറിയൻ നിർദ്ദേശിച്ചിരുന്നതെങ്കിൽ ഇപ്പോൾ ഈ പ്രവണത ഒരു വിഷമവൃത്തമായി മാറുകയും രോഗികളും ബന്ധുക്കളും കൂടുതൽ സുരക്ഷ ലഭിക്കും എന്ന ധാരണയിൽ സിസേറിയനുവേണ്ടി ഡോക്ടർമാരിൽ സമ്മർദ്ദം ചെലുത്തുന്ന സ്ഥിതിവിശേഷവുമുണ്ടായിരിക്കയാണ്. ഡോക്ടർമാരും പ്രസവത്തിനെത്തുന്നവരും നിഷേധിക്കാറുണ്ടെങ്കിലും തങ്ങൾക്ക് താതപര്യമുള്ള ജാതകനാളുകളിൽ കുട്ടി പിറക്കാനായി ചില ഡോക്ടർമാർ സിസേറിയൻ ബന്ധുക്കളുടെ നിർബന്ധത്തിന് വഴങ്ങി പ്രത്യേക സമയത്ത് നടത്തികൊടുക്കാറുണ്ടത്രേ. ഇത്തരം രീതികൾ വൈദ്യശാസ്ത്ര ധാർമ്മികതക്ക് ഒട്ടും നിരക്കുന്നതല്ല. സാധാരണ രീതിയിലുള്ള പ്രസവത്തിന് സ്വകാര്യ ആശുപത്രികളിൽ 4000 മുതൽ 5000 രൂപ വരെ ചെലവിടേണ്ടി വരുമ്പോൾ സിസേറിയന് വിധേയരാവുന്നവരിൽ ചെലവ് 25,000 മുതൽ 40,000 വരെയായി വർധിക്കുന്നു. ചെലവ് കുറഞ്ഞ പ്രസവരക്ഷ നൽകിയിരുന്ന ചെറുകിട ഇടത്തരം ആശുപത്രികൾ പലതും പൂട്ടികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വൻകിട ആശുപത്രികളിലാണ് പ്രസവം കൂടുതലായി നടന്നു വരുന്നത്. ചികിത്സാ ചെലവ് വർധിച്ച് വരുന്നതിൽ സിസേറിയൻ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് കരുതുന്നതിൽ തെറ്റില്ല.

കേരളത്തിൽ പൊതു സ്ഥലങ്ങളിലൊന്നും സ്ത്രീകൾക്ക് ഉപയോഗിക്കാവുന്ന വൃത്തിയുള്ള ടോയിലറ്റുകൾ ലഭ്യമല്ല എന്ന പ്രശ്നം. മൂത്രമൊഴിക്കാതെ വളരെ

നേരം കഴിക്കേണ്ടിവരുന്നത് കൊണ്ട് മൂത്രാശയ അണു രോഗ ബാധക്ക് (Urinary Tract Infection) സ്ത്രീകൾ വിധേയരാവേണ്ടി വരുന്നു. പ്രായമാവുമ്പോൾ മൂത്രം നിയന്ത്രിക്കാൻ കഴിയാതെ (Incontinence of Urine) വന്ന് കഷ്ടപ്പെടേണ്ടി വരുന്നതിന്റെ പ്രധാന കാരണം ഇങ്ങനെ നിരന്തരം മൂത്രം ഒഴിക്കാതെ കഴിയേണ്ടി വരുന്നത് കൊണ്ട് അടിക്കടിയുണ്ടാവുന്ന മൂത്രാശയ അണുരോഗ ബാധയാണ്. (Recurrent Urinary Tract Infection). വൃത്തിഹീനമായ ടോയിലറ്റുകൾ സ്ത്രീകൾ ഉപയോഗിക്കാറില്ല എന്നതും അറിഞ്ഞിരിക്കേണ്ടതാണ്. നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പകുതിയിലേറെ ജനപ്രതിനിധികൾ സ്ത്രീകളാണെങ്കിലും ഇക്കാര്യത്തിൽ ഒരു പരിഹാരത്തിനായി ആരും ശ്രമിച്ചതായി കാണുന്നില്ല.

പഞ്ചായത്തുകളിൽ വാർഡുകൾതോറും 'ജാഗ്രതാ സമിതികളും' ജില്ലാആസ്പത്രികളിൽ 'ഭൂമിക' സെന്ററുകളും പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്ത് കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ 'ജെൻഡർ വയലൻസ്' (സ്ത്രീ അതിക്രമം) 13,738ൽനിന്ന് 10,690 ആയി കുറഞ്ഞിട്ടുണ്ടെങ്കിലും (22ശതമാനം) ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെടാവുന്ന സ്ത്രീ അതിക്രമങ്ങളിൽ നാലുശതമാനം കേരളത്തിൽനിന്നാണ് (ലക്ഷംപേരിൽ 23 പേർ). വിവാഹിതരായ സ്ത്രീകളിൽ 16 ശതമാനംപേരും ഭർത്താക്കന്മാരിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള പീഡനമനുഭവിക്കുന്നവരാണ്.

### ആദിവാസികൾ വംശഹത്യയിലേക്ക്

കേരളത്തിലെ പൊതുസമൂഹം നേരിടുന്നതിനേക്കാൾ എത്രയോ മടങ്ങ് കടുത്ത ആരോഗ്യപ്രതിസന്ധികളാണ് പ്രാന്തവൽക്കരിക്കപ്പെട്ട ആദിവാസികൾ തുടങ്ങിയ ജനസമൂഹങ്ങൾ നേരിട്ടുവരുന്നത്. അടുത്ത കാലത്ത് അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ പട്ടിണിയും പോഷണക്കുറവും മൂലം അനേകം നവജാത ശിശുക്കൾ മരണമടഞ്ഞു. ആദിവാസിമേഖലകളിൽ സിക്കിൾ സെൽ അനീമിയയും വ്യാപകമായി കാണപ്പെടുന്നുണ്ട്. അടിസ്ഥാന ചികിത്സാ സംവിധാനങ്ങൾ ഒരുക്കുന്നതിലും അംഗൻവാടികളിലൂടെയും മറ്റും പോഷകാഹാരം നൽകുന്നതിലും വലിയ വീഴ്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതേ സ്ഥിതി തുടർന്നാൽ പല ആദിവാസി വിഭാഗങ്ങളുടേയും വംശനാശം സംഭവിക്കാനിടയുണ്ടെന്ന ആശങ്ക പരന്നിട്ടുണ്ട്. ആദിവാസികളെ കൃഷിക്കാരാക്കി മാറ്റികൊണ്ട് മാത്രമേ അവരുടെ പ്രശ്നങ്ങൾ സ്ഥായിയായി പരിഹരിക്കാൻ കഴിയൂ. ഈ ലക്ഷ്യം നേടിയെടുക്കാൻ പരമ്പരാഗത കാർഷികരീതികളും ആധുനിക കൃഷിയും ആദിവാസികൾക്ക് സ്വീകാര്യമായ രീതിയിലും ഉചിതമായും സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് നടപ്പിലാക്കേണ്ടത്. നീർത്തടവികസനം, ജലസേചന സൌകര്യങ്ങൾ വിപുലപ്പെടുത്തൽ, വന നദി സംരക്ഷണം തുടങ്ങിയ നിരവധി ഹൃസ്വകാല ദീർഘകാല പദ്ധതികൾ നടപ്പിലാക്കേണ്ടിവരും. ഇതിലേക്കായി ബന്ധപ്പെട്ട എല്ലാവരുമായി ആലോചിച്ച് ആദിവാസി കേന്ദ്രീകൃത വികസന പരിപ്രേക്ഷ്യം തയ്യാറാക്കാനുള്ള ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു.

### പ്രാന്തവൽക്കരിക്കപ്പെട്ടവർ

മത്സ്യതൊഴിലാളികൾ, പ്ലാന്റേഷൻ തൊഴിലാളികൾ, കയർ കശുവണ്ടി തുടങ്ങിയ പരമ്പരാഗതതൊഴിൽ മേഖലയിൽ ജോലിനോക്കുന്നവർ മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങളും ഗുരുതരങ്ങളായ ആരോഗ്യ പ്രശ്നങ്ങളെ നേരിട്ടു വരുന്നുണ്ട്. ഇവരിൽ കൂടുതലും സ്ത്രീകളാണെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇ എസ് ഐ ആശുപത്രികൾ സംഘടിതവിഭാഗത്തിൽ പെട്ട തൊഴിലാളികളുടെ പരിചരണത്തിനായി സ്ഥാപിക്കപ്പെട്ടവയാണെങ്കിലും തൊഴിൽജന്യ രോഗങ്ങളെ പ്രത്യേകമായി പഠിക്കുന്നതിനോ അവ കണ്ടെത്തി പരിചരിക്കുന്നതിനോ ഉള്ള ശ്രമങ്ങൾ നടക്കുന്നില്ല.

## II. രോഗാതുരത എന്തുകൊണ്ട്?

മാലിന്യ നിർമ്മാർജ്ജനം, പരിസരശുചിത്വം, കൊതുകു നശീകരണം, ശുദ്ധജലവിതരണം എന്നിവ ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ശ്രമിച്ച പരിപാടികളൊന്നും വേണ്ടത്ര വിജയിക്കാതെ പോയതാണ് പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നതിനുള്ള അടിസ്ഥാന കാരണം. വിജയകരമായ ഏതാനും ചില സംരംഭങ്ങൾ ഒഴിച്ചാൽ മാലിന്യ നിർമ്മാർജ്ജനം ഫലവത്തായി നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല. കേരളത്തിലെ അനേകം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ശുചിത്വ പ്രവർത്തനത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി അഖിലേന്ത്യ തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിർമ്മൽ പുരസ്കാരത്തിനു അർഹരായിട്ടുണ്ട്. എന്നാൽ തിരുവനന്തപുരത്തെ വിളപ്പിൽശാല, കോട്ടയത്തെ വടവാതൂർ, തൃശൂരിലെ ലാലൂർ, തുടങ്ങിയ വൻ മാലിന്യ നിർമ്മാർജ്ജന പദ്ധതികളൊന്നുപോലും പല കാരണങ്ങൾ മൂലം പൂർത്തിയാക്കാൻ കഴിയാതെ വഴിമുട്ടി നിൽക്കയാണ്. വ്യക്തിശുചിത്വത്തിൽ പേരുകേട്ട കേരളീയരുടെ സാമൂഹ്യ ശുചിത്വബോധം നഷ്ടപ്പെട്ടതും മാലിന്യവസ്തുക്കൾ നഗരഗ്രാമ വ്യത്യാസമില്ലാതെ കേരളത്തിലെങ്ങും കുന്നുകൂടുന്നതിനു കാരണമാവുന്നുണ്ട്. സമ്പന്നർപോലും വീട്ടിലെ മാലിന്യങ്ങൾ യാതൊരു മടിയുമില്ലാതെ റോഡിലെറിയുന്നതിലേക്ക് കേരളീയരുടെ സമൂഹ്യബോധവും പൌരബോധവും അധ:പതിച്ചിരിക്കയാണ്. സ്വാഭാവികമായും മലിനവസ്തുക്കൾ കേരളമൊട്ടാകെ കുന്നുകൂടുകയും കൊതുകുകൾ പൊരുകുകയും കുടിവെള്ളം മലിനീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നതുമൂലം പകർച്ചവ്യാധികൾ ആവർത്തിച്ച് വ്യാപിക്കുകയും വിലപ്പെട്ട ജീവനപഹരിക്കുകയും ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല. കേരളീയരുടെ ആഹാരരീതിയിൽ വന്ന മാറ്റങ്ങളും മാനസികസംഘർഷം സൃഷ്ടിക്കുന്ന മത്സാ

രാധിഷ്ഠിത ജീവിതരീതികളും വ്യായാമമില്ലാത്ത ജീവിതശൈലിയും ചേർന്നാണ് ജീവിതരീതിരോഗങ്ങൾ വർധിപ്പിച്ചുകൊണ്ടിരിക്കുന്നത്.

## വാക്സിനേഷനെതിരെ കുപ്രചരണം

കഴിഞ്ഞ ഏതാനും വർഷക്കാലമായി വാക്സിനേഷനെതിരെ തികച്ചും അശാസ്ത്രീയമായ വാദഗതികൾ ഉന്നയിച്ചുകൊണ്ടുള്ള പ്രചാരണം കേരളത്തിൽ നടന്നു വരികയാണ്. ദുർബല ജനവിഭാഗങ്ങളെയും സാമൂഹ്യ പിന്നാക്കവസ്ഥയയിലുള്ളവരെയുമാണ് ഇവരുടെ പ്രചരണം സ്വാധീനിച്ച് വരുന്നതെന്നാണ് മലപ്പുറം ജില്ലയിൽ രണ്ട് കുട്ടികൾ ഡിഫ്തീരിയ ബാധിച്ച മരിച്ച സംഭവം വെളിപ്പെടുത്തുന്നത്. അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസസ് സെന്റർ 2005ൽ നടത്തിയ പഠനത്തിൽ മലപ്പുറം ജില്ലയിൽ കേവലം 36 ശതമാനം കുട്ടികൾക്ക് മാത്രമാണ് വാക്സിനുകൾ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തിയിരുന്നു. അതേ വർഷം രാജസ്ഥാനിൽ പോലും 37 ശതമാനം പേർക്ക് വാക്സിനേഷൻ ലഭിച്ചിരുന്നു. അഖിലേന്ത്യ തലത്തിൽ നടക്കുന്ന ഫാമിലി ഹെൽത്ത് സർവ്വേ അനുസരിച്ചും കേരളത്തിലെ വാക്സിനേഷൻ കവറേജ് മറ്റ് പല സംസ്ഥാനങ്ങളെക്കാളും കുറഞ്ഞു വരികയാണെന്ന് വ്യക്തമാക്കപ്പെട്ടിരുന്നു. ഒന്നാം ഫാമിലി ഹെൽത്ത് സർവേ (92–93) പ്രകാരം രണ്ടു വയസ്സു വരെ പൂർണ്ണമായും വാക്സിൻ ലഭിച്ച കുട്ടികൾ 54.4 ശതമാനമായിരുന്നത് രണ്ടാം സർവേയിൽ (98–99) 79.7 ശതമാനമായി വർധിച്ചെങ്കിലും മൂന്നാം സർവേയിൽ (2005–06) 75.3 ശതമാനമായി കുറയുകയാണുണ്ടായത്. വാക്സിൻ സ്വീകരിക്കുന്നവരുടെ എറ്റവുമധികം എണ്ണം കുറഞ്ഞു വന്ന കാസർഗോഡ്, മലപ്പുറം ജില്ലകളിൽ നടപ്പിലാക്കിയ കേന്ദ്ര സർക്കാർ പദ്ധതിയായ മിഷൻ ഇന്ദ്രധനുസ്സും വിജയിച്ചില്ലെന്നാണ് മലപ്പുറത്ത് നിന്നുള്ള മരണവാർത്ത നൽകുന്ന ആപൽ സൂചന.

## അനിയന്ത്രിത സ്വകാര്യവൽക്കരണം

കേരളീയരുടെ വർധിച്ചുവരുന്ന രോഗതുരത നേരിടുന്നതിനായി വൻകിട ആശുപത്രികളെ കേന്ദ്രീകരിച്ചുള്ള, കേവലം ചികിത്സയിൽ മാത്രമൂന്നിയ പൊതുജനാരോഗ്യ സംവിധാനമാണ് നാം വളർത്തിയെടുത്തത്. മെഡിക്കൽ കോളേജുകളടക്കമുള്ള സർക്കാർ ആശുപത്രികൾ രോഗികളുടെ എണ്ണത്തിലും സ്വഭാവത്തിലുമുണ്ടായ മാറ്റമനുസരിച്ച് വിപുലീകരിക്കാത്തതുമൂലം മുരടിച്ചു നിന്നു. ഈ ശൂന്യത മുതലെടുത്ത് കേരളമെമ്പാടും ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന വൻകിട സ്വകാര്യ ആശുപത്രികൾ സ്ഥാപിക്കപ്പെട്ടു. യാതൊരു സാമൂഹ്യ നിയന്ത്രണവുമില്ലാതെ പണം കൈയിലുള്ള ആർക്കും മുതൽമുടക്കാവുന്ന മേഖലയായി ആതുരസേവന രംഗം മാറി. ഒരു കാലത്ത് സർക്കാർ ആശുപത്രികൾ മേധാവിത്വം വഹിച്ചിരുന്ന ആരോഗ്യമേഖലയിൽ കോർപ്പറേറ്റ് സ്വഭാവമുള്ള സ്വകാര്യ ആശുപത്രികൾ ആധിപത്യം സ്ഥാപിച്ചു. (പട്ടിക 15.4) ആരോഗ്യം ജന്മാവകാശമെന്ന നിലയിൽ നിന്നും കമ്പോളത്തിൽ വിലകൊടുത്തു വാങ്ങേണ്ട മറ്റൊരു ഉല്പന്നമായും ആതുരസേവനം ചികിത്സാ വ്യവസായമായും പരിവർത്തനം ചെയ്യപ്പെട്ടു. സ്വകാര്യമേഖലയിൽ തന്നെ സർക്കാർ ആശുപത്രികൾക്കൊപ്പം സാധാരണക്കാർക്ക് ആശ്വാസം പകർന്നിരുന്ന ചെറുകിട ഇടത്തരം സ്വകാര്യ ആശുപത്രികൾ പലതും വൻശമ്പളത്തിന് ഡോക്ടർമാരെ നിയമിക്കാനും ചെലവേറിയ സാങ്കേതികവിദ്യകൾ ലഭ്യമാക്കാനും കഴിയാതെ വന്നതുകൊണ്ട് അടച്ചുപൂട്ടൽ ഭീഷണിയെ നേരിടാൻ തുടങ്ങി. രോഗപ്രതിരോധവും ആരോഗ്യവിദ്യാഭ്യാസവും പൂർണ്ണമായും അവഗണിച്ചുകൊണ്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി സംസ്കാരമാണ് ഇപ്പോൾ കേരളത്തിലെ ആരോഗ്യമേഖലയിൽ ശക്തിപ്രാപിച്ചുവരുന്നത്.

**പട്ടിക 15.4**
**ആരോഗ്യ സംവിധാനം സർക്കാർ, സ്വകാര്യം**

| മേഖല | ആശുപത്രികൾ | | കിടക്കകൾ | | ഡോക്ടർമാർ | | നഴ്സ്മാർ | |
|---|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം |
| ആധുനികം | 1278 | 4825 | 43619 | 57071 | 5273 | 15281 | 14257 | 19125 |
| ആയുർവേദം | 857 | 4332 | 3920 | 5502 | 1054 | 5986 | | 1598 |
| ഹോമിയോ | 561 | 3226 | 1295 | 813 | 607 | 3684 | | 463 |
| മറ്റുള്ളവ | | 535 | | 1105 | | 447 | | 138 |
| മൊത്തം | 15,614 | | 1,13,325 | | 32,322 | | 40713 | |
| ആധുനികം | 6103 | | 100,690 | | 20,554 | | 33,382 | |
| മറ്റുള്ളവ | 9511 | | 12,635 | | 11,768 | | | |

സംസ്ഥാന ആസൂത്രണ ബോർഡ് 2014

## III. ഔഷധമേഖല കേരളത്തിൽ

സർക്കാർ ആശുപത്രികളിലേക്ക് വർഷം തോറും ഏതാണ്ട് 300 കോടി രൂപയുടെ മരുന്നുകളാണ് വേണ്ടിവരുന്നത്. ഏതാണ്ട് എഴുപതു ശതമാനത്തോളം ജനങ്ങളും സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവരുന്നുണ്ടെന്ന വസ്തുത പരിഗണിക്കുമ്പോൾ ഏതാണ്ട് 4000–5000 കോടിരൂപക്കുള്ള മരുന്നുകൾ കേരളത്തിൽ വിപണനം ചെയ്യപ്പെടുന്നതായി കണക്കാക്കേണ്ടിവരും. അതായത്, ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ മൂന്നു ശതമാനം മാത്രം വരുന്ന കേരള ജനത രാജ്യത്ത് വിറ്റ് വരുന്ന മരുന്നിന്റെ 10 ശതമാനത്തോളം ഉപയോഗിക്കുന്നുവെന്നാണിത് കാണിക്കുന്നത്.

ആരോഗ്യ ചെലവിന്റെ വലിയൊരു പങ്ക് ഔഷധങ്ങൾക്ക് വേണ്ടിയാണ് കേരളത്തിലും ചെലവാക്കപ്പെടുന്നത്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ പഠനത്തിൽ മൊത്തം ആരോഗ്യ ചെലവിന്റെ 35 ശതമാനവും മരുന്നിനായിട്ടാണ് ചെലവിടേണ്ടിവരുന്നതെന്ന് കാണുന്നു. പ്രമേഹം, രക്താതിമർദ്ദം, കാൻസർ തുടങ്ങിയ ദീർഘകാല ചികിത്സ ആവശ്യമുള്ള രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ മരുന്നുകൾക്ക് വേണ്ടിവരുന്ന ചെലവ് ഇനിയും കൂടാനാണ് സാധ്യത. ഇതെല്ലാം പരിഗണിക്കുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഔഷധമേഖലയിലുണ്ടാകുന്ന വിലവർധനവ് പോലുള്ള പ്രശ്നങ്ങൾ കേരളീയരെയായിരിക്കും. കൂടുതലായി ബാധിക്കുക. കേരളത്തിലെ പ്രതിശീർഷ ആരോഗ്യചെലവ് കുതിച്ചുയർന്നതിന്റെ കാരണം ഔഷധവിലയിൽ വന്ന ഭീമമായ വർധനവുകൂടിയാണ്. സർക്കാരിന്റെ ആരോഗ്യബഡ്ജറ്റിന്റെ 10ശതമാനത്തോളം മരുന്നു വാങ്ങുന്നതിനായിട്ടാണ് ചെലവാക്കപ്പെടുന്നത്. ഔഷധവില വർധന കുടുംബബജറ്റുകളെ മാത്രമല്ല ഇപ്പോൾ തന്നെ വർധിച്ചുവരുന്ന ആരോഗ്യാവശ്യങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ ബുദ്ധിമുട്ടുന്ന സംസ്ഥാന സർക്കാരിന്റെ ആരോഗ്യബജറ്റിനേയും തകരാറിലാക്കുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

93 ചെറുകിട ഔഷധ നിർമ്മാണ യൂണിറ്റുകളും മറ്റ് കമ്പനികൾക്ക് ഔഷധം നിർമ്മിച്ച് നൽകുന്ന ലോൺ ലൈസൻസിങ് സമ്പ്രദായത്തിൽ പ്രവത്തിക്കുന്ന 115 ഓളം ചെറുകിടകമ്പനികളുമായി ഏതാണ്ട് ഇരുനൂറോളം മരുന്നുകമ്പനികളാണ് കേരളത്തിനുള്ളിൽ പ്രവർത്തിക്കുന്നത് ചെറുകിട മരുന്നു നിർമ്മാതാക്കളുടെ മാർക്കറ്റ് പങ്കാളിത്തം വളരെ കുറവായതുകൊണ്ട് ഇന്ത്യയിലെ വൻകിട സ്വകാര്യ കമ്പനികളുടേയും ബഹുരാഷ്ട്ര മരുന്നുകമ്പനികളുടേയും മരുന്നുകളാണ് കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നിന്റെ ഭൂരിഭാഗവും.ഏതാണ്ട് ഇരുപതിനായിരത്തോളം വരുന്ന മരുന്നു കടകളാണ് കേരളത്തിലുള്ളത്. അതേയവസരത്തിൽ മരുന്നുകടകളെ നിരീക്ഷിച്ച് മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനും മറ്റുമായി ഡ്രഗ്സ് കൺട്രോളറുടെ കീഴിലുള്ള പരിശോധനവിഭാഗത്തിൽ കേവലം 62 ഉദ്യോഗസ്ഥന്മാർ മാത്രമാണുള്ളത്.

### കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ്

1974 ൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് (കെ എസ് ഡി പി) ആലപ്പുഴയിൽ സ്ഥാപിക്കപ്പെട്ടതോടെ പൊതുമേഖലയിൽ ഔഷധം ഉല്പാദനം കേരളത്തിൽ ആരംഭിച്ചു. കേരളത്തിലെ സർക്കാർ ആശുപത്രികളിലേക്ക് അവശ്യമരുന്നുകൾ സ്വകാര്യകമ്പനികളെ ആശ്രയിക്കാതെ ലഭ്യമാക്കുന്നതിനുള്ള സ്വാഗതാർഹമായ ഇടപെടലായിരുന്നു കെഎസ്ഡിപി പ്രവർത്തനം ആരംഭിച്ചതോടെ നടന്നത്. എന്നാൽ പ്രതീക്ഷിച്ചപോലെ കെഎസ്ഡിപിയുടെ ഉല്പാദനം വർധിപ്പിക്കുന്നതിനോ ഉല്പാദനരീതികൾ കലോചിതമായി ആധുനികവൽക്കരിക്കുന്നതിനോ കഴിയാതെ പോയി. തുടർന്ന് എതാണ്ട് അടച്ചു പൂട്ടൽ ഭീഷണിയെ നേരിട്ടുവന്നിരുന്ന കെഎസ്ഡിപിയെ 20062011 ലെ ഇടതു മുന്നണി സർക്കാർ അവശ്യമായ സാമ്പത്തിക സഹായം നൽകി പുനരുദ്ധരിക്കുകയും 40 കോടി രൂപക്കുള്ള അൻപതോളം മരുന്നുകൾ സർക്കാർ ആശുപത്രികൾക്ക് നൽകാൻ പ്രാപ്തമാക്കുകയും ചെയ്തു.

കെഎസ്ഡിപി വികസിപ്പിച്ച് സർക്കാർ ആശുപത്രികൾക്കാവശ്യമായ മുഴുവൻ മരുന്നുകളും നൽക്കാൻ കഴിവുള്ള അടുക്കളയാക്കി മാറ്റണമെന്നും മരുന്നുകൾക്ക് പുറമേ ലാബറട്ടറികൾക്കാവശ്യമായ രാസവസ്തുക്കൾ കൂടി നിർമ്മിക്കാൻ കെഎസ്ഡിപിയെ പ്രാപ്തമാക്കണമെന്നതുതായിരുന്നു പൈകമ്മറ്റി (1979) ശുപാർശ. ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഡോക്ടർമാർക്ക് ഔഷധങ്ങളെ സംബന്ധിച്ച് നിക്ഷ്പക്ഷവും ശാസ്ത്രീയവുമായ വിവരങ്ങൾ നൽകാൻ ഔഷധ ഫോർമുലറി പ്രസിദ്ധീകരിക്കുക തുടങ്ങിയ മറ്റ് അനേകം വിലപ്പെട്ട നിർദ്ദേശങ്ങളും പൈ കമ്മറ്റി മുന്നോട്ടു വച്ചിരുന്നു. 962001ലെയും 20062011ലെയും ഇടതു സർക്കാരുകൾ ഔഷധ ഫോർമുലറി പ്രസിദ്ധീകരിച്ചതൊഴിച്ചാൽ പൈകമ്മറ്റിയുടെ ശുപാർശകൾ അവഗണിക്കപ്പെടുകയാണുണ്ടായത്. അതിനിടെ പകർച്ചവ്യാധികൾ തിരിച്ചുവരികയും ജീവിതരീതി രോഗങ്ങളുടേയും പ്രായാധിക്യമുള്ളവരുടെയും എണ്ണം വർധിക്കുകയും ചെയ്തതോടെ കേരളീയരുടെ ഔഷധാവശ്യങ്ങൾ വർധിച്ചുവന്നു. കേന്ദ്രസർക്കാരിന്റെ ഔഷധനയത്തിന്റെ ഫലമായി ഔഷധവില കുതിച്ചുയർന്നു.

യുഡിഎഫ് സർക്കാരിന്റെ കെടുകാര്യസ്ഥത മൂലം കെഎസ്ഡിപി വീണ്ടും പ്രതിസന്ധിയിലാണ്. കാലഹരണപ്പെട്ട സാങ്കേതികവിദ്യകളും വൈദഗ്ദ്യമില്ലാത്ത തൊഴിലാളികളുമാണ് കെ.എസ്.ഡി.പിയിലുള്ള തെന്നും അവരുല്പാദിപ്പിക്കുന്ന മരുന്നുകളുടെ വില മാർക്കറ്റ് വിലയേക്കാൾ വളരെ കൂടുതലാണെന്നും ഓർഡറനുസരിച്ച് സമയബന്ധിതമായി മരുന്ന് നൽകാൻ അവർക്ക് കഴിയുന്നില്ലെന്നുമാണ് ആരോഗ്യവകുപ്പ് അഭിപ്രായപ്പെടുന്നത്. എന്നാൽ തങ്ങളോ

ട് വിവേചനം കാട്ടുന്ന ആരോഗ്യവകുപ്പിന് സ്വകാര്യ കമ്പനികളുടെ മരുന്നുവാങ്ങാനാണ് കൂടുതൽ താത്പ ര്യമെന്നും കെ.എസ്.ഡി.പി അധികൃതരും പറയുന്നു. ആരോഗ്യവകുപ്പ് വാങ്ങാത്തതു മൂലം കെട്ടികിടക്കുന്ന മരുന്ന് മറ്റ് സംസ്ഥാനങ്ങളിൽ വിൽക്കാനുള്ള സാധ്യത കെഎസ്ഡിപി ആരാഞ്ഞു കൊണ്ടിരിക്കുകയാണത്രെ. എന്തായാലും സർക്കാർ ആശുപത്രികളിലെ ഔഷധ ക്ഷാമം പരിഹരിക്കാൻ വലിയ പങ്കു വഹിക്കാവുന്ന കെഎസ്ഡിപി വീണ്ടും തകർച്ചയെ നേരിടുകയാണെ ന്ന് വ്യക്തമാണ്.

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും നീതി മെഡിക്കൽ സ്റ്റോറുകളും

20062011ലെ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് കാര്യക്ഷമതയോടെ നടപ്പിലാക്കിയ അനേകം പരി പാടികളിലൂടെ സർക്കാർ ആശുപത്രികളിലെ അവ ശ്യ മരുന്നു ക്ഷാമം വലിയൊരളവ് പരിഹരിച്ചിരുന്നു. കെഎസ്ഡിപിയുടെ പ്രവർത്തനം പുനരാരംഭിച്ചുകൊ ണ്ടും വിജയകരമായി നടപ്പിലാക്കിയ തമിഴ് നാടു മാ തൃകയിൽ കേരളത്തിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ടുമാണ് ഔഷധ മേഖലയിൽ ഇടതു സർക്കാർ ഫലവത്തായി ഇടപെ ട്ടു തുടങ്ങിയത്. സുതാര്യമായ ടെണ്ടർ രീതിയിലൂടെ കൊള്ളലാഭം ഈടാക്കി വന്നിരുന്ന വൻകിട മരുന്നുവി തരണ ഏജൻസികളെ ഒഴിവാക്കി മരുന്നുകമ്പനികളിൽ നിന്നും അവശ്യമരുന്നുകൾ മിതമായ വിലക്ക് നേരിട്ട് വാങ്ങാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചു. 512 ഇനം മരുന്നുകളാണ് മെ ഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആദ്യഘട്ടമായി എല്ലാ തലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തു വന്നത്. വിലകൂടിയ മരുന്നുകൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായും കാൻ സർ ചികിത്സക്കും കുട്ടികളുടെ രോഗങ്ങൾക്കുമുള്ള പ്രത്യേക ചികിത്സാ പദ്ധതികളുടെ ഭാഗമായും അവ ശ്യക്കാർക്ക് ലഭ്യമാക്കിയിരുന്നു. ആശുപത്രി വികസന സമിതികൾ, ആരോഗ്യ വകുപ്പ്, സഹകരണ വകുപ്പ്, സിവിൽ സർവ്വീസസ് കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നീതി മെഡിക്കൽ സ്റ്റോറുകളുടെ വ ലിയൊരു ശൃംഖല സംസ്ഥാനത്തുടനീളം സ്ഥാപിച്ചു. സർക്കാർ ആശുപത്രികളിൽ എത്തുന്നവർക്ക് മാത്രമല്ല സ്വകാര്യ ആശുപത്രികളിൽ പോകേണ്ടിവരുന്നവർക്കും നീതി മെഡിക്കൽസ്റ്റോറുകളിൽ നിന്നും ഗുണനിലവാ രമുള്ള വിലകുറഞ്ഞ മരുന്നുകൾ വാങ്ങാൻ കഴിഞ്ഞു.

സർക്കാർ നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച നിയ മസഭാസമിതി 2009 ജൂലൈയിലും അനൌദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ചുള്ള നിയമസഭാ സമിതി 2012 ജൂലൈയിലും സമർപ്പിച്ച റിപ്പോർട്ടുക ളിൽ കേരളത്തിലെ ഔഷധമേഖല മെച്ചപ്പെടുത്തു ന്നതിനായുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ആദ്യറിപ്പോർട്ടിലെ പല നിർദ്ദേശങ്ങളും ഇടതുമുന്ന ണി സർക്കാർ നടപ്പിലാക്കി. എന്നാൽ ജീവൻരക്ഷാ ഔഷധങ്ങൾ രോഗികൾക്കു ലഭ്യമാക്കുന്നതിനായി സർക്കാർ ആത്മാർത്ഥതയോടെ നടപ്പിലാക്കാൻ ശ്ര മിച്ച പല പദ്ധതികളും അട്ടിമറിക്കുന്നതിൽ മരുന്നു വ്യാപാരികളുടെ സംഘടനയും കച്ചവടക്കാരും വിജ യിക്കുകയാണുണ്ടായത്.

പൊതുമേഖല ഔഷധകമ്പനിയായ കെ.എ സ്.ഡി.പിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിച്ച് കൊണ്ട് ഇതേ മാതൃകയിൽ കൂടുതൽ മരുന്നു കമ്പനി കൾ പൊതുമേഖലയിൽ ആരംഭിക്കുക എന്നതാണ് ടി എൻ പ്രതാപൻ സമിതിയുടെ പ്രധാന നിർദ്ദേശം. മരു ന്നുകളുടെ വില നിശ്ചയിക്കുന്നതിനായി കേന്ദ്രത്തിൽ നിലവിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിം ഗ് അതോറിറ്റിയുടെ മാതൃക യിൽ സംസ്ഥാനത്തും മരുന്നുകളുടെ സ്വതന്ത്രമായ വിലനിർണ്ണയത്തിനായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കേണ്ടതാണെന്ന പുതുമയുള്ള നിർദ്ദേശവും സമിതി മുന്നോട്ടുവക്കു ന്നുണ്ട്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി പെട്രോളിയം രാസവകുപ്പിൽ നിന്നും മാറ്റി ആരോഗ്യവകുപ്പിന്റെ കീഴിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നുണ്ട്.

## ജനറിക്ക് ഔഷധവിതരണ പരിപാടിയും കാരുണ്യഫാർമസികളും

952 ഇനം ജനറിക്ക് മരുന്നുകൾ സർക്കാർ ആശുപ ത്രികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള പരിപാടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 828 ഇനം മരുന്നുകൾ തിരുവനന്തപുരം, എറണാകുളം, കോഴി ക്കോട് ജില്ലാ ആശുപത്രികളിലും അഞ്ചു സർക്കാർ മെഡിക്കൽ കോളേജിലും ലഭ്യമാക്കാനാണ് ഉദ്ദേശി ച്ചിട്ടുള്ളത്. മറ്റ് ജില്ലാ ആശുപത്രികളിലും 15 ജനറൽ ആശുപത്രിയിലും അടുത്തഘട്ടത്തിലും തുടർന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള സർക്കാർ ആശുപത്രികളിലും എപിഎൽ, ബിപിഎൽ വ്യത്യാ സമില്ലാതെ വരുമാനം കണക്കിലെടുക്കാതെ എല്ലാ രോഗികൾക്കും ജനറിക് മരുന്നുകൾ നൽകാനാണ് പരിപാടി തയ്യാറാക്കിയിട്ടുള്ളത്. ജനറിക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ന്യായവില മരുന്നുഷോ പ്പുകളായ 35 കാരുണ്യഫാർമസികളും സർക്കാർ ആ ശുപത്രികളിൽ ആരംഭിക്കുമെന്നും ആരോഗ്യ വകുപ്പ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ വാഗ്ദാനങ്ങളൊന്നും ഫലപ്രദമായി നടപ്പിലാക്കാൻ യുഡിഎഫ് സർക്കാ രിന് കഴിഞ്ഞിട്ടില്ല.

ബ്രാൻഡ് ഔഷധങ്ങളേക്കാൾ വലിയവില കുറ വിൽ ജനറിക്ക് ഔഷധങ്ങൾ വാങ്ങാനും അതുവഴി ആരോഗ്യ ചെലവ് ഗണ്യമായി കുറക്കാനും കഴിയും എന്നാൽ അങ്ങിനെ ചെയ്യുമ്പോൾ മരുന്നുകളുടെ ഗു ണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടിവരും. അതോടൊപ്പം അനേകം കമ്മറ്റികൾ ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ചികിത്സാ മാനദണ്ഡങ്ങൾ അഭിപ്രായ സമന്വയത്തോടെ വിദഗ്ധ

ഡോക്ടർമാരുടെ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കാനും ശ്രമിക്കേണ്ടതാണ്.

## വർധിച്ചുവരുന്ന ചികിത്സാചെലവ്

ആരോഗ്യമേഖലയുടെ അതിരുകടന്ന സ്വകാര്യവൽക്കരണത്തിന്റേയും വാണിജ്യവൽക്കരണത്തിന്റേയും ഫലമായി കേരളത്തിൽ ആരോഗ്യ ചെലവ് കുതിച്ചുയരുകയാണ്. കേരളത്തിന്റെ അഭിമാനമായ ആരോഗ്യ മേഖലയിൽ സമീപകാലത്തുണ്ടായ മാറ്റങ്ങൾ കേരള വികസനമാതൃകയെ തന്നെ അട്ടിമറിക്കുന്നതരത്തിൽ കേരള സമൂഹത്തിന്റെ ദരിദ്രവൽക്കരണത്തിനു കാരണമാവുന്നു എന്നാണ് സംസ്ഥാന ആസൂത്രണ ബോർഡ് അടുത്തകാലത്ത് പ്രസിദ്ധീകരിച്ച പഠനം സൂചിപ്പിക്കുന്നത്. ബോർഡിന്റെ രേഖയനുസരിച്ച് (Report of the Expert Committee on Health: 2014) ഇന്ത്യയിൽ ഏറ്റവുമധികം ആരോഗ്യ ചെലവുള്ള സംസ്ഥാനമാണ് കേരളം. നാഷണൽ ഹെൽത്ത് അക്കൌണ്ട്സ് കമ്മറ്റിയുടെ കണക്കനുസരിച്ച് 2004 ൽ കേരളത്തിൽ ജനങ്ങളുടെ ഭാഗത്ത് നിന്നുള്ള പ്രതിവർഷ പ്രതിശീർഷ ആരോഗ്യചെലവ് (Out of Pocket Expenditure) 2663 രൂപയാണ്. രണ്ടാം സ്ഥാനത്തുള്ള പഞ്ചാബിൽ 1112 രൂപയും മൂന്നാമതുള്ള പശ്ചിമബംഗാളിൽ 1086 രൂപയും മാത്രമാണ്. കേരളത്തിൽ 12 ശതമാനം ഗ്രാമീണരും 8 ശതമാനം നഗരവാസികളും ആരോഗ്യ ചെലവ് മൂലം ദരിദ്രരേഖക്ക് താഴേക്കു തള്ളപ്പെട്ടു എന്നും ആസൂത്രണ ബോർഡിന്റെ രേഖയിൽ പറയുന്നു.

ഇന്ത്യയുടെ മൊത്തം സ്ഥിതിയും വ്യത്യസ്ഥമല്ല. എൻഡിഎ സർക്കാർ പ്രസിദ്ധീകരിച്ച കരട് ആരോഗ്യ നയരേഖ അനുസരിച്ച് വർഷം തോറും 6 കോടി 30 ലക്ഷം പേരാണ് വർധിച്ചു വരുന്ന ആരോഗ്യ ചെലവ് നേരിടാനാവാതെ ദർദ്രരായി കൊണ്ടിരിക്കുന്നത്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തിയ പഠനമനുസരിച്ച് പ്രതിവർഷ പ്രതിശീർഷ ആരോഗ്യചെലവ് (1987ൽ 88 രൂപയായിരുന്നത് 2004ൽ 1710 ആയും 2011ൽ 5629 ആയും വർധിച്ചിരിക്കയാണ്. ദുർബല ജനവിഭാഗത്തിൽ പെട്ടവരെ പരമ ദരിദ്രരാക്കുന്നതിനും ഇടത്തരക്കാരെ ദരിദ്രരേഖക്ക് താഴെക്ക് തള്ളിയിടുന്നതിനുമുള്ള കാരണങ്ങളിൽ പ്രധാനം വർധിച്ചുവരുന്ന് ചികിത്സാ ചെലവാണെന്ന് ഈ പഠനങ്ങളെല്ലാം സൂചിപ്പിക്കുന്നത്. സാമൂഹ്യാരോഗ്യ ഇടപെടലുകളിലൂടെ രോഗപ്രതിരോധവും പ്രാരംഭഘട്ട ചികിത്സയും ഉറപ്പാക്കിയാൽ ചികിത്സാചെലവ് കുറക്കാനും ഗുരുതരമായ രോഗാവസ്ഥ തടയാനുമാവും. ചികിത്സക്ക് മാത്രം ഊന്നൽ നൽകുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മെഡിക്കൽ കോളേജുകളും സ്ഥാപിക്കുന്നതരത്തിലുള്ള ഇപ്പോഴത്തെ വികസനരീതി പിന്തുടർന്നാൽ കേരളീയരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാനുള്ള വിഭവം കണ്ടെത്താൻ സർക്കാരും പൊതുസമൂഹവും ബുദ്ധിമുട്ടേണ്ടിവരും. വലിയ സാമൂഹ്യപ്രതിസന്ധികളിലേക്ക് കേരളം നീങ്ങും.

## സ്വാശ്രയമെഡിക്കൽ കോളേജുകൾ, പാതിവെന്ത ഡോക്ടർമാർ

സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കടന്നുവരവ് കേരളത്തിലെ ആരോഗ്യവിദ്യാഭ്യാസ മേഖലകളിൽ നിലവിലുള്ള പ്രതിസന്ധികൾ രൂക്ഷമാക്കുകയും പുതിയ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരിക്കയാണ്. നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ സവിശേഷതകളായി ചൂണ്ടിക്കാണിക്കപ്പെടാറുള്ള സമൂഹ്യനീതി, ഗുണമേന്മ, തൊഴിൽ സാധ്യത തുടങ്ങിയ എല്ലാ തലങ്ങളിലും കേരളം ഇന്നു പുറകോട്ടു പോയികൊണ്ടിരിക്കയാണ്. വിദ്യാഭ്യാസമേഖലയുടെ തകർച്ചക്കുള്ള കാരണം കണ്ടെത്തി പരിഹരിക്കുന്നതിനു പകരം എഞ്ചിനീയറിംഗ്, മെഡിക്കൽ തുടങ്ങിയ തൊഴിൽ സാധ്യത കൂടുതലുണ്ടെന്ന് കരുതപ്പെടുന്ന പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്കും മറ്റു തൊഴിലധിഷ്ഠിത കോഴ്സുകളിലേക്കും കേരളം തിരിഞ്ഞതിന്റെ ദുഷ്ഫലങ്ങൾ നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്നു. കേരളത്തിനുള്ളിൽ ഇത്തരം വിഷയങ്ങളിൽ പഠനസൌകര്യം കുറവായതുകൊണ്ട് അന്യ സംസ്ഥാനങ്ങളിലെ സ്വകാര്യ കോളേജുകളിലേക്കുള്ള ഒഴുക്കായാണ് ഈ പ്രവണത ആരംഭിച്ചത്. പിന്നീട് കേരളത്തിനുള്ളിൽ തന്നെ സ്വാശ്രയ കോളേജുകൾ ആരംഭിച്ചുകൊണ്ട് കർണാടക മോഡൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ കേരളത്തിലും വൻതോതിൽ സ്ഥാപിക്കാൻ തുടങ്ങി. കുട്ടികളുടെ അഭിരുചിയോ താത്പര്യമോ പരിഗണിക്കാതെ ജീവിത സുരക്ഷിതത്വക്കുറിച്ചുള്ള വികലധാരണകളും പൊങ്ങച്ച വിദ്യാഭ്യാസ സങ്കല്പങ്ങളുമായി മാതാപിതാക്കൾ പ്രൊഫഷണൽ കോഴ്സുകളിലെ പഠനം തങ്ങളുടെ മക്കളുടെ മേൽ അടിച്ചേൽപ്പിക്കുന്നു. സ്വാശ്രയ മെഡിക്കൽ എഞ്ചീനീയറിംഗ് കോളേജുകളാവട്ടെ സാമൂഹ്യനീതി അപകടത്തിലാക്കുന്നു എന്നു മാത്രമല്ല സവിശേഷനൈപുണ്യവും സാമൂഹ്യ പ്രതിബന്ധതയുമില്ലാത്ത ബിരുദധാരികളെ സൃഷ്ടിച്ചുകൊണ്ടിരിക്കയുമാണ്.

ഇതിനെല്ലാം പുറമേ സ്വാശ്രയമെഡിക്കൽ കോളേജുകൾ മറ്റനേകം സാമൂഹ്യപ്രശ്നങ്ങളും ഉയർത്തുന്നുണ്ട്. വൈദ്യസേവനത്തിൽ അഭിരുചിയോ അതിലേക്കാവശ്യമായ മനോഭാവമോ തീരെയില്ലാത്ത കുട്ടികളെ മെഡിക്കൽ രംഗത്തേക്ക് മാതാപിതാക്കൾ നിർബന്ധിച്ചയക്കുകയാണ് ചെയ്തുവരുന്നത്. ലക്ഷക്കണക്കിന് രൂപ നൽകി എംബിബിഎസും കോടിക്കണക്കിന് രൂപ നൽകി പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദവും നേടുന്ന ഡോക്ടർമാർ വൈദ്യശാസ്ത്ര നൈതിക പിന്തുടരാൻ ശ്രമിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല. വ്യക്തികളെന്ന നിലയിൽ ഇവരിൽ പലരും ധാർമ്മിക ബോധമുള്ളവരാണെങ്കിൽ പോലും കുടുബാംഗങ്ങളും ബന്ധുക്കളും മുടക്കുമുതൽ തിരിച്ചു പിടിക്കാൻ അവരിൽ സമ്മർദ്ദം ചെലുത്തുമെന്ന് തീർച്ചയാണ്. മാത്രമല്ല പല സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ജനറൽ വാർഡുകളിൽ രോഗികൾ കുറവായതുകൊണ്ട് രോഗികളുടെ ശരീരപരിശോധന

നടത്തിയും അവരുമായി ആശയവിനിമയം നടത്തിയും വൈദ്യശാസ്ത്ര കഴിവുകൾ വികസിപ്പിച്ചെടുക്കാൻ കഴിയാത്ത പാതിവെന്ത ഡോക്ടർമാരുടെ വലിയൊരു സമൂഹം കേരളത്തിൽ വളർന്നു വരികയാണ്.

### സർക്കാർ മെഡിക്കൽ കോളേജുകളും പ്രതിസന്ധിയിലേക്ക്

മന്ത്രിമാരുടെയും ജനനേതാക്കളുടെയും താത്പര്യം മാത്രം പരിഗണിച്ച് സർക്കാർ മേഖലയിൽ കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുള്ളത് നിലവിലുള്ള മെഡിക്കൽ കോളേജുകളെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. ഇത്രയധികം മെഡിക്കൽ കോളേജുകൾക്കാവശ്യമായ പരിചയസമ്പന്നരായ അധ്യാപകർ കേരളത്തിലില്ല എന്ന പ്രാഥമിക യാഥാർത്ഥ്യം പരിഗണിക്കാതെയാണ് പല സർക്കാർ മെഡിക്കൽ കോളേജുകളും ആരംഭിച്ചിട്ടുള്ളത്. മെഡിക്കൽ കൌൺസിൽ പരിശോധകരെ തൃപ്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ നിന്നുള്ള നിരവധി അധ്യാപകരെ പുതിയ മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലം മാറ്റിയിരിക്കയാണ്. നന്നായി പ്രവർത്തിച്ചു വന്നിരുന്ന മെഡിക്കൽ കോളേജുകളിലെ വൈദ്യവിദ്യാഭ്യാസത്തേയും രോഗചികിത്സയേയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ ഹെൽത്ത് സർവീസസിൽ നിന്നുള്ള സ്പെഷ്യലിസ്റ്റുകളേ കൂടി സർക്കാർ മെഡിക്കൽ കോളേജുകളിലേക്ക് മാറ്റി നിയമിക്കാനുള്ള ശ്രമവും നടന്നുവരികയാണ്.

## IV. ഇടതുമുന്നണി ഭരണക്കാലത്തെ നേട്ടങ്ങൾ

കേരള പൊതുജനാരോഗ്യ മേഖല നേരിട്ടുവരുന്ന പ്രതിസന്ധികൾക്കിടയിൽ ശുഭാപതി വിശ്വാസം നൽകുന്നത് ഇടതുമുന്നണി സർക്കാരുടെ ഇടപെടലുകളാണ്. 1996ൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണം ആരോഗ്യമേഖലയിലും ഗുണകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2006ൽ ഇടതുമുന്നണി സർക്കാർ അധികാരത്തിലെത്തിയതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ദേശീയ ഗ്രാമീണാരോഗ്യ മിഷൻ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തോടെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. മെഡിക്കൽ കോർപ്പറേഷൻ രൂപീകരിച്ചും ആലപ്പുഴയിലെ പൊതുമേഖല ഔഷധനിർമ്മാണ കമ്പനി കെഎസ്ഡിപി പുനരുജ്ജീവിപ്പിച്ചും കൂടുതൽ നീതി മെഡിക്കൽസ്റ്റോറുകൾ സ്ഥാപിച്ചും സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നു ലഭ്യത ഉറപ്പുവരുത്തി. വൻകിട സ്വകാര്യ സൂപ്പർസ്പെഷ്യലിറ്റി ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന ആധുനിക സാങ്കേതികവിദ്യകളും ഉപകരണങ്ങളും അടിസ്ഥാന സൌകര്യങ്ങളും സർക്കാർ മെഡിക്കൽ കോളെജുകളിലും, ലഭ്യമാക്കാൻ ഇടതു സർക്കാരിനു കഴിഞ്ഞു എന്നവസ്തുത ഇടതുമുന്നണിയുടെ രാഷ്ട്രീയ ശത്രുക്കൾ പോലും സമ്മതിക്കുന്നുണ്ട്. ഹൃദ്രോഗ ചികിത്സക്കാവശ്യമായ കാത്ത് ലാബ്, ബൈപാസ് ശസ്ത്രക്രിയാ സംവിധാനം, കാൻസർ ചികിത്സയ്ക്കാവശ്യമായ ലീനിയർ ആക്സിലേറ്റർ, സിടി, എംആർഐ സ്കാനുകൾ തുടങ്ങിയവ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യക്കാൻ ഇടതു സർക്കാരിനു കഴിഞ്ഞു. യുഡിഎഫ് ഭരണകാലത്ത് അവഗണിക്കപ്പെട്ട് വികസനം മുരടിച്ചു നിന്നിരുന്ന ആലപ്പുഴ കോട്ടയം തൃശൂർ മെഡിക്കൽ കോളുജുകളിലെ അടിസ്ഥാന സൌകര്യവികസനം ഉറപ്പാക്കി. ആലപ്പുഴ മെഡിക്കൽ കോളെജു വണ്ടാനത്തേക്കും മാറ്റി സ്ഥാപിച്ചു.

മെഡിക്കൽ കോളേജധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് സ്വകാര്യ ചികിത്സാരീതി അവസാനിപ്പിച്ചതോടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ചികിത്സക്കെത്തുന്ന സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർ കൂടുതൽ പരിഗണന കിട്ടുകയും ഉചിതമായ ചികിത്സ ഉറപ്പായി ലഭിച്ചു തുടങ്ങുകയും ചെയ്ത തുടങ്ങി. മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് സീറ്റുകൾ വർധിപ്പിക്കുകയും കൂടുതൽ പോസ്ത് ഗ്രാഡ്വേറ്റ് കോഴ്സുകൾ ആരംഭിക്കുകയും ചെയ്തു. താഴേത്തട്ടിലുള്ള ആശുപത്രികൾ മെച്ചപ്പെട്ടതോടെ മെഡിക്കൽ കോളേജുകൾ റഫറൽ ആശുപത്രികളായി മാറ്റാൻ കഴിഞ്ഞു. മെഡിക്കൽ കോളേജിലെ നഴ്സുമാരുടേയും ആശുപത്രി ജീവനക്കാരുടേയും മേലുണ്ടായിരുന്ന ഡിഎച്ച്എസ്, ഡിഎംഇ ഇരട്ട നിയന്ത്രണം അവസാനിപ്പിച്ചതോടെ ആശുപത്രി ജീവനക്കാരുടെ സേവനം കൂടുതൽ മെച്ചപ്പെട്ടു. മെഡിക്കൽ സർവ്വകാലാശാല രൂപീകരിച്ചതോടെ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക്ക് ഏകോപനം ഉറപ്പാക്കാനും ചെയ്തതോടെ കേരളത്തിലെ സവിശേഷ ആരോഗ്യപ്രശ്നങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള ആരോഗ്യ ഗവേഷണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള സാഹചര്യം സംജാതമായിട്ടുണ്ട്.

ഡോക്ടർമാരുടേയും രോഗികളുടെയും അവരുടെ ബന്ധുക്കളുടേയും സന്നദ്ധപ്രവർത്തകരുടെയും കൂട്ടയ്മയിലൂടെ കേരളമൊട്ടാകെ വ്യാപിച്ചു വരുന്ന സാന്ത്വന പരിചരണ പ്രസ്ഥാനവും (Palliative Care Movement) കേരള സമൂഹത്തിന്റെ സമ്പന്നമായ ആതുരസേവന പാരമ്പര്യത്തിന്റെ തുടർച്ചയെന്നനിലയിൽ ശുഭാപ്തി വിശ്വാസം തരുന്നുണ്ട്. കഴിഞ്ഞ എൽഡിഎഫ് സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സാന്ത്വന പരിചരണ നയ സമീപനരേഖ തയ്യാറാക്കി നടപ്പിലാക്കുകയുണ്ടായി. യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതൊടെ ആരോഗ്യമേഖലയിൽ വരുത്തിയ ഗുണകരമായ മാറ്റങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ട് തുടങ്ങിയിരിക്കയാണ്.

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

അസംഘടിതമേഖലയിലെ തൊഴിലാളികൾക്കു പരിമിതപ്പെടുത്തി സ്വകാര്യ ഇൻഷ്യറൻസ് കമ്പനികളുമായി ചേർന്ന് കേന്ദ്രസർക്കാർ ആരംഭിച്ച ആരോഗ്യ ഇൻഷ

റൻസ് പദ്ധതി (Ratsriya Swasthya Bima Yojana (RSBY) പൊതുമേഖല ഇൻഷ്വറൻസ് കമ്പനിയായ ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ മേൽനോട്ടത്തിൽ കൂടുതൽ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരികരിച്ച് (Comprehensive Health Insurance Scheme (CHIS) കഴിഞ്ഞ ഇടതുമുന്നണി സർക്കാർ നടപ്പിലാക്കിയിരുന്നു. സ്വകാര്യമേഖലയിലെ ഇടത്തരം ആശുപത്രികളെയാണ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ യുഡിഎഫ് സർക്കാർ വൻകിട കോർപ്പറേറ്റ് ആശുപത്രികളെ കൂടി ഇൻഷ്വറൻസ് പദ്ധതിയിലും കാരുണ്യ ചികിത്സാപദ്ധതിയും ഉൾപെടുത്തുകയുണ്ടായി. മാത്രമല്ല പൊതുസ്ഥാപനമായ ജനറൽ ഇൻഷുറൻസ് കമ്പനിയെ ഒഴിവാക്കി ഇൻഷ്വറൻസ് പദ്ധതി സ്വകാര്യ കോർപ്പറേറ്റ് ഏജൻസിയായ റിലയൻസിനെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്. ഇതോടെ ഇൻഷ്യറൻസ് കാരുണ്യ പദ്ധതികളുടെ പ്രയോജനം സർക്കാർ ആശുപത്രികളേക്കാൾ വൻകിട സ്വകാര്യ ആശുപത്രികൾക്കും കോർപ്പറേറ്റ് ഇൻഷ്വറൻസ് കമ്പനിക്കും ലഭിക്കുമെന്ന് സ്ഥിതിയാണുള്ളത്. ഇൻഷ്വറൻസ് പദ്ധതിക്ക് പുറമേ ദരിദ്രരേഖക്ക് താഴെ യുള്ളവർക്കായി ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയ ഗുരുതര രോഗമുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്ന CHISPLUS എന്ന പദ്ധതിയും കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയിരുന്നു.

## ആരോഗ്യമേഖലയിലെ അധികാര വികേന്ദ്രീകരണം

1996 മുതൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാവുകയും പ്രാദേശികാസൂത്രണത്തിനു പദ്ധതി വിഹിതം ലഭിക്കുകയും ചെയ്തതോടെ താഴെത്തട്ടിലുള്ള ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെട്ടു തുടങ്ങി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ദേശീയ ഗ്രാമീണാരോഗ്യ മിഷൻ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തോടെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് മെച്ചപ്പെടുത്തി. രോഗപ്രതിരോധത്തിനും ആരോഗ്യ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകികൊണ്ടുള്ള ആരോഗ്യപദ്ധതികളാണ് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്നത്. ആരോഗ്യ വകുപ്പിന്റേയും ഇടതുമുന്നണി സർക്കാർ നടപ്പിലാക്കിയ സാന്ത്വന ചികിത്സാനയത്തിന്റെ ഭാഗമായി അനേകം ആശുപത്രികളിൽ സാന്ത്വന പരിചരണ സംവിധാനം ഏർപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ജനപ്രതിനിധികളും ഡോക്ടർമാരും ആശുപത്രി ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്താൽ വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടുകൂടിയതുമായ പുതിയൊരു കേരള ആരോഗ്യ മാതൃക നമുക്ക് സൃഷ്ടിക്കാനാവും.

## മെഡിക്കൽ സർവ്വകലാശാല എങ്ങോട്ട്?

കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ കാലത്ത് കേരള ഹെൽത്ത് സയൻസസ് സർവ്വകലാശാല (Kerala Universtiy of Health Scienes: KUHS: കുഹാസ്) നിലവിൽ വന്നു. വിവിധ സർവ്വകലാശാലകളിലായി ചിതറിക്കിടക്കുന്ന മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒരു സർവ്വകലാശാലകളുടെ കീഴിൽ കൊണ്ട് വന്ന് അവയുടെ അക്കാദമിക്ക് നിലവാരം ഉയർത്തുക, വൈദ്യ ഗവേഷണം പ്രോത്സാഹിപ്പിക്കുക, ജൈവസാങ്കേതികവിദ്യാരംഗത്തുണ്ടായികൊണ്ടിരിക്കുന്ന വമ്പിച്ച വൈജ്ഞാനിക കുതിപ്പിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക, കേരളം നേരിടുന്ന ആരോഗ്യ വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനായിട്ടാണ് മെഡിക്കൽ സർവ്വകാലാശാല രൂപീകരിച്ചത്. വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിരുന്ന മെഡിക്കൽ, നഴ്സിംഗ്, ഡെന്റൽ ഫാർമസി വിഭാഗത്തിൽ പെട്ടവയും ഇതര വൈദ്യശാഖയിൽ പെട്ടവയുമായ എല്ലാ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും കുഹാസിന്റെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. വിവിധ സർവ്വകലാശാലകളുടെ കീഴിലായി ചിതറികിടന്നിരുന്ന വൈദ്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ കുഹാസിന്റെ കീഴിൽ കൊണ്ടുവരുന്നതിലും പരീക്ഷ നടത്തിപ്പും മറ്റും കേന്ദ്രീകൃതമായി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിലും കുഹാസ് വിജയിച്ചിട്ടുണ്ട്. വിവിധ കോളേജുകളിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നടത്തി സർവ്വകലാശാല വിദ്യാർത്ഥിയൂണിയൻ രൂപീകരിച്ചിട്ടുണ്ട്. വർഷം തോറും മികച്ച് നിലയിൽ മെഡിക്കൽ സർവ്വകലാശാല യൂത്ത് ഫെസ്റ്റിവലും സ്പോർട്ട്സ് ഫെസ്റ്റിവലും നടന്നു വരുന്നുണ്ട്.

മെഡിക്കൽ സർവ്വകലാശാല രൂപീകരിക്കുപ്പോഴുണ്ടായിരുന്ന പ്രഖ്യാപിത ലക്ഷ്യങ്ങൾ പലതും സാക്ഷാത്ക്കരിക്കുന്നതിനുള്ള അക്കാദമിക്ക് സംരംഭങ്ങൾക്ക് പക്ഷേ തുടക്കം കുറിക്കാൻ കുഹാസിന് കഴിഞ്ഞിട്ടില്ല എന്നത് വലിയൊരു കുറവായി അവശേഷിക്കുകയാണ്. കേരളം നേരിടുന്ന ആരോഗ്യ വെല്ലുവിളികൾ പരിഗണിച്ച് കേരളത്തിന് സമുചിതമായ ആരോഗ്യ നയം കരുപ്പിടിപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിക്കേണ്ട ആരോഗ്യ സർവ്വകലാശാല ഇക്കാര്യത്തിൽ ഗൌരവമായ യാതൊരു ഇടപെടലും നടത്തുന്നില്ല. കേരളത്തിലെ ഉന്നത വിദ്യഭ്യാസ മേഖലയിൽ അടിയന്തിരമായി മനുഷ്യ വിഭവശേഷി ആസൂത്രണം (Human Resource Development Planning) നടത്തേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വേണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടത്. ആരോഗ്യ മേഖലയിലാവട്ടെ രാജ്യത്തിനും സംസ്ഥാനത്തിനും അടുത്ത അഞ്ചോ പത്തോ വർഷങ്ങളിൽ അവശ്യമായ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ, ഡന്റിസ്റ്റുകൾ, പാരാമെഡിക്കൽ വിഭാഗത്തിൽപെട്ടവർ എത്ര വേണ്ടി വരും എന്നത് സംബന്ധിച്ച് യാതൊരു ധാരണയുമില്ലാതെ സ്വകാര്യ മേഖലയിൽ മാത്രമല്ല സർക്കാർ മേഖലയിലും കോളേ

ജുകൾ സ്ഥാപിച്ച് വരുന്നത്. മെഡിക്കൽ വിദ്യാഭ്യാസത്തിൽ പോലും ഉപരിപഠനത്തിനാവശ്യമായ നവീന കോഴ്സുകളെ പറ്റിയും വ്യക്തമായ ധാരണകളില്ല. ഇതെല്ലാം പരിഗണിച്ച് കുഹാസ് ഏറ്റെടുക്കേണ്ട ഒരു പ്രധാനപ്പെട്ട ചുമതല ആരോഗ്യ മേഖലയിലെ മനുഷ്യ വിഭവശേഷി ആസൂത്രണമാണ്. ഇവിടെയും കാര്യമായ ഇടപെടലൊന്നും കുഹാസിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

ആരോഗ്യ സർവ്വകലാശാല രൂപീകരണത്തിന്റെ മറ്റൊരു പ്രഖ്യാപിത ലക്ഷ്യം ആരോഗ്യ ഗവേഷണം പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുക എന്നതാണ്. കേരളം നേരിടുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾക്ക് പ്രമുഖ്യം നൽകികൊണ്ടുള്ള ആരോഗ്യ ഗവേഷണത്തിന്റെ പ്രസക്തി ഒട്ടേറെ വിദഗ്ദർ ചൂണ്ടി കാട്ടിയിട്ടുണ്ട്. വൈദ്യവിദ്യാഭ്യാസം, വിശിഷ്ട ചികിത്സ, ഗവേഷണം, എന്നിങ്ങനെ മൂന്നു ചുമതലകൾ നിർവ്വഹിക്കേണ്ട മെഡിക്കൽ കോളേജുകളിൽ കാര്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടക്കാതെ പോവുന്നത് അവിടെ നിലനിന്നിരുന്ന ഡോക്ടർമാരുടെ സ്വകാര്യ ചികിത്സാ സമ്പ്രദായമാണെന്ന വിമർശനം ഉയർന്നു വന്നിരുന്നു. ഇക്കാര്യം ഗൌരവമായി പരിഗണിച്ചിട്ടാണ് ഇടതുമുന്നണി സർക്കാർ മെഡിക്കൽ അധ്യാപകരുടെ വേതനം പരിഷ്കരിച്ച് സ്വകാര്യ ചികിത്സ നിർത്തലാക്കിയത്. എന്നാൽ സ്വകാര്യ ചികിത്സ അവസാനിപ്പിച്ചതുവഴി കൈവന്ന അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി മെഡിക്കൽ കോളേജ് അധ്യാപകരെയും വിദ്യാർത്ഥികളേയും ഗവേഷണ മേഖലയിലേക്ക് ആകർഷിക്കുന്നതിനുള്ള ഉചിതമായ പരിശീലനവും പ്രചോദനവും നൽകുന്നതിൽ കുഹാസ് തീരെ വിജയിച്ചില്ല എന്ന പറയേണ്ടിയിരിക്കുന്നു.

മെഡിക്കൽ സർവ്വകലാശാല രൂപീകരണസമിതിയുടെ മുഖ്യ ശുപാർശകളിലൊന്നു സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കേണ്ട ഗവേഷണ കേന്ദ്രങ്ങളെ സംബന്ധിച്ചിട്ടുള്ളതായിരുന്നു. അനേകം വിദ്ഗദരുമായി ആശയ വിനിമയം നടത്തിയും ഇന്ത്യക്കകത്തും പുറത്തുമുള്ള മെഡിക്കൽ സർവ്വകലാശാലകളുടെ പ്രവർത്തനം പഠിച്ചും കേരളം നേരിടുന്ന ആരോഗ്യ വെല്ലുവിളികൾ പരിഗണിച്ചും, ആധുനിക വൈദ്യശാസ്ത്ര മേഖലയില്ലുണ്ടായികൊണ്ടിരിക്കുന്ന വമ്പിച്ച കുതിച്ചുചാട്ടം കണക്കിലെടുത്തുകൊണ്ടുമാണ് ഏതൊക്കെ സർവ്വകശാലാ സെന്ററുകൾ വേണമെന്ന് സമിതി ശുപാർശചെയ്യത്. Cetnre for Genomics and System Biology, Epidemiology and Public Health, Continuing Education, Behavioural Sciences and Medical Humanities, Integrated Medicine, Universtiy Library and Knowledge Cetnre, Universtiy Cetnre for Distance Education, Universtiy Computing and Resource Cetnre. എന്നിങ്ങനെ എട്ട് സെന്ററുകളാണ് സമിതി ശുപാർശചെയ്തത്. ഇവയെല്ലം സർവ്വകലാശാല ക്യാമ്പസ്സിൽ സ്ഥാപിച്ചുകൊണ്ടുള്ള യൂണിറ്ററി കാമ്പസ് സർവ്വകലാശാലയാണ് വിഭാവന ചെയ്തത്. വിവിധ സെന്ററുകളുടെ ചുമതലകൾ, ആരംഭിക്കേണ്ട കോഴ്സുകൾ തുടങ്ങിയ വിശദാംശങ്ങളും സമിതി നൽകിയിരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസ്സിൽ 65 ഏക്കർ സ്ഥലം കുഹാസിനായി നൽകിയിട്ടുള്ളത് കൊണ്ട് ഈ കേന്ദ്രങ്ങളും അവശ്യമെങ്കിൽ കൂടുതൽ കേന്ദ്രങ്ങളും സർവ്വകലാശാല കാമ്പസ്സിൽ സ്ഥാപിക്കാൻ കഴിയും. രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങി തിരുവനന്തപുരത്ത് ഹെൽത്ത് പോളിസി ആന്റ് പ്ലാനിംഗ് എന്നൊരു കേന്ദ്രം രൂപീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിനു പുറമേ മെഡിക്കൽ സർവ്വകലാശാല സമിതി നിർദ്ദേശിച്ച കേന്ദ്രങ്ങൾ അവഗണിച്ച് 12 ഓളം കേന്ദ്രങ്ങൾ ആരംഭിക്കാനും തീരുമാനിച്ചിരിക്കുന്നു. പ്രാദേശികമായ രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങി മറ്റ് പ്രദേശങ്ങളിലും കൂടുതൽ കേന്ദ്രങ്ങൾ തുറക്കാനുള്ള സാധ്യതയാണ് ഇതുവഴി കുഹാസ് തുറന്നിട്ടിരിക്കുന്നത്. സർവ്വകലാശാല കാമ്പസുകളിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റുകൾ തന്നെ പ്രവർത്തനക്ഷമമാക്കാൻ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ സർവ്വകലാശാലയുടെ നേരിട്ടുള്ള നിരീക്ഷണം സാധ്യമല്ലാത്ത രീതിയിൽ വിവിധ സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിച്ചാലുണ്ടാവാനിടയുള്ള പ്രശ്നങ്ങൾ ഏറെയാണ്.

ഹെൽത്ത് സർവീസസ് ഡിപ്പാർട്ട്മെന്റുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും അക്കാദമിക ബന്ധം സ്ഥാപിക്കാൻ കുഹാസ് ശ്രമിക്കേതാണ്. ഹെൽത്ത് സർവ്വീസസിലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയവർക്ക് തുടർ വിദ്യാഭ്യാസ പരിപാടി നടത്താനും കുഹാസ് മുൻകൈയെടുക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആരോഗ്യ പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിൽ കുഹാസ് സഹായിക്കണം. ലോകാരോഗ്യ സംഘടന, യൂണിസെഫ്, ഇന്ത്യൻ കൌൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്ക് നോളജിജി തുടങ്ങി കേരളത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുമായി അക്കാദമി ബന്ധം സ്ഥാപിക്കണമെന്നതടക്കം വിലപ്പെട്ട നിർദ്ദേശങ്ങൾ സർവ്വകലാശാല രൂപീകരണ സമിതി മുന്നോട്ടു വച്ചിരുന്നു. ഇക്കാര്യങ്ങളൊന്നും കൂഹാസ് ഗൌരവമായി പരിഗണിച്ചിട്ടില്ല. കുഹാസിന് കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്ഥമായ അക്കാദമിക്ക് മാതൃക രൂപപ്പെടുത്തിയെടുക്കാൻ ശ്രമിച്ചാൽ ഇനിയും കഴിയുമെന്ന് തീർച്ചയാണ്.

### കേരളത്തിനൊരു ഔഷധഗവേഷണ കേന്ദ്രം

കേന്ദ്രസർക്കാരിന്റെ ഔഷധനയം മാറ്റിയെടുക്കാനും 12 പദ്ധതിയിൽ അവശ്യമായ തുക സൌജന്യ മരുന്നു വിതരണ പരിപാടിക്ക് വകകൊള്ളിക്കാനും കൂടുതൽ മരുന്നുകളുടെ കാര്യത്തിൽ നിർബന്ധിത ലൈസൻസ് ഏർപ്പെടുത്താനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. ഇന്ത്യയിലെ പൊ

തുഗവേഷണസ്ഥാപനങ്ങളിലൂടെ നാടിനാവശ്യമായ ഔഷധങ്ങൾ ഗവേഷണം ചെയ്തു കണ്ടെത്തി പൊതുമേഖല ഔഷധകമ്പനികൾ വഴി ഉല്പാദിപ്പിച്ച് വിലകുറച്ച് ജനങ്ങളിലെത്തിക്കാനുള്ള ദേശീയ സംരംഭം ആരംഭിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കേരളത്തിനു മാതൃക കാട്ടാവുന്നതാണ്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി പോലുള്ള ആധുനിക ഗവേഷണസ്ഥാപനങ്ങളുടേയും ഔഷധസസ്യങ്ങളുടേയും പരമ്പരാഗത വിജ്ഞാനത്തിന്റേയും സാന്നിധ്യമുള്ള കേരളത്തിൽ ഒരു ആധുനിക ഔഷധ ഗവേഷണകേന്ദ്രം സ്ഥാപിക്കാൻ കേരള സർക്കാർ മുൻകൈയെടുക്കേണ്ടതാണ്. സിഎസ്ഐആറിന്റെ കീഴിൽ മലയാളികളായ സക്കീർ തോമസും ഡോ വിനോദ് സ്ക്കറിയയും നേതൃത്വം നൽകുന്ന സഹകരണ ഔഷധ ഗവേഷണ സംരംഭമായ ഓപ്പൺ സോഴ്സ് ഡ്രഗ് ഡിസ്ക്കവറിയുടെ (Open Source Drug Discovery) മാതൃക കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും പിന്തുടരാവുന്നതാണ്. ഇവയോടെല്ലാം ഒപ്പം സമഗ്രമായ ആരോഗ്യനയത്തിന്റെ ഭാഗമായി ഇതുവരെ സർക്കാർ നിയോഗിച്ച കമ്മറ്റികളുടെ റിപ്പോർട്ടുകൾ കൂടി പരിഗണിച്ച് ജനകീയ ഔഷധനയം ആവിഷ്കരിച്ച് നടപ്പിലാക്കാനും ശ്രമിക്കേണ്ടതാണ്.

### പൊതുജനാരോഗ്യ നിയമങ്ങൾ

മലബാർ പ്രദേശത്ത് 1939 മുതലും തിരുവിതാംകൂർ കൊച്ചി പ്രദേശത്ത് 1955 മുതലും നടപ്പിലാക്കിയ കാലഹരണപ്പെട്ട പബ്ലിക്ക് ഹെൽത്ത് ആക്ടുകളാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ളത്. എന്നാൽ പിന്നീട് ഭരണഘടനാഭേദഗതിയ്ക്കു ശേഷം രൂപം നൽകിയ നഗരപാലിക നിയമം, പഞ്ചായത്തീരാജ് നിയമങ്ങളിൽ തികച്ചും വ്യത്യസ്ഥങ്ങളായ നടപടിക്രമങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, നിലവിലുള്ള നിയമങ്ങൾ തന്നെ നടപ്പിലാക്കേണ്ട വകുപ്പുകളേ സംബന്ധിച്ചും തീരെ വ്യക്തതയില്ലാതാനും. കേരളം നേരിടുന്ന സമകാലീന പൊതുജനാരോഗ്യ വെല്ലുവിളികളും പ്രതിസന്ധികളും പരിഗണിച്ച് വിവിധ നിയമങ്ങളിലെ വ്യവസ്ഥകൾ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രമായ പൊതുജനാരോഗ്യ നിയമത്തിനു രൂപം നൽകേണ്ടതായിട്ടുണ്ട്. സർക്കാർ ഇതിനകം ഒരു കരട് നയം തയ്യാറാക്കിയിട്ടുണ്ട്. ജനകീയ പ്രസ്ഥാനങ്ങളുമായും പൊതുജനാരോഗ്യ വിദഗ്ദരുമായും ചർച്ചചെയ്തുകൊണ്ടും ഉചിതമായ മാറ്റങ്ങൾ വരുത്തി സമഗ്രവും ഏകീകൃതവുമായ പൊതുജനാരോഗ്യ നിയമം വൈകാതെ നടപ്പിലാക്കേണ്ടതാണ്.

കേന്ദ്ര പാർലമെന്റംഗീകരിച്ച സ്വകാര്യ ആശുപത്രികളെയും ലാബറട്ടറികളെയും ക്ലീനിക്കുകളെയും നിയന്ത്രിക്കുന്നതിനുള്ള (Clinical Establishments (Regitsration and Regulation) Bill) നിയമം പ്രാബല്യത്തിൽ വരണമെങ്കിൽ സംസ്ഥാന നിയമസഭ ബിൽ അംഗീകരിക്കേണ്ടതുണ്ട്. അവശ്യമായ ഭേദഗതികളോടെ നിയമം നടപ്പിലാക്കാൻ സർക്കാർ ശ്രമിക്കണം. അതേപോലെ സർക്കാരിന്റെ പരിഗണനയിലുള്ള കേരള പാരമെഡിക്കൽ കൌൺസിൽ ബില്ലും പാസ്സാക്കേണ്ടതുണ്ട്.

## V. ആയുർവേദവും ആയുഷും

കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിൽ ആയുഷ് സമ്പ്രദായങ്ങളെ വേണ്ടത്ര ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഈരംഗത്ത് നമ്മുടെ പരമ്പാഗത വൈദ്യമായ ആയുർവേദത്തിന്റെ സംഭാവനകൾ നൽകുന്നതിന് അവസരം ലഭിക്കുന്നില്ല. രോഗപ്രതിരോധം ആരോഗ്യസംരക്ഷണം എന്നീമേഖലകളിൽ ആയുർവേദത്തിന് സമഗ്രമായ പദ്ധതികളുണ്ട്. ഇവ നടപ്പാക്കുന്നതിന് ആയുർ വേദത്തിന് പ്രത്യേക സംവിധാനം ഉണ്ടാക്കുക പ്രായോഗികമല്ല. നിലവിലുള്ള സംവിധാനത്തിൽ ഇവ സംയോജിപ്പിക്കുക എന്നതാണ് ദേശീയ നയം. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഉദ്ദ്യേശവും ഇതുതന്നെയായിരുന്നു. എന്നാൽ ഈ ലക്ഷ്യം കൈവരിക്കുവാൻ കേരളം ഇനിയും തയ്യാറായിട്ടില്ല.

കേരളത്തിന്റെ രോഗാതുരതയുടെ പ്രധാന കാരണങ്ങളിലൊന്നായ ജീവിതശൈലീരോഗങ്ങളുടെ പ്രാഥമിക പ്രതിരോധത്തിനും രണ്ടാംഘട്ട പ്രതിരോധത്തിനും ആയുർവേദത്തിലെ സ്വസ്ഥവൃത്തത്തിന് നിസ്തുലമായ സംഭാവനകൾ നൽകുവാൻ കഴിയും. ഇവയുടെ ചികിത്സയിലും ഔഷധം, ആഹാരം, വിഹാരം എന്നിവയുടെ യുക്തിപൂർവമായ ഉപയോഗം എന്ന ആയുർവേദ സമീപനത്തിലൂടെ മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിന് കഴിയും. നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ യഥാർത്ഥ ചുമതല ജനങ്ങളുടെ ആരോഗ്യം നിലനിർത്തുക എന്നതാണ്.. രോഗപ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണത്തിലും ആയുർവേദത്തെകൂടി പ്രയോജനപ്പെടുത്തിയാൽ കേരളത്തിന്റെ രോഗാതുരതയിൽ ഗണ്യമായ കുറവുണ്ടാക്കുവാൻ കഴിയുന്നതാണ്.

ആയുർവേദത്തിന് പ്രത്യേക വൈദഗ്ദ്ധ്യമുള്ള വളർച്ചാ വൈകല്യചികിത്സ, വാതരോഗ ചികിത്സ, മർമ്മ ചികിത്സ, വിഷചികിത്സ, അസ്ഥിക്ഷയചികിത്സ, ക്ഷാരസൂത്ര ചികിത്സ, നേത്രസംരക്ഷണം, ബാലചികിത്സ തുടങ്ങിയവ ശാസ്ത്രീയമായി ലഭ്യമാക്കുന്നതിന് ജില്ലാ ആശുപത്രികളിൽ സൌകര്യം ഉണ്ടാക്കേണ്ടതാണ്.

സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളിൽ അവരുടെ പ്രത്യുൽപാദന ആരോഗ്യത്തെ ബാധിക്കുന്ന വിളർച്ച, പ്രവർത്തനശേഷിയെ ബാധിക്കുന്ന ആർത്തവ വിരാമത്തോടനുബന്ധിച്ചുണ്ടാകുന്ന അസ്ഥിക്ഷയരോഗങ്ങൾ എന്നിവയ്ക്ക് ഇരുമ്പ്സത്ത്, ക്യാൽസ്യം എന്നിവയടങ്ങിയ ഇലക്കറികളും മറ്റ് പരമ്പരാഗത ആഹാര രീതികളും പ്രതിവിധികളാണ്. ഇവ പ്രചരിപ്പിക്കുകയും സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുതിനുള്ള പദ്ധതികൾ നടപ്പാക്കുകയും വേണം. അതോടൊപ്പം വർദ്ധിച്ചുവരുന്ന ആർത്തവതകരാറുകൾ തുടങ്ങിയ രോഗങ്ങളുടെ പ്രതിരോധത്തിനും ചികിത്സക്കും ആ

യുർവേദം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവി ഷ്കരിക്കേണ്ടതുണ്ട്.

ആയുർവേദ ചികിത്സ സർക്കാർ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെടുത്തുകയും വേണം. ആയുർ വേദ. ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലി സ്റ്റുകളടെ സേവനം ഏർപ്പെടുത്തേണ്ടതാണ്. സർക്കാർ ആശുപത്രികളും ഡിസ്പെൻസറികളും ഇന്ത്യൻ പബ്ളി ക്ഹെൽത്ത് സ്റ്റാന്റേർഡ് അനുസരിച്ച് വികസിപ്പിക്കുക.

കേരളത്തിന്റെ ആരോഗ്യപ്രശ്നങ്ങളിൽ ഫലപ്രദ മായി ഇടപെടുന്നതിന് ആയുർവേദത്തിന് തടസ്സമായി നിൽക്കുന്നത് ബജറ്റ് വിഹിതത്തിലുള്ള അപര്യാപ് തതയാണ്. ആയുർവേദ ചികിത്സ ശാസ്ത്രീയമായി ലഭ്യമാക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി ഡിപ്പാർട്ടുമെന്റിൽ അനുവദിക്കപ്പെടുന്നില്ല. സ്പെഷ്യാ ലിറ്റി ചികിത്സ ഡിപ്പാർട്ടുമെന്റിൽ നാമമാത്രമാണ്. പോതുജനാരോഗ്യ പരിപാടികൾക്ക് പണമോ ജീവ നക്കാരോ ലഭ്യമല്ല.

കേരളത്തിൽ 3 സർക്കാർ കോളേജുകളും 11 സ്വാ ശ്രയ കോളേജുകളും 2 എയിഡഡ് കോളേജുകളും ഒരു ഡീംഡ് യൂണിവേഴ്സിറ്റി കോളേജുമാണ് നില വിലുള്ളത്. 125 വർഷം പഴക്കമുള്ള തിരുവനന്തപുരം ആയുർവേദ കോളേജിനുപോലും സി.സി.ഐ.എം നിബന്ധനകൾ അനുസരിച്ചുള്ള അടിസ്ഥാന സൌ കര്യങ്ങൾ ഏർപ്പെടുത്തുന്നതിനായിട്ടില്ല. മറ്റ് സംസ്ഥാ നങ്ങളിൽ സ്പെഷ്യാലിറ്റി പഠനത്തിന് കൂടുതൽ പ്രാധാ ന്യം നൽകുമ്പോൾ ആയുർവേദത്തിന്റെ ഈറ്റില്ലമെന്ന് അഭിമാനിക്കുന്ന കേരളം പിന്നോക്കാവസ്ഥയിലാണ്. ഇതിന് ആവശ്യമായ തസ്തികകൾ അനുവദിക്കാത്ത താണ് പ്രധാനകാരണം. വിദ്യാർത്ഥികൾക്ക് സിലബസ് അനുസരിച്ച് പഠനം നടത്തുന്നതിനുള്ള പ്രസവ ശസ് ത്രക്രീയാ പഠന സൌകര്യങ്ങൾ കോഴ്സ് തുടങ്ങി 30 വർഷങ്ങൾക്ക് ശേഷവും ലഭ്യമല്ല. ചികിത്സാ രംഗത്ത് ആയുർവേദത്തിന് പ്രാമുഖ്യമുള്ള മേഖലകളുടെ വി കസനത്തിന് ആവശ്യമായ ബജറ്റ് വിഹിതം ലഭ്യമാ ക്കേണ്ടതുണ്ട്. സ്വകാര്യമേഖലയിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നതിൽ സർക്കാർ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. അതോ ടൊപ്പം അവിടങ്ങളിലെ പഠനനിലവാരം ഉറപ്പുവരുത്തു ന്നതിലും സർക്കാർ ശ്രദ്ധിക്കേണ്ടതുണ്ട്.

ആയുർവേദം അനുഭവസിദ്ധമായ ചികിത്സാപ്രയോഗ ങ്ങളിൽ അധിഷ്ഠിതമായതിനാൽ അവയെല്ലാം തെളിവ ധിഷ്ഠിതമായി (Evidence based Medicine) ശാസ്ത്രീ യമായി അവതരിപ്പിക്കേണ്ടതുണ്ട്. അതിന് അനുസരിച്ച് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള ആയുർവേദ ഗവേഷണ യൂണിവേഴ്സിറ്റിയെ സംവിധാനം ചെയ്യേണ്ടതാണ്.

ആയുർവേദ ഔഷധനിർമ്മാണ മേഖലയുടെ വി കസനത്തിനും അത് കേരളത്തിന്റെ സാമ്പത്തിക വി കസനത്തിന് പ്രയോജനപ്പെടുത്തുന്നതിനും ഔഷധ സസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അസംസ് കൃത ഔഷധങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ശാസ്ത്രീയഔഷധ ഉപയോഗം പ്രോൽസാഹി പ്പിക്കു ന്നതിനുമായി കേരളത്തിന് ഒരു ആയുർവേദ ഔഷ ധനയത്തിന് രൂപം കൊടുക്കേണ്ടതുണ്ട്. പരമ്പ്രാഗത ഔഷധമേഖലയിൽ പ്രവർത്തിയെടുക്കുന്നവരുടെ തൊ ഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവരുടെ വൈദഗ്ദ്ധ്യ വികസനത്തിനും പദ്ധതികളുണ്ടാകണം. സഹകരണ ഔഷധനിർമ്മാണ മേഖലയുടെ സാന്നി ദ്ധ്യം ശക്തിപ്പെടുത്തുന്നതിന് ഈ രംഗത്ത് വൈവി ധ്യവൽക്കരണം അനിവാര്യമാണ്. ഈ മേഖലയുടെ വികസനത്തിന് സർക്കാർ ആശുപത്രികളിൽ ഔഷ ധവിതരണത്തിനുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.

ആയുർവേദ ടൂറിസം കേരളത്തിന്റെ സാമ്പത്തിക വി കസനത്തിന് പ്രയോജന പ്പെടുത്താവുന്ന പ്രധാന മേ ഖലയാണ്. അതിന് ഈ മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വിദേശങ്ങളിലെ ട്രാവൽമാർട്ടുകളിലൂടെ ഫലപ്രദമായി പ്രചരിപ്പിക്കാവുനനതാണ്. രോഗ ചി കിത്സക്കും (curative) ആരോഗ്യ സംരക്ഷണത്തിനും (wellness) പ്രത്യേകമായി ആയുർവേദത്തെ ഈ മേ ഖലയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഇവക്ക് പ്രത്യേകം പ്രോട്ടോക്കോളുകളുണ്ടാക്കുകയും അവ യിൽ പ്രാവീണ്യമുള്ള വരെ സൃഷ്ടിക്കാൻ ഡോക്ടർ മാർക്കും തെറാപ്പിസ്റ്റുകൾക്കും പ്രത്യേകം പരിശീലന സംവിധാനം ഉണ്ടാക്കുകയും വേണം. ഇതിന് നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഗ്ളോബൽ ആയുർവേദ വില്ലേജിനെ പ്രയോജനപ്പെടുത്തേണ്ടതാണ്

## ഹോമിയോപ്പതി

ചെലവുകുറഞ്ഞതും പാർശ്വഫലങ്ങളില്ലാത്തതു മായ ചികിത്സാരീതിയെന്നനിലയിൽ ഹോമിയോപ്പതി ക്ക് സ്വീകാര്യതയുണ്ട്. താഴ്ന്നവരുമാനക്കാരുടെയിട യിൽ വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾക്ക് ചെലവുകുറഞ്ഞ ചികിത്സാരീതികളാണ് വേണ്ടത്. വൃദ്ധജനാരോഗ്യം, പട്ടികജാതി പട്ടിക വർഗ്ഗ തീരദേ ശ ജനവിഭാഗങ്ങളുടെ ആരോഗ്യരക്ഷ എന്നിവയിൽ ഹോമിയോപ്പതിക്ക് പ്രസക്തിയുണ്ട്. പ്രമേഹം, രക്തസ മ്മർദ്ദം, ഹൃദ്രോഗം, ക്യാൻസർ എന്നിവയിലും ഹോമി യോപ്പതിയുടെ സാദ്ധ്യതകൾ പരിശോധിക്കേണ്ടതുണ്ട്. ഇതിന് നിലവിലുള്ള സ്ഥാപനങ്ങളുടെ സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഗവേഷണവും വികസനവും പ്രോൽസാഹിപ്പിക്കുന്നതിന് ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടും ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരേയും പരിശീലിപ്പിക്കുന്നതിന് ഒരു സ്ഥിരം ട്രെയിനിംഗ് സെന്റ റും ആരംഭിക്കേണ്ടതുണ്ട്. എല്ലാ വിഷയങ്ങളിലും പി.ജി.കോഴ്സുകളും നഴ്സിംഗ്, ഡി.ഫാം കോഴ്സു കളും ഈ മേഖലയിൽ തുടങ്ങേണ്ടതുണ്ട്.

## യോഗ, സിദ്ധ, യുനാനി വിഭാഗങ്ങൾ

ആയുഷ് വിഭാഗങ്ങളിലെ മറ്റുവിഭാഗങ്ങളിൽ യോ ഗക്ക് ഒരു വ്യായാമാധിഷ്ഠിത ചികിത്സാ പദ്ധതി എന്ന നിലയിൽ വളരെ പ്രാധാന്യമുണ്ട്. സിദ്ധ യുനാനി

സമ്പ്രദായങ്ങൾ പ്രാദേശികമായി ചില സ്ഥലങ്ങളിലാണ് നിലവിലുള്ളത്. ആയുഷ് വകുപ്പിന്റെ രൂപീകരണത്തോടെ ഇവക്ക് പ്രാധാന്യം കൈവന്നിട്ടുണ്ട്. ഇവയുടെ ചികിത്സാക്ഷമത കൂടുതൽ പഠനത്തിനും ഗവേഷണത്തിനും വിധേയമാക്കേണ്ടതാണ്.

## നിയോലിബറൽ നയങ്ങൾ

കേന്ദ്രസർക്കാരിന്റെ ആരോഗ്യ ഔഷധനയങ്ങൾ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന സംസ്ഥാനമാണ് കേരളം. ഒന്നാം എൻ ഡി എ സർക്കാരും ഒന്നും രണ്ടും യു പി എ സർക്കാരുകളും ആരംഭിക്കുകയും ഇപ്പോഴത്തെ എൻഡി എ സർക്കാർ തുടരുകയും ചെയ്യുന്ന കുത്തക പ്രീണന ഔഷധനയം ജീവൻരക്ഷാ ഔഷധങ്ങളുടെ വില അമിതമായി വർധിപ്പിച്ചിരിക്കയാണ്. ഇന്ത്യൻ ജനതയിൽ 3 ശതമാനം മാത്രം വരുന്ന കേരളീയരാണ് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന മരുന്നുകളുടെ 10 ശതമാനത്തോളം ഉപയോഗിക്കുന്നത്. ഔഷധവില വർധന സ്വാഭാവികമായും കേരളീയരുടെ ആരോഗ്യ ചെലവ് വർധിപ്പിക്കുന്നതിന്റെ ഒരു പ്രധാന കാരണമായിട്ടുണ്ട്.

ലോകത്ത് ഏറ്റവുമധികം സ്വകാര്യവൽക്കരിക്കപ്പെട്ട ആരോഗ്യ സംവിധാനമാണ് ഇന്ത്യയിൽ നിലവിലുള്ളത്. ദേശീയ വരുമാനത്തിന്റെ ഏറ്റവും കുറഞ്ഞത് അഞ്ചു ശതമാനമെങ്കിലും ആരോഗ്യമേഖലയിൽ സർക്കാർ ചെലവിടണമെന്നാണ് ലോകാരോഗ്യ സംഘടന ശുപാർശ ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ സർക്കാർ വിഹിതം കേവലം 0.9 ശതമാനം മാത്രമായിരുന്നു. ഇടതുപക്ഷവുമായി സഖ്യത്തിലായിരുന്ന ഒന്നാം യു പി എ സർക്കാർ ദേശീയ പൊതുമിനിമം പരിപാടിയുടെ ഭാഗമായി ആരോഗ്യ ചെലവ് 3 ശതമാനമായി വർധിപ്പിക്കുമെന്നു വാഗ്ദാനം ചെയ്തിരുന്നു. ഇടതു പാർട്ടികളുടെ സമ്മർദ്ദഫലമായി ദേശീയ ഗ്രാമീണാരോഗ്യ പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് സർക്കാർ ചെലവ് 1.1 ശതമാനമായി നേരിയ തോതിൽ വർധിക്കമാത്രമാണുണ്ടായത്. കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പ് കാലത്ത് ബിജെപി യുടെ പ്രകടനപത്രികയിൽ ആരോഗ്യ ചെലവ് വർധിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു എന്നാൽ ബിജെപി സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് സ്വീകരിച്ച് നടപടികളെല്ലാം പ്രത്യക്ഷമായും പരോക്ഷമായും ആരോഗ്യമേഖലയിൽ നിന്നു സർക്കാർ പിൻവാങ്ങുന്ന നിയോ ലിബറൽ സാമ്പത്തിക നയത്തിന്റെ ചുവടുപിടിച്ചുള്ളവയാണെന്ന് കാണാൻ കഴിയും.

ജനസംഖ്യാവർധനവും വിലവർധനവും കണക്കിലെടുക്കുമ്പോഴും കേവലമായ തുക പരിഗണിക്കുമ്പോഴും പ്രതിശീർഷ കേന്ദ്ര ആരോഗ്യ വിഹിതം എൻ ഡി എ സർക്കാരിന്റെ ബജറ്റ് അനുസരിച്ച് വലിയ തോതിൽ കുറഞ്ഞിരിക്കുകയാണ്. ബഡ്ജറ്റ് പ്രകാരം മൊത്തം ആരോഗ്യ വിഹിതം മുൻ വർഷത്തിലെ 39237 കോടിയിൽ നിന്നും 33152 കോടിയായി കുറച്ചിരിക്കയാണ്. പരമ്പരാഗത ചികിത്സാ വിഭാഗമായ ആയുഷിനായിട്ട് കഴിഞ്ഞ വർഷത്തെ ബജറ്റിൽ നൽകിയ 1272 കോടി രൂപ ഇത്തവണ 121`4 കോടിയായും അതിൽ തന്നെ ആയുർവേദത്തിന് മാത്രമായിട്ടുള്ളത് 265 കോടിയിൽ നിന്നും 248 കോടിയായും കുറച്ചിരിക്കുന്നു. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാന നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി വർധിപ്പിക്കാൻ തീരുമാനിച്ചതാണ് കേന്ദ്ര ആരോഗ്യ ബജറ്റ് വെട്ടിക്കുറക്കുന്നതിനുള്ള കാരണമായി ചൂണ്ടിക്കാട്ടുന്നത്. ഇനിമുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന ആരോഗ്യ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ചുമതലയിലായിരിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ആരോഗ്യ നയരേഖയനുശരിച്ച് പ്രതിശീർഷ സർക്കാർ ആരോഗ്യ വിഹിതം 3800 രൂപയായി വർധിപ്പിക്കേണ്ടതാണ്. ഇതിൽ 40 ശതമാനം കേന്ദ്രസർക്കാരാണ് വഹിക്കേണ്ടത്. അതായത് പ്രതിശീർഷം 1520 രൂപ കേന്ദ്ര ബജറ്റിൽ നിന്നും ലഭിക്കണം. എന്നാൽ ഇപ്പോഴത്തെ ബജറ്റിൽ മാറ്റിവച്ചിട്ടുള്ള തുക കണക്കാക്കുമ്പോൾ പ്രതിശീർഷ കേന്ദ്ര വിഹിതം കേവലം 276 രൂപ മാത്രമാണെന്ന് കാണാൻ കഴിയും.

പേറ്റന്റ് നിയമം ലോകവ്യാപരസംഘടനയുടെ നിബന്ധനപ്രകാരം പരിഷ്കരിക്കുകയും ഔഷധ വില നിയന്ത്രണ നിയമം അട്ടിമറിക്കുകയും ചെയ്തതോടെ സാധാരണക്കാർക്കം ചികിത്സ അപ്രാപ്യമാക്കിക്കൊണ്ട് ജീവൻ രക്ഷാ മരുന്നുകളുടെ വില കുതിച്ചുയരുകയാണല്ലോ. യുപിഎ സർക്കാർ അടച്ച് പൂട്ടിയ മൂന്നു വാക്സിൻ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിനും പൊതു മേഖല ഔഷധകമ്പനികളായ ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക്കും ഇൻഡ്യൻ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് ശക്തിപ്പെടുത്തുന്നതിനുമുള്ള സാമ്പത്തിക സഹായം ഉറപ്പാക്കുമെന്ന് മോദി സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വാക്സിൻ ഫാക്ടറികളുടെയും പൊതുമേഖല ഔഷധകമ്പനികളുടെയും പുനരുദ്ധാരണത്തിനായി ബജറ്റിൽ ഒരു വകയിരുത്തലുമില്ല. ബിജെപി സർക്കാർ വലിയ പ്രചാരണത്തോടെ നടപ്പിലാക്കിവരുന്ന ന്യായവില ഔഷധവിതരണ പരിപാടിയായ ജനൌഷധി സംരംഭത്തിന് കേവലം 38 കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇന്ത്യയിൽ ഇപ്പോൾ ഉല്പാദിപ്പിക്കപ്പെടുന്ന ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ലക്ഷം കോടി രൂപക്കുള്ള മരുന്നിൽ 87,000 കോടി രൂപയുടെ മരുന്നുകളാണ് പൊതുമാർക്കറ്റിൽ വിറ്റഴിയപ്പെടുന്നതെന്നോർക്കണം.

സ്വകാര്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് നൽകിയ പ്രത്യേക ആനുകൂല്യങ്ങളാണ് ബജറ്റിനെ ശ്രദ്ധേയമാക്കുന്നതും ബിജെപിയുടെ സ്വകാര്യവൽക്കരണ അജണ്ടയുടെ കള്ളി കൂടുതൽ വെളിച്ചത്താക്കുന്നതും. ബജറ്റിൽ മെഡിക്കൽ ഇൻഷ്വറൻസിനുള്ള ടാക്സ് ഇളവ് പരിധി 25,000 രൂപയായി വർധിപ്പിച്ചിരിക്കുന്നു. ഇതോടെ ഇടത്തരക്കാരും ധനികരും ആരോഗ്യ ഇൻ

ഷ്വറൻസിലൂടെ സ്വകാര്യ മേഖലയിലേക്ക് കൂടുതലായി ആകർഷിക്കപ്പെടും. സ്വകാര്യ കോർപ്പറേറ്റ് ആശുപത്രികളുടെ വരുമാനം ടാക്സ് ഇളവുവഴിയുള്ള സർക്കാർ സഹായത്തോടെ വർധിക്കുകയും ചെയ്യും പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളുടെ പ്രിമീയം കേവലം 750 രൂപ മാത്രമാണെന്നോർക്കണം. . മാത്രമല്ല ഇഎസ്ഐയുടെ പരിധിയിൽ വരുന്നവർക്കു സ്വകാര്യ ആരോഗ്യ ഇൻഷ്വറൻസിലേക്കു മാറാനും അനുമതി നൽകിയിരിക്കുന്നു. കോർപ്പറേറ്റ് നികുതി 30ൽ നിന്നും 25 ശതമാനമായി പൊതുവിൽ കുറച്ചതിനോട് ചേർന്നുനിൽക്കുന്ന സമീപനമാണ് ഇതുവഴി ആരോഗ്യമേഖലയിലും സ്വീകരിച്ചിട്ടുള്ളത്. ധനികരുടെ മേൽ ചുമത്തുന്ന നികുതി ഉപയോഗിച്ച് അടിസ്ഥാന ചികിത്സാ സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പകരം നികുതി ഇളവിലൂടെ സർക്കാരിന് ലഭിക്കാവുന്ന അധികവരുമാനം നഷ്ടപ്പെടുത്തി സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളെയും സ്വകാര്യ ആശുപത്രികളെയും സർക്കാർ ചെലവിൽ സഹായിക്കാനാണ് മോദി സർക്കാർ ശ്രമിക്കുന്നത്.

പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ ചൂണ്ടികാട്ടി കേന്ദ്രസർക്കാർ ആരോഗ്യമേഖലയിലെ കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനത്തെ ആരോഗ്യ മേഖലയെ ഗുരുതരമായ പ്രതിസന്ധിയിലാക്കുകയാണ്. ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാന നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി വർധിപ്പിക്കാൻ തീരുമാനിച്ചത് കൊണ്ട് സംസ്ഥാനങ്ങൾക്കുള്ള സാമ്പത്തിക സഹായം കേന്ദ്രസർക്കാർ വെട്ടിക്കുറച്ച് തുടങ്ങിയിരിക്കുന്നു. ഐസിഡിഎസ്, ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി തുടങ്ങിയവക്കുള്ള കേന്ദ്രവിഹിതത്തിൽ ഇതിനകം കുറവ് വരുത്തിയിരിക്കയാണ്. സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ കേന്ദ്രഫണ്ട് കുറയുന്നത് കേരളത്തെയാവും ഏറ്റവും ഗുരുതരമായി ബാധിക്കുക എന്ന് കാണാൻ കഴിയും കേരളത്തിന്റെ അഭിമാനമായ ആരോഗ്യ മേഖലയിൽ സമീപകാലത്തുണ്ടായ മാറ്റങ്ങൾ കേരള വികസന മാതൃകയെ തന്നെ അട്ടിമറിക്കുന്നതരത്തിൽ കേരള സമൂഹത്തിന്റെ ദരിദ്രവൽക്കരണത്തിനു കാരണമാവുന്നു എന്നാണ് ആസൂത്രണ ബോർഡിന്റെ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

ആസൂത്രണ ബോർഡിന്റെ പഠനത്തിൽ ചൂണ്ടിക്കാട്ടുന്ന മറ്റൊരു വസ്തുത സ്വകാര്യ ആരോഗ്യ ചെലവ് വർധിച്ച് വരുന്നുണ്ടെങ്കിലും ആരോഗ്യ മേഖലയിൽ സർക്കാർ മുതൽ മുടക്ക് കൂടുതലുള്ള സംസ്ഥാനവും കേരളമാണെന്നാണ്. കേരളത്തിൽ പ്രതിശീർഷ പതിവർഷ സർക്കാർ ചെലവ് 287 രൂപയാണെങ്കിൽ തൊട്ടടുത്ത് വരുന്ന പഞ്ചാബിൽ അത് 247 രൂപയും കർണാടകത്തിൽ 233 രൂപയും തമിഴ് നാട്ടിൽ 223 രൂപയുമാണ്. രോഗാതുരത വളരെ കൂടുതലായത് കൊണ്ട് സർക്കാർ ആശുപത്രികളുടെ സേവനം കൂടുതൽ വിപുലീകരിക്കുന്നതിന് ഇനിയും ആരോഗ്യമേഖലയിലെ സർക്കാർ വിഹിതം വർധിപ്പിക്കേണ്ടതാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കേരള സർക്കാരിന്റെ വരുമാന പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇതിനുള്ള സാധ്യത കുറവാണ്. കേന്ദ്ര സർക്കാരിന്റെ സഹായം കേരളത്തിന് കൂടുതലായി ലഭിക്കേണ്ടതുണ്ട്. എന്നാൽ ഇപ്പോൾ ലഭിച്ചുവരുന്ന കേന്ദ്ര ഫണ്ട് കൂടി കുറയുമെന്നാണ് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. ഇനിമുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന ആരോഗ്യ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ചുമതലയിലായിരിക്കും. കേരളത്തിലെ സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൌകര്യങ്ങൾ വർധിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്ന ദേശീയ ഗ്രാമീണാരോഗ്യ മിഷൻ പദ്ധതിക്കുള്ള കേന്ദ്രവിഹിതം ഇതിനകം വെട്ടിക്കുറച്ച് കഴിഞ്ഞിരിക്കുകയാണ്. കേന്ദ്ര ഫണ്ട് കുറഞ്ഞതോടെ ഈ പ്രവണത കൂടുതൽ ശക്തിപ്പെടും. നിർഭാഗ്യവശാൽ കേന്ദ്ര സർക്കാർ ഫണ്ട് വെട്ടിക്കുറച്ചതിനെതിരെ സംസ്ഥാന സർക്കാർ ഇതുവരെ ഗൌരവമായി പ്രതികരിച്ചിട്ടില്ല.

### സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ധനവിനിയോഗം

മാത്രമല്ല സംസ്ഥാന സർക്കരിന്റെ ആരോഗ്യ മേഖലയിലെ ധന വിനിയോഗം നിരന്തരമായി കുറഞ്ഞു വരികയാണ്. 1999 ൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 1.14 ആയിരുന്ന സർക്കാർ ആരോഗ്യ മുതൽമുടക്ക് 2010–11 ആകുമ്പോഴേക്കും 0.63 ശതമാനമായി കുറഞ്ഞിരിക്കയാണ്. അതേയവസരത്തിൽ മൊത്തം റവന്യൂചെലവിന്റെ 5 ശതമാനമായി ആരോഗ്യ ചെലവ് പരിമിതപ്പെട്ട് നിൽക്കയുമാണ്. വർധിച്ച് വരുന്ന ആവശ്യങ്ങൾക്ക് ഇത് തീരെ അപര്യാപതമാണ്.

### വിഷൻ 2030

സാധാരണഗതിയിൽ കേരളത്തിലെ ആരോഗ്യമേഖലയെക്കുറിച്ച് ആരു പ്രതിപാദിച്ചാലും അടിസ്ഥാന പരമായ കാര്യങ്ങളിൽ യോജിപ്പാണ് കാണുക. അത്തരമൊരു അഭിപ്രായസമന്വയം ആരോഗ്യപഠനരംഗത്ത് ഇന്നുണ്ട്. എന്നാൽ കേരള സർക്കാരിന്റെ പദ്ധതിപരിപ്രേക്ഷ്യം 2030 എന്ന രേഖ ഈ പതിവ് തെറ്റിച്ചിരിക്കുന്നു. കേരളത്തിന്റെ ആരോഗ്യനേട്ടങ്ങളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും സാമാന്യം വിശദമായ പ്രതിപാദനങ്ങളുണ്ട്. എന്നാൽ വിദേശ രാജ്യങ്ങളുടെ നല്ല അനുഭവങ്ങളിൽനിന്ന് പഠിക്കാൻ ഏറെ തത്രപ്പെടുന്ന രേഖ സമീപകാലത്ത് നമ്മുടെ നാട്ടിൽ ജനകീയാസൂത്രണത്തിലൂടെ ആരോഗ്യമേഖലയിൽ ഉണ്ടായ ഇടപെടലിനെക്കുറിച്ച് പൂർണ നിശബ്ദത പാലിക്കുന്നു. ആരോഗ്യമേഖലയിലെ അധികാര വികേന്ദ്രീകരണം തുറന്നു തന്നിട്ടുള്ള സാധ്യതകൾ, പ്രാന്തവൽക്കരിക്കപെട്ടവരുടെ ആരോഗ്യ പ്രശ്നങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ കടന്നു വരവ് സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധികൾ. ഔഷധ

ഉലപാദന വിതരണ രംഗത്തെ അപാകതകൾ ഇവയൊന്നും രേഖയിൽ കാര്യമായി പരാമർശിക്കപ്പെട്ടിട്ടില്ല. കേന്ദ്രസർക്കാർ നയങ്ങൾ കേരള ആരോഗ്യമേഖലയിലുണ്ടാക്കികൊണ്ടിരിക്കുന്ന പ്രശനങ്ങളും ചർച്ച ചെയ്യുന്നില്ല. ആരോഗ്യ ചെലവ് സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 0.6 ശതമാനത്തിൽ നിന്നും വർഷം തോറും ഒരു ശതമാനം വർധിപ്പിച്ച് 2027–31 ആവുമ്പോഴേക്കും 45 ശതമാനമാക്കണമെന്നതിനെക്കുറിച്ചും മാതൃമരണനിരക്ക്, ശിശുമരണനിരക്ക് തുടങ്ങിയവയിൽ വരുത്തേണ്ട കുറവു സംബന്ധിച്ച ലക്ഷ്യത്തെക്കുറിച്ചും ആർക്കും തർക്കമുണ്ടാകേണ്ടതില്ല. ആശുപത്രി ബെഡുകളുടെ എണ്ണം 1000 പേർക്ക് 34.6 എന്നതിൽ നിന്നും 70 ആയി വർധിപ്പിക്കണം എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ സർക്കാർ മേഖല വിപുലീകരിക്കേണ്ട ആവശ്യകതയെ പറ്റി സൂചിപ്പിക്കുന്നതേയില്ല. ഡോക്റ്റർ മാരുടെയും നഴ്സുമാരുടെയും എണ്ണം വർധിപ്പിക്കണമെന്ന് പറയുന്നുണ്ടെങ്കിലും പരിശീലനം നൽകേണ്ട ഏജൻസി സർക്കാരോ സ്വകാര്യമോ എന്ന് വ്യക്തമാക്കുന്നില്ല. കേരളത്തിലെ ആരോഗ്യച്ചെലവ് കുത്തനെ ഉയരുന്നതിന് പ്രധാനപ്പെട്ട കാരണം മരുന്നുകൾക്കു വേണ്ടിവരുന്ന ചെലവാണ്. പേറ്റന്റ് നിയമത്തിൽ വന്ന മാറ്റങ്ങളും മരുന്നു കമ്പനികൾക്ക് അനുകൂലമായ നയങ്ങളും ചേർന്നപ്പോൾ മരുന്നു കൊള്ളയായി മാറിയിരിക്കുകയാണ്. ഈയൊരു പ്രശ്നത്തെക്കുറിച്ച് ഒരൊറ്റ വാചകമാണ് രേഖയിലുള്ളത്. ''4.5.2.10 വില കുറഞ്ഞ ആൻഡി സൈക്കോട്ടിക് മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നത് ഗുണകരമായിരിക്കും. പൊതു ഇൻഷ്വറൻസിലൂടെ വളരെ ഉയർന്ന വിലയുള്ള വിഷാദരോഗങ്ങൾക്കുള്ള മരുന്നുകളും ലഭ്യമാക്കാനാവും''. കേരളത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാര്യമാണ് പൊതുമേഖലാ വ്യവസായ സ്ഥാപനമായ കെഎസ്ഡിപി. ഈ സ്ഥാപനത്തെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് ഒരു ചിന്തയും പരിപ്രേക്ഷ്യരേഖയിലില്ല. ഈ രേഖയിലെ ആരോഗ്യപരിപാടി അടിമുടി പിന്തിരിപ്പനാണ്. സ്വകാര്യവത്കൃതവും വാണിജ്യവത്കൃതവും ഇൻഷ്വറൻസ് കേന്ദ്രിതവുമായ ഒരു ആരോഗ്യസംവിധാനത്തിലേയ്ക്ക് കേരളത്തെ നീക്കുന്നതനുള്ള ഒരു പരിപാടിയാണ്. രേഖയിലെ പ്രധാന ഊന്നൽ സാമ്പത്തിക വളർച്ചക്കായി പ്രയോജനപ്പെടുത്താവുന്ന മെഡിക്കൽ ടൂറിസത്തെ അടിസ്ഥാനമാക്കിയുള്ള വാണിജ്യ ഉൽപ്പന്നമായി ആരോഗ്യമേഖലയെ പരിവർത്തനം ചെയ്യണം എന്നതാണ്. ഇതിലേക്കായി നഗരങ്ങളെ കേന്ദ്രീകരിച്ചുള്ള മൂന്ന് ഹെൽത്ത് ഹബ്ബുകൾ സ്ഥാപിക്കണമെന്നാണ് പ്രധാനമായും ശുപാർശചെയ്യുന്നത്. ആരോഗ്യമേഖലയുടെ വൻതോതിലുള്ള കോർപ്പറേറ്റുവൽക്കരണമാണ് ഇതുവഴി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാണ്.

## VI. വേണം ജനകീയാരോഗ്യനയം

കേരളത്തിന് മദ്യനയം മുതൽ ജലനയം വരെയുണ്ടെങ്കിലും ആരോഗ്യമേഖലയിൽ കേരളം നേരിടുന്ന പ്രതിസന്ധികൾ കണക്കിലെടുത്തുകൊണ്ടുള്ള ആരോഗ്യനയം രൂപീകരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പ്കർച്ചവ്യാധി വ്യാപനം, ജീവിതശൈലി രോഗ വർധന, വർധിച്ചുവരുന്ന ആരോഗ്യചെലവ്, പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും പ്രായാധിക്യമുള്ളവരുടെയും സ്ത്രീകളുടെയും ആരോഗ്യ പ്രശ്നങ്ങൾ ഇവയെല്ലാം പരിഗണിച്ചുകൊണ്ട് സർക്കാർ മേഖല കൂടുതൽ വിപുലീകരിച്ച് ദുർബലർക്ക് ചികിത്സ ഉറപ്പു വരുത്തികൊണ്ടും വൻകിടസ്വകാര്യ ആശുപത്രികളെ സാമൂഹ്യ നിയന്ത്രണ വിധേയമാക്കികൊണ്ടും കേരളത്തിനു സമുചിതമായ ഒരു ആരോഗ്യ നയം രൂപീകരിക്കാൻ ഇനിയെങ്കിലും ശ്രമിക്കേണ്ടതാണ്. ചികിത്സയോടൊപ്പം, രോഗപ്രതിരോധത്തിനും ആരോഗ്യ വിദ്യാഭ്യാസത്തിനും തുല്യ പ്രാധാന്യം നൽകികൊണ്ടുള്ള ആരോഗ്യ നയമാണ് കരുപ്പിടിപ്പിക്കേണ്ടത്.

ഈ അധ്യായത്തിലെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്ന നിർദ്ദേശങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള ജനകീയ ആരോഗ്യനയമാണ് നടപ്പിലാക്കേണ്ടത്.

1. കേരളത്തിലെ നാല്പത് ശതമാനത്തോളം വരുന്ന സാധാരണ ജനങ്ങൾക്ക് ഏക ആശ്രയമായ സർക്കാർ ആശുപത്രികളുടെ വിപുലീകരണത്തിനും നവീകരണത്തിനും ആരോഗ്യനയത്തിൽ ഊന്നൽ നൽകേണ്ടതാണ്. ഇതിലേക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആരോഗ്യമേഖലക്കുള്ള സാമ്പത്തിക വിഹിതം വർധിപ്പിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ചെലവ് സംസ്ഥാന ഉല്പാദനത്തിന്റെ 0.6 ശതമാനത്തിൽ നിന്നും വർഷം കണ്ട് 1 ശതമാനമായി വർധിപ്പിച്ച് 5%ത്തിൽ എത്തിക്കേണ്ടതാണ്. കേരളം നേരിടുന്ന രണ്ടാം തലമുറ, മൂന്നാം മുറ ആരോഗ്യ പ്രശ്നങ്ങൾ നേരിടാൻ വലിയ തുക ചെലവാക്കേണ്ടിവരും കേരളം ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ച് കേന്ദ്രസർക്കാർ കേരളത്തിന് പ്രത്യേക ഫണ്ട് അനുവദിക്കുകയും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, ഐസിഡിഎസ് തുടങ്ങിയ കേന്ദ്ര പദ്ധതികൾക്കുള്ള തുക മുൻകാലങ്ങളിലേതുപോലെ തുടർന്നും നൽകാൻ നൽകേണ്ടതുമാണ്.
2. സമാന്തരമായ ഇൻഷ്വറൻസ് സഹായപദ്ധതികൾ എകോപിപ്പിക്കണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വൻകിട കോർപ്പറേറ് ആശുപത്രി കളെ കഴിവതും ഒഴിവാക്കി സർക്കാർഇടത്തരം സ്വകാര്യ ആശുപത്രി കളിലേക്കായി പരിമിതപ്പെടുത്തുക. ഇൻഷ്വറൻസ് പദ്ധതിവഴി ലഭിക്കുന്ന വിഹിതം പ്രയോജനപ്പെടുത്തി സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൌകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.
3. ജനങ്ങളുടെ ആരോഗ്യ അവകാശ പത്രിക എല്ലാ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളും നടപ്പിലാക്കുമെന്ന് നിയമ നിർമ്മാണത്തിലൂടെ ഉറപ്പുവരുത്തുക.

4. സർക്കാർ ആരോഗ്യസ്ഥാപനങ്ങളുടെ സൌകര്യങ്ങൾ വിപുലീകരിക്കണം. പിഎച്ച്സികളിലടക്കമുള്ള സ്റ്റാഫ് പാറ്റേൺ ഉചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കണം.
5. സാന്ത്വനചികിത്സ സംവിധാനം സാർവത്രികമാക്കണം. ഇതിനായുള്ള പ്രവർത്തനങ്ങൾ പിഎച്ച്സി തലത്തിൽ ഏകോപിപ്പിക്കണം.
6. സാമൂഹ്യാരോഗ്യ ഇടപെടലുകളിലൂടെയും രോഗപ്രതിരോധവും പ്രാരംഭഘട്ട ചികിത്സയും ഉറപ്പാക്കിയും സർക്കാർ മേഖല ശക്തിപ്പെടുത്തിയും സ്വകാര്യ ആശുപത്രികൾ സാമൂഹ്യ നിയന്ത്രണത്തിൽ കൊണ്ട് വന്നും ചികിത്സാചെലവ് ഗണ്യമായി കുറക്കുക.
7. മാതൃമരണനിരക്ക് 66ൽ നിന്നും 10 ആയും ശിശുമരണനിരക്ക് 12 ൽ നിന്നും 5 ആയും അടുത്ത അഞ്ചുവർഷത്തിനകം കുറച്ച് കൊണ്ടുവരുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുക.
8. പകർച്ചവ്യാധീ നിയന്ത്രണത്തിനായി ‘ശുചിത്വ കേരളം സുന്ദര കേരളം‘ എന്ന ലക്ഷ്യം സാക്ഷാത്ക്കേണ്ടതുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ബന്ധപെട്ട ഡിപ്പാർട്ട്മെന്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവയെ ഏകോപിപ്പിച്ച് സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ മാതൃകയിൽ സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന പരിപാടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
9. പകർച്ചവ്യാധികളുടെ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുക. ആലപ്പുഴ യിൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള Kerala Infectious Disease Cetnre, National Virology Institute, Cetnre for Disease Cotnrol എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കുക. വാക്സിനേഷനെതിരെ നടക്കുന്ന കുപ്രചരണങ്ങൾക്കെതിരെ പ്രൊഫഷണൽ, ശാസ്ത്ര സംഘടനകളുടെ സഹകരണത്തോടെ ആരോഗ്യ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.
10. ജീവിതരീതി രോഗങ്ങൾ തടയുന്നതിനും പ്രാരംഭഘട്ടത്തിൽ കണ്ടെത്തുന്നതിനുമുള്ള ആരോഗ്യ ബോധവൽക്കരണ പരിപാടികൾ ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ കോളേജുകളിലെ സാമൂഹാര്യോഗ്യ വിദഗ്ദരുടെയും, പ്രൊഫഷണൽ സംഘടനകളുടെയും സഹകരണത്തോടെ നടപ്പിലാക്കുക. കേന്ദ്ര സംസ്ഥാന സർക്കാരുടെ കീഴിൽ നടപ്പിലാക്കി വരുന്ന ജീവിതരീതി രോഗ നിയന്ത്രണ പരിപാടികൾ ഏകോപിപ്പിച്ച് സമയബന്ധിതമായി നടപ്പിലാക്കുക. ജീവിത രീതി രോഗങ്ങളുടെ തുടർ ചികിത്സ സൌകര്യങ്ങൾ താഴെത്തട്ടിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമാക്കുക. ഓരോ പൌരന്റെയും ആരോഗ്യനിലയെ മോണിറ്റർ ചെയ്യുന്നതിനും ചികിത്സയും ഉറപ്പുവരുത്തുന്നതിനും ജനകീയസംവിധാനം ഉണ്ടാക്കണം.
11. വൃദ്ധജനങ്ങളുടെയും സ്ത്രീകളുടെയും ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിനായി കൂടുതൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
12. മെഡിക്കൽ കോളേജുകളിലെ സാമൂഹാരോഗ്യ വിഭാഗം, അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ്, ഇന്റർനാഷണൽ സെന്റർ ഫോർ ക്ലിനിക്കൽ എപ്പിഡമിയോളജി എന്നീ വിടങ്ങളിലെ പൊതുജനാരോഗ്യ വിദഗ്ദരുടെ സേവനം ഏകോപിച്ച് പൊതുജനാരോഗ്യ പദ്ധതികൾ നടപ്പിലാക്കുക
13. സ്കൂൾ കോളേജ് പാഠ്യപദ്ധതികളിൽ പൊതുജനാരോഗ്യ വിഷയങ്ങൾ ഉൾപ്പെടുത്തുക. സ്വകാര്യ ആശുപത്രികളുടെയും രോഗനിർണ്ണയ സെന്ററുകളുടെയും നിരീക്ഷണവും സാമൂഹ്യ നിയന്ത്രണവും ഉറപ്പ് വരുത്തുന്നതിനായി കേന്ദ്ര സർക്കാർ അംഗീകരിച്ച The Clinical Establishments (Regitsration and Regulation) Act ഉചിതമായ ഭേദഗതികളോടെ നടപ്പിലാക്കുക
14. ഇഎസ്ഐ ആശുപത്രികളുമായി സഹകരിച്ച് തൊഴിൽ ജന്യ രോഗങ്ങളെ സംബന്ധിച്ച് പഠനം നടത്തി ഉചിതമായ പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക
15. കേരള പബ്ലിക് ഹെൽത്ത് ആക്ട്, പാരാമെഡിക്കൽ കൌൺസിൽ ആക്ട്, ഫാർമസി കൌൺസിൽ ആക്ട് ഇവ വൈകാതെ നടപ്പിലാക്കുക.
16. ആരോഗ്യ മേഖലയിലെ മനുഷ്യ വിഭവശേഷി ആസൂത്രണം നടത്തുന്നതിനായി ആസൂത്രണ ബോർഡിന്റെ കീഴിൽ കമ്മീഷനെ നിയമിക്കുക. ഇവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരക്കും പുതിയ മെഡിക്കൽ കോളേജകൾ അടക്കമുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക.
17. മെഡിക്കൽ പരിശീലനം പൂർത്തിയാകുന്ന മുറക്ക് കാലതാമസം ഒഴിവാക്കി ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവരെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നിയമിക്കാൻ പിഎസ്.സിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക. അവശ്യമെങ്കിൽ മെഡിക്കൽ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് ആരംഭിക്കുക.
18. ഹെൽത്ത് സർവ്വീസസിലെ സ്പെഷ്യാലിറ്റി കേഡർ, അഡ്മിനിസ്ട്രേറ്റീവ് കേഡർ സംവിധാനങ്ങളുടെ അപാകതകൾ പരിഹരിക്കുക.
19. ആരോഗ്യ സ്ഥാപനങ്ങളുടെ ഭരണത്തിൽ ആരോഗ്യ വകുപ്പിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുമുള്ള ദ്വിമുഖ നിയന്ത്രണങ്ങളിലെ അപാകതകൾ പരിഹരിക്കുക.

20. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യാവശ്യങ്ങൾ നേരിടുന്നതിനായി ഹെൽത്ത് സർവ്വീസിൽ പ്രത്യേക ഭരണ സംവിധാനം ഏർപ്പെടുത്തുക. ഭിന്നശേഷിക്കാരുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള സൌകര്യങ്ങൾ വിപുലപ്പെടുത്തുക.
21. കേരള ഹെൽത്ത് സയൻസസ് സർവ്വകലാശാല (Kerala Universtiy of Health Scienes: KUHS: കുഹാസ്) യുടെ പ്രവർത്തനങ്ങൾ വൈദ്യ ഗവേഷണം പ്രോത്സാഹിപ്പിക്കുക, ജൈവസാങ്കേതിക വിദ്യാരംഗത്തുണ്ടായികൊണ്ടിരിക്കുന്ന വമ്പിച്ച വൈജ്ഞാനിക കുതിപ്പിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക, കേരളം നേരിടുന്ന ആരോഗ്യ വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാക്ഷാത്ക്കുന്നതിനായി പുന സംവിധാനം ചെയ്യുക. മെഡിക്കൽ സർവ്വകലാശാല രൂപീകരണ സമിതിയുടെ ശുപാർശയനുസരിച്ചുള്ള ഗവേഷണ കേന്ദ്രങ്ങൾ സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കുക. ഹെൽത്ത് സർവീസസ് ഡിപ്പാർട്ട് മെന്റുമായും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി അക്കാദമിക്ക് ബന്ധം സ്ഥാപിക്കാൻ കുഹാസ് ശ്രമിക്കേതാണ്. ഹെൽത്ത് സർവ്വീസസലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയവർക്ക് തുടർ വിദ്യാഭ്യാസ പരിപാടി നടത്താനും കുഹാസ് മുൻകൈയെടുക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ആരോഗ്യ പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിൽ കുഹാസ് സഹായിക്കേണ്ടതാണ്
22. കെഎസഡി പി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഉല്പാദനം കൂടുതൽ വിപുലീകരിക്കുക. പൊതുമേഖലയിൽ ഏതാനും ഔഷധ കമ്പനികൾ കൂടി ആരംഭിക്കുക. മെഡിക്കൽ സ്ർവീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. കോർപ്പറേഷന്റെ കീഴിൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുക. നീതി മെഡിക്കൽ സ്റ്റോറ്, കാരുണ്യ ഫാർമസി, ഹോസ്പിൽ ഡവലപ്പ്മെന്റ് കമ്മറ്റിയുടെ കീഴിലുള്ള മരുന്ന കടകൾ ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.. ജനറിക്ക് ഔഷധ വിതരണ പരിപാടി കുറ്റമറ്റതാക്കി നടപ്പിലാക്കുക. ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക. ഡ്രഗ് കൺ ട്രോളറിന്റെ ഓഫീസിൽ അവശ്യമായ ജീവനക്കാരെ നിയമിക്കുകയും അടിസ്ഥാന സൌകര്യങ്ങൾ വർധിപ്പിക്കയും ചെയ്യുക. State Drug Formulary രണ്ട് വർഷത്തിലൊരിക്കൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുക.
23. ചികിത്സാ മാനദണ്ഡങ്ങളും നിർദ്ദേശക തത്വങ്ങളും (Treatment Protocols and Guidelines) പ്രൊഫഷണൽ സംഘടനകളുടെയും അക്കാദമിക്ക് വിദഗ്ദരുടെയും സഹായത്തോടെ തയ്യാറാക്കി അഭിപ്രായ സമന്വയത്തോടെ നടപ്പിലാക്കുക.
24. കേരളത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളെ ബന്ധപ്പെടുത്തി ഒരു ആധുനിക ഔഷധ ഗവേഷണ കേന്ദ്രം സ്ഥാപിക്കുക.
25. രോഗപ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറക്കാൻ ശ്രമിക്കുക.
26. ആയുർവേദ കോളേജുകളുടെ അടിസ്ഥാന സൌകര്യങ്ങൾ സി.സി.ഐ.എം നിബന്ധനകൾ അനുസരിച്ച് മെച്ചപ്പെടുത്തുക.
27. ആയുർവേദ ഔഷധനിർമ്മാണ മേഖലയുടെ വികസനത്തിനായി ഒരു ആയുർവേദ ഔഷധനയത്തിന് രൂപം കൊടുക്കുക
28. ആയുർവേദത്തെ തെളിവധിഷ്ഠിതമായി (Evidence based Medicine)ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനായി ആയുർവേദ ഗവേഷണ സർവ്വകലാശാല സ്ഥാപിക്കുക.
29. ആയുർവേദ ടൂറിസത്തിന്റെ വികസനത്തിനായി ഈ മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വിദേശങ്ങളിലെ ട്രാവൽമാർട്ടുകളിലൂടെ ഫലപ്രദമായി പ്രചരിപ്പിക്കുക.
30. ഹോമിയോപ്പതിയിലെ ഗവേഷണവും വികസനവും പ്രോൽസാഹിപ്പിക്കുന്നതിന് ഒരു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടും ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരേയും പരിശീലിപ്പിക്കുന്നതിന് ഒരു സ്ഥിരം ട്രെയിനിംഗ് സെന്ററും ആരംഭിക്കുകയും വിവിധ വിഷയങ്ങളിൽ പി.ജി. കോഴ്സുകളും നഴ്സിംഗ്, ഡിഫാം കോഴ്സുകളും തുടങ്ങേണ്ടതുണ്ട്

## അവലംബം

### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ


1. ഡോ. ബി. ഇക്ബാൽ (2015): ''കേരള ആരോഗ്യമാതൃക വിജയത്തിൽ നിന്നും പ്രതിസന്ധികളിലേക്ക്: വേണം ജനകീയാരോഗ്യനയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 9-11
2. Dr Aslesh OP (2015): "Burden of Non Communicable diseases in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 12-16
3. Dr.Aleyamma Mathew (2015): "Cancer incidence in Kerala: An overview", 4th International Congress on Kerala Studies, Preliminary Seminar -08, PP- 16-18
4. Dr Ravi Prasad Varma P (2015): "Ongoing NCD programmes in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 18-20
5. ഡോ. രാജ്മോഹൻ (2015): ''ശൈലീരോഗപ്രതിരോധം പ്രാവർത്തികമാക്കുമ്പോൾ: പ്രതീക്ഷകളും, വെല്ലുവിളികളും'', നാലാ

മത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 21-22

6. Dr. Mohammed Asheel (2015): "Road Traffic accident death: problem statement and way forward", 4th International Congress on Kerala Studies, Preliminary Seminar -08, PP- 23-24
7. Dr. Manju Nair.R (2015): "Health status of women in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 25
8. Dr. Remadevi S (2015): "Health needs of Elderly women in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 25-27
9. ഡോ.പി.എസ്.ഗീതക്കുട്ടി, ഡോ.ഷീലാകാറളം, ഡോ.ഷബ്നാകൃഷ്ണൻ, ഡോ.ജസ്ന (2015): ''സ്ത്രീകളുടെ പ്രതുത്പാദനാരോഗ്യത്തിലും ആഹാരക്രമത്തിലും ഊന്നലവും പദ്ധതികളും വിദ്യാഭ്യാസവും കേരളത്തിന് അനിവാര്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 27-29
10. സി യൂ ത്രേസ്യ (2015): ''ആരോഗ്യ വാണിജ്യ പരതയും സ്ത്രീകളുടെ ആരോഗ്യവും കേരള സാമൂഹ്യ സാഹചര്യത്തിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 29-32
11. Dr. A. S. Pradeep Kumar (2015): "Overview of Emerging and Re emerging communicable diseases in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 32-34
12. Dr. V. Meenakshy (2015): "Strategies for prevention and Control of Vector born diseases (VBDs) in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 34-38
13. ഡോ. ടി.എസ്. അനിഷ് (2015): ''വായുവിലൂടെയും ശരീര സ്രവങ്ങളിലൂടെയും പകരുന്ന രോഗങ്ങളുടെ നിയന്ത്രണം -ആശുപത്രികളിലും സമൂഹത്തിലും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 38-39
14. Dr Rakesh PS (2015): "Public Private Partnership for Communicable disease surveillance and control in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 39-43
15. Dr. V Raman Kutty (2015): "Health financing in Kerala- an approach for the future", 4th International Congress on Kerala Studies, Preliminary Seminar -08, PP- 44-45
16. EP Neena MPH, S Kannan PhD, PS Sarma PhD (2015): "Utilization of Comprehensive Health Insurance Scheme, Kerala: A Comparative Study of Insured and Un-Insured ÊBelow Poverty Line' Households", 4th International Congress on Kerala Studies, Preliminary Seminar -08, PP- 45-47
17. KP Aravindan (2015): "Medical Education in Kerala - Past, Present and Future", 4th International Congress on Kerala Studies, Preliminary Seminar -08, PP- 48-53
18. Dr. Jayaprakash. R (2015): "New challenges of health sector and medical education in Kerala-An alternative approach", 4th International Congress on Kerala Studies, Preliminary Seminar -08, PP- 53-57
19. Dr.Praveenlal Kuttichira (2015): "Human Resource Development Planning in the Health Sector in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP-58-60
20. ഡോ. ബി. ഇക്ബാൽ (2015): ''മെഡിക്കൽ സർവ്വകലാശാല എങ്ങോട്ട്?'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 60-63
21. ഡോ. കെ. ജ്യോതിലാൽ (2015): ''പബ്ലിക് ഹെൽത്ത്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 63-64
22. ഡോ.ജയൻ ദാമോദരൻ (2015): ''ജീവിതശൈലീ രോഗങ്ങൾ – ആയുർവേദ കാഴ്ചപ്പാട്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 64-66
23. Dr Vaheeda Rehman (2015): "Women Health Through Ayurveda", 4th International Congress on Kerala Studies, Preliminary Seminar -08, PP- 66
24. ഡോ. സി. രഘുനാഥൻ നായർ (2015): ''ആയുർവേദവിദ്യാഭ്യാസ മേഖല-പ്രശ്നങ്ങളും പരിഹാരങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 67-68
25. ഡോ. ഹണി എസ്.ആർ പ്രസാദ് (2015): ''ആയുർവേദ സ്വകാര്യവിദ്യാഭ്യാസമേഖല -പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 68-69
26. Dr. A K Manojkumar (2015):"Scope of Research in Ayurveda", 4th International Congress on Kerala Studies, Preliminary Seminar -08, PP- 69-70
27. Jos Chathukulam (2015): "Reflections on Decentralized Health Delivery System in Kerala'', 4th International Congress on Kerala Studies, Preliminary Seminar -08, PP- 70-74
28. Dr. Jayaprakash. R (2015): "MANASA", 4th International Congress on Kerala Studies, Preliminary Seminar -08, PP-74-76
29. Dr. Jayaprakash. R (2015): "UNARV: A district model for adolescent school mental health programme in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 76-77
30. Dr Biju Soman (2015): "Health Surveillance with Community Participation-experience of an action research", 4th International Congress on Kerala Studies, Preliminary Seminar -08, PP- 77-78
31. രാജേന്ദ്ര പ്രസാദ്, ഗോത്രഭൂമി (2015): ''അട്ടപ്പാടി ഉയർത്തുന്ന ചോദ്യങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 78-81
32. Dr.Raji Prasad G V (2015): "Occupational Health Problems of Traditional Industrial Women Workers in Ernakulam District ṘAn Economic Evaluation", 4th International Congress on Kerala Studies, Preliminary Seminar -08, PP- 82
33. Dr.(Fr.)Charles Leon (2015): "Access to Health: Status, Prospects and Challenges among the Fisher Folk in Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 82-85
34. Dr.J.B.Rajan (2015): "Health Status of Fisher People in Thiruvananthapuram District", 4th International Congress on Kerala Studies, Preliminary Seminar -08, PP- 85-87
35. Dr. Mohammed Asheel (2015): "Endosulfan Victims: Problems in Rehabilitation", 4th International Congress on Kerala Studies, Preliminary Seminar -08, PP- 87-88
36. കല്ലറ മധു (2015): ''ഔഷധ മേഖല കേരളത്തിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 89-91
37. പി. കെ. ഹരികുമാർ (2015): ''കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് – സാദ്ധ്യതകൾ, വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 91-93
38. Dr. C. S. Satheesh Kumar (2015): "Drugs Control Department Status and Challenges", 4th International Congress on Kerala Studies, Preliminary Seminar -08, PP- 93

39. അഡ്വ. മാണി വിതയത്തിൽ (2015): ''ഔഷധ ഉത്പാദനത്തിൽ സഹകരണമേഖലയുടെ പങ്ക്- ഡ്രാപ്കോയുടെ അനുഭവങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 94-95
40. ഡോ. ഇക്ബാൽ വി എം (2015): ''ആരോഗ്യസ്ഥാപനങ്ങളുടെ സാമൂഹ്യ നിയന്ത്രണം പ്രതീക്ഷകളും പ്രശ്നങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 96
41. കെ.സി.അജിത്കുമാർ (2015): ''പാരാമെഡിക്കൽ കൗൺസിലും പ്രശ്നപരിഹാരവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 96-97
42. O S Molly (2015): "Kerala Nursing Field in need of emergency treatment and Overview", 4th International Congress on Kerala Studies, Preliminary Seminar -08, PP- 98-99
43. Dr.Sharmad Khan (2015): "Scope of Department of Ayush", 4th International Congress on Kerala Studies, Preliminary Seminar -08, PP- 100-101
44. Dr. B.S. Rajasekharan (2015): "Role of Homeopathy in Health System of Kerala", 4th International Congress on Kerala Studies, Preliminary Seminar -08, PP- 101-102
45. Dr.K.V.Baiju (2015): "Developmental issues of Department of ISM", 4th International Congress on Kerala Studies, Preliminary Seminar -08, PP- 102-103
46. ഡോ.രജിത് ആനന്ദ് (2015): ''ആരോഗ്യ ബഡ്ജറ്റിംഗും ആയുർവേദവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 103-104
47. ഡോ. റാം മോഹൻ (2015): ''മെഡിക്കൽ ടൂറിസം കേരളത്തിന്റെ സാദ്ധ്യതകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 104-106
48. ഡോ. വി.ജി ഉദയകുമാർ (2015): ''ആയുർവേദ ഔഷധനിർമ്മാണ രംഗം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 107-109
49. ഡോ. എം.എം സനിൽകുമാർ (2015): ''ആയുർവേദരംഗത്ത് സഹകരണ പ്രസ്ഥാനങ്ങളുടെ പ്രസക്തി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 109-110
50. ഡോ. പ്രഭുദാസ് (2015): ''കേരളത്തിന് ഒരു ജനകീയ ആരോഗ്യനയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 110-116
51. Arun.B.Nair (2015): "Health Financing in Kerala: Transition from budgetary model to insurance model", 4th International Congress on Kerala Studies, Preliminary Seminar -08, PP- 116-119
52. ഡോ. കെ.ജി. രവികുമാർ (2015): ''ഔഷധ സംഭരണവും വിതരണവും കേരളത്തിൽ– പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 120-122
53. വി.എം.മനോജ് (2015): ''ഏകീകൃത പൊതുജനാരോഗ്യനിയമത്തിലെ പോരായ്മകൾ പരിഹരിക്കാനുള്ള നിർദേശങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 08, PP- 122-124
54. Dr J Hareendran Nair (2015): "Ayurvedic Medicine Manufacturing Industry: Challenges and Solutions", 4th International Congress on Kerala Studies, Preliminary Seminar -08, PP- 125
55. Dr Hariharan S (2015): "Life Style and Cancer", 4th International Congress on Kerala Studies, Preliminary Seminar -08, PP- 126-127


### മറ്റുരേഖകൾ


56. അരവിന്ദൻ കെ പി (എഡി) (2001) കേരള ആരോഗ്യ മാതൃക പുതിയ നൂറ്റാണ്ടിലേക്ക്. കോഴിക്കോട് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
57. അരവിന്ദൻ കെ പി (എഡി) (2006). ജനകീയ ആരോഗ്യം. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. കോഴിക്കോട്
58. അരവിന്ദൻ കെ പി (എഡി) (2013). കേരള ആരോഗ്യ മാതൃക പ്രതിസന്ധിയും പരിഹാരങ്ങളും . തൃശ്ശൂർ . കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
59. ഇക് ബാൽ ബി (2006). കേരള ആരോഗ്യ മാതൃക വിജയത്തിൽ നിന്നും പ്രതിസന്ധിയിലേക്ക്., കോഴിക്കോട്, മാതൃഭൂമി ബുക്ക് സ്
60. ഇക് ബാൽ ബി (എഡി) (2013).അട്ടപ്പാടിയിൽ സംഭവിക്കുന്നത്. തിരുവനന്തപുരം.. ചിന്ത പബ്ലിക്കേഷൻസ്
61. വിജയകുമാർ കെ, ആലീസ് എം എം, സുരേഷ് ബാബു സി പി (2011), സംസ്ഥാനത്തിന്റെ ചികിത്സാ ചെലവുകൾ: പഠന റിപ്പോർട്ട്. തിരുവനന്തപുരം. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
62. വിനയചന്ദ്രൻ പി (2001) കേരള ചികിത്സാ ചരിത്രം. തൃശ്ശൂർ. കറന്റ് ബുക്ക്സ്
63. രാമൻ കുട്ടി വി (1993) കേരളീയരുടെ ആരോഗ്യം കോഴിക്കോട് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
64. Government of Kerala (1979-): Report of high power committee on health services (The Pai Committee-)-, Thiruvananthapuram-, Health and Family welfare department-, Government of Kerala.
65. Kannan-, K.P-, K.R Thankappan-, V.Ramankutty and K.P Aravindan (eds-) (1991-): Health development in rural Kerala-, Thiruvanathapuram: Kerala Satsra Sahtiya Parishad.
66. Kerala Satsra Sahtiya Parishad (2000-): Healtht- -r-ansition in rural Kerala-, Kozhikode: Kerala Satsra Sahtiya Parishad.
67. Nair-, K. Rajasekharan (2001-): Evolution of modern medicine in Kerala-, Kozhikode: TBS Publishers ditsributors.
68. Kartha-, C.C (ed-) (2007-): Kerala Fitfy Years And Beyond: Festschrift for C.R Soman on his 70th birthday-, Thiruvanathapuram: Gautha Books.

## അധ്യായം 16

# പൊതുവിദ്യാഭ്യാസം

**കേ**രളം കഴിഞ്ഞ നൂറ്റാണ്ടിൽ കൈവരിച്ച സാമൂഹ്യ നേട്ടത്തിന്റെ ആധാരശിലകളിലൊന്ന് സാക്ഷരതയിലും പൊതുവിദ്യാഭ്യാസത്തിലും കൈവരിച്ച വമ്പിച്ച മുന്നേറ്റമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിത ഗുണനിലവാരത്തിലുണ്ടായ വളർച്ച മുതൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ വ്യാപനവും ആഗോള തൊഴിൽ വിപണിയിലെ വർദ്ധിച്ച മലയാളി സാന്നിദ്ധ്യവും സാധ്യമായത് എയിഡഡ് മേഖലയടക്കമുള്ള പൊതുവിദ്യാഭ്യാസ ശൃംഖലയുടെ സാർവത്രിക സ്വഭാവം കൊണ്ടാണ്. സാമൂഹ്യ അധ:സ്ഥിതരുടെ ചില മേഖലകൾ ഒഴിച്ചാൽ ശേഷിച്ച എല്ലാ ജനവിഭാഗങ്ങളെയും ആധുനിക വിദ്യാഭ്യാസത്തിന്റെ പൊതുധാരയിൽ കൊണ്ടുവരാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി കേരളത്തിലെ വിദ്യാലയങ്ങളിൽ ഇന്ന് പ്രവേശനം നേടുന്നവർ നല്ലൊരു ശതമാനവും ആധുനിക വിദ്യാഭ്യാസത്തിലെ രണ്ടാം തലമുറയോ മൂന്നാം തലമുറയോ ആണ്.

കേരളത്തിന്റെ വിദ്യാഭ്യാസനേട്ടങ്ങളുടെ പതിവു പട്ടികകളിലേയ്ക്കു കടക്കാനുദ്ദേശിക്കുന്നില്ല. 2011ലെ കാനേഷുമാരി കണക്കുപ്രകാരം ഇന്ത്യയിലെ സാക്ഷരതാ നിരക്ക് ഇന്നും 74 ശതമാനം ആയിരിക്കുമ്പോൾ കേരളത്തിലത് 94 ശതമാനം ആണ്. ഇന്ത്യയിലേറ്റവും ഉയർന്ന എൻറോൾമെന്റ് റേറ്റ് കേരളത്തിലേതാണ്. 2011-ൽ ഒന്നു മുതൽ അഞ്ചു വരെയുള്ള ക്ലാസുകളിൽ ഇത് 92 ശതമാനവും ആറു മുതൽ എട്ടു വരെയുള്ള ക്ലാസുകളിൽ 104 ശതമാനവുമായിരുന്നു. ഏറ്റവും കുറവ് കൊഴിഞ്ഞുപോക്കു നിരക്ക് കേരളത്തിലേതാണ്. 1946-56 കാലത്ത് അഞ്ചിലൊന്ന് കുട്ടികളാണ് ഹൈസ്ക്കൂളിൽ പ്രവേശിച്ചിരുന്നത്. 1996-2006 കാലമായപ്പോൾ ഇത് 91 ശതമാനമായി ഉയർന്നു. 2007-08ൽ പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി - അധ്യാപക അനുപാതം ഇന്ത്യയിലേത് 47 ഉം കേരളത്തിലേത് 28ഉം ആയിരുന്നു. അപ്പർ പ്രൈമറിയിൽ ഈ തോതുകൾ യഥാക്രമം 25ഉം 35ഉം ഹൈസ്ക്കൂളിൽ 24ഉം 33ഉം വീതമായിരുന്നു. കേരളത്തിൽ ശരാശരി ചുറ്റളവിൽ ഒരു ഹൈസ്ക്കൂൾ വീതമുണ്ട്. എല്ലാ പഞ്ചായത്തിലും ഹയർ സെക്കൻഡറി ഏതാണ്ട് ആയിക്കഴിഞ്ഞു. സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാണ്. കുട്ടികൾക്ക് ഉച്ചഭക്ഷണവും സൗജന്യ പുസ്തകവും യൂണിഫോമും ലഭിക്കുന്നു. 2009-10ൽ കേരളത്തിലെ കുട്ടിയ്ക്ക് 7.72 വർഷത്തെ സ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കുമ്പോൾ ഇന്ത്യയില ശരാശരി 5.6 വർഷമാണ്. സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലാണ് കേരളത്തിന്റെ നേട്ടങ്ങൾ കൂടുതൽ പ്രകടമാകുന്നത്. ദളിത് - ആദിവാസി സമൂഹങ്ങളിലെ താരതമ്യ പിന്നാക്കാവസ്ഥ തുടരുന്നുണ്ടെങ്കിലും വിദ്യാഭ്യാസ അസമത്വ സൂചിക ഏറ്റവും കുറവ് കേരളത്തിലാണ്. എന്നാലിന്ന് കേരളത്തിലെ വിദ്യാഭ്യാസ മേഖല ഗൗരവമായ വെല്ലുവിളികൾ നേരിടുകയാണ്. അവയെ നേരിട്ടുകൊണ്ടല്ലാതെ ഭൂതകാലനേട്ടങ്ങൾ നിലനിർത്താനാവില്ല. (എല്ലാ കണക്കുകളും സംസ്ഥാന ആസൂത്രണബോർഡ് 2014നെ ആസ്പദമാക്കി)

## I. പുതിയ വെല്ലുവിളികൾ

ഏറ്റവും ഗൗരവമായ പ്രശ്നം വിദ്യാഭ്യാസ നിലവാരത്തിന്റേതാണ്. മേൽപറഞ്ഞ ആസൂത്രണ ബോർഡ് രേഖ പ്രകാരം രണ്ടാം ക്ലാസിലെ പാഠപുസ്തകം വായിക്കാൻ കഴിയുന്ന അഞ്ചാം ക്ലാസ് കുട്ടികളുടെ എണ്ണം 2012ൽ സർക്കാർ സ്കൂളുകളിൽ 60 ശതമാനവും സ്വകാര്യ സ്കൂളുകളിൽ 70 ശതമാനവുമാണ്. ഹരണക്രിയ നടത്താൻ കഴിയുന്ന കുട്ടികളുടെ എണ്ണം സർക്കാർ സ്കൂളുകളിൽ 35ഉം സ്വകാര്യ വിദ്യാലയങ്ങളിൽ 52ഉം ആണ് (സംസ്ഥാന ആസൂത്രണ ബോർഡ് 2014). ഈ കണക്കുകളുടെ നിജസ്ഥിതി സംബന്ധിച്ച് തർക്കമുണ്ടെങ്കിലും ഒരു കാര്യം അവിതർക്കിതമാണ് – ഒരോ ക്ലാസിലും നേടേണ്ട ഭാഷാപരവും ഗണിതപരവുമായ മിനിമം ശേഷി ഉറപ്പുവരുത്താൻ ഭൂരിപക്ഷം സ്കൂളുകളിലും കഴിയുന്നില്ല. ഇത്തരം സ്ഥിതിവിശേഷവും ഔപചാരിക വിദ്യാഭ്യാസത്തോട് ഒരു വിരക്തിപോലും സൃഷ്ടിച്ചു തുടങ്ങിയിട്ടുണ്ടോ എന്ന സംശയം സൃഷ്ടിക്കുന്നു.

കേരളത്തിലെ 11766 പൊതുവിദ്യാലയങ്ങളിൽ 5412 എണ്ണം (ഏതാണ്ട് 46 ശതമാനം) അനാദായകരമാണെന്നാണ് സർക്കാർ വിലയിരുത്തൽ. ഇവയിൽ ഭൂരിഭാഗവും ലോവർ പ്രൈമറി സ്കൂളുകളാണ്. സ്കൂൾ പ്രായത്തിലുള്ള കുട്ടികളിൽ 73.45 ശതമാനം ആണ് എയിഡഡ് സ്കൂളുകൾ അടക്കമുള്ള പൊതുവിദ്യാലയങ്ങളിൽ പോകുന്നത്. അതേസമയം ഒന്നാം ക്ലാസിൽ അൺ എയിഡഡ് ഉൾപെടാത്ത പൊതുവിദ്യാലയങ്ങളിൽ ചേരുന്നവരുടെ എണ്ണം ആ പ്രായത്തിൽ പെട്ട ജനസംഖ്യയുടെ 54 ശതമാനം മാത്രമാണ് (സി. രാമകൃഷ്ണൻ 2015). സാർവത്രിക വിദ്യാഭ്യാസത്തിന്റെ മാതൃകയായി പുകഴ്ത്തപ്പെടുന്ന നമ്മുടെ നാട്ടിൽ ഒരുവിഭാഗം കുട്ടികൾ അംഗീകൃത അൺ എയിഡഡ് സ്കൂളുകൾ അടങ്ങുന്ന ഔപചാരിക വിദ്യാഭ്യാസ മേഖലയിൽപ്പോലും പഠിക്കാത്തവരാണ് എന്നത് നമ്മളെ ഞെട്ടിപ്പിക്കേണ്ടതാണ്. അവരിൽ കുറെപ്പേർ പിന്നീട് ഔപചാരിക വിദ്യാലയങ്ങളിൽ തിരിച്ചുവരുന്നുണ്ട്. അനൗപചാരിക വിദ്യാലയങ്ങളുടെ കുന്നുപോലുള്ള വളർച്ച പൊതു വിദ്യാലയങ്ങൾക്കെതിരായ പ്രധാന വെല്ലുവിളിയായി മാറിയിരിക്കുന്നു. ഔപചാരിക വിദ്യാഭ്യാസം സമൂഹത്തിൽ ഒരു വിഭാഗത്തിനെങ്കിലും സ്വീകാര്യമല്ലാതായി മാറിയിരിക്കുന്നു എന്നാണിത് കാണിക്കുന്നത്.

ഔപചാരിക വിദ്യാഭ്യാസത്തോടുള്ള താൽപര്യക്കുറവിന് മറ്റു പലകാരണങ്ങളുമുണ്ട്. അഖിലേന്ത്യാതലത്തിനെക്കാൾ മെച്ചപ്പെട്ടതാണെങ്കിലും പൊതുവിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെയും ഒരു ഭാഗം വിദ്യാലയങ്ങളിൽ ബോധനപ്രക്രിയകളുടെയും പോരായ്മകൾ ഒരു മുഖ്യകാരണമാണ്. കേരളത്തിലെ രക്ഷിതാക്കളിൽ നല്ലൊരു ഭാഗവും ആധുനിക വിദ്യാഭ്യാസത്തിലൂടെ കടന്നുപോയവരായതുകൊണ്ട് വിദ്യാലയങ്ങളിലെ സൗകര്യങ്ങളെയും ബോധനരീതികളെയും കുറിച്ച് സാമാന്യധാരണ അവർക്കുണ്ട്. നിരവധി സ്ഥലങ്ങളിൽ ജോലിയെടുക്കുന്നവരുടെ മക്കൾ പഠിക്കുന്ന സ്കൂളുകൾ തമ്മിലുള്ള താരതമ്യവും കുടുംബങ്ങളിൽ നടക്കുന്നുണ്ട്. തങ്ങൾ പഠിച്ച വിദ്യാലയങ്ങളേക്കാൾ മെച്ചപ്പെട്ട ഭൗതികസാഹചര്യങ്ങളും ബോധനരൂപങ്ങളും രക്ഷിതാക്കൾ സ്വന്തം കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. പ്രീസ്കൂൾ മുതൽ ഹയർസെക്കൻഡറി വരെയുള്ള എല്ലാ ഘട്ടങ്ങളുടെയും തുടർച്ചയും ഉയർന്ന നിലവാരവും അവർ ആഗ്രഹിക്കുന്നു. ഇത്തരം സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ ഗവൺമെന്റും ഭൂരിപക്ഷം സ്കൂൾ മാനേജ്മെന്റുകളും പരാജയപ്പെടുകയാണ്. ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രാമവും ഒരു ചെറിയ അളവുവരെ മെച്ചപ്പെട്ടതെന്നു കരുതപ്പെടുന്ന സിബിഎസ്ഇ പോലുള്ള വിദ്യാലയങ്ങളോടുള്ള താല്പര്യവും മറ്റൊരു ഘടകമാണ്. ജാതി മതസ്ഥാപനങ്ങളോടുള്ള ഉപരിവർഗത്തിന്റെ വർഗപരവും പദവിപരവുമായ മൂല്യങ്ങളും പ്രധാനമാണ്. പുതിയ സാഹചര്യങ്ങളിൽ നഗരങ്ങളിലെ ഉയർന്ന കോച്ചിങ്ങ് സാധ്യതകൾ ഗ്രാമപ്രദേശങ്ങളിലെ നിരവധി കുട്ടികളെ നഗരങ്ങളിലെ വിദ്യാലയങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിലേക്കെത്തിക്കുന്നുണ്ട്. ഇവയെല്ലാം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള ഒഴിച്ചുപോക്കിന് കാരണങ്ങളാണ്.

ഇതിന്റെ ഫലമായി വിദ്യാഭ്യാസരംഗത്തും പൊതുവായി സാമൂഹ്യരംഗത്തും പ്രകടമായ ധ്രൂവികരണം നടന്നുകൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ ഉപരിവർഗത്തിന്റെയും ഇടത്തരക്കാരുടെയും മക്കൾ അൺ എയിഡഡ് സ്കൂളുകളിലും ജാതിമതസ്ഥാപനങ്ങൾ നടത്തുന്ന സ്കൂളുകളിലും എത്തുമ്പോൾ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും സാമൂഹ്യവും സാമ്പത്തികവുമായി അധ:സ്ഥിതരാണ്. ഭൗതിക സൗകര്യങ്ങൾ ഇല്ലാത്ത പൊതുവിദ്യാലയങ്ങൾക്ക് അവിടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ വിധത്തിലുള്ള ബോധനരീതികൾ നടപ്പിലാക്കാൻ കഴിയുന്നില്ല. ഇതിന് വിദ്യാഭ്യാസ അധികൃതരുടെ പിടിപ്പുകേടും അധ്യാപകരുടെ ജാഗ്രതയില്ലായ്മയും പലപ്പോഴും കാരണാകുന്നുണ്ട്. അധികൃതരുടെ പിടിപ്പുകേടിന് ഇപ്രാവശ്യത്തെ എസ്.എസ്.എൽ.സി പരീഷ ഫലത്തെക്കുറിച്ചുണ്ടായ ആശയക്കുഴപ്പം തന്നെ ഉദാഹരണമാണ്. കുട്ടികൾക്ക് മനസ്സിലാകുന്നില്ലെന്ന പേരിൽ പാഠഭാഗങ്ങൾ പൂർത്തിയാക്കാത്ത അധ്യാപകർ നിരവധിയാണെന്നു എസ് ഇ ആർ ടി ഈയിടെ നടത്തിയ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. വീട്ടിലും പുറത്തും അധ്യയനത്തിനുള്ള ഭൗതികസാഹചര്യങ്ങളോ ട്യൂഷൻ പോലുള്ള യാന്ത്രിക മുറകളോ ലഭ്യമല്ലാത്ത വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ചുമതലയിൽ നിന്ന് അദ്ധ്യാപകർ ഒഴിഞ്ഞുമാറുന്നുവെന്നാണിത് സൂചിപ്പിക്കുന്നത്. പത്താം ക്ലാസ്സിൽ ഇപ്പോൾ തന്നെ നിലവിലുള്ള അധ്വാനഭാരത്തോടൊപ്പം പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള അധിക

ഭാരം കൂടി ചുമക്കാൻ പല അധ്യാപകരെക്കൊണ്ടു മാകുന്നില്ല. ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൽ മാത്രമല്ല, അവിടെ അധ്യായനം കൃത്യമായും സുഗമമായും നടക്കുന്നു എന്നു ഉറപ്പു വരുത്തുന്നതിലും വിദ്യാഭ്യാസ വകുപ്പ് ശ്രദ്ധ ചെലുത്തുന്നില്ല.

കഴിഞ്ഞ രണ്ടു ദശക്കാലത്തോളമായി കേരളത്തിൽ ശാസ്ത്രീയമായ ഒരു പാഠ്യപദ്ധതി നടപ്പിലായിട്ടുണ്ട്. 1988ലെ കേന്ദ്ര വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ട പഠിതാവിനെ കേന്ദ്രീകരിക്കുന്ന പാഠ്യപദ്ധതി 90 കളുടെ ആദ്യം കേരള സംസ്ഥാനം അംഗീകരിച്ചുവെങ്കിലും ആദ്യഘട്ടത്തിൽ അത് എം എൽ എൽ നെ ആധാരമാക്കിയുള്ള ചില പ്രക്രിയാപരമായ മാറ്റങ്ങളിൽ ഒതുങ്ങി നിന്നു. പിന്നീട് കേന്ദ്രഗവൺമെന്റിന്റെ ജില്ലാ പ്രൈമറി വിദ്യാഭ്യാസപരിപാടിയുടെ (ഡിപിഇപി) ഭാഗമായി പ്രൈമറി തലത്തിലുള്ള പഠനപ്രക്രിയയിൽ മാറ്റങ്ങൾ വരുത്താനുള്ള ശ്രമങ്ങൾ നടന്നു. ഇതിന്റെ തുടർച്ചയായാണ് 1996–97ൽ പ്രൈമറി പാഠ്യപദ്ധതി പൂർണമായും പരിഷ്ക്കരിക്കാനുള്ള നീക്കങ്ങളുണ്ടായത്. തുടർന്ന് പാഠ്യപദ്ധതി പരിഷ്ക്കാരങ്ങൾ മറ്റു ക്ലാസുകളിലേക്കും വ്യാപിച്ചു. പാഠ്യപദ്ധതിയുടെ ലക്ഷ്യനിർണയത്തെയും അതിന്റെ ചില ഊന്നലുകളെയും സംബന്ധിച്ചു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവിൽ ബോധനപഠനരൂപങ്ങളിൽ അതു വഹിക്കുന്ന സൃഷ്ടിപരമായ പങ്കിനെ സംബന്ധിച്ചു അഭിപ്രായഭിന്നതകൾ കുറവാണ്. പാഠ്യപദ്ധതിയുടെ നടത്തിപ്പിലെ പാളിച്ചകൾ ശക്തമായ ഗവൺമെന്റ് ഇടപെടലുകളിലൂടെ തിരുത്താമായിരുന്നു. 2005 ലെ കേന്ദ്രഗവൺമെന്റിന്റെ കരിക്കുലം ചട്ടക്കൂടിൽ കേരളത്തിലെ പാഠ്യപദ്ധതിയുടെ അടിസ്ഥാന സമീപനം ഉൾക്കൊണ്ടതുകൊണ്ട് ഈ പ്രക്രിയ താരതമ്യേന എളുപ്പവുമായിരുന്നു. പുതിയ സാഹചര്യങ്ങളിൽ പാഠ്യപദ്ധതിയെക്കുറിച്ച് കാര്യമായ ചർച്ചകളൊന്നും നടത്താതെ കാണാപ്പാഠത്തിലും പഠനഫലങ്ങളിലുമൂന്നുന്ന ഒരു പാഠ്യപദ്ധതിലേക്ക് മാറുകയാണ് ഇപ്പോൾ സർക്കാർ ചെയ്തിരിക്കുന്നത്. (പി കെ അബ്ദുൾ അസീസ്, 2002).

അഖിലേന്ത്യാതലത്തിൽ നടന്നുവരുന്ന ചർച്ചകളും പഠനഫലങ്ങളിൽ ഊന്നുന്ന പാഠ്യ പദ്ധതിയിലേക്കുമുള്ള മാറ്റത്തെ സൂചിപ്പിക്കുന്നു.( ഇന്ത്യാ സർക്കാർ 2015) ഇന്നത്തെ യുഡിഎഫ് സർക്കാരിന്റെ കാലത്തു നടക്കുന്ന മറ്റു മാറ്റങ്ങളും ഗൗരവമുള്ളതാണ്. കേരളത്തിലെ ജനനനിരക്കുകൾ കുറയുന്നതിന്റെ ഫലമായി സ്ക്കൂൾ അധ്യാപനത്തിനുള്ള പ്രായപരിധിയിൽപെട്ട കുട്ടികളുടെ എണ്ണം കുറയുകയാണ്. ഇവരെ പഠിപ്പിക്കാനുള്ള വിദ്യാലയ സൗകര്യങ്ങൾ കേരളത്തിൽ ഇന്നുണ്ട്. ഇതുകൂടാതെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിലും മാറ്റങ്ങൾ വരുന്നുണ്ട്. ഈ സാഹചര്യങ്ങളിലാണ് കേരളത്തിൽ എല്ലായിടത്തും സിബിഎസ്ഇ സ്ക്കൂളുകളും മറ്റ് ഐസിഎസ് ഇ ഇന്റർനാഷണൽ സ്ക്കൂളുകളും ആരംഭിക്കാനുള്ള അനുവാദം നൽകുന്നത്. ഇതിന്റെ മറവിൽ ഇത്തരം അനുവാദം പ്രതീക്ഷിച്ചുകൊണ്ട് ആരംഭിച്ച കണക്കിൽപെടാത്ത നിരവധി സ്ക്കൂളുകൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. മുൻസൂചിപ്പിച്ച ജനങ്ങളുടെ താല്പര്യങ്ങളിൽ വന്ന മാറ്റവും മദ്ധ്യ വർഗാഭിലാഷങ്ങളുമാണ് ഈ സ്ക്കൂളുകളെ നിലനിർത്തുന്നത്. അതേസമയം, പൊതുചർച്ചകളുടെ അടിസ്ഥാനത്തിൽ കൃത്യമായ നയസമീപനങ്ങളില്ലെത്താതെ വാണിജ്യ, ജാതിമത താല്പര്യങ്ങൾക്ക് ഊന്നൽ നൽകിയ സർക്കാരിന്റെ കെടുകാര്യസ്ഥതയും പൊതുവിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി മൂർച്ഛിക്കാൻ കാരണമായി. അനാദായകരമെന്ന് വിളിക്കപ്പെടുന്ന സ്ക്കൂളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചത് ഇത്തരം നടപടിക്രമങ്ങളുടെ ദുരന്തഫലമാണ്.

ജാതിമതവാണിജ്യശക്തികളെ താങ്ങുന്ന സർക്കാർ നയങ്ങൾക്ക് ജനങ്ങൾക്കിടയിൽ അംഗീകാരം ലഭ്യമാക്കുന്നതിൽ മാധ്യമങ്ങൾ വഹിച്ച പങ്കും പ്രധാനമാണ്. ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ ഇടപെടലുകളും നിലപാടുകളും ജാതി–മത വാണിജ്യശക്തികളെ പൂർണമായി പിന്തുണക്കുകയും അതിനുവേണ്ടി മുമ്പു കൈവരിച്ച പാഠ്യപദ്ധതി നേട്ടങ്ങൾ പോലും ഇല്ലാതാക്കുകയും ചെയ്യുന്നവയാണ്. രാജസ്ഥാൻ, തെലങ്കാന, ഹരിയാന മുതലായ സംസ്ഥാനങ്ങളിൽ പിപിപി (പൊതു സ്വകാര്യ പങ്കാളിത്തം) യുടെ പേരിലും മറ്റുമായി പൊതുവിദ്യാലയങ്ങൾ സ്വകാര്യമേഖലയ്ക്കു പരസ്യമായി വിൽക്കുകയാണ്. ഇത്തരത്തിൽ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിനുള്ള താല്പര്യം കേരളത്തിൽ ചില സ്വകാര്യമാനേജുമെന്റുകളെങ്കിലും പ്രകടിപ്പിക്കുന്നുണ്ട്. ഇത്തരം പ്രവണതകളെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നില്ല. അതിനുപകരം പൊതുവിദ്യാഭ്യാസരംഗത്തുവരുന്ന മാറ്റങ്ങൾ അനിവാര്യമാണെന്നും മാറ്റങ്ങൾക്കനുസരിച്ചു സ്വയം മാറാതെ വേറെ മാർഗമില്ലെന്നുമുള്ള പൊതുബോധമാണ് ഇപ്പോൾ വളർന്നുവരുന്നത്.

ഒന്നു വ്യക്തമാണ്. പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ച അടിസ്ഥാന പ്രശ്നമായി മാറുന്നത് ഇപ്പോൾ നടക്കുന്ന സാമൂഹധ്രുവീകരണത്തിന്റെ പശ്ചാത്തലത്തിലാണ്. കേരളത്തിലെ ഭൂരിപക്ഷം വരുന്ന നഗരങ്ങളിലും ഗ്രാമങ്ങളിലും തൊഴിലെടുക്കുന്നവരുടെയും ദളിതരും ആദിവാസികളും തീരദേശവാസികളുമടങ്ങുന്ന അധ:സ്ഥിതരുടെയും ജനാധിപത്യപരമായ വിദ്യാഭ്യാസ അവകാശങ്ങൾക്കെതിരായ കടന്നാക്രമണമായി പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ച മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിച്ച 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസമെന്ന ആശയം പരസ്യമായി ലംഘിക്കപ്പെടുകയാണ്. ഉപരിവർഗവരേണ്യ വിദ്യാലയങ്ങളിൽ അധ:സ്ഥിതർക്ക് പ്രവേശനമില്ല. എൽകെജിയിൽ പ്രവേശനത്തിന് ലക്ഷങ്ങൾ എണ്ണിക്കൊടുക്കേണ്ടിവരുന്ന സ്ക്കൂളുകളിൽ അധ:സ്ഥിതർക്ക് പ്രവേശനം അസാധ്യമാണ്. ഏതെങ്കിലും മതസ്ഥാപനം

ദീനാനുകമ്പയുടെ പേരിൽ ഇവരെ പ്രവേശിപ്പിച്ചാൽ പോലും വിദ്യാർത്ഥികൾ തമ്മിലുള്ള വർഗ–ജാതി–മതഭിന്നതകൾ പുറത്തുവരും. വിദ്യാഭ്യാസം ജനങ്ങളുടെ ജനാധിപത്യപരമായ അവകാശമാണ്. അത് നേടിയെടുക്കുന്നതിന് പണവും മതവും ജാതിയും ലിംഗഭേദങ്ങളുമൊന്നും തടസ്സമായിക്കൂടാ. സ്വന്തം അയൽപക്കത്തുള്ള സ്ക്കൂളിൽ പ്രവേശനം നേടുകയും അവിടെ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം നേടുന്നതിനുമുള്ള സ്വാതന്ത്ര്യവും അവകാശവും ഓരോ വിദ്യാർത്ഥിക്കുമുണ്ട്. ഇതു നേടിയെടുക്കുവാൻ ഉതകുന്ന വിധത്തിൽ പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഈ അവകാശ സംരക്ഷണം സാധ്യമാകൂ. ഇത് ഏതെങ്കിലും ജാതിമതസംഘടനയുടെ ജീവകാരുണ്യത്തിനോ ഉപരിവർഗത്തിന്റെ വിശാലമനസ്കതയ്ക്കോ വിട്ടുക്കൊടുക്കേണ്ട കാര്യമില്ല. നമുക്ക് വേണ്ടത് സാമൂഹ്യവിദ്യാഭ്യാസമാണ്. ഈ സാമൂഹ്യവിദ്യാഭ്യാസത്തിന്റെ അടിത്തറയായ വിദ്യാഭ്യാസരംഗത്തെ ജനപങ്കാളിത്തം രൂപപ്പെട്ടു വരേണ്ടത് സ്ക്കൂളുകൾ നിലനിൽക്കുന്ന ഗ്രാമതലങ്ങളിലും നഗരതലങ്ങളിലുമാണ്. അത് നിലനിർത്തുകയും വളർത്തുകയും ചെയ്യേണ്ട മുഖ്യ ഉത്തരവാദിത്തം ഭരണകൂടത്തിനുമാണ്. (കെ. മനോഹരൻ, 2015).

മേൽ സൂചിപ്പിച്ച പ്രതിലോമപരമായ ആശയങ്ങളുടെ ഔപചാരിക പ്രഖ്യാപനമാണ് വിദ്യാഭ്യാസം സംബന്ധിച്ച് ആസൂത്രണ ബോർഡ്തയ്യാറാക്കിയിട്ടുള്ള വികസന പരിപ്രേക്ഷ്യം 2030 എന്ന രേഖ. കേരളത്തിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന ഇന്നത്തെ പ്രശ്നങ്ങളെ കൂടുതൽ ശക്തമായ വാണിജ്യവത്കരണത്തിലൂടെ പരിഹരിക്കാനാവും എന്ന കാഴ്ചപ്പാടാണ് മുന്നോട്ടു വെയ്ക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തിലാണ് ഊന്നൽ മുഴുവൻ. സ്ക്കൂൾ വിദ്യാഭ്യാസത്തിൽ ഫിൻലൻഡിലെ രീതികളും നിലവാരവുമാണ് കേരളം ലക്ഷ്യമിടേണ്ടത് എന്നാണ് നിർദ്ദേശം. ഇതിന് പൊതുവിദ്യാഭ്യാസം സംരക്ഷിക്കണമെന്നോ മെച്ചപ്പെടുത്തണമെന്നോ ഉള്ള കാഴ്ചപ്പാടില്ല. സ്വകാര്യ അൺഎയിഡഡ് സ്ക്കൂൾ അടക്കം അടങ്ങുന്ന കോമൺ കോംപ്രിഹെൻസീവ് സ്ക്കൂൾ സിസ്റ്റമാണത്രേ കേരളത്തിനു വേണ്ടത്. ഇതിനു ബദലായി പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനു വേണ്ടി കഴിഞ്ഞ ദശാബ്ദങ്ങളിൽ കേരളത്തിലുണ്ടായ ജനകീയ ഇടപെടലുകളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ദൗർബല്യങ്ങൾ തിരുത്തി മുന്നോട്ടു പോകുന്നതിനുള്ള സമീപനമാണ് ഇവിടെ മുന്നോട്ടു വെയ്ക്കുന്നത്.

## II. പാഠ്യപദ്ധതി

കേരളത്തിലെ സ്ക്കൂളുകളിലെ ആദ്യകാല പാഠ്യപദ്ധതി കൊളോണിയൽ പഠനക്രമമനുസരിച്ച് ചിട്ടപ്പെടുത്തിയവയായിരുന്നു. കൊളോണിയൽ ഭരണകൂടത്തിനാവശ്യമായ ഉദ്യോഗസ്ഥരെയും സാങ്കേതികവിദഗ്ധരെയും ബുദ്ധിജീവികളെയും സൃഷ്ടിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. കാണാപ്പാഠം പഠിത്തം, ക്ലാസ്സ് കയറ്റത്തിനുള്ള കർക്കശമായ രീതികൾ, അധ്യാപകരിലുള്ള കേന്ദ്രീകരണം, ഭരണകൂടത്തോടുള്ള വിധേയത്വത്തിൽ ഉറച്ച മൂല്യബോധത്തിന്റെ വളർച്ച തുടങ്ങിയവ ആദ്യകാല സ്ക്കൂൾ വിദ്യാഭ്യാസത്തിൽ പ്രകടമായിരുന്നു. 1964 ൽ എൻസിഇആർടി കേന്ദ്രതലത്തിൽ സ്ഥാപിക്കുകയും അതിന്റെ പാഠപുസ്തകങ്ങളും പഠന രീതികളും പ്രചരിക്കുകയും ചെയ്തതോടെ ആധുനികമായ ബോധനപഠനസമ്പ്രദായങ്ങൾ കേരളത്തിലും പ്രചരിച്ചു. കാണാപ്പാഠത്തിനുപകരം പഠിതാക്കളുടെ പ്രകടനത്തെ അളക്കാനാരംഭിച്ചു. ക്ലാസ്സ് കയറ്റത്തിനുള്ള കാർക്കശ്യം കുറയുകയും ഒൻപതാം ക്ലാസുവരെ ക്ലാസ്സ് കയറ്റം എളുപ്പമാവുകയും ചെയ്തു. 1975 ൽ കേന്ദ്രഗവൺമെന്റ് അംഗീകരിച്ച പാഠ്യപദ്ധതി പരിപ്രേക്ഷ്യം കേരളത്തിൽ നടപ്പിൽ വന്നതോടെ പാഠപുസ്തകങ്ങളുടെ ഘടനയിലും മാറ്റംവന്നു. പാഠപുസ്തകങ്ങളും ക്ലാസുമുറി പ്രവർത്തനങ്ങളും വ്യക്തമായി ചേഷ്ടാവാദപരമായി, വിദ്യാർത്ഥികൾക്കാവശ്യമായ വിവരങ്ങളും പ്രവർത്തനങ്ങളും പാഠപുസ്തകങ്ങളിൽ തന്നെ ഉൾക്കൊള്ളിക്കാൻ തുടങ്ങി. 1988നുശേഷം പഠിതാക്കളെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം നടപ്പിൽവന്നതോടെ ബോധനത്തിനുപകരം പഠനത്തിനു പ്രാധാന്യം വന്നു. വിദ്യാർത്ഥികൾ എത്തേണ്ട പഠനതലങ്ങൾ ഏതെന്നു ചിട്ടപ്പെടുത്തുകയും അവ എത്തേണ്ടതിനു ആവശ്യമായ പ്രവർത്തനങ്ങൾ പാഠങ്ങളിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു.

1996–97ലാണ് കേരളത്തിലെ സ്ക്കൂളുകളിൽ നവീന പാഠ്യപദ്ധതി പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്. അതിനുമുമ്പ് പാഠ്യപദ്ധതിയിൽ അംഗീകരിച്ച ചേഷ്ടാവാദപരമായ രീതി കാണാപ്പാഠം പഠിത്തത്തിൽ നിന്നുള്ള മുന്നേറ്റമായിരുന്നെങ്കിലും അധ്യാപകരിലും പരീക്ഷാഫലങ്ങളിലുമുള്ള കേന്ദ്രീകരണത്തിൽ സാരമായ മാറ്റം വന്നിരുന്നില്ല. കുട്ടികളുടെ സർവതോമുഖമായ കഴിവുകൾ വിലയിരുത്തുന്നതിനോ അതിനുതകുന്ന വിധത്തിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനോ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെ ഗുണനിലവാരം പ്രധാന ചർച്ചാവിഷയമായി. 1970 കളിലും 80 കളിലുമായി സമൂഹത്തിലെ അധ:സ്ഥിതരിൽ ഭൂരിപക്ഷവും സ്ക്കൂളുകളിൽ പ്രവേശിച്ചതോടെ ഇത് ഗൗരവമുള്ള പ്രശ്നമായി. സ്ക്കൂളുകൾ വരേണ്യവർഗത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ബോധനരീതികൾ തന്നെ തുടർന്നു. കേരളത്തിൽ മൊത്തത്തിൽ സ്ക്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് വൻതോതിൽ കുറഞ്ഞുവെങ്കിലും അധ:സ്ഥിതവിഭാഗങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് അതിഭീമമായി തുടർന്നു. ഈ സാഹചര്യങ്ങളിലാണ് ശിശു സൗഹൃദ സ്വഭാവമുള്ള, പ്രക്രിയാധിഷ്ഠിതവും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്ന സമഗ്രമായ പാഠ്യപദ്ധതി വേണമെന്ന ധാരണ വളർന്നുവന്നത്. ഇക്കാലത്തു വളർന്നുവന്ന ജ്ഞാനനിർമ്മിതിവാദവും ബഹുതാബുദ്ധിശക്തി സിദ്ധാന്തവും പുതിയ ധാരണ

കളെ സ്വാധീനിച്ചു. അദ്ധ്യാപകർ പഠിപ്പിച്ചാൽ മാത്രം പോരാ. കുട്ടികൾ പഠിക്കുകയും അറിവ് നിർമ്മിക്കുകയും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തിക്കൊടുക്കേണ്ടവരാണെന്ന് വാദിക്കപ്പെട്ടു. ഇതിന്റെ ഫലമായി പുതിയ പാഠ്യപദ്ധതിയിൽ ജ്ഞാനനിർമ്മിതിവാദത്തിന് നിർണായകസ്വാധീനം ഉണ്ടായി. കുട്ടികളുടെ ഗുണനിലവാരത്തെക്കുറിച്ചു വളർന്നുവന്ന ആശങ്കകൾക്കുള്ള യഥാർത്ഥ മറുപടി പഠിതാവ് തന്നെ അറിവ് നിർമ്മിക്കുന്ന രീതിയാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് പുതിയ പാഠ്യപദ്ധതിക്ക് രൂപം നൽകിയത്. ചേഷ്ടാവാദികൾ കരുതുന്നതുപോലെ പഠിതാവ് ഒരു ഒഴിഞ്ഞ പ്ലേറ്റല്ല. ജനനം മുതൽ തന്നെ കുട്ടി നിരവധി അനുഭവങ്ങളിലൂടെ കടന്നുപോവുകയും നിരവധി തരത്തിലുള്ള അഭിപ്രായങ്ങളാലും നിരീക്ഷണങ്ങളാലും സ്വാധീനിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഈ പ്രക്രിയ പഠനാനുഭവമാക്കി മാറ്റുകയും സ്വന്തം അനുഭവങ്ങളിൽ നിന്നു ജ്ഞാനം നിർമ്മിക്കുന്ന പ്രക്രിയ സ്വായത്തമാക്കാൻ കുട്ടിയെ തയ്യാറെടുപ്പിക്കുകയും ചെയ്യുകയാണ് സ്ക്കൂളിന്റെ കടമ. അറിവ് കുട്ടി തനിച്ച്, അതായത് കാണാപ്പാഠത്തിലൂടെയും അല്ലാതെയും നേടുന്ന ഒന്നല്ല. അത് ക്ലാസ്മുറിയ്ക്കകത്തും പുറത്തുമായി പഠിതാവ് നടത്തുന്ന ഒറ്റയ്ക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങളിലൂടെ നേടുന്നതാണ്. ജാതിമതലിംഗ ഭേദമെന്യേ കുട്ടികൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ നേടുന്ന അറിവെന്ന നിലയിൽ ജനാധിപത്യപരമായ വിദ്യാഭ്യാസ മാറ്റത്തിനുള്ള ശക്തമായ ഉപാധിയായാണ് പുതിയ പാഠ്യപദ്ധതിയെ വിദ്യാഭ്യാസ പ്രവർത്തകർ കണ്ടത്. അതിന്റെ ചുവടു പിടിച്ചുകൊണ്ടുള്ള പാഠപുസ്തകങ്ങളും സേവനരീതികളും സ്ക്കൂൾതലത്തിൽ മുഴുവൻ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നു.

പഠിതാക്കളെ മുഴുവൻ ഉൾക്കൊണ്ടുള്ള ജനാധിപത്യപരമായ പ്രക്രിയ എന്ന നിലയിൽ പുതിയ പാഠ്യപദ്ധതിയുടെ മേന്മ ആദ്യം മുതൽ തന്നെ വിദ്യാഭ്യാസരംഗത്തു പ്രകടമായിരുന്നു. പക്ഷേ, അതിനു അതിശക്തമായ പ്രതിബന്ധങ്ങളെ നേരിടേണ്ടി വരികയും ചെയ്തു. ജ്ഞാനനിർമ്മിതി വാദത്തിന്റെ അടിസ്ഥാനത്തിൽ ഉപയോഗിച്ച പുതിയബോധനമാർഗങ്ങൾ കുട്ടികൾക്കു രസകരമായിരുന്നുവെങ്കിലും അവയെ ഉൾക്കൊള്ളാൻ രക്ഷിതാക്കൾക്കും പല അധ്യാപകർക്കും കഴിഞ്ഞില്ല. ഇത്തരത്തിലുള്ള പരിഷ്കാരം ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പും വേണ്ടത്ര സജ്ജമായിരുന്നില്ല. പാഠ്യപദ്ധതി പരിഷ്ക്കാരത്തിന്റെ ആദ്യഘട്ടത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത് ഡയറ്റുകളും ഡിപിഇപി പ്രോജക്ടിന്റെ ഭാഗമായി തുടങ്ങിയ ബ്ലോക്ക് റിസോഴ്സ് സെന്ററുകളുമായിരുന്നു. ഡിപിഇപി 2001ൽ അവസാനിപ്പിച്ചതിനുശേഷം ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ എസ്എസ്എ പ്രോജക്ടിന്റെ ഭാഗമായി തുടർന്നു. പക്ഷേ, ഡയറ്റുകളെയും ബിആർസികളെയും ഉപയോഗപ്പെടുത്തി ഏകോപനത്തിനുള്ള പുതിയ രീതികൾ സൃഷ്ടിക്കാൻ വിദ്യാഭ്യാസ വകുപ്പിനു കഴിഞ്ഞില്ല. ആദ്യഘട്ടത്തിൽ അദ്ധ്യാപകർക്ക് പുതിയ പാഠ്യപദ്ധതിയിൽ സമഗ്രമായ പരിശീലനം നൽകാൻ ബിആർസികളിലൂടെ കഴിഞ്ഞു. സ്ക്കൂൾ തലത്തിൽ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ സ്ക്കൂൾ ക്ലസ്റ്ററുകളും നിലവിൽ വന്നു. പിന്നീട് ഇത്തരം പ്രവർത്തനങ്ങളുടെ ഏകോപനം നാമമാത്രമായി. ക്ലസ്റ്റർ പ്രവർത്തനവും നടന്നില്ല. ക്രമേണ അധ്യാപകരുടെ ഫലപ്രദമായ പരിശീലനം തന്നെ ഇല്ലാതായി. ഇത്തരം പ്രവർത്തനങ്ങളൊന്നും ഹൈസ്ക്കൂൾ തലത്തിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞതുമില്ല.

വിദ്യാഭ്യാസവകുപ്പ് ഗൗരവത്തിൽ ഉൾക്കൊണ്ട ഏക കാര്യം പരീക്ഷകളുടെ നടത്തിപ്പ് മാത്രമായിരുന്നു. കേന്ദ്രഗവൺമെന്റിന്റെ സിബിഎസ്ഇ പരീക്ഷകളിൽ വന്ന മാറ്റവും അത്തരമൊരു താല്പര്യത്തിനു പ്രേരകമായിരിക്കാം. നിരന്തരമൂല്യനിർണയം, അന്തിമ മൂല്യനിർണയം, കുട്ടികളുടെ ശേഷികളുടെ സമഗ്രമായ പരിശോധന, എന്നിയവും, ഗ്രേഡിങ്ങും ഔപചാരികതലത്തിൽ അംഗീകരിക്കപ്പെട്ടു. കുട്ടികളുടെ ശേഷികൾ ഗുണപരമായി നിർണയിക്കുന്ന പ്രത്യക്ഷ ഗ്രേഡിങ്ങ് അല്ല, ശേഷികളെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഗണപരമായി കണക്കുകൂട്ടി അവയുടെ ആകത്തുകയെ ഗുണപരമായി മാറ്റുന്ന പരോക്ഷ ഗ്രേഡിങ്ങാണ് നടപ്പിലാക്കപ്പെട്ടത്. അവിടെ ജ്ഞാനനിർമ്മിതി വാദത്തിൽ നിന്നുള്ള പിന്നോട്ട് പോക്ക് പ്രകടമായിരുന്നു. ശേഷികളുടെ സമഗ്രമായ പരിശോധനയും പിന്നീട് ഒഴിവാക്കപ്പെട്ടു. നിരന്തര മൂല്യനിർണയം വിദ്യാർത്ഥികളുടെ ശേഷികളെ വിലയിരുത്താനുള്ള ശക്തമായ ഉപാധിയായിരുന്നെങ്കിലും അന്തിമ ഫലത്തിന് സമൂഹവും വിദ്യാഭ്യാസ വകുപ്പും നൽകിയ പ്രാധാന്യം മൂലം അതും ഫലത്തിൽ ഒരു പ്രഹസനമായി. നിരന്തരമൂല്യനിർണയം എന്തിനാണെന്നതിനെപ്പറ്റിയോ വിലയിരുത്തലിന്റെ മാനദണ്ഡങ്ങളെ സംബന്ധിച്ചോ കൃത്യമായ ധാരണ അദ്ധ്യാപകർക്കും സ്ക്കൂളുകൾക്കും നൽകുന്നതിൽ വിദ്യാഭ്യാസ വകുപ്പു പരാജയപ്പെട്ടു. ചേഷ്ടാവാദമനുസരിച്ചുള്ള പഠനഫലങ്ങളും ജ്ഞാനനിർമ്മിതിവാദമനുസരിച്ചുള്ള പ്രകടനങ്ങളുടെ വിലയിരുത്തലും തമ്മിലുള്ള വ്യത്യാസം പോലും ആർക്കും വ്യക്തമായിരുന്നില്ല. ഗ്രേഡിങ്ങ് എന്നാൽ കുട്ടിയുടെ ആർജിതജ്ഞാനത്തിന്റെ, അല്ലെങ്കിൽ യഥാർത്ഥത്തിൽ നേടിയ അറിവിന്റെ സൂചികയായി കാണുന്നതിനു പകരം പഴയരീതിയിലുള്ള പഠനഫലങ്ങളുടെ സൂചകങ്ങളായി കാണുകയും പഴയ റാങ്കിങ്ങു പകരമായി എ പ്ലസുകളെ ഉപയോഗിക്കുകയും ചെയ്തു. കുട്ടികളുടെ യഥാർത്ഥ ശേഷികളെയും അറിവിനെയും വിലയിരുത്തുന്ന, പിൽക്കാലത്തെ പഠനത്തിനും പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്ന ഒരു അളവുകോലായി ഗ്രേഡുകൾ വളർന്നുവന്നില്ല. പരീക്ഷാഫലങ്ങളുടെ, പലപ്പോഴും പഴയ ഡിസ്റ്റിങ്ഷൻ, ഒന്നാംക്ലാസ്സ്, എന്നിവയ്ക്കു പകരം വയ്ക്കാവുന്ന സൂചകങ്ങളായി ഗ്രേഡുകൾ മാറിയപ്പോൾ അവയെ വെറും പദവിചിഹ്നങ്ങളായാണ് സമൂഹം കണ്ടത്.

ജ്ഞാനനിർമ്മിതി കേവലമായ പ്രകടനപരതയ്ക്ക് വഴിമാറി. ജനങ്ങളിൽ പടർന്നുപിടിച്ച തെറ്റിദ്ധാരണയെ തിരുത്താൻ വിദ്യാഭ്യാസവകുപ്പും അദ്ധ്യാപകസമൂഹവും ശ്രമിച്ചതുമില്ല.

പാഠ്യപദ്ധതി മൂലം സ്ക്കൂളുകളിൽ ഉണ്ടായ ഗുണപരമായ മാറ്റങ്ങളെ അവഗണിച്ചുകൂടാ. അർപ്പണബോധമുള്ള അധ്യാപകരുടെയും സമൂഹത്തിന്റെയും ഇടപെടൽകൊണ്ടാണ് ഈ മാറ്റങ്ങളുണ്ടായത്. ക്ലാസ് മുറികളും വിദ്യാലയങ്ങളും കൂടുതൽ സജീവമായി, സമൂഹത്തിൽ നിന്നും പ്രകൃതിയിൽ നിന്നും പഠിക്കാനുള്ള ശ്രമങ്ങൾ നടന്നു. കുട്ടികളുടെ ആവിഷ്കാരങ്ങൾ, കലാരൂപങ്ങൾ, കയ്യെഴുത്തുമാസികകൾ തുടങ്ങിയവ പുറത്തുവന്നു. സ്ക്കൂളുകൾ ഫിലിം നിർമ്മാണത്തിലേക്കും കാസറ്റ് നിർമ്മാണത്തിലേക്കും വരെ തിരിഞ്ഞു. ഈ ചലനാത്മകത സെക്കണ്ടറി വിദ്യാഭ്യാസത്തിനും അടിത്തറയായി. കുട്ടികൾ നേടിയെടുത്ത നിരീക്ഷിക്കാനും നിഗമനത്തിലെത്താനും പഠിക്കാനുമുള്ള ശേഷി അവരുടെ മൊത്തം പ്രകടനത്തെ വളർത്തി. എസ്.എസ്.എൽ.സി. ഫലങ്ങളിൽ ഉണ്ടായ കുതിച്ചുകയറ്റത്തിന്റെ യഥാർത്ഥ അടിത്തറ ഇതാണ്. പഠിതാവിനെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം കേരളത്തിൽ പ്രയോഗികതലത്തിൽ നടപ്പിലാക്കുകയായിരുന്നു.

വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഭാഗത്തുനിന്നുണ്ടായ വർദ്ധിച്ച ഔത്സുക്യത്തിന് തടസ്സം നിന്നത് ഭരണസംവിധാനത്തിലെ ജഡത്വമായിരുന്നു. ഇതിനാൽ ഉയർന്ന ക്ലാസുകളിലെത്തും തോറും അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുന്നതിന് കഴിയാത്ത സ്ഥിതിയും ഇതിന്റെ ഫലമായി ഉണ്ടായി. അതിനാൽ കുട്ടികളുടെ ഔത്സുക്യത്തിന്, അന്വേഷണാത്മകതയ്ക്ക് അനുസരിച്ചുള്ള ക്ലാസ് അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടില്ല. എസ്എസ്എൽസി പരീക്ഷകളെ കേന്ദ്രീകരിച്ചുള്ള പഠനപ്രവർത്തനങ്ങളുടെ കേന്ദ്രീകരണവും പഠനഫലങ്ങൾക്ക് ലഭിച്ച പ്രാധാന്യവും തടസ്സമായി. പഠനഫലങ്ങൾ ഉയർത്താനായി വിദ്യാർത്ഥികൾ ട്യൂഷൻ ക്ലാസുകളെ അഭയം പ്രാപിച്ചു. പഠിതാക്കളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തെ തകർക്കുന്നതിനായി വിദ്യാഭ്യാസവകുപ്പുതന്നെ മുൻകയ്യെടുക്കുകയായിരുന്നു. ഇതിന്റെ തുടർച്ചയായാണ് കേരളഗവൺമെന്റും കേന്ദ്രഗവൺമെന്റും പാഠ്യപദ്ധതിയിൽ വരുത്തുന്ന മാറ്റങ്ങളെ കാണേണ്ടത്. 2007ലെ കേരള കരിക്കുലം ചട്ടക്കൂട് ജ്ഞാനനിർമ്മിതിക്ക് സാമൂഹ്യമായ അടിത്തറ നൽകാനുള്ള ധീരമായ ശ്രമങ്ങൾ നടത്തി. ജ്ഞാനനിർമ്മിതിയെ വിദ്യാർത്ഥികളും സമൂഹവും നിരന്തരം നേരിടുന്നതും എങ്ങും ചർച്ചാവിഷയമാകുന്നതുമായ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി അറിവിന് സാമൂഹ്യമായ മാറ്റങ്ങൾ നൽകുകയായിരുന്നു പ്രശ്നോന്നീത സമീപനത്തിന്റെ ലക്ഷ്യം. ജ്ഞാനനിർമ്മിതിവാദത്തിന് അദ്ധ്യാപകരുടെ ബോധനാനുഭവങ്ങളിൽ നിന്നുതന്നെ വളർത്തിക്കൊണ്ടുവന്ന പുതിയ രൂപമായിരുന്നു അത്. കുട്ടികൾക്ക് അവർ ഇടപെടുന്ന മേഖലകളെക്കുറിച്ച് ചോദ്യങ്ങൾ ഉന്നയിക്കാനും വിമർശിക്കാനും പ്രേരണ നൽകുന്ന രീതിയും കരിക്കുലം ചട്ടക്കൂടിന്റെ ഭാഗമായി. ഈ രണ്ടു നിലപാടുകളും തുടക്കം മുതൽതന്നെ വിമർശിക്കപ്പെട്ടു. ഇവ രണ്ടിന്റെയും അടിസ്ഥാന സങ്കൽപങ്ങൾ 2005-ലെ കേന്ദ്രകരിക്കുലം ചട്ടക്കൂടിൽ തന്നെ നിർദ്ദേശിക്കപ്പെട്ടതാണെന്നതുപോലും അവഗണിക്കപ്പെട്ടു. വളർന്നുവന്ന എതിർപ്പുകളുടെ ഫലമായി സാമൂഹ്യശാസ്ത്രപാഠപുസ്തകങ്ങളിൽ നിന്നുപോലും പ്രശ്നോന്നീതമായ പാഠഭാഗങ്ങൾ ഒഴിവാക്കപ്പെട്ടു. ജ്ഞാനനിർമ്മിതിവാദത്തിനെതിരായ ചെറുത്തുനില്പു ശക്തിപ്പെടുന്നതിന്റെ സൂചനയായിരുന്നു അത്. ക്രമേണ കേരളത്തിലെ പാഠപുസ്തകങ്ങൾ പഴയരീതിയിലുള്ള വിവരദായകമായ ആഖ്യാനങ്ങളായി മാറി.

തുടർന്ന് സർക്കാർ നിയോഗിച്ച അബ്ദുൾ അസീസ് കമ്മിറ്റി റിപ്പോർട്ട് ജ്ഞാനനിർമ്മിതിവാദത്തിന്റെ പേരിൽ പഠനത്തിന്റെ പരിണതഫലങ്ങളെ (Learning Outcomes) ആധാരമാക്കിയുള്ള യാന്ത്രികബോധനത്തെയും മൂല്യനിർണയത്തെയും അവയ്ക്കുവേണ്ടിയുള്ള പാഠപുസ്തകനിർമ്മാണത്തെയും പരസ്യമായി ന്യായീകരിച്ചുപോക്ക് എളുപ്പമാക്കി. പുതിയ പാഠ്യപദ്ധതിയുമായി പൊരുത്തപ്പെടാതിരുന്ന നിരവധി അദ്ധ്യാപകർക്ക് യാന്ത്രികബോധനരൂപങ്ങൾ സ്വീകാര്യമായിരുന്നു. കുട്ടികൾക്ക് പരമാവധി എപ്ലസുകൾ നേടിക്കൊടുക്കാനുള്ള യജ്ഞത്തിനും യാന്ത്രികബോധനരൂപങ്ങൾ അനുയോജ്യമായിരുന്നു. ജ്ഞാനനിർമ്മിതിരൂപങ്ങൾ ഫലത്തിൽ കുഴിച്ചുമൂടപ്പെട്ടു. ലോവർ പ്രൈമറി സ്ക്കൂളുകളിൽ മാത്രമാണ് അതിന്റെ അംശങ്ങൾ ബാക്കി നിന്നത്.

ഇത്തരത്തിലുള്ള പരിവർത്തനശ്രമങ്ങളും വിവാദങ്ങളും പൊതുവെ ബാധിക്കാത്ത മേഖല ഹയർസെക്കണ്ടറിയായിരുന്നു. ഹയർ സെക്കണ്ടറി ആദ്യംമുതൽ എൻസിഇആർടിയുടെ സിലബസ്സും ഭൂരിഭാഗം പാഠപുസ്തകങ്ങളും സ്വീകരിച്ചു. പുതിയ ബോധനരീതികളും മൂല്യനിർണയരൂപങ്ങളും നടപ്പിലാക്കപ്പെട്ടില്ല. സിബിഎസ്ഇ മാതൃകയിൽ നിരന്തരമൂല്യനിർണയം നടപ്പിലാക്കിയെങ്കിലും അതുകൊണ്ട് എന്തുചെയ്യണമെന്ന് ഹയർസെക്കണ്ടറി ഡയറക്ടറേറ്റിനോ അദ്ധ്യാപകർക്കോ വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നില്ല. ഉണ്ടാക്കാനുള്ള ശ്രമങ്ങൾ കാര്യമായി നടന്നുമില്ല. അനുക്രമമായി എൻട്രൻസ് പരീക്ഷകൾക്കും മറ്റുമുള്ള കോച്ചിങ്ങ് കളരികളുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ബോധനരൂപങ്ങൾ മാറി. ഒരു വിഭാഗം കേന്ദ്രഗവൺമെന്റ് പദ്ധതിയനുസരിച്ചുള്ള വൊക്കേഷണൽ ഹയർസെക്കണ്ടറിയായി. കേന്ദ്രഗവൺമെന്റിന്റെ പൊതുനിർദ്ദേശങ്ങളനുസരിച്ച് നടത്തുന്ന കോഴ്സുകളായതുകൊണ്ട് വലിയ മാറ്റങ്ങളൊന്നും അവിടെയും സാധ്യമല്ലായിരുന്നു. വൊക്കേഷണൽ വിദ്യാഭ്യാസം കൊണ്ടു പ്രതീക്ഷിക്കപ്പെട്ടിരുന്ന വിദഗ്ധതൊഴിലുകളിലേക്കുള്ള വഴിപിരിയൽ നടന്നില്ല. വൊക്കേഷണൽ ഹയർ സെക്കന്ററി കുട്ടികൾ കറങ്ങിത്തിരിഞ്ഞ് അവ

സാനം സാധാരണ വിദ്യാലയങ്ങളിൽ തന്നെയെത്തി. എൻട്രൻസ് പരീക്ഷകളും ഉന്നതവിദ്യാഭ്യാസവുമായി ഉണ്ടായി വന്ന ബന്ധവും ഹയർസെക്കണ്ടറിയുടെ പരിഷ്ക്കരണത്തെ പൂർണമായി തടസ്സപ്പെടുത്തി.

പുതിയ പാഠ്യപദ്ധതി സ്ക്കൂൾ കുട്ടികളുടെ പഠന താല്പര്യത്തെ വൻതോതിൽ വർദ്ധിപ്പിച്ചുവെന്നതിനു തെളിവുകളുണ്ട്. അദ്ധ്യാപകരെ അതിനനുസരിച്ച് ഒരുക്കി എടുക്കുന്നതിൽ കഴിയാത്ത സ്ഥിതിയുമുണ്ടായി. ഇക്കാര്യത്തിൽ അവർ നേരിട്ട ഏറ്റവും പ്രധാനപ്പെട്ട പ്രതിബന്ധം മതിയായ പരിശീലനത്തിന്റെ അഭാവമായിരുന്നു. ടിടിസി, ബി.എഡ് പോലുള്ള പ്രീസർവ്വീസ് കോഴ്സുകളിൽ വ്യത്യസ്ത വിദ്യാഭ്യാസ സമീപനങ്ങളും ബോധനരീതികളും പഠിപ്പിക്കുന്നുണ്ടെങ്കിലും അവയിലേക്ക് ആഴത്തിൽ പോകാനോ വ്യത്യസ്ത തരത്തിൽ പെട്ട കുട്ടികളുമായുള്ള സമ്പർക്കം വഴി പുതിയ അനുഭവങ്ങൾ നേടാനോ ഉള്ള അവസരങ്ങൾ ഒരുക്കുന്നില്ല. കുട്ടികളുടെ മന:ശാസ്ത്രത്തെയും അവരുടെ വളർച്ചയുടെ ഘട്ടങ്ങളെയും സംബന്ധിച്ച ആധുനിക കണ്ടെത്തലുകൾ (നാഡീവ്യൂഹ ശാസ്ത്രജ്ഞരുടെയും മസ്തിഷ്കശാസ്ത്രജ്ഞരുടെയും പഠനങ്ങൾ ഉദാഹരണങ്ങളാണ്) അവരെ പരിചയപ്പെടുത്തുന്നില്ല. ബുദ്ധിയെയും ബുദ്ധിമാനത്തെയും കുറിച്ചുള്ള പുതിയ നിരീക്ഷണങ്ങളും അവർക്കറിയില്ല. ചേഷ്ടാവാദത്തിനനുസരിച്ചുള്ള മന:ശാസ്ത്രതത്വങ്ങളിൽനിന്ന് ഏറെയൊന്നും അവർ മുന്നേറുന്നില്ല. ടിടിസിയിൽ ലഭിക്കുന്ന അറിവുകൾ പോലും ബിഎഡ് കോഴ്സുകളിൽ ലഭിക്കുന്നില്ല. സർവീസിൽ പ്രവേശിച്ചതിനു ശേഷം പുതിയ കണ്ടെത്തലുകളെയും സിദ്ധാന്തങ്ങളെയും കുറിച്ച്, ചുരുങ്ങിയത് കരിക്കുലവും സിലബസ്സും അംഗീകരിക്കുന്ന സൈദ്ധാന്തിക നിലപാടുകളെ, വിശദമായി പരിചയപ്പെടുത്തുന്ന ഇൻസർവീസ് കോഴ്സുകളും പരിശീലനവും അവർക്ക് ലഭിക്കുന്നില്ല. ഇതിന്റെ ഫലമായി സ്വയം പരിശീലനം നേടിയ ചിലരെ മാറ്റി നിർത്തിയാൽ ജ്ഞാനനിർമ്മിതിവാദത്തിന്റെ അടിസ്ഥാനത്തിലുള്ള ബോധനരൂപങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷികൾ പൊതുവിൽ അധ്യാപകർക്ക് സ്വായത്തമായിട്ടില്ല. പുതിയ പ്രയോഗരീതികൾക്ക് ആവശ്യമായ അറിവിന്റെ മേഖലയും വൻതോതിൽ വികസിച്ചതുകൊണ്ട്, അത്തരത്തിലുള്ള അറിവുകളും പലപ്പോഴും ലഭ്യമല്ല. നിരന്തരമായ മൂല്യനിർണയം പോലെ അധ്യാപകരുടെ നിരന്തരമായ സ്വയം പഠനത്തിനുള്ള സൗകര്യങ്ങളും വികസിപ്പിച്ചെടുക്കേണ്ടതാണ്. അതുണ്ടായില്ല. ഇതിന്റെ ഫലമായി ജ്ഞാനസമ്പാദനത്തിനുള്ള പ്രേരകശക്തികളായും ജ്ഞാനഉൽപാദനത്തിനുള്ള വഴി കാട്ടിയായുമുള്ള അദ്ധ്യാപകരുടെ പങ്കിനെക്കുറിച്ചോ, ഒരു സ്കൂളിന്റെ പ്രവർത്തനത്തിൽ അദ്ധ്യാപകരുടെ പ്രൊഫഷണൽ ശേഷിയുടെ പ്രാധാന്യത്തെയോ കുറിച്ച് കൃത്യമായ ധാരണ ഇന്നുമില്ല. ഒരു കുട്ടികളുടെ കഴിവുകളും ശേഷികളും നിർണയിക്കുന്നതിനുള്ള വഴികാട്ടികളെന്ന നിലയിൽ അദ്ധ്യാപകർക്കുള്ള പ്രാധാന്യവും ആരും ഗൗരവത്തിലെടുക്കുന്നില്ല. അധ്യാപക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകളും ഈ മേഖലയെ ഗൗരവമായി എടുക്കാതിരിക്കുന്ന സർക്കാരിന്റെ നിലപാടുകളും സ്ഥിതിഗതികളെ കൂടുതൽ രൂക്ഷമാക്കി.

എസ്.സി.ഇ.ആർ.ടി, ഡയറ്റ് തുടങ്ങിയ ഔദ്യോഗിക ഏജൻസികളുടെ പ്രവർത്തനവും പരിശോധിക്കപ്പെടേണ്ടതാണ്. 1964 ൽ ഡിപിഐയുടെ കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ എന്ന പേരിൽ ആരംഭിച്ച സ്ഥാപനം പിന്നീട് എസ്ഇആർടിയായി മാറി. സിലബസ് ഉണ്ടാക്കുക എന്ന ഔദ്യോഗികകർത്തവ്യനിർവഹണത്തിന്റെ ഭാഗമായല്ലാതെ കേരളത്തിലെ പാഠ്യപദ്ധതി പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് വ്യക്തമായ നിലപാടിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുക്കാൻ എസ്.സി.ഇ. ആർ.ടിക്ക് കഴിഞ്ഞില്ല. സ്വയം ഭരണ പദവിയുണ്ടെങ്കിൽ പോലും വിദ്യാഭ്യാസ വകുപ്പിന്റെ ഉപവിഭാഗമായി മാത്രം നിൽക്കുന്ന ഒരു സ്ഥാപനത്തിന് ഗൗരവമുള്ള അക്കാദമിക് പരിഷ്ക്കാരങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുകയുമില്ല. മാറിവരുന്ന രാഷ്ട്രീയകാലാവസ്ഥകളനുസരിച്ചു ചാഞ്ചാടുന്ന അവസ്ഥയിലാണ് എസ് സി ഇ ആർ ടി എത്തിച്ചേർന്നത്. അവിടെ ഗവേഷണം പേരിന് മാത്രമാണ് നടന്നതും ഇപ്പോഴും നടക്കുന്നതും. സിലബസ് പരിഷ്ക്കരണത്തിനുള്ള പരിശീലനമല്ലാതെ അധ്യാപക പുന:പരിശീലത്തിനുള്ള രീതികളോ ശേഷികളോ എസ്.സി.ഇ.ആർ.ടിയ്ക്കില്ല. അതു നൽകണമെന്ന താല്പര്യം വിദ്യാഭ്യാസ വകുപ്പിനുമില്ല. ഇത് എസ്.സി.ഇ.ആർ.ടിക്ക് കേരള വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകേണ്ട നേതൃത്വപരമായ പങ്കിനെ ദോഷകരമായി ബാധിക്കുന്നു. ഡയറ്റുകളുടെ പ്രവർത്തന പരിധി പ്രൈമറി സ്ക്കൂളുകളാണ്. എങ്കിലും എൻസിഇആർടിയുടെ നിർദ്ദേശമനുസരിച്ച് പാഠ്യപദ്ധതി അവലോകനം നടത്തുന്നതിലും കേരള കരിക്കുലം ചട്ടക്കൂട് 2007 രൂപീകരിക്കുന്നതിലും അവർ നേതൃത്വപരമായ പങ്കുവഹിച്ചു. എന്നാൽ പിന്നീട് ഒരിക്കലും അവരുടെ സേവനം സമഗ്രമായ രീതിയിൽ പാഠ്യപദ്ധതി നിർമ്മാണത്തിന് ഉപയോഗപ്പെടുത്തിയിട്ടില്ല. ചില പ്രാദേശിക മാതൃകകളുടെ നിർമ്മാണത്തിലേക്ക് അവരുടെ പ്രവർത്തനം ചുരുങ്ങി. പ്രാദേശികതലത്തിൽ ക്ലസ്റ്ററുകൾ, ബി.ആർ.സികൾ, സ്ക്കൂൾ റിസോർസ് ഗ്രൂപ്പുകൾ തുടങ്ങിയവ ഔപചാരികതലത്തിലേക്ക് ചുരുങ്ങി. അതായത് അക്കാദമിക് സംവിധാനങ്ങൾ മുഴുവൻ ജഡാവസ്ഥയിലേക്ക് നീങ്ങുന്ന കാഴ്ചയാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി കണ്ടത്. (ജനറൽ സെക്രട്ടറി, കെഎസ്ടിഎ 2015)

അനാദായകരമായ സ്ക്കൂളുകളുടെ വളർച്ചയും കൂണുപോലെ മുളച്ചുപൊങ്ങിയ അനംഗീകൃത-അൺ എയിഡഡ് സ്ക്കൂളുകളും ചേർന്ന് അധ്യാപകരുടെ ജോലി സ്ഥിരതയെ ഒരു പ്രശ്നമാക്കി തീർത്തു. പലരും ഇതിന് പരിഹാരമായി കണ്ടത് ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ആരംഭിക്കുന്നതിലൂടെയായിരുന്നു.

പുതിയ പാഠ്യപദ്ധതിയുടെ സത്തയെ വളച്ചൊടിക്കുന്നതിൽ ഈ മാറ്റം ഒട്ടൊന്നുമല്ല കാരണമായത്. പ്രശ്നോന്നീത സമീപനവും വിമർശനാവബോധവും പോലുള്ള സാമൂഹ്യജ്ഞാനനിർമ്മിതിരൂപങ്ങൾ വിജയിക്കണമെങ്കിൽ മാതൃഭാഷയിലൂടെയുള്ള ബോധനം അനിവാര്യമായിരുന്നു. (ടി കെ നാരായണദാസ്, 2015) കുട്ടി ജീവിക്കുന്ന ലോകത്തെ നേരിട്ടറിയുന്നതിനും പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനുമുള്ള സ്വാഭാവികമായ ശേഷികൾ വളരുന്നത് മാതൃഭാഷയിലൂടെ തന്നെയാണെന്ന സാർവത്രികമായ വിദ്യാഭ്യാസ അനുഭവമാണ് വളച്ചൊടിക്കപ്പെട്ടത്. നിരന്തരമായ സാമൂഹ്യപ്രയോഗത്തിലൂടെയും വായനയിലൂടെയും എഴുത്തിലൂടെയും കുട്ടി നേടിയെടുക്കുന്ന ഭാഷാപരമായ നൈപുണ്യം തന്നെയാണ് ഇംഗ്ലീഷ് അടക്കമുള്ള മറ്റു ഭാഷകളെയും എളുപ്പത്തിൽ സ്വായത്തമാക്കാൻ പ്രയോജനപ്പെടുക എന്ന തത്വവും വിസ്മരിക്കപ്പെട്ടു. മലയാളം സ്ക്കൂളുകളിൽ തുടങ്ങുന്ന ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ മൊത്തം സ്ക്കൂൾ അന്തരീക്ഷത്തെതന്നെ ബാധിക്കുന്നുവെന്നും, അത്തരം ബാച്ചുകൾക്കു നൽകുന്ന അമിതശ്രദ്ധ മറ്റു ബാച്ചുകളുടെ പ്രകടനത്തെ നിഷേധാത്മകമായി ബാധിക്കുന്നുവെന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

വിഷയം പഠിപ്പിക്കുന്നതു കൊണ്ടു മാത്രം ഒരാൾ വിദ്യാഭ്യാസ പ്രവർത്തകനാകുന്നില്ല എന്നതും പ്രധാനമാണ്. വിഷയം പഠിപ്പിക്കുന്നതെന്തിന് എന്നും ബോധനശാസ്ത്രപരവും സാമൂഹ്യവുമായ എന്തു ലക്ഷ്യമാണ് നാം അതിലൂടെ നേടുന്നത് എന്നുമുള്ള തിരിച്ചറിവ് അത്യാവശ്യമാണ്. എന്നാൽ മാത്രമാണ് ക്ലാസുമുറിയിൽ അദ്ധ്യാപകർ നടത്തുന്ന പ്രവർത്തനങ്ങളുടെ യുക്തി രക്ഷിതാക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്താൻ അധ്യാപകർക്കു കഴിയൂ. ഡോക്ടർ രോഗിയെ സുഖപ്പെടുത്തുമ്പോൾ സംഭവിക്കുന്നതുപോലെ, എഞ്ചിനീയർ കെട്ടിടം നിർമ്മിച്ചു തീർക്കുമ്പോൾ സംഭവിക്കുന്നതുപോലെ, ഫലങ്ങളനുസരിച്ചു മാത്രമാകും ക്ലാസുമുറിയിലെ പ്രവർത്തനങ്ങളുടെ ഗുണം പൊതുസമൂഹം തീരുമാനിക്കുക. അധ്യാപകരുടെ പ്രവർത്തനഫലങ്ങൾ പലതും ഗുണപരമാണ്. വിദ്യാർത്ഥികൾ നേടുന്ന ഗുണം എന്താണെന്നും അതെങ്ങനെയാണ് നേടിയെടുക്കുന്നത് എന്നും വിശദീകരിക്കാനുള്ള ബാധ്യത അധ്യാപകർക്കുണ്ട്. എന്നാൽ ഇതിനുള്ള പരിശീലനവും സ്വയം പഠനരൂപങ്ങളും അദ്ധ്യാപകർക്ക് കിട്ടാത്തതുകൊണ്ട്, രക്ഷിതാക്കളുടെയും മാനേജ്മെന്റുകളുടെയും സമ്മർദ്ദങ്ങൾക്ക് അവർ കീഴടങ്ങുന്നു. ഇതും അദ്ധ്യാപകരുടെ ആത്മവിശ്വാസത്തെ തകർക്കുന്നുണ്ട്. പ്രായോഗികശേഷികളുടെ ഉപയോഗത്തെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് പാഠ്യപദ്ധതിയുടെ സൈദ്ധാന്തിക തലത്തിലല്ല, നിർവ്വഹണത്തിലാണ് പ്രശ്നങ്ങൾ വളർന്നുവന്നത് എന്നാണ്. ജ്ഞാനനിർമ്മിതിവാദം കേരള പാഠ്യപദ്ധതിയിൽ ഉൾപെടുത്തുകയും നടപ്പിലാക്കുകയും ചെയ്തതിൽ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അവയെല്ലാം കൂടുതൽ പഠനങ്ങളിലൂടെയും കൂട്ടായ ചർച്ചകളിലൂടെയും തിരുത്തലുകളിലൂടെയും പരിഹരിക്കാൻ സാധിക്കുമായിരുന്നു. തെറ്റുകളെ പർവതീകരിക്കുകയും നിർവഹണത്തിലെ പിടിപ്പുകേടുകളെ മറച്ചുവയ്ക്കുകയും ചെയ്യുന്ന തന്ത്രമാണ് കഴിഞ്ഞ വർഷങ്ങളായി വലതുപക്ഷശക്തികൾ പിന്തുടർന്നു വരുന്നത്. അതേസമയം ഏറ്റവും പിന്നോക്കമെന്നു കരുതപ്പെട്ടവയടക്കമുള്ള വിദ്യാലയങ്ങളുടെ മുന്നേറ്റം ഏറ്റവും അധഃസ്ഥിതരുടെ അടുക്കൽ വരെയെത്താൻ പുതിയ സമീപനത്തിന് കഴിയുന്നു എന്നതിന്റെ സൂചനയാണ്. (സി മധുസൂദനൻ, 2015). അതേസമയം, മുൻപ് ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഗണിതം, ഭാഷ തുടങ്ങിയ മേഖലകളിൽ മിനിമം പഠനം നിലവാരം ഉറപ്പുവരുത്താൻ കഴിയാത്ത അവസ്ഥയുമുണ്ട്.(എൻ ഐഇപിയു, 2015). ശാസ്ത്രീയമായ പുതിയ ബോധന രൂപങ്ങളുടെ വളർച്ചയിലൂടെ അത്തരം ദൗർബല്യങ്ങൾ പരിഹരിക്കേണ്ടതുമാണ്.

കഴിഞ്ഞ കാലത്തെ പാഠ്യപദ്ധതി അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതിയിലെ ബദൽ രൂപങ്ങളുടെ സാധ്യതകളും പരിശോധിക്കണം. നിലവിലുള്ള ബദൽ രൂപങ്ങൾ വളർന്നുവരുന്നത് പ്രധാനമായും പ്രൈമറിതലത്തിൽ ക്ലാസുമുറിയ്ക്കും പുറത്തുമുള്ള സ്കൂൾ അന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തി പഠനം രസകരമാക്കുക, ഔൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തുക, ഭിന്നശേഷിയുള്ളവർക്ക് വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ തയ്യാറാക്കുക, കലാകായികാഭിരുചികൾ വളർത്തുക, കുട്ടികളുടെ ആവിഷ്ക്കാരങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകുക തുടങ്ങിയവയിലാണ്. (പി. ശ്രീനിവാസൻ, 2015). പഠനയാത്രകൾ, പുതിയ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും തുടങ്ങിയവയിലും ചില രൂപങ്ങൾ വളർന്നുവന്നിട്ടുണ്ട്. പക്ഷെ, ഇത്തരം വ്യത്യസ്ത രൂപങ്ങൾ ചേർന്ന് കൃത്യമായ ജ്ഞാനനിർമ്മിതിയിലേക്ക് എങ്ങനെ നയിക്കുന്നുവെന്നത് പൂർണരൂപത്തിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. നിരന്തര മൂല്യനിർണയത്തെക്കുറിച്ചുള്ള കൃത്യമായ മാനദണ്ഡങ്ങളുടെ ആവിഷ്ക്കാരം നടന്നിട്ടില്ല. കുട്ടികളുടെ അറിവുനേടുന്നതിന്റെ തലം സൈദ്ധാന്തികമാണോ പ്രായോഗികമാണോ എന്നും, അഭിരുചിതരുടെ വളർച്ച ഏതു ദിശയിലാണെന്നും കൃത്യമായി വിലയിരുത്താൻ നിരന്തര മൂല്യ നിർണയത്തിലൂടെ കഴിയേണ്ടതാണ്. അതിനും പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെട്ടിട്ടില്ല. ഭാഷാപഠനത്തിൽ, പ്രത്യേകിച്ച് ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ മാത്രമാണ് പുതിയ രൂപങ്ങൾ പരീക്ഷിക്കപ്പെട്ടിട്ടുള്ളത്. (പി. കെ. ജയരാജ് 2015). മാതൃഭാഷാ പഠനത്തിനും മറ്റു മാതൃകകൾ അന്വേഷിക്കേണ്ടതാണ് എന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ആദിവാസികളെപ്പോലെ ഭിന്നഭാഷസംസാരിക്കുന്നവരുടെ ഇടയിൽ ഈ പ്രശ്നം ഗൗരവമുള്ളതാണ്. ബഹുഭാഷാ പഠനരീതികൾ ഇന്നത്തെ സാഹചര്യങ്ങളിൽ ആവശ്യമാണ് എന്ന ധാര

ണയുണ്ടെങ്കിലും അതിനുള്ള പ്രായോഗിക രൂപങ്ങൾ വളർന്നുവന്നിട്ടില്ല. ശാസ്ത്ര ഗണിതപഠനങ്ങൾക്ക് വൻ തോതിലുള്ള ഊന്നൽ നൽകുന്നുണ്ടെങ്കിലും ശാസ്ത്രാഭിരുചിയും ഗണിതാഭിരുചിയും വളർത്തിക്കൊണ്ടു വരുന്നതെങ്ങനെ എന്ന ചോദ്യവും പ്രസക്തമാണ്. പരീക്ഷണങ്ങളിലൂടെ ശാസ്ത്രം എന്ന തത്വവും പ്രശ്ന പരിഹാര രീതികളിലൂടെ ഗണിതം എന്ന തത്വവുമാണ് ഇപ്പോഴും നിലവിലുള്ളത്. ശാസ്ത്രാഭിരുചിയുടെയും അന്വേഷണത്തിന്റെയും വളർച്ചയിൽ നിരീക്ഷണങ്ങൾക്കും പ്രായോഗിക പ്രവർത്തനങ്ങൾക്കുമുള്ള പ്രാധാന്യം ഇപ്പോഴും തിരിച്ചറിയാറില്ല. പ്രകൃതിയിലുള്ള ആകൃതികൾ, രൂപങ്ങൾ, എണ്ണങ്ങൾ, പ്രായോഗിക പ്രവർത്തനത്തിന്റെ മാനങ്ങൾ എന്നിവയൊക്കെയായി ഗണിതത്തിന്റെ രീതികളെയും പ്രശ്ന പരിഹാര മാർഗങ്ങളെയും ബന്ധിപ്പിക്കാൻ കഴിയും. അവയും ഗൗരവത്തിൽ പരിശോധിക്കപ്പെട്ടിട്ടില്ല.

അടുത്ത കാലത്തായി ബഹുബൗദ്ധികതാ സിദ്ധാന്ത (multiple intelligence) ത്തിന് പ്രചാരം ലഭിച്ചിട്ടുണ്ട്. (ഹോവാർഡ് ഗാർഡ്നെർ, 1985) മനസ്സ് മോഡ്യൂളുകളായാണ് പ്രവർത്തിക്കുന്നതെന്ന വാദവും ഉയർന്നിട്ടുണ്ട്. (ജെ എ ഫോഡെർ 1983). ഈ സിദ്ധാന്തവുമായി യോജിക്കാത്തവർ പോലും കുട്ടികൾക്കിടയിൽ വ്യത്യസ്തശേഷികൾക്കും അഭിരുചികൾക്കും മേൽക്കോയ്മ ലഭിക്കുമെന്ന് അംഗീകരിക്കുന്നവരാണ്. അതുപോലെ പ്രധാനപ്പെട്ട ആശയമാണ് ഒരു കുട്ടിയുടെ ശൈഷിണകവും പ്രായോഗികവുമായ വളർച്ച കൈവരിക്കുന്നത്. ബോധന പ്രക്രിയ നടക്കുന്ന സാമൂഹ്യ മണ്ഡലത്തിന്റെ സ്വാധീനത്തിലാണ് (Zone of Proximal Development) എന്നത്. (എൽ എസ് വൈഗോട്സ്കി). ബൗദ്ധികമായ വളർച്ച സാമൂഹ്യ പ്രക്രിയയാണ്. അതിൽ കൂട്ടുകാരും ജീവിക്കുന്ന ചുറ്റുപാടുമെല്ലാം പ്രധാനമാണ്. അതുപോലെ വഴികാട്ടി എന്ന നിലയിൽ അധ്യാപകരുടെ പങ്ക് പരമപ്രധാനമാണ്. അധ്യാപകർ പാഠം പഠിപ്പിക്കുകയും പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കുകയും ചെയ്യുന്ന പരികർമ്മികൾ മാത്രമല്ല. ബോധന മണ്ഡലത്തിൽ അവരുടെ പ്രധാനപങ്ക് കുട്ടികളുടെ വളർച്ചയ്ക്ക് നിർണയകമാണെന്ന തിരിച്ചറിവ് ഇനിയെങ്കിലും ഉണ്ടാകേണ്ടതുണ്ട്. ആരോഗ്യകരവും സൗഹൃദാത്മകവുമായ അധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾ ക്ലാസുമുറിയ്ക്കകത്തു പുറത്തും രൂപപ്പെടുത്തുന്ന ബദലുകൾ സൃഷ്ടിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ, പാഠ്യപദ്ധതിയുടെ പഠിതാവിൽ കേന്ദ്രീകരിക്കുന്നതും ജനാധിപത്യപരവുമായ ഊന്നൽ നിലനിർത്തുകയും അതിന്റെ വികാസത്തിന് ശാസ്ത്രീയവും പ്രയോഗക്ഷമതയുള്ളതുമായ മാതൃകകൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടത് സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരുടെ വരെയുള്ള വിദ്യാഭ്യാസ പരമായ അവകാശങ്ങൾ നിലനിർത്തുന്നതിന് അത്യാവശ്യമാണ്.

## III. ഭരണസംവിധാനം

പൊതുവിദ്യാഭ്യാസത്തെ മുഴുവനും ഒരു പൊതു ബോധന ഡയറക്ട്രേറ്റിന്റെ (Directorate of Public Instruction) കീഴിൽ കൊണ്ടുവന്ന ഇന്ത്യയിലെ ആദ്യത്തെ പ്രദേശങ്ങളിലൊന്ന് പഴയ തിരുവിതാംകൂറാണ്. അന്നത്തെ എല്ലാ സർക്കാർ സ്വകാര്യ വിദ്യാലയങ്ങളെയും ഡയറക്ട്രേറ്റിന്റെ കീഴിൽ കൊണ്ടുവരികയും പൊതുമാനദണ്ഡങ്ങൾ നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടക്കുകയും ചെയ്തു. ഇതിന്റെ ഫലമായാണ് നമുക്ക് ശക്തമായ ഒരു എയിഡഡ്സ്കൂൾ ശൃംഖല വളർന്നുവന്നത്. 1940 കളിൽ തിരുവിതാംകൂറിൽ എല്ലാ സ്വകാര്യ പ്രൈമറി സ്കൂളുകളും ഏറ്റെടുക്കാനുള്ള ശ്രമം നടന്നുവെങ്കിലും മാനേജ്മെന്റുകളുടെ ശക്തമായ എതിർപ്പുകൊണ്ട് സർക്കാരിന് പിൻവാങ്ങേണ്ടിവന്നു. 1950 ൽ തിരു-കൊച്ചി സംസ്ഥാനത്തിൽ ഭരണത്തിൽ വന്ന കോൺഗ്രസ് സർക്കാർ സ്വകാര്യ സ്കൂളുകളെ പൊതുമാനദണ്ഡങ്ങൾക്കു വിധേയമാക്കാനായി പ്രൈവറ്റ് സെക്കണ്ടറി സ്കൂൾസ് സ്കീം കൊണ്ടുവന്നു. വീണ്ടും ജാതിമത മാനേജ്മെന്റുകൾ സ്കീമിനെ ശക്തമായെതിർത്തു. ഇതിനെ തുടർന്നാണ് കേരള സംസ്ഥാനത്തിലെ ആദ്യത്തെ മന്ത്രിസഭയുടെ കാലത്ത് സമഗ്രമായ ഒരു കേരള വിദ്യാഭ്യാസ നിയമം നടപ്പിലാക്കാനുള്ള നീക്കങ്ങൾ നടന്നത് പ്രധാനമായും സ്വകാര്യ വിദ്യാലയങ്ങളെ സർക്കാർ നിർദ്ദേശിക്കുന്ന പൊതുമാനദണ്ഡങ്ങളുടെ കീഴിൽ കൊണ്ടുവരാനും ഒരു പൊതു പാഠ്യപദ്ധതിയും ഭരണക്രമവും പൊതുവിദ്യാഭ്യാസത്തിന് മൊത്തത്തിൽ ആവിഷ്ക്കരിക്കാനുമുള്ള ശ്രമമായിരുന്നു അത്. അത് സ്വകാര്യമാനേജ്മെന്റുകളുടെ അതിശക്തമായ എതിർപ്പിനു കാരണമായി. വിദ്യാഭ്യാസ നിയമം കൊണ്ടുവന്ന ഇഎംഎസ് മന്ത്രിസഭ പുറത്താക്കപ്പെട്ടു എങ്കിലും ചില മാറ്റങ്ങളോടെ 1960 ൽ കേരള വിദ്യാഭ്യാസ നിയമം നിലവിൽവന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യം ഇംഗ്ലണ്ടിൽ നടപ്പിലായ വികേന്ദ്രീകൃതമായ വിദ്യാഭ്യാസ ഭരണസംവിധാനമാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ നിയമത്തിന് മാതൃകയായത്. സ്കൂളുകളെ പൊതു സംവിധാനത്തിൽ കീഴിൽ കൊണ്ടുവരാനായി സംസ്ഥാനമൊട്ടാകെ വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളുമായി വേർതിരിച്ചു. വിദ്യാഭ്യാസജില്ലകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും (ഡിഇഒ) ഉപജില്ലകൾ അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസറുടെയും (എഇഒ) കീഴിൽ വന്നു. അറിയപ്പെടുന്ന വിദ്യാഭ്യാസ വിദഗ്ധൻ തന്നെ പൊതു വിദ്യാഭ്യാസ ഡയറക്ടർ ആകുമെന്ന് ഉറപ്പു വരുത്തുകയും അദ്ദേഹത്തെ സഹായിക്കാനായി ഡയറക്ടറേറ്റിലും എല്ലാ ജില്ലകളിലും സഹവിദ്യാഭ്യാസ ഡയറക്ടർമാരെ (ഡിഡി) നിയമിക്കുകയും ചെയ്തു. ഇവരെല്ലാവരും അധ്യാപകരിൽനിന്നു തന്നെ നിയമിക്കപ്പെടുമെന്നതും ഉറപ്പാക്കി. വിദ്യാഭ്യാസ പ്രവർത്തകർ തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ നിർണയിക്കുമെ

ന്ന് ഉറപ്പു വരുത്തുന്ന പരിഷ്ക്കാരങ്ങളാണ് നടപ്പിൽ വന്നത്. സിലബസ് നിർമ്മാണം നടത്തുന്ന സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടും മൂല്യനിർണയത്തിന്റെ ചുമതലയുള്ള പരീക്ഷാഭവനും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലായി. ബ്രിട്ടീഷ് പരിഷ്ക്കാരങ്ങളുടെ ചുവടു പിടിച്ച് സ്കൂളുകളിലെ പ്രവേശനവും അവരുടെ നടത്തിപ്പിന്റെ സാമൂഹ്യതലവും ഉറപ്പു വരുത്തുന്ന പ്രാദേശിക വിദ്യാഭ്യാസ സമിതികൾ (Local Education Authority) വിഭാവനം ചെയ്യപ്പെട്ടുവെങ്കിലും അവ ഒരിക്കലും നടപ്പിൽ വന്നില്ല.

വിദ്യാഭ്യാസ നിയമം വിഭാവനം ചെയ്ത അക്കാദമിക് സ്വയം ഭരണത്തിന്റെ ജനാധിപത്യപരമായ തലം ഫലത്തിൽ തകർക്കപ്പെടുന്ന സ്ഥിതിയാണ് പിന്നീടുണ്ടായത്. കൊളോണിയൽ കാലഘട്ടത്തിലെ അക്കാദമിക് ഇൻസ്പെക്ടർമാരുടെ സ്ഥാനം ഡി.ഇ.ഒ മാരും എഇഒ മാരും ഏറ്റെടുക്കുമെന്നും സ്കൂളുകളുടെ ഫലപ്രദമായ അക്കാദമിക് മേൽനോട്ടം അവർ നടത്തുമെന്നും വിഭാവനം ചെയ്യപ്പെട്ടിരുന്നു. സംഭവിച്ചത് വേറൊന്നാണ്. ഡിഇഒമാർ പൊതുവിദ്യാഭ്യാസ ഡയറക്ട്രേറ്റിന്റെ കീഴിലുള്ള വെറും ഉദ്യോഗസ്ഥരായി. എ.ഇ.ഒമാരുടെ പ്രധാനപ്പെട്ട ജോലി അധ്യാപകരുടെ ഫിക്സേഷനും പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ തലയെണ്ണലും അവസാനം ''അനാദായകരമായ സ്കൂളുകൾ' കണ്ടെത്തലുമായി അധ്യാപകരുടെ സ്ഥലംമാറ്റമടക്കം ഇവർക്കു നൽകിയിരുന്ന വ്യാപകമായ ചുമതലകളും ഉത്തരവാദിത്വങ്ങളും ഔപചാരക കടമകളായി വർഷംതോറും പെരുകുന്ന മേളകളുടെ നടത്തിപ്പ് ഒരു അധിക ബാധ്യതയായി. ഇവയുടെ ഫലമായി കൈമോശം വന്നത് ഇവർക്കുണ്ടായിരുന്നു അക്കാദമിക് മേൽനോട്ടത്തിന്റെ അടിസ്ഥാന ഉത്തരവാദിത്വമാണ്. (കെ എൻ സുകുമാരൻ, 2015)

അക്കാദമിക് സ്വയംഭരണം എന്ന ഉദാത്തമായ സങ്കല്പം ബ്യൂറോക്രാറ്റിക് ഉദ്യോഗസ്ഥ ഭരണത്തിലേക്ക് മാറിയത് പൊതു വിദ്യാഭ്യാസ ഡയറക്ട്രേറ്റിന്റെ നിയന്ത്രണം ഐഎഎസ് ഉദ്യോഗസ്ഥന്മാരിലേക്ക് വന്നതോടെയാണ്. പരീക്ഷാഭവനും എസിഇ ആർടിയും മറ്റു അക്കാദമിക് സ്ഥാപനങ്ങളും പൊതുവിദ്യാഭ്യാസ ഡയറക്ട്രേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തുടർന്നത് അക്കാദമിക് പ്രവർത്തനങ്ങളുടെ മേലുള്ള ഉദ്യോഗസ്ഥമേധാവിത്വം കൂടുതൽ ശക്തമാക്കി. സെക്രട്ടറിയേറ്റിൽ ഒരു വിദ്യാഭ്യാസ സെക്രട്ടറിയുടെകീഴിൽ ഇവയെല്ലാം വന്നു. ആദ്യഘട്ടത്തിൽ എൻസിഇആർടിയുടെ നിർദ്ദേശ പ്രകാരം അക്കാദമിക് തലത്തിൽ നടന്ന സിലബസ് മാറ്റങ്ങൾക്കുശേഷം മാനേജ്മെന്റുകളുടെയും ജാതിമതശക്തികളുടെയും അക്കാദമികേതര താല്പര്യങ്ങൾക്ക് മുൻഗണന ലഭിക്കാനാരംഭിച്ചത് ഈ പശ്ചാത്തലത്തിലാണ്. എൺപതുകളിൽ പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കുന്നതിനെ കുറിച്ചുണ്ടായ തർക്കം മുതൽ ഇത്തരം പ്രവണതകളുടെ സ്വാധീനം കാണാം. വിദ്യാഭ്യാസം അടിസ്ഥാനപരമായി ഒരു മാനേജ്മെന്റ് സംവിധാനമാണെന്ന ധാരണയുടെ വളർച്ചയും അധ്യാപകർ കേവലം ജീവനക്കാർ മാത്രമാണെന്ന ധാരണയും ഇതിന്റെ പിറകിലുണ്ട്. അധ്യാപകർ സേവനവേതനവ്യവസ്ഥകളിൽ മറ്റു ജീവനക്കാരുമായി സമാനരാണെന്ന ധാരണ വളർന്നുവന്നതോടെ അക്കാദമിക് പ്രവർത്തനത്തിന്റെ സവിശേഷതകളും തനതു സ്വഭാവവും പലപ്പോഴും അവഗണിക്കപ്പെട്ടു. അധ്യാപകർ മാനേജ്മെന്റുകളുടെ താല്പര്യമനുസരിച്ച് നിയമിക്കുകയും പിരിച്ചുവിടുകയും ചെയ്യാവുന്നവരാണെന്ന ധാരണയും വളർന്നുവന്നു. അധ്യാപകർ കൈകാര്യം ചെയ്യുന്നത് ഭാവിതലമുറയുടെ ശാരീരികവും മാനസികവും ധൈഷണികവുമായ വളർച്ചയാണെന്ന പ്രാഥമിക തത്വം പോലും ഭരണകർത്താക്കളുടെയോ മാനേജ്മെന്റുകളുടെയോ ശ്രദ്ധയിൽ വന്നില്ല. വിദ്യാഭ്യാസം ജ്ഞാനസംവേദനത്തിന്റെയും ജ്ഞാനോൽപാദനത്തിന്റെയും രൂപമല്ലാതായി മാറുന്ന സ്ഥിതിയും ഇതുവഴി ഉണ്ടായി. ഇത് ഈ സംവിധാനം തന്നെ കാര്യക്ഷമമല്ലാതായി തീരുന്നതിന് ഇടയാക്കി.

ഇതെല്ലാം ചേർന്ന് വിദ്യാഭ്യാസ നിയമത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട സാധ്യതയെയും പ്രതികൂലമായി ബാധിച്ചു. നിയമത്തിൽ വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളും വിഭാവനം ചെയ്യപ്പെട്ടത് റെവന്യു ജില്ലകളുടെ മാതൃകയിലല്ല, ഇംഗ്ലണ്ടിൽ നിലവിലിരുന്ന സ്കൂൾ ബോർഡുകളുടെ മാതൃകയിലാണ്. ഇംഗ്ലണ്ടിലെ സ്കൂൾ ബോർഡുകൾ അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും മാനേജ്മെന്റുകളുടെയും പ്രതിനിധികളടങ്ങിയ ജനാധിപത്യ സംവിധാനങ്ങളായിരുന്നു. അതേ മാതൃകയിൽ വിദ്യാഭ്യാസ ജില്ലകളിലും ഉപജില്ലകളിലും അവരവരുടെ നിയന്ത്രണമേഖലയിലെ സ്കൂളുകളുടെ പ്രതിനിധികളും രക്ഷിതാക്കളുടെ പ്രതിനിധികളുമടങ്ങുന്ന വികേന്ദ്രീകൃതമായ സംവിധാനമുണ്ടാക്കാൻ പ്രയാസമുണ്ടായിരുന്നില്ല. പിന്നീട് രൂപപ്പെട്ടു വന്ന സ്കൂൾ ക്ലസ്റ്ററുകൾ, ബിആർസികൾ മുതലായവയ്ക്കു സമാനമായ സംവിധാനങ്ങൾ ഉപജില്ലകളിലൂടെ ക്രമീകരിക്കാനും പ്രയാസമില്ല. ഇവയെല്ലാം കൂടാതെ പ്രാദേശിക വിദ്യാഭ്യാസ സമിതികളെ സജീവമാക്കിയിരുന്നെങ്കിൽ സ്കൂളുകൾക്ക് ഇന്നാവശ്യമായ സാമൂഹ്യപിന്തുണാ സംവിധാനവും ഉറപ്പുവരുത്താമായിരുന്നു. ഇതിനെല്ലാം പകരം വിദ്യാഭ്യാസ ജില്ലകളും ഉപജില്ലകളും കേവലമായ ഭരണനിർവഹണത്തിനുള്ള ഉപാധികൾ മാത്രമായി. അക്കാദമിക് പ്രവർത്തനങ്ങൾക്ക് ഗുണനിലവാര വർദ്ധനാപരിപാടി (ക്യൂഐപി) പോലുള്ള പുതിയ സംവിധാനങ്ങളും ഐഎസ്എം പോലുള്ള പുതിയ ഇൻസ്പെക്ഷൻ ടീമുകളും ഉണ്ടായതോടെ അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ പോലും ജില്ലാ-ഉപജില്ലാ സംവിധാനങ്ങൾക്കു നേതൃത്വപരമായ പങ്കില്ലാതായിരിക്കുന്നു. ഡി.പി.ഇ.പി പോലെ റെവന്യൂ ജില്ലകളെ കേന്ദ്രീകരിച്ചുള്ള പ്രോജക്റ്റുകളും ഡയറ്റ് പോലുള്ള സ്ഥാപനങ്ങളും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും വന്നതോടെ വിദ്യാഭ്യാസ മേഖലയിൽ ഒന്നിലധികം വികേന്ദ്രീകൃതരൂപങ്ങൾ പ്രത്യക്ഷപ്പെ

ട്ടിരിക്കുകയാണ്. ഇവയെല്ലാം ചേർന്ന് വിദ്യാഭ്യാസ ജില്ലകളുടെയും ഉപജില്ലകളുടെയും സങ്കല്പത്തിൽ തന്നെ മൂല്യശോഷണം വരുത്തുകയും വിദ്യാഭ്യാസ വകുപ്പിന്റെ പ്രാദേശിക ഓഫീസുകൾ എന്നതിനുപ്പുറമുള്ള ഒരു പ്രസക്തിയും അവക്കിയ്ല്ലാതാക്കുകയും ചെയ്തു.

ഇതേ രീതിയിൽ ബഹുത്വ സ്വഭാവമുള്ള നിയന്ത്രണരൂപങ്ങൾ സംസ്ഥാനതലത്തിലും കാണാം. വകുപ്പു സെക്രട്ടറി, വകുപ്പു ഡയറക്ടർ, എസിഇആർടി ഡയറക്ടർ, ഇപ്പോൾ ഐടി സ്കൂൾ ഡയറക്ടർ, ഹയർ സെക്കണ്ടറി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, ലിറ്ററസി മിഷൻ അതോറിറ്റി തുടർ വിദ്യാഭ്യാസം, ഓപ്പൺ സ്ക്കൂൾ ഇങ്ങനെ പലവിധത്തിലുള്ള ഭരണ കേന്ദ്രങ്ങൾ സ്കൂൾ സംവിധാനത്തെ നിയന്ത്രിക്കുന്നു. ഇവ തമ്മിലുള്ള അക്കാദമിക് ഏകോപനം നടത്താത്തതുകൊണ്ട്, ഉദ്യോഗസ്ഥ മേധാവിത്വപരമായി പലപ്പോഴും പരസ്പര വിരുദ്ധമായാണ് ഇവർ പ്രവർത്തിക്കുന്നത്. ഇവർ തമ്മിലുള്ള ആശയ വിനിമയത്തിന്റെ അഭാവം കഴിഞ്ഞ എസ്എസ്എൽസി ഫലപ്രഖ്യാപനത്തിൽ പ്രകടമായിരുന്നു. ഇപ്പോൾ വ്യത്യസ്ത ഡയറക്ടർമാരുടെ കയ്യിൽ അവശേഷിച്ച അക്കാദമിക് തീരുമാനങ്ങളെപ്പോലും മറികടന്ന് മന്ത്രിയിലും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലും ഭരണം കേന്ദ്രീകരിക്കുന്ന അവസ്ഥയും കഴിഞ്ഞ എസ്എസ്എൽസി ഫലപ്രഖ്യാപനം തന്നെ പ്രകടമാക്കി.

മേൽ സൂചിപ്പിച്ച പ്രവണതകൾ കേരളത്തിലെ സ്കൂൾ സങ്കല്പത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയിരിക്കുകയാണ്. അക്കാദമിക് സംവിധാനം എന്ന നിലയൽ തന്നെയാണ് വിദ്യാഭ്യാസ നിയമത്തിൽ വിദ്യാലയങ്ങൾ വിഭാവനം ചെയ്യപ്പെട്ടിരുന്നത്. പ്രധാനാധ്യാപികയ്ക്കു ഭരണപരമായ ഉത്തരവാദിത്വങ്ങളുണ്ടെങ്കിലും അധ്യാപികയായി തന്നെ തുടരും. സ്കൂളിലെ എല്ലാവിധ അക്കാദമിക് പ്രവർത്തനങ്ങളിലും സ്കൂൾ സ്റ്റാഫ് കൗൺസിലിനു കൂട്ടുത്തരവാദിത്വമുണ്ടായിരിക്കും. സ്കൂൾ പ്രവർത്തനത്തിനാവശ്യമായ എഴുത്തുകുത്തുകൾക്കും കണക്കുകൾ സൂക്ഷിക്കുന്നതിനും പുറംജോലികൾ ചെയ്യുന്നതിനുമാണു അധ്യാപകേതര ജീവനക്കാരെ സ്കൂളുകളിൽ നിയമിച്ചത്. സ്കൂൾ നടത്തിപ്പിന്റെ മറ്റെല്ലാതലങ്ങളും അധ്യാപകർ തന്നെയാ കൈകാര്യം ചെയ്യുന്നത്. ക്രമേണ പ്രധാനാധ്യാപകർ ഭരണനിർവാഹകരായി മാറി. കൗൺസിലുകളുടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടുവെന്നു മാത്രമല്ല അവ തികച്ചും ദുർബലവുമായി. വിദ്യാഭ്യാസനിയമം വിഭാവനം ചെയ്ത വികേന്ദ്രീകൃത അക്കാദമിക് മേൽനോട്ടരൂപങ്ങൾ ഫലത്തിൽ ഇല്ലാതായതോടെ സ്കൂളുകളുടെ അക്കാദമിക് സംവിധാനവും തകരാനാരംഭിച്ചു. പ്രത്യേകിച്ച് ഒരു അക്കാദമിക് താല്പര്യവും ഇല്ലാത്ത ഉദ്യോഗസ്ഥന്മാർ യാന്ത്രികമായി നടത്തുന്ന വിദ്യാഭ്യാസ വകുപ്പിനു അക്കാദമിക് മേൽനോട്ടരൂപങ്ങളെയോ സ്കൂൾ സംവിധാനത്തെയോ ശക്തിപ്പെടുത്താൻ കഴിയില്ലെന്നും വ്യക്തമായിരിക്കുകയാണ്. പാഠ്യപദ്ധതി നിർഹണത്തിന്റെ നടത്തിപ്പിൽ വന്ന പാകപ്പിഴകൾ ഇതിന്റെ പ്രകടമായ തെളിവായിരുന്നു.

വിദ്യാഭ്യാസ നിയമം വിഭാവനം ചെയ്ത ഭരണസംവിധാനത്തിലെ ഏറ്റവും ദുർബലമായ കണ്ണിയായി. സ്കൂളുകൾ മാറിക്കഴിഞ്ഞു. അക്കാദമിക് പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനമായ സ്കൂളുകൾക്ക് ശക്തമായ അക്കാദമിക് പിന്തുണ കിട്ടാതായത് അവയുടെ കാര്യക്ഷമതയെ സാരമായി ബാധിച്ചു. പലപ്പോഴും അധ്യാപകരക്ഷാകർത്തൃ സമിതികളും പഞ്ചായത്തുകളും നൽകിയ പിന്തുണയും അദ്ധ്യാപകരുടെ കൂട്ടായ പ്രവർത്തനവും മൂലമാണ് പൊതുവിദ്യാലയങ്ങൾക്ക് പിടിച്ചു നിൽക്കാനായത്. എസ്.എസ്.എയും ആർഎം. എസ്എയും പോലുള്ള കേന്ദ്രഫണ്ടുകൾ ഗവൺമെന്റ് സ്കൂളുകൾക്ക് ലഭിച്ചുവെങ്കിലും എയിഡഡ് വിദ്യാലയങ്ങൾക്ക് അവ പോലും ലഭിച്ചില്ല. ഇത്തരത്തിലുള്ള താങ്ങുകൾ ഒന്നുമില്ലാതായ സ്കൂളുകളാണ് അതിവേഗം അനാദായകരമായ സ്കൂളുകളായി മാറിയത്. ഒർത്ഥത്തിൽ അനാദായകരമായ സ്കൂളുകൾ എന്ന പ്രയോഗം തന്നെ ഭരണസംവിധാനത്തിന്റെ തകർച്ചയുടെ സൂചനയാണ്.

ഇതിനിടയിൽ ഒരുവിധം ഉത്തരവാദിത്വബോധത്തോടെ നിർവഹിക്കപ്പെട്ട മേഖലയായിരുന്നു പരീക്ഷകൾ. ചോദ്യപേപ്പർ തയ്യാറാക്കുന്നതു മുതൽ ഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങൾ ഒരുവിധം ചിട്ടയോടെ നടത്താൻ വിദ്യാഭ്യാസ വകുപ്പിനു കഴിഞ്ഞിരുന്നു. കോപ്പിയടി പോലുള്ള പ്രവർത്തനങ്ങളെ തടയാനും കഴിഞ്ഞു. ഈയിടെയായി ചോദ്യക്കടലാസ് ചോർച്ച മുതൽ മാർക്ക് ദാനം വരെയുള്ള സംഭവങ്ങൾ പുറത്തു വന്നതോടെ അന്യൂനമായ പരീക്ഷാ നടത്തിപ്പിനെപ്പറ്റിയുള്ള ബോധ്യത്തിനും ഉലച്ചിൽ തട്ടിയിരിക്കുകയാണ്. ഇപ്പോൾ എസ്.എസ്.എൽസി ഫലപ്രഖ്യാപനത്തിൽ സംഭവിച്ച പിഴവുകൾ ഇത്തരം ആശങ്കകളെ പതിൻമടങ്ങു വർദ്ധിപ്പിച്ചിരിക്കുന്നു.

ഭരണനിർവഹണത്തിലെ പിഴവുകൾ ഏറ്റവും പ്രകടമായി ബാധിച്ച രണ്ടു മാറ്റങ്ങൾ അടുത്ത കാലത്തുണ്ടായിട്ടുണ്ട്. അതിലൊന്ന് 2009 ൽ കേന്ദ്ര ഗവൺമെന്റ് പാസാക്കിയ വിദ്യാഭ്യാസാവകാശ നിയമത്തിന്റെ നിർവഹണമാണ്. വിദ്യാഭ്യാസാവകാശ, നിയമത്തിന്റെ കാതലായ വശം തന്നെ വികേന്ദ്രീകൃതമായ ഭരണസംവിധാനം, സ്കൂൾതലത്തെ ശക്തിപ്പെടുത്തൽ, അയൽപക്കസ്കൂൾ സംവിധാനം, രക്ഷിതാക്കൾക്ക് മുഖ്യപ്രാതിനിധ്യമുള്ള സ്കൂൾ മാനേജ്മെന്റ് സമിതികൾ, വിദ്യാർത്ഥികളുടെ മൗലികാവകാശങ്ങൾ, പഞ്ചായത്ത് ഭരണസമിതികളുടെ നിർണായകമായ പങ്ക് തുടങ്ങി ജനാധിപത്യ രൂപങ്ങൾ സ്കൂൾ തലത്തിൽ ശക്തിപ്പെടുത്താനുള്ള നിരവധി നിർദ്ദേശങ്ങൾ വിദ്യാഭ്യാസാവകാശ നിയമത്തിലുണ്ട്. ഇവയെ പ്രയോജനപ്പെടുത്തി സ്കൂൾ തലത്തെ ശക്തിപ്പെടുത്താനുള്ള ആസൂത്രിതമായ നീക്കങ്ങൾ കേരളത്തിലുണ്ടായില്ല.

കഴിഞ്ഞ ദശകത്തിൽ സ്കൂൾ തലത്തിൽ ഏറ്റവും വ്യാപകമായി ഇടപെട്ടുകൊണ്ടിരിക്കുന്ന പഞ്ചായത്ത് ഭരണസമിതികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനങ്ങൾക്ക് നിയമപരമായ പരിരക്ഷ ഉറപ്പുവരുത്താനുമുള്ള നീക്കങ്ങളുമുണ്ടായില്ല.

രണ്ടാമത്തെത്, പഞ്ചായത്ത് സമിതികൾ സ്വതന്ത്രമായി നടത്തിപ്പോരുന്ന നിരവധി പ്രവർത്തനങ്ങളുണ്ട്. ഇവയിൽ ചിലത് എസ്.എസ്.എൽ.സി പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകളാണ്. മറ്റുചിലത് വിപുലമായ സാമൂഹ്യവിദ്യാഭ്യാസ പ്രവർത്തനങ്ങളും ബദൽരൂപങ്ങളുടെ വളർച്ചയുമാണ്. പഞ്ചായത്ത് സ്കൂൾ ക്ലസ്റ്ററുകൾ, പഞ്ചായത്ത് തലത്തിലുള്ള വിദ്യാഭ്യാസ സമിതികളും, വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന വിദ്യാഭ്യാസ ഓഫീസറും മുതലായ നിർദ്ദേശങ്ങളും പ്രവർത്തന രൂപങ്ങളുമുണ്ടായിട്ടുണ്ട്. എന്നാലിവയും പ്രായോഗികതലത്തിൽ വന്നിട്ടില്ല. അതായത് സ്കൂൾ തലത്തെ ശക്തിപ്പെടുത്തുന്നതിനും സ്കൂളുകളെ സമൂഹവുമായി ബന്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ വിദഗ്ധരിൽ നിന്നും അല്ലാതെയും വന്നിട്ടുള്ള നിർദ്ദേശങ്ങളൊന്നും ഭരണകർത്താക്കൾ ഗൗരവത്തിൽ എടുത്തിട്ടില്ല.

ഏറ്റവും പ്രധാനമായി, ആരോഗ്യ പരിപാലനം പോലെ തന്നെ, വിദ്യാഭ്യാസവും ഒരു സാമൂഹ്യപ്രക്രിയയാണെന്ന ബോധ്യം ഇന്നു നഷ്ടപ്പെടുകയാണ്. അക്കാദമിക് സ്വയം ഭരണം എന്ന തത്വത്തിന്റെ പ്രസക്തി ഇന്നു ചോദ്യം ചെയ്യപ്പെടുകയാണ്. അദ്ധ്യാപകരും രക്ഷിതാക്കളും അക്കാദമിക് പ്രവർത്തകരും വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള മറ്റു സാമൂഹ്യപ്രവർത്തകരും ചേർന്ന് രൂപപ്പെടുത്തേണ്ടതാണ് വിദ്യാഭ്യാസം എന്നും ഇതിന്റെ ഫലപ്രദമായ നടത്തിപ്പിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് സർക്കാരിന്റെ ചുമതല എന്നുമുള്ള ബോധ്യം ഇന്ന് ഭരണകർത്താക്കൾക്കില്ല. സ്കൂളുകളനുവദിക്കുന്നതിനുള്ള ശാസ്ത്രീയമായ മാനദണ്ഡങ്ങൾ രൂപീകരിക്കൽ, പാഠ്യപദ്ധതിയും പുസ്തകങ്ങളും തയ്യാറാക്കൽ, അധ്യാപക നിയമനം, കുട്ടികളുടെ പ്രവേശനം തുടങ്ങിയ എല്ലാ മേഖലകളിലും വിദ്യാഭ്യാസസേതരമായ താല്പര്യങ്ങൾ കൊടികുത്തിവാഴുകയാണ്. ഇന്നത്തെ ഭരണനിർവഹണ സംവിധാനങ്ങൾക്ക് ഇത്തരം വാണിജ്യ വർഗീയ താല്പര്യങ്ങളെ ശക്തിപ്പെടുത്തുന്നതിനല്ലാതെ കുട്ടികളുടെ പഠനത്തെ സംബന്ധിച്ച അടിസ്ഥാന സമൂഹ താല്പര്യങ്ങളെ തൃപ്തികരമായ വിധത്തിൽ കൈകാര്യം ചെയ്യാനുള്ള കഴിവില്ല. ഇന്നത്തെ അനംഗീകൃത അൺഎയിഡഡ് വിദ്യാഭ്യാസ ശൃംഖലയുടെ അനിയന്ത്രിതമായ വളർച്ചയ്ക്കുള്ള മുഖ്യ ഉത്തരവാദിത്വം ഇന്നത്തെ ഭരണാധികാരികൾക്കുതന്നെയാണ്.

ഭരണസംവിധാനത്തിലെ ബദലുകൾ കേന്ദ്രീകരിക്കേണ്ടത് ഇന്ന് സ്കൂളിന്റെ മേൽ നിലനിൽക്കുന്ന വ്യത്യസ്ത അധികാരശൃംഖലകളെ ഏകാപിപ്പിക്കുകയും വികേന്ദ്രീകരിക്കുകയും ചെയ്യുന്നതിനാണ്. സ്കൂളുകളെ അക്കാദമികമായും ഭരണനിർവഹണപരമായും ശക്തിപ്പെടുത്തിക്കൊണ്ടല്ലാതെ പൊതുവിദ്യാഭ്യാസത്തെ നിലനിർത്താൻ കഴിയുകയില്ലെന്നു വ്യക്തമാണ്. അത് പ്രായോഗികമാകണമെങ്കിൽ സ്കൂൾ പ്രവർത്തനങ്ങളിൽ കാര്യക്ഷമത കൈവരുത്തുന്നതിനുള്ള പുതിയ സാമൂഹ്യവും അക്കാദമികവുമായ സംവിധാനങ്ങൾ ആവശ്യമാണ്.

## IV. പിന്തുണാ സംവിധാനങ്ങൾ

വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പിന്തുണാ സംവിധാനം സാമ്പത്തികമാണ്. കഴിഞ്ഞ രണ്ടു ദശകങ്ങളായി ഭരണകൂടം വിദ്യാഭ്യാസത്തിനാവശ്യമായ സാമ്പത്തികം കണ്ടെത്തുന്ന ഉത്തരവാദിത്വത്തിൽ നിന്ന് പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ മൊത്തം റെവന്യൂ ചെലവിന്റെ 14.25 ശതമാനം മാത്രമാണ് സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നത്. ഇതിൽ തന്നെ ഭൂരിഭാഗവും വിദ്യാഭ്യാസ വകുപ്പിന്റെയും അതിന്റെ പരിപാടികളുടെയും നടത്തിപ്പു ചെലവാണ്. അക്കാദമിക് പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ പലപ്പോഴും കേന്ദ്ര ഫണ്ടിനെ ആശ്രയിക്കുകയാണ്. അദ്ധ്യാപകർക്കുള്ള ശമ്പളമാണ് പ്രധാനപ്പെട്ട അക്കാദമിക ചെലവ്. ബാക്കി പാഠപുസ്തക നിർമ്മാണം, അച്ചടി, പരീക്ഷകളുടെ നടത്തിപ്പ് എന്നിവയ്ക്കുമാണ്. ഇവയുടെ ഫലമായി സ്കൂളുകൾക്കു നീക്കിവെക്കുന്ന പണം തുച്ഛമാണ്. എസ്.എസ്.എ പോലുള്ള ഫണ്ടുകളിൽ നിന്നാണ് സ്കൂളുകൾക്ക് ഭൗതിക സൗകര്യങ്ങൾക്കു കാശു ലഭിക്കുന്നത്. എയിഡഡ് സ്കൂളുകൾ ഈ ദുരവസ്ഥ പരിഹരിക്കുന്നത് അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥികളുടെ പ്രവേശനത്തിനും കോഴ വാങ്ങിയാണ്. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെയും ലൈബ്രറി, ലാബറട്ടറി സംവിധാനങ്ങളുടെയും പ്രാധാന്യം വർദ്ധിക്കുകയും ഐടി അടക്കം വിദ്യാഭ്യാസസംവിധാനങ്ങളെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ വൻമാറ്റങ്ങൾ വരുകയും പഠന സാമഗ്രികളെയും സൗകര്യളെയും കുറിച്ച് സമൂഹത്തിന്റെ സങ്കല്പങ്ങളിൽ തന്നെ മാറ്റങ്ങൾ വരുകയും ചെയ്ത കാലഘട്ടത്തിലാണ് ഭരണകൂടത്തിന്റെ വിദ്യാഭ്യാസച്ചെലവുകൾ വെട്ടിക്കുറയ്ക്കുന്നത്. എസ്.എസ്.എ, ആർഎം.എസ്എ ഫണ്ടുകൾ ലഭിക്കുന്നുണ്ടെങ്കിലും കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന രണ്ടാംതലമുറ പ്രശ്നങ്ങളെ നേരിടാനോ പരിഹരിക്കാനോ അതുകൊണ്ടു കഴിയുന്നില്ല. ഫണ്ടു നൽകുന്ന കേന്ദ്ര ഭരണകൂടം ഇത്തരം പ്രശ്നങ്ങളെ കണക്കിലെടുക്കുന്നില്ലെന്നു മാത്രമല്ല, പ്രശ്നങ്ങളുടെ സ്വഭാവം വേണ്ടവിധത്തിൽ ബോധ്യപ്പെടുത്താൻ നമ്മുടെ ഉദ്യോഗസ്ഥർക്കു കഴിയുന്നുണ്ടോ എന്നും സംശയമാണ്. അതുകൊണ്ട് കേന്ദ്രതലത്തിലുള്ള ചില 'വിദഗ്ദ്ധർ' തയ്യാറാക്കുന്ന ഏകപക്ഷീയമായ മാനദണ്ഡങ്ങൾ കേരളത്തിലും അടിച്ചേൽപ്പിക്കപ്പെടുകയും അവ നിറവേറ്റാനായി കേന്ദ്രഫണ്ടുകൾ വിതരണം നടത്തുകയും ചെയ്യുന്നു (സി. രാമകൃഷ്ണൻ, 2015). ഇതു പലയിടങ്ങളിലും ഫണ്ടു പാഴായിപ്പോകുന്നതി

ലെത്തുന്നു. അതേസമയം, കേരള നിയമമനുസരിച്ചു തുല്യസ്ഥാനീയരായ എയിഡഡ് സ്കൂളുകൾക്ക് ഫണ്ട് കിട്ടുന്നതുമില്ല. ഈയിടെ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന നൈപുണി വികസന പരിപാടികൾ (Skill Development Programmes) പാഠ്യ പദ്ധതിക്കു സമാന്തരമായ ഒരു തലം കൂടി തുറന്നിരിക്കുകയാണ്. ഈ പരിപാടിയുടെ കോഴ്സ് ഘടനയും നിർവഹണവും നടത്തുന്നത് ബാഹ്യ സ്വകാര്യ ഏജൻസികളാണ്. അതുമാത്രമല്ല സ്കൂൾ പാഠ്യപദ്ധതിക്കു പുറമെ നിന്നുകൊണ്ട് ഒരു സ്കൂളിനെ 'തൊഴിൽ പരിശീലന മേഖല' കളാക്കുക എന്ന ധർമ്മം കൂടി ഇവ നിർവഹിക്കുന്നു.

വിദ്യാഭ്യാസരംഗത്തെ കേന്ദ്രീകരണ പ്രവണത കൂടുതൽ ശക്തിപ്പെടുന്നത് ഫണ്ട് വിനിമയ കാര്യത്തിൽ കേരളം നേരിടുന്ന പ്രധാനവെല്ലുവിളിയാണ്. പുതിയ സാഹചര്യങ്ങളിൽ കേരളത്തിന്റെ ഈ മേഖലയിലുള്ള ദുഃസ്ഥിതി ഇനിയും വർദ്ധിക്കാനാണ് സാധ്യത. കേന്ദ്രഫണ്ടുകൾ ലഭിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റ് മുന്നോട്ടു വയ്ക്കുന്ന വാണിജ്യ വർഗ്ഗീയശക്തികൾക്കനുകൂലമായ നയപരിപ്രേക്ഷ്യവുമായി കേരളം കൂടുതൽ സമരസപ്പെടാനും സാധ്യതയുണ്ട്. അത് കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുകയും കച്ചവടവൽക്കരണത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.

സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ പ്രശ്നവും ഇതുപോലെയാണ് സ്കൂളുകളിലെ ബാച്ചുകളുടെ എണ്ണം കുറയുന്നതുകൊണ്ട് ഭൗതിക സൗകര്യങ്ങൾ മുമ്പത്തെക്കാൾ അധികമാണെന്ന് വേണമെങ്കിൽ വാദിക്കാം. സ്കൂളുകളിലെ പ്രവേശനം മുഖ്യലക്ഷ്യമായിരുന്ന കാലഘട്ടത്തിൽ ക്ലാസുമുറികളുടെ എണ്ണമായിരുന്നു പ്രധാനം. അതിനോടൊപ്പം ശൗചാലയങ്ങളും ഭക്ഷണശാലയും കളിസ്ഥലവും ചേർന്നാൽ സ്കൂളായി. വേണമെങ്കിൽ ഒരു ലൈബ്രറിയുമാകാം. ലൈബ്രറിയും ലാബോട്ടറിയും സ്റ്റാഫ് റൂമുമെല്ലാം ക്ലാസ് മുറികളിൽ തന്നെ സജ്ജീകരിക്കാം. ഇന്ന് ഭൗതിക സൗകര്യങ്ങളെന്നാൽ ക്ലാസ്മുറി മാത്രമല്ല. ലൈബ്രറി, ലാബറട്ടറി, സ്മാർട്ട് ക്ലാസ്മുറി, ഭക്ഷണശാല, വായനശാല, കളിസ്ഥലം, കലാവിഷ്ക്കാര സൗകര്യങ്ങൾ, ഓഡിറ്റോറിയം തുടങ്ങിയവയെല്ലാം ഭൗതിക സൗകര്യങ്ങളെക്കുറിച്ചുള്ള വ്യത്യസ്ത ആശയങ്ങളാണ്. പഴയതുപോലെ തട്ടിയും മറയും മാറ്റിയിട്ടാൽ മാത്രം ഉണ്ടാക്കാവുന്നവയല്ല. അവയ്ക്ക് വെറും മുറികൾ മാത്രം പോരാ. ലഭ്യമായ സൗകര്യങ്ങളുടെ ശാസ്ത്രീയമായ വിനിയോഗവും പ്രധാനമാണ്. (ഒ എം ശങ്കരൻ, 2015). അരനൂറ്റാണ്ടുമുമ്പ് വിഭാവനം ചെയ്തതാണെങ്കിലും ഇത്തരത്തിലുള്ള സ്കൂൾ സങ്കല്പത്തെക്കുറിച്ചുള്ള പ്രാഥമിക ധാരണകൾ കേരള വിദ്യാഭ്യാസ നിയമത്തിലുണ്ട് പുതിയ സാഹചര്യങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ ഭാഷാലാബുകൾ, സെമിനാർ ഹാളുകൾ, വർക്ക് ഷോപ്പുകൾ കലാപ്രവർത്തന സൗകര്യങ്ങൾ, ഭിന്നശേഷിയുള്ളവർക്കുള്ള സവിശേഷ സൗകര്യങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി പുതിയ സ്കൂൾ പ്രോജക്റ്റുകൾ നിർമ്മിക്കുകയും ചെയ്യാം. കുട്ടികളെ ജ്ഞാനോല്പാദനത്തിനു ആകർഷിക്കുന്ന വിധത്തിൽ സ്കൂൾ സൗകര്യങ്ങൾ പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്. ഇതൊന്നും വിഭാവനം ചെയ്യുകയോ പുതിയ സ്കൂൾ ആശയങ്ങൾ സൃഷ്ടിക്കുകയോ ചെയ്യാതെ എല്ലാം അനാദായകരമായ സ്കൂളുകളായി വിലയിരുത്തുന്നത് പൊതുവിദ്യാഭ്യാസത്തെ നശിപ്പിക്കുന്നതിനു തുല്യമാണ്. ഇതേതാനും ഉദ്യോഗസ്ഥന്മാരുടെ ഭാവനാവിലാസത്തിനു വിട്ടുകൊടുക്കേണ്ട കാര്യവുമില്ല. ഒരു പ്രദേശത്തെ അക്കാദമിക് സമൂഹവും വിദ്യാഭ്യാസത്തിൽ താല്പര്യമുള്ള സാമൂഹ്യ പ്രവർത്തകരും ചേർന്നാണ് അതതു പ്രദേശങ്ങളിലെ സ്കൂൾ സങ്കല്പം രൂപപ്പെടുത്തേണ്ടത്.

ഇന്ന് പിന്തുണാസംവിധാനങ്ങളുടെ കാര്യത്തിൽ ഗവൺമെന്റിനെക്കാളധികം ശ്രദ്ധിക്കുന്നത് പിടിഎകളാണ്. (ടി പി സുധാകരൻ 2015). വിദ്യാഭ്യാസാവകാശ നിയമമനുസരിച്ചുള്ള എസ്എംസികൾ സ്കൂളുകളിൽ രൂപീകരിക്കുന്നുണ്ടെങ്കിലും പിടിഎകൾ സജീവമായ സ്കൂളുകളിൽ മെച്ചപ്പെട്ട പിന്തുണാസംവിധാനങ്ങൾ ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. സ്കൂൾ ഗ്രാന്റുകൾ കുറയുമ്പോൾ പലയിടങ്ങളിലും പിടിഎകളെ ആശ്രയിച്ചാണ് സ്കൂൾ നിലനിൽക്കുന്നത്. പലയിടങ്ങളിലും അദ്ധ്യാപകരെ നിലനിർത്തുന്നത് പിടിഎകളാണ്. ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ പലയിടങ്ങളിലും തുടങ്ങുന്നത് പിടിഎകളുടെ താല്പര്യപ്രകാരമാണ്. ജാതിമതതാല്പര്യങ്ങൾക്കനുസരിച്ചുള്ള ഇടപെടലും ചിലയിടങ്ങളിൽ നടക്കുന്നുണ്ട്. ഇപ്പോഴും പിടിഎകളുടെ പങ്കിനു ആവശ്യമായ അംഗീകാരമോ വ്യവസ്ഥാപിതമായ രീതികളോ ഉണ്ടായിട്ടില്ല. അതുകൊണ്ട് സജീവമായിരുന്ന പല പിടിഎകളും പിന്നീട് നിർജീവമായി പോകുന്നു. ഒരു കാലത്തു സൃഷ്ടിക്കപ്പെട്ട മെച്ചപ്പെട്ട കീഴ്വഴക്കങ്ങൾ പിന്നീട് തകരുന്നു. എസ്എംസികളിലൂടെ വിഭാവനം ചെയ്യപ്പെടുന്ന ജനപങ്കാളിത്തത്തിന്റെ തലവും ഇനിയും ഏറെമുന്നോട്ടു പോകാനുണ്ട്.

പിന്തുണാസംവിധാനങ്ങളുടെ കാര്യത്തിൽ പഞ്ചായത്തുകളും സ്തുത്യർഹമായ പങ്ക് നിർവഹിച്ചിട്ടുണ്ട്. പല സ്കൂളുകളിലും താൽക്കാലിക അദ്ധ്യാപകരെ നൽകിയതും ഭൗതിക സൗകര്യങ്ങൾ നിർമ്മിച്ചു നൽകിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വിദ്യാഭ്യാസാവകാശനിയമനുസരിച്ച് സ്കൂൾ വിദ്യാഭ്യാസത്തിൽ ഇപ്പോഴും അവർക്ക് സുപ്രധാനമായ പങ്കുണ്ട്.എന്നാൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നയങ്ങളിൽ വന്ന മാറ്റങ്ങൾ കൊണ്ട് ഇത്തരം പങ്കു തുടർന്നു നിറവേറ്റുന്നതിനു ആവശ്യമായ പണമോ മറ്റു സൗകര്യങ്ങളോ പഞ്ചായത്തുകൾക്കു ലഭിക്കുന്നില്ല. വിദ്യാഭ്യാസാവകാശനിയമമനുസരിച്ച് പഞ്ചായത്തുകൾക്കുള്ള അവകാശങ്ങൾപോലും സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം വഴി പരിരക്ഷിച്ചിട്ടില്ല. ഇതുകൊണ്ട് പഞ്ചായത്ത് ഇടപെടലുകൾ ചില ഔ

പചാരിക ചടങ്ങുകളിൽ മാത്രമായൊതുങ്ങുന്നു. (ടി. ഗംഗാധരൻ, 2015). ജില്ലാ പഞ്ചായത്തുകളുടെ പ്രവർത്തനം പിന്തുണാസംവിധാനങ്ങളിൽ അല്ല. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതുപോലുള്ള പ്രകടനാത്മകമായ പരിപാടികളിലാണ്.

പിന്തുണാ സംവിധാനങ്ങളുടെ സാമൂഹ്യതലത്തെക്കുറിച്ചുള്ള അവബോധം ഇപ്പോൾ ശക്തിപ്പെടുന്നുണ്ട്. പിന്തുണ ഭൗതികസൗകര്യങ്ങൾ മാത്രമല്ല, പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങളുടെ പരിരക്ഷകൂടിയാണ്. സ്കൂൾ പ്രായത്തിൽ പെട്ട ഒരു കുട്ടിയുടെയും പ്രവേശനം ഒരു കാരണംകൊണ്ടും നിഷേധിക്കാൻ ഒരു സ്കൂളിനാവില്ല. അത്തരം വിദ്യാർത്ഥികൾക്കെല്ലാം ആവശ്യമായ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് സ്കൂളിന്റെ ബാധ്യതയുമാണ്. സഹവിദ്യാഭ്യാസം നിർബന്ധിക്കുന്നതോടൊപ്പം പെൺകുട്ടിയുടെ സ്വകാര്യത സംരക്ഷിക്കാനാവശ്യമായ സംവിധാനങ്ങൾ എല്ലാ സ്കൂളിലും ആവശ്യമായി. ആദിവാസികളെയും ദളിതരെയും സ്കൂളിന്റെ ഭാഗമാക്കണം. അവരുടെ സവിശേഷ വാസനകളും സംസ്കാരവും ഭാഷാരൂപങ്ങളുമെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ബോധന പഠനരൂപങ്ങൾ ചിട്ടപ്പെടുത്താനും സ്കൂൾ ബാധ്യസ്ഥമാണ്. ഇന്നത്തെ സാഹചര്യത്തിൽ ബഹുഭാഷാ ബോധനം പോലുള്ള രീതികൾ ആദിവാസിക്കുട്ടികളിൽ ഫലപ്രദമാകുന്നില്ല. അവരുടെ നേരെയുള്ള യാഥാസ്ഥിതികമനോഭാവവും മുൻവിധികളും അദ്ധ്യാപകരുടെ ഭാഗത്തു നിന്നുപോലും പ്രത്യക്ഷപ്പെടുന്നു. (കെ. കെ. സുരേന്ദ്രൻ 2015). ഇത്തരം വിമർശനങ്ങളും ഉയർന്ന് വരുന്നുണ്ട്. പ്രശ്നബാധിതമായ കുടുംബാന്തരീക്ഷത്തിൽനിന്ന് വരുന്നവർക്ക് സവിശേഷ പഠനാന്തരീക്ഷം ഒരുക്കേണ്ടിവരും. ഭിന്നശേഷികളുള്ള കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷത്തിൽതന്നെ സവിശേഷ സൗകര്യങ്ങൾ ഒരുക്കണം. ഇവയെല്ലാം നിറവേറ്റാൻ പഴയ ക്ലാസുമുറി സങ്കല്പം മതിയാവില്ല. പുതിയ സ്കൂൾ സങ്കല്പം വളർന്നുവരണം. സ്കൂൾ എന്നാൽ പത്തുമണിമുതൽ നാലുമണിവരെ ബെല്ലടിയുടെ താളത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണെന്ന ധാരണമാറേണ്ടതുണ്ട്. സ്കൂൾ സൗകര്യങ്ങൾ 24 മണിക്കൂറും ഉപയോഗിക്കേണ്ടതാണെന്ന ധാരണയും അതനുസരിച്ചുള്ള പ്രവർത്തന രൂപങ്ങളും വളർന്നുവരണം.

സ്കൂളും അയൽപക്കവും തമ്മിലുള്ള ബന്ധവും പ്രധാനമാണ്. ഇന്ന് അയൽപക്കത്ത് ഒരു സ്കൂൾ ഉണ്ടെന്ന സങ്കല്പം മാത്രമാണുള്ളത്. അയൽപക്കത്തെ കലാസാംസ്കാരിക സമിതിയ്ക്കോ കളിസ്ഥലത്തിനോ നൽകുന്ന പ്രാധാന്യം പോലും സ്കൂളിനുനൽകുന്നില്ല. അയൽപക്കക്കാരെ ബന്ധപ്പെടുത്തുന്ന സ്കൂളുകളുമില്ല. അയൽപക്കത്തെയും സ്കൂളിനെയും തമ്മിൽ വേർപെടുത്തുന്ന മതിൽകെട്ട് സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധവുമില്ലാതാക്കുന്നുണ്ട്. അയൽപക്കത്തുള്ളവർ ആ വസ്തുവിനെ അംഗീകരിക്കാതെ ദൂരത്തുള്ള സ്കൂൾ തേടി പോകുന്നതു സ്കൂളുകൾ അയൽപക്കത്തുള്ളവരെ പ്രവേശിപ്പിക്കാതിരിക്കുന്നതും വളരെ വ്യാപകമാണ്. സ്കൂളുകൾ ബസ് പോലുള്ള സംവിധാനങ്ങൾ ഈ പ്രവണതയെ സഹായിക്കുന്നുമുണ്ട്. അയൽപക്കത്തിന്റെ ഭൗതിവും സാമൂഹ്യവുമായ പഠന സാധ്യതകൾ പോലും സ്കൂളുകൾ ഇന്ന് അവഗണിക്കുകയാണ്. ഇതുകൊണ്ട് നമുക്ക് അയൽപക്കത്ത് സ്കൂളുണ്ടെങ്കിലും അയൽപക്ക സ്കൂൾ സമ്പ്രദായമില്ല. വേറെ വഴിയില്ലാത്തതുകൊണ്ട് അയൽക്കാർ ചില സ്കൂളുകളിൽ പഠിക്കുന്നുണ്ടെന്നുമാത്രം ഇതിനു പകരം സ്കൂൾ നിലനിൽക്കുന്ന പ്രദേശത്തെ ജ്ഞാനസമ്പാദനം ജ്ഞാനോൽപാദനസാധ്യകൾ മുഴുവൻ ഉപയോഗിക്കാൻ സ്കൂളിനു കഴിയണം. അയൽപക്കം എന്നത് കുട്ടികളെ പ്രവേശിപ്പിക്കുന്ന ഒരു പ്രദേശം മാത്രമല്ല. പഠനപ്രക്രിയയുടെ ഒരു ഭാഗം കൂടിയാകണം. അയൽപക്കം മുൻസൂചിപ്പിച്ച ബോധനമേഖലയുടെ ഭാഗമാകണം.

## V. പുതിയ സാധ്യതകളും നിർദ്ദേശങ്ങളും

പൊതുവിദ്യാഭ്യാസം മൊത്തത്തിൽ പരിവർത്തന ദശകളിലൂടെ കടന്നുപോവുകയാണ്. വൈജ്ഞാനിക മേഖലകളും നിത്യജീവിതവും തമ്മിലുള്ള വേർതിരിവ് വളരെ വലുതായിരുന്ന പഴയ കാലഘട്ടങ്ങളിൽ വിജ്ഞാനം നേടുന്നത് ഗുരുമുഖത്തു നിന്നു മാത്രമായിരുന്നു. അല്ലെങ്കിൽ ഏതെങ്കിലും ഒരു തൊഴിൽവിദഗ്ധന്റെ കൂടെ ചെയ്തു പഠിക്കേണ്ടിവന്നു. പിന്നീട് ആധുനിക സ്കൂൾ സമ്പ്രദായം വികസിച്ചപ്പോഴും സ്കൂളിനെയും അധ്യാപകരെയം കുറിച്ചുള്ള ആശയങ്ങൾ നിലനിന്നു. ഇന്ന് ആശയവിനിമയ സാങ്കേതികവിദ്യകളുടെ വികാസവും ശാസ്ത്ര സാങ്കേതിക വിദ്യകളുടെ നിത്യജീവിതത്തിലുള്ള വ്യാപകമായ ഉപയോഗവും കാരണം മുമ്പുണ്ടായിരുന്ന വേർതിരിവ് ഇപ്പോൾ അപ്രത്യക്ഷമായിരിക്കുന്നു. അറിവു നേടാൻ നിരവധി മാർഗങ്ങൾ ഇന്ന് ഏവർക്കും ലഭ്യമാണ്. സമ്പൂർണ സാക്ഷരതയും പ്രൈമറി സ്കൂളിൽ ഏതാണ്ടു പൂർണമായ പ്രവേശനവും കൈവരിച്ച സംസ്ഥാനമെന്നനിലയിൽ കേരളം ഇന്ന് സാർവ്വത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടിയിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ സാർവത്രികവിദ്യാഭ്യാസം നേടുകയും വിജ്ഞാനവും നിത്യജീവിതവും തമ്മിലും അകലം പരമാവധി കുറയ്ക്കുകയും ചെയ്ത ഒരു പ്രദേശത്തിന്റെ രണ്ടാംതലമുറ പ്രശ്നങ്ങളാണ്.

### പാഠ്യപദ്ധതി

1. പൊതുവിദ്യാലയങ്ങളെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന ഏറ്റവും വലിയ പരാതി ഒരുവിഭാഗം കുട്ടികൾക്ക് (പ്രൈമറി തലത്തിലും സെക്കന്ററി തലത്തിലും) ഭാഷാപരവും ഗണിതപരവുമായ മിനിമം ശേഷികൾ പോലും ഇല്ല എന്നതാണ്. കുട്ടികൾ പരിമിതവും ആവശ്യത്തിലധികം അധ്യാപകരുമുള്ള

സ്കൂളുകളുടെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല. ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തേണ്ട ചുമതല വിദ്യാലയത്തിനുണ്ട്. ഇതിലൂടെ മാത്രമേ പൊതുസമൂഹത്തിന്റെ പരാതികൾക്ക് പരിഹാരം കണ്ടെത്താൻ കഴിയൂ. കുട്ടികൾ ഓരോ ഘട്ടത്തിലും നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം അധ്യാപകർക്കുണ്ട്. ഇതിനാവശ്യമായ ഭൗതിക സൗകര്യം ഒരുക്കിക്കൊടുക്കേണ്ട ചുമതല സർക്കാർ, പ്രാദേശിക സർക്കാർ, പൊതുസമൂഹം എന്നിവർക്കുണ്ട്. ഇതിനൊരു അടിയന്തര പരിഹാര കർമ്മ പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കണം.

2. പഠനത്തോടൊപ്പം കുട്ടികൾ നേടിയ ശേഷികൾ അപ്പപ്പോൾ വിലയിരുത്തി ഓരോ കുട്ടിയെയും കഴിവിന്റെ പരമാവധിയിൽ എത്തിക്കാൻ കൈത്താങ്ങ് നൽകുക എന്ന ആശയം പ്രയോഗതലത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഓരോ ഘട്ടത്തിലും നേടേണ്ട പ്രാഥമിക ശേഷി കുട്ടി കൈവരിച്ചു എന്നുറപ്പു വരുത്താൻ കഴിയാത്തതിനു കാരണം ഈ രംഗത്തെ പരാജയമാണ്. പകരം നിരന്തര വിലയിരുത്തലെന്നാൽ അന്തിമ പരീക്ഷയ്ക്ക്/ പൊതുപരീക്ഷയ്ക്ക് 20% സ്കോർ നൽകുന്ന ഒരു ഏർപ്പാടായി മാറുകയും അതിനുള്ള കുറുക്കുവഴിയായി നിരർത്ഥകമായി തീരുകയും ചെയ്തു. ബൗദ്ധിക മേഖലയിൽ മാത്രം ഒതുങ്ങിയ ഈ രീതിയാകട്ടെ ആഭ്യന്തര പരീക്ഷയുമായി (Internal Examination) കൂട്ടിക്കെട്ടുകയും അതുവഴി പൊതുപരീക്ഷയിൽ സ്കോർ നേടാനുള്ള മാർഗ്ഗമായി തീരുകയും ചെയ്തു. അടിയന്തര പരിഷ്കാരം വേണ്ടുന്ന മേഖലയാണിത്.

3. കഴിഞ്ഞ എൽഡിഎഫ് സർക്കാർ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണം അട്ടിമറിക്കുന്നതിനു നടന്ന നീക്കങ്ങളെ തിരുത്തേണ്ടതാണ്. കാലഹരണപ്പെട്ട അസീസ് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുഡിഎഫ് സർക്കാർ പുതിയ പാഠ്യപദ്ധതിയ്ക്കു രൂപം നൽകിയിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിലും പഠനപ്രവർത്തനങ്ങളിലും വരുത്തിയ പരിഷ്കാരങ്ങളെ കർശനമായ പരിശോധനയ്ക്കു വിധേയമാക്കണം.

4. പ്രീപ്രൈമറി തലം മുതൽ ഹയർസെക്കൻഡറി തലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കണം. പൊതുവിദ്യാലയങ്ങൾ വിശേഷിച്ച് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ മറ്റ് സമാന്തര സംവിധാനങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ എന്നിവിടങ്ങളിലും മാതൃഭാഷാപഠനം ഉറപ്പാക്കണം. തമിഴ്, കന്നട ഭാഷകൾ മാതൃഭാഷയായി പഠിക്കുന്ന കുട്ടികൾക്ക് മലയാള ഭാഷാപഠനത്തിന് അവസരം ഒരുക്കണം. അധ്യയന മാധ്യമം മാതൃഭാഷയിലാക്കുന്നകാര്യമാണ് പരിശ്രമിക്കേണ്ടത്.

5. ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തേണ്ടത് പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കുന്നതിനുള്ള പ്രധാനപ്പെട്ട ഉപാധികളിൽ ഒന്നാണ്. ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള പഠനമല്ല മറിച്ച് ഭാഷയിൽ പ്രാവീണ്യം നേടത്തക്ക തരത്തിലുള്ള ഇംഗ്ലീഷ് പഠനമാണ് വേണ്ടത് എന്നതിന് ഒട്ടേറെ മികച്ച മാതൃകകൾ നിലവിലുണ്ട്. ഇത് വ്യാപിപ്പിക്കണം.

6. കുട്ടികളുടെ പഠന സമയം (അധ്യാപക - വിദ്യാർത്ഥി ആശയ വിനിമയ സമയം) 200 പ്രവൃത്തി ദിവസം (1000 മണിക്കൂർ) ഉറപ്പുവരുത്താനുള്ള മാർഗ്ഗത്തെക്കുറിച്ചും വ്യക്തമായ കാഴ്ച്ചപ്പാട് രൂപീകരിക്കണം.

7. പട്ടികജാതി-പട്ടികവർഗക്കാർ, ന്യൂനപക്ഷങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗത്തിൽപെടുന്ന കുട്ടികൾക്ക് ലിംഗഭേദമന്യേ നിലവാരമുള്ള വിദ്യാഭ്യാസം നൽകേണ്ടതാണ്. ഇവരെ കണ്ടെത്തി സ്കൂളിലേക്ക് കൊണ്ടുവരേണ്ടതിന്റെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിരിക്കണം.

## വൊക്കേഷണൽ വിദ്യാഭ്യാസം

8. നമ്മുടെ നാട്ടിലെയും വിദേശത്തെയും വൻകിടയും ഇടത്തരവുമായ സ്കിൽ മാർക്കറ്റിന്റെ ആവശ്യങ്ങൾക്ക് യോജിച്ച തരത്തിൽ ഐടിഐ, പോളിടെക്നിക്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസങ്ങളുടെ പൊതു ചട്ടക്കൂട് മൊത്തത്തിൽ അഴിച്ചു പണിയേണ്ടതുണ്ട്. ഇന്ന് നിലവിലുള്ള താഴ്ന്ന വരുമാനം നല്കുന്ന ഉപജീവനതൊഴിലുകൾക്കുള്ള പരിശീലനങ്ങളുടെ സ്ഥാനത്ത് വ്യവസായിക സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന ഗുണനിലവാരത്തോടെയുള്ള സേവനങ്ങളും ഉത്പന്നങ്ങളും നല്കാൻ കഴിയുന്ന സംരംഭങ്ങൾക്കു രൂപം നല്കാനും മത്സരാധിഷ്ഠിതമായി അവ നടത്താനും പ്രാപ്തിയുണ്ടാക്കുന്ന പരിശീലനം ലഭ്യമാക്കാനാകുന്ന വിധത്തിലേക്ക് തൊഴിൽ പരിശീലനത്തിന്റെ അടിസ്ഥാന സമീപനം മാറേണ്ടിയിരിക്കുന്നു.

9. ഇങ്ങനെ ഒരു സമഗ്ര മാറ്റം സാദ്ധ്യമാകണമെങ്കിൽ ഇന്ന് നിലവിലുള്ള പരസ്പര ബന്ധമില്ലാത്ത വിവിധ പരിശീലന പദ്ധതികൾ തൊഴിൽ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും വെവ്വേറെയായി വൊക്കേഷണൽ എജ്യുക്കേഷൻ ആൻഡ് ട്രെയിനിങ് (VET), ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് (ITI), സാങ്കേതിക വിദ്യാഭ്യാസം എന്നിങ്ങനെ നടപ്പാക്കുന്ന രീതി നിർത്തലാക്കുകയും പകരം ഏറ്റവും നൂതനമായ സാങ്കേതിക നൈപുണ്യ പരിശീലനം ലഭ്യമാക്കാനുള്ള ഏകീകൃതമായ പദ്ധതി തയ്യാറാക്കുകയും വേണം. പോളിടെക്നിക്കുകളിലും ഐടിഐകളിലും വിഎച്ച്എസ്ഇകളിലും നിലവിലുള്ള പാഠ്യപദ്ധതിയും സിലബസും സമഗ്രമായി പരിഷ്ക്കരി

ക്കുകയും അതിനനുസൃതമായി അദ്ധ്യാപകർക്ക് സമയബന്ധിതമായ പുനപരിശീലനം നൽകുകയും വേണം. ഇതോടൊപ്പം നിലവിലുള്ള പരിശീലന സ്ഥാപനങ്ങളിലെ വർക്ക്ഷോപ്പുകളും ലാബോറട്ടറികളും അടക്കമുള്ള സാങ്കേതിക സൌകര്യങ്ങൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കൂടി ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര മാസ്റ്റർ പ്ലാൻ ഇതിനായി തയ്യാറാക്കപ്പെടണം.

10. അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം (ASAP) നടപ്പാക്കി വരുന്ന വ്യാവസായിക പങ്കാളിത്തത്തോടുകൂടിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ കൂടുതൽ വിശാലമായ അടിത്തറയുള്ളതും (കോർപ്പറേറ്റ് പങ്കാളിത്തം മാത്രം എന്ന രണ്ടാം യുപിഎ/ യുഡിഎഫ് സമീപനത്തിനു ഉപരിയായി, പൊതു മേഖലയുടെ പങ്കാളിത്തം കൂടിയുള്ള) എന്നാൽ സ്കിൽ ഡെവലപ്മെൻറ് കൌൺസിൽ അംഗീകരിച്ചിട്ടുള്ള ചാനൽ പാർട്ട്ണർ മാതൃക അതേപടി നിലനിർത്തുന്നതുമായ രീതിയിൽ പുനസംഘടിപ്പിക്കണം. ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ പോളിടെക്നിക്കുകളും ഐടിഐകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുമായി ഹബ്ബ് ആന്റ് സ്പോക് മാതൃകയിൽ ബന്ധിപ്പിക്കണം. ഇതിലൂടെ നിലവിലുള്ള പോളിടെക്നിക്/ വിഎച്ച്എസ്ഇ/ ഐടിഐ അദ്ധ്യാപകർ പൊതു സാങ്കേതിക പരിശീലകരും സ്കിൽ പാർക്കുകൾ നൂതനമായ നൈപുണ്യ പരിശീലനം നല്കുന്ന കേന്ദ്രങ്ങളുമായി തീരണം. ഇങ്ങനെ നൽകുന്ന പരസ്പരബന്ധിത പരിശീലനം വിദ്യാർഥികളുടെ തൊഴിൽ അനുയോജ്യത/ യോഗ്യത വർദ്ധിപ്പിക്കും. ഇതോടൊപ്പം ഈ ധാരയിലൂടെ പരിശീലനം നേടിയവർ രൂപീകരിക്കുന്ന സംരംഭങ്ങൾക്ക് മാത്രമായി, അവർ സ്വന്തം കാലിൽ നിൽപ്പുറയ്ക്കുന്നതുവരെ സംരക്ഷണവും പിന്തുണയും നൽകാനുള്ള ഒരു ഇങ്കുബേഷൻ സംവിധാനവും നടപ്പാക്കേണ്ടതാണ്

11. കേരള കരിക്കുലം ഫ്രെയിം വർക്ക് 2007 (KFC 2007) തൊഴിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സമീപനമായി സൂചിപ്പിക്കുന്നത് പോലെ ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി തലങ്ങളെ ഏകോപിപ്പിക്കുകയും ഒൻപതാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസുവരെ കുട്ടിക്ക് ഏതെങ്കിലുമൊരു തൊഴിൽ പരിശീലനം (ഒരു ഉപവിഷയത്തിനൊ ഭാഷാവിഷയത്തിനൊ പകരമായി) നൽകാനുള്ള സംവിധാനം ഒരുക്കുകയും വേണം. രണ്ടു വർഷത്തിനുള്ളിൽ ഘട്ടം ഘട്ടമായി, അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമായ എല്ലാ ഹയർ സെകണ്ടറി സ്കൂളുകളിലും ഇത് നടപ്പാക്കുകയും വേണം. നിലവിലുള്ള വിഎച്ച്എസ്ഇ സംവിധാനത്തെ പൊതു വിദ്യാഭ്യാസവുമായി ഏകീകരിക്കാൻ ഇതിലൂടെ കഴിയും. മേൽ വിവരിച്ച നൈപുണ്യ പരിശീലന സംവിധാന നവീകരണ സമീപനങ്ങൾ ഇത്തരത്തിൽ വിഎച്ച്എസ്ഇകളെ പൊതുവിദ്യാഭ്യാസ സംവിധാനവുമായി ഒന്നിപ്പിക്കുന്നതിന് അഥവാ പൊതുവിദ്യാഭ്യാസ ധാരയെ തൊഴിലധിഷ്ഠിതം കൂടിയാക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കും. എന്നാലിത് സെക്കണ്ടറി സ്കൂളുകളിൽ പുതിയ വൊക്കേഷണൽ കോഴ്സുകൾ തുടങ്ങാനുള്ള പരിപാടിയായി മാറിപ്പോകരുത്; കാരണം പുതിയ ആധുനീക വൊക്കേഷണൽ പരിശീലനധാരകൾ ചിട്ടയായ ശ്രമങ്ങളും വ്യാവസായിക പിന്തുണാ സൌകര്യങ്ങളും ഉറപ്പാക്കി മാത്രം നടത്തേണ്ടവയാണ്.

12. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളാണ് വൊക്കേഷണൽ കോഴ്സുകൾക്കു പഠിക്കുന്നത് എന്ന് ഉൾക്കൊണ്ടുകൊണ്ടുള്ള സമീപനം സ്വീകരിക്കണം. അവരുടെ ക്ഷേമത്തിന് അനുയോജ്യമായവിധം ഈ സ്ഥാപനങ്ങളിലെ സൌകര്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണം.

13. ഇന്ന് വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിലെ ധാരയിലേയ്ക്കു കടക്കുന്നതിന് അനേകം പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇവയൊഴിവാക്കി വൊക്കേഷണൽ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തണം. മറ്റു കുട്ടികൾക്കായി നാട്ടിലുള്ള വിവിധ തൊഴിലുകൾക്ക് ആവശ്യമായ പരിശീലനം നല്ല നിലവാരത്തിൽ നൽകണം. കാർഷിക-വ്യാവസായിക സേവന മേഖലകളിലെ വിവിധ തരം വിദഗ്ധ അർദ്ധവിദഗ്ധ തൊഴിലുകൾക്ക് മികച്ച പരിശീലനം നൽകാൻ അത്തരം സ്ഥാപനങ്ങളിലൂടെ കഴിയണം. കേന്ദ്രഗവൺമെന്റ് വിവിധ തൊഴിലുകൾക്കുള്ള പരിശീലനം സ്വകാര്യമേഖലയെ എൽപ്പിച്ചിരിക്കുകയാണ്. അതിന് പകരം സർക്കാർ ആഭിമുഖ്യത്തിൽ ഇത്തരം കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

## പ്രീപ്രൈമറി വിദ്യാഭ്യാസം

14. ഇന്ന് പ്രീ-സ്കൂൾ വിദ്യാഭ്യാസം മുഖ്യമായും ഐസിഡിഎസ് വഴിയാണ്. പക്ഷേ, ജനങ്ങൾ മുഖ്യമായും ഇതിനെ ഒരു പോഷകാഹാര പരിപാടിയായാണ് വിലയിരുത്തുന്നത്. അടിയന്തിരമായി അംഗനവാടിയിലെ വിദ്യാഭ്യാസം പുനരാവിഷ്കരിക്കപ്പെടണം. പശ്ചാത്തലത്തിൽ കൂടുതൽ കൂടുതൽ ആളുകൾ കുട്ടികളെ അൺഎയിഡഡ് നെഴ്സറി സ്കൂളുകളിൽ വിടുകയാണ്. നെഴ്സറി മുതൽ പൊതുവിദ്യാഭ്യാസത്തിൽ നിന്ന് ഈ കുട്ടികൾ വഴിമാറിപ്പോകുന്നു. ഈ പശ്ചാത്തലത്തിൽ പ്രീസ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിനുള്ള പരിശ്രമം ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രീസ്ക്കൂൾ അധ്യാപകരുടെ

സേവനവേതന നിരക്കുകൾ മെച്ചപ്പെടുത്തുകയും ഇൻസർവീസ് പരിശീലനം ഉറപ്പുവരുത്തുകയും വേണം. പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ഒരു മോഡൽ കരിക്കുലം അടിയന്തരമായി രൂപം നൽകണം. പ്രീസ്കൂൾ ക്ലാസു മുറികളിലെ ഭൗതികസൗകര്യങ്ങൾ ആകർഷകവും കൗതുകോത്സുകവുമാകണം.

### പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

15. ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ കണ്ടെത്താനും അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുമുള്ള പൊതു ഇടങ്ങളായി സ്കൂളുകൾ മാറേണ്ടതാണ്. എല്ലാ കുട്ടികൾക്കും കലാ കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കണം. മത്സരാധിഷ്ഠിതമായി നടക്കുന്ന മേളകളെ പുനസംവിധാനം ചെയ്യേണ്ടതും ഉയർന്ന ഗ്രേഡ് കിട്ടാനുള്ള കുറുക്കുവഴിയായി മാറ്റാതിരിക്കാനും വേണ്ട പ്രവർത്തന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

16. കുട്ടികളിൽ ജനാധിപത്യബോധം ഉണ്ടാക്കുന്ന തരത്തിൽ സ്കൂൾ പാർലമെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ഇടപെടണം. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ സ്കൂൾ പാർലമെന്റുകളെ ഫലപ്രദമായി ഉപയോഗിക്കാനാവണം.

### അധ്യാപക പരിശീലനം

17. പുതിയ പാഠ്യപദ്ധതിയുടെ ഒരു മുഖ്യദൗർബല്യം ഒരു വിഭാഗം അധ്യാപകർക്ക് ഇതു പഠിപ്പിക്കുന്നതിന് ആവശ്യമായ കഴിവോ ആഭിമുഖ്യമോ ഇല്ല എന്നുള്ളതാണ്. ഇത് മിനിമം ശേഷികൾ ഉറപ്പുവരുത്തുന്നതിന് തടസമായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ പ്രീസർവീസ്, ഇൻസെർവീസ് പരിശീലനങ്ങൾ പുനഃസംവിധാനം ചെയ്യേണ്ടതുണ്ട്.

18. സംതൃപ്തമായതും പ്രതിബദ്ധതയുള്ളതുമായ ഒരു അധ്യാപക സമൂഹത്തെ വാർത്തെടുക്കാൻ കഴിയണം. അധ്യാപക സമൂഹത്തിനാകെ അഭിപ്രേരണം നൽകാനുള്ള പ്രവർത്തന പരിപാടികൾക്ക് രൂപം കൊടുക്കണം. അക്കാദമികതലത്തിൽ അധ്യാപകരെ ഗവേഷകരാക്കി മാറ്റാനുള്ള കർമ്മപരിപാടികൾക്ക് രൂപം കൊടുക്കണം. അവർക്ക് ഗവേഷണത്തിനും ഉപരിപഠനത്തിനും ആവശ്യമായ പ്രോത്സാഹനം നൽകുന്ന വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തണം. കെസിഎഫ് 2007 ന്റെ കാഴ്ചപ്പാടനുസരിച്ച് ഭരണ സംവിധാനം ഏകോപിപ്പിക്കണം. ബ്ലോക്ക്, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ അക്കാദമിക മേൽനോട്ടത്തിന് മുൻതൂക്കം നൽകി പുനഃസംഘടിപ്പിക്കണം. അധ്യാപക നിയമനം, തസ്തിക നിർണയം, സ്ഥലംമാറ്റം, പ്രമോഷൻ ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെയാക്കണം.

### വിലയിരുത്തലും മോണിറ്ററിംഗും

19. അക്കാദമിക്ക് മോണിറ്ററിംഗ് ദുർബലമായതാണ് പരിഷ്കരിച്ച പാഠ്യപദ്ധതി വിജയിക്കാത്തതിനുള്ള പ്രധാന കാരണം. പഞ്ചായത്ത്/ എഇഒ/ ഡിഇഒ തലത്തിൽ കഴിവുള്ളവരും സീനിയറുമായിട്ടുള്ള അധ്യാപകരെയുൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്ഥിരം മോണിറ്ററിംഗ് സമിതികൾ ഉണ്ടാവുകയും അതിന് കൃത്യമായ പ്രവർത്തന പദ്ധതി വികസിപ്പിക്കുകയും ചെയ്യണം. വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റികൾ, എസ്എസ്എ, ആർഎംഎസ്എ സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നവരേയും ഇതിൽ ഉൾപ്പെടുത്താം, ഭരണസംവിധാനത്തിന്റെ ഭാഗമായി നേതൃത്വപരമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു അധ്യാപകനെ പഞ്ചായത്ത് കേന്ദ്രമാക്കി പിഇഒ എന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതും പഞ്ചായത്തുതല മോണിറ്ററിംഗിന് ശക്തി പകരും.

### ഭരണസംവിധാനം

20. പഞ്ചായത്ത് തലം തൊട്ട് സംസ്ഥാന തലം വരെ ഭരണപരവും അക്കാദമികപരവുമായ ഏകോപനത്തിന്റെ അഭാവമാണ് കാര്യക്ഷമതക്ക് ഏറ്റവും തടസ്സമായി നിൽക്കുന്നത്. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇതരവകുപ്പുകൾ എന്നിവയുമായി കാര്യക്ഷമമായ ഏകോപനം ഉണ്ടാകുവാനുള്ള സംവിധാനം വേണം. എംപി, എംഎൽഎ, സന്നദ്ധസംഘടനകൾ മറ്റ് സാമൂഹിക കൂട്ടായ്മകൾ എന്നിവയുടെ ഏകോപനം ഉണ്ടാകുന്നതും വിഭവ സമാഹരണത്തിനും മോണിറ്ററിംഗിനുമൊക്കെ സഹായകമാകും. ഇതിനുള്ള ശക്തമായ സംവിധാനങ്ങൾ രൂപപ്പെടണം.

21. നിലവിലുള്ള പിടിഎ, എസ്എംസി, എസ്എംഡിസി സംവിധാനങ്ങൾ ഏകോപിപ്പിച്ച് നിലവിലെ ആശയക്കുഴപ്പം പരിഹരിക്കണം. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കുകയും വേണം. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കണം. എല്ലാ ഏജൻസികളുടെയും സജീവ പങ്കാളിത്തം ഇതിന് ആവശ്യമാണ്.

22. ഭരണ സംവിധാനത്തിൽ ഏത് തലത്തിലുള്ള അഴിച്ചുപണിയാണ് വേണ്ടതെന്നതിന്റെ വ്യക്തമായ നിർദ്ദേശം വേണം. പഞ്ചായത്ത് തലം, ബ്ലോക്കുതലം, റവന്യുജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ ഓഫീസ് ഘടനയിൽ മാറ്റം വേണം. ഭരണതലത്തിലെന്ന പോലെ അക്കാദമിക തലത്തിലും ഈ മാറ്റമുണ്ടാകണം. പ്രൈമറി സ്കൂളുകളെല്ലാം പഞ്ചായത്തിന്റെ കീഴിൽ വരത്തക്കവിധം സെക്കന്ററി ഹയർസെക്കന്ററിയോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രൈമറി സ്കൂളുകളെ വേർപെടുത്തണം.

23. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസത്തിൽ കാര്യമായ അഴിച്ചുപണി ആവശ്യമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ നടന്നുവരുന്ന 'ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ)' എന്നിവ കാര്യക്ഷമമല്ല. എസ്എസ്എ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഐഇഡിസിയും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഐഇഡി - എസ്എസ് ഉം മറ്റ് സംവിധാനങ്ങളും ഏകോപിപ്പിക്കേണ്ടതുണ്ട്. സാമൂഹ്യക്ഷേമവകുപ്പ്, ആരോഗ്യവകുപ്പ് , വികലാംഗക്ഷേമവകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങളെ ഇതുമായി കൂട്ടിയോജിപ്പിച്ച് സമഗ്രമായ പദ്ധതിക്ക് രൂപം കൊടുക്കണം. പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫാഫ് മെന്റലി ചലഞ്ചിഡ് എന്ന സ്ഥാപനത്തെ സംസ്ഥാനതല ഗവേഷണ സ്ഥാപനമായി മാറ്റുകയും പ്രവർത്തന പരിപാടികളുടെയെല്ലാം നേതൃത്വം വഹിക്കുന്നതിനാവശ്യമായ ചുമതല നൽകുകയും വേണം.

### ധനസമാഹരണം

24. ഇന്നത്തെ കേന്ദ്രസംസ്ഥാന ബന്ധങ്ങളുടെ ഘടനയും ധനസഹായ സമാഹരണരൂപങ്ങളും പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണത്തിന് എതിരാണ്. ഇന്ന് കേന്ദ്രധനസഹായം പ്രധാനമായി എസ്.എസ്.എ/ ആർ.എം.എസ്എ ഫണ്ടുകളിലൂടെയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. അത് തന്നെ കേന്ദ്രനിബന്ധനകൾക്ക് അനുസൃതമായതുകൊണ്ട് തുച്ഛമായ സംഖ്യമാത്രമെ ലഭിക്കുന്നുള്ളു. കേരളത്തിലെ രണ്ടാംതലമുറ പ്രശ്നങ്ങളെ കണക്കിലെടുത്തു കൊണ്ടുള്ള ധനവിനിമയ രൂപങ്ങൾ കേന്ദ്ര പദ്ധതികളിലില്ല. അത്തരം പ്രശ്നങ്ങളെല്ലാം വിദ്യാഭ്യാസത്തിന്റെ കമ്പോളവൽക്കരണം വഴി കൈകാര്യം ചെയ്യപ്പെടുമെന്ന നിലപാടാണ് കേന്ദ്രഗവൺമെന്റിനുള്ളത്. കമ്പോളവൽക്കരണം പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിന്റെ വ്യക്തമായ സൂചനകളാണ് കേരളത്തിനകത്തും പുറത്തും നിന്ന് നമുക്കു ലഭിക്കുന്നത്.

25. എസ്എസ്എ :- പദ്ധതി നിർവണത്തിൽ അമ്പേ പരാജയപ്പെടുന്ന അവസ്ഥയാണ് ഇന്നുള്ളത്. അനുവദിക്കുന്ന പണത്തിൽ ഏറെയും ചെലവഴിക്കാതിരിക്കുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്യുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കണം. വിദഗ്ധരുടെ സേവനം ലഭ്യമാക്കി സംസ്ഥാന ജില്ലാ ബ്ലോക്ക് സംവിധാനങ്ങൾ ശാക്തീകരിക്കണം.

26. ആർഎംഎസ്എ :- ഒരു സംവിധാനവും ഇല്ലാതെ നിശ്ചല അവസ്ഥയിലാണ് ഈ പദ്ധതിയുടെ കേരളത്തിലെ അവസ്ഥ. ഫലപ്രദവും ഭാവനാപൂർണവുമായ പദ്ധതികൾ സമർപ്പിക്കാത്തതുകൊണ്ട് നാമമാത്രമായി കിട്ടുന്ന ഫണ്ടുകൾ പോലും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല. ബ്ലോക്കുതല സംവിധാനങ്ങൾ ഉണ്ടാക്കി പദ്ധതിയെ പ്രവർത്തന നിരതമാക്കണം.

27. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഡിപ്പാർട്ട്മെന്റ്, എംപി, എംഎൽഎ എന്നിവരുടെ വിവിധ ഫണ്ടുകൾ പൊതുവിദ്യാലയങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള കൃത്യമായ മാർഗ്ഗരേഖ ഉണ്ടാകണം. പൊതുവിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതം കേരളത്തിൽ തുടർച്ചയായി കുറഞ്ഞു വരികയാണ്. ഇതിലൊരു തിരുത്ത് അത്യന്താപേക്ഷിതമായിരിക്കുന്നു. സംസ്ഥാന വരുമാനത്തിന്റെ നാലു ശതമാനമെങ്കിലും പൊതുവിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കേണ്ടതുണ്ട്.

### ഭൗതിക സൗകര്യങ്ങൾ

28. ഹയർസെക്കന്ററി വരെ പൂർണമായും സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കണം. പഠന സാമഗ്രികൾ, യൂണിഫോം, ഭക്ഷണം, യാത്രാസൗകര്യമൊരുക്കൽ എന്നിവ പൂർണമായും സൗജന്യമാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാന സർക്കാർ, പ്രാദേശിക സർക്കാർ, മറ്റ് സാമൂഹിക കൂട്ടായ്മകൾ എന്നിവയുടെ യോജിച്ച പ്രവർത്തനം ഇതിനായി ഉണ്ടാകണം.

29. കുട്ടികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി കാലോചിതമായി പരിഷ്കരിക്കണം. പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, ലഘുഭക്ഷണം എന്നിവ ഹയർസെക്കന്ററി വരെയുള്ള കുട്ടികൾക്ക് ലഭ്യമാക്കണം. ഇതിന്റെ ചുമതയലയിൽ നിന്നും പ്രഥമാധ്യാപകരെ ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടതാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണം കുറവുള്ളിടത്ത് കേന്ദ്രീകൃത അടുക്കള എന്ന ആശയം പ്രാവർത്തികമാക്കണം. മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യ - കായിക വിദ്യാഭ്യാസം മാറ്റേണ്ടതാണ്. നിലവിലുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ ഫലപ്രദമാക്കണം.

30. പഠന സാമഗ്രികൾ പാഠപുസ്തകം, കൈപ്പുസ്തകം എന്നിവയുടെ അച്ചടി, വിതരണം എന്നിവയിൽ ഇടതുപക്ഷ സർക്കാർ ഉണ്ടാക്കിയ പദ്ധതി കാര്യക്ഷമമാക്കണം. ആവശ്യമെങ്കിൽ പാഠപുസ്തകങ്ങളുടെ അച്ചടി, വിതരണം എന്നിവ വികേന്ദ്രീകരിക്കാവുന്നതാണ്. മെയ് മാസത്തോടെ പാഠപുസ്തകങ്ങളെല്ലാം കുട്ടികളിലെത്തിക്കാൻ സംവിധാനമൊരുക്കണം.

31. ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിന് അനുസൃതമായി സ്കൂൾ സംവിധാനത്തെ പുനഃസംഘടിപ്പിക്കണം. ക്ലാസ്സ്മുറികൾ സ്മാർട്ട് ക്ലാസ്സ് റൂം ആക്കുകയും വേണം. 8,9,10,11,12 എന്നീ ക്ലാസുക

ളെല്ലാം വെബ് ബേസ്ഡ് ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ളവയാക്കണം.

32. സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവപച്ചക്കറികൾ ഉൽപാദിപ്പിക്കൽ, മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹിക പിന്തുണയോടെയും നടപ്പിലാക്കണം.

## വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങൾ

33. പൊതുവിദ്യാഭ്യാസ മേഖലയിലെ അനുബന്ധ സ്ഥാപനങ്ങളായ എസ്സിഇആർടി, സീമാറ്റ്, എസ്ഐഇടി, ഐടി@സ്കൂൾ എന്നിവയുടെ ഘടന, ചുമതല എന്നിവ പുനർനിർണയിക്കേണ്ടതുണ്ട്. എസ്സിഇആർടിയെ അന്തർദേശീയ – ദേശീയ രംഗത്ത് അറിയപ്പെടുന്ന അക്കാദമിക് വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാക്കി മാറ്റണം.

34. ഐടി@സ്കൂളിന്റെ ഇന്നത്തെ അവസ്ഥ അതീവ ശോചനീയവും നിർജ്ജീവവുമാണ്. ഐടി രംഗത്തുള്ള പ്രഗത്ഭരുടെ സേവനം ലഭ്യമാക്കി വിദ്യാഭ്യാസ രംഗത്തെ ഭരണപരമായും അക്കാദമികവുമായും നവീകരിക്കാൻ ഉതകുന്ന വിധത്തിൽ ഐടി@സ്കൂളിനെ ശക്തിപ്പെടുത്തണം. എസ്ഐഇടിയെ ഐടി അറ്റ് സ്ക്കൂളുമായി സംയോജിപ്പിക്കണം.

35. വിദ്യാലയങ്ങളെ കേന്ദ്രസ്ഥാനത്തുനിർത്തിക്കൊണ്ടുള്ള ഉദ്ഗ്രഥിത പൊതുവിദ്യാലയം എന്ന ആശയം ഘട്ടം ഘട്ടമായി നടപ്പിലാക്കേണ്ടതാണ്. എന്നാൽ പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും അടിയന്തിരമായി അഭിസംബോധന ചെയ്യാനുള്ള സൂക്ഷ്മതല പ്രവർത്തനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

36. മത്സ്യത്തൊഴിലാളികൾ, പട്ടികജാതി പട്ടിക വർഗ മേഖലകളിലെ കുട്ടികൾ പഠനത്തിൽ ഇപ്പോഴും വളരെ പിന്നാക്കമാണ്. ഇതിനു പ്രധാന കാരണം വീടുകളിൽ പഠന സൗഹൃദ അന്തരീക്ഷമില്ലായ്മയാണ്. ഇതു മറികടക്കാനുള്ള മാർഗം സമീപ പ്രദേശത്തുള്ള ലൈബ്രറികളെയോ മറ്റോ പഠന വീടുകളായി രൂപാന്തരപ്പെടുത്തുകയാണ്. ഇവിടെ സാഹാഹനത്തിൽ കുട്ടികൾക്ക് ഒരുമിച്ചിരുന്നു പഠിക്കുന്നതിനും അവരുടെ പഠനത്തിനുള്ള സൗകര്യങ്ങളും മേൽനോട്ടം വഹിക്കുന്ന ആളുകളുമുണ്ടാകും. ഓരോരുത്തരുടെയും പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യേക പിന്തുണയും കുട്ടികൾക്കു നൽകാനാവും.

## അവലംബം

### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ. കെ.എൻ ഗണേഷ് (2015): ''പൊതുവിദ്യാഭ്യാസം-ഒരു ആമുഖാവതരണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 9-15
2. പി.വി പുരുഷോത്തമൻ (2015): ''വിമോചനാത്മക പാഠ്യപദ്ധതിക്ക് ഒരാമുഖം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 15-19
3. അലി ഇക്ബാൽ കെ.സി (2015): ''ജനാധിപത്യവത്കൃത ക്ലാസ്മുറികൾ – തത്വവും പ്രയോഗവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 20-22
4. രാമൻകുട്ടി വി (2015): ''പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതി എതിർപ്പും പൊരുളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 23-29
5. ടി.കെ നാരായണദാസ് (2015): ''പഠനം സർഗാത്മകമാകാൻ പഠന മാധ്യമം മാതൃഭാഷയാകണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 30-32
6. P.K.Jayaraj (2015): ''English Language Education and the Medium of Instruction debate in Kerala'', 4th International Congress on Kerala Studies, Preliminary Seminar -06, PP- 33-35
7. കെ. രമേശൻ കടൂർ (2015): ''നാളത്തെ പ്രീപ്രൈമറി വിദ്യാഭ്യാസം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 36-38
8. സി.എം ബാലകൃഷ്ണൻ (2015): ''കേരളത്തിലെ പ്രൈമറി സെക്കന്ററി അദ്ധ്യാപക വിദ്യാഭ്യാസം ഒരു പുനർവിചിന്തനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 39-45
9. എൻ. സുരേഷ്കുമാർ (2015): ''മാറേണ്ട അദ്ധ്യാപകവിദ്യാഭ്യാസം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 45-47
10. എം.പി നാരായണൻ ഉണ്ണി (2015): "അദ്ധ്യാപകശാക്തീകരണവും ഗണിതശാസ്ത്രപരമായ ആശയവിനിമയശേഷിയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 47-51
11. എം.വി രാജൻ (2015): ''നിരന്തര മൂല്യനിർണയം : ബുദ്ധിയെ കേന്ദ്രീകരിക്കുമ്പോൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 52-54
12. ബി.കെ വിജയൻ (2015): "അക്കാദമിക നിലവാരവും മൂല്യനിർണയവും ഹയർ സെക്കന്ററി തലത്തിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 54-57
13. അൻവർ സാദത്ത് കെ (2015): ''സ്കൂൾ ഐ.ടി വിദ്യാഭ്യാസവും കേരളവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 58-60
14. പി. പ്രേമചന്ദ്രൻ (2015): ''കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ വിവരവിനിമയ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പ്രതിസന്ധികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 61-65
15. സാം ജി. ജോൺ (2015): ''ബൗദ്ധികവെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 66
16. രാജേഷ് എസ്. വള്ളിക്കോട് (2015): ''സംയോജിത വിദ്യാഭ്യാസം കാര്യക്ഷമമായ ഇടപെടൽ അനിവാര്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 66-69

17. പി.ശിവദാസൻ (2015): ''ജീവതാളം -കലാവിദ്യാഭ്യാസത്തി നൊരു തനതു മാതൃക'', നാലാമത് അന്താരാഷ്ട്ര കേരള പ ഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 69-77
18. കെ.എൻ സുകുമാരൻ (2015): ''പൊതുവിദ്യാഭ്യാസ ഭരണസം വിധാനം -യാഥാർത്ഥ്യങ്ങളും സാദ്ധ്യതകളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 77-80
19. ജോണി കെ. ജോൺ (2015): ''സ്കൂൾ വിദ്യാഭ്യാസമാനേജ്മെന്റ് നേരിടുന്ന വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 80-82
20. ഓ.എം ശങ്കരൻ (2015): ''സ്കൂൾ വിദ്യാഭ്യാസ പൊതുഭരണം – ഒരു വിമർശനാത്മക പരിശോധന'', നാലാമത് അന്താരാ ഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 83-85
21. പി. നാരായണൻ (2015): ''പൊതുവിദ്യാഭ്യാസത്തിന്റെ ഘടന'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 85-87
22. ജി. സ്റ്റാലിൻ (2015): ''വിദ്യാഭ്യാസവ്യവസ്ഥകളുടെ പുനഃസം ഘാടനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 88-91
23. എൻ. ത്യാഗരാജൻ (2015): ''പൊതുവിദ്യാഭ്യാസം – സിസ്റ്റം, ഓർഗ്ഗനൈസേഷൻ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 06, PP- 91-94
24. സി.പി ഹരീന്ദ്രൻ (2015): ''കേരളത്തിലെ സിബിഎസ്ഇ, സി ഐഎസ്സിഇ വിദ്യാലയങ്ങളും പൊതുവിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺ ഗ്രസ്, പ്രാഥമിക സെമിനാർ 06, PP- 94-96
25. കെ. മനോഹരൻ (2015): ''പൊതുബോധത്തോടുള്ള സമരം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 96-98
26. ഡോ.എ.സുഹൃത്ത്കുമാർ (2015): ''കേരള വിദ്യാഭ്യാസ നിയ മ–ചട്ടങ്ങൾ കാലികപ്രസക്തിയും പ്രയോഗവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 98-101
27. ടി. ഗംഗാധരൻ (2015): ''ഭൂരിപക്ഷത്തെ അവഗണിച്ചുള്ള വി കേന്ദ്രീകരണം മാറണം'', നാലാമത് അന്താരാഷ്ട്ര കേരള പ ഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 102-104
28. ടി.കെ ബാലൻ (2015): ''മികവിലേക്കുള്ള വഴികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 104-105
29. ടി.കെ മീരാഭായി (2015): ''സെക്കൻഡറി – ഹയർ സെക്കൻ ഡറി വിദ്യാഭ്യാസം – ഒരു അവലോകനം'', നാലാമത് അന്താ രാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 105-107
30. ജനറൽ സെക്രട്ടറി, കെഎസ്ടിഎ (2015): ''വിദ്യാഭ്യാസ മേഖ ലയിൽ ഡയറ്റുകൾ ബി.ആർ.സികൾ തുടങ്ങിയവയുടെ പ്രസ ക്തി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 06, PP- 107-109
31. ഡോ.സി.രാമകൃഷ്ണൻ (2015): "പഠനപരിസരവികാസവും പിന്തുണാസംവിധാനങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 110-118
32. ഡോ.കെ.എം ഉണ്ണികൃഷ്ണൻ (2015): ''കേരളത്തിന്റെ പൊതു വിദ്യാഭ്യാസവും എസ്.സി.ഇ.ആർ.ടി യും'', നാലാമത് അന്താ രാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 118-121
33. ഡോ.ആർ പ്രസന്നകുമാർ, ആർ. രാധാകൃഷ്ണൻ (2015): ''കേ ന്ദ്രാവിഷ്കൃത പദ്ധതികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ - 06, PP- 121-123
34. സി. മധുസൂദനൻ (2015): ''104 സ്കൂളുകൾക്കുള്ള പ്രത്യേ ക പദ്ധതി – QEPR'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 123-125
35. പി.പി ബാബു കരക്കാട്ട് (2015): ''വൊക്കേഷണൽ ഹയർസെ ക്കന്ററി വിദ്യാഭ്യാസം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 125-129
36. ടി.പി കലാധരൻ (2015): ''സ്കൂൾ മാനേജ്മെന്റ് കമ്മറ്റികൾ അ വകാശനിയമം മറക്കുമോ? '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 129-133
37. ടി.പി സുധാകരൻ (2015): ''അദ്ധ്യാപക രക്ഷാകർത്തൃസമി തിയും വിദ്യാലയ ഇടപെടലുകളും'', നാലാമത് അന്താരാ ഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 133-138
38. ടി.കെ നാരായണദാസ് (2015): "പൊതുവിദ്യാഭ്യാസവും ത്രിത ല പഞ്ചായത്ത് സംവിധാനവും– പാലക്കാട് ഹരിശ്രീ പദ്ധതി യുടെ അനുഭവങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 138-141
39. എം.വി മോഹനൻ (2015): ''മുഖംമാറുന്ന സ്ക്കൂൾ ലൈബ്ര റികൾ '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 141-144
40. വി. മനോജ് (2015): ''കേരളത്തിലെ പരിഷ്ക്കരിക്കപ്പെടേണ്ട സ്കൂൾ ഉച്ചഭക്ഷണ പരിപാടി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 144-147
41. കെ.കെ സുരേന്ദ്രൻ (2015): ''ആദിവാസി വിഭാഗത്തിലെ കു ട്ടികളുടെ വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങളും പ്രതിബന്ധ ങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 147-151
42. കെ. രമേഷ് (2015): ''വിദ്യാഭ്യാസ അവകാശനിയമവും ഗോ ത്രവർഗ വിദ്യാർത്ഥികളും കേരളീയ പശ്ചാത്തലത്തിൽ'', നാ ലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 06, PP- 151-155
43. ഹരികുമാർ കെ എസ് ടി എ (2015): ''തൊഴിൽഅധിഷ്ഠിത വിദ്യാഭ്യാസം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺ ഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 155-156
44. കെ.ടി രാധാകൃഷ്ണൻ (2015): ''പൊതുവിദ്യാഭ്യാസം – ഇട പെടലുകൾ, ബദലുകൾ'', നാലാമത് അന്താരാഷ്ട്ര കേരള പ ഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 157-159
45. എം.വി ഗംഗാധരൻ (2015): ''പാഠ്യപദ്ധതി ആവശ്യപ്പെടുന്ന വിദ്യാലയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺ ഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 160-165
46. എം.എം സുരേന്ദ്രൻ (2015): ''സർഗ്ഗാത്മക ക്ലാസുമുറി – എന്ത്? എങ്ങനെ?'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്ര സ്, പ്രാഥമിക സെമിനാർ -06, PP- 166-170
47. പി. ശ്രീനിവാസൻ (2015): ''നരവൂരിൽ ഒരുഹരിത വിദ്യാല യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 171-174
48. പി.വി സന്തോഷ് (2015):''ഗവൺമെന്റ് യുപി സ്കൂൾ ബാവലി, വയനാട്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്ര സ്, പ്രാഥമിക സെമിനാർ -06, PP- 175-176
49. കെ.പി.സി ഗോപി (2015): ''വിദ്യാലയമികവുകൾ – ഗവൺ മെന്റ് യുപി സ്കൂൾ, തൃക്കുറ്റിശ്ശേരി'', നാലാമത് അന്താരാ ഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 177-180
50. എം.കെ രാജശേഖരൻ (2015): ''ഗുണമേൻമ വർദ്ധനവ് സാ മൂഹ്യഇടപെടലിലൂടെ – കക്കാട്ട് അനുഭവങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 180-181
51. കെ.ആർ അശോകൻ (2015): ''മുന്നേറ്റം 2015 പരിപാടിയും അതുയർത്തുന്ന ചോദ്യങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 181-184
52. ഡോ.വി. പരമേശ്വരൻ (2015): ''എന്റെ മലയാളം – മാതൃഭാഷാപ ഠനരംഗത്ത് ഒരു ഇടപെടൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 185-189

53. പി.വി മോഹനൻ മണ്ണഴി (2015): ''ഭാഷാപഠനത്തിൽ ഏറ്റെടുക്കാവുന്ന വായന പ്രവർത്തനങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 189-192

54. ഡോ.ആർ പ്രസന്നകുമാർ (2015): ''ഗലീലിയോ ലിറ്റിൽ സയന്റിസ്റ്റ്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 192-195

55. എൻ. പ്രസാദ് (2015): ''ലിറ്റിൽ ആർട്ടിസ്റ്റ് പ്രോഗ്രാം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 195-198

56. കെ വിനോദ്കുമാർ (2015): ''സ്നേഹത്തിന്റെ പാഠങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 198-200

57. ഡോ.പി.വി കൃഷ്ണകുമാർ (2015): ''ബോഗ് ഫോർ ഡയനമിക് എജ്യൂക്കേഷനൽ നെറ്റ് വർക്ക് –BLEND'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 200-203

58. എ. ഹാരൂൺ മാസ്റ്റർ (2015): ''പൊതുവിദ്യാഭ്യാസത്തിന്റെ ഉയർച്ചയിൽ സമൂഹത്തിന്റെ പങ്ക്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 203-205

59. എ.വൈ മോഹൻദാസ് (2015): ''നിങ്ങൾ ഞങ്ങളെ അദ്ധ്യാപകരാക്കി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 205-206

60. ആർ. രാധാകൃഷ്ണൻ (2015): ''ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടിയുടെ ജൻമാവകാശം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -06, PP- 206-208

## മറ്റ് രേഖകൾ

61. കേരള സർക്കാർ (2013–14): ''സാമ്പത്തിക സർവേ", സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ്

62. കേരള സർക്കാർ (2013): ''വിഷൻ 2030 രേഖ", സ്റ്റേറ്റ് പ്ലാനിങ്ങ് ബോർഡ്.

63. കേരള സർക്കാർ (2002): പ്രൊഫ: പി.കെ. അബ്ദുൾ അസീസ് കമ്മിറ്റി റിപ്പോർട്ട്

64. Government of India (2015): "Themes and Questions for Policy Consultation on School Education"

65. Report on General Education, NIEPU, New Delhi, 2015.

66. Howard Gardner (1985): "Frames of Mind", Paladin Books.

67. J A Foder (1983): "Modularity of mind", Cambridge, MIT press.

68. L.S. Vygotsky (1993): "Collected works Vol I", Plenum Press, New York.

## അധ്യായം 17

# ഉന്നതവിദ്യാഭ്യാസം

പുത്തൻ വികസന അജണ്ടയിലൂന്നുന്ന വിജ്ഞാനാധിഷ്ഠിതവും സേവനപ്രധാനവുമായ വികസനമേഖലകളിൽ സംസ്ഥാനത്തിനു മുൻകൈ നേടണമെങ്കിൽ കേരളം ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യപ്പെടണം. ഇതാവട്ടെ, വിദ്യാഭ്യാസത്തിന്റെ, പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയുടെ, വ്യാപ്തിയും ഗുണനിലവാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. വിദ്യാഭ്യാസം വിജ്ഞാനസംവേദന ഉപാധിയെന്ന നിലയിൽ ജ്ഞാനോത്പാദന ഉപാധിയായി മാറണം. ഇതിനാവശ്യമായ വലിയ മുതൽമുടക്ക് ഉന്നത വിദ്യാഭ്യാസമേഖലയിൽ വേണ്ടതുണ്ട്. പുതിയ കേരളത്തിന് ഭൗതിക പശ്ചാത്തലസൗകര്യമൊരുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസ്ഥാനത്ത് അഭിപ്രായസമന്വയമുണ്ട്. അതുപോലെതന്നെ പ്രധാനമാണ് സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളുടെ ഉയർന്ന ഗുണനിലവാരവും.

കേരളത്തിൽ ആധുനികവിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ ഉന്നതവിദ്യാഭ്യാസത്തിനും തുടക്കം കുറിച്ചു. 1870 കളിൽ തന്നെ കേരളത്തിൽ ആദ്യമായി ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കപ്പെട്ടു. എന്നാൽ പിന്നീടുള്ള വളർച്ച മന്ദഗതിയിലായിരുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസം പുരോഗമിച്ചത് ശാസ്ത്രം, മാനവിക വിഷയങ്ങൾ, നിയമം എന്നീ മേഖലകളിൽ കൊളോണിയൽ മാതൃകയിൽ തന്നെയാണ്. 1937 ൽ തിരുവിതാംകൂറിൽ ഒരു അഫിലിയേറ്റിംഗ് സർവകലാശാല സ്ഥാപിക്കപ്പെട്ടു. കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിന് ശേഷം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വലിയൊരു കുതിച്ചുചാട്ടം തന്നെ ഉണ്ടാവുകയും എല്ലാ ജാതി-മത സംഘടനകൾ ഉൾപ്പെടെ അവരുടെ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു.

## I. ഉന്നതവിദ്യാഭ്യാസത്തിന്റെ വികാസം

എഴുപതുകളുടെ അവസാനത്തോടെ ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് വരുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു. പുതിയ റെഗുലർ കോളേജുകളുണ്ടായി. പലയിടങ്ങളിലും ഉന്നത വിദ്യാഭ്യാസത്തിനുള്ള സമ്മർദ്ദം പാരലൽ കോളേജുകളിലേയ്ക്ക് വഴിതെളിയിച്ചു. പൊതുവിദ്യാഭ്യാസം വികസിച്ചുവരികയും കൂടുതൽ ജനവിഭാഗങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്തിച്ചേരുകയും ചെയ്തതോടെ പുതിയ കോഴ്സുകൾക്കുള്ള ആവശ്യങ്ങൾ ഉയർന്ന് വന്നു. ആഗോളതലത്തിൽ ഇടപെട്ട് പ്രവർത്തിക്കുന്ന മലയാളികളെ സംബന്ധിച്ചിടത്തോളം ശാസ്ത്രസാങ്കേതിക രംഗത്ത് ഉയർന്നുവന്ന പുതിയ വികാസങ്ങളെ ഉൾക്കൊണ്ടാൽ മാത്രമേ പുതിയ തലമുറയ്ക്ക് അവിടെ മെച്ചപ്പെട്ട തൊഴിൽ ലഭിക്കൂ എന്ന അവസ്ഥയുണ്ടായി. ഇത്തരം സാഹചര്യവും കൂടി ചേർന്നതോടെ ആധുനികവും തൊഴിലധിഷ്ഠിതവുമായ കോഴ്സുകൾക്കായുള്ള ആവശ്യത്തിന് കേരളീയ സമൂഹത്തിൽ സമ്മർദ്ദം ശക്തിപ്പെട്ടു.

കേരള സമൂഹത്തിൽ വളർന്നുവന്നിട്ടുള്ള ഇത്തരം ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന വിധം സ്ഥാപനങ്ങളും കോഴ്സുകളും സർക്കാർ-എയ്ഡഡ് മേഖല

യിൽ ആരംഭിക്കുന്നതിന് കഴിയാത്ത സ്ഥിതിയുണ്ടായി. പതുക്കെ വിദ്യാഭ്യാസ മേഖലയിൽനിന്ന് സർക്കാർ പിന്മാറുക എന്നതായി നയം. പുതിയ കോഴ്സുകൾക്കായി താൽപര്യം ഉണ്ടാകുക, അതേ അവസരത്തിൽ അവ സർക്കാർ തലത്തിൽ രൂപപ്പെടുത്താൻ കഴിയാത്ത സ്ഥിതി ഈ നയം ഉണ്ടാക്കുന്നു. ഈ സാഹചര്യമാണ് സ്വകാര്യസ്വാശ്രയ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി വിദ്യാർത്ഥികൾക്ക് ഉണ്ടായത്.

ഇടത്തരം ജനതയിലെ ഒരു വലിയ വിഭാഗം അവർ ആഗ്രഹിക്കുന്ന കോഴ്സുകളിൽ തങ്ങളുടെ സാമ്പത്തികശേഷി ഉപയോഗിച്ച് കുട്ടികളെ ഉന്നതവിദ്യാഭ്യാസത്തിന് അയയ്ക്കാൻ തയ്യാറുള്ളവരാണ്. അവരാവട്ടെ പൊതുവിൽ കേരളത്തിനു പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയായിരുന്നു ഉണ്ടായത്. ഇത്തരമൊരു അവസ്ഥ വിദ്യാഭ്യാസ കച്ചവടക്കാർക്ക് സഹായകരമായിത്തീരുന്നു. അതിന്റെ ഫലമായിട്ടാണ് കേരളത്തിൽ സ്വകാര്യ സ്വാശ്രയ കോളേജുകൾ തഴച്ചുവളരുന്ന സ്ഥിതി ഉണ്ടായത്. ആഗോളവൽക്കരണനയങ്ങൾ സൃഷ്ടിച്ച വ്യാമോഹങ്ങളും കാഴ്ചപ്പാടുകളും ഈ സ്ഥിതിവിശേഷത്തെ ശക്തിപ്പെടുത്തി. വിദ്യാഭ്യാസ മേഖലയിൽ രൂപപ്പെട്ടു വന്ന അവസ്ഥ കേരളത്തിന്റെ രാഷ്ട്രീയത്തേയും ജനാധിപത്യത്തേയും സ്വാധീനിക്കുന്ന നിലയിലേക്ക് എത്തിയിരിക്കുകയാണ്.

ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടും ഈ ആവശ്യങ്ങൾ വിദ്യാഭ്യാസ കച്ചവടക്കാർ ചൂഷണം ചെയ്യാൻ പാടില്ല എന്ന സമീപനത്തിന്റെയും അടിസ്ഥാനത്തിലുമാണ് സഹകരണമേഖലയിൽ 'കേപ്' പോലുള്ള സ്ഥാപനങ്ങൾ ആരംഭിച്ചത്. എന്നാൽ യു.ഡി.എഫ് സർക്കാരാവട്ടെ യാതൊരു നിയന്ത്രണവും ഇല്ലാതെ സ്വകാര്യസ്വാശ്രയ കോളേജുകൾക്ക് അംഗീകാരം നൽകുന്ന നയം സ്വീകരിച്ചു. ഇത് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുകയും ചെയ്തു. കേരളത്തിന്റെ സ്വകാര്യസ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മെറിറ്റും സാമൂഹ്യനീതിയും അട്ടിമറിക്കപ്പെട്ടത് യു.ഡി.എഫ് സമീപനം മൂലമാണ്.

ആഗോളവൽക്കരണനയങ്ങൾ മുന്നോട്ട് വെച്ച കാഴ്ചപ്പാടുകളുടെയും അതിന്റെ വ്യാമോഹത്തിൽ കുടുങ്ങിയ ജനവിഭാഗങ്ങളുടെയും സ്വാധീനം കേരളവിദ്യാഭ്യാസത്തിന്റെ ഘടനയിലുണ്ട്. ജാതി-മത വിഭാഗങ്ങൾക്കിടയിലും ഇതിന്റെ സ്വാധീനം ശക്തമായി. മധ്യ-സമ്പന്ന വർഗത്തിന്റെ താൽപ്പര്യത്തെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന നിലപാടുകളായി ഇത്തരം ശക്തികൾ മുന്നോട്ട് വന്നു. സേവനതൽപരരായി പ്രവർത്തിച്ചിരുന്ന പല ഏജൻസികളും അതിന്റെ സ്വഭാവം കൈയൊഴിയുന്നത് ഇത്തരമൊരു സാമൂഹ്യ അന്തരീക്ഷത്തിലാണ്. ഈ പുതിയ സാമൂഹ്യ അന്തരീക്ഷത്തിൽ ചിലത് സ്വയം കോർപ്പറേറ്റുവൽക്കരണത്തിന് വിധേയമാവുകയും അന്നേവരെ പാലിച്ചിരുന്ന സേവന മനോഭാവം ഉപേക്ഷിക്കുകയും വിദ്യാഭ്യാസ രംഗത്ത് കച്ചവടമനോഭാവം രൂപപ്പെടുത്തുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.

പുതിയ സഹസ്രാബ്ദത്തിന്റെ പിറവിയോടെ ലിബറൽ മതനിരപേക്ഷ വിദ്യാഭ്യാസ സങ്കൽപം തന്നെ മാറി. ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴിയും പ്ലേസ്മെന്റുകൾ വഴിയും ഉന്നതശ്രേണിയിലുള്ള തൊഴിലുകൾ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണമാണ് ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെ ഗുണനിലവാരം നിർണയിക്കുന്നത്. ഇത്തരത്തിൽ കോർപ്പറേറ്റുകളുടെ താൽപര്യങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ ദിശ നിർണ്ണയിക്കുന്നത്.

## ഇന്നത്തെ വിദ്യാഭ്യാസ ഘടന

പതിനെട്ടു സർവകലാശാലകളും 1056 കോളജുകളും (സർക്കാർ 59, എയിഡഡ് 190, സ്വാശ്രയം 777), 44660 അധ്യാപകർ (സർവകലാശാല 1520, സർക്കാർ 2370, എയിഡഡ് 8700, സ്വാശ്രയം 32000) ഉൾപ്പെടുന്ന ബ്രഹത്തായ സംവിധാനമാണ് ഇന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസം. ഇവയിൽ മെഡിക്കൽ, കാർഷിക വിദ്യാഭ്യാസരംഗം ഉൾപ്പെടുത്തിയിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസരംഗത്തുള്ള 176 കോളജുകളിലായി 62037 സീറ്റുകൾ ഉള്ളതായി പ്രവേശന പരീക്ഷാ കമ്മിഷണറുടെ കണക്കുകൾ വ്യക്തമാക്കുന്നു. 69 പോളി ടെക്നിക്കുകളിൽ 15680 കുട്ടികൾ പഠിക്കുന്നു. കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും ഭൂരിപക്ഷം കുട്ടികളും ഇന്നും ആർട്സ് ആൻഡ് സയൻസ് കോളജുകളിലാണ്.

സ്വാശ്രയ കോളജുകളെന്ന പ്രതിഭാസം 1991നു ശേഷം പ്രത്യക്ഷപ്പെട്ടതാണ്. 1996ൽ 33 കോളജുകളാണ് ഉണ്ടായിരുന്നതെങ്കിൽ 2003 ആയപ്പോഴേയ്ക്കും 186 കോളജുകളായി. 1995ൽ പതിനാറ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകളുണ്ടായിരുന്നെങ്കിൽ 2011 ആയപ്പോഴേയ്ക്കും 142 ആയി ഉയർന്നു. നെഴ്സിംഗ്, ഫാർമസിയ്ക്കു പഠിക്കുന്ന കുട്ടികളിൽ 90 ശതമാനത്തിലേറെയും ഇന്ന് സ്വാശ്രയ മേഖലയിലാണ്. മെഡിക്കൽ, ആയൂർവേദ, ദന്തൽ കോളജുകളിൽ പഠിക്കുന്നവരുടെ 60 ശതമാനത്തിലേറെ സ്വാശ്രയ കോളജുകളിലാണ്. എഞ്ചിനീയറിംഗ് കോളജുകളിൽ ഇവരുടെ തോത് 83 ശതമാനമാണ്. ആർട്സ് ആൻഡ് സയൻസ് കോളജുകളിൽപ്പോലും 44 ശതമാനം സ്വാശ്രയ മേഖലയിലാണെന്നാണ് ആസൂത്രണ ബോർഡ് കണക്കുകൾ പറയുന്നത്.

ഇതിന്റെ ഫലമായി ഒരു ലക്ഷം പേർക്ക് ഇന്ത്യയിൽ മൂന്നു പ്രൊഫഷണൽ കോളജുകൾ വീതമുള്ളപ്പോൾ കേരളത്തിൽ ഈ തോത് അഞ്ചാണ്. എന്നാൽ ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ ഒരുലക്ഷംപേർക്ക് ഇന്ത്യയിൽ പത്തു കോളജുകൾ വീതമുള്ളപ്പോൾ കേരളത്തിൽ ആറേയുള്ളൂ. ഗ്രോസ് എൻറോൾമെന്റ് റേഷ്യോ എടുത്താൽ കേരളത്തിൽ കോളജ് വിദ്യാർത്ഥി പ്രായത്തിലുള്ള 24 ശതമാനം പേർ ഇന്ന് പഠിക്കാൻ

പോകുന്നുണ്ട്. ഇന്ത്യയിൽ ഈ തോത് 14 മാത്രമാണ്. ഇതിനൊക്കെ പുറമെയാണ് മൂന്നു ലക്ഷം വിദ്യാർത്ഥികൾ കേരളത്തിനു പുറത്ത് ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ എൻറോൾമെന്റ് ദേശീയ ശരാശരിയെക്കാൾ മെച്ചമാണെങ്കിലും വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇന്നും പിന്നിലാണ്.

## II. നിലവിലുള്ള നയങ്ങൾ – ഒരു വിമർശം

സ്വാശ്രയ വിദ്യാഭ്യാസം കേരളത്തിൽ ആരംഭിച്ചതിനു തൊട്ടടുത്ത കാലത്താണ് ഒന്നാം പഠനകോൺഗ്രസ് നടന്നത്. അതിനാൽ സ്വാശ്രയവിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾ ആ പഠനകോൺഗ്രസിൽ ചർച്ചാവിഷയമായില്ല. രണ്ടും മൂന്നും പഠനകോൺഗ്രസുകൾ ഈ വിഷയമടക്കം ഉന്നത വിദ്യാഭ്യാസമേഖലയെക്കുറിച്ച് കൂടുതൽ ആഴത്തിൽ പഠിക്കുകയും ചില ധാരണകളിലെത്തിച്ചേരുകയും ചെയ്തു. ഇവയിൽ പലതും കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് നടപ്പാക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് ഉന്നത വിദ്യാഭ്യാസമേഖലയിൽ സമ്പൂർണ അരാജകത്വവും പിന്നോട്ടുപോക്കുമാണ് കാണാൻ കഴിയുന്നത്. ബിരുദതലത്തിൽ നടപ്പാക്കി തുടങ്ങിയ സെമിസ്റ്റർ സമ്പ്രദായം അട്ടിമറിക്കാനുള്ള ശ്രമമുണ്ടായി. അക്കാദമിക് സമിതികളുടെ താളം തെറ്റിച്ചു. സർവകലാശാലകളിലെ ഉന്നത സ്ഥാനങ്ങളിലെ നിയമനത്തിന് ജാതിമത പരിഗണനകൾ മാനദണ്ഡമായി. ഉന്നത വിദ്യാഭ്യാസരംഗത്തെ പൂർണമായും കമ്പോള ശക്തികൾക്ക് അടിയറ വെച്ചു. ഈ പ്രവണതകൾക്കു മകുടം ചാർത്തിക്കൊണ്ടാണ് പരിപ്രേക്ഷ്യം 2030ൽ ഉന്നതവിദ്യാഭ്യാസത്തെ ഒരു ട്രേഡബിൾ സെക്ടറായി, അഥവാ വിദ്യാഭ്യാസ കച്ചവടമാണ് വികസനത്തിന് ഒറ്റമൂലി എന്ന രീതിയിലുള്ള അവതരണമുണ്ടായത്.

### വിദ്യാഭ്യാസ വാണിജ്യവത്കരണ തന്ത്രം

ആഗോളവൽക്കരണനയങ്ങളുടെ ഭാഗമായി രൂപപ്പെട്ട് വരുന്ന ഇത്തരം കാഴ്ചപ്പാടുകളെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസനയം രൂപീകരിക്കുക എന്നതാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയം. നാടിന്റെ വികസനത്തിനും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള അറിവുകൾ ഉൽപാദിപ്പിക്കുന്ന സമ്പ്രദായങ്ങളേയും കൈയൊഴിയുന്നു എന്നതാണ് സർക്കാരിന്റെ നയങ്ങളുടെ അടിത്തറ. സർക്കാരിന്റെ നിലവിലുള്ള കാഴ്ചപ്പാട് പല രേഖകളിലൂടെയും സമീപനങ്ങളിലൂടെയും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. പുതിയ എഡ്യു-സിറ്റികൾ, കേരള സർക്കാർ മുന്നോട്ടുവച്ച പദ്ധതി പരിപ്രേക്ഷ്യം 2030നും കേന്ദ്ര സർക്കാരിന്റെ ആർ.ഇ.എസ്.എ. രേഖയിലും മുന്നോട്ടുവെച്ച നോളെജ് ഫണ്ടുകൾ എന്നിവ ഇത്തരം കാഴ്ചപ്പാടുകളുടെ പരിണിതഫലമാണ്. ഇവയെല്ലാംതന്നെ ഊന്നുന്നത് വാണിജ്യാടിസ്ഥാനത്തിലുള്ള താൽപ്പര്യങ്ങളെ സംരക്ഷിക്കുന്ന വിധത്തിലുള്ളതാണ്. ദുബായിലും ഇഞ്ചിയനിലും (ഹോങ്ങ്കോങ്ങ്) ഉള്ള ഹബ്ബുകളാണ് കേരള സർക്കാരിന്റെ മാതൃകകൾ. കേരളത്തിലെ ചില നഗരങ്ങളിൽ പ്രത്യേക വൈജ്ഞാനിക മേഖലകളുടെ (ഉദാ: ആരോഗ്യം, കൃഷി) ഹബ്ബുകളും മറ്റു ചിലയിടങ്ങളിൽ അവയുടെ സവിശേഷ മേഖലകളും (ഉദാ: ആയുർവേദം, പ്ലാന്റേഷൻ) അടങ്ങുന്ന ഹബ്ബും സ്പൈക്കും മാതൃകയും നിർദ്ദേശിച്ചിട്ടുണ്ട്. അതായത് പുതിയ വിജ്ഞാന വ്യവസായത്തിന് കീഴിൽ എല്ലാ പ്രദേശങ്ങളെയും സംയോജിപ്പിക്കണമെന്നാണ് നിർദ്ദേശം.

ഇതുതന്നെയാണ് പരിപ്രേക്ഷ്യം 2030 മുന്നോട്ടുവെയ്ക്കുന്നത്. അഞ്ച് ഭീമൻ വൈജ്ഞാനിക നഗരങ്ങൾ സ്ഥാപിക്കുക. ഈ നഗരങ്ങളെ കുറിച്ച് രേഖയിൽ പറയുന്നത് ഇപ്രകാരമാണ്. 'ഈ നിർദ്ദിഷ്ട പ്രദേശങ്ങൾ ഉന്നതനിലവാരമുള്ള വിദ്യാഭ്യാസവും പരിശീലനവും നാട്ടിലെയും വിദേശത്തെയും വിദ്യാർത്ഥികൾക്ക് ഉറപ്പ് വരുത്തി ലോകോത്തര ശ്രദ്ധ ആകർഷിക്കും.........ഈ കേന്ദ്രങ്ങൾ കേന്ദ്ര സർക്കാറിന്റെ വ്യവസായ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിങ്ങ് സോൺസ് (നിംസ്) 'പോലെ സമഗ്രമായ മേഖലകളായിരിക്കും. നിംസ് വ്യവസായത്തിന് വേണ്ടിയുള്ളവയാണ്. അതേസമയം വൈജ്ഞാനിക നഗരങ്ങളാവട്ടെ, വിജ്ഞാനം ഉത്പാദിപ്പിക്കാനും കയറ്റുമതി ചെയ്യാനും വേണ്ടിയുള്ളതാണ്. ഇതിനുവേണ്ടി സ്ഥാപനങ്ങളെയും സ്റ്റാർട്ട് അപ്പുകളെയും സ്പിൻ ഓഫുകളെയും ഉപയോഗപ്പെടുത്തും. ഇതിനായി പ്രത്യേകനിയമം ഉണ്ടാക്കും. ഈ പദ്ധതി നടപ്പാക്കാൻ സ്വകാര്യ മേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയ അന്തർദേശീയ വിദഗ്ധർ എന്നിവരെല്ലാം അടങ്ങുന്ന ഒരു ഇന്റർ ഡിപാർട്മെന്റ് കമ്മറ്റി ഉണ്ടാവും....സേവനദാതാക്കൾ പൊതുമേഖലയോ, സ്വാകാര്യമേഖലയോ, വിദേശമേഖലയോ ആകാം. വ്യവസായ ഗ്രൂപ്പുകൾ സ്പോൺസർ ചെയ്ത ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുമാകാം. 'ഈ നഗരങ്ങളോട് ബന്ധപ്പെട്ടുകൊണ്ട് എല്ലാ ജില്ലകളിലും ഉപകേന്ദ്രങ്ങളും സ്ഥാപിക്കും. കേരളത്തിലെ വിദ്യാഭ്യാസമേഖലയാകെ ഇവയോട് ബന്ധപ്പെടുത്തിയായിരിക്കും വളരുക.

ഇതിനകം തന്നെ സെൽഫ് ഫിനാൻസ് കോളേജുകൾ അനുവദിച്ച് കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖല ഗണ്യമായും വാണിജ്യവത്കരിക്കപ്പെട്ട് കഴിഞ്ഞിരിക്കയാണ്. ഇതിന്റെ ഫലമായി പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്. പക്ഷേ, അതേ സമയം വിദ്യാഭ്യാസനിലവാരം താഴേക്കാണ് പോയിട്ടുള്ളത്. ലാഭം ഒന്നു മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള കച്ചവടമാണ് ഭൂരിപക്ഷ സ്ഥാപനങ്ങളും നടത്തുന്നത്. ഇവിടെ പഠിച്ചിറങ്ങുന്ന ഡോക്ടർമാർക്കോ എഞ്ചിനീയർമാർക്കോ നേഴ്സ്മാർക്കോ മിനിമം നിലവാരം ഉറപ്പു പറയാൻ പറ്റാത്ത അവസ്ഥയാണ്. ഗണ്യമായൊരു പങ്ക് കുട്ടി

കൾ കോഴ്സുകൾ പൂർത്തിയാക്കുന്നില്ല. സാമൂഹ്യനിയന്ത്രണം ഇല്ലാതെ സാമൂഹ്യനീതിക്ക് പരിഗണന നൽകാത്ത ഒരു ഉന്നതവിദ്യാഭ്യാസ മേഖലയാണ് ഇതുവഴി വളർന്നു വന്നിട്ടുള്ളത്. ഇന്നുള്ള അൺ-എയിഡഡ് ഉന്നത വിദ്യാഭ്യാസമേഖല ഇല്ലാതാക്കണം എന്നൊരു നിലപാട് സ്വീകരിക്കുന്നില്ല. മറിച്ച് കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിന് പൊതുവിദ്യാഭ്യാസത്തെ വേണം മുഖ്യമായി ആശ്രയിക്കുവാൻ. ലോകത്തെ പ്രസിദ്ധമായ സർവകലാശാലയിൽ മഹാഭൂരിപക്ഷവും പൊതു സർക്കാറിന്റെയോ മറ്റു ഉദാരമതികളുടെയോ ഫണ്ടുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അവ വിദ്യാഭ്യാസ വാണിജ്യസ്ഥാപനങ്ങളല്ല.

പൊതുസ്വകാര്യ പങ്കാളിത്തത്തിലൂടെ വ്യവസായ പങ്കാളിത്തം നടപ്പിലാക്കപ്പെടുന്നു. നാല് തരത്തിലുള്ള മാതൃകകളാണ് പദ്ധതി പരിപ്രേക്ഷ്യം 2030 രേഖയിൽ ചർച്ച ചെയ്യപ്പെടുന്നത്. ഒന്നിൽ, ഭൗതികസൗകര്യങ്ങൾ ഏർപ്പാട് ചെയ്യുന്നത് സ്വകാര്യ മേഖലയാണ്. ഭരണനിർവഹണം സർക്കാർ നടത്തുന്നു. രണ്ടാമത്തേതിൽ ഭരണത്തിന്റെയും അക്കാദമിക് പ്രവർത്തനങ്ങളുടെയും ചിലവശങ്ങൾ സ്വകാര്യമേഖലയ്ക്ക് നൽകുന്നു. മൂന്നാമത്തേതിൽ സർക്കാരും സ്വകാര്യ ഏജൻസികളും ചേർന്ന് സ്ഥാപനത്തിന്റെ പ്രവർത്തനം നടത്തുന്നു; നാലാമത്തേതിൽ സർക്കാർ ഭൗതികസൗകര്യങ്ങളൊരുക്കുമ്പോൾ മറ്റെല്ലാ ഉത്തരവാദിത്വങ്ങളും സ്വകാര്യ ഏജൻസികൾ ഏറ്റെടുക്കുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ രണ്ട് അടിസ്ഥാനഘടകങ്ങൾ സാമൂഹ്യ ഉത്തരവാദിത്വവും സാമൂഹ്യനീതിയും ഈ നാല് മാതൃകകളിലും വിഭാവനം ചെയ്തിട്ടില്ല. സർക്കാർ സ്ഥാപനങ്ങളുടെ ഭൗതികസൗകര്യങ്ങളും ഫണ്ടിങ്ങും ഉറപ്പുവരുത്തുമ്പോൾ പ്രവർത്തനം നടത്തുന്നത് സ്വകാര്യ ഏജൻസികളാണ്.

അതായത്, വിദ്യാഭ്യാസവിദഗ്ദ്ധരുടെയും കോർപ്പറേറ്റ് ഏജൻസികളുടെയും കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സർക്കാരിന്റെ പങ്കിനെ സംബന്ധിച്ച ധാരണകൾ മാറുന്നതായി കാണാം. സർക്കാരിന്റെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യനിർണയം, മുഖ്യസംഘാടനം, പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ, ധനസമാഹരണം ഉറപ്പുവരുത്തൽ എന്നതല്ല. സർക്കാർ ഇവരുടെ കാഴ്ചപ്പാടിൽ ഒരു പ്രേരകഘടകമാണ്.

ആവശ്യമുള്ളപ്പോൾ ഭൗതികസൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ദേശീയവും വിദേശീയവുമായ മൂലധനത്തിന്റെ സ്വച്ഛന്ദമായ പ്രവർത്തനം ഉറപ്പുവരുത്താനായി നിയമപരമായ വിലങ്ങുതടികളെല്ലാം നീക്കം ചെയ്യുകയുമാണ് സർക്കാരിന്റെ ജോലി. ഇത് വ്യക്തമാക്കുന്നത് സ്വാശ്രയ കോളേജുകൾക്കെതിരായ നിരവധി കേസുകളിൽ സർക്കാർ സ്വീകരിച്ച നയമാണ്. അറിവിനെ തന്നെ വാണിജ്യവൽക്കരിക്കുക എന്ന സമീപനമാണ് ഉയർന്ന് വന്നിരിക്കുന്നത്. പുതിയ സ്ഥാപനങ്ങളിലെ ഉയർന്ന ഫീസ് വിദ്യാർത്ഥി തന്റെ സംരംഭക പ്രവർത്തനങ്ങളിലൂടെ കണ്ടെത്തണമെന്ന ആശയമാണ് രേഖ മുന്നോട്ട് വെക്കുന്നത്. അതായത് അറിവുകളുടെ ഉൽപാദനം എന്നത് ജ്ഞാനസമ്പദ്ഘടനയുടെ 'ഭാഗമായി അറിവുകളുടെ ചരക്കുവൽക്കരണമാണ് എന്ന നിലപാടാണ് സ്വീകരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അറിവ് ഉത്തേജിത'സ്വഭാവം എന്നത് വിദ്യാഭ്യാസത്തിലേയ്ക്ക് മൂലധനത്തിന്റെ കടന്നുവരവിന് നൽകുന്ന ഓമനപേരായി മാറിയിരിക്കുകയാണ്. ''മാനവികമൂലധനമെന്ന പ്രയോഗവും ഇക്കാര്യം തന്നെയാണ് സൂചിപ്പിക്കുന്നത്.

## ദേശീയ വിദ്യാഭ്യാസ നയം

കേരളത്തിന്റെ 2030 ലേയ്ക്കുള്ള പരിപ്രേക്ഷ്യവും ആർ.യു.എസ്.എ രേഖയും ചർച്ച ചെയ്യുന്ന കാര്യങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാരിന്റെ ''ഉന്നത വിദ്യാഭ്യാസ നയചർച്ചകൾക്കുള്ള പ്രമേയങ്ങളും പ്രശ്നങ്ങളും'' എന്ന രേഖയും പൊതുവിൽ ആവർത്തിക്കുന്നത്. ഇതിൽ ചർച്ച ചെയ്യുന്ന പ്രമേയങ്ങളിൽ അക്രഡിറ്റേഷൻ, നിബന്ധനകളുടെ നിലവാരം, വൈദഗ്ദ്ധ്യവികസനം, വിദൂരവിദ്യാഭ്യാസവും സാങ്കേതികബദ്ധ വിദ്യാഭ്യാസവും, വ്യവസായ പങ്കാളിത്തം, അതിൽ പി.പി.പി (പൊതു-സ്വകാര്യ പങ്കാളിത്തം), വിദേശ നിക്ഷേപവും അന്തർദേശീയവൽക്കരണവും തുടങ്ങിയവ ഉൾപ്പെടുന്നു. 'വ്യവസായങ്ങളെ സേവിക്കുന്ന ചരക്കുവൽക്കരിക്കപ്പെട്ട അറിവ് എന്ന ലക്ഷ്യമാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

ഇന്ത്യയിലെ കോർപ്പറേറ്റ് മുതലാളി സംഘടനയായ FICCI (Federation of Indian Chambers of Commerce and Industry)യുടെ റിപ്പോർട്ടിലാണ്. 2030 ൽ ഇന്ത്യൻ ഉന്നത വിദ്യാഭ്യാസം എങ്ങനെയായിരിക്കുമെന്നതിനെക്കുറിച്ച് വർണശബളമായ ചിത്രമാണ് ഇതവതരിപ്പിക്കുന്നത്. അവരുടെ കാഴ്ചപ്പാടും ഇതിനു സമാനമായതാണ്. മറ്റൊരു റിപ്പോർട്ട് സി.ഐ.ഐ (കോൺഫെഡറഷേൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി)യുടേതാണ്. കോർപ്പറേറ്റ് റിപ്പോർട്ടുകളുടെ ഏറ്റവും ശ്രദ്ധേയമായ വശം തൊഴിൽസ്ഥലത്ത് ഉപയോഗപ്രദമായ വിദ്യാഭ്യാസത്തിന് അവർ നൽകുന്ന പ്രാധാന്യമാണ്. വ്യവസായ പങ്കാളിത്തത്തിന്റെ പ്രധാനലക്ഷ്യംതന്നെ പ്രൊഫഷണൽ - വൊക്കേഷൻ കോഴ്സുകൾക്കും തൊഴിൽ സ്ഥലത്താവശ്യമായ അറിവിനും വൈദഗ്ദ്ധ്യത്തിനും അവർ പ്രാധാന്യം നൽകുന്നു. അറിവിന്റെ വാണിജ്യവൽക്കരണം എന്ന പ്രയോഗംകൊണ്ട് അവരുദ്ദേശിക്കുന്നതും അതുതന്നെയാണ്.

ലോകവ്യാപാര സംഘടന സ്വകാര്യ സർവകലാശാലകൾക്കും വിദ്യാഭ്യാസ രംഗത്തെ പ്രത്യക്ഷ വേദിശ നിക്ഷേപങ്ങൾക്കും വേണ്ടി നിലകൊള്ളുന്നു. അതു കൂടാതെ വായ്പകൾ, സ്കോളർഷിപ്പുകൾ, സഹായ നിധികൾ മുതലായവ വഴിയുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റങ്ങൾ, അന്താരാഷ്ട്രതലത്തിലുള്ള അധ്യാപകരുടെ വിന്യാസം, പ്രോജക്ടുകൾ, ദ്വയസ്വഭാവമുള്ള കോഴ്സുകൾ (അതായത് ഒരു വർഷം ഒരു രാഷ്ട്ര

ത്തിലും അടുത്തവർഷം വേറൊരു രാഷ്ട്രത്തിലും), അന്താരാഷ്ട്ര ഗവേഷണസംഘങ്ങൾ തുടങ്ങിയവ വഴിയായുള്ള അന്തർദേശീയവൽക്കരണം തുടങ്ങിയവ നിർദ്ദേശങ്ങളിൽപ്പെടുന്നു. ഇന്നത്തെ ജ്ഞാനസമ്പദ്ഘടനയുടെ ഭാഗമായി വളർന്നുവരുന്ന ലൈസൻസുകൾ, പേറ്റന്റുകൾ, പകർപ്പവകാശങ്ങൾ, കൺസൾട്ടൻസികൾ, വിവരവിനിമയ സാങ്കേതിക വിദ്യ, കരാർ ഗവേഷണം, സ്ഥാപനങ്ങളുടെ ആന്തരികവും ബാഹ്യവുമായ പ്രോജക്ടുകൾ തുടങ്ങിയവയെല്ലാം അന്തർദേശീയവൽക്കരണത്തിന്റെ ഭാഗമാവുകയും അവയെല്ലാം ആഗോള മൂലധനത്തിന്റെ ചട്ടക്കൂട്ടിലേയ്ക്ക് വിദ്യാഭ്യാസത്തെ സന്നിവേശിപ്പിക്കുന്നതിനുള്ള പടികളാക്കി ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്. ഇത്തരത്തിലുള്ള മൂലധനവൽക്കരണത്തിനുള്ള വഴിത്താരയാണ് 2030 ലെ പരിപ്രേക്ഷ്യം പോലുള്ള രേഖകൾ ഒരുക്കുന്നത്.

സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനുള്ള നിയമപരമായ ചട്ടക്കൂടുകൾ തയ്യാറാക്കിയ രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഹിമാചൽപ്രദേശ്, പഞ്ചാബ് മുതലായ സംസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ നേരത്തെ പറഞ്ഞ കോർപ്പറേറ്റ് റിപ്പോർട്ടുകൾ സ്വാഗതം ചെയ്യുന്നുണ്ട്. ഇപ്പോൾ സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനായി കേരളവും ഒരു കമ്മീഷനെ നിയമിക്കുകയും അതിനെ അംഗീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് കമ്മീഷൻ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. സ്വാശ്രയ കോളേജുകളുടെയും സാധാരണ കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെയും വളർച്ച, സ്വയംഭരണ കോളേജുകളാകാൻ ആഗ്രഹിക്കുന്ന കോളേജുകളുടെ എണ്ണത്തിലെ വർദ്ധന, ഓഫ് കാമ്പസ് സെന്ററുകളുടെയും ഫ്രാഞ്ചൈസികളുടെയും വളർച്ച തുടങ്ങിയവയെല്ലാം ചേർന്ന് ലോകടൂറിസ്റ്റ് ഭൂപടത്തിൽ കേരളത്തിനുള്ള സ്ഥാനത്തിന് സമാനമായ സ്ഥാനം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സൃഷ്ടിക്കാമെന്ന ധാരണ സർക്കാരിൽ സൃഷ്ടിച്ചിരിക്കുകയാണ്. സ്വകാര്യ സർവകലാശാലയെക്കുറിച്ചുള്ള നിലപാടും ഇതിനെതന്നെയാണ് കാണിക്കുന്നത്.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പരിഷ്കാരം മുന്നോട്ടുവയ്ക്കുമ്പോൾ സാമൂഹ്യ വിദ്യാഭ്യാസത്തിന്റെ വിപുലമായ ചട്ടക്കൂടിനകത്തുനിന്നുകൊണ്ട് പുതിയ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള ഇടപെടലാണ് വേണ്ടത്. കോർപ്പറേറ്റ് വിദഗ്ദ്ധർ കരുതുന്നതുപോലെ തൊഴിൽസ്ഥലങ്ങളിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മാത്രമല്ല ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിടേണ്ടത്. അതിനുപകരം തൊഴിൽ സ്ഥലങ്ങളടക്കം സമൂഹത്തിന്റെ ആവശ്യങ്ങൾ മൊത്തമായി കണ്ടുകൊണ്ടുള്ള വിദ്യാഭ്യാസമാണ് രൂപപ്പെടേണ്ടത്. ഈ കാഴ്ചപ്പാട് ശാസ്ത്ര അറിവുകളെ സാങ്കേതിക അറിവുകളായി ലഘൂകരിക്കുന്നില്ല. പ്രപഞ്ചത്തെയും ജൈവപ്രക്രിയകളെയും കുറിച്ച് കണ്ടെത്തിയ അറിവ് മുഴുവനും എല്ലാ പഠിതാക്കളും ഉൾക്കൊള്ളേണ്ടവയാണ് ഇന്നത്തെ ജീവിത സാഹചര്യങ്ങളെയും തൊഴിൽമേഖലയെയും കുറിച്ചുള്ള പുതിയ അറിവ് ഉൽപാദനത്തിന് അവ ഉപയോഗിക്കേണ്ടതാണ്. ഇത്തരമൊരു സമീപനം അല്ല സർക്കാരിനുള്ളത്. അതുകൊണ്ട് തന്നെ സമൂഹത്തെ ആകമാനം അറിയുന്നതിനും നയിക്കുന്നതിനും ഉതകുന്ന തലത്തിലുള്ള അറിവ് ഉൽപാദനത്തിലേക്ക് ഉന്നത വിദ്യാഭ്യാസത്തെ കൊണ്ടുപോകുന്നതിന് സർക്കാർ നയം തടസം നിൽക്കുകയാണ്.

പുതിയ കേന്ദ്രസർക്കാർ രേഖയിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് ഉപയോഗിക്കാവുന്ന അദ്ധ്യാപകരുടെയും ഗവേഷകരുടെയും കേന്ദ്രമായി കേന്ദ്ര സർവകലാശാലകൾ വളർത്തിക്കൊണ്ട് വരണമെന്ന് പറയുന്നുണ്ട്. ശാസ്ത്ര സാങ്കേതികവിദ്യകളിലും മാനേജ്മെന്റിലും ഐ.ഐ.ടി, ഐ.ഐ.എം, ഐസർ മുതലായവയുടെ പങ്കും അത് തന്നെയായിരിക്കും. ഇതിന്റെ അർത്ഥം സംസ്ഥാനങ്ങൾ സ്ഥാപിക്കുന്ന സർവകലാശാലകൾക്കും ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുമുള്ള കേന്ദ്രവിഹിതം പരിമിതമായിരിക്കും. ഒന്നുകിൽ അത്തരം സ്ഥാപനങ്ങൾക്ക് പൊതുസ്വകാര്യ പങ്കാളിത്തത്തിലേയ്ക്ക് നീങ്ങേണ്ടിവരും. അല്ലെങ്കിൽ ഇന്ത്യക്കാരോ വിദേശികളോ ആയ വിദ്യാഭ്യാസ സംരംഭകർക്ക് വഴിയൊരുക്കേണ്ടിവരും. ഇത്തരത്തിൽ സ്വകാര്യവൽക്കരണത്തിന്റെ അജണ്ടകൾ കേന്ദ്രസർക്കാർ നയത്തിലും ഒളിഞ്ഞു കിടക്കുകയാണ്.

## കേരളത്തിലെ വർത്തമാനകാല സ്ഥിതി

മധ്യവർഗ തൊഴിലാളികൾക്കുവേണ്ടിയുള്ള ജനങ്ങളുടെ അഭിലാഷങ്ങളെ ദുരുപയോഗപ്പെടുത്തി മേൽവിവരിച്ച തരത്തിലുള്ള വാണിജ്യവൽക്കരണത്തിന്റേയും കോർപ്പറേറ്റ്വൽക്കരണത്തിന്റേയും രീതികളെ അടിച്ചേൽപിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പഠനഫലങ്ങൾ മെച്ചപ്പെട്ടതല്ല എന്നതും ഇതിനൊരു കാരണമാണ്. നിരവധി വാണിജ്യ കോളേജുകൾ വളർന്നുവന്നിട്ടും പരമ്പരാഗത റെഗുലർ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെയും പ്രൊഫഷണൽ കോളേജുകളുടെയും ജനപ്രീതി കുറഞ്ഞിട്ടില്ല. ഇന്ന് സ്വയംഭരണ കോളേജുകൾ സ്ഥാപിക്കുന്നതിലുള്ള താൽപര്യവും ഈ ജനപ്രീതിയുടെ സൂചനയാണ്.

## സ്വയംഭരണ കോളജുകൾ

ഇന്നത്തെ സ്വയംഭരണ കോളേജുകൾ എന്നതിന്റെ അർത്ഥം സാമ്പത്തികവും മാനേജ്മെന്റ് തലത്തിലുള്ള സ്വയംഭരണം എന്നാണ്, അവിടെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ശമ്പള സാധ്യത ഇപ്പോഴും സർക്കാർ തന്നെയാണ് വഹിക്കുന്നത്. കോഴ്സുകൾ വിഭാവനം ചെയ്യൽ, മൂല്യനിർണ്ണയം, ഗവേഷണ പദ്ധതികൾ എന്നിവയിലുള്ള അക്കാദമിക് സ്വയംഭരണം നമ്മുടെ റിപ്പോർട്ടുകൾ വിഭാവനം ചെയ്യുന്ന ബോധനത്തിൽ നിന്ന് പഠനത്തിലേയ്ക്കുള്ള മാറ്റത്തിന് ആവശ്യമാണ്. അത് നമ്മുടെ വിദഗ്ദ്ധരുടെയും ഭരണകർത്താക്കളുടെയും കർമ്മപദ്ധതിയിൽ വന്നിട്ടില്ല.

സാധാരണ കോളേജുകളിൽ അഫിലിയേഷൻ സമ്പ്രദായം പ്രവേശത്തിലും ബോധനരൂപങ്ങളിലും ചില പൊതുമാനദണ്ഡങ്ങൾ കൊണ്ടുവരുന്നു. അതാണ് ജാതി-മത സ്ഥാപനങ്ങളെ വേവലാതിപ്പെടുത്തുന്നത്. സ്വയംഭരണ കോളേജുകൾ സ്ഥാപിക്കപ്പെട്ടതുകൊണ്ട് മാത്രം ഗുണനിലവാരം വർധിക്കുമെന്നതിന് തെളിവില്ല. ഒരു കോളേജിലെ അക്കാദമിക് സമൂഹത്തിന് പാഠ്യപദ്ധതിയുടെയും സംഘാടനത്തിന്റെയും തലത്തിൽ പുതിയ രൂപങ്ങൾ സൃഷ്ടിക്കുന്നതിനും അറിവ് ഉൽപ്പാദനത്തിൽ മതനിരപേക്ഷവും ജനാധിത്യപരവുമായ സമീപനം സ്വീകരിക്കുന്നതിനുമുള്ള അധികാരമുണ്ടെങ്കിൽ മാത്രമേ ഗുണനിലവാരത്തിലെ വളർച്ച സാധിക്കുകയുള്ളൂ.

വിവരസാങ്കേതികവിദ്യ, സാങ്കേതികബദ്ധമായ വിദ്യാഭ്യാസം, സ്വയംഭരണം എന്നിവയുടെ പ്രസക്തിയെ തള്ളിപ്പറയുകയല്ല. ഗുണനിലവാരമുള്ള അക്കാദമിക് സമൂഹം ഉന്നതവിദ്യാഭ്യാസത്തിന്റെ നേതൃസ്ഥാനത്തുവരുമ്പോൾ മാത്രമാണ് സാങ്കേതികവിദ്യകളുടെ പ്രസക്തി തെളിയിക്കാൻ കഴിയുന്നത്. സാങ്കേതികബദ്ധമായ അറിവ് ഉൽപ്പാദനവും അറിവിന്റെ വാണിജ്യവൽക്കരണവും കൊണ്ട് ഗുണനിലവാരം വളരുമെന്ന് ഉറപ്പുവരുത്താൻ സാധിക്കുകയില്ല. അറിവ് ഉൽപ്പാദനത്തിന് സഹായിക്കുന്ന സംവിധാനങ്ങളുടെ ശൃംഖല ഉണ്ടായതുകൊണ്ട് മാത്രം അത് ഗുണനിലവാരത്തെ സൂചിപ്പിക്കുകയില്ല. അതിനോടൊപ്പം പഠിതാവിനെ സ്വന്തം കഴിവുകളെയും വൈദഗ്ദ്ധ്യങ്ങളെയും സർഗാത്മകമായി ഉപയോഗപ്പെടുത്തി പുതിയ അറിവ് സൃഷ്ടിക്കാനുള്ള ഉത്തേജനം നൽകാൻ കഴിയുന്ന മസ്തിഷ്കങ്ങളും കൈകളും അവിടെയുണ്ടാകണം.

പുതിയ വെല്ലുവിളികളെ നേരിടാനും പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും കഴിവും സന്നദ്ധതയുമുള്ള ഗുണപരമായി മേന്മയുള്ള അക്കാദമിക് സമൂഹത്തെ ശ്രദ്ധാപൂർവ്വം വളർത്തിക്കൊണ്ടുവരണമെന്നാണ് ഇതുകാണിക്കുന്നത്. പുതിയ പാഠത്തെയെ ഉപകരണത്തെയോ കുറിച്ച് അറിവുള്ള ഒരു പ്രേരകന്റെയോ വഴികാട്ടിയുടെയോ സംവാദസമൂഹത്തിന്റെയോ സാമീപ്യമില്ലാതെ ഒരു പ്രതീതി മാത്രപാഠമോ ശ്രാവ്യരൂപമോ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയില്ല. പ്രൊഫഷണലും തൊഴിൽപരവും തൊഴിൽ സ്ഥാനങ്ങളിൽ പ്രയോജനകരവുമായ വിദ്യാഭ്യാസം തീർച്ചയായും ഇപ്പോൾ നിലവിലുള്ള അറിവുകളിൽ വൈദഗ്ദ്ധ്യം നേടാൻ സഹായിക്കും. അത് സൃഷ്ടിക്കുന്ന സാങ്കേതിക വിദഗ്ദ്ധരുടെ പടയിലാണ് കോർപ്പറേറ്റുകൾക്ക് താൽപര്യം. കേരളത്തെപ്പോലെ ജീവിത ഗുണനിലവാരത്തിലും അവസരസമത്വത്തിലും സാമൂഹ്യനീതിയിലും നേട്ടങ്ങൾ കൈവരിച്ച കേരളം പോലുള്ള സംസ്ഥാനത്തിൽ കോർപ്പറേറ്റ് തൊഴിലുകൾക്കുള്ള വിദ്യാഭ്യാസം മാത്രമായി ഉന്നതവിദ്യാഭ്യാസത്തെ ചുരുക്കിക്കാണാൻ കഴിയുകയില്ല. ഒരു രാഷ്ട്രത്തിന്റെ ഉന്നതവിദ്യാഭ്യാസലക്ഷ്യവും അത് മാത്രമാകാൻ പാടില്ല. ഗുണമേന്മയുള്ള അക്കാദമിക് സമൂഹം സൃഷ്ടിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയുടെ തലവും വ്യത്യസ്തമായിരിക്കും.

അക്കാദമിക് നിലവാരത്തിന്റെ വളർച്ചയ്ക്കുള്ള പ്രധാനപടികളാണ് അക്രഡിറ്റേഷൻ, ഗുണനിലവാരം ഉറപ്പുവരുത്തുന്ന ഐക്യം എ.ഡി.കൾ, അദ്ധ്യാപകരുടെ അക്കാദമിക് വളർച്ചയക്കും അവരുടെ പ്രകടനം വിലയിരുത്തുന്നതിനുമുള്ള നടപടികൾ, പരിണതഫലങ്ങൾ വിലയിരുത്തുന്നതിനുള്ള പുതിയ രീതികൾ തുടങ്ങിയവയെന്ന് വാദിക്കപ്പെടാം. ഈ വാദമനുസരിച്ച് ഈ പുതിയ രീതികൾ നടപ്പിലാക്കുന്നതിനുള്ള ഇച്ഛാശക്തിയില്ലായ്മയും അതിനുള്ള സംവിധാനങ്ങളില്ലായ്മയുമാണ് പ്രധാന പ്രശ്നം.

### അധ്യാപകർ

നമ്മുടെ അധ്യാപകർ പഴയ രീതി തുടരുന്നവരാണെന്നും പഠിതാക്കളെ പ്രോജക്ടുകൾ ചെയ്യാൻ പ്രേരിപ്പിക്കുന്നില്ലെന്നും സ്വയം ഗവേഷണം നടത്തുന്നില്ലെന്നും ഒക്കെയുള്ള വിമർശനങ്ങൾ നിലവിലുണ്ട്. ഇത്തരം വിമർശനങ്ങളിൽ യാഥാർത്ഥ്യമുണ്ട്. സാമ്പത്തിക ആനുകൂല്യങ്ങളും സ്ഥാനക്കയറ്റവും വാഗ്ദാനം ചെയ്ത് അദ്ധ്യാപകരെക്കൊണ്ട് ഗവേഷണം ചെയ്യിക്കുന്നതും, അവരുടെ വ്യക്തിഗത പ്രകടനാങ്കങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പ്രോജക്ടുകൾ ചെയ്യിക്കുന്നതും കൊണ്ടുമാത്രം ബോധനപഠനരൂപങ്ങളുടെയോ ജ്ഞാനോൽപ്പാദനത്തിന്റെയോ ഗുണനിലവാരം വർധപ്പിക്കണമെന്നില്ല. നമ്മുടെ കോളേജുകളിൽ പല കോൺഫറൻസുകളും നടത്താറുണ്ട്. വേണ്ടത്ര തയ്യാറെടുപ്പ് പോലുമില്ലാതെ അതിൽ നടത്തുന്ന പ്രഭാഷണങ്ങൾ പഠിതാക്കളുടെ ഇടയിൽ പുതിയ ചിന്ത ഉൽപ്പാദിപ്പിക്കുന്നതിന് സഹായിക്കുന്നില്ല. കോളേജുകളിൽ നിന്നും പുറത്തുവരുന്ന പ്രസിദ്ധീകരണങ്ങളുടെയും ജേണലുകളുടെയും നിലവാരവും ഇതിനെതന്നെയാണ് കാണിക്കുന്നത്. അക്രഡിറ്റേഷനനുസരിച്ച് എ ഗ്രേഡ് പോലുള്ള ഉയർന്ന ഗ്രേഡുകൾ ലഭിക്കുന്നതും ഗുണനിലവാരത്തെ കാണിക്കുന്നു എന്ന് വാദിക്കാം. ജ്ഞാനോൽപ്പാദനത്തെ വ്യക്തമായി നിർണ്ണയിക്കുന്ന സൂചികയായി അക്രഡിറ്റേഷനെ കാണാമോ എന്നതും പരിശോധിക്കണം. നിശ്ചിതവും മുൻകൂട്ടി തീരുമാനിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾക്കനുസരിച്ച് ഒരു പ്രത്യേക സമയത്ത് നടത്തുന്ന വിധി നിർണയം ദീർഘകാലയളവുകളിൽ ഒരു സ്ഥാപനത്തിന്റെ പ്രകടനം വിലയിരുത്തുന്നതിന് പര്യാപ്തമാണോ തുടങ്ങിയ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരു സ്ഥാപനത്തിന്റെ സാമൂഹ്യമായ പങ്കിനെ, അതായത് സാമൂഹ്യമായും സാമ്പത്തികമായും അധ:സ്ഥിതരായ വർഗ്ഗങ്ങളിലേയ്ക്കും വിഭാഗങ്ങളിലേയ്ക്കും ഉന്നതവിദ്യാഭ്യാസമെത്തിക്കാൻ നടത്തിയ പ്രവർത്തനത്തെ അത് കണക്കിലെടുക്കുന്നില്ല. അക്രഡിറ്റേഷൻ റേറ്റിങ്ങും ധനവിതരണവും തമ്മിൽ ഇന്നുണ്ടാകുന്ന ബന്ധം പാവപ്പെട്ടവർ പഠിക്കുന്ന സ്ഥാപനങ്ങളെ പുറന്തള്ളുകയും വരേണ്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതു

വഴി വിദ്യാഭ്യാസരംഗത്തെ വർഗഭിന്നതകളെ ശക്തിപ്പെടുത്തുന്നതിനാണ് സഹായിക്കുന്നത്.

മാനവികമൂലധനത്തെയോ വിജ്ഞാനത്തിന്റെ വാണിജ്യവൽക്കണത്തെയോ ഉൽപാദിപ്പിക്കാൻ കഴിയുന്ന കുറെ അംഗങ്ങളുടെ കൂട്ടമായി മാത്രം ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഗുണനിലവാരത്തെ വിലയിരുത്താൻ കഴിയുകയില്ലെന്ന് വ്യക്തമാണ്. വാണിജ്യമൂല്യമുള്ളതായാലും അല്ലെങ്കിലും ഒരു സ്ഥാപനത്തിന്റെ ഗുണനിലവാരം പുതിയ ജ്ഞാനരൂപങ്ങളെ ഉൽപാദിപ്പിക്കാൻ കഴിയുന്നില്ല. സാങ്കേതികജ്ഞാനവും വൈജ്ഞാനികമായ കഴിവുകളും വൈദഗ്ദ്ധ്യമുള്ള അക്കാദമിക് സമൂഹത്തെ ആശ്രയിച്ചിരിക്കുന്നു. ആ പ്രദേശത്തിലെ സാമൂഹ്യവും സാമ്പത്തികവുമായ ഭിന്നതകളെ പരിഹരിക്കാനും ജനതയ്ക്ക് തുല്യതയും നീതിയും ഉറപ്പിക്കാനും എത്രമാത്രം സാധിച്ചിട്ടുണ്ട് എന്നത് സമൂഹ വികാസത്തിന്റെ സൂചികയാണ്.

കേരളത്തിൽ ഉണ്ടായ ജീവിത ഗുണനിലവാരത്തിന്റെ വളർച്ച ലിബറലും പുരോഗമനപരവുമായ സർക്കാർ നയങ്ങൾകൊണ്ട് മാത്രമല്ല, സാമൂഹ്യപരിഷ്ക്കാരങ്ങൾ, ഫ്യൂഡൽ ഭൂപ്രഭുത്വത്തിന് വിരുദ്ധവും തൊഴിലെടുക്കുന്നവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള ജനാധിപത്യ പോരാട്ടങ്ങൾ എന്നിവയാൽ കൂടി സൃഷ്ടിക്കപ്പെട്ടതാണ്. സമ്പൂർണ്ണ സാക്ഷരത, സർവ്വത്രിക സ്കൂൾ വിദ്യാഭ്യാസം, പൊതുജനങ്ങളുടെ ഇടയിൽ വിജ്ഞാന പ്രസരണം സാദ്ധ്യമാക്കിയ പൊതുമണ്ഡലത്തിന്റെ വികാസം, സമ്പദ്ഘടന, പരിസ്ഥിതി, ആരോഗ്യം, സാമൂഹ്യനീതി, ലിംഗപദവി മുതലായ പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുവാൻ സഹായിച്ച ജനാധിപത്യപരമായ പൊതുബോധവും ചേർന്ന് സാമൂഹ്യമായ ജ്ഞാനോൽപ്പാദനത്തിനുള്ള സാഹചര്യങ്ങളൊരുക്കിയിട്ടുണ്ട്. ഇത് സാമ്പത്തിക വളർച്ചയ്ക്ക് മാത്രമല്ല, സാമൂഹ്യ വികാസത്തിനും ജനങ്ങളുടെ ജീവിത പ്രശ്നങ്ങളുടെ പരിഹാരത്തിനും സഹായിച്ചിട്ടുണ്ട്. കേരളത്തിന്റെ സാഹചര്യങ്ങളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന്റെ വളർച്ച സാമൂഹ്യപ്രക്രിയയാണ്. അതിൽ സംരംഭകമാനേജ്മെന്റുകൾക്ക് മാത്രമല്ല സമൂഹത്തിനും അക്കാദമിക് സമൂഹത്തിനും പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്.

സാമൂഹ്യശാസ്ത്രം, ഭാഷ, സാംസ്കാരിക പഠനം എന്നിവയുടെ പ്രാധാന്യത്തെ കണ്ടുകൊണ്ടുള്ള നിലപാടാണ് ഇത്. മനുഷ്യസമൂഹങ്ങളെക്കുറിച്ചുള്ള സമഗ്രമായ ഉൾക്കാഴ്ചകൾക്ക് അവയുടെ പഠനം അനിവാര്യമാണ്. പ്രായോഗിക വൈദഗ്ദ്ധ്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ സാങ്കേതികവിദ്യകളിൽ മാത്രം ഒതുക്കിനിർത്തേണ്ടതല്ല, സർഗാത്മകത, ആസ്വാദനം, ആവിഷ്കാരം എന്നിവയിലുള്ള വൈദഗ്ദ്ധ്യവും കായിക വൈദഗ്ദ്ധ്യവും അതിൽപ്പെടും. അറിവ് ഉൽപ്പാദനം എന്നത് വാണിജ്യവൽക്കരിക്കപ്പെട്ട അറിവും തൊഴിൽ സ്ഥലങ്ങളിലെ പ്രായോഗികക്ഷമതയും മാത്രമായി കാണാതെ മനുഷ്യർ വാണിജ്യവും തൊഴിൽഫലങ്ങളുമടക്കം പുതിയ സാമൂഹ്യജീവിത രൂപങ്ങൾ കണ്ടെത്തുന്ന പ്രക്രിയയാണ് എന്ന നിലയിലാണ് കാണേണ്ടത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ കേവലം വിദ്യാഭ്യാസ സംരംഭങ്ങളായി കാണുന്ന രീതിയല്ല നാം സ്വീകരിക്കേണ്ടത്. സാമൂഹ്യ പ്രവർത്തനങ്ങളുടെ അക്കാദമിക കേന്ദ്രങ്ങളായി വിദ്യാഭ്യാസത്തെ കാണുകയാണ് ചെയ്യേണ്ടത്. ആ കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അക്കാദമിക പ്രവർത്തനം സൃഷ്ടിക്കുന്ന ജ്ഞാനത്തെയോ സാങ്കേതികവിദ്യയെയോ പേറ്റന്റ് ചെയ്യുകയോ അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കുകയോ ചെയ്യാം. പക്ഷേ, അതിന്റെ അടിസ്ഥാനത്തിൽ ആ സ്ഥാപനം ഒരു വ്യവസായ സംരംഭമായി മാറുകയില്ല, അത്തരത്തിലുള്ള സംരംഭകത്വം അറിവ് ഉൽപ്പാദനത്തെ നശിപ്പിക്കുകയാണ് ചെയ്യുക.

പുതിയ അറിവിന്റെ ഉൽപ്പാദനം സാമൂഹ്യ ജ്ഞാനത്തിന്റെ ഭാഗമായി തീരുകയും അതുൽപാദിപ്പിച്ച ആൾ പേറ്റന്റ് എടുത്ത് ഒരു സ്റ്റാർട്ടപ്പ് കമ്പനി ആരംഭിക്കുകയും ചെയ്യാം. ആ കമ്പനി അക്കാദമിക് സ്ഥാപനത്തിൽ വേർതിരിഞ്ഞ് സ്വതന്ത്രമാകും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാതൃകകളാകേണ്ടത് പ്രവർത്തനക്ഷമത നിലനിർത്തുകയും പുതിയ അറിവ് ഉൽപാദനത്തിൽ നിരതരായിരിക്കുകയും ചെയ്യുന്ന പാശ്ചാത്യവും പൗരസ്ത്യവുമായ പരമ്പരാഗത അക്കാദമിക കേന്ദ്രങ്ങളാണ്.

സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള കാഴ്ചപ്പാടുകൾ അതിനെ അംഗീകരിക്കുന്ന വിദ്യാഭ്യാസ വിദഗ്ദ്ധന്മാരുടെയും ആശയങ്ങളിലെ ഒരു പ്രധാന പ്രശ്നം ജ്ഞാനസമ്പദ്ഘടനയും'ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ആശയക്കുഴപ്പമാണ്. ഇന്നത്തെ മുതലാളിത്ത വികസനത്തിന് വിവരവിനിമയ സാങ്കേതികവിദ്യയുടെ വളർച്ചകൊണ്ട് വിവരനിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തി പ്രതീതീമാത്രയാഥാർത്ഥത്തിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന നിരവധി സംരംഭങ്ങൾ പ്രേരകമായിട്ടുണ്ടെന്നത് വസ്തുതയാണ്. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തെ മുഴുവൻ 'ജ്ഞാനസമ്പദ്ഘടനയുടെ ഉപഘടകമായി ചിത്രീകരിക്കുന്നതും അറിവ് ഉൽപാദനത്തെതന്നെ ജ്ഞാനസമ്പദ്ഘടനയ്ക്കു വേണ്ടിയുള്ള ഉൽപാദനമായി കാണുന്നതും ശരിയല്ല. സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള സമീപനങ്ങളിലെല്ലാം ഈ ലളിതമായ ന്യൂനവൽക്കരണമാണ് നടന്നിട്ടുള്ളത്.

### കേവലം വിദ്യാസംരംഭകരല്ല

ഉന്നതവിദ്യാഭ്യാസം അക്കാദമിക് പ്രവർത്തനവും ജ്ഞാനസമ്പദ്ഘടന സംരംഭക പ്രവർത്തനവുമാണ്. ഇതുരണ്ടും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നത് ശരിയല്ല. അക്കാദമിക് പ്രവർത്തകരിൽ പലരും സംരംഭകർ ആയിമാറിയിട്ടുണ്ടെന്നത് വസ്തുതയാണ്. അതിന്റെ അർത്ഥം അക്കാദമിക് പ്രവർത്തനം മുഴുവനും സംരംഭക പ്രവർത്തനമായി മാറണമെന്നല്ല. അക്കാദമിക്

സ്ഥാപനങ്ങൾ അങ്ങനെതന്നെ തുടരുമ്പോൾ അതിൽ നിന്നുള്ള ഉൽപന്നങ്ങൾ ഒരു സ്പിൻ ഓഫ് കമ്പനിയുടെ സ്ഥാപനത്തിലേയ്ക്ക് നയിക്കാം. പക്ഷേ, അതിന്റെ സ്ഥാനം തികച്ചും സ്വതന്ത്രമായിരിക്കും. ഒരു അക്കാദമിക് സ്ഥാപനത്തിലെ ജ്ഞാനപ്രവർത്തനം കമ്പോളാധിഷ്ഠിത പ്രവർത്തനത്തിൽ നിന്ന് വ്യത്യസ്തമായിരിക്കണം എന്നതാണ് പ്രധാനം.

ഉന്നത വിദ്യാഭ്യാസരംഗത്തെ കാര്യങ്ങളെയെല്ലാം വിളക്കിച്ചേർത്ത് ഒരു സംരംഭത്തെ സൃഷ്ടിക്കുന്നത് വിദ്യാഭ്യാസ സ്ഥാപനത്തെ കമ്പോള നിയമങ്ങൾക്ക് കീഴടക്കുകയും അക്കാദമിക് പ്രവർത്തകരെ മുഴുവൻ സംരംഭത്തിന്റെ നിർവാഹകരാക്കി മാറ്റുകയും ചെയ്യുകയായിരിക്കും. കമ്പോള നിയമങ്ങൾ അനുസരിച്ച് നീങ്ങേണ്ട ഒന്നായി അക്കാദമിക് പ്രവർത്തനം മാറുകയും ചെയ്യും. അതിലൂടെ സ്ഥാപനത്തിന്റെ സ്വയംഭരണ സ്വഭാവം ഇല്ലാതെയാകും. കേരളത്തിന്റെ സമ്പദ്ഘടനയുടെ ഭാവിയിൽ ജ്ഞാനസംരംഭങ്ങളുടെ പ്രസക്തിയെ ഇവിടെ നിരാകരിക്കുന്നില്ല. ജ്ഞാനസംരംഭങ്ങളെന്ന നിലയിൽ സ്ഥാപിക്കപ്പെടുന്ന ഹബ്ബുകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ വേർതിരിക്കപ്പെടണം. ഒരു ജ്ഞാനസംരംഭം സാധ്യമാക്കുന്ന അറിവ് ഉൽപാദനത്തിലും ഗവേഷണത്തിലും അക്കാദമിക് പ്രവർത്തകർ കേന്ദ്രീകരിച്ച് പ്രവർത്തിക്കേണ്ടത് അറിവുകളെ അടിസ്ഥാനപ്പെടുത്തി രൂപം കൊള്ളുന്ന സംരംഭങ്ങളുടെ ഭാവിക്കുതന്നെ ആവശ്യമാണ് എന്നതാണ് യാഥാർത്ഥ്യം.

ഇവിടെ നിർദ്ദേശിക്കുന്ന അറിവ് ഉൽപ്പാദന സങ്കൽപം സാക്ഷാത്കരിക്കാനുള്ള കഴിവ് ഇന്നത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കില്ലെന്നും അവ അത്തരത്തിലുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതില്ലെന്നും വാദിക്കാം. വലിയൊരു ശതമാനം സ്ഥാപനങ്ങൾ, പ്രത്യേകിച്ച് സ്വാശ്രയകോളേജുകൾ, വരുമാനദായകമായ തൊഴിലുകൾക്ക് വേണ്ടിയുള്ള അഭിലാഷങ്ങളോടുള്ള പ്രതികരണങ്ങളാണെന്നത് ശരിയാണ്. അതായത് ആഗോളവിപണിയിലെ സ്ഥാനലബ്ധിയ്ക്കു വേണ്ടിയുള്ള പരിശീലനക്കളരികളാണിവ. ഇതിനുള്ള ഉദാഹരണം നഴ്സിങ് കോളേജുകളാണ്.

തൊഴിൽ വൈദഗ്ദ്ധ്യത്തിനും നൈപുണികൾക്കും തൊഴിൽശാലകളിലെ ആവശ്യങ്ങൾക്കും വേണ്ടി പരിശീലനം നടത്തുന്ന ഒരു സംഘം സ്ഥാപനങ്ങളെ വിഭാവനം ചെയ്യാൻ കഴിയും. അവയെ കമ്മ്യൂണിറ്റി കോളേജുകളെന്നോ, കുറച്ചുകൂടി കൃത്യമായി, പോളിടെക്നിക്കൽ സ്ഥാപനങ്ങളെന്നോ വിളിക്കാം. അവയെ വാണിജ്യപരമോ, അല്ലാത്തതോ ആയ അറിവ് ഉൽപാദനകേന്ദ്രങ്ങളുമായി കൂട്ടിക്കുഴയ്ക്കേണ്ടതില്ല. പല സ്വാശ്രയസ്ഥാപനങ്ങളും പോളിടെക്നിക്കൽ സ്ഥാപനങ്ങളെന്ന നിലയിലാണ് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുക.

ഇന്ന് ഉന്നത വിദ്യാഭ്യാസത്തിൽ രണ്ടുതരത്തിലുള്ള സ്ഥാപനങ്ങളും കോഴ്സുകളുമുണ്ട്. ഒരുതരം സ്ഥാപനങ്ങൾ പ്രൊഫഷണൽ, ടെക്നിക്കൽ, സയൻസ്, സോഷ്യൽ സയൻസ്, കല, ഭാഷ മുതലായ മേഖലകളിലെ അറിവ് ഉൽപാദനം ലക്ഷ്യമാക്കുന്നു. മറ്റൊരുതരത്തിലുള്ള കോഴ്സുകളും സ്ഥാപനങ്ങളും വരുമാനദായകമായ തൊഴിലുകൾക്കുവേണ്ടിയുള്ള ബോധന സംവേദന രൂപങ്ങളും പരിശീലനവും നടത്തുന്നു. ജ്ഞാനസംരംഭങ്ങൾ മുമ്പ് സൂചിപ്പിച്ചതുപോലെ ഇതന് പുറത്താണ്. ഇപ്പോൾ ഈ രണ്ട് ലക്ഷ്യങ്ങളും വിളക്കിച്ചേർത്ത് അവിയൽരൂപത്തിലുള്ള നിരവധി കോഴ്സുകളുടെ ഗുണനിലവാരത്തെയും കാര്യക്ഷമതയെയും കോളേജുകളുടെ മൊത്തം പ്രകടനത്തെയും സാരമായി ബാധിക്കുന്നുണ്ട്. ഓരോ സ്ഥാപനത്തിന്റെയും മുൻഗണനാക്രമം തീരുമാനിക്കുകയും അതനുസരിച്ച് കോഴ്സുകളും പരിപാടികളും അനുവദിക്കുകയും ചെയ്യുകയാണ് വേണ്ടത്.

അറിവ് ഉൽപ്പാദനം കമ്പോളത്തിനോ കോർപ്പറേറ്റുകൾക്കുപോലുമോ വിട്ടുകൊടുക്കേണ്ട ഒന്നല്ല. പ്രഖ്യാപനങ്ങൾ സൂചിപ്പിക്കുന്നത് ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവരുടെ ധാരണ സംരംഭകത്വത്തെ ആശ്രയിച്ചുള്ളതാണ്, സാമൂഹ്യമല്ല. അതുകൊണ്ട് കോർപ്പറേറ്റ് ഗവൺമെന്റ് വിദഗ്ദ്ധരുടെ നിലപാടുകൾക്ക് വിരുദ്ധമായി ഉന്നതവിദ്യാഭ്യാസത്തിന്റെ സംഘാടനത്തിലും ഭരണനിർവഹണത്തിലും സർക്കാർ കൂടുതൽ നിർണായകമായ പങ്കുവഹിക്കണം. സാമൂഹ്യമായ അറിവ് ഉൽപാദനത്തിലും സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന സ്ഥാപനമെന്ന നിലയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കണമെങ്കിൽ സർക്കാരിന്റെ വർദ്ധിച്ച ഇടപെടൽ ആവശ്യമാണ്. ഇതിന്റെ അർത്ഥം കോളേജുകളിൽ നിർബന്ധിത പഞ്ചിംഗ് നടപ്പിലാക്കിയതുപോലെ സകലകാര്യങ്ങളിലും ഇടപെടുന്ന വിദ്യാഭ്യാസ മെഗാമാനേജർ അല്ലെങ്കിൽ സി.ഇ.ഒ ആയി ഗവൺമെന്റ് പ്രവർത്തിക്കുക എന്നല്ല. എല്ലാ അക്കാദമിക് പ്രവർത്തനങ്ങളെയും ബ്യൂറോക്രാറ്റിക് – ഉദ്യോഗസ്ഥ മേൽനോട്ടത്തിന്റെ കീഴിൽ കൊണ്ടുവരികയും അതിന്റെ ലക്ഷ്യമല്ല.

### സർക്കാരിന്റെ കടമ

സർക്കാർ ചെയ്യേണ്ടത് മുഖ്യസംഘാടകരും പ്രേരകരും എന്ന രീതിയിലുള്ള പ്രവർത്തനമാണ്. സ്ഥാപനങ്ങളുടെ അക്കാദമിക് സ്വയംഭരണവും അക്കാദമിക് സമൂഹത്തിന്റെ പ്രവർത്തന സ്വാതന്ത്ര്യവും ഉറപ്പുവരുത്തുകയും അതേസമയം സ്ഥാപനങ്ങൾ നടത്തുന്ന അറിവ് ഉൽപാദനത്തിന്റെ സാമൂഹ്യലക്ഷ്യങ്ങൾ അവർ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുകയാണ് സർക്കാരിന്റെ കടമ. സ്ഥാപനങ്ങളിലെ സാമൂഹ്യനീതിയും സാമൂഹ്യഉത്തരവാദിത്വവും ഉറപ്പുവരുത്തുന്ന സംവിധാനങ്ങളും സർക്കാർ ഏർപ്പെടുത്തണം. ഭരണഘടനയുടെ ലിബറൽ ജനാധിപത്യ തത്വങ്ങൾക്കനുസരിച്ച് സ്ഥാപനങ്ങളിൽ മതനിരപേക്ഷ, ജനാധിപത്യ, ശാസ്ത്രീയ സ്വഭാവത്തിലുള്ള പഠനം നടക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജനാധിപത്യപരമായ അവകാശങ്ങൾ ഇല്ലാതാക്കുന്നതിനും പരിമിതപ്പെടുത്തുന്നതിനുമുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. ഇത് വിദ്യാർത്ഥികളുടെ സർവ്വോന്മുഖമായ വികാസത്തെ തടസപ്പെടുത്തുന്ന തരത്തിലേക്ക് വികസിക്കുകയാണ്. കാലഹരണപ്പെട്ട സാംസ്കാരിക രീതികൾ വിദ്യാർത്ഥികളുടെ മേൽ അടിച്ചേൽപിക്കുന്നതിനുള്ള ശ്രമങ്ങളും നടക്കുകയാണ്. പ്രശ്നങ്ങളിൽ സജീവമായി പ്രതികരിക്കുന്ന ചലനാത്മകമായ വിദ്യാർത്ഥിയെ രൂപപ്പെടുത്തുന്നതിന് പകരം എന്തും അനുസരണയോടെ ഏറ്റുവാങ്ങുന്ന തലമുറയെ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളും നടക്കുകയാണ്. ഇത് ഉന്നത വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിന് തടസമായി തീരുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശം ഉറപ്പ് വരുത്തുന്നതിന് കഴിയുക എന്നതും പ്രധാനമാണ്.

വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ ഉദ്യോഗസ്ഥ മേധാവിത്വ രീതികളിലൂടെയല്ലാ, ജനാധിപത്യ സ്വഭാവമുള്ള ഭരണസംവിധാനം നടപ്പിലാക്കിക്കൊണ്ടാണ് മുന്നോട്ട് പോവേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ധനസമാഹരണത്തിനും പ്രേരകശക്തി സർക്കാരാകണം. സർക്കാർ ഫണ്ടുകൾ നൽകുന്നത് കൂടാതെ സ്ഥാപനങ്ങൾ സ്വകാര്യതലത്തിലും എൻഡോവ്മെന്റുകൾ വഴിയായും സമാഹരിക്കുന്ന പണം പരിശോധനയ്ക്ക് വിധേയമാക്കണം. അവ ഉന്നതവിദ്യാഭ്യാസത്തിന്റെ സാമൂഹ്യലക്ഷ്യങ്ങൾക്കു വേണ്ടിയാണ് ചെലവാക്കുന്നത് എന്നത് ഉറപ്പുവരുത്തണം. സർക്കാരിന്റെ സംഘടനാരൂപങ്ങൾ സർക്കാർ കോളേജുകളിൽ മാത്രമല്ല, സർക്കാരിന്റെ നിയമങ്ങളും നിബന്ധനകളും അംഗീകരിക്കുന്ന സ്വകാര്യ സഹകരണ കോളേജുകൾക്കും ബാധകമായിരിക്കും. അത്തരത്തിലുള്ള സ്ഥാപനങ്ങൾ അക്കാദമിക് ഗുണനിലവാരവും സാമൂഹ്യനീതിയും ഉറപ്പ് വരുത്താനായി സർക്കാർ കൈക്കൊള്ളുന്ന നടപടികൾ പാലിക്കുമെന്ന് ഉറപ്പുവരുത്തണം.

സർവകലാശാലകളെയും കോളേജുകളെയും സംബന്ധിച്ച് ഇന്ന് നിലനിൽക്കുന്ന ആശയങ്ങളും അവലോകനം ചെയ്യപ്പെടണം. ഏതെങ്കിലും പ്രത്യേക വിഷയമേഖലയെ (ഭാഷകൾ, സാങ്കേതികവിദ്യകൾ മുതലായവ) കേന്ദ്രീകരിച്ചോ, കേവലമായ സങ്കുചിതവാദമനുസരിച്ചോ സർവകലാശാലകളും കോളേജുകളും അനുവദിക്കുന്നരീതി പുന:പരിശോധിക്കേണ്ടതാണ്. അത്തരത്തിൽ വിവേചന ബുദ്ധിയില്ലാതെ സർവകലാശാലകളും കോളേജുകളും അനുവദിക്കുന്നത് തടയണം. പ്രത്യേക മേഖലകളിൽ അതിനാവശ്യമായ ഗുണനിലവാരമുള്ള അക്കാദമിക് വിദഗ്ദ്ധരുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഉന്നതപഠനകേന്ദ്രങ്ങൾ സ്ഥാപിക്കാം.

കോളേജുകളെ പ്രാദേശിക ജനതയുടെ ആവശ്യങ്ങളുടെയും അക്കാദമിക് മുന്നേറ്റത്തിനുള്ള സ്ഥാപനങ്ങളുടെ കഴിവുകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് വികസിപ്പിക്കാം. കെ.എസ്.എച്ച്.ഇ.സി. മുമ്പ് നിർദ്ദേശിച്ചിരുന്ന ഗുണനിലവാര വർദ്ധനയുള്ള പരിപാടിയും പ്രയോജനകരമാകും. നിലവിലുള്ള റെഗുലർ കോളേജുകളുടെ ശാക്തീകരണത്തിന് മുൻഗണന നൽകുകയും അതിനാവശ്യമായ അക്കാദമിക് മോണിട്ടറിംഗ് സംവിധാനങ്ങളേർപ്പെടുത്തുകയും വേണം. അക്കാദമിക് സ്വയംഭരണം സാമൂഹ്യനീതി, സാമൂഹ്യമായ ഉത്തരവാദിത്വം, ജനാധിപത്യപരമായ ഭരണനിർവഹണം എന്നിവ പാലിക്കുകയും ഭരണഘടനയിലെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്യുമെന്ന നിബന്ധനയിന്മേൽ സ്വാശ്രയ കോളേജുകളെ സർക്കാരിന്റെ പൊതുചട്ടക്കൂടിനുള്ളിൽ കൊണ്ടുവരാൻ ശ്രമിക്കണം.

സർവകലാശാല ഭരണവും ഇതുപോലെ പുന:സംവിധാനം ചെയ്യപ്പെടേണ്ടതാണ്. ഉന്നതവിദ്യഭ്യാസ വകുപ്പിന്റെ പ്രദേശിക ഓഫീസുകളെന്ന നിലയിൽ സർവകലാശാലകളെ കാണുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കണം. മൂല്യനിർണയത്തിനും ബിരുദ വിതരണത്തിനുമുള്ള ഓഫീസുകൾ എന്ന നിലയിൽ മാത്രം സർവകലാശാലകളെ കാണുന്ന രീതി തിരുത്തപ്പെടണം. സർവകലാശാല ഡിപ്പാർട്ട്മെന്റുകളുടെ സ്വയംഭരണം അംഗീകരിക്കുകയും അഫിലിയേഷൻ ചട്ടങ്ങളിൽ സാമൂഹ്യവും അക്കാദമിക് വ്യവസ്ഥകൾക്ക് പ്രാധാന്യം നൽകുകയും ചെയ്തുകൊണ്ട് മാത്രമേ സർവകലാശാലകളുടെ അക്കാദമികമായ പങ്ക് പുന:സ്ഥാപിക്കുവാൻ കഴിയൂ. സർവകലാശാല എന്നത് ഒരു ബ്യൂറോക്രാറ്റിക് ഭരണസ്ഥാപനമാണെന്നും അക്കാദമിക് സമൂഹം ഒരു സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുന്ന സ്വയംഭരണാവകാശമുള്ള വിഭാഗമല്ല, ഒരു കൂട്ടം ജീവനക്കാർ മാത്രമാണെന്നുമുള്ള ധാരണ ശക്തമായതുകൊണ്ട് ഇന്ന് അക്കാദമിക് സമൂഹത്തിന് അറിവ് ഉൽപാദനപരമായ അവരുടെ ഉത്തരവാദിത്വം നിറവേറ്റാൻ കഴിയുന്നില്ല. ഈ സ്ഥിതി മാറുകയും അക്കാദമിക് സ്വാതന്ത്ര്യത്തിന്റെയും ഓട്ടോണമിയുടെയും ആശയങ്ങൾ പുന:സ്ഥാപിക്കപ്പെടുകയും വേണം. മുൻഗണനയുള്ള മേഖലകളിൽ, അന്തർസർവകലാശാല കേന്ദ്രങ്ങൾ വഴിയായി മറ്റു സർവകലാശാലകളുമായി സഹകരിച്ചുള്ള പ്രോജക്ടുകൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകുകയും വേണം. .

ഇന്നത്തെ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ സ്വകാര്യ സർവകലാശാലകളെയും വിദ്യാഭ്യാസരംഗത്തെ വിദേശമൂലധനനിക്ഷേപത്തെയും കുറിച്ചെടുക്കുന്ന നിലപാടുകൾ നിരാകരിക്കപ്പെടണം. വിദ്യാഭ്യാസരംഗത്ത് പൊതുസ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ പാടില്ല. ദാതാവിനോ ധനസഹായ ഏജൻസിയ്ക്കോ നൽകുന്ന പണത്തിന്റെ നിർവഹണരീതികളിൽ ഒരു പങ്കും ഉണ്ടാവുകയില്ലെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് അക്കാദമികമായ പ്രോജക്ടുകൾക്കു വേണ്ടി എൻഡോവ്മെന്റുകൾ സ്വീകരിക്കാം. നിയമപര

മായി സാധുവായ എം.ഒ.യുവിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് സ്ഥാപനങ്ങൾ തമ്മിലുള്ള സുതാര്യമായ സഹകരണം അനുവദിക്കാം. ലാഭാധിഷ്ഠിതമല്ലാത്ത കൺസൾട്ടൻസികളും പ്രസരണ സേവന പരിപാടികളും അനുവദിക്കാം.

ഉന്നതവിദ്യാഭ്യാസരംഗത്ത് വ്യക്തമായ ലക്ഷ്യനിർണയത്തോടെയുള്ള വിദ്യാഭ്യാസാസൂത്രണം സാധ്യമാക്കുന്നതിനുള്ള പ്രത്യേക സംവിധാനം കെ.എസ്.എച്ച്.ഇ.സി.യുടെ കീഴിലോ ഒരു സ്വതന്ത്ര ഇൻസ്റ്റിറ്റ്യൂട്ടെന്ന നിലയിലോ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണം. വിദ്യാർത്ഥികളുടെ പ്രവാസം, രക്ഷിതാക്കളുടെ അഭിലാഷങ്ങൾ, വിദ്യാഭ്യാസ നേട്ടങ്ങളും തൊഴിലും തമ്മിലുള്ള ബന്ധം, വിദ്യാഭ്യാസരംഗത്തെ ഗുണപരതയുടെ മാനങ്ങൾ, കരിക്കുലവും കോഴ്സുകളും, ഭരണനിർവഹണരൂപങ്ങൾ, സാങ്കേതികവിദ്യകൾ, ധനസമാഹരണം തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനപരിധിയിൽ കൊണ്ടുവരാം.

ഇപ്പോൾ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചുള്ള നിരവധി തീരുമാനങ്ങൾ പലപ്പോഴും ആത്മനിഷ്ഠവും ജാതി-മത ശക്തികളുടെ താല്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ് എടുക്കുന്നത്. അല്ലെങ്കിൽ അവ വസ്തുനിഷ്ഠമായി സ്ഥിരീകരിക്കാത്ത രക്ഷിതാക്കളുടെ അഭിലാഷങ്ങളെയും പ്രത്യേക മേഖലകളുടെ വിപണി സാധ്യതകളെയും ആശ്രയിച്ചാണിരിക്കുന്നത്. വസ്തുനിഷ്ഠമായി സ്ഥിരീകരിക്കാത്ത പരിഗണനകളെ മുൻനിർത്തി വിദ്യാഭ്യാസാസൂത്രണം നടത്തുക സാധ്യമല്ല. ആസൂത്രണം ആവശ്യമില്ലെന്നും വിപണി എല്ലാ കാര്യങ്ങളും തീരുമാനിച്ചുകൊള്ളുമെന്ന നിലപാടല്ല സ്വീകരിക്കേണ്ടത്. മറിച്ച് നാടിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസ ആസൂത്രണമാണ് ലക്ഷ്യം വെക്കേണ്ടത്. അതിന് ഇത്തരത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഏറെ സഹായകരമാണ്.

ഉന്നതവിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ വിദ്യാഭ്യാസം പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ തന്നെയാണ്. സാമൂഹ്യവികാസത്തിനുള്ള അറിവ് ഉൽപാദനം സാധ്യമാക്കുന്ന മതനിരപേക്ഷവും ജനാധിപത്യപരവും ശാസ്ത്രീയവുമായ വിദ്യാഭ്യാസവ്യവസ്ഥ എങ്ങനെ സൃഷ്ടിക്കാമെന്നതാണ്. ഇതിൽ പ്രതിപാദിക്കുന്നത് സാമൂഹ്യവികാസത്തിനുള്ള പുതിയ അറിവ് ഉൽപാദനം നടക്കുന്നവിധത്തിലുള്ള ഗുണനിലവാരം ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തിനില്ലെന്നാണ്. കോർപ്പറേറ്റ് മൂലധനത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ പരിഗണനകളുടെ അടിസ്ഥാനത്തിൽ നമ്മുടെ വിദ്യാഭ്യാസ വിദഗ്ധർ ഗുണനിലവാരത്തിന്റെ പ്രശ്നം പരിഹരിക്കാൻ അവരുടേതായ സംരംഭക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മുന്നോട്ട് വച്ചിട്ടുണ്ട്. എന്നാൽ 'മാനവികമൂലധനത്തിന്റെ സൃഷ്ടിയെയും അറിവിന്റെ വാണിജ്യവൽക്കരണത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പ്രക്രിയെക്കുറിച്ചുള്ള ന്യൂനീകരിക്കപ്പെട്ട ഒരു വീക്ഷണം അവതരിപ്പിക്കാൻ മാത്രമാണ് ഇപ്പോഴത്തെ സർക്കാരിനും അതിന്റെ സംവിധാനങ്ങൾക്കും കഴിഞ്ഞിട്ടുള്ളത്.

ആഗോളവിപണിയിൽ വരുമാനദായക തൊഴിലുകൾ ഉറപ്പുവരുത്തകയെന്നതാണ് അവർ ലക്ഷ്യമാക്കുന്നത്, എന്നാൽ ഈ തൊഴിലുകൾ ഉറപ്പുവരുത്തുന്ന വിധത്തിലുള്ള ഗുണനിലവാരം എങ്ങനെ സാധ്യമാകുമെന്ന് അവർ പരിശോധിക്കുന്നില്ല. അവർ ധരിക്കുന്നതുപോലെ സാങ്കേതികവിദ്യകൾ കൊണ്ടോ നോളെജ് ഹബ്ബുകൾ പോലുള്ള സംരംഭകതന്ത്രങ്ങൾ കൊണ്ടോ, ഒരു സംഘം പ്രൊഫഷണൽ സ്ഥാപനങ്ങളുടെ വളർച്ചകൊണ്ടോ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പിക്കാൻ സാധിക്കുകയില്ല. അദ്ധ്യാപകരും പഠിതാക്കളുമടങ്ങിയ അക്കാദമിക് സമൂഹത്തെ ഉദ്യോഗസ്ഥ മേധാവിത്വപരവും മാനേജ്മെന്റിന്റേതുമായ ഇടപെടലുകളില്ലാതെ, സ്വാതന്ത്ര്യവും സ്വയംനിർണായവകാശവും നൽകിക്കൊണ്ട് അറിവ് ഉൽപാദന പ്രക്രിയയിൽ ഏർപെടാനുള്ള അവസരം നൽകിയാൽ മാത്രമാണ് ഗുണനിലവാരം വളരുക. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സാമൂഹ്യമായ ആശയനിർമ്മാണത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് സാധ്യമാകുക.

സംരംഭങ്ങളായി മാറുന്ന ഒരു പുതിയ സംഘം സ്ഥാപനങ്ങളല്ല നമുക്കാവശ്യം. അന്തർദേശീയ നിലവാരത്തിലുള്ള കഴിവുകളും വൈദഗ്ദ്ധ്യങ്ങളും കൈവരിച്ച് അറിവുകളുടെ ഉൽപാദനം നടത്താൻ കഴിയുന്ന മതനിരപേക്ഷവും ജനാധിപത്യപരമായ അക്കാദമിക് അന്തരീക്ഷത്തിന്റെ വികാസമാണ്. ജനങ്ങളുടെ അഭിലാഷങ്ങളും സാമൂഹ്യനീതിയുടെ ആവശ്യങ്ങളും കോർത്തിണക്കിക്കൊണ്ട് വ്യക്തമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കപ്പെടുന്നതും നിശ്ചിത മാനദണ്ഡങ്ങൾ കൈവരിക്കുന്നതുമായ ഒരുകൂട്ടം ഉന്നതനിലവാരത്തിലുള്ള ഉന്നതവിദ്യാഭ്യാസാസൂത്രണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. അതേസമയം ഈ പൊതുസമീപനം ഉൾക്കൊണ്ടുകൊണ്ട് ഇത്തരം ഒരുശ്രമം നടത്താൻ സംരംഭകന്മാർ തയ്യാറാവുകയാണെങ്കിൽ ഒരു സർക്കാരും എതിനെ എതിർക്കില്ല. നമ്മുടെ വൻതോതിലുള്ള മനുഷ്യാധ്വാന ശക്തിയെ (അല്ലെങ്കിൽ 'മാനവികമൂലധനത്തെ) ഒരു ജീവിത മാർഗത്തിനായി കോർപറേറ്റ് മൂലധനത്തെ സേവിക്കുന്നതിന് മാത്രമല്ല, കേരളത്തിന്റെ സാമൂഹ്യസാമ്പത്തിക വികാസത്തിന് വേണ്ടി പ്രവർത്തിക്കാൻ ആവശ്യമായ ഇന്ധനങ്ങൾ കൈവശം സൂക്ഷിക്കുന്നതിന്കൂടി പ്രാപ്തരാക്കുന്നവിധത്തിൽ ധൈഷണികവും സർഗാത്മകവും സാങ്കേതികവുമായ നൈപുണ്യമാർന്നതുമായ ഒരു തൊഴിൽസേനയായി രൂപപ്പെടുത്തുന്നതിനുള്ള ശ്രമം അപ്പോൾ മാത്രമാണ് ഫലപ്രാപ്തിയടയുക. വർത്തമാനകാലത്തെ സാധ്യതകളേയും നേരിടുന്ന വെല്ലുവിളികളേയും കണ്ടുകൊണ്ടുള്ള പ്രവർത്തന പദ്ധതികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെടേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ എങ്ങനെ സംഘടിപ്പിക്കാനാകും എന്നതാണ് പ്രധാനം.

## III. നിർദ്ദേശങ്ങൾ

### ഗുണനിലവാരം

1) ഉന്നത വിദ്യാഭ്യാസരംഗത്തെ നിലവാരം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് അടിയന്തര ഊന്നൽ നൽകേണ്ടത്. ബിരുദതലത്തിൽ ആധുനിക വിഷയങ്ങളും ഭാഷകളും ഉൾപ്പെടെ പുതിയ സിലബസുകളും പാഠ്യപദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കണം.

2) മെറിറ്റും സാമൂഹ്യനീതിയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്ന തരത്തിലുള്ള സംവിധാനമാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ രൂപപ്പെടുത്തേണ്ടത്. ഇതിനെ നിഷേധിക്കുന്ന സംവിധാനങ്ങളെ പ്രതിരോധിക്കാനാവണം. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ഉയർത്തിക്കൊണ്ട് വരുന്നതിന് ഉതകുന്ന സമീപനം ഉണ്ടാകണം. പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക അടിസ്ഥാന സൗകര്യങ്ങൾ പഠന പ്രവർത്തനങ്ങൾ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉറപ്പാക്കണം.

3) ഉല്പാദനവിദ്യാഭ്യാസ മേഖലകളെ ബന്ധപ്പെടുത്തുക: അറിവുകൾ സ്വാംശീകരിക്കുന്നതിനും പുതിയ അറിവുകൾ ഉൽപാദിപ്പിക്കുന്നതിനും ഉള്ള കേന്ദ്രങ്ങളായി ഉന്നത വിദ്യാഭ്യാസരംഗത്തെ മാറ്റണം. കേരളത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് അനുയോജ്യമായ വിധത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പുനഃക്രമീകരിക്കണം. നമ്മുടെ വികസന ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പഠനഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം. ഉല്പാദന വിദ്യാഭ്യാസ മേഖലകൾ തമ്മിൽ ക്രിയാത്മകമായ ബന്ധം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ഒരു മാനദണ്ഡവുമില്ലാതെ ആരംഭിച്ച സ്വാശ്രയ കോളേജുകളിൽ നല്ലപങ്കും വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ പുറകിലാണ്. യോഗ്യരായ അധ്യാപകർ പല കോളേജുകളിലും ലഭിക്കുന്നില്ല എന്ന പ്രശ്നവും നിലനിൽക്കുന്നു. സ്വാശ്രയ സ്ഥാപനങ്ങളിൽ സാമൂഹ്യ നിയന്ത്രണവും അക്കാദമിക് മികവും ഉറപ്പ് വരുത്തുന്നതിനുള്ള നിയമഭരണ നടപടികൾ സ്വീകരിക്കണം.

5) 2030 ലെ പരിപ്രേക്ഷ്യം നിർദ്ദേശിക്കുന്നതുപോലെ കേന്ദ്രീകൃതസിലബസിന്റെ ആവശ്യമില്ല. എം.എച്ച്.ആർ.ഡി നിർദ്ദേശിക്കുന്നതുപോലുള്ള കേന്ദ്ര സിലബസും അപ്രായോഗികമാണ്. സിലബസ് നിർമ്മാണം സർവകലാശാലകൾക്ക് വിടണം. മുൻഗണനാക്രമമനുസരിച്ചുള്ള മേഖലകളിൽ കെ.എസ്.എച്ച്.ഇ.സി മോഡൽ പാഠ്യപദ്ധതി തയ്യാറാക്കണം. ആ വിഷയത്തിൽ സമകാലീന വിജ്ഞാനവുമായുള്ള പൂർണമായ പൊരുത്തം ഉറപ്പുവരുത്തണം. സംസ്ഥാനത്തിൽ പുതിയ വൈജ്ഞാനിക മേഖലകളിലെ കരിക്കുലം വികസന സാധ്യതകളെക്കുറിച്ച് പഠനം നടത്തുകയും പുതിയ കോഴ്സുകൾ നിർദ്ദേശിക്കുകയും ചെയ്യുന്ന ഒരു കേന്ദ്രം സ്ഥാപിക്കാം.

6) വിദ്യാർത്ഥി പ്രോജക്ടുകൾക്ക് ഊന്നൽ കൊടുക്കണം. ജ്ഞാനോൽപ്പാദനത്തിന് ശേഷിയുള്ള യോഗ്യതയുള്ള വിദ്യാർത്ഥികളെ കണ്ടെത്താനും വളർത്തിയെടുക്കാനുമാണിത്. മുൻഗണനാക്രമമനുസരിച്ചുള്ള മേഖലകളിൽ വിദ്യാർത്ഥി പ്രോജക്ടുകൾക്കുള്ള ഒരു പൊതുപരിപാടി തയ്യാറാക്കുകയും അത്തരം പ്രോജക്ടുകൾ പൂർത്തീകരിക്കപ്പെടുകയും വേണ്ട പ്രോത്സാഹനം നൽകപ്പെടുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തുകയും വേണം. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പ്രോജക്ടുകൾ സവിശേഷമായി തയ്യാറാക്കുകയും അവരുടെ അവസരങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നൽകുകയും വേണം.

7) കേരളത്തിൽ നിന്ന് എല്ലാ വിഷയങ്ങളിലും പിയർ ഗ്രൂപ്പ് റഫറിയിംഗിന് അടിസ്ഥാനത്തിലുള്ള ജേണലുകൾ ആരംഭിക്കണം. ഇതിനുള്ള മുൻകൈ കേരളത്തിലെ കോളജുകൾക്കോ ഡിപ്പാർട്ടുമെന്റുകൾക്കോ എടുക്കാവുന്നതാണ്. ഈ സംരംഭത്തിന് ഉദാരമായ സാമ്പത്തിക പിന്തുണ നൽകണം.

8) അഫിലിയേറ്റു ചെയ്യപ്പെട്ടിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകളുടെ സൗകര്യങ്ങളും വിദ്യാഭ്യാസ നിലവാരവും ഉയർത്തുന്നതിന് ഒരു പ്രത്യേക പദ്ധതി അത്യന്താപേക്ഷിതമാണ്. ആധുനിക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് ഒരു മാച്ചിംഗ് ഗ്രാൻഡ് പദ്ധതിയെക്കുറിച്ച് ഒരു സ്കീം ആലോചിക്കേണ്ടതാണ്.

9) എല്ലാ വർഷവും ഒരു സംസ്ഥാന ഗവേഷണഫണ്ടിന് രൂപം നൽകേണ്ടതാണ്. ഇതു മുഖ്യമായും ലക്ഷ്യമിടേണ്ടത് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളജ് അധ്യാപകരെയും വിദ്യാർത്ഥികളെയുമാണ്. ഉദാരമായ സാമ്പത്തിക പിന്തുണയോടെ വിവിധ മേഖലകളിൽ ഗവേഷണ പ്രോജക്ടുകളെടുക്കാൻ ഈ സ്ഥാപനങ്ങളെ പ്രേരിപ്പിക്കണം. ഇത്തരം പ്രോജക്ടുകൾക്കു നൽകുന്ന ധനസഹായത്തിന്റെ നാലിലൊന്ന് എസ്റ്റാബ്ലിഷ്മെന്റ് ചാർജുകളുടെ ഭാഗമായി സ്ഥാപനങ്ങൾക്ക് എടുക്കാം എന്ന സമീപനം സ്വീകരിക്കണം.

10) ഗവേഷണത്തിൽ വിദ്യാർത്ഥികൾക്ക് താത്പര്യമുണ്ടാക്കാൻ പഠനകാലയളവിൽ അവരെ ഗവേഷണ സ്ഥാപനങ്ങളിൽ പോസ്റ്റ് ചെയ്യാവുന്നതാണ്. അതോടൊപ്പം സംയുക്ത ബഹുവൈജ്ഞാനിക അന്തർ വൈജ്ഞാനിക കോഴ്സുകളും ആവിഷ്കരിക്കണം. ഇതെല്ലാം സാക്ഷാത്ക്കരിക്കുന്നതിനായി നിലവിലുള്ള സർവ്വകലാശാല നിയമങ്ങളിൽ ഉചിതമായ മാറ്റം വരുത്തേണ്ടതുണ്ട്. ഇതിലേക്കായി Universtiy Research Institute Academic Link-

age Platform രൂപീകരിക്കേണ്ടതാണ്. Kerala State Council for Science, Technology & Environment ഉം Kerala Higher Education Council ഉം സംയുക്തമായി ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കണം.

11) കോളേജുകളിൽ വ്യക്തമായ മുൻഗണനാക്രമമനുസരിച്ച് ഡിപ്പാർട്ട്മെന്റുകളെ ഗവേഷണ വികസന കേന്ദ്രങ്ങളായി വളർത്തിക്കൊണ്ട് വരിക. അവ സാമൂഹ്യ ജ്ഞാനനിർമ്മാണം, സാമ്പത്തിക വികസനം, സാമൂഹ്യനീതി എന്നിവ വളർത്തുന്ന കേന്ദ്രങ്ങളായിരിക്കും. സാങ്കേതികവിദ്യകൾ, ആരോഗ്യം, വിദ്യാഭ്യാസം, കൃഷി മുതലായ മേഖലകളിൽ നൽകുന്ന മൗലിക സംഭാവനകളനുസരിച്ച് പ്രൊഫഷണൽ കോളേജുകളിലെ ഡിപ്പാർട്ട്മെന്റുകളെയും ഇത്തരത്തിൽ വളർത്തിക്കൊണ്ടുവരണം. ഇന്നത്തെ സ്വയംഭരണ കോളേജുകളിൽ അവർ വികസിപ്പിക്കാൻ ശ്രമിക്കുന്ന ഗവേഷണ വികസന പരിപാടികളുടെ മുൻഗണനാക്രമം അനുസരിച്ച് സഹായിക്കുന്ന കാര്യം പരിഗണിക്കണം.

### അധ്യാപക പരിശീലനം

12) നിലവാര നിർണയത്തിന്റെ മുഖ്യഘടകം അധ്യാപകരാണ്. എയിഡഡ് കോളജ് അധ്യാപകനിയമനത്തിന് കൃത്യമായ മാനദണ്ഡങ്ങളുണ്ടാകണം. നിയമനം ലഭിക്കുന്ന അധ്യാപകർക്ക് സർവീസിൽ പ്രവേശിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട നിയമങ്ങൾ, പഠനസമ്പ്രദായം, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം, വിദ്യാർത്ഥി പ്രവേശനം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകണം. സർവീസിലുള്ള അധ്യാപകർക്ക് ഓരോ രണ്ടുവർഷം കൂടുമ്പോഴും പഠനവിഷയത്തിലും മൂല്യനിർണയത്തിലും ഉയർന്നതലത്തിലുള്ള പരിശീലനം നൽകും. അക്കാദമി, സ്റ്റാഫ് കോളജുകളിലെ പാഠ്യക്രമവും ഇതിന് അനുസൃതമായി നവീകരിക്കും.

13) അധ്യാപകരുടെ തുടർ വിദ്യാഭ്യാസം ലക്ഷ്യമാക്കി സെന്റർ ഫോർ കണ്ടിന്യൂഡ് എഡ്യൂക്കേഷൻ, ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ കീഴിൽ ആരംഭിക്കേണ്ടതാണ്. മൂന്നോ നാലോ സർവകലാശാലകളിൽ ഇവയുടെ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. അഖിലേന്ത്യാതലത്തിലെ മികച്ച സർവകലാശാലയിൽ നിന്നുള്ള അക്കാദമിക് പണ്ഡിതരെ ഉൾപ്പെടെ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. കെ.എസ്.എച്ച്.ഇ.സിയുടെ നേതൃത്വത്തിൽ എല്ലാ ഒഴിവുമാസങ്ങളിലും നടത്തുന്ന പരിപാടിയാകും ഇത്.

14) വിവിധ മേഖലകളിലെ സാമൂഹ്യാവശ്യങ്ങളുടെയും കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ സാധ്യതകളുടെയും അടിസ്ഥാനത്തിലുള്ള മനുഷ്യ വിഭവശേഷി ആസൂത്രണം കേരളത്തിൽ ഇതുവരെ നടത്തിയിട്ടില്ല. മനുഷ്യ വിഭവശേഷി ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോളേജുകളടക്കമുള്ള പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കണം.

### സർവകലാശാലാ കേന്ദ്രങ്ങൾ

15) സർവകലാശാലാകേന്ദ്രങ്ങളെയാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രങ്ങളായി മാറ്റേണ്ടത്. സർവകലാശാലാ കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ പൂർണമായും നികത്തുകയും ചെയ്യണം. ഇതിന് ആവശ്യമായ പണം ലഭ്യമാക്കിയേ തീരൂ. പുതിയ വകുപ്പുകളും അതിന് ആവശ്യമായ പിന്തുണാസംവിധാനങ്ങളും സൃഷ്ടിക്കണം. ഡിപ്പാർട്ടുമെന്റ് ലൈബ്രറികൾ, മ്യൂസിയങ്ങൾ, ലബോറട്ടറികൾ തുടങ്ങിയവ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. കുട്ടികൾക്കുള്ള പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങളുമുണ്ടാകണം.

16) നിലവാരമുള്ള, തെരഞ്ഞെടുക്കപ്പെട്ട സർവകലാശാല ഡിപ്പാർട്ട്മെന്റുകളെ സ്വയംഭരണ ഡിപ്പാർട്ട്മെന്റുകളായി സംസ്ഥാന ധനസഹായത്തോടെ വളർത്തിക്കൊണ്ടുവരിക. വാണിജ്യമൂല്യത്തോടൊപ്പം സാമൂഹ്യജ്ഞാനത്തിലേയ്ക്ക് കൂട്ടിച്ചേർക്കുകയും ജനങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ മാറ്റം വരുത്തുകയും ചെയ്യുന്ന സാമൂഹ്യമൂല്യമുള്ള ഗവേഷണ പ്രോജക്ടുകൾ അവിടെ ഏറ്റെടുക്കണം. ആദ്യപടിയായി യു.ജി.സി.യുടെ സ്പെഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാമിന്റെ കീഴിൽ വന്ന ഡിപ്പാർട്ട്മെന്റുകൾക്ക് സ്വയംഭരണ പദവി നൽകാം, തുടർന്ന് അക്കാദമിക് പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മറ്റ് ഡിപ്പാർട്ട്മെന്റുകൾക്കും നൽകാം.

17) ഇപ്പോൾ നിലവിലുള്ള അന്തർസർവകലാശാല കേന്ദ്രങ്ങളുടെ വികസനം മറ്റൊരുസാധ്യതയാണ്. അത്തരം കേന്ദ്രങ്ങൾ സർവകലാശാലകൾ സഹകരിച്ചുള്ള ഗവേഷണം ഉറപ്പുവരുത്തുകയും ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായുള്ള സഹകരണസാധ്യതകൾ പരിശോധിക്കുകയും ചെയ്യാം. ഇന്ന് ഇത്തരം കേന്ദ്രങ്ങൾ പല സർവകലാശാലകളിലും പ്രവർത്തനക്ഷമമല്ല. കെ.എസ്.എച്ച്.ഇ.യുടെ നേതൃത്വത്തിൽ ഇവയുടെ പ്രവർത്തനത്തെ ശരിയായ ദിശയിലാക്കാനുള്ള നയപരിപ്രേക്ഷ്യം ഉണ്ടാക്കി പ്രവർത്തിപ്പിക്കാം.

18) കേരളത്തിൽ കൂടുതൽ ഉന്നതവിദ്യാപീഠങ്ങൾ സ്ഥാപിക്കണം. ഐഐടി, കേന്ദ്രസർക്കാർ ഉന്നതഗവേഷണ സ്ഥാപനങ്ങൾ കേരളത്തിലേയ്ക്കു കൊണ്ടുവരാൻ കഴിയണം. കേരളത്തിലെ ഉന്നത വിദ്യാപീഠങ്ങൾക്ക് ഏറ്റവും ഉന്നതമായ വിദ്യാഭ്യാസനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ലൈബ്രറി, അധ്യാപകർക്കുള്ള സൗകര്യങ്ങൾ, വിദ്യാർത്ഥികൾ

ക്കുള്ള ഉദാരമായ സ്കോളർഷിപ്പുകൾ, ആഗോളപ്രതിഭകളുടെ ഹ്രസ്വകാല സന്ദർശന പരിപാടികൾ, ലബോറട്ടറികൾ എന്നിവ ഉറപ്പുവരുത്തണം. ഇവയെല്ലാം സ്റ്റെക്കിന്റെ അനുബന്ധ സ്ഥാപനങ്ങളാക്കുന്ന ഇന്നത്തെ നിലപാടു തിരുത്തണം. ഇവർക്ക് പൂർണ ഓട്ടോണമി നൽകുകയും കൗൺസിലിന്റെ ചുമതല ഏകോപനം, അവലോകനം, പൊതുദിശ നിർണയിക്കൽ എന്നിവയിൽ ഒതുങ്ങുകയും വേണം.

19) ആയുർവേദത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള അതിവിപുലമായ ഒരു ഉന്നത ബയോടെക്നോളജി ഗവേഷണ സ്ഥാപനം കേരളത്തിൽ അത്യന്താപേക്ഷിതമാണ്. ശാസ്ത്രഗവേഷണത്തിന് കേന്ദ്രീകൃതമായ റിസർച്ച് ലാബറട്ടറികളുടെ സ്ഥാപനം പ്രധാനമാണ്. അത്തരത്തിലുള്ള ഗവേഷണ ലാബ് സർവകലാശാലാ കേന്ദ്രങ്ങളുമായി, പ്രത്യേകിച്ച് കൊച്ചി സർവകലാശാലയുമായി ബന്ധപ്പെട്ട് - സ്ഥാപിക്കുന്നതിന് മുൻകൈയെടുക്കണം.

20) ഇന്ന് നിലവിലുള്ള ഗ്രന്ഥാലയങ്ങളെ വിപുലമായ ഗവേഷണ പ്രേരക കേന്ദ്രങ്ങളായി വളർത്തിക്കൊണ്ടുവരാൻ കഴിയണം. കേരളത്തിന് വലിയ ഒരു ഗ്രന്ഥശാലാ ശൃംഖലയുണ്ടെങ്കിലും ഗവേഷണ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നവ ഇല്ലെന്ന് തന്നെ പറയാം. സർവകലാശാല ഗ്രന്ഥാലയങ്ങളെ അന്തർദേശീയ നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രോജക്ട് ആവിഷ്ക്കരിക്കണം. പഴയ പുസ്തകങ്ങളും രേഖകളുമെല്ലാം ഡിജിറ്റലൈസ് ചെയ്യേണ്ടതുണ്ട്. ലൈബ്രറി പുസ്തകമെടുക്കുന്നതിനു മാത്രമല്ല, കുട്ടികൾക്കുള്ള ഒരു പഠന കേന്ദ്രം കൂടിയാവണം. നൂറു കണക്കിന് കുട്ടികൾക്ക് ഒരുമിച്ചിരിക്കുന്നതിന് ആവശ്യമായ വിശാലമായ ഹോളുകൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ലൈബ്രറികളിൽ ലഭ്യമാകണം.

## സ്കോളർഷിപ്പുകൾ

21) ഇന്ന് ഉന്നതവിദ്യാഭ്യാസത്തിലേയ്ക്ക് വരുന്നവരിൽ നല്ലൊരു ശതമാനം പിന്നോക്ക വിഭാഗക്കാരായതുകൊണ്ട്, ജ്ഞാനോൽപ്പാദനത്തിനുള്ള അവരുടെ കഴിവുകളും സന്നദ്ധതയും വളർച്ച വരുന്നവിധത്തിൽ അവരെ നിലനിർത്തേണ്ടതുണ്ട്. മുമ്പ് കെ.എസ്.എച്ച്.ഇ.സി നിർദ്ദേശിച്ചതുപോലുള്ള ഒരു സ്കോളർഷിപ്പ് ഫണ്ട് ആരംഭിക്കുകയും അതിലേയ്ക്ക് സംഭാവനകളും എൻഡോവ്മെന്റുകളും സ്വീകരിക്കുകയും ചെയ്യാം. ബി.പി.എൽ, പിന്നോക്ക സമുദായ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാനുള്ള സ്കീം അതിൽ നിന്നും നടപ്പിലാക്കാം. അതിലൊന്ന് മെരിറ്റ് സ്കോളർഷിപ്പാണ്. ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഗവേഷകർക്കും യോഗ്യതയനുസരിച്ച് നൽകുന്ന സ്കോളർഷിപ്പുകൾ നിശ്ചിത മാനദണ്ഡങ്ങളുള്ള എല്ലാവർക്കും നൽകാം.

22) ഇന്ന് നൽകുന്ന മെരിറ്റ് സ്കോളർഷിപ്പ് തുക ഇരട്ടിയെങ്കിലും ആക്കണം. രണ്ടാമത്തേത് പ്രധാന ഗവേഷണകേന്ദ്രങ്ങളിലും സ്വയംഭരണ ഡിപ്പാർട്ട്മെന്റുകളിലും സ്ഥാപിക്കുന്ന ഫെല്ലോഷിപ്പുകളാണ്. വിദഗ്ദ്ധപരിശോധനയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കപ്പെടുന്ന ഗവേഷണ പ്രോജക്ടുകളെ മുൻനിർത്തി ഒരു നിശ്ചിതകാലയളവിലേയ്ക്കാണ് ഫെലോഷിപ്പുകൾ നൽകുക. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ഫെലോകൾ സ്വന്തം ഗവേഷണം കൂടാതെ അവർ പ്രവർത്തിക്കുന്ന കേന്ദ്രത്തിന്റെ വികസനത്തിൽ പങ്കാളിയാകാനുള്ള ഉത്തരവാദിത്വവും ഉണ്ടായിരിക്കും. മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മേഖലകളിലാണ് ഫെലോഷിപ്പുകൾ നൽകേണ്ടത്. അക്കാദമിക് വികസനത്തിനും സാമൂഹ്യവളർച്ചയ്ക്കും പുതിയ ജ്ഞാനോല്പാദനം ആവശ്യമായ മേഖലകളാകും അവ.

## സർവകലാശാലാ ഭരണം

23) പതിറ്റാണ്ടുകൾക്കു മുമ്പു തയ്യാറാക്കിയ സ്റ്റാറ്റ്യൂട്ടിന്റെയും ആക്ടിന്റെയും ബലത്തിലാണ് സർവകലാശാലകളുടെ ഭരണരീതികൾ ക്രമീകരിച്ചിട്ടുള്ളത്. സർവകലാശാലകളിൽ നിക്ഷിപ്തമായിട്ടുള്ള അക്കാദമിക് ലക്ഷ്യങ്ങൾ നിറവേറ്റാൻ ഒട്ടും പ്രാപ്തമല്ലാത്ത ഭരണരീതികളാണ് ഇപ്പോൾ പിന്തുടർന്നുവരുന്നത്. ചട്ടങ്ങളിലും നിയമങ്ങളിലും ഉചിതമായ മാറ്റങ്ങൾ വരുത്തിയും സുതാര്യതയും കാര്യക്ഷമതയും വേഗതയും ഉറപ്പാക്കിക്കൊണ്ടുള്ള ആധുനികവത്കരണം നടപ്പാക്കിയും സർവകലാശാലയിൽ നിക്ഷിപ്തമായ അക്കാദമിക് അജണ്ട സാക്ഷാത്കരിക്കാൻ സഹായകരമായ ഭരണപരിഷ്കാരം നടപ്പിലാക്കേണ്ടതാണ്. സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, സെനറ്റ് തുടങ്ങിയ സർവകലാശാലാ ഭരണസമിതികളുടെ ഘടന, അധികാരപരിധി, അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, തുടങ്ങിയവ നാളിതുവരെയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായ പരിശോധനയ്ക്കു വിധേയമാക്കി അഭിപ്രായസമന്വയത്തോടെ ഉചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കണം. സർവകലാശാലാ ഭരണസമിതികൾ ജനാധിപത്യതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽവേണം രൂപീകരിക്കേണ്ടതും പ്രവർത്തിക്കേണ്ടത്. അക്കാദമിക് ജനാധിപത്യമാണ് സർവകലാശാലയിൽ അടിസ്ഥാനപരമായി വേണ്ടത്.

24) ജനാധിപത്യപരമായ പ്രവർത്തനങ്ങളും അക്കാദമിക് സ്വയംഭരണവും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉറപ്പ് വരുത്തണം. വിദ്യാർത്ഥികളുടെ ജനാധിപത്യപരമായ അവകാശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉറപ്പ് വരുത്തണം. പിന്തിരിപ്പൻ മൂല്യങ്ങൾ വിദ്യാർത്ഥികളുടെ മേൽ അടിച്ചേൽപിക്കുന്നതിനുള്ള എല്ലാവിധ ശ്രമങ്ങളേയും ചെറുത്ത് തോൽപിക്കേണ്ടതുണ്ട്.

25) അധികാരവികേന്ദ്രീകരണവും അക്കാദമിക മികവും സാമൂഹ്യ ഉത്തരവാദിത്തവും ജനാധിപത്യ പ്രാതിനിധ്യവും ഉറപ്പാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ രംഗത്ത് കഴിയുന്ന വിധം അതിനായുള്ള അക്കാദമിക് ആവശ്യങ്ങൾ അനായാസേന നിറവേറ്റുന്നതിന് സഹായകമായ രീതിയിലും സർവകലാശാലകളുടേയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും നിയമവ്യവസ്ഥയും ഭരണ നിർവഹണവും പരിഷ്കരിക്കണം.

26) കോളേജ് ക്ലസ്റ്ററുകൾ എന്ന ആശയം കേരളം മുഴുവൻ വ്യാപിപ്പിക്കുകയും അതിന് ഇന്നുള്ള തടസ്സങ്ങൾ ഒഴിവാക്കുകയും ചെയ്യണം. അക്കാദമിക് സംഘാടനത്തിനും പരിശോധനയ്ക്കും പുറമെയുള്ള സംവിധാനങ്ങളായി ക്ലസ്റ്ററുകളെ വികസിപ്പിക്കുകയും സാമൂഹ്യതലത്തിൽ കോളേജുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനങ്ങളായി അവയെ മാറ്റുകയും ചെയ്യുക.

27) കേരളത്തിലെ സർവകലാശാലകളിൽ നടക്കുന്ന വിദൂര പഠനസംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പൊതുക്രമീകരണം ഏർപ്പെടുത്തണം. ആവശ്യമെങ്കിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കണം. സമാന്തര വിദ്യാഭ്യാസവും വിദൂരപഠനവും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സംവിധാനം ഈ വഴി സ്ഥാപിക്കണം. പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും പൂർണമായും ഓപ്പൺ യൂണിവേഴ്സിറ്റി തന്നെയാണ് ചെയ്യേണ്ടത്.

28) സ്വാശ്രയസ്ഥാപനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും അനധ്യാപകരുടേയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും പരിരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. സ്വാശ്രയ കോളജുകളിൽ മിനിമം അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടെന്ന് സർവകലാശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തണം. ഉന്നതവിദ്യാഭ്യാസ രംഗത്തെ കേന്ദ്ര ഏജൻസികളും സർവകലാശാലകളും നിർദ്ദേശിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ അധ്യാപകരും ജീവനക്കാരുമായി നിയമിക്കാൻ പാടുള്ളൂ.

29) പൊതുആസ്തികൾ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്രാവിഷ്കൃത പൊതു സ്വകാര്യ പങ്കാളിത്തം ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കരുത്. പകരം സ്വകാര്യ ആസ്തികളും നിക്ഷേപവും പൊതു ആവശ്യങ്ങൾക്ക് ലഭ്യമാകും വിധം പൂർണ്ണമായും പൊതു നിയന്ത്രണത്തിന് വിധേയമായ പൊതു സ്വകാര്യ പങ്കാളിത്തമാണ് വേണ്ടത്.

30) ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, സർവകലാശാലകൾ മുതലായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യോഗ്യരായവരെ ഉൾക്കൊള്ളിക്കാനും അവയുടെ പ്രവർത്തനം മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപിടിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

31) ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും ആഗോളവൽക്കരണത്തിന്റെ അധിനിവേശത്തെ ചെറുക്കുന്നതിനും ഭരണതലത്തിലും പ്രചരണതലത്തിലും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

## അവലംബം

### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ


1. ഡോ. ബി. ഇക്ബാൽ (2015): "വേണം നമുക്കൊരു സമഗ്ര വിദ്യാഭ്യാസ നയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 07, PP- 9-12
2. വി. കാർത്തികേയൻ നായർ (2015): "അധികാര വികേന്ദ്രീകരണവും സർവകലാശാലകളും '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 12-13
3. Dr J Prasad (2015): ''ഓട്ടോണമിയില്ലാത്ത ഓട്ടോണമസ് കോളജുകൾ'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 14-17
4. ഡോ. ബി. ഇക്ബാൽ (2015): "ഓട്ടോണമസ് കോളജുകൾ:സാധ്യതകളും പരിമിതികളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 17-23
5. Dr K.P.Vinodkumar (2015): ''Governance Structures in Higher Education-Evolving Parameters for Futuristic ModiRcations'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 23-25
6. Thomas Joseph (2015): ''Governance in Higher Education: The Role of State Council of Higher Education '', 4th International Congress on Kerala Studies, Preliminary Seminar -07, PP- 25-27
7. Shyla Hameed (2015): ''Higher Education and Governance-Visualizing the Future'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 27
8. കെ.എൻ ഗണേഷ് (2015): "ജ്ഞാനോത്പാദനവും ഉന്നതവിദ്യാഭ്യാസത്തിലെ കരിക്കുലം പരിഷ്ക്കാരങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 28-30
9. S Muraleedharan and Martin Patrick (2015): ''The Funding of Higher Education through Central and State Sponsored Programmes and Quality of Education'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 31
10. N.Ajith Kumar (2015): ''Financing Higher Education: Some Issues'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 32
11. Dr.J.Rajan (2015): ''Financing Higher Education in India ṘAn Enquiry for Alternatives'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 32-34
12. Anil Varma.R (2015): ''Trends, patterns and Implications of Financing Higher Education in India; An analysis with special reference to Kerala'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 34

13. Dr. Santhosh. P. Thampi (2015): ''Management Education: Prospects and Challenges'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 35-36
14. Dr.K.Ramachandran (2015): ''Management Education Need for Government Intervention'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 36
15. Dr. Ambeesh Mon.S (2015): ''Management of Management Education in Kerala'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 37
16. Dr. J. Rajan (2015): ''Management Education in Kerala at Crossroads'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 37-38
17. Sheena Biju (2015): ''Business Management Education in Kerala'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 38-39
18. Pramod Kumar (2015): ''Democracy and Secularism in Higher Education'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 39
19. Dr.J.Rajan (2015): ''Indian Higher Education Ṙ The ProRt Tag Attachment'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 40-42
20. George Mathew (2015): ''Classroom Environment Ṙ The Super Energy Domain '', 4th International Congress on Kerala Studies, Preliminary Seminar -07, PP- 42
21. സുരേഷ്കുമാർ ആർ (2015): "അദ്ധ്യാപകവിദ്യാഭ്യാസത്തിലെ ഘടനാപരമായ മാറ്റങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 42-43
22. ഡോ. എ. സുഹൃത്ത്കുമാർ (2015): "നിയമവിദ്യാഭ്യാസം കേരളത്തിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 44-45
23. ഡോ. ആർ. ശശികുമാർ (2015): "സാങ്കേതിക വിദ്യാഭ്യാസം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 46-54
24. അബ്ദുൾ വഹാബ് (2015): "സ്വാശ്രയ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും അവയുടെ കാരണങ്ങളും പരിഹാരവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 55-56
25. ഡോ.കെ.എ.റഷീദ് (2015): "ഗവ. ആർട്സ് ആൻഡ് സയൻസ് യൂണിവേഴ്സിറ്റി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 57
26. ഡോ.വി.ശിവദാസൻ (2015): "സോഷ്യലിസ്റ്റ് മതനിരപേക്ഷ വിദ്യാഭ്യാസം പൗരാവകാശമാണ്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ07, PP- 58-59
27. Dr. B. Ekbal (2015): ''Kerala Open Access Publication Initiative'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 59-60
28. Dr. Lakshmi Priya N (2015): '' Gender Justice: Contemporary Situation and the Implementation of Gender Sensitive Practices'', 4th International Congress on Kerala Studies, Preliminary Seminar -07, PP- 60

### മറ്റ് രേഖകൾ

29. Government of Kerala (2013): "Kerala Perspective Plan", State Planning Board
30. Government of India (2015): ''ഉന്നത വിദ്യാഭ്യാസ നയചർച്ചകൾക്കുള്ള പ്രമേയങ്ങളും പ്രശ്നങ്ങളും'', Ministry of Human Resource Development
31. Federation of Indian Chambers of Commerce and Industry FICCI, 2013
32. Confederation of Indian Industry (CII) (2013): "Talking Stock: A sector wide scam of Higher, Education in India", CII
33. Jaron Lanier (2007): ജ്ഞാനോൽപാദനത്തിനുള്ള ഏക സ്രോതസ്സാണെന്ന വിവരസാങ്കേതികവിദ്യയുടെ അവകാശവാദങ്ങൾ (ഉദാ: വിക്കിപ്പീഡിയയെ കേന്ദ്രീകരിച്ചുള്ള വാദങ്ങൾ) ജോസഫ് വൈസൻ ബോം മുതൽ നിരവധി പേർ വിമർശിച്ചതാണ്. ഒരു ആധുനിക 'ഗുരു'വിന്റെ നിരീക്ഷണങ്ങൾക്ക്, "We are not Gadget", Penguin Book.
34. കേരള സർക്കാർ (2030): "കേരള പരിപ്രേക്ഷ്യം", സ്റ്റേറ്റ് പ്ലാനിങ് ബോർഡ്, P 96
35. Confederation of Indian Industry (CII) Report, P.16

അധ്യായം 18

# സമ്പൂർണ സാമൂഹ്യസുരക്ഷ

**പൗ**രന്റെ അടിസ്ഥാന അവകാശത്തിനും സംരക്ഷണ നിർവ്വഹണത്തിനും ഉതകുന്ന രീതിയിലുള്ള സംഘടിത- അവകാശാധിഷ്ഠിത- കരുതൽ പ്രവർത്തനങ്ങളാണ് സാമൂഹ്യസുരക്ഷയും അനുബന്ധ പ്രവർത്തനങ്ങളും. വിദ്യാഭ്യാസ - ആരോഗ്യ - പാർപ്പിട - ഭക്ഷണ മേഖലകളിലെ അടിസ്ഥാന സുരക്ഷിതത്വം ഉറപ്പാക്കുന്നതാണ് സാമൂഹ്യ സുരക്ഷയുടെ കാതൽ. ഇല്ലായ്മകൾ നല്കുന്ന അസ്വാതന്ത്ര്യത്തിൽ നിന്നും മോചനം ഉറപ്പാക്കുവാൻ ഈ സാമൂഹിക സുരക്ഷിതത്വത്തിനു കഴിയണം. സാമ്പത്തികമായ പിന്നാക്കാവസ്ഥ നിലനിൽക്കെത്തന്നെ മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞുവെന്നതാണ് കേരള വികസന മാതൃക എന്നു ആദ്യ അധ്യായത്തിൽത്തന്നെ കണ്ടതാണ്. ഈ അടിസ്ഥാന നേട്ടങ്ങളോടൊപ്പം വയോജനങ്ങൾക്ക് സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എൺപതുകളിൽ ശക്തിപ്പെട്ടു. വിവിധ ക്ഷേമനിധികളും പെൻഷൻ സ്കീമുകളും അവർക്കായി ആവിഷ്കരിക്കപ്പെട്ടു. തൊണ്ണൂറുകളുടെ അവസാനത്തോടെ ഭിന്നശേഷിക്കാർ, മാറാരോഗികൾ തുടങ്ങിയ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കുള്ള സ്കീമുകളും കേരളം ആവിഷ്കരിക്കാൻ തുടങ്ങി. ഇനി ഇവയെല്ലാം കോർത്തിണക്കി ജനനം മുതൽ മരണം വരെ കേരളത്തിലെ ഓരോ പൗരനും സമ്പൂർണമായ സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി.

കേരളവികസന മാതൃക സംബന്ധിച്ച് എൺപതുകളുടെ ആദ്യം നടന്ന രൂക്ഷമായ സംവാദങ്ങളിൽ സാമ്പത്തികനീതിയും സാമ്പത്തികവളർച്ചയും ഒരു പരിധിവരെ വിപരീതങ്ങളാണെന്നും കേരളത്തിലെ സാമ്പത്തിക മുരടിപ്പിനു കാരണം ഇതാണെന്നും ചിലർ സിദ്ധാന്തിക്കുകയുണ്ടായി. മറ്റു ചിലരാകട്ടെ, സാമ്പത്തിക മുരടിപ്പിന്റെ പശ്ചാത്തലത്തിൽ ക്ഷേമപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാവില്ല എന്ന നിലപാടും സ്വീകരിച്ചു. ഇത്തരം വിവാദങ്ങൾക്ക് ഇന്നു പ്രസക്തിയില്ല. കേരളത്തിന്റെ സാമ്പത്തിക വളർച്ച കഴിഞ്ഞ കാൽ നൂറ്റാണ്ടായി ദേശീയ ശരാശരിയെക്കാൾ മെച്ചമാണ്. പക്ഷേ, ഈ വളർച്ചയുടെ വെല്ലുവിളികൾ നേരിടുന്നതിന് നമ്മുടെ വികസനപാതയിൽ അടിസ്ഥാനപരമായ മാറ്റം വേണമെന്നാണ് ഈ റിപ്പോർട്ടിന്റെ മുഖ്യമായ വാദങ്ങളിലൊന്ന്. ഇതിനായി വലിയതോതിൽ ഭൗതിക പശ്ചാത്തലസൗകര്യങ്ങളിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും മുതൽമുടക്കുണ്ടായേ തീരൂ. പരമ്പരാഗത വ്യവസായങ്ങളെ ആധുനികവത്കരിക്കേണ്ടിയിരിക്കുന്നു. ഈയൊരു ഗതിമാറ്റം സംബന്ധിച്ച് സംസ്ഥാനത്ത് ഒരഭിപ്രായസമന്വയം സൃഷ്ടിക്കണമെങ്കിൽ അനുപേക്ഷണീയമായ ഒരു പരിഷ്കാരമാണ് ഈ കുതിപ്പിൽ പങ്കുചേരാൻ പറ്റാത്തവർക്ക് അടക്കം സമ്പൂർണ സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നത്. അതുകൊണ്ട് നിയോലിബറൽ നയങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ സാമൂഹ്യസുരക്ഷാ നടപടികൾ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടു

പോകേണ്ടത് പുതിയ വികസനതന്ത്രത്തിന്റെ അഭേദ്യ ഭാഗമാകുന്നത്.

അതേസമയം പുത്തൻ സാമ്പത്തിക നയങ്ങൾ സാമൂഹ്യസുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നു. നവലിബറൽ നയങ്ങൾ സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നു. തൊഴിലെടുക്കുന്നവരുടെ ജോലിസുരക്ഷയും അതിന്റെ അടിസ്ഥാനത്തിലുള്ള സേവനവേതന സംവിധാനങ്ങളും ഇല്ലാതാക്കുക എന്നുള്ളതാണ് ഇപ്പോൾ നടപ്പാക്കാൻ ശ്രമിക്കുന്ന തൊഴിൽപരിഷ്കാരങ്ങളുടെ ലക്ഷ്യം തന്നെ. മറ്റൊരു ഗൗരവമായ കാര്യം വർദ്ധിച്ചുവരുന്ന അസമത്വമാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിൽ അസമത്വത്തിന്റെ ഏതു സൂചികയെടുത്താലും കേരളത്തിൽ അവ കുറഞ്ഞു വരുന്നതായിട്ടാണ് പൊതുവിൽ കാണുക. എന്നാൽ തൊണ്ണൂറുകൾ മുതൽ ഈ സ്ഥിതിയിൽ ഒരു മാറ്റം വന്നിട്ടുണ്ട്. മേൽത്തട്ടിലെ ഒരു വിഭാഗം അതിസമ്പന്നരും കോടീശ്വരന്മാരുമായി മാറി. അതേസമയം ഏറ്റവും താഴെത്തട്ടിലുള്ള മൂന്നിലൊന്ന് പാവപ്പെട്ടവരുടെ ജീവിതനിലവാരം തകരുകയും ചെയ്തു. പുറംകാഴ്ചയിൽ പ്രകടമായ വ്യത്യാസങ്ങളില്ലാത്ത 'ഗ്രാഗരങ്ങളാണ്' നമ്മുടെ സംസ്ഥാനമെന്ന് പൊതുവേ പറയാറുണ്ടെങ്കിലും ഇന്ന് ഗ്രാമ–നഗര ജീവിത വിടവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലകൾ തമ്മിലുള്ള പ്രാദേശിക അന്തരവും കൂടുകയാണ്. സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതുവഴി സാമൂഹ്യമായ അസ്വസ്ഥതകളും ശക്തിപ്പെടുന്നു. ഈ പശ്ചാത്തലത്തിലാണ് ഇവിടെ വിവിധ വിഭാഗങ്ങളുടെയും മേഖലകളുടെയും നിലവിലുള്ള സാമൂഹ്യസുരക്ഷാ നടപടികളെ വിമർശനാത്മകമായി പരിശോധിക്കുന്നതിനും അവ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങൾക്കു രൂപം നൽകുകയും ചെയ്യുന്നത്.

അസ്വസ്ഥതയുടേയും അരക്ഷിതാവസ്ഥയുടേയും അനിശ്ചിതത്ത്വത്തിന്റേയും ഈ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ ഇന്ന് സംസ്ഥാനത്ത് നടക്കുന്ന സാമൂഹ്യസുരക്ഷാപദ്ധതിയുടെ ഒരു സമഗ്രമായ പൊളിച്ചെഴുത്തും പുതിയൊരു വികസന ആസൂത്രണ സമീപനവും കൊണ്ടുവരേണ്ടത് ആവശ്യമാണെന്നു കാണാം. ഭൂരിപക്ഷ ജനങ്ങൾക്കും സമ്പൂർണ്ണസാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഉദ്ദേശത്തോടുകൂടി നിലവിലുള്ള ക്ഷേമപദ്ധതികൾ വിപുലപ്പെടുത്തുക, അവകൂട്ടിയിണക്കുക, കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ സംയോജിപ്പിക്കുക, കുറവുകൾ നികത്തുന്നതിനു പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുക തുടങ്ങിയവയെല്ലാം ചെയ്യേണ്ടതുണ്ട്. മേൽ സൂചിപ്പിച്ചതുപോലെ ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന ജനവിഭാഗത്തെ സഹായിക്കുന്ന തരത്തിൽ അവരെ സുരക്ഷിത വലയത്തിൽ കൊണ്ടുവന്ന് സാമൂഹ്യസുരക്ഷ പദ്ധതികളുടെ ഗുണഭോക്താക്കളാക്കി മാറ്റാൻ കഴിയണം.

വ്യത്യസ്ത ശേഷിയുള്ള ജനവിഭാഗങ്ങളുടെ സാമൂഹ്യസുരക്ഷ, ശിശുക്ഷേമം, മുതിർന്ന പൗരന്മാരുടെ സുരക്ഷ, തൊഴിലാളി ക്ഷേമം, അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമപെൻഷൻ, സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ പദ്ധതികളും പ്രവർത്തനങ്ങളും, പാർപ്പിട പ്രശ്നങ്ങൾ, പൊതുവിതരണ സമ്പ്രദായം തുടങ്ങിയ മേഖലകളിൽ സാമൂഹ്യസുരക്ഷ കാഴ്ചപ്പാടോടുകൂടി നടപ്പിൽ വരുത്തേണ്ട പദ്ധതികളും കൈക്കൊള്ളേണ്ട സമീപനങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ചർച്ചചെയ്യുന്നത്.

വിദ്യാഭ്യാസ ആരോഗ്യ ഉറപ്പുകളെക്കുറച്ച് വിശദമായി മറ്റ് അധ്യായങ്ങളിൽ ചർച്ച ചെയ്യുന്നതുകൊണ്ടും അവ സംബന്ധിച്ച് സാമാന്യ പരാമർശങ്ങൾ മാത്രമേ ഇവിടെ ഉൾക്കൊള്ളിക്കുന്നുള്ളൂ.

## I. സാമൂഹ്യ സുരക്ഷയും തൊഴിലാളിക്ഷേമവും

കേരളത്തിലെ സാമൂഹ്യസുരക്ഷാ പദ്ധതികളിൽ ഏറ്റവും പ്രസിദ്ധി നേടിയത് ക്ഷേമഫണ്ടുകളും അവയുടെ പ്രവർത്തനവുമാണ്. സാധാരണനിലയിൽ ഇന്ത്യയിൽ പൊതുവിൽ അസംഘടിതമേഖലയിലെ തൊഴിലാളികൾ സാമൂഹ്യസുരക്ഷാവലയത്തിൽനിന്നു പുറത്താണ്. ഇതനൊരു അപവാദമാണ് കേരളം. 1969–ലാണ് ആദ്യത്തെ ക്ഷേമനിധി ബോർഡായ കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപം കൊണ്ടത്. 1980കളിൽ നാനാതുറകളിലെ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിലും സംസ്ഥാന ഗവൺമെന്റിന്റെ മേൽനോട്ടത്തിലുമായി ക്ഷേമനിധി ഫണ്ടുകൾ രൂപീകൃതമായി. സ്ത്രീകൾ കൂടുതലുള്ള കശുവണ്ടി- കയർ മേഖലകളിലും ക്ഷേമനിധി ഫണ്ടുകൾ രൂപീകൃതമായതും ഇക്കാലത്താണ്. ഇത്തരത്തിലുള്ള സാമൂഹ്യ സുരക്ഷാപദ്ധതികൾ തൊഴിലാളികളുടെ അന്തസ്സും ആത്മാഭിമാനവും ഉയർത്തിപ്പിടിക്കുന്നതിനും ശക്തമായ സംഘടനാബോധം വളർത്തുന്നതിനും പര്യാപ്തമായിട്ടുണ്ട്.

ക്ഷേമനിധികളുടെ ഘടന പൊതുവിൽ സമാനമാണ്. തൊഴിലാളികളുടെ അംശാദായം തുല്യമോ അധികരിച്ചിട്ടുള്ളതോ സർക്കാരിന്റെ സഹായം, തൊഴിലുടമയുടെ വിഹിതം എന്നിങ്ങനെ മൂന്നു സ്രോതസുകളിൽ നിന്നാണ് നിധിയ്ക്കു രൂപം നൽകുന്നത്. അംഗമായിട്ടുള്ള തൊഴിലാളിയ്ക്ക് 60 വയസു കഴിഞ്ഞാൽ ക്ഷേമനിധികളിൽ നിന്ന് ലഭിക്കുന്ന പെൻഷനാണ് ഏറ്റവും വലിയ ആനുകൂല്യം. പുരുഷൻ മരിച്ചാൽ കുടുംബ പെൻഷനും അർഹതയുണ്ട്. ഇതിനു പുറമെ തൊഴിലെടുത്തുകൊണ്ടിരിക്കുമ്പോഴുണ്ടാകുന്ന വിവാഹം, മരണം, വിദ്യാഭ്യാസം, രോഗം തുടങ്ങിയ ആവശ്യങ്ങൾക്ക് സഹായങ്ങൾ ധനസ്ഥിതിയനുസരിച്ച് ക്ഷേമനിധികൾ നൽകുന്നു. ക്ഷേമനിധികളുടെ ഒരു പ്രധാന പ്രത്യേകത അതിന്റെ നടത്തിപ്പ് തൊഴിലാളി യൂണിയനുകൾ നയിക്കുന്ന ഭരണസമിതികളിൽ നിക്ഷിപ്തമാണ് എന്നതാണ്. ഓരോ നിധിയ്ക്കും പ്രത്യേകം ഓഫീസും ഉദ്യോഗസ്ഥരുമുണ്ട്.

പക്ഷേ, ധനസ്ഥിതിയുടെ കാര്യത്തിൽ വിവിധ ക്ഷേമനിധികൾ തമ്മിൽ അജഗജാന്തരമാണ്. കള്ളുചെത്ത്, മദ്യവ്യവസായം, നിർമ്മാണ – മോട്ടോർ തൊഴിലാളികളുടെ ക്ഷേമനിധികൾ വളരെ സമ്പന്നമാണ്. ഇതിനു മുഖ്യകാരണം സ്റ്റാറ്റ്യൂട്ടറിയായി തൊഴിലുടമയിൽ നിന്ന് വിഹിതം കൃത്യമായി പിരിക്കാൻ കഴിയുന്നതാണ്. നിർമ്മാണരംഗത്ത് കോൺട്രാക്ടറിൽനിന്ന് അംശാദായം കൃത്യമായി പിരിക്കാൻ ഏർപ്പാടുണ്ട്. അതുപോലെതന്നെ മോട്ടോർ രംഗത്തും. അതേസമയം മത്സ്യത്തൊഴിലാളികളുടെ അംശാദായം കയറ്റുമതിക്കാരിൽ നിന്ന് പിരിക്കാനുള്ള ശ്രമം ഫലവത്തായില്ല. ഇതുതന്നെയാണ് കയർ വ്യവസായത്തിലെയും സ്ഥിതി. അതുകൊണ്ട് ഇതുപോലുള്ള ക്ഷേമനിധികളെല്ലാം സർക്കാർ സഹായം കൊണ്ടാണ് നിലനിന്നു പോരുന്നത്. ഏറ്റവും വലിയ ക്ഷേമനിധിയായ കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ സ്ഥിതിയും ഇതുതന്നെയാണ്.

ക്ഷേമനിധികളിൽ നൽകുന്ന പെൻഷനിൽനിന്ന് വ്യത്യസ്തമായി സർക്കാർ നൽകുന്ന ക്ഷേമപെൻഷനുകളുണ്ട്. കേന്ദ്രസർക്കാരിന്റെ ദേശീയ വയോജന പെൻഷനാണ് ഇതിലേറ്റവും പ്രധാനം. ഏതാണ്ട് നാലുലക്ഷം വൃദ്ധർക്ക് കേന്ദ്രപെൻഷൻ ലഭിക്കുന്നു. എട്ടുലക്ഷം പേർക്ക് വിധവാ പെൻഷൻ ലഭിക്കുന്നു. ഏതാണ്ട് മൂന്നു ലക്ഷംപേർക്കാണ് വികലാംഗപെൻഷൻ ലഭിക്കുന്നത്. ഇവയടക്കം മൊത്തം 20 ലക്ഷം ആളുകൾക്കാണ് പെൻഷൻ ലഭിക്കുന്നത്. അംഗത്വമെടുത്താൽ ഏറ്റവും വലുത് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡാണ് (23.2 ലക്ഷം). തയ്യൽത്തൊഴിലാളികൾ (7.3 ലക്ഷം), കെട്ടിടനിർമ്മാണത്തൊഴിലാളി (3.22 ലക്ഷം), കയർ വർക്കേഴ്സ് (2.22 ലക്ഷം), കശുവണ്ടിത്തൊഴിലാളി (2.0 ലക്ഷം) മത്സ്യത്തൊഴിലാളി (2.3 ലക്ഷം), ആർട്ടിസാൻസ് (3.87 ലക്ഷം) എന്നീ ക്ഷേമനിധികളാണ് മറ്റു പ്രധാനപ്പെട്ടവ. (പട്ടിക 18.1). ക്ഷേമനിധി ബോർഡുകളിലെ മൊത്തം അംഗത്വം ഏതാണ്ട് 50 ലക്ഷം വരും എന്നു കണക്കാക്കപ്പെടുന്നു.

അസംഘടിത മേഖലയിലെ മറ്റു നാനാതരം തൊഴിലാളികൾക്കും കാര്യക്ഷമമായ സാമൂഹ്യസുരക്ഷാസംവിധാനം ഉറപ്പാക്കിയേ കഴിയൂ. കേരളത്തിൽ 80% തൊഴിലാളികൾ അസംഘടിത മേഖലയിൽ പണിയെടുക്കുന്നു (മാർട്ടിൻ പാട്രിക്, 2015). നിലവിലുള്ള ക്ഷേമബോർഡുകളുടേയും നിയമങ്ങളുടേയും പരിധിയിൽ വരാത്ത തൊഴിൽവിഭാഗങ്ങളെ കൂടി സുരക്ഷാവലയത്തിലേക്ക് പൂർണ്ണമായി കൊണ്ടുവരേണ്ടതുണ്ട്. കടകളിലും ചെറിയ വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, ചെറുകിട തോട്ടം തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ എന്നിവർ ഈ കൂട്ടത്തിൽപ്പെടുന്നു. അതിനോടൊപ്പം നിലവിലുള്ള ബോർഡുകൾ കൂടുതൽ ശക്തിപ്പെടേണ്ടതായും ഉണ്ട്. വിവിധ ബോർഡുകളേയും ഏജൻസികളേയും ഏകോപിപ്പിക്കുന്ന കാര്യവും പരിഗണന അർഹിക്കുന്നു. നടത്തിപ്പ് ചെലവുകളുടെ ആവർത്തനം, അംഗത്വത്തിൽ ഉണ്ടാകാനിടയുള്ള ഇരട്ടിപ്പ്, കാര്യക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്ക് ഇത് സഹായകമാകും. കേരളത്തിൽ തൊഴിലാളി സംഘടനകളും സർക്കാർ ഇടപെടലുകളും വേണ്ടത്ര കടന്നുചെന്നിട്ടില്ലാത്ത മേഖലകൾ ധാരാളമുണ്ട്. ഔപചാരിക മേഖലകളിൽ അനൗപചാരിക തൊഴിലാളികൾ വർദ്ധിച്ചുവരികയാണ്. ഇവയുടെ കൂട്ടത്തിൽ പഴയ തൊഴിൽതുറകളും ഏറ്റവും പുതിയ മേഖലകളുമുണ്ട്.

ക്ഷേമനിധികളുടെ പ്രവർത്തനങ്ങളിൽ ദൗർബല്യങ്ങൾ പലതാണ്. ഏറ്റവും പ്രധാനപ്പെട്ടത് തൊഴിലുടമകളിൽനിന്ന് അംശാദായം പിരിക്കാൻ കഴിയുന്നില്ല എന്നതാണ്. ഇതിന് നിയമപരമായ പരിഹാരം കണ്ടെത്തണം. മറ്റൊരു പ്രശ്നം ചെറുക്ഷേമനിധികൾ നേരിടുന്ന ദുർവഹമായ ഭരണച്ചെലവാണ്. ഇതൊഴിവാക്കുന്നതിന് ചെറുകിട ക്ഷേമനിധികൾക്കെല്ലാം കൂടി പൊതുവായ ഉദ്യോഗസ്ഥ പിന്തുണാസംവിധാനം ഏർപ്പെടുത്തുന്നതാവും അഭികാമ്യം. പക്ഷേ, ഓരോ നിധിയും അതതു മേഖലയുമായി ബന്ധപ്പെട്ട ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ കീഴിൽത്തന്നെ പ്രവർത്തിക്കും.

ക്ഷേമനിധികളെയും ദേശീയ സംസ്ഥാന പെൻഷനുകളെയും എല്ലാം സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ സാമൂഹ്യസുരക്ഷാ പദ്ധതി ആവിഷ്കരിക്കുക എന്നുള്ളതാണ് സാമൂഹ്യസുരക്ഷാരംഗത്തെ അടുത്ത സുപ്രധാനമായ കാൽവെയ്പ്. ഈ സാമൂഹ്യസുരക്ഷ രണ്ട് തലങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യത്തേത് മിനിമം സാമൂഹിക സഹായമാണ്. രണ്ടാമത്തേത്, സാമൂഹിക ഇൻഷ്വറൻസിന്റെ അടിസ്ഥാനത്തിലുള്ള അധികസഹായമാണ്. അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റാൻ സാധിക്കാത്തവർക്ക് നേരിട്ടുള്ള സഹായമാണ് ആദ്യത്തേത്. അന്തസ്സോടെ ജീവിക്കുവാൻ വേണ്ട ഭക്ഷണം, ആരോഗ്യം, പാർപ്പിടം തുടങ്ങി മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുള്ള മിനിമം ധനസഹായം നൽകുക ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ ഒരു സമൂഹത്തിലാണ് സാമൂഹിക ഇൻഷ്വറൻസ് നടപ്പിലാകുന്നത്. ഇൻഷ്വറൻസ് സഹായത്തിന്റെ കാതൽ എല്ലാവരുടെയും ജീവിത നിലവാരം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഗുണവും അപകടവും ചെലവും പരസ്പരം പങ്കുവയ്ക്കുകയാണ്.

സാമൂഹിക സഹായത്തിൽ നിന്നും സാമൂഹിക സുരക്ഷയിലോട്ടുള്ള വളർച്ചയാണ് ഏത് വികസ്വര രാജ്യത്തിന്റെയും മുന്നിലുള്ള വെല്ലുവിളി. ഇത്തരമൊരു പുരോഗമനപരമായ മാറ്റം അതിന് അനുയോജ്യമായ സ്ഥാപനവൽക്കരണത്തിലൂടെ സമയാധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഘടകങ്ങൾ കേരളത്തിൽ സജ്ജമാണ്.

സ്വയംതൊഴിൽ കണ്ടെത്തിയവർ, ദിവസക്കൂലിക്ക് ലഭ്യമാകുന്ന തൊഴിലാളികൾ, സ്ഥിരം വരുമാനക്കാർ എന്നിങ്ങനെ മൂന്ന് ഗണങ്ങളിലായി ഈ തൊഴിലാളികളെ തരംതിരിക്കാം. ആദ്യ രണ്ട് വിഭാഗങ്ങളിലെയും

**പട്ടിക 18.1**

**ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ എണ്ണം**

| ക്രമ നം | ഫണ്ട്/സ്കീമിന്റെ പേര് | ആരംഭിച്ച വർഷം | 2005 ആകെ | 2014 | | 2014 ആകെ |
|---|---|---|---|---|---|---|
| | | | | പുരുഷൻ | സ്ത്രീ | |
| 1 | ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് | 1970 | 40688 | 36115 | 175 | 36290 |
| 2 | തൊഴിലാളി ക്ഷേമനിധി ബോർഡ് | 1977 | 489808 | 0 | 0 | 0 |
| 3 | ചുമട്ടുത്തൊഴിലാളി ക്ഷേമ ബോർഡ് | 1984 | 83855 | 76595 | 355 | 76950 |
| 4 | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 1985 | 274366 | 205158 | 28048 | 233206 |
| 5 | ആർട്ടിസന്റ്സ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫയർ ഫണ്ട് സ്കീം | 1986 | 224996 | 150981 | 236150 | 387131 |
| 6 | മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് | 1986 | 53225 | 574724 | 365 | 575089 |
| 7 | കയർത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 1987 | 203722 | 44499 | 177995 | 222494 |
| 8 | കശുവണ്ടി തൊഴിലാളി ആശ്വാസ & ക്ഷേമനിധി ഫണ്ട് | 1988 | 195000 | 0 | 0 | 0 |
| 9 | അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 1989 | 2057 | 2470 | 67 | 2537 |
| 10 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 1989 | 48879 | 0 | 0 | 0 |
| 11 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 1989 | 11743 | 2 | 399 | 401 |
| 12 | കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 1990 | 1861197 | 707723 | 1614107 | 2321830 |
| 13 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 1990 | 1158040 | 23578 | 8644 | 32222 |
| 14 | ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി സ്കീം | 1991 | 18914 | 20083 | 13 | 20096 |
| 15 | ആധാരമെഴുത്തുകാരുടെയും കൈപ്പടക്കാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് | 1991 | | 0 | 0 | 0 |
| 16 | സംസ്ഥാന ലോട്ടറി ഏജന്റ്സ് ക്ഷേമനിധി ബോർഡ് | 1991 | 4002 | 27963 | 4809 | 32772 |
| 17 | അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് | 1992 | 40608 | 0 | 0 | 0 |
| 18 | വ്യാപാരി ക്ഷേമനിധി ബോർഡ് | 1992 | 23818 | 0 | 0 | 0 |
| 19 | സംസ്ഥാന സഹകരണ തൊഴിലാളി പെൻഷൻ ബോർഡ് | 1994 | 20610 | 32000 | 22000 | 54000 |
| 20 | തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 1995 | 275966 | | | 722847 |
| 21 | ബീഡി & സിഗരറ്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 1996 | 38827 | 0 | 184 | 184 |
| 22 | മുള, കാട്ടുവള്ളി, ഈറ്റ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2000 | 13267 | 6200 | 8582 | 14782 |
| 23 | റേഷൻ ഡീലേഴ്സ് ക്ഷേമനിധി ബോർഡ് | 2000 | 12736 | 9865 | 4029 | 13894 |
| 24 | വക്കീൽ ഗുമസ്തൻ ക്ഷേനിധി ബോർഡ് | 2004 | | 4066 | 1183 | 5249 |
| 25 | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി സ്കീം | 2004 | | 13203 | 59 | 13262 |
| 26 | ബാർബർ & ബ്യൂട്ടീഷ്യൻസ് ക്ഷേനിധി സ്കീം | 2004 | | 1542 | 1423 | 2965 |
| 27 | അലക്ക്തൊഴിലാളി ക്ഷേനിധി സ്കീം | 2004 | | 35 | 40 | 75 |
| 28 | ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2007 | | 64771 | 28679 | 93390 |
| 29 | ചെറുകിട തോട്ടംമേഖല ക്ഷേമനിധി ബോർഡ് | 2009 | | 0 | 0 | 0 |
| 30 | ക്ഷീര കർഷക ക്ഷേമനിധി ബോർഡ് | 2010 | | 1820 | 662 | 2482 |

ഉറവിടം: ലേബർ കമ്മീഷണർ ഓഫീസ്, കേരള സർക്കാർ, 2014

സ്ഥിരം തൊഴിലില്ലാത്തവർക്കാണ് സാമൂഹിക സഹായം ലഭിക്കേണ്ടത്. തങ്ങൾക്ക് ലഭിക്കുന്ന സഹായനിധിയിലേയ്ക്ക് ഔപചാരികമായ ചെറു അംശാദായമല്ലാതെ മറ്റു യാതൊരു സംഭാവനയും സ്വന്തം നിലയ്ക്ക് ചെയ്യാൻ കെൽപ്പില്ലാത്തവരാണിവർ. ക്ഷേമനിധികളുടെ 60 ശതമാനത്തോളം ഈ വിഭാഗക്കാരാണ്.

നാം കണ്ടതുപോലെ അടിയന്തിരശ്രദ്ധയർഹിക്കുന്ന ധാരാളം പ്രശ്നങ്ങൾ ഉള്ളവയാണ് ഈ ക്ഷേമനിധികളൊക്കെത്തന്നെ. അവയ്ക്ക് സുസ്ഥിരമായ സാമ്പത്തിക അടിത്തറയില്ല. എന്നാൽ മറ്റു ചിലതാകട്ടെ, ദൈനംദിന ചെലവുകൾക്കുപോലും സർക്കാരിന്റെ സഹായം കൂടിയേ തീരൂ. എല്ലാ ക്ഷേമനിധികളും വാർത്തെടുത്തിരിക്കുന്നത് ഒരേ മൂശയിൽ നിന്നാണെങ്കിലും ഓരോ നിധിയും നൽകുന്ന ധനസഹായത്തിന്റെയും മറ്റ് സേവനങ്ങളുടെയും രീതികൾ വ്യത്യസ്തമാണ്. ക്ഷേമനിധികളുടെ പ്രവർത്തനം സാർവത്രികമാക്കുകയാണ് ആദ്യം വേണ്ടത്. തൊഴിലുറപ്പുകാരടക്കം അസംഘടിത മേഖലയിലെ മുഴുവൻ തൊഴിലാളികളും ഏതെങ്കിലും ക്ഷേമനിധിയിൽ അംഗമാകുന്നത് പ്രോത്സാഹിപ്പിക്കണം. ഒരാൾക്ക് ഒരു ക്ഷേമനിധിയിലേ അംഗമാകാനാവൂ. അംഗത്വവിവരം പൂർണമായും കമ്പ്യൂട്ടറൈസ് ചെയ്താൽ ഇരട്ടിപ്പ് ഒഴിവാക്കാനാവും. അംഗങ്ങളായുള്ള മുഴുവൻ പേർക്കും മിനിമം പെൻഷൻ സർക്കാർ ഉറപ്പുനൽകും. ഇതിനുള്ള പണം ക്ഷേമനിധിയ്ക്കില്ലെങ്കിൽ ആ വിടവ് സർക്കാർ നികത്തും. എന്നാൽ താൽപര്യമുള്ളവർക്ക് കൂടുതൽ അംശാദായമടച്ചാൽ അതിന് അനുസരിച്ച് കൂടുതൽ പെൻഷൻ ലഭിക്കുന്നതിനുള്ള ഇൻഷ്വറൻസും ഉണ്ടാകും.

പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് – അത് സാമൂഹിക സഹായ പദ്ധതിയാണെങ്കിലും, ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണെങ്കിലും – ചില മുന്നൊരുക്കങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ആദ്യം വേണ്ടത് അംഗങ്ങളെ സംബന്ധിച്ചും ഗുണഭോക്താക്കളെക്കുറിച്ചും ഇൻഷ്വറൻസ് വിഹിതം അടയ്ക്കുന്നവരെക്കുറിച്ചും കൃത്യമായ കണക്കുകൾ തയ്യാറാക്കുക എന്നുള്ളതാണ്. വിപുലമായ കമ്പ്യൂട്ടറൈസ്ഡ് വിവരസങ്കേതം ഇതിന് ആവശ്യമാണ്. ഈ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ സംസ്ഥാനതലത്തിലുള്ള ഒരു മേൽനോട്ട നിയന്ത്രണ സംവിധാനം വേണം. സ്വകാര്യമേഖലയുമായി മത്സരിച്ച് ഇൻഷ്വറൻസ് കമ്പനികളെ ആകർഷിക്കുന്നവിധം കുറ്റമറ്റ രീതിയിൽ പൊതുഇൻഷ്വറൻസ് ശക്തിപ്പെടുത്തണം. ഇതോടൊപ്പം ക്ഷേമനിധികളുടെ പൊതുസംവിധാനം ഓഫീസ് വില്ലേജ്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിൽ സ്ഥാപിക്കണം.

എത്ര പേർക്ക് സാമൂഹിക സഹായം വേണ്ടിവരും? അതിനെത്ര തുക വേണ്ടിവരും? ഒരു വ്യക്തിയ്ക്ക് അന്തസ്സോടെ ജീവിക്കാൻ ഏറ്റവും കുറഞ്ഞത് എത്ര പെൻഷൻ വേണ്ടി വരും? സർക്കാരിന് കൊടുക്കാൻ കഴിയുന്നതിന്റെ ഉയർന്ന പരിധി എത്രയാണ്? ഇപ്പോൾ ക്ഷേമനിധി അംഗങ്ങളായിട്ടുള്ളവരുടെ എണ്ണം അമ്പതു ലക്ഷമാണ് എന്നു പറഞ്ഞുവല്ലോ. അസംഘടിത മേഖലയിലെ മുഴുവൻ ആളുകളെയും വിവിധ ക്ഷേമനിധികളിൽ സംഘടിപ്പിക്കുകയാണെങ്കിൽ ഏതാണ്ട് ഒരുകോടി അംഗങ്ങൾ ക്ഷേമനിധി അംഗങ്ങളാകുമെന്നു പ്രതീക്ഷിക്കാം.

ഇപ്പോൾത്തന്നെ ഏതാണ്ട് 20 ലക്ഷം പേർക്ക് വിവിധ സ്കീമുകളിലായി പെൻഷൻ നൽകുന്നുണ്ട്. അഞ്ചു ലക്ഷം പേർ ഇരട്ടിപ്പാവാം. മറ്റൊരു അഞ്ചുലക്ഷം വികലാംഗർ തുടങ്ങിയ പെൻഷനുകളായി കണക്കാക്കാം. എങ്കിൽത്തന്നെയും മൊത്തം വൃദ്ധജനത്തിന്റെ 25 ശതമാനം പേർക്ക് ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള പെൻഷൻ ലഭിക്കുന്നുണ്ട്. ക്ഷേമനിധികളുടെ വിപുലീകരണത്തിന്റെ അഫലമായി ഏറിയാൽ നാലു – അഞ്ചു ലക്ഷം പേർക്കു കൂടിയേ പുതുതായി പെൻഷൻ നൽകേണ്ടി വരൂ. ഏറ്റവും കുറഞ്ഞത് പ്രതിമാസം 1000 രൂപയായിരിക്കണമെന്നത് പൊതുവേ അംഗീകരിച്ച കാര്യമാണ്. ഇതിന് മാത്രമായി 540 കോടി രൂപ വേണ്ടിവരും. വിവിധ പെൻഷനുകൾക്ക് അർഹരായവരുടെ എണ്ണം തിട്ടപ്പെടുത്തി അതിൽ വേണ്ട കുറവ് നികത്തിയാൽ ഈ തുക കുറയ്ക്കുവാൻ കഴിയും. പക്ഷേ, നിലവിലുള്ളവരുടെ പെൻഷൻ തുകയും വർദ്ധിപ്പിക്കേണ്ടി വരും. അതോടൊപ്പം കണക്കിലെടുക്കേണ്ട മറ്റൊരു കാര്യമാണ്, ക്ഷേമനിധികളുടെ വരുമാനത്തിൽ നിന്ന് പെൻഷൻ കൊടുക്കാൻ തികയാത്ത തുകയാണ് സംസ്ഥാന സർക്കാർ നൽകുന്നത്. ഇതെല്ലാം കൂടി പരിഗണിക്കുമ്പോൾ 600– 700 കോടി രൂപയായിരിക്കും ഇതിനു വേണ്ടി വരുന്ന ചെലവ്. 3.25 ലക്ഷം കോടി രൂപ വാർഷിക ആന്തരിക വരുമാനമുള്ള ഒരു സംസ്ഥാനത്തിന് ഈ ബാധ്യത ഏറ്റെടുക്കാനാവും.

ഇതുവരെ ചർച്ച ചെയ്തത് എല്ലാവർക്കും സർക്കാർ മുൻകൈയെടുത്തു നൽകുന്ന മിനിമം സാമൂഹിക സാമ്പത്തിക സുരക്ഷയാണ്. എന്നാൽ സ്ഥിരവരുമാനക്കാർ താൽപര്യമുള്ളവർക്ക് ക്ഷേമനിധിയിൽ കൂടുതൽ അംശാദായം അടയ്ക്കാൻ അനുവാദമുണ്ടാകും. അതനുസരിച്ച് അവരുടെ പെൻഷനും ഉയരും. പ്രതിമാസം 500 രൂപ വച്ച് അടച്ചാൽ, നിലവിലെ പലിശ നിരക്ക് കൂട്ടിനോക്കിയാൽ 25 വർഷം കഴിയുമ്പോൾ പ്രതിമാസം 5,000 രൂപ വീതം ലഭ്യമാകും. തൊഴിലാളിയും തതുല്യമായ തുക തന്റെ പങ്കായി അടച്ചാൽ, അയാൾക്ക് പെൻഷനാകുമ്പോൾ ഇതിന്റെ ഇരട്ടിതുക മാസത്തിൽ ലഭിക്കും. തൊഴിലാളിയുടെ ഭാഗത്തുനിന്നും ഈ വിഹിതത്തിന്റെ തുക കൂടുകയും വിഹിതം അടയ്ക്കുന്നതിന്റെ കാലാവധി കൂടുകയും ചെയ്താൽ അതിൽ നിന്നും അയാൾക്കുണ്ടാകുന്ന ഗുണവും കൂടുതൽ മെച്ചപ്പെടും.

ഇതോടൊപ്പം ക്ഷേമനിധി അംഗങ്ങളെ മുഴുവൻ ആരോഗ്യ പരിരക്ഷാ ഇൻഷ്വറൻസിൽ കൊണ്ടുവരാം. ഇപ്പോൾത്തന്നെ കേരളത്തിൽ ആർഎസ്ബിവൈ ഇൻഷ്വറൻസ്, അസംഘടിത മേഖലയിലെ തൊഴിലാളികളെ ഏതാണ്ട് പൂർണമായി ഉൾക്കൊള്ളുന്നുണ്ട്. ഇതൊരു

പക്ഷേ, കൂടുതൽ വിപുലീകരിക്കേണ്ടി വരും. എണ്ണത്തിൽ മാത്രമല്ല, ആനുകൂല്യത്തിലും. ഇന്ന് നിലവിലുള്ള വിവിധങ്ങളായ ഇൻഷ്വറൻസ്, കാരുണ്യ തുടങ്ങിയ സ്കീമുകളെയെല്ലാം ഒറ്റ ഇൻഷ്വറൻസ് പദ്ധതിയായി ഏകോപിപ്പിക്കുകയും പൊതു ആരോഗ്യസംവിധാനവുമായി കൂടുതൽ ബന്ധപ്പെടുത്തുകയും ചെയ്താൽ സമ്പൂർണ ആരോഗ്യസുരക്ഷ ഉറപ്പുവരുത്താനാവും.

ഗുണഭോക്താക്കൾക്ക് ക്ഷേമനിധിയുടെ ഗുണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം ആ ക്ഷേമനിധിയിലെ അംഗത്വമാണ്. സാമൂഹിക സഹായം അംഗങ്ങൾക്ക് നേരിട്ട്തന്നെ ലഭിക്കും. എന്നാൽ, ഇൻഷ്വറൻസിന്റെ നിധിയിലേയ്ക്ക് തുക അടയ്ക്കുന്നവർക്ക് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുകയുള്ളൂ. അതുകൊണ്ട്തന്നെ, സാമൂഹിക സഹായവും സാമൂഹിക ഇൻഷ്വറൻസും ലഭിക്കേണ്ടവരെക്കുറിച്ച് വ്യക്തത വേണം. സാമൂഹിക സുരക്ഷ ലഭിക്കുന്നവരെ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ, ആരോഗ്യപരിരക്ഷ ലഭിക്കുന്നവർ എന്ന് രണ്ടായി തിരിക്കാം. രണ്ട് മേഖലകളിലും സ്വന്തം നിലയിൽ നിധിയിലേയ്ക്ക് സംഭാവന നൽകാത്ത ആർക്കൊക്കെ ഇതിലൂടെ സാമൂഹിക സഹായം ലഭ്യമാക്കാമെന്നും നിധിയിലേയ്ക്ക് സംഭാവന നൽകുന്നവർക്ക് എന്തൊക്കെ പരിരക്ഷ ഏർപ്പെടുത്താമെന്നും വിശദമായി പരിശോധിക്കേണ്ടതാണ്.

## II. കുട്ടികളുടെ അവകാശസംരക്ഷണവും സാമൂഹ്യസുരക്ഷയും

സ്വാതന്ത്ര്യാനന്തര കേരളാ വികസന നയത്തിൽ ഏറ്റവും മുന്തിയ പരിഗണന കുട്ടികൾക്ക് ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യത്തിലൂന്നിക്കൊണ്ടുള്ള ആരോഗ്യസംവിധാനവും വിദ്യാഭ്യാസ ശൃംഖലകൾക്കും നാം രൂപം നൽകി. ഗർഭിണികളുടെ പോഷണാവസ്ഥ മുതൽ ശൈശവം, ബാല്യം, കൗമാരം തുടങ്ങി കുട്ടികളുടെ ജീവിത ചക്രത്തിലുടനീളം ശ്രദ്ധയും പരിചരണവും കരുതലും ഉറപ്പുവരുത്തുന്നതിന് ഇടപെടാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ പല പഠനറിപ്പോർട്ടുകളും നല്കുന്ന സൂചന ആരോഗ്യരംഗത്ത് നേടിയെടുത്ത പല കാര്യങ്ങളിലും കേരളം പിന്നോട്ട് പോകുന്നതായിട്ടാണ്. ദേശീയകുടുംബ ആരോഗ്യസർവ്വേ (എൻ.എഫ്.എച്ച്.എസ്-4) പ്രകാരം കാണിക്കുന്നത് 12 മുതൽ 23 മാസം പ്രായമുള്ള കുട്ടികളിൽ 17.5 % കുട്ടികളും എല്ലാത്തരം പ്രതിരോധ കുത്തിവയ്പുകളും എടുത്തിട്ടില്ലെന്നാണ്. 2012-13 ലെ ദേശീയകുടുംബാരോഗ്യസർവ്വേ (എൻ.എഫ്.എച്ച്.എസ്-4) പ്രകാരം മൂന്നു വയസിൽ താഴെയുള്ള കുട്ടികളുടെ വിളർച്ചയും (34ൽ നിന്ന് 48 ശതമാനമായി) കുമാരിമാരിലെ വിളർച്ചയും (23ൽ നിന്ന് 32 ശതമാനമായി) ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കുട്ടികളെ ബാധിക്കുന്ന അംഗനവാടികളുടെ അവസ്ഥാവിശേഷം, ശുദ്ധജലത്തിന്റെ അഭാവം തുടങ്ങിയ കാര്യങ്ങൾ മറ്റു അധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ കണക്കുകൾ നല്കുന്ന സൂചനകൾ കേരളത്തിലെ ഒരു കോടിയിലധികം വരുന്ന കുട്ടികളുടെ സംരക്ഷണവും ആരോഗ്യ പോഷണവും വികസന അജണ്ടയിൽ പ്രധാനപ്പെട്ട കർത്തവ്യമായി തുടരും. കുട്ടികളുടെ ആരോഗ്യവും പോഷണവും കൈകാര്യം ചെയ്യുന്ന വിവിധ സംവിധാനങ്ങൾ, കുട്ടികളുടെ പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള വിദ്യാഭ്യാസം നിർവ്വഹിക്കപ്പെടുന്ന സ്ഥാപനങ്ങൾ, വീടുകളിലും ചുറ്റുപാടുകളിലുമുള്ള സംരക്ഷണം തുടങ്ങി എല്ലാത്തിലും പുതിയ കാഴ്ചപ്പാടുകളും സമീപനങ്ങളും കൈകൊള്ളണം.

പോഷകാഹാരലഭ്യത, ആരോഗ്യരക്ഷ, മതിയായ ജീവിതനിലവാരം, വിദ്യാഭ്യാസം, പരിപാലനവും വികാസവും, വിനോദം, വിശ്രമം, സാംസ്കാരിക പ്രവർത്തനം, അഭിപ്രായ ആവിഷ്ക്കാര സ്വാതന്ത്ര്യം, വീക്ഷണ സ്വാതന്ത്ര്യം, ചിന്തിക്കാനും സംഘടിപ്പിക്കാനുമുള്ള അവകാശം, ചൂഷണങ്ങളിൽ നിന്നുള്ള സംരക്ഷണം ഇവയൊക്കെ കുട്ടികൾക്കുവേണ്ട സൗകര്യങ്ങളും അവരുടെ അവകാശങ്ങളുമാണ്. കുറഞ്ഞ ശിശുമരണ നിരക്ക്, സാർവ്വത്രിക വിദ്യാഭ്യാസം അവകാശ മേഖലയിൽ ഉയർന്ന സ്ഥാനം, എന്നിവ കേരളത്തിന്റെ നേട്ടങ്ങൾ ആണെങ്കിലും കുട്ടികൾ നേരിടുന്ന പീഢനത്തിന്റെയും അവകാശലംഘനത്തിന്റെയും കാര്യത്തിൽ കേരളത്തിന്റെ നിലയും ഒട്ടുംആശാവഹമല്ല. ഭിക്ഷാടനമാഫിയ, മനുഷ്യക്കടത്ത്, ബാലവേല എന്നീ ശിശു- ബാല വിരുദ്ധ പ്രവർത്തനങ്ങളുടെ വർദ്ധനവ് സാമൂഹ്യ സുരക്ഷാരംഗത്തിന്റെ അപര്യാപ്തതകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത് (പ്രകാശൻ മാസ്റ്റർ, 2015)

**പട്ടിക 18.2**
**കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കേരളത്തിൽ**

| അതിക്രമങ്ങൾ | 2008 | 2009 | 2010 | 2011 ജൂൺ വരെ | 2012 | 2013 മെയ് വരെ |
|---|---|---|---|---|---|---|
| ബലാത്സംഗം | 215 | 235 | 208 | 423 | 455 | 246 |
| തട്ടികൊണ്ടു പോകൽ | 87 | 83 | 111 | 129 | 147 | 50 |
| കുട്ടികൾക്കെതിരെയുള്ള മറ്റു ക്രൂരതകൾ | 183 | 206 | 211 | 835 | 664 | 418 |

ഉറവിടം: സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോ

അതിക്രമങ്ങളുടെ അർത്ഥംപോലും അറിയാത്ത പ്രായത്തിൽത്തന്നെ നമ്മുടെ കുട്ടികൾ പീഡിപ്പിക്കപ്പെടുകയാണ്. സംരക്ഷിക്കേണ്ട കൈകളാണ് അവരെ അതിക്രമിക്കുന്നതെന്ന സത്യം ഭയവും അപമാനവും മൂലം സമൂഹത്തിൽ നിന്ന് മറച്ചുപിടിക്കുന്നതുകൊണ്ട് കുട്ടികൾ നേരിടുന്ന അതിക്രമങ്ങൾ പലതും പുറത്തറിയപ്പെടാതെ പോകുന്നു. നമ്മുടെ വിദ്യാഭ്യാസ പാഠ്യക്രമങ്ങളിൽ ലൈംഗിക വിദ്യാഭ്യാസം ഉൾപ്പെടുത്തേണ്ടതുണ്ട്.

സമൂഹത്തിൽ ഓരോ കാലഘട്ടത്തിലും ഉണ്ടാകുന്നതും ഇപ്പോഴും വ്യാപകമായിക്കൊണ്ടിരിക്കുന്നതുമായ മിക്ക സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും വളരെ പെട്ടന്ന് വീണു പോകുന്നത് കുട്ടികളാണെന്ന് കാണാം. വർത്തമാന കാലഘട്ടത്തിൽ സൈബർ കുറ്റകൃത്യങ്ങൾ, മദ്യ- മയക്കുമരുന്ന് ഉപഭോഗം, അശ്ലീല സാഹിത്യം തുടങ്ങിയവയിൽ കുട്ടികൾ ധാരാളമായി പെട്ടുവരുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള വർദ്ധിച്ചുവരുന്ന ലൈംഗീക അതിക്രമങ്ങൾ കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്നാണ്. ഇതിനെതിരെ സാമൂഹിക അവബോധം സൃഷ്ടിക്കപ്പെടണം; സമഗ്രമായ നിയമം ഉണ്ടാക്കുകയും; അത് ശരിയായി പാലിക്കപ്പെടുന്നുണ്ടോയെന്ന് കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തകയും വേണം (റ്റി. നാരായണൻ, 2015).

ആദിവാസികൾ, മത്സ്യതൊഴിലാളികൾ, ഇതര സംസ്ഥാനക്കാരായ കുടിയേറ്റക്കാർ, എന്നീവിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ അവസ്ഥ ശരാശരിയിൽ നിന്നും വളരെതാഴെയാണ്. ഈ പ്രദേശങ്ങളിലെ അടിസ്ഥാനസൗകര്യങ്ങളുടെഅഭാവംകുട്ടികളുടെവികാസത്തെയുംവളർച്ചയെയും പ്രതികൂലമായി ബാധിക്കുന്നവയാണ്.

## III. പാർപ്പിട സുരക്ഷ

പാർപ്പിട മേഖലയിലെ സാമൂഹ്യ സുരക്ഷ പ്രവർത്തനങ്ങൾ വീടുകളുടെ നിർമ്മാണത്തിനപ്പുറം ഒരു സമഗ്ര ആവാസ വ്യവസ്ഥയുടെ നിർമ്മിതിയും പ്രവർത്തനങ്ങളുമായി മാറേണ്ടതുണ്ട്. ആവാസ വ്യവസ്ഥ (ഹാബിറ്റാറ്റ്) എന്നാൽ വീടുകൾ മാത്രമല്ല, ആ വീട്, അതിന്റെ പരിസരം, പരിസര മലിനീകരണ പ്രശ്നങ്ങൾ, ശുചിത്വ സംവിധാനങ്ങൾ, കുടിവെള്ളം, യാത്രാസൗകര്യം, വൈദ്യുതീകരണം എന്നിവയെല്ലാം ഉൾപ്പെട്ടതാണ്. സ്വന്തമായി വീട് എന്നത് അവകാശമാണെന്നും ആരുടെയും ഔദാര്യമല്ലെന്നും എല്ലാവരും തിരിച്ചറിയേണ്ടതുണ്ട്. ഇതിന് ആദ്യം വേണ്ടത് ആവാസ വ്യവസ്ഥയെ കുറിച്ചുള്ള അവബോധവും സാക്ഷരതയുമാണ്.

ഭവനനിർമ്മാണത്തിനായി നിലവിലുള്ള ജീവനോപാധിയും, ഭൂമിയും വരെ നഷ്ടപ്പെടുത്തുന്നവരും കടബാധ്യത തീർക്കുന്നതിന് പണിതീരാത്ത വീട് വിറ്റ് വീണ്ടും ഭവനരഹിതരായത്തീരുന്നവരും വിരളമല്ല. തങ്ങൾക്ക് ലഭിക്കാവുന്ന എല്ലാ സ്ഥലങ്ങളിൽ നിന്നും വായ്പ സംഘടിപ്പിച്ച് ഭവനനിർമ്മാണത്തിന് വിനിയോഗിക്കുകയും, എന്നിട്ടും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത പണിതീരാത്ത വീടുകളിൽ താമസിക്കുവാൻ നിർബന്ധിതാരായിത്തീരുകയാണ് പല കുടുംബങ്ങളും.

പാർപ്പിട നിർമ്മാണ പ്രക്രിയയിൽ ഉപഭോക്താക്കളുടെ പങ്കാളിത്തം പ്രധാനപ്പെട്ടതാണ്. ജീവിതത്തിന്റെ ഭൂരിഭാഗ സമയവും ചിലവിടുന്ന വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങളിലോ, അതിന്റെ രൂപമോ, ഘടനയോ തീരുമാനിക്കുന്നതിലോ ഉപഭോക്താക്കളുടെ സാന്നിദ്ധ്യം നാമമാത്രപോലും ഉണ്ടാകാറില്ല. പങ്കാളിത്ത ആസൂത്രണത്തിനും അധികാര വികേന്ദ്രീകരണത്തിനും പ്രാധാന്യം നൽകുന്ന കേരളത്തിൽ ഇത് തീർത്തും വിരോധാഭാസമാണ്.

എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്ക് ഏറെ അടുക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും നിരവധി വെല്ലുവിളികളും ഉണ്ട്. വീടും ഭൂമിയും ഇല്ലാത്തവർ, വീടില്ലാത്തവർ, താമസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ, ആഭ്യന്തര അഭയാർത്ഥികൾ, കുടിയൊഴിപ്പിക്കപ്പെട്ടവർ എന്നിങ്ങനെ 6 വിഭാഗത്തിലായി വീടില്ലാത്തവരെ തരം തിരിക്കാം (റ്റി. ആർ.ചന്ദ്രദത്ത്, 2015). ഇപ്പോഴത്തെ കണക്കനുസരിച്ച് കേരളത്തിലുള്ള ആകെ കുടുംബങ്ങളെക്കാൾ 8 ലക്ഷം വീടുകൾ അധികമായുണ്ട്. അതേസമയം, വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണവും ഏതാണ്ട് 5 ലക്ഷത്തോളം വരും.

പബ്ലിക് ഹൗസിംഗ് സ്കീമുകൾ പല കാരണങ്ങളാൽ പൂർണ്ണപ്രാപ്തിയിൽ എത്തിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. കേരളത്തിൽ എല്ലാവർക്കും പാർപ്പിടം നൽകുന്നതിനു വേണ്ടി കഴിഞ്ഞ എൽഡിഎഫ് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഇഎംഎസ് പാർപ്പിട പദ്ധതി. അന്ന് അഞ്ചു ലക്ഷം പേരാണ് വീടിന് അപേക്ഷിച്ചത്. സാധാരണഗതിയിൽ ഇവർക്കെല്ലാം വീടു നൽകിത്തീരാൻ 15 വർഷമെങ്കിലുമെടുക്കും. അതിനു കാത്തു നിൽക്കാതെ ഓരോ തദ്ദേശഭരണസ്ഥാപനവും ആവശ്യമായ തുക സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് എല്ലാവർക്കും ഒറ്റയടിക്കു വീടു പണിതുകൊടുക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടത്. തദ്ദേശഭരണസ്ഥാപനങ്ങൾക്കു ലഭിക്കുന്ന വാർഷിക ഗ്രാന്റിൽ നിന്ന് ഈ വായ്പ 15-20 വർഷം കൊണ്ടു തിരിച്ചടയ്ക്കാം. പലിശ സംസ്ഥാന സർക്കാർ വഹിക്കും. ആദ്യ ഘട്ടത്തിൽ രണ്ടര ലക്ഷം പേർക്കാണ് വീടുകൊടുത്തത്. ഇവ ഏതാണ്ട് പൂർത്തീകരിക്കാനും കഴിഞ്ഞു. യുഡിഎഫ് അധികാരത്തിൽവന്നപ്പോൾ വായ്പയെടുക്കാനുള്ള അനുവാദം പിൻവലിച്ചു. അതോടെ പദ്ധതി പൊളിഞ്ഞു. പലർക്കും അവസാന ഗഡു പണം ലഭിച്ചില്ല. ഇതിൽനിന്നുള്ള ജാള്യത മറയ്ക്കാൻ വീടൊന്നിന് സബ്സിഡി രണ്ടുലക്ഷം രൂപയാക്കി ഉയർത്തി. എന്നാൽ ഇത്രയും പണം സമാഹരിക്കാൻ

തദ്ദേശ ഭരണസ്ഥാപനങ്ങൾക്കാവില്ലെന്ന് വ്യക്തമായി. ഓരോ വർഷവും കേന്ദ്രസർക്കാർ അനുവദിക്കുന്ന ഐഎവൈ പദ്ധതി നടപ്പാക്കാൻ പോലും 750 കോടി രൂപയെങ്കിലും അധികമായി തദ്ദേശഭരണസ്ഥാപനങ്ങൾക്കു വേണ്ടിവന്നു. ഈ പണം സംസ്ഥാന സർക്കാർ നൽകുമെന്നാണ് ഉറപ്പുകൊടുത്തിരുന്നതെങ്കിലും അതുണ്ടായില്ല. അതോടെ പാർപ്പിട പദ്ധതി ആകെ താറുമാറായി. ഇഎംഎസ് പാർപ്പിട പദ്ധതി വീണ്ടും പുനസ്ഥാപിക്കണം.

ഉപഭോക്താക്കൾക്ക് ലഭിച്ച പണം കൊണ്ട് വീടുകൾ പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. വലിയൊരു ശതമാനവും താമസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. വിവിധ സ്കീമുകളുടെ ഭാഗമായി നിർമ്മിക്കപ്പെട്ട വീടുകൾ ചിലത് അപൂർണ്ണാവസ്ഥയിലും താമസയോഗ്യമല്ലാത്ത നിലയിലും കടക്കെണിയിലും, അറ്റകുറ്റപണികൾ തീർക്കാൻ കഴിയാത്ത അവസ്ഥയിലുമുള്ളതാണ്.

വീടില്ലാത്തവരുടെ പ്രശ്നങ്ങൾക്കൊപ്പം തന്നെ ഇതര സംസ്ഥാന തൊഴിലാളികളുടെ പാർപ്പിട പ്രശ്നവും അഭിസംബോധന ചെയ്യേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് തല ചായ്ക്കാൻ വീടില്ലെങ്കിലും മൂന്നും നാലും വീടുകൾ സ്വന്തമായുള്ള എത്രയോ കുടുംബങ്ങൾ നമുക്ക് ചുറ്റും ഉണ്ട്. നമ്മുടെ പ്രകൃതി വിഭവങ്ങളുടെ ചൂഷണത്തെ ആധാരമാക്കി മാത്രം ഇത്തരം പ്രവർത്തനങ്ങൾ എതിർക്കപ്പെടേണ്ടതാണ്. പാർപ്പിട പ്രശ്നം ഉയർത്തുന്ന വെല്ലുവിളികൾ യാഥാർത്ഥ്യബോധത്തോടെ കണ്ടെത്തുകയും ഒരു ഹാബിറ്റാറ്റ് ലിറ്ററസി മൂവ്മെന്റ് തന്നെ നമ്മുടെ സംസ്ഥാനത്ത് രൂപപ്പെട്ടുവരേണ്ടതുണ്ട് (സാജൻ, 2015).

നഗരങ്ങളിലുള്ള ചേരിപ്രദേശങ്ങളിലെ പാർപ്പിട സൗകര്യവും മെച്ചപ്പെട്ടതല്ല. കമ്പോള വികസത്തിനു വേണ്ടി ഭൂമി ഉപയോഗിക്കുന്നതിനുള്ള അമിതമായ താൽപര്യവും ചേരി ഭവനങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള താൽപര്യമില്ലായ്മയും കാരണം ചേരിയിലുള്ള പാർപ്പിട പ്രശ്നങ്ങൾ കൂടുതൽ വഷളാകുന്നു (ജി. ശങ്കർ, 2015). കൂട്ടായ താമസസൗകര്യം ലഭ്യമായെങ്കിലും നിയമപരമായ ഭൂമിയുടെ ഉടമസ്ഥാവകാശം ചേരി നിവാസികൾക്കില്ല. സംസ്ഥാനത്ത് നിലവിലുള്ള വീടുകളുടെ എണ്ണം പരിശോധിച്ചാൽ ആവശ്യത്തിലധികം വീടുകളുണ്ട്. പലരും ഒന്നിലധികം വീടുകളോ ആവശ്യത്തിലധികം വിസ്തൃതിയുള്ള വീടുകളോ കൈവശം വച്ചിട്ടുള്ളവരാണ്. (ആർ.ഡി. പത്മകുമാർ, 2015).

## IV. അന്യസംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യസുരക്ഷാ പ്രശ്നങ്ങൾ

കേരളത്തിലെ പുതിയ ഒരു സാമൂഹ്യസാമ്പത്തിക പ്രതിഭാസമാണ് അനുദിനം വർദ്ധിച്ചുവരുന്ന അന്യസംസ്ഥാനക്കാരായ തൊഴിലാളികളുടെ കുടിയേറ്റം. ഇവരുടെ എണ്ണം 15-25 ലക്ഷം വരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വിവിധ കോണുകളിലൂടെ നോക്കുമ്പോൾ സമ്പൂർണ്ണമായ അരക്ഷിതാവസ്ഥയിലാണ് ഇവരുടെ ജീവിതം. ഭൂരിപക്ഷ ജനസമൂഹത്തേയും ഇത് ബാധിക്കാം. യുവാക്കളായ പുരുഷന്മാരുടെ മാത്രം വരവ് /കുടിയേറ്റം സാധാരണ നഗരപ്രദേശ ജീവിതത്തിലുണ്ടാകുന്ന അസ്വാസ്ഥ്യങ്ങൾ കൂട്ടുന്നു. എന്നാൽ ഏതുദേശക്കാർ ആയാലും പണിയെടുക്കുന്നവരുടെ സാമൂഹ്യസുരക്ഷിതത്വം നമ്മുടെ കടമയായി കാണണം. ആദ്യകാലത്ത് നിർമ്മാണമേഖലയിൽ മാത്രമാണ് ഇവർ ജോലിചെയ്തിരുന്നത്. ക്രമേണ വ്യവസായ മേഖലയിലും ചെറുകിട വാണിജ്യമേഖലയിലും ഇവർ കാഷ്വൽ തൊഴിലാളികളായി (ഹോട്ടൽ മുതലായ സ്ഥാപനങ്ങൾ) പണിയെടുത്തുവരുന്നു. ഇവരെ ഏറ്റവും കൂടുതൽ ആകർഷിക്കുന്നത് കേരള സംസ്ഥാനത്തെ കൂലിനിരക്ക് തന്നെയാണ്. കേരളത്തിലെ കൂലിനിരക്ക് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും ഉയർന്നതാണ്. (എസ്. ഇരുദയരാജൻ & എം. സുമിത, 2015) എന്നിരുന്നാലും ഒരുതരം ഒഴിവാക്കൽ ഇവർക്ക് അനുഭവപ്പെടേണ്ടിവരുന്നു. കേരളത്തിലുള്ള ശക്തമായ ട്രേഡ് യൂണിയനുകളിലൊന്നും ഇവർ ഉൾപ്പെട്ടിട്ടില്ല. ഇവരെമാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള ട്രേഡ് യൂണിയനുകൾ രൂപീകരിച്ചിട്ടുമില്ല. (സജികുമാർ എസ്. & ബാബു പി. രമേശ്, 2015) അതുകൊണ്ട് തന്നെ ഇവർ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള തൊഴിലാളികൾക്കുള്ള വിവിധ സാമൂഹ്യ-സുരക്ഷ പദ്ധതികൾക്ക് പുറത്തുമാണ്. തിരിച്ചറിയൽ കാർഡ്, പ്രാദേശിക വാസസ്ഥാനം തെളിയിക്കുന്ന രേഖകൾ ഇവയുടെ അഭാവം മൂലം കേരളത്തിലും അന്യസംസ്ഥാനങ്ങളിൽ നിന്നും കുടിയേറി തൊഴിൽചെയ്തുജീവിക്കുന്നവർക്ക് സംസ്ഥാനത്ത് നിലവിലുള്ള യാതൊരു സാമൂഹ്യസുരക്ഷാപദ്ധതിയുടേയും പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ കേരളം ഉയർന്ന ജീവിതനിലവാരം പുലർത്തുന്ന സംസ്ഥാനമാണ് എന്ന് പൊതുവിൽ വിലയിരുത്തപ്പെടുന്നുണ്ടെങ്കിലും അന്യസംസ്ഥാന തൊഴിലാളികൾക്ക് അത് അനുഭവിക്കാൻ സാധിക്കുന്നില്ല. ഇവരെ വെറും ചൂഷണത്തിനായുള്ള ഉപകരണങ്ങൾ മാത്രമായി കാണാതെ അവർക്ക് അർഹമായ സാമൂഹ്യ-സുരക്ഷ സംവിധാനം ചെയ്തുകൊടുക്കേണ്ടതാണ് (രാജുജോൺ, 2015).

അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ ഗുരുതരമാണ്. അന്യസംസ്ഥാന തൊഴിലാളികളുടെയിടയിലുള്ള പാൻമസാലയുടെ ഉപഭോഗം, മദ്യപാനം, പുകവലി ഇവ വളരെ കൂടുതലാണ്. മരണസംഖ്യയും ഇവരുടെ ഇടയിൽ കൂടുതലാണ്. ലഭ്യമായ വിവരങ്ങളിൽ നിന്നും പ്രതിമാസം 20 മറുനാടൻ തൊഴിലാളികൾ എങ്കിലും കേരളത്തിൽ മരിക്കുന്നുവെന്ന അനുമാനത്തിൽ എത്തിച്ചേരേണ്ടിവരുന്നു (ടി. സോമൻ, 2015). അപകടത്തിലോ അസുഖം മൂലമോ മരിച്ചുപോകുന്ന ഒരു മറുനാടൻ തൊഴിലാളി സ്വന്തക്കാരും ബന്ധുക്കളും അറിയാതെ മണ്ണിൽ കുഴിച്ചുമൂടപ്പെടുന്ന ക്രൂരമായ അവസ്ഥയാണിന്നുള്ളത്..

തീരെ അസംഘടിതരായ അന്യ സംസ്ഥാന തൊഴിലാളികൾ പ്രാദേശികമായും പലവിധ ചൂഷണങ്ങൾക്ക് ഇരയാകുന്നു. ഇവർക്കുള്ള പാർപ്പിടസൗകര്യം ക്രമാതീതമായ വാടക ഇടാക്കിക്കൊണ്ട് തിങ്ങിനിറഞ്ഞ് താമസിക്കാനുള്ള ഇടങ്ങളാണ് പലപ്പോഴും ലഭ്യമാകുന്നത്. തീരെ അപര്യാപ്തവും അനാരോഗ്യകരവുമാണ്. വളരെ ചെറിയതോതിലെങ്കിലും കുടുംബത്തോടെ കുടിയേറിയവരും ഇവരുടെ കൂട്ടത്തിലുണ്ട്. അവരുടെ സ്ഥതി ഇതിൽ കൂടുതൽ പരിതാപകരമാണ്. കുടുംബങ്ങൾക്ക് വേണ്ടിയും നാളിതുവരെ ഒരു സുരക്ഷാപദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല. അന്യസംസ്ഥാന തൊഴിലാളികൾ ഭൂരിപക്ഷം പേരും പണിയെടുക്കുന്നത് സ്വകാര്യമേഖലയിലാണ്. ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ /വൈദഗ്ദ്ധ്യ പരിശീലനവും ലഭിക്കുന്നില്ല. ഇവരുടെ യാത്രാ സൗകര്യംപോലും ചൂഷണവിധേയമാണ്. പി.എഫ്, ഇ.എസ്. ഐ ആനുകൂല്യങ്ങൾ ഒന്നും തെന്ന പണിയെടുക്കുന്ന മേഖലയിൽ നിന്ന് ഇവർക്ക് ലഭിക്കുന്നില്ല. അന്യസംസ്ഥാന തൊഴിലാളികളുടെ സ്ഥിതിവിവരകണക്കുകൾ ശാസ്ത്രീയമായി തയ്യാറാക്കിയിട്ടില്ല. ദിനംപ്രതി ധാരാളം പേർ വരുന്നുണ്ട്. ചിലർ തിരിച്ചുപോകുന്നുണ്ട്. ഇവരുടെ വരവിന്റെയോ തിരിച്ചുപോക്കിന്റെയോ വിവരണം ലഭ്യമല്ല.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ചൂഷണംവും തൊഴിൽ അസ്ഥിരതയും വേതന അസമത്വവും പ്രാഥമിക അവകാശങ്ങളുടെയും സൗകര്യങ്ങളുടെയും നിഷേധവവും ഗൗരവപരമായ തൊഴിൽ പ്രശ്നങ്ങളാണ്. ട്രേഡ് യൂണിയനുകളുടെ നിഷ്ക്രിയത്വവും, ഔപചാരിക മേഖലകളിലെ അനൗപചാരിക തൊഴിലാളികളുടെ കാണപ്പെടാതെ പോകുന്ന പ്രശ്നങ്ങളും അന്യ സംസ്ഥാന തൊഴിലാളികൾ നേരിടുന്ന സുരക്ഷ പ്രശ്നങ്ങളും തൊഴിൽ മേഖലയിൽ കേരളം നേരിടുന്ന സങ്കീർണ്ണമായ സാമൂഹ്യ സുരക്ഷ പ്രശ്നങ്ങളാണ്.കേരളത്തെ സംബന്ധിച്ചിടത്തോളം സാമൂഹ്യക്ഷേമ പദ്ധതി ഒരു പുതിയ നയാവലോകനത്തിന്റെ ഭാഗമല്ല;.

## V. ഭക്ഷ്യ സുരക്ഷ - പൊതുവിതരണം

ഇന്ത്യയിൽ സാർവത്രിക റേഷനിംഗ് നടപ്പാക്കിയ ഏകസംസ്ഥാനം കേരളമാണ്. ഇതിന്റെ പിന്നിൽ ജനകീയ സമ്മർദ്ദങ്ങളുടെയും സമരങ്ങളുടെയും നീണ്ട ചരിത്രമുണ്ട്. 1942-ൽ രണ്ടാം ലോകയുദ്ധകാലയളവിൽ അതിരൂക്ഷമായ ഭക്ഷ്യക്ഷാമം നേരിട്ട സാഹചര്യത്തിൽ ശക്തമായ ബഹുജന താൽപര്യവും പ്രക്ഷോഭവും മുൻനിർത്തി ബ്രിട്ടീഷ് ഭരണാധികാരികൾ അനുവദിച്ച് തുടക്കമിട്ടതാണ് കേരളത്തിലെ പൊതുവിതരണരംഗം. സ്വാതന്ത്ര്യാനന്തരം നാല് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായി ഒരു ഭക്ഷ്യമേഖല രൂപപ്പെടുത്തുകയുണ്ടായി. ഭക്ഷ്യസാധനങ്ങളുടെ കാര്യത്തിൽ കേരളം കമ്മി സംസ്ഥാനമാണ്. കേരളത്തിലെ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യധാന്യത്തിന്റെ പകുതിയിലധികം അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. മികച്ച പൊതുവിതരണ സമ്പ്രദായം നിലനിന്നതുകൊണ്ടാണ് ദാരിദ്ര ജനവിഭാഗത്തിന് പട്ടിണി കൂടാതെയും പോഷകാഹാരനില തകരാതെയും ജീവിക്കാൻ കഴിഞ്ഞത്..

1957 ന് ശേഷമാണ് കേരളത്തിൽ സുശക്തവും സുസംഘടിതവുമായ പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നത്. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ സുപ്രധാനമായ ഇടപെടലുകളിൽ ഒന്നായിരുന്നു ഇത്. 1964 നവംബർ 1 മുതലാണ് കേരളത്തിൽ സാർവ്വത്രിക റേഷൻ നടപ്പിലാക്കിയത്. ഇതിന് പിന്നിൽഎ.കെ.ജി.യുടെനേതൃത്വത്തിലുള്ള ജനകീയ പ്രക്ഷോഭമായിരുന്നു. 1969-ൽ റേഷനിംഗ് ഓർഡർ നടപ്പിലാക്കി. ലൈസൻസുള്ള റേഷൻകടകളുടെ ശൃംഖലയിലൂടെ അരി, ഗോതമ്പ്, പഞ്ചസാര, ഭക്ഷ്യഎണ്ണ, മണ്ണെണ്ണ എന്നിവ വിതരണം ചെയ്യപ്പെട്ടു. ദാരിദ്രരും ഇടത്തരക്കാരും പൂർണ്ണമായും ഇതിനെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്.

1980 മുതൽ പ്രവർത്തനമാരംഭിച്ച കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് പൊതുവിതരണ സമ്പ്രദായത്തിന്റെ മറ്റൊരു സുപ്രധാന ഏജൻസി. അരിയും പലവ്യഞ്ജനങ്ങളും പൊതുവിപണിയിൽ നിന്ന് സ്വതന്ത്രമായി സംഭരിച്ച് സൂപ്പർമാർക്കറ്റുകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നു. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകളുടേയും നീതിസ്റ്റോറുകളുടേയും വിപുലമായ ശൃംഖലവഴിയുള്ള പ്രവർത്തനമാണ് പൊതുവിതരണ സമ്പ്രദായത്തിന്റെ മൂന്നാമത്തെതലം.

1960 -70 കാലത്ത് കേരളം രൂപംകൊടുത്ത സാർവ്വത്രിക പൊതുവിതരണ ശൃംഖല സംവിധാനം, ഘടന, പ്രവർത്തനം, ഗുണനിലവാരം, പ്രാബല്യം എന്നിവയിലെല്ലാം മികച്ചതും മാതൃകാപരവും എന്ന് വിലയിരുത്തപ്പെടുന്നു. ആപേക്ഷികമായി താഴ്ന്ന വിലത്തോത്, സന്തുലിതവും നീതിപൂർവ്വകവുമായ വിതരണക്രമം, ദുർബ്ബല വിഭാഗങ്ങൾക്ക് നിയന്ത്രിത വിലയ്ക്ക് ഭക്ഷ്യലഭ്യത, വിപുലമായ സംഭരണ- വിതരണ ശൃംഖല - മൊത്തവിതരണ - ചില്ലറ വില്പന കേന്ദ്രങ്ങൾ, കുറ്റമറ്റതും കാര്യക്ഷമവുമായ ഉദ്യോഗസ്ഥ വകുപ്പുതല സംവിധാനം, മുതലായവയെല്ലാം അന്ന് കേരളത്തിന്റെ സവിശേഷതയായിരുന്നു. ആകെ 14203 വില്പന കേന്ദ്രങ്ങളിൽ 12203 എണ്ണവും ഗ്രാമപ്രദേശങ്ങളിൽ ആയിരുന്നു എന്നത് തന്നെ ഈ സംവിധാനത്തിന്റെ കരുത്തും പ്രാപ്തിയും സേവനക്ഷമതയും വെളിപ്പെടുത്തുന്നു.

സർവ്വീസ് സഹകരണ സംഘങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന നീതിസ്റ്റോറുകളും ഇന്ന് വ്യാപകമാണ്. ഉത്സവകാലങ്ങളിൽ പ്രത്യേകിച്ച് സർക്കാർ നൽകുന്ന സബ്സിഡിക്ക് പുറമേ സഹകരണ സ്ഥാപനങ്ങളും കൺസ്യൂമർ ഫെഡറേഷനും കുറഞ്ഞ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള ബാധ്യത ഏറ്റെടുത്ത് പ്രവർത്തിക്കുകയാണ്. സഹകരണ

പ്രസ്ഥാനത്തിന്റെ മൂലധനവും പശ്ചാത്തല സൗകര്യ ങ്ങളും ഉപയോഗിച്ച് നടപ്പിലാക്കുന്ന ഈ പ്രവർത്തനം സർക്കാർ ഖജനാവിനുള്ള ഭാരം കുറയുന്നതിനോടൊ പ്പം കേരള ജനതയ്ക്ക് ആശ്വാസകരവുമാണ്. യു.ഡി. എഫ് ഭരണകാലങ്ങളിൽ പൊതുവിതരണത്തിന് ചെ ലവാക്കിയിരുന്ന വിഹിതത്തിന്റെ പത്തിരട്ടിയിലധികം എൽ.ഡി.എഫ് ഭരണകാലത്ത് ചെലവാക്കിയിരുന്നു.

1989 വരെ രാജ്യത്തെ തന്നെ മികച്ച പൊതു വിത രണ സംവിധാനമായി കേരളത്തിലെ ന്യായവില റേ ഷനിംഗ് സമ്പ്രദായം നിലനിന്നു. കേരളത്തിലാകട്ടെ 1991 -97കാലയളവാകുമ്പോഴേക്കും 95% ജനവിഭാഗ വും പൊതുവിതരണ ശൃംഖലയുടെ ഗുണഭോക്താ ക്കളായിരുന്നു. 95% കുടുംബങ്ങളും റേഷൻ കാർഡ് ഉടമകളായിരുന്നു. എല്ലാവിധ ഔദ്യോഗിക ആവശ്യ ങ്ങൾക്കും അടിസ്ഥാന തിരിച്ചറിയൽ തെളിവിന് ഉ പാധിയായി റേഷൻ കാർഡ് അംഗീകൃതമായിരുന്നു അക്കാലത്ത്. നിലവിൽ ഏറ്റവും ഉയർന്ന ഭക്ഷ്യലഭ്യത (52 കിലോ/പ്രതിമാസം/പ്രതിശീർഷം) കേരളം ഉറ പ്പാക്കിയിരുന്നു. അരിയും ഗോതമ്പും ചേർന്ന് 62.8 കിലോഗ്രാം/പ്രതിമാസം/പ്രിതിശീർഷം കേരളത്തിൽ ലഭ്യമായിരുന്നു. പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് പ്രതിമാസ വിഹിതമായി 13.8 കിലോ ഗ്രാം (460 ഗ്രാം പ്രതിദിനം) ഭക്ഷ്യവിഭവം ഉറപ്പാക്കുന്നനിലയിൽ കേ രളം എത്തിചേർന്നിരുന്നു. (സുഹൃത്കുമാർ, 2015). ശക്തമായ ഉപഭോക്തൃ നിയന്ത്രണം, ഉയർന്ന നിലവാ രമുള്ള വിലനിയന്ത്രണ നടത്തിപ്പ്, കരിഞ്ചന്തയും പൂഴ് ത്തിവെപ്പും അവധിവ്യാപാരവും തടയുക, നേരിട്ടുള്ള സംഭരണവും - വിതരണവും പ്രാവർത്തികമാക്കുക, ജനപങ്കാളിത്തമുള്ള നിരീക്ഷണ സംവിധാനങ്ങൾ ഒ രുക്കുക മുതലയാവയിലൂടെയാണ് കേരളം ഈ നേട്ടം കൈവരിച്ചത്.

എന്നാൽ 1997 ലെ നവഉദാരവത്കരണനയ സമീ പനങ്ങൾ കേരളത്തിന്റെ മാതൃകാ പ്രവർത്തനങ്ങളിൽ ഒന്നായപൊതുവിതരണ ശൃഖലയെ ദുർബലപ്പെടുത്തി. 1997 ൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നയപരമായ മാറ്റ ത്തിലൂടെ സർവ്വത്രിക ഭക്ഷ്യ വിതരണമെന്നത് ലക്ഷ്യാ ധിഷ്ഠിക (ടാർഗറ്റഡ്) ഭക്ഷ്യവിതരണ സംവിധാനമായി മാറി. അതോടെ ഭക്ഷ്യവിതരണ ശ്രൃംഖലയുടെ ഗു ണഭോക്താക്കൾ എപിഎൽ- ബിപി.എൽ വിഭാഗമാ യി വേർതിരിക്കപ്പെട്ടു. തുടർന്ന് 2000 ൽ ബിപിഎൽ വിഭാഗത്തിലെ തന്നെ 10% അതിദാരിദ്ര ജനതയെ മുൻനിർത്തി അന്ത്യോദയ വിഭാഗം രൂപീകൃതമായി. ഇതിന്റെ പ്രത്യാഘാതം 70% കുടുംബങ്ങൾ ഏതാ ണ്ട് പൂർണ്ണമായും ഭക്ഷ്യവിതരണ ശൃംഖലയിൽ നിന്ന് അന്യരായിഎന്നതാണ്. ഇതിനു പുറമെ ഗുരുതരമായ അഴിമതി, വ്യാപകമായ കരിഞ്ചന്തയും പുഴ്ത്തിവെപ്പും കള്ളകച്ചവടവും ചേർന്ന് ഭക്ഷ്യവിതരണ ശൃംഖലയെ തികഞ്ഞ അരാജകാവസ്ഥയിലേക്ക് എത്തിച്ചിരിക്കു കയാണ് ഇന്ന്.

20% മാത്രം ആഭ്യന്തര ഭക്ഷ്യോല്പന്ന സാധ്യതയു ള്ള കേരളത്തിൽ 32% വരെ പൊതു വിതരണ ശൃംഖല വഴി ഭക്ഷ്യധാന്യം ലഭ്യമായിരുന്ന സ്ഥാനത്ത് 3.86% മാത്രമായി വിഹിതം പരിമിതപ്പെടുന്ന സ്ഥിതിയാണി പ്പോൾ. 10% അധിക വിഹിതം ദാരിദ്ര്യരേഖ വിഭാഗ ങ്ങൾക്ക് ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ പരിശ്രമി ക്കുകയാണ്. ദാരിദ്യരേഖ മാനദണ്ഡങ്ങളിൽ അടിക്കടി വരുത്തുന്ന മാറ്റങ്ങൾ, സംസ്ഥാനത്തിന്റെ ഭക്ഷ്യവിത രണ വിഹിതം നിശ്ചയിക്കുന്നതിനുള്ള അധികാരവും ഉത്തരവാദിത്വവും പൂർണ്ണമായി കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായത്, അപ്പപ്പോൾ സംഭവിക്കുന്ന വിലനി ലവാര നിരക്കിലെ മാറ്റവും പിപണി വ്യതിയാനങ്ങളും ഉൾപ്പെടെ കാരണങ്ങളാൽ കേരളത്തിന്റെ സമഗ്ര - സാർവ്വത്രിക ഭക്ഷ്യപൊതുവിതരണ ശൃംഖലയുടെ സ്ഥായിത്വം തകർക്കപ്പെട്ടിരിക്കുന്നു.

എസ്.ഇ.സി സെൻസസ് (സാമൂഹ്യ-സാമ്പത്തിക- ജാതി കാനേഷുമാരി) കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിൽ ഗ്രാമീണമേഖലയിൽ 38% ജനങ്ങളും നഗ രമേഖലയിൽ 16% ജനങ്ങളുമാണ് ബി.പി.എൽ വിഭാ ഗമെന്നാണ്. ഇതിൽതന്നെ ഗ്രാമീണ വിഭാഗത്തിൽ 5% കുടുംബങ്ങളും നഗരമേഖലയിൽ 2% കുടുംബങ്ങളും അന്ത്യേദയ-അന്നയോജന വിഭാഗങ്ങളാണ്. 2011-12-ലെ 68-ാം നാഷണൽ സാമ്പിൾ സർവേ കണക്ക് പ്രകാരം കാർഷികമേഖലയിലെ 56% കുടുംബങ്ങളും, താൽക്കാ ലിക ജീവനക്കാരോ ദിവസക്കൂലി വിഭാഗമോ ആണ് എന്നതാണ്. ഇത്തരക്കാരിലാണ് അന്ത്യോദയ വിഭാഗം ഏറ്റവും കൂടുതലുള്ളത്. ഇതിൽ 21% കുടുംബങ്ങൾക്ക് റേഷൻ കാർഡ് തന്നെയില്ല എന്ന് കണക്കാക്കപ്പെടുന്നു. 46% ഗ്രാമീണ കുടുംബങ്ങളും 23% നഗരകുടുംബങ്ങളും അരി വാങ്ങിയിരുന്നത് പൊതുവിതരണ ഷോപ്പുക ളിൽ നിന്നായിരുന്നു. എന്നാൽ ഇപ്പോൾ ഈ കണക്ക് കേവലം 28% എന്നും 20% എന്നും താണിരിക്കുന്നു. ഗോതമ്പിന്റെ കാര്യത്തിലും ഇത്തരം ഇടിവ് കാണാ നാകും. ഇത് യഥാക്രമം 34 ശതമാനത്തിൽ നിന്നും 17 ശതമാനമായും 19 ശതമാനത്തിൽ നിന്നും 10 ശ തമാനമായും കുറഞ്ഞിരിക്കുന്നു. മണ്ണെണ്ണയുടെ കാ ര്യത്തിൽ ഈ കണക്ക് യഥാക്രമം 76 ശതമാനത്തിൽ നിന്നും 32 ശതമാനമായും 30 ശതമാനത്തിൽ നിന്നും 16 ശതമാനം മാത്രമായും താഴ്ന്നിരിക്കുന്നു. വാസ് തവത്തിൽ ജനങ്ങൾ പൊതുവിതരണ ശൃംഖലയിൽ നിന്നും ആട്ടിപ്പായിക്കപ്പെട്ടിരിക്കുകയാണ്.

**പട്ടിക 18.3**
**ബി.പി.എൽ.കാർഡ് ഉടമകൾ**

| സംസ്ഥാനം | ബി.പി.എൽ.കാർഡ് ഉടമകൾ | |
|---|---|---|
| | ഗ്രാമം (%) | നഗരം (%) |
| ആന്ധ്ര | 85 | 49 |
| കർണാടക | 64 | 29 |
| ഛത്തീസ്ഗഡ് | 59 | 33 |
| കേരളം | 38 | 16 |

ഉറവിടം: സെൻസ്, 2011

ഭക്ഷ്യധാന്യം – നിത്യോപയോഗസാധന ലഭ്യതയ്ക്ക് പൊതുവിതരണ ഷോപ്പുകളെ ആശ്രയിച്ചിരുന്നവരുടെ എണ്ണത്തിൽ സംഭവിച്ച കുത്തനെയുള്ള ഈ ഇടിവ് ആ സംവിധാനത്തിന്റെ തകർച്ചയുടെ വെളിപ്പെടുത്തലാണ് ഇതരസംസ്ഥാനങ്ങളോട് തട്ടിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകും.

ഇതിനു പുറമേ സാമ്പത്തികവരുമാനത്തിലുണ്ടായ വർദ്ധനയും ഉപഭോക്തൃ അഭിരുചിയിലെ വ്യതിയാനങ്ങളും മറ്റും മൂലം കേരളത്തിലെ വലിയൊരു വിഭാഗം (70 ശമാനത്തോളം) ന്യായവില വിതരണ കേന്ദ്രങ്ങളിൽ നിന്ന് വിട്ടകന്നു. ലഭ്യമാകുന്ന ഭക്ഷ്യഉൽപന്നങ്ങളുടെ താഴ്ന്ന ഗുണനിലവാരവും ഗുണഭോക്താക്കളെ പൊതു വിതരണ ശൃംഖലയിൽ നിന്നും അന്യവൽകരിക്കുന്നതിന് ഇടയായി. ഇതിനു പുറമേ വിതരണാർത്ഥം അനുവദിക്കപ്പെടുന്ന ഭക്ഷ്യവിഭവങ്ങളിൽ 20 ശതമാനത്തിൽ അധികം വിതരണശൃഖലയിൽ വച്ചു തന്നെ കയ്യൊഴിക്കപ്പെടുന്നതുമൂലമുണ്ടാകുന്ന പ്രത്യാഘാതവും കാണാം. ഈ പശ്ചാത്തലത്തിലാണ് 67% ജനവിഭാഗത്തിനു മാത്രം ഭക്ഷ്യ ലഭ്യത മുൻനിർത്തി തയ്യാറാക്കപ്പെട്ടതും ഇപ്പോഴും പ്രാവർത്തികമാകാത്തതും ഗുണഭോക്തൃനിർണയം പോലും സാധ്യമാകാത്തതുമായ ജനവിരുദ്ധമായ ഒരു നിയമത്തിന്റെ പ്രശ്ന വശങ്ങൾ കൂടി മറുകടക്കാനുതകുന്ന പ്രതിരോധ–പ്രായോജക നടപടികൾ തേടേണ്ടിവരുന്നത്.

ഓരോ രണ്ടുകിലോമീറ്ററിലും ഒരുപൊതുവിതരണ കേന്ദ്രം എന്ന നിലയാണ് കേരളത്തിലുള്ളത്. എന്നാൽ ഈ പൊതുവിതരണകേന്ദ്രങ്ങൾക്ക് സംഭരണശേഷി തീരെയില്ല. റേഷൻഷോപ്പുകളെകുറിച്ച് അവ മറിച്ചു വിൽക്കുന്ന കേന്ദ്രങ്ങളാണെന്ന പരാതിയും പൊതുജനങ്ങളുടെയിടയിൽ വ്യാപകമായുണ്ട്. (കെ.രാധാകൃഷ്ണൻ 2015). റേഷൻ ഷോപ്പുകൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്യണമെന്നും റേഷൻ കാർഡുകൾ ഡിജിറ്റലൈസ് ചെയ്യണമെന്നും നിർദ്ദേശിക്കപ്പെടുന്നുണ്ട്. നിയമനിർമ്മാണങ്ങളും ഭരണപരിഷ്ക്കാരങ്ങളും പുറമേ നല്ലതായി തോന്നുമെങ്കിലും പരോക്ഷമായി അവ അപകടം വരുത്തിയേക്കാം. ഭക്ഷ്യസുരക്ഷാനിയമം നടപ്പിലാക്കിയാൽ നിലവിൽ ലഭ്യമാകുന്ന ഭക്ഷ്യധാന്യവിഹിതം കുറയും. (പി.വി. രത്നാകരൻ 2015). റേഷൻഷോപ്പുകൾ നടത്തുന്നവരുടേയും ആവലാതികൾ വർദ്ധിച്ചു വരുന്നു. അവർക്കു കിട്ടുന്ന കമ്മിഷൻ തുച്ഛമാണെന്ന് മാത്രമല്ല അവ പലപ്പോഴും യഥാസമയം ലഭിക്കാറുമില്ല. സർക്കാർ ചെലവിൽ റേഷൻകടകളിൽ നേരിട്ട് ഡോർഡെലിവറി നടത്തണമെന്ന് വ്യാപാരികൾ ആവശ്യപ്പെടുന്നു.

ആകെ സ്ഥിതി പരിശോധിക്കുമ്പോൾ കേരളത്തിലെ പൊതുവിതരണസംബ്രദായത്തെ തകർച്ചയിൽനിന്ന് കരകയറ്റാൻ ജനകീയ ഇടപെടലുകളും ഇച്ഛാശക്തിയുള്ള ഒരു സർക്കാരിന്റെ നേതൃത്വവും മേൽനോട്ടവും സംരക്ഷണവും കൂടിയേ കഴിയൂ. വേണ്ടിവന്നാൽ ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം നിർത്തലാക്കാനും സംസ്ഥാനത്ത് സാർവ്വത്രിക റേഷൻ സംവിധാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുമെന്ന കേന്ദ്രസർക്കാരിന്റെ വാഗ്ദാനം പാലിക്കപ്പെടുന്നതിനുള്ള ഒരു ജനകീയ പ്രക്ഷോഭം ഉയർന്നുവരേണ്ടതാണ്. പൊതുവിതരണസമ്പ്രദായത്തെ നിലനിർത്താനും വിപുലപ്പെടുത്താനും ഇത് ആവശ്യമായേക്കാം.

കേന്ദ്രത്തിന്റെ ഭക്ഷ്യാസുരക്ഷാനിയമം നടപ്പാക്കുന്നതോടെ ഇപ്പോൾ സബ്സിഡി നിരക്കിൽ ഭക്ഷ്യാധാന്യം ലഭിച്ചുവരുന്നതിൽ 58 ശതമാനം കുടുംബങ്ങളും റേഷൻ സമ്പ്രദായത്തിൽ ന്യായവിലക്ക് ഭക്ഷ്യധാന്യം ലഭിക്കാൻ അർഹതയില്ലാത്തവരായിതീരുമെന്നതാണ് സ്ഥിതി. സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി റേഷനിംങ് ഏർപ്പെടുത്തിയ 1964 മുതൽ പിൻതുടരുന്ന എ.പി.ൽ – ബി.പി.എൽ വിഭാഗത്തിനുള്ള 100 % ഭക്ഷ്യസുരക്ഷ ബാദ്ധ്യതയുടെ ഉറപ്പിൽ നിന്ന് കേന്ദ്രസർക്കാർ ഭക്ഷ്യസുരക്ഷ നിയമം വഴി പിന്നോക്കം പോയിരിക്കുന്നു. ഈ അവസ്ഥ മറികടക്കാൻ ഗൗരവതരമായ നയ – നിയമ നടപടികളടും ഭരണ കാര്യ നിർവ്വഹണവും പ്രായോഗിക പ്രവർത്തനവും സംസ്ഥാന സർക്കാരിൽ നിന്ന് ഉണ്ടാകണം. പൊതുവിതരണ – സമ്പ്രദായം പരമാവധി ശക്തിപ്പെടുത്തി നിലനിർത്തുന്നതോടൊപ്പം ആഭ്യന്തര ഭക്ഷ്യധാന്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതി പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.

## VI. വയോജനങ്ങൾ

വൃദ്ധർ, വിധവകൾ, വിഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡർ തുടങ്ങിയവരുടെ സവിശേഷ ആരോഗ്യ പ്രശ്നങ്ങൾ നയരൂപീകരണ ചർച്ചകളിൽ കടന്നുവരുന്നില്ല. വയോജന നയം കേരളം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വയോജനക്ഷേമരംഗത്ത് നടപ്പിലാക്കിവരുന്ന സുരക്ഷാപദ്ധതികൾ തീരെ പര്യാപ്തമല്ല. വയോജനസൗഹൃദമായ സ്ഥാപനങ്ങൾ തീരെയില്ല. സാന്തന്ത്വനപരിപാലന രംഗത്ത് മാതൃകാപരമായ ജനകീയ പരിപാടികൾ നടക്കുന്ന കാര്യത്തിൽ കേരളം വളരെ മുന്നിലാണ്. പ്രത്യേക നിർദ്ദേശങ്ങളോ പ്രോത്സാഹനങ്ങളോ പ്രതിഫലമോ കൂടാതെ തന്നെ സാന്ത്വനപരിപാലന രംഗത്ത് നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ധാരാളമായി മുന്നോട്ട് വന്നിട്ടുണ്ട്.

കേരളത്തിലെ വയോജനങ്ങളുടെ സ്ഥിതി പരിശോധിക്കുമ്പോൾ ആദ്യം പരിഗണിക്കേണ്ടത് ഇവരുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കേണ്ട വർദ്ധനയാണ്. കേരളത്തിലെ പുരുഷൻമാരുടേയും സ്ത്രീകളുടേയും ആയുർദൈർഘ്യം യഥാക്രമം 70.4 ഉം 76 ഉം ആണ്. നാം മുമ്പു കണ്ടതുപോലെ ഇവ ദേശീയ ശരാശരിയെക്കാൾ വളരെ ഉയർന്നതാണ്. ഇതുമൂലം കേരളജനസംഖ്യയിൽ വൃദ്ധരുടെ അനുപാതം മറ്റു സംസ്ഥാനങ്ങളെക്കാൾ വളരെ ഉയർന്നതാണ്. 1971–ൽ ഇന്ത്യയിലെ പൊതുസ്ഥിതിയും കേരളവും തമ്മിൽ

വലിയ വ്യത്യാസം ഉണ്ടായിരുന്നില്ല. ദേശീയ ശരാശരി 6ഉം കേരളത്തിലേത് 6.2 ശതമാനവുമായിരുന്നു. എന്നാൽ തുടർന്നുള്ള ദശാബ്ദങ്ങളിൽ കേരളത്തിലെ വൃദ്ധരുടെ അനുപാതം കൂടുതൽ വേഗത്തിലുയർന്നു. 2001ൽ ഇത് യഥാക്രമം 6.9ഉം 10.6ഉം ആയി. 2021 ആകുമ്പോഴേയ്ക്ക് ഇത് 10.7ഉം 16ഉം ആയി ഉയരുമെന്നാണ് കരുതുന്നത്. 2011ലെ സെൻസസ് കണക്കുപ്രകാരം 3.36 കോടിയാണ്. ഇതിൽ 12.6 ശതമാനം അഥവാ 42 ലക്ഷം വൃദ്ധരാണ്.

തൊഴിൽ ചെയ്യാനുള്ള പ്രായം കഴിഞ്ഞ വൃദ്ധരെ സംബന്ധിച്ചടത്തോളം സാമ്പത്തികമായി ആശ്രിതരാണ്. സ്വന്തമായ വരുമാനം ഒട്ടുമിക്കപേർക്കും ഉണ്ടാകണമെന്നില്ല. ആറു ലക്ഷത്തിൽപ്പരം പേർക്കേ സംഘടിതമേഖലയിൽ നിന്നുള്ള ആനുകൂല്യം ലഭിക്കുന്നുള്ളു. അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരിൽ ഏതാണ്ട് 20 ലക്ഷം പേർക്ക് വിവിധങ്ങളായ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്നുണ്ട്. ബാക്കിയുള്ളവർക്ക് ഇതുപോലുമില്ല. എല്ലാവർക്കും പെൻഷൻ നൽകാനുള്ള സാമൂഹ്യസുരക്ഷാ പദ്ധതി ഇതിനു മുമ്പ് ചർച്ച ചെയ്തു കഴിഞ്ഞുവല്ലോ.

വൃദ്ധകളിൽ 63 ശതമാനം പേരും വിധവകളാണ്. ഭാര്യ മരിച്ച പുരുഷന്മാർ അതേസമയം 12 ശതമാനമേ വരൂ. ഈ സ്ത്രീ പുരുഷ വ്യത്യാസം പ്രായമേറുന്തോറും വർദ്ധിക്കുന്നു. വൃദ്ധരിൽ പത്തുശതമാനം പേർ ഒറ്റയ്ക്കാണു താമസം. പകുതിയിലേറെ വൃദ്ധർ മോശമായ ആരോഗ്യനിലയിലാണ് എന്നാണ് ദേശീയ സാമ്പിൾ സർവെ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്.

വയോജനനയം കേരളം അംഗീകരിച്ചിട്ടുണ്ടെങ്കിലും അത് വിജയകരമായി നടപ്പിലാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല. വയോജന പരിപാലന കേന്ദ്രങ്ങളിൽ മുതിർന്ന പൗരന്മാർ അധികമായി എത്തിപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യം ചൂണ്ടിക്കാണിക്കുന്നത് നിയമവ്യവസ്ഥയിലെ പോരായ്മകളാണ്. 2007 ൽ മുതിർന്ന പൗരന്മാരേയും രക്ഷിതാക്കളേയും സംബന്ധിക്കുന്ന നിയമം ഭാരത സർക്കാർ കൊണ്ടുവന്നു. ഇന്ത്യയിലെ നിയമാനുസൃത അവകാശങ്ങളിൽ ഒന്നാകുന്നു സീനിയർ സിറ്റിസണിന്റെ അവകാശങ്ങൾ. എന്നാൽ, മുതിർന്ന പൗരന്മാരിൽ പലരും ഈ അവകാശങ്ങളെപറ്റി ബോധവാന്മാരല്ല (കെ.എൻ. ധർമ്മപാലൻ, 2015).

വൃദ്ധജനങ്ങളെ അലട്ടുന്ന ഗൗരവമായ പ്രശ്നമാണ് മരുന്നുകളുടെ ഉയർന്ന വിലയും ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയും. ഇടത്തരക്കാരായ വയോജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന ഒന്നാണ് ഹോം നേഴ്സിംഗ് സർവ്വീസ്. പലതരത്തിലുള്ള ചൂഷണങ്ങളും നടക്കുന്ന ഒരു മേഖലയാണിത്. പരിശീലനം മുതൽ വിന്യാസംവരെ യാതൊരു വ്യവസ്ഥയും ചിട്ടയുമില്ലാത്ത രീതിയാണ് ഈ മേഖല പിൻതുടരുന്നത്. മുതിർന്ന പൗരന്മാർ അടങ്ങുന്ന സ്വയംസഹായ സംഘങ്ങൾ ചിലയിടങ്ങിൽ മാതൃകാപരമായ പ്രവർത്തനം നടത്തുന്നത് ആശാവഹമായ ഒരു ജനകീയ പ്രവർത്തനമാണ്. തകരുന്ന ആരോഗ്യം, സാമ്പത്തിക അരക്ഷിതാവസ്ഥ, ഒറ്റപ്പെടൽ, അവഗണന, നിന്ദ, ഭയം, മുഷിവ്, ആത്മവിശ്വാസമില്ലായ്മ തുടങ്ങിയവ ഒരുമിച്ച് അനുഭവിക്കുന്ന ഒരു ജനവിഭാഗത്തെ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള ഒരു ആസൂത്രണത്തിലൂടെ മാത്രമേ പദ്ധതികൾ വിജയിപ്പിക്കാനാകൂ. (ബിജു മാത്യു, 2015).

സന്നദ്ധ സംഘടനകളും ആരോഗ്യപ്രവർത്തകരും പ്രാദേശികമായി പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്തു സെന്ററുകളും ഒരുമിച്ചുള്ള കൂട്ടായ്മകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ളത് ഏറെ വിജയംകണ്ട പ്രദേശങ്ങളുമുണ്ട് (റ്റി. ആർ.ചന്ദ്രദത്ത്, ഡോ. കെ.എസ്. ഷാജി, ഡോ എൻ. അശോകൻ, 2015). ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ ആവുന്നത്ര മുതിർന്ന പൗരന്മാരുടെ വീട്ടുവാതിൽക്കൽ എത്തിക്കുന്നതുവഴി അവരെ സംരക്ഷിച്ചുവരുന്ന കുടുംബാംഗങ്ങൾക്ക് സഹായകമാകും (ഡോ . പി. വി. ഇന്ദു, 2015).വയോജന സൗഹൃദ ഗ്രാമങ്ങളും നഗരങ്ങളും ലക്ഷ്യമാക്കിയുള്ള ജനകീയ കൂട്ടായ്മ മുതിർന്ന പൗരന്മാരുടെ സാമൂഹ്യസുരക്ഷക്കുള്ള ഏറ്റവും നല്ല ഉദാഹരണമായിരിക്കും(കെ. വി. ഗോവിന്ദൻ, 2015). മേൽ പ്രതിപാദിച്ചിട്ടുള്ള തരത്തിലുള്ള ജനകീയ അടിത്തറയിലൂടെയും മാധ്യമത്തിലൂടെയുമുള്ള സുരക്ഷാപദ്ധതികൾ വികസന ആസൂത്രണത്തിന്റെ ഭാഗമായി രൂപപ്പെടുത്താൻ സർക്കാർ ശ്രദ്ധിക്കണം.

സർക്കാർ മേഖലയിലും സന്നദ്ധ സംഘടനകളുടേയും സ്വകാര്യ മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ നടക്കുന്ന മിക്ക ഓൾഡേജ് ഹോമുകളുടെയും സ്ഥിതി പരിതാപകരമാണ്. ചില സർക്കാർ ഹോമുകളിൽ പരിതാപകരമായ അവസ്ഥകൾ പലപ്പോഴും ഉണ്ടാകാറുണ്ട്. മിക്ക സ്ഥാപനങ്ങളിലും ഡോർമിറ്ററി സമ്പ്രദായമാണ്. ഇതുണ്ടാക്കുന്ന പ്രയാസങ്ങൾ പറയേണ്ടതില്ലല്ലോ . ദമ്പതിമാർക്ക് താമസിക്കാനുള്ള ഹോമുകൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നില്ല. മുതിർന്ന പൗരന്മാർക്ക് അത്യാവശ്യം സഞ്ചാരത്തിനു വേണ്ട സൗകര്യങ്ങളായ റാംപ്, ഹാൻഡ് റെയിൽ, വീൽചെയർ ഇവ കുറവാണ്. ഫാർമസിയോ നേഴ്സിംഗ് അസിസ്റ്റന്റിന്റെ സേവനമോ ലഭ്യമല്ല. യൂറോപ്യൻ ക്ലോസറ്റ് ഫിറ്റ് ചെയ്തിട്ടുള്ള ലാവറ്ററികൾ ഇല്ല. ജറിയാട്രിക് ട്രെയിനിംഗ് ലഭിച്ചിട്ടുള്ള സ്റ്റാഫ് ഇല്ല. അടുത്ത പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർ ഹോമുകൾ സന്ദർശിച്ച് രോഗികളെ പരിശോധിച്ച് വന്നിരുന്ന സമ്പ്രദായവും ഇപ്പോൾ ഇല്ല. മാനസികാരോഗ്യ വിദഗ്ദ്ധന്റെ സേവനമോ കൗൺസിലിംഗ് സൗകര്യങ്ങളോ തീരെ ലഭ്യമല്ല. വിനോദസൗകര്യങ്ങൾ അപര്യാപ്തമാണ്.

ഇത്തരത്തിലുള്ള ഹോമുകൾസംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന ജീവിത നിലവാരത്തിൽനിന്നും വളരെയധികം താഴോട്ട് പോകുന്നത് അഭിലഷണീയമല്ല. ശിക്ഷ,ദൈന്യത, ഔദാര്യം എന്നീ വികാരങ്ങൾക്കും വിചാരങ്ങൾക്കും പകരം പുനരധിവാസം എന്ന ലക്ഷ്യ

ത്തിന് മുൻതൂക്കം നൽകിയുള്ള പ്രവർത്തനരീതിയാണ് ഹോമുകൾ അവലംബിക്കേണ്ടത് (അഡ്വ. തുളസി, 2015).ഈ ലക്ഷ്യത്തിലെത്തിക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ ഹോമുകളിൽ ഉണ്ടാകണം. ഫലപ്രദമായ ഫണ്ട് വിനിയോഗം, ശരിയായ ആസൂത്രണം, അർപ്പണബോധത്തോടെയുള്ള സേവനം, അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, അനുബന്ധസേവനങ്ങൾ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള വികസനാസൂത്രണത്തിലൂടെ മാത്രമേ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നില മെച്ചപ്പെടുത്താൻ കഴിയുകയുള്ളൂ.

## VII. ഭിന്നശേഷിക്കാർ

2005ലെ സെൻസസ് പ്രകാരം സംസ്ഥാന ജനസംഖ്യയുടെ 2.7 ശതമാനം ഭിന്നശേഷിക്കാരാണ്. ഇതിൽ 43 ശതമാനം ചലനശേഷി കുറവായവരാണ്. പത്തു ശതമാനം പേർ അപസ്മാരബാധിതരാണ്. ഓട്ടിസം തുടങ്ങിയവ ബാധിച്ചവരാണ് അടുത്ത പ്രധാന വിഭാഗം. കേരള സാമൂഹ്യവികസന നയങ്ങളിൽ അർഹമായ പരിഗണന ഇവർക്കു ലഭിച്ചിട്ടില്ല. കേരള വികസനത്തിന്റെ പ്രത്യേകത നാം പല ആവർത്തി പറഞ്ഞതുപോലെ അവകാശാധിഷ്ഠിത ജനകീയ ഇടപെടലാണ്. എന്നാൽ ഭിന്നശേഷിക്കാർക്ക് ഇത്തരത്തിൽ തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി ഇടപെടുന്നതിൽ വലിയ പരിമിതിയുണ്ട്. ഒരുപക്ഷേ, ഇതുകൊണ്ടാകാം അവരോടുള്ള അവഗണന. ഓട്ടിസം ബാധിച്ച കുട്ടികളോട് നാം സ്വീകരിക്കുന്ന സമീപനം ഇതിന് ഉത്തമ ദൃഷ്ടാന്തമാണ്. സാധാരണ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് എല്ലാം സൗജന്യമായി നൽകുന്നു. അതേസമയം ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്പെഷ്യൽ സ്ക്കൂളുകൾക്ക് അടുത്തകാലം വരെ സംസ്ഥാനസർക്കാർ ഒരു ധനസഹായവും നൽകിയിരുന്നില്ല.

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും സമ്പൂർണ്ണ പൗരന്മാരായി ജീവിക്കാനുള്ള അവകാശം ഉണ്ട്. ജീവിയ്ക്കാനും ആരോഗ്യം സംരക്ഷിക്കാനും വിദ്യാഭ്യാസത്തിനും കുടുംബ ജീവിതത്തിനും തൊഴിലിനും വരുമാനത്തിനും ഉള്ള അവകാശങ്ങൾക്ക് പുറമേ, വിവേചനത്തിനും ദുരുപയോഗത്തിനുമെതിരെ സംരക്ഷണം നേടാനുള്ള അവകാശവും ഇവർക്കുണ്ട്. എന്നാൽ ദൈന്യദിന ജീവിതത്തിലുള്ള ഇവരുടെ പ്രതികരണവും പ്രതിരോധവും വ്യത്യസ്തമാണ്. കൂടാതെ ബുദ്ധിപരമായ ഭിന്നശേഷി ഇവരുടെ നൈപുണ്യകളെ സാരമായി ബാധിക്കുന്നു. അതുകൊണ്ട് തന്നെ ഇവരുടെ പുനരധിവാസ അതിജീവന ഇടപ്പെടലുകൾ ഒരേ സമയം സൂക്ഷ്മവും സമഗ്രവുമാണ്.

ജീവശാസ്ത്രപരമായ ന്യൂനതകളാൽ ഇവരുടെ ക്ഷമത ഭിന്നമാണ്. ഇവരുടെ കഴിവുകൾ പ്രകടമാക്കുന്നതിന് ഇത് തടസ്സം നിൽക്കുന്നു. സാമൂഹ്യ പിന്തുണയും കുടുംബ പിന്തുണയും ഒരുപോലെ സമാഹരിച്ചാൽ മാത്രമേ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ. തദ്ദേശ സ്ഥാപനങ്ങളുടേയും ബുദ്ധിപരമായ ഭിന്നശേഷി ഉള്ളവരുടെ പ്രത്യേക അയൽക്കൂട്ടങ്ങളുടേയും പൊതുസമൂഹത്തിന്റേയുംസർക്കാർ-സ്വകാര്യ സേവനദാതാക്കളുടേയും പങ്കാളിത്തവും പിന്തുണയും ഒത്തുചേർന്ന പുനരധിവാസ പ്രക്രിയക്കാണ് രൂപം കൊടുക്കേണ്ടത.

ഇതിലേറ്റവും സുപ്രധാനമായ ഇടപെടൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിൽ - ശതമാനം തുക വൃദ്ധർക്കും ഭിന്നശേഷിക്കാർക്കുമായി നീക്കിവെയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. ഈ പ്രവർത്തനങ്ങളിലേറ്റവും നൂതനമായ സംരംഭം ബഡ് സ്ക്കൂളുകളാണ്. ഓട്ടിസം ബാധിച്ച കുട്ടികളെ പകൽ സമയം ഒരു പൊതുകേന്ദ്രത്തിൽ പരിശീലനം സിദ്ധിച്ച അധ്യാപകരോടൊപ്പം ചെലവഴിക്കാൻ അവസരമൊരുക്കുന്നതാണ് ബഡ് സ്ക്കൂൾ. മിക്കവാറും സ്ഥലങ്ങളിൽ സ്വന്തമായ കെട്ടിടവും വാഹനങ്ങളും ബഡ് സ്ക്കൂളുകൾക്കുണ്ട്.

വിഭിന്നശേഷിയുള്ളവർക്ക് ഇതര ജനവിഭാഗത്തെപ്പോല ജീവിതം നയിക്കാനുള്ള അവസരം പ്രദാനം ചെയ്യുന്ന തരത്തിലായിരിക്കണം സാമൂഹ്യസുരക്ഷാ പദ്ധതികൾ രൂപപ്പെടുത്തേണ്ടത് (ഡോ. എം. എസ്. റസീന പത്മം& എൻ.എൻ. ഹേന, 2015). ഇതിനുവേണ്ടി ഭിന്നശേഷിനയം രൂപീകരിച്ച് പ്രാബല്യത്തിൽ വരുത്തണം. സർക്കാരിന് ഈ വിഷയത്തിൽ വേണ്ട സാങ്കേതിക ഉപദേശവും മറ്റും നൽകുന്നതിന് ഒരു സ്റ്റേറ്റ് ഡിസബിലിറ്റി കൗൺസിൽ രൂപീകരിക്കുന്നതും ഉചിതമായിരിക്കും (പ്രൊഫ. കെ.എ. ചന്ദ്രശേഖരൻ, 2015). ഭിന്നശേഷി വിഭാഗത്തെ സാമൂഹ്യമുഖ്യധാരയിലെത്തിക്കാനുള്ള ബാധ്യതയും സമൂഹത്തിനുണ്ട്. ഒരു പ്രധാനപ്രശ്നം ഭിന്നശേഷി ഉള്ളവരുടെ മൂർത്തമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവമാണ്. അതുണ്ടെങ്കിൽ മാത്രമേ കൃത്യമായ സുരക്ഷാ പരിപാടികൾ ആവിഷ്കരിക്കാനാവൂ. ഭിന്നശേഷി വിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികളുടെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിർമ്മി്ച ഉപകരണങ്ങൾ വിരണം ചെയ്യണം. (ഷാജി വി ചെറിയാൻ, 2015).

മാനസികമായി ഭിന്നശേഷിയുള്ളവർക്ക് പ്രത്യേകം പ്രാധാന്യം നൽകണം. ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ, നോൺ ഗവൺമെന്റൽ ഏജൻസികൾ, പ്രൊഫഷണലുകൾ എന്നിവരുടെ അർപ്പണബോധത്തോടെയുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ ഭിന്നശേഷിവിഭാഗക്കാർ ഇന്നനുഭവിക്കുന്ന അവസ്ഥയിൽനിന്നും അടിസ്ഥാനപരമായ ഒരു മാറ്റം ഉണ്ടാക്കുന്നതിന് കഴിയും (ഡോ. മനോജ്കുമാർ, തേറയി,: 2015, പി. കെ.ശ്രീകുമാർ, 2015).

സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു പ്രധാന പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വികാലാംഗ ക്ഷേമ കോർപ്പറേഷൻ. ഇതിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ഇതുകൂടാതെ സ്വയംഭരണ സ്ഥാപനമായ കേരള സാമൂഹ്യസുരക്ഷാ മിഷൻ, സ്റ്റേറ്റ് സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡ് എന്നിവയും പ്രവർത്തിച്ചു വരുന്നു.

2006-ലെ ഇടതുപക്ഷ ഗവൺമെന്റ് അഭിമാനത്തോടെ ഒട്ടേറെ നൂതന പദ്ധതികളുമായി ആരംഭിച്ചതാണ് കേരള സാമൂഹ്യസുരക്ഷാ മിഷൻ. പ്രത്യക്ഷവും പരോക്ഷവുമായ ആരോഗ്യസുരക്ഷക്കു ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികളാണ് മിഷൻ കൈകാര്യം ചെയ്യുന്നത്. കാലോചിതമായ പരിഷ്ക്കാരങ്ങളും നടത്തിപ്പു രീതികളും ഉണ്ടാകണം. മിഷൻ പ്രവർത്തനം സംബന്ധിച്ച് പുറത്തുവരുന്ന അഴിമതിയാരോപണങ്ങളെയും കെടുകാര്യസ്ഥതയെയും സ്വജനപക്ഷപാതത്തെയും സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കണം.

ഓർഫണേജുകൾ, ശിശുഭവനങ്ങൾ, മറ്റു ശിശുസംരക്ഷണസ്ഥാപനങ്ങൾ എന്നിവ നമ്മുടെ സംസ്ഥാനത്ത് നിരവധിയുണ്ട്. എന്നാലും ശിശുക്കളുടെ പുനരധിവാസത്തിനുള്ള ഒരു ബദൽ സംവിധാനത്തെകുറിച്ച് ചിന്തിക്കുകയോ പരീക്ഷിക്കുകയോ ചെയ്യാൻ ഇവ പര്യാപ്തമല്ല. ബജറ്റ് വിഹിതത്തിന്റെ സിംഹഭാഗം സ്ഥാപനാധിഷ്ഠിത പുനരധിവാസത്തിന് മാറ്റി വയ്ക്കപ്പെടുകയും വളരെ തുച്ഛമായ തുക അല്ലതെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്ക് നൽകുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലുള്ളതു കൂടിയാണ് മേൽ നിഗമനം (പി. കെ. സുധീർബാബു, 2015). ഏതായാലും ശിശുക്ഷേമത്തിനും ശിശുക്കളുടെ പുനരധിവാസത്തിനും വേണ്ടി പ്രവർത്തിപ്പിച്ചുവരുന്ന സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങളും സ്റ്റാഫ് ഉപകരണങ്ങൾ, രീതികൾ, ഭക്ഷണആരോഗ്യസംവിധാനങ്ങൾ ഇവയൊന്നും ഗാർഹിക അന്തരീക്ഷത്തിൽ ഇന്ന് കേരളത്തിൽ വളർന്നുവരുന്ന കുട്ടികളോട് കിടപിടിക്കാനുള്ള ഒരു നിലവാരത്തിൽ എത്തിക്കുന്നതിന് പര്യാപ്തമല്ല.

### ട്രാൻസ്ജന്റർ

ട്രാൻസ്ജന്ററിന്റെ പ്രശ്നങ്ങൾ പ്രത്യേകമായി തന്നെ കണ്ടുകൊണ്ട് ഇടപെടാൻ കഴിയണം. അതിന്റെ ഭാഗമായി എല്ലാ അപേക്ഷാഫോറങ്ങളിലും റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് പോലുള്ള സർക്കാർ രേഖകളിലും ഇവരെക്കൂടി രേഖപ്പെടുത്തുന്ന വിധം ആവശ്യമായ കോളങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഈ വിഭാഗത്തിനിടയിൽ ആത്മവിശ്വാസമുണ്ടാക്കുന്നതിനും മുന്നോട്ടുവരുന്നതിനും ചെറിയതോതിലുള്ള സംവരണത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്. കുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണത്തിന് പ്രത്യേക നിയമങ്ങൾ ഉള്ളതുപോലെതന്നെ ഈ വിഭാഗത്തിന്റെ സംരക്ഷണത്തിനായും പ്രത്യേക നിയമങ്ങൾ ആലോചിക്കേണ്ടതാണ്. ഇവരുടെ ക്ഷേമത്തിനായി പ്രത്യേക സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

## VIII. നിർദ്ദേശങ്ങൾ

### തൊഴിലാളി സുരക്ഷ

1. സാമൂഹ്യസുരക്ഷാ രംഗത്ത് സമീപഭാവിയിൽ നടപ്പാക്കേണ്ടുന്ന ഏറ്റവും പ്രധാനപ്പെട്ട നടപടി സമഗ്ര സുരക്ഷാപദ്ധതിയാണ്. ഇതിന്റെ ഭാഗമായി അസംഘടിത മേഖലയിലെ തൊഴിലാളികളെ മുഴുവൻ ക്ഷേമനിധി വലയത്തിൽ കൊണ്ടുവരേണ്ടതാണ്. ഓരോ വിഭാഗത്തിന്റെയും വേതന വ്യവസ്ഥയിൽ അതത് തൊഴിലിനനുസൃതമായ ഏകീകരണം, പ്രാഥമിക അവകാശങ്ങളുടെയും സൗകര്യങ്ങളുടെയും നിയമം വഴിയായുള്ള ഉറപ്പു വരുത്തൽ, വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ നിശ്ചിത ദിവസങ്ങളുടെ തൊഴിൽ ഉറപ്പ് വരുത്തൽ എന്നിവ പ്രായോഗികമാക്കാവുന്ന തീരുമാനങ്ങളാണ്. കടകളിലും ചെറിയ വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, ചെറുകിട തോട്ടം തൊഴിലാളികൾ, പ്രവാസി കേരളീയർ, കുടിയേറ്റ തൊഴിലാളികൾ, സ്വകാര്യ മേഖലയിലെ ആരോഗ്യ ജീവനക്കാർ എന്നിവർ ഈ കൂട്ടത്തിൽപ്പെടുന്നു. ഇവരെയാകെ ക്ഷേമനിധികളിൽ കൊണ്ടുവരണം. വളരെ ചെറിയ വിഭാഗങ്ങളാണെങ്കിൽ ജനറൽ ലേബർ ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയാൽ മതിയാകും. ക്ഷേമനിധി അംഗങ്ങളുടെ എണ്ണം അമ്പതുലക്ഷത്തിൽ നിന്ന് ഒരു കോടിയായി ഉയർത്തണം.
2. ഇവർക്കെല്ലാം മിനിമം സാമൂഹ്യ സഹായമായി റിട്ടയർമെന്റ് പെൻഷൻ സർക്കാർ ഉറപ്പുവരുത്തണം. മിനിമം പെൻഷൻ 1500 രൂപയാക്കണം. ആദ്യം 1000 രൂപയാക്കുകയും തുടർന്നുള്ള വർഷങ്ങളിൽ 100 വീതം വർദ്ധിപ്പിക്കുകയും ചെയ്യുന്ന രീതി സ്വീകരിക്കാവുന്നതാണ്. ഇവ നൽകേണ്ടതന്നത് ക്ഷേമനിധികളുടെ ചുമതലയായിരിക്കണം. ഇതിനു പണമില്ലാത്ത ക്ഷേമനിധികൾക്കു സർക്കാർ ധനസഹായം നൽകണം. ഈ മിനിമം പെൻഷനു പുറമെ തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ഥിര വരുമാനക്കാർക്ക്, ഓരോ മാസവും അധികതുക അടച്ച് അംഗമാകാൻ പറ്റുന്ന കോൺട്രിബ്യൂട്ടറി പെൻഷനുമുണ്ടാക്കാവുന്നതാണ്.
3. ക്ഷേമനിധി അംഗങ്ങളുടെ മുഴുവൻ കുടുംബാംഗങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് നൽകണം. പെൻഷന്റെ കാര്യത്തിലെന്നപോലെ ഇതിനും എല്ലാവർക്കും സൗജന്യമായി ലഭിക്കുന്ന മിനിമം ആരോഗ്യപരിരക്ഷയും അധികപ്രീമിയം അടച്ചാൽ ലഭ്യമാകുന്ന അധിക ആരോഗ്യപരിരക്ഷയും ഉണ്ടാക്കാവുന്നതാണ്.

### കുട്ടികളുടെ സുരക്ഷ

4. മാതൃ-ശിശു സംരക്ഷണ പദ്ധതി തുക കേന്ദ്രസർക്കാർ വൻതോതിൽ വെട്ടിക്കുറച്ചിരിക്കുന്ന സാഹചര്യത്തിൽ ശിശുസംരക്ഷണമേഖലയിൽ നിലവിലുള്ള പദ്ധതികളിലും പ്രവർത്തനപരിപാടികളിലും ഒരു വലിയ മാറ്റമുണ്ടാകണം. ഈ പദ്ധതി കേരള സർക്കാർ കാലാനുസൃതമായി പുനഃസംവിധാനം ചെയ്തുനടപ്പിലാക്കുന്നതാണ് നല്ലത്.

### ശിശുസംരക്ഷണം

5. ജനസംഖ്യയിൽ ഒരു കോടിയിലധികം വരുന്ന കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി കേരള സം

സ്ഥാന ബഡ്ജറ്റിൽ ആകെ ചെലവിടുന്ന തുക 13 മുതൽ 15 ശതമാനംവരെ മാത്രമാണ്. ഇത്രയും പരിമിതമായ തുകയായിട്ടും സാമ്പത്തിക വർഷത്തിന്റെ അവസാനം പരിശോധിക്കുമ്പോൾ സർക്കാർ ഡിപ്പാർട്ടുമെന്റുകളും ബന്ധപ്പെട്ട സ്ഥാപനങ്ങളും അത് ചെലവഴിച്ചുതീർക്കുന്നതായി കാണുന്നില്ല. (എം. പി. ആന്റണി, 2015).

6. കുട്ടികളുടെ കൂട്ടായ്മകൾ പ്രോത്സാഹിക്കപ്പെടേണ്ടതുണ്ട്. അദ്ധ്യാപക-രക്ഷകർത്തൃസമിതികളിൽ കുട്ടികൾക്ക് പങ്കാളിത്തം നൽകുന്നത് ഗൗരവപൂർവ്വം പരിഗണിക്കാവുന്നതാണ്. കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശിശുസൗഹൃദമാക്കുന്നതിനുവേണ്ട കാര്യങ്ങൾ പഠനവിധേയമാക്കുകയും പ്രാവർത്തികമാക്കുകയും വേണം. സമഗ്ര ശിശുസൗഹൃദ സംവിധാനങ്ങൾ, കുട്ടികളുടെ അവകാശ സംരക്ഷണ നിയമം, സമഗ്ര ബാലനയം, കൂടുതൽ വിനോദം, ബാല്യവിവാഹത്തിന് കർശന നിരോധനം, ശാരീരിക പീഢനത്തിന് നിരോധനം, ഓർഫനേജ് നിയമത്തിൽ ഭേദഗതികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമായി നമ്മുടെ സംസ്ഥാനത്ത് ശിശുസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

7. കുട്ടികൾക്ക് നേരെയുള്ള അക്രമണങ്ങളും പീഡനങ്ങളും ലൈഗീകാതിക്രമങ്ങളും വർദ്ധിച്ചു വരുന്നു. പീഡനങ്ങളും അക്രമങ്ങളും ഇല്ലായ്മ ചെയ്യുവാൻ സാമൂഹികാവബോധം സൃഷ്ടിക്കുന്ന പ്രചാരണ പ്രവർത്തനങ്ങളും നിയമ സംവിധാനങ്ങളുടെ കർക്കശമായ ഇടപെടലുകളും വേണം. കുട്ടികളുടേയും തദ്ദേശസ്വയംഭരണ സർക്കാരുകളുടേയും രക്ഷകർത്തൃ സമിതികളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ജാഗ്രതാസമിതി രൂപീകരണങ്ങൾ കുട്ടികൾക്ക് മേലുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരായി സക്രിയമായി ഇടപെടുന്ന സാമൂഹ്യ പ്രതിരോധനിരയായി നിലവിൽ വരേണ്ടതാണ്.

8. സംസ്ഥാനത്ത് കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളായ ആരോഗീകരണം, താലോലം, കാരുണ്യ, അമ്മയും കുഞ്ഞും തുടങ്ങിയവയുടെ പ്രായോഗികത വിലയിരുത്തി മാറ്റങ്ങൾക്ക് വിധേയമാക്കോണ്ടതാണ്. അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ആശുപത്രികളുടെ എണ്ണവും അവർ നൽകുന്ന സേവനങ്ങളും വർദ്ധിപ്പിക്കുകയും മെച്ചപ്പെടുത്തുകയും വേണം. വേതനത്തോടുകൂടിയ പ്രസവ അവധി അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്ക് ലഭ്യമാക്കണം. ഐ.സി.ഡി.എസ്. ഉൾപ്പെടെയുള്ള ശിശുക്ഷേമപദ്ധതികൾ സോഷ്യൽ ആഡിറ്റിംഗിന് വിധേയമാകേണ്ടതാണ്. ഓർഫനേജ് നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

### പാർപ്പിടം

9. യുഡിഎഫ് സർക്കാർ ഇഎംഎസ് പാർപ്പിട പദ്ധതി തകർത്തത് പാവങ്ങൾക്ക് പാർപ്പിടം ലഭിക്കുന്നതിൽ വലിയ പ്രതിബന്ധമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇഎംഎസ് പാർപ്പിട പദ്ധതി പുനഃരാവിഷ്കരിക്കും. കേന്ദ്ര ഐഎവൈ വീടു പദ്ധതിയുമായി സംയോജിപ്പിച്ചായിരിക്കും ഇതു നടപ്പാക്കുക. ഇതിനു പ്രാരംഭമായി പണി തീരാത്ത വീടുകളുടെ പൂർണ ലിസ്റ്റ് തയ്യാറാക്കുകയും അവയുടെ പണി പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതിയ്ക്കു രൂപം നൽകുകയും ചെയ്യും. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് തങ്ങൾക്കിഷ്ടമുള്ള സ്ഥലത്ത് ഭൂമി വാങ്ങുന്നതിനുള്ള അനുവാദം നൽകുകയും സർക്കാർ നിശ്ചയിച്ച ഫെയർ വാല്യുവിനെക്കാൾ നിശ്ചിതശതമാനം തുക അധികസഹായമായി നൽകുന്നതിനുള്ള തീരുമാനമുണ്ടാകണം. ചില സ്ഥലങ്ങളിൽ സർക്കാർ തന്നെ ഭൂമി അക്വയർ ചെയ്ത് ഭൂരഹിതർക്ക് പാർപ്പിട നിർമ്മാണത്തിനായി നൽകാം. പ്രതിവർഷം ഒരു ലക്ഷം വീടു വീതം നിർമ്മിച്ച് അഞ്ചു വർഷം കൊണ്ട് എല്ലാവർക്കും വീട് ഉറപ്പാക്കുന്നതിനുള്ള പദ്ധതിയായിരിക്കണം ആവിഷ്കരിക്കേണ്ടത്.

10. പാരിസ്ഥിതിക പ്രതിസന്ധിക്കും കാലാവസ്ഥാവ്യതിയാനത്തിനും ആക്കം കൂട്ടുന്ന ഘടകങ്ങളിലൊന്നാണ് കെട്ടിട നിർമ്മാണം. പുനരുൽപാദന കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും നിർമ്മാണവും വിപണനവും നമ്മുടെ നാട്ടിലെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുമെന്നതിൽ സംശയമില്ല. ആവാസ വ്യവസ്ഥയുടെ സാക്ഷരത ഒരു ജനകീയ പ്രസ്ഥാനമായി മാറ്റേണ്ടത് സാമൂഹ്യ സുരക്ഷയുടെ ആവശ്യമായിരിക്കുകയാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് ബദൽ ഉണ്ടാക്കണം. ഇവ കാർബൺ സംഭരണശേഷി ഉള്ളതായാൽ കൂടുതൽ ആരോഗ്യകരവും ദീർഘകാലാവധി ഉള്ളതും ആയിരിക്കും.

### ഭക്ഷ്യസുരക്ഷ

11. കേരളത്തിലെ ബിപിഎൽ പരിധി ഗണ്യമായ ഒരു വിഭാഗം പാവപ്പെട്ടവരെ പൊതുവിതരണ സമ്പ്രദായത്തിൽനിന്നു പുറത്താക്കിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വിവിധ അസംഘടിതമേഖലാ തൊഴിലാളി വിഭാഗങ്ങളെയും തൊഴിലുറപ്പു തൊഴിലാളികളെയും ബിപിഎൽ ആയി പരിഗണിച്ച് അവർക്ക് റേഷൻ നൽകുന്നതിനുള്ള സംവിധാനം വേണം. അതിനുള്ള അധികച്ചെലവ് സംസ്ഥാന സർക്കാർ വഹിക്കണം.

12. കൺസ്യൂമെർ ഫെഡിനെ പുനരുദ്ധരിക്കേണ്ടതാണ്. സമഗ്രമായ അന്വേഷണം നടത്തി അഴിമതിയും വെട്ടിപ്പും നടത്തിയവരെ ശിക്ഷിക്കുകയും കൺസ്യൂമെർ ഫെഡിന്റെ ബാധ്യതകൾ ഒറ്റത്തവണ തീർപ്പുണ്ടാക്കുകയും ചെയ്യണം. സഹകരണ സം

ഘങ്ങളുടെ അതിവിപുലമായ ശൃംഖല ഉത്സവകാലത്തെ കമ്പോള ഇടപെടലിന് ഏറ്റവും ഫലപ്രദമായ മാർഗങ്ങളിലൊന്നാണെന്ന് തെളിഞ്ഞിട്ടുള്ളതാണ്.

13. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. കമ്പോളവിലയെക്കാൾ നിശ്ചിതശതമാനം കുറവു വിലയ്ക്ക് ഉൽപന്നങ്ങൾ വിൽക്കുന്ന ഇന്നത്തെ സമ്പ്രദായത്തിൽ മാറ്റം വരുത്തണം. വിലക്കയറ്റമുണ്ടാകുമ്പോൾ മാവേലി സ്റ്റോറുകളിലെ വിലയും ഉയരുന്ന സ്ഥിതിയാണുള്ളത്. ഇത് വിലക്കയറ്റത്തിന് ആക്കം കൂട്ടുന്നു.

14. ഭക്ഷ്യധാന്യ വിപണിയിലെ തട്ടിപ്പുകൾ, കരിഞ്ചന്ത, പൂഴ്ത്തിവെപ്പ്, അവധി വ്യാപാരം, കൃത്രിമ വിലക്കയറ്റം മുതലായവ തടയുന്നതിനും പരാതി പരിഹാരത്തിനും കഴിയുംവിധം ശക്തവും പ്രായോഗികവുമായ നീരിക്ഷണ സംവിധാനവും പരാതിപരിഹാര സംവിധാനവും നടപ്പിലാക്കുക. ഇതിനായി ജസ്റ്റിസ് വാധ്വ കമ്മിറ്റി റിപ്പോർട്ട് ശുപാർശ ചെയ്യുന്ന വിധത്തിലുള്ള പരാതി പരിഹാര കമ്മീഷൻ രൂപീകരിക്കാവുന്നതാണ്.

15. കേരളത്തിലെ റേഷൻ കട ശൃംഖല ഇന്നത്തെ പരിമിതമായ റേഷൻ വിറ്റുവരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലനിർത്താനാവില്ല. അതുകൊണ്ട് ഇവയെ ഒരു നിയന്ത്രിതവില വിപണന ശൃംഖലയായി വളർത്തിയെടുക്കുന്നതിനുവേണ്ടി വൈവിദ്ധ്യവത്കരിക്കുകയും ആധുനീകരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

16. പടിപടിയായി കേരളത്തെ വിശപ്പില്ലാ സംസ്ഥാനമാക്കി മാറ്റണം. ആവശ്യമുള്ളവർക്കെല്ലാം ഒരു നേരത്തെ ഊണു സൗജന്യമായി നൽകുകയാണ് ഈ പദ്ധതിയിലൂടെ ചെയ്യേണ്ടത്. ദേവാലയങ്ങൾ, ഉദാരമതികളായ വ്യക്തികൾ തുടങ്ങിയവരുടെ സഹായത്തോടെയാണ് ഇത്തരം ഭക്ഷണകേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ആരംഭിക്കേണ്ടത്. ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ നടപ്പാക്കാവുന്നതാണ്.

17. മിതമായ നിരക്കിൽ മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിന് അക്രെഡിറ്റഡ് ഹോട്ടലുകളുടെ ശൃംഖല കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കും. ആവശ്യമെങ്കിൽ സ്വകാര്യ ഹോട്ടലുകളെ ഈ ശൃംഖലയിൽ കൊണ്ടുവരാവുന്നതാണ്. സർക്കാർ അംഗീകരിച്ച അളവിലും ഗുണത്തിലും വിലയ്ക്കുമാണ് ഇവിടെ ഭക്ഷണം ലഭിക്കുക.

### ഇതര സംസ്ഥാന തൊഴിലാളികൾ

18. ഇതര സംസ്ഥാന തൊഴിലാളികൾക്കായി 2010 ൽ കേരള സർക്കാർ ക്ഷേമ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. (Inter state migrant workers welfare scheme, 2010). ഇന്ന് ക്ഷേമപദ്ധതി വഴി ലഭിക്കുന്ന ആനുകൂല്യങ്ങളുടെ പരിമതിയും നിബന്ധനകളും സ്കീമിനെ അനാകർഷകമാക്കുന്നതുണ്ട്. സമൂലമായ പൊളിച്ചെഴുത്ത് ഇവിടെ വേണ്ടതുണ്ട്. തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്കും അവകാശാധിഷ്ഠിത തൊഴിലാളി സംഘടിത പ്രവർത്തനങ്ങൾക്കും മാതൃകയായ കേരളത്തിൽ അന്യ സംസ്ഥാന തൊഴിലാളികളോടുള്ള തൊഴിലാളി വിരുദ്ധ സമീപനങ്ങൾ എതിർക്കപ്പെടേണ്ടതുണ്ട്.

19. കേന്ദ്ര സംസ്ഥാന നിയമങ്ങളുടെ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി, ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ഒരു സമഗ്രനിയമനിർമ്മാണം അത്യന്താപേക്ഷിതമാണ്. നിയന്ത്രണത്തെക്കാളുപരി ഇവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനു വേണം നിയമത്തിൽ ഊന്നൽ നൽകാൻ.

20. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ലഭ്യമാകുന്ന പാർപ്പിട സൗകര്യവും ചുറ്റുപാടുകളും സാനിറ്ററി അവസ്ഥയും കുടിവെള്ളത്തിന്റെ ലഭ്യതയും ഉത്തരേന്ത്യൻ ചേരികളിലേതിനേക്കാൾ പരിതാപകരമാണ്. അവർക്ക് ന്യായമായ നിരക്കിൽ വൃത്തിയും വെടിപ്പുമുള്ള പാർപ്പിടം നൽകുന്നതിനാവശ്യമായ സാമൂഹ്യസുരക്ഷാപദ്ധതി തയ്യാറാക്കണം. ഇതര സംസ്ഥാനത്തൊഴിലാളികളുടെ തൊഴിലുടമകളുടെ കർത്തവ്യമാണ് അവർക്ക് താമസസൗകര്യം ഏർപ്പെടുത്തിക്കൊടുക്കുക എന്നുള്ളത്. തൊഴിൽ വകുപ്പും തദ്ദേശഭരണസ്ഥാപനങ്ങളും ഇതിനാവശ്യമായ പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും വേണം. ആർഎസ്ബിഐ ദേശവ്യാപകമായി ഉപയോഗിക്കപ്പെടാൻ അവകാശമുള്ള ആരോഗ്യ പരിരക്ഷ ആയതിനാൽ ഇവരെ ആരോഗ്യ ഇൻഷുറൻസ് വലയത്തിൽ കൊണ്ടുവരേണ്ടതാണ്. ഇതര സംസ്ഥാനങ്ങളിലെ ഹോളി തുടങ്ങിയ ദേശീയോത്സവങ്ങൾ ആഘോഷിക്കുന്നതിനും സൗകര്യങ്ങൾ സൃഷ്ടിക്കണം.

21. ഇതര സംസ്ഥാനതൊഴിലാളികളുടെ ആവശ്യങ്ങൾ അന്വേഷിക്കുന്നതിനും ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനും കൗൺസിലിംഗ് നടത്തുന്നതിനും ഹിന്ദി തുടങ്ങിയ വടക്കേ ഇന്ത്യൻ ഭാഷകൾ അറിയാവുന്ന സാമൂഹ്യ പ്രവർത്തകരെ ഇവരുടെ കേന്ദ്രങ്ങളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വിന്യസിക്കണം.

22. ഔപചാരിക മേഖലകളിൽ കരാറടിസ്ഥാനത്തിൽ പണിയെടുക്കുന്ന അനൗപചാരിക തൊഴിലാളികൾ വർദ്ധിച്ചു വരുകയാണ്. ഈ അസംഘടിത തൊഴിലാളികളുടെ വേതനമടക്കമുള്ള അവകാശങ്ങൾ സംരക്ഷിക്കാനും ആരോഗ്യകരമായ തൊഴിലന്തരീക്ഷം പുലർത്താനുമുള്ള ഇടപ്പെടലുകൾ അനിവാര്യമാണ്.

23. തൊഴിൽ രംഗത്തിന്റെ വികസനത്തിൽ അത്യാവശ്യം വേണ്ട ഒരു ഘടകമാണ് തൊഴിലാളികളുടെ നൈപുണ്യവും വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തുക എന്നുള്ളത്. വ്യവസായിക പരിശീലനത്തിനുമുന്തിയ പ്രാധാന്യം നൽകി, പദ്ധതികൾ തയ്യാറാ

ക്കി, ബഡ്ജറ്റിൽ വക കൊള്ളിക്കണം. ഇൻഡസ്ട്രീയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഉയർന്ന സാങ്കേതിക വിദ്യയോടു കൂടിയ, കാലഘട്ടത്തിന്റെ ഡിമാന്റ് അനുസരിച്ചുള്ള, കോഴ്സുകൾ ആരംഭിക്കണം. വ്യവസായ സ്ഥാപനങ്ങളും പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുമായുള്ള ബന്ധം മെച്ചപ്പെടുത്തി, കേരള സർക്കാരിന്റെ Additional Skill Acquisition Programme (ASAP) മാതൃകയിലുള്ള ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കണം.

24. ട്രേഡ് യൂണിയനുകളുടെ പ്രാധാന്യവും പ്രസക്തിയും കുറയുകയോ അവ നിഷ്ക്രിയമാക്കുകയോ ചെയ്യുന്നത് വ്യവസായിക അന്തരീക്ഷത്തെ അനാരോഗ്യമാക്കുമെന്നാണ് കേരളത്തിന്റെ അനുഭവം കാണിക്കുന്നത്. നിലനില്ക്കുന്ന ഒരുപാട് ക്ഷേമപദ്ധതികളെ കുറിച്ചും തൊഴിലാളി അവകാശങ്ങളെകുറിച്ചും അവരുടെ കടമകളെ കുറിച്ചും തൊഴിലാളികളെ ഉദ്ബുദ്ധരാക്കേണ്ടതും ബോധവത്കരിക്കേണ്ടതുമായ ഉത്തരവാദിത്തങ്ങൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ ട്രേഡ് യൂണിയനുകൾക്ക് ഏറ്റെടുക്കാനാവണം. തൊഴിലാളികളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഏറ്റവും ആദ്യത്തെ ജനകീയ കൂട്ടായ്മ അവരുടെ സംഘടനയാണ്. സമഗ്ര സാമൂഹ്യ സുരക്ഷാപദ്ധതികൾക്ക് നേതൃത്വം നൽകേണ്ടതും ഇത്തരം സംഘടനകളിലൂടെ തന്നെയാണ് എന്ന ധാരണയോടെ ഇടപെടാനാവണം.

### വയോജനങ്ങൾ

25. കേരളത്തിലെ ആരോഗ്യസംവിധാനത്തിൽ വയോജനങ്ങളുടെ പ്രശ്നങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകുന്നില്ല. സാമൂഹ്യ ആരോഗ്യ ആശുപത്രി മുതൽ മുകളിലേയ്ക്ക് എല്ലാത്തട്ടുകളിലും വയോജനങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക ആരോഗ്യ സംവിധാനങ്ങൾ ഉണ്ടാകണം. സാന്ത്വനപരിപാലന ശൃംഖല സാർവത്രികമാക്കണം.

26. വയോജനക്കാർക്കായുള്ള പകൽവീടുകളുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. അവയുടെ പ്രവർത്തനം കെട്ടിടനിർമ്മാണത്തോടെ അവസാനിക്കുന്നു. വയോജനങ്ങളുടെ വിനോദത്തിനോ കൂട്ടായ പ്രവർത്തനങ്ങൾക്കോ ലഘുഭക്ഷണത്തിനോ വേണ്ടിയുള്ള സൗകര്യങ്ങൾ ഇത്തരം കേന്ദ്രങ്ങളിലില്ല. സന്നദ്ധ പ്രവത്തകരുടെയും സംഘടനകളുടെയും സഹായത്തോടെ കേരളത്തിൽ ഇതിനകമുള്ള നല്ല മാതൃകകൾ വ്യാപകമാക്കാൻ കഴിയും.

27. വയോജന ആശുപത്രികളിലും കേന്ദ്രങ്ങളിലും താമസിക്കുന്ന പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് പ്രത്യേക ധനസഹായം നൽകുന്നതിന് സ്കീമുണ്ടാകണം.

28. വയോജനങ്ങളെ പ്രാദേശിക വികസന പരിപാടികളിൽ പങ്കാളികളാക്കുന്നതിന് ജനകീയാസൂത്രണ കാലത്തെന്നപോലെ സർക്കാർ പിന്തുണയോടു കൂടിയുള്ള സംവിധാനങ്ങൾ സൃഷ്ടിക്കണം.

### ഭിന്നശേഷിക്കാർ

29. ബഡ് സ്ക്കൂളുകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം ഗണ്യമായി ഉയർത്തേണ്ടതാണ്. ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹ്യമായ പരിചരണം ഉറപ്പുവരുത്താം. അർഹതയുള്ള എല്ലാ സ്പെഷ്യൽ സ്ക്കൂളുകളെയും എയിഡഡ് സ്ക്കൂളുകളായി മാറ്റണം. മറ്റുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം സർക്കാരും നൽകണം.

30. വികലാംഗകോർപറേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ കോർപറേഷൻ പുനഃസംഘടിപ്പിക്കണം. ഇതുപോലെ തന്നെ സാമൂഹ്യ സുരക്ഷാ മിഷനും സമൂലമായ പുനഃസംഘടനയ്ക്കു വിഷയമാക്കേണ്ടതുണ്ട്. ഓർഫനേജുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കണം.

## അവലംബം

### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ


1. ഡോ. ടി.എം. തോമസ് ഐസക് (2015): "സമഗ്ര സാമൂഹ്യസുരക്ഷ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-03, PP- 9-10
2. Dr. Rajamohanan. K (2015): ''Child welfare: A brief description of situation in Kerala and suggestions for open discussion'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 11-15
3. ടി. നാരായണൻ (2015): "കേരളത്തിലെ കുട്ടികളുടെ ക്ഷേമവും വികസനവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-03, PP- 16-17
4. P.K.Sudheerbabu (2015): ''De-Institutionalisation of Social Security measures meant for Children in Need of Care and Protection'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 17-18
5. M P Antoni, Project Director, RAJAGIRI outreach (2015): ''Child Welfare '', 4th International Congress on Kerala Studies, Preliminary Seminar -03, PP- 18-20
6. Biju Mathew, Director, HelpAge India (2015): ''LIVING IN DIGNITY Ṙ Empowering Elderly through Livelihoods & Social Protection'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 21-25
7. T. R Chandra Dutt, Dr. K. S Shaji , Dr. N. Ashokan (2015): ''Comprehensive Geriatric Care- A Case Study '', 4th International Congress on Kerala Studies, Preliminary Seminar -03, PP- 25-26
8. Dr. Indu P.V. (2015): ''Ageing Kerala: Solutions Ahead'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 26-28
9. KN Dharmapalan, Kozhikode (2015): ''Elderly Care'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 28-32

10. K V Govindan (2015): ''Elderly Care and IRPC'', 4th International Congress on Kerala Studies, Preliminary Seminar -03, PP-
11. Lt Gen Vijay Oberoi, PVSM, AVSM, VSM (2015): ''Inadequate Compensation for the War Disabled- Government Must Send the Correct Message '', 4th International Congress on Kerala Studies, Preliminary Seminar -03, PP- 32-34
12. Prof KA Chandrashekharan (2015): ''Differentely Abled Persons Belonging to a Wide Range of Disability Categories: A Right Based- Barrier Free-Inclusive Social Justice Perspective And Strategy'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 35-43
13. Dr. M.S Razeena Padmam, Ms. Hena N N (2015): ''Social Security Measures for the Disabled'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 43-46
14. Dr. Manoj Kumar Therayil MD, Director, Open Mind, Thrissur (2015): ''Mental health care: Can we create a new Kerala Model? '', 4th International Congress on Kerala Studies, Preliminary Seminar -03, PP- 46-55
15. Shaju V Cherian, B.P.O, Dip. Assistive Technology, MISPO, FRHS (2015): ''Assistive technology for persons with locomotor disabilities'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 56
16. Sreekumar P K (2015): ''Empathetic approach to differently-abled'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 57-58
17. Richard Schuster (2015): ''Prosthetics'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 58-59
18. ആർ അജിത്ത് കുമാർ (2015): "ഭിന്നശേഷിയുള്ളവരുടെ സാമൂഹ്യസുരക്ഷ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-03
19. Dr Beela GK, Director i/c, Centre for Disability Studies, Poojappura (2015): ''Vision 2020: Employability for the Intellectually Challenged'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 102-103
20. Syam Prasad (2015): ''Rising Inequality and inclusive Growth: Kerala experience in the reform period'', 4th International Congress on Kerala Studies, Preliminary Seminar -03, PP-59-69
21. Dr Remadevi Sivaraman (2015): ''Social Welfare institutions in Public Sector'', 4th International Congress on Kerala Studies, Preliminary Seminar -03, PP-
22. Shyam Jagannathan, IAS, Commissioner & Director I/C, Civil Supplies Dept (2015): ''Public Distribution System Ṙ Towards Transformation & Reform'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 69-70
23. ഏ.സുഹൃത്കുമാർ (2015): "കേരളത്തിലെ പൊതുവിവരണ സംവിധാനവും ഭക്ഷ്യസുരക്ഷാ നിയമവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-03, PP- 70-73
24. Padmashri.G Shankar (2015): ''HOUSING THE MIGRANTS: Slum-free cities -Freeing slums or freeing lands?'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 73-74
25. T. R Chandra Dutt, COSTFORD (2015): ''Rural Housing : Some Issues and challenges'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 74-75
26. T. R Chandra Dutt (2015): ''Green Buildings: Concepts, Technologies & Materials '', 4th International Congress on Kerala Studies, Preliminary Seminar -03, PP- 75-79
27. Martin Patrick (2015): ''Informal Employment in Formal Sector: A Case of Ernakulam District'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 80-86
28. Nimmi.S.Prathap, Dept. of Economics, University of Kerala (2015): ''Labour Subcontracting in Urban Construction Sector in Thiruvananthapuram: Reasons for Persistence and RamiR̲cations'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 86
29. Sumeetha .M, PhD Scholar, Centre for Development Studies (2015): ''The State and its New Role: Globalisation and Informal manufacturing in India-Implications for the Labour Market in the Gold jewellery Making Sector in Kerala'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 87
30. Dr. Sreelekha Nair (2015): ''Debacle of Health Workers in Kerala: Questions of Right or Welfare?'', 4th International Congress on Kerala Studies, Preliminary Seminar -03, PP-87-88
31. Nivya. V. Neelankavil (2015): ''Social Assistance to Farmers in the Globalised Economy - A Case of Farmer's Pension Scheme in Kerala'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 89-90
32. S Irudaya Rajan, Sumeetha M, CDS (2015): ''Survival, Struggle and the Promise of a new Future: Living and Working Conditions of Migrant workers in Kerala'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 90-98
33. ടി.സോമൻ, സ്പെഷ്യൽ കറസ്പോന്റ്, മാതൃഭൂമി, കണ്ണൂർ (2015): "മറുനാടൻ തൊഴിലാളികൾ അജ്ഞാത ജഡങ്ങളാകരുത്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ03, PP- 98-99
34. Sajikumar S & Babu P. Remesh (2015): ''Including the `Other': Social Security Concerns of Interstate Migrants in Kerala'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 100
35. Raju John (2015): ''Socio Economic Security of Other State Migrants in Kerala'', 4th International Congress on Kerala Studies, Preliminary Seminar -03, PP- 101-102
36. പ്രകാശൻ മാസ്റ്റർ (2015): "കുട്ടികളുടെ അവകാശങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-03


### മറ്റ് രേഖകൾ


37. തോമസ് ഐസക് (1996): ''മണ്ണും മനുഷ്യനും'', ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

അധ്യായം 19

# ദളിത്-ആദിവാസി വികസനം

സാമൂഹികനീതിയിൽ ഊന്നി കേരളം സൃഷ്ടിച്ച വികസന പന്ഥാവിൽ പൊതുവിഭാഗങ്ങൾക്കു കിട്ടിയ ഇടം ലഭിക്കാതെ പോയ സാമൂഹ്യ വിഭാഗങ്ങളാണ് ആദിവാസികൾ, ദളിതർ, മത്സ്യ തൊഴിലാളികൾ തുടങ്ങിയവർ. ഇന്ത്യയിലെ പൊതു സ്ഥിതിയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ കേരളത്തിൽ ഈ വിഭാഗങ്ങളുടെ നില മുന്നോട്ട് പോയിട്ടുണ്ട്. ഈ വിഭാഗങ്ങളുടെ വികസനാവസ്ഥ, ദാരിദ്ര്യം, ജീവിത സാഹചര്യങ്ങൾ എന്നിവ കേരളത്തിലെ മറ്റ് വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഏറെ പിന്നിലാണ്. ഇത്തരമൊരു സ്ഥിതി വിശേഷം രൂപപ്പെടുന്നതിന് ചരിത്രപരമായ നിരവധി കാരണങ്ങളുണ്ട്.

സാമൂഹ്യ-സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് കേരള സമൂഹത്തിന്റെ പുരോഗമനപരമായ പരിവർത്തനത്തിൽ നിർണ്ണായകമായ പങ്കുണ്ട്. ഓരോ സമുദായങ്ങൾക്കിയിലും രൂപപ്പെട്ട സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങൾ അതത് സമൂഹങ്ങൾക്ക് അകത്ത് നിലനിന്നിരുന്ന അനാചാരങ്ങളേയും. അന്ധവിശ്വാസങ്ങളേയും, ചൂഷണ രൂപങ്ങളേയും ചോദ്യം ചെയ്യുകയും പരിഷ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്തു. സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെ സജീവ സാന്നിധ്യം മറ്റ് പല വിഭാഗങ്ങളെയും മുന്നോട്ട് നയിക്കുന്നതിലും അവരുടെ പ്രശ്നങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിക്കുന്നതിനും ഇടയാക്കി. എന്നാൽ ആദിവാസി, ദളിത്, മത്സ്യതൊഴിലാളി വിഭാഗങ്ങളുടെ കാര്യങ്ങൾ പരിശോധിച്ച് ദളിത് വിഭാഗങ്ങൾക്കിടയിൽ ചില പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു എങ്കിലും വലിയ മുന്നേറ്റമായി അവ മാറിയില്ല. അയ്യങ്കാളിയുടെ നേതൃത്വത്തിൽ മാത്രമാണ് ശക്തമായ മുന്നേറ്റം രൂപപ്പെട്ടത്. അതിനാകട്ടെ അയ്യങ്കാളിക്ക് ശേഷം ഒരു സംഘടന എന്ന നിലയിൽ ഏറെ മുന്നോട്ട് പോവാനും കഴിഞ്ഞില്ല. ചരിത്രപരമായ കാരണങ്ങളാൽ ഈ വിഭാഗങ്ങൾക്കിടയിൽ ഇടത്തരം വിഭാഗങ്ങൾ രൂപപ്പെട്ടിരുന്നില്ല എന്നതും നവോത്ഥാന മുന്നേറ്റങ്ങൾക്ക് തടസമായി നിൽക്കുന്ന പ്രക്രിയയായി മാറി. ആദിവാസികളും മത്സ്യതൊഴിലാളികളും എണ്ണത്തിൽ ന്യൂനപക്ഷം ആയിരുന്നതിനാൽ അവരുടെ സംഘടിത മുന്നേറ്റങ്ങൾക്ക് അതിന്റേതായ ചില പരിമിതികളും ഉണ്ടായിരുന്നു.

കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിൽ നിർണ്ണായക പങ്ക് വഹിച്ച ഭൂപരിഷ്കരണത്തിന്റെ ഫലം ഏറ്റവും കുറച്ച് ലഭിച്ച വിഭാഗങ്ങളായി ആദിവാസി, ദളിത്, മത്സ്യതൊഴിലാളി വിഭാഗങ്ങൾ മാറി. മത്സ്യത്തൊഴിലാളികളിൽ ഭൂരിപക്ഷവും കടലോരത്തെ പുറമ്പോക്കുകളിലാണ് താമസിച്ചിരുന്നത്. അതിനാൽ ഭൂ ഉടമസ്ഥത അവർക്ക് ലഭ്യമായില്ല. ഫലത്തിൽ ആദിവാസികളും മത്സ്യതൊഴിലാളികളും ഭൂപരിഷ്കരണത്തിന്റെ ഫലം ലഭിക്കാത്ത വിഭാഗങ്ങളായി മാറി. ഭൂരിഭാഗവും കർഷക തൊഴിലാളികൾ ആയിരുന്ന ദളിതരുടെ കാര്യത്തിലാകട്ടെ സംഭവിച്ചത് മറ്റൊന്നാണ്. കർഷകതൊഴിലാളി എന്ന നിലയിൽ താമസിച്ചിരുന്ന കിടപ്പാട ഭൂമിയിലുള്ള കുടികിടപ്പ് അവർക്ക് ലഭിച്ചു.

എന്നാൽ കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നവർക്ക് നാമമാത്ര തുകയ്ക്ക് പാട്ടഭൂമി പതിച്ചു കിട്ടിയപ്പോൾ പാട്ടകർഷകർ അല്ലാതിരുന്നതിനാൽ ദളിതർക്ക് അതിന്റെ അനുകൂല്യം ലഭിച്ചില്ല. മിച്ചഭൂമിയുടെ പുനർവിതരണത്തിലൂടെയാണ് ഇവർക്ക് കൃഷിഭൂമി ലഭിക്കുന്നതിനുള്ള നടപടികളാണ് മുന്നോട്ട് വെക്കപ്പെട്ടത്. ഈ കാഴ്ചപ്പാടോടെ തയ്യാറാക്കപ്പെട്ട 1957ലെ ഭൂപരിഷ്കരണനിയമം അട്ടിമറിക്കപ്പെട്ടതും മിച്ചഭൂമി ഇല്ലാതാക്കുന്നതിനുള്ള നിലപാടുകൾ വലതുപക്ഷ സർക്കാരുകൾ സ്വീകരിച്ചതും ഈ സമീപനം നടപ്പിലാക്കുന്നതിന് തടസമായി. മിച്ചഭൂമി ഏറ്റെടുക്കുന്നതിൽ വന്ന പോരായ്മകളും കോടതി ഇടപെടലുകളും സ്ഥിതിഗതികൾ കൂടുതൽ ദുരിതമാക്കി. യഥാർത്ഥത്തിൽ മണ്ണിൽ പണിയെടുത്തിരുന്ന കർഷകതൊഴിലാളികളായിരുന്ന അവർക്ക് ഭൂപരിഷ്കരണത്തിന്റെ നേട്ടം കുടികിടപ്പവകാശത്തിൽ ഒതുങ്ങി. അതിനാൽ തുടർ തലമുറകൾ കർഷകരാകാതെ കർഷകതൊഴിലാഴി ലാളികളായി തന്നെ തുടർന്നു. ഇതാകട്ടെ ഈ വിഭാഗത്തിന്റെ സാമൂഹിക മുന്നേറ്റങ്ങളിൽ നിർണ്ണായക തിരിച്ചടികൾ ഏൽപിച്ചു.

സാമ്പത്തിക ചലനാത്മകതയിൽ നിർണ്ണായക പങ്കു വഹിച്ച ഭൂവ്യവസ്ഥതയിലെ കുറവ് ദളിത് മത്സ്യതൊഴിലാളി വിഭാഗങ്ങളുടെ വികസനത്തെ പാർശ്വവത്ക്കരണത്തിൽ വലിയ തോതിൽ സംഭാവന ചെയ്തു. പരമ്പരാഗതമായി ആദിവാസി വിഭാഗങ്ങൾക്കുണ്ടായിരുന്ന ഭൂമി വിവിധ തരം ചൂഷണങ്ങളിലൂടെ നഷ്ടപ്പെടുകയും ചെയ്തു. ആദിവാസികളുടെ ആവാസ വ്യവസ്ഥയായ വനമേഖലകളിലേക്ക് 1930 കൾ മുതൽ 70 കളുടെ അവസാനം വരെ നടന്ന കുടിയേറ്റം ആദിവാസി ഭൂമി വലിയതോതിൽ നഷ്ടപ്പെടുന്നതിനും പങ്കു വഹിച്ചു.

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, തൊഴിൽ വൈവിധ്യവത്ക്കരണത്തിന്റെ അഭാവം എന്നിവയും ആദിവാസി, ദളിത്, മത്സ്യതൊഴിലാളി വിഭാഗങ്ങളുടെ സാമൂഹ്യ ചലനാത്മതകയെ ബാധിച്ചു. സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളുടെ അഭാവം. വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്, കാർഷിക തൊഴിലിനോടും, വനവിഭവ ശേഖരണത്തോടുമുള്ള ആശ്രിതത്വം, ഊരുകൾ മാത്രം കേന്ദ്രീകരിച്ചുള്ള ജീവിതം എന്നിവ ആദിവാസികളുടെ വിദ്യാഭ്യാസ സാധ്യതകളെ പരിമിതപ്പെടുത്തി. കുടുംബ സമേതം മത്സ്യബന്ധന മേഖലയിൽ വിവിധ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്ന കുടുംബ വ്യവസ്ഥയും ദാരിദ്ര്യവും മത്സ്യതൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പ്രവേശനത്തെയും, തുടർ പഠനങ്ങളേയും ബാധിച്ചു. ദളിത് വിഭാഗങ്ങളുടെ കുടുംബത്തിലെ തൊഴിൽ വൈവിധ്യവത്ക്കരണത്തിന്റെ അഭാവവും അവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും ഇവരുടെ ജീവിതത്തേയും മുന്നോട്ട് പോകുന്നതിന് തടസമായി തീർന്നു.

സാമൂഹ്യ ചലനാത്മകതയുടെ അടിസ്ഥാന ഘടകങ്ങളായ ഭൂ ഉടമസ്ഥത, വിദ്യാഭ്യാസ അവസരങ്ങൾ, തൊഴിൽ വൈവിധ്യവത്ക്കരണം എന്നിവ താരതമ്യേന കുറവ് ലഭ്യമായ സമൂഹങ്ങൾ ആണ് പാർശ്വവത്ക്കൃത സമൂഹവിഭാഗങ്ങളായി മാറിയത്. ഈ ചരിത്ര പശ്ചാത്തലത്തിൽ വേണം അവരുടെ അതിജീവനം മെച്ചപ്പെടുത്തുന്നതനുള്ള ഇടപെടലുകൾ രൂപപ്പെടുത്താൻ. ആദിവാസി, ദളിത് വിഭാഗങ്ങളുടെ നിലവിലുള്ള ജിവിതാവസ്ഥകളെ വിലിയിരുത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുമാണ് ഈ അധ്യായത്തിൽ തുടർന്ന് ശ്രമിക്കുന്നത്.

## I. ആദിവാസികളുടെ ജീവിതാവസ്ഥയും അതിജീവനവും

2011 ലെ സെൻസസ് പ്രകാരം 35 ആദിവാസി വിഭാഗങ്ങളാണ് കേരളത്തിൽ ഉള്ളത്. ആദിവാസി കുടുംബങ്ങളുടെ എണ്ണം 1,40,458 ആണ്. ഇത് ആകെ ജനസംഖ്യയുടെ 1.45 ശതമാനമാണ്. ഇതിൽ 1,19,400 കുടുംബങ്ങൾ ഗ്രാമപ്രദേശങ്ങളിലും 21,068 കുടുംബങ്ങൾ നഗരങ്ങളിലുമാണ് താമസിക്കുന്നത്. 19331 കുടുംബങ്ങളിലായി 88,450 പേരുള്ള പണിയ വിഭാഗക്കാരാണ് ഗോത്രവർഗ്ഗത്തിലെ ഏറ്റവും വലിയ ജനസമൂഹം. പണിയ, അടിയാർ, ഇരുള, ഊരാളി വിഭാഗത്തിൽ പെട്ടവരാണ് ഏറ്റവും പിന്നോക്കാവസ്ഥയിൽ ജീവിക്കുന്നത്. മലയരയർ, കുറിച്യർ തുടങ്ങിയവരാകട്ടെ വിദ്യാഭ്യാസ രംഗത്തും, തൊഴിൽ മേഖലയിലും, ഭൂ ഉടമസ്ഥതയിലും ആദിവാസി വിഭാവങ്ങൾക്കിടയിലെ മുന്നോക്കക്കാരാണ്. കാട്ടുനായക്കർ, കുറുമ്പ, കൊറഗ, ചോലനായ്ക്കർ, കാടർ എന്നീ അഞ്ച് വിഭാഗങ്ങളാണ് കേരളത്തിലെ ആദിമ ഗോത്ര വിഭാഗങ്ങൾ (Primitive tribes). ആദിവാസി വിഭാഗങ്ങൾക്കിടയിൽ ജീവിക്കുന്നവരാണ് ഇവർ. 2011ലെ സെൻസസ് റിപ്പോർട്ട് പ്രകാരം വയനാട് (31%), ഇടുക്കി (12%), പാലക്കാട് (10%), കാസർഗോഡ് (11%), കണ്ണൂർ (9%) ജില്ലകളിലാണ് ഏറ്റവും കൂടുതൽ ഗോത്രവർഗ്ഗക്കാർ താമസിക്കുന്നത്.

2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഗോത്രവർഗ്ഗക്കാർക്കിടയിലുള്ള സ്ത്രീപുരുഷ അനുപാതം ഏറ്റവും കൂടുതലുള്ള ഗോവ (1046:1000) യ്ക്കു താഴെ കേരളമാണ് (1000:1035) എന്നിരുന്നാലും 0–6 പ്രായത്തിലുള്ള കുട്ടികളുടെ സ്ത്രീപൂരുഷ അനുപാതത്തിന്റെ കണക്കെടുമ്പോൾ ആദ്യത്തെ അഞ്ചുസംസ്ഥാനങ്ങളിൽ കേരളം ഉൾപെടുന്നില്ല. കേരളത്തിലെ ആദിവാസി ജനസംഖ്യയിൽ 0–6 വയസു പ്രായമുള്ള കുട്ടികളുടെ എണ്ണം 2001ൽ 13.7 ശതമാനം ആയിരുന്നത് 2011ൽ 11.2 ശതമാനമായി താഴ്ന്നു. പെൺഭ്രൂണഹത്യ, ജൈവശാസ്ത്രപരമായ കാരണങ്ങൾ എന്നിവ ഇതിന് കാരണമാകാം. പൊതുവിൽ ആദിവാസികൾക്കിടയിലെ വന്ധ്യതയും വർദ്ധിക്കുന്നുണ്ട്. മദ്യപാനവും പോഷകാഹാരക്കുറവും ഇതിന് കാരണങ്ങളാണ്.

2011 ലെ സെൻസസ് കണക്കുകൾ പ്രകാരം 38.38 ശതമാനം ആദിവാസികൾ മാത്രമാണ് മെച്ചപ്പെട്ട വീടുകളിൽ താമസിക്കുന്നത്. 45–30 ശതമാനത്തിനും സൗകര്യങ്ങൾ അപര്യാപ്തമാണ്. നാശോന്മുഖമായ

വീടുകളിൽ താമസിക്കുന്നവരുടെ എണ്ണം 16.32 ശതമാനം വരും. കില 2008ൽ കേരളത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടത്തിയ പഠനം അനുസരിച്ച് 26458 (27.8) കുടുംബങ്ങൾ അറ്റകുറ്റ പണിനടത്തി വാസയോഗ്യമാക്കാവുന്ന വീടുകളിൽ താമസിക്കുമ്പോൾ 19501 (20.5) കുടംബങ്ങൾ വാസയോഗ്യമാക്കാൻ കഴിയാത്ത വീടുകളിലാണ് താമസിക്കുന്നത്. കേരളത്തിലെ ആദിവാസി കുടുംബങ്ങളിൽ 28.63 ശതമാനം പേർക്ക് കക്കൂസ് സൗകര്യങ്ങളിലില്ല. വൈദ്യുതീകരിക്കാത്ത വീടുകളുടെ ശതമാനം ആകട്ടെ 37.23 ശതമാനം ആണ്.

2004 ലെ പട്ടികവർഗ്ഗ വകുപ്പിന്റെ കണക്കുകൾ പ്രകാരം പട്ടികവർഗ്ഗക്കാരുടെ ശരാശരി ഭൂഉടമസ്ഥത 0.6 ഏക്കർ ആണ്. പക്ഷേ ഉടമസ്ഥത രേഖകളിൽ മാത്രം ഒതുങ്ങുന്നു. വന മേഖലയിലേക്കുള്ള കർഷക കുടിയേറ്റം ഫലത്തിൽ ആദിവാസിഭൂമിയുടെ കൈയേറ്റമായി മാറി. പരമ്പരാഗതമായി കൃഷി ചെയ്യുന്ന ഭൂമി ആദിവാസികൾക്ക് പതിച്ചു നൽകുന്നതിനുള്ള വനവകാശ നിയമം 2005 ൽ നിലവിൽ വന്നെങ്കിലും ആദിവാസികൾക്ക് വനാവകാശ പ്രകാരമുള്ള ഭൂമി പതിച്ചു നൽകുന്നതിൽ വേണ്ടത്ര പുരോഗതി കേരളത്തിൽ ഉണ്ടായില്ല. ഇക്കാര്യത്തിൽ എൽ.ഡി.എഫ് സർക്കാരാണ് ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തിയിട്ടുള്ളത്. ആദിവാസി ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട് അനേകം പ്രക്ഷോഭങ്ങൾക്ക് കേരളം സാക്ഷിയായിട്ടുണ്ടെങ്കിലും സമരക്കാരുമായി ഉണ്ടാക്കുന്ന കരാറുകൾ നിരന്തരം ലംഘിക്കാൻ വലതുപക്ഷ സർക്കാരുകൾ ഒരു മടിയും കാണിച്ചിട്ടില്ല.

വ്യക്തമായ ആസൂത്രണത്തിലൂടെ ഭൂരഹിതരായവരെ പുനരധിവസിപ്പിക്കുക, ഒരേക്കറിൽ താഴെയുള്ള ഭൂരഹിതരായ ആദിവാസികളെ കണ്ടുപിടിച്ച് ഭൂമി വിതരണം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാർ 2001 ൽ സ്ഥാപിച്ചതാണ് (TRDM Tribal Rahabilitation and Development Mission). 22052 ആദിവാസി കുടുംബങ്ങൾ സംസ്ഥാനത്ത് ഭൂരഹിതർ ആണ് എന്നും, 32131 കുടുംബങ്ങൾക്ക് ഒരു ഏക്കറിൽ താഴെ മാത്രമെ ഭൂമി ഉള്ളൂ എന്നുമുള്ള കണ്ടെത്തലുകളിൽ നിന്നാണ് ഈ പദ്ധതി രൂപപ്പെട്ടത്. 1–1–2002 മുതൽ 9044.94 ഏക്കർ ഭൂമി 6800 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട് (സാമ്പത്തിക അവലോകനം 2013). സർക്കാർ കണക്കുകൾ പ്രകാരം 3796 കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുള്ള കണ്ണൂരിൽ ആണ് ഏറ്റവും കൂടുതൽ ഭൂമി നൽകിയിട്ടുള്ളത്. 997 കുടുംബങ്ങളിൽക്ക് വയനാട്ടിലും 949 കുടുംബങ്ങൾക്ക് ഇടുക്കിയിലും, 420 കുടുംബങ്ങൾക്ക് കോഴിക്കോട്ടും, 420 കുടുംബങ്ങൾക്ക് തൃശ്ശൂരും, 10 കുടുംബത്തിന് പാലക്കാടും ഭൂമി നൽകിയിട്ടുണ്ട്. (സാമ്പത്തിക അവലോകനം 2013)

ആദിവാസികൾക്കായി സർക്കാർ നടപ്പാക്കുന്ന ഭവന പദ്ധതികളുടെ പൂർത്തിയാക്കൽ നിരക്ക് വളരെ കുറവാണ് എന്ന കാര്യവും കണക്കുകൾ വ്യക്തമാക്കുന്നു.

**പട്ടിക 19.1**
**ഭവന നിർമ്മാണ പദ്ധതികളുടെ വിവരങ്ങൾ**

| വർഷം | ആരംഭിച്ച വീടുകളുടെ എണ്ണം | പണിപൂർത്തിയാക്കിയവ | പൂർത്തിയാക്കിയ ശതമാനം |
|---|---|---|---|
| 2007-2008 | 368 | 272 | 73.91 |
| 2008-2009 | 509 | 224 | 44.00 |
| 2009-2010 | 1925 | 944 | 49.03 |
| 2010-2011 | 1996 | 1024 | 57.30 |
| 2011-2012 | 1251 | 367 | 29.33 |
| 2012-2013 | 804 | 271 | 33.70 |

(സാമ്പത്തിക അവലോകനം 2013)

ആദിവാസി വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ചുമതലപ്പെടുത്തുന്ന വിവിധ സർക്കാർ ഏജൻസികൾക്ക് തങ്ങളുടെ ഉത്തരവാദിത്വം പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ആദിവാസികളുടെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുക്കുന്ന പദ്ധതികളുടെ വളരെ കുറച്ചു മാത്രമേ ലക്ഷ്യത്തിലേക്ക് എത്തുന്നുള്ളൂ. അനുവദിക്കുന്ന തുകയുടെ കുറവ്, ആദിവാസി അധിവാസ കേന്ദ്രങ്ങളിലേക്ക് അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട്, ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പരിഗണിക്കാതെയുള്ള വീട് രൂപ കൽപ്പന, ഇടനിലക്കാരായി പ്രവർത്തിക്കുന്ന ഏജൻസികളുടെ കെടുകാര്യസ്ഥത മുതലായവ ഭവന നിർമ്മാണ പദ്ധതികളുടെ പരാജയത്തിന് കാരണമാകുന്നു.

വിദ്യാഭ്യാസവും തൊഴിലും ജീവനോപാധികളും

2011–ലെ സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 32.71 ശതമാനം ഇപ്പോഴും നിരക്ഷരരാണ്. പത്ത് വർഷത്തിന് ആദിവാസി സാക്ഷരതയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കേരളത്തിന് ആയിട്ടില്ല. തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ഏറ്റവും മോശമായ തോതിൽ നടക്കുന്ന പ്രദേശമാണ് ആദിവാസി സങ്കേതങ്ങൾ. ആദിവാസി കുട്ടികളുടെ സ്കൂൾ പ്രവേശന നിരക്ക് ഓരോ അധ്യായന വർഷത്തിലും 1.39 ശതമാനം മുതൽ 1.83 ശതമാനം വരെ വർദ്ധിച്ചിട്ടുണ്ട്. അതുപോലെ 2007–2011 കാലഘട്ടത്തിൽ സ്കൂൾ പഠനം ഉപേക്ഷിച്ചവരുടെ (Dropouts) കണക്കെടുത്താൽ അതിലും 4.53 ശതമാനത്തിൽ നിന്നും 1.56 ശതമാനത്തിലേക്കുള്ള കുറവ് ഉണ്ടായിട്ടുണ്ട് (സാമ്പത്തിക അവലോകനം 2007–2012). 2009 മുതൽ 2012 വരെയുള്ള ഹയർ സെക്കണ്ടറി പരീക്ഷയുടെ വിജയത്തിൽ ആദിവാസി കുട്ടികളിൽ 44.32 ശതമാനത്തിൽനിന്നും 70.7 ശതമാനം വരെ തുടർച്ചയായ വർദ്ധനവ് കാണാൻ സാധിക്കുന്നുണ്ട്. 2013 ലെ കണക്കുകൾ പ്രകാരം സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ ആകെ കട്ടികളിൽ 3.71 ശതമാനമാണ് ആദിവാസി വിഭാഗത്തിൽപെട്ട കുട്ടികൾ. ഇത് അവരുടെ ജനസംഖ്യാ

നിരക്കിന് അപേക്ഷിച്ച് ഉയർന്നതാണ്. എന്നാൽ ആദിവാസി കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പൊതു വിഭാഗത്തെ അപേക്ഷിച്ച് ഇപ്പോഴും ഉയർന്നതാണ്.

2011–12 ലെ കേരളത്തിലെ സ്കൂളുകളിലെ പൊതു കൊഴിഞ്ഞുപോക്ക് നിരക്ക് 1.05 മാത്രം ആയിരുന്നപ്പോൾ ആദിവാസി കുട്ടികൾക്കിടയിൽ ഇത് 3.71 അയിരുന്നു. ഇതോടൊപ്പം ഹൈസ്കൂൾ വിഭാഗത്തിൽ ഏറ്റവും ഉയർന്ന കൊഴിഞ്ഞുപോക്ക് നിരക്കുള്ളത് ഏറ്റവും കൂടുതൽ ആദിവാസി കുട്ടികൾ പഠിക്കുന്ന വയനാട് ജില്ലയിൽ ആണ് എന്നത് ചേർത്തു വായിക്കണം. ഹയൽ സെക്കണ്ടറി തലത്തിലെ പൊതു കുട്ടികളുടെ വിജയ ശതമാനത്തിലും, ആദിവാസി കുട്ടികളുടെ വിജയ ശതമാനത്തിലും ഈ വ്യത്യാസം കാണാം. 2012–13 വർഷത്തിലെ പൊതു ഹയർ സെക്കണ്ടറി വിജയ ശതമാനം 2012–13 വർഷത്തിൽ 70.77 ശതമാനം ആയിരുന്നപ്പോൾ ആദിവാസി കുട്ടികളുടേത് 57.28 ശതമാനം മാത്രം ആയിരുന്നു.

എസ്.എസ്.എൽ.സി.ഫലം പരിശോധിക്കുമ്പോൾ 1991നും 2011നും ഇടയിൽ ആദിവാസി വിദ്യാർത്ഥികളുടെ കാര്യത്തിൽ വലിയ മാറ്റം കാണാം. 1991 ൽ ഇത് കേവലം 10.40 ശതമാനം ആയിരുന്നത് 20 വർഷത്തിന് ശേഷം 2011 ൽ 82.25 ശതമാനം ആയി ഉയർന്നിട്ടുണ്ട്. എന്നാൽ പൊതുവിഭാഗത്തിലെ എസ്.എസ്.എൽ.സി വിജയശതമാനം ഈ കാലഘട്ടത്തിൽ 93 ആണ്. കൊഴിഞ്ഞുപോക്ക്, വിജയശതമാനം എന്നിവയുടെ കാര്യത്തിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട് എങ്കിലും അത് പൊതുനിരക്കിനേക്കാൾ ഏറെ കുറഞ്ഞു തന്നെയാണ് നിൽക്കുന്നത് എന്നതാണ് വസ്തുത.

2013 ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ആദിവാസി കുട്ടികളിൽ 43461 കുട്ടികൾ സർക്കാർ വിദ്യാലയങ്ങളിലും 31607 പേർ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലും 1173 പേർ അൺ എയ്ഡഡ് വിദ്യാലയങ്ങളിലും ആണ് പഠിക്കുന്നത്. ഇവർ ഏറെയും ആശ്രയിക്കുന്നത് സർക്കാർ വിദ്യാലയങ്ങളെ ആണ് എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. ആദിവാസി വിദ്യാഭ്യാസത്തിനായുള്ള 18 റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മൂന്നെണ്ണം ആദിമ ഗോത്ര വർഗ്ഗക്കാർക്കായി (Primitive triber) ഉള്ളതാണ്. മഞ്ചേരി, നൂൽപ്പുഴ, പാലക്കാട് എന്നിവ ആശ്രമം സ്കൂളുകളാണ്. ഇവ കൂടാതെ 115 പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആദിവാസി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ഏകധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. വനമേഖലയോട് ചേർന്നുള്ള ഊരുകളിൽ നിന്ന് ദിവസവും യാത്ര ചെയ്ത് സാധാരണ സ്കൂളുകളിൽ എത്തി പഠനം നടത്തുന്നതിനുള്ള വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടും മോശമായ ഗൃഹാന്തരീക്ഷവും മറികടക്കുന്നതിനാണ് താമസസൗകര്യമുള്ള മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ എന്ന ആശയം നടപ്പാക്കിയത്. പ്രാഥമിക വിദ്യാലയങ്ങളിൽ എത്തുന്നതിനുള്ള ആദിവാസി കുട്ടികളുടെ പരിമിതികൾ പരിഗണിച്ചാണ് ഊരുകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ ഏകാധ്യാപക വിദ്യാലയം എന്ന ആശയം നടപ്പാക്കിയത്. ഈ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുളള നിർദ്ദേശങ്ങളാണ് ഇനി മുന്നോട്ടു വയ്ക്കുന്നത്.

## ഉന്നത വിദ്യാഭ്യാസം

2012–13 വർഷത്തിൽ ആകെയുളള 2.15 ലക്ഷം കുട്ടികളിൽ 3428 പേരാണ് ആദിവാസി വിഭാഗങ്ങളിൽ നിന്നും ഉള്ളത്. ഇതിൽ 61.7 ശതമാനം പെൺകുട്ടികളാണ്. 2011 ലെ കണക്ക് പ്രകാരം 5614 പേർ പ്ലസ്ടു വിദ്യാർത്ഥികളും, 387 പേർ വി.എച്ച്.എസ്.ഇ വിദ്യാർത്ഥികളും, 3101 പേർ ബിരുദ വിദ്യാർത്ഥികളും 317 പേർ ബിരുദാന്തര ബിരുദ വിദ്യാർത്ഥികളും ആയിരുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സാന്നിദ്ധ്യം താരതമ്യേന കുറവാണ്. 2001ൽ ആകെ വരുന്ന 100836 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളിൽ 180 പേർ മാത്രമായിരുന്നു ആദിവാസി വിഭാഗങ്ങളിലുണ്ടായിരുന്നത്. എന്നാൽ 2011 ൽ അത് 409 ആയി വർദ്ധിച്ചിട്ടുണ്ട്. പോളിടെക്നിക്കുകളിൽ 237 പേർ മാത്രമാണുള്ളത്. 2001ൽ ഇത് 186 മാത്രം ആയിരുന്നു.

സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കാണുന്ന ഭേദപ്പെട്ട പട്ടികവർഗ്ഗ പങ്കാളിത്തം ഉന്നത വിദ്യാഭ്യാസത്തിലേക്ക് വരുമ്പോൾ കുറയുന്നു. സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ ആദിവാസികുട്ടികളുടെ സാന്നിദ്ധ്യവും പൊതുവെ കുറവാണ്. യാതൊരുതര സംവരണവും പാലിക്കാത്ത സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലേക്ക് ഇവർ എത്തിപ്പെടുന്നുമില്ല. ഇതോടൊപ്പം തന്നെ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നവരുടെ എണ്ണം ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിശിഷ്യാ ആദിവാസി വിദ്യാർത്ഥികൾക്കിടയിൽ കുടുതൽ ആണ്. എം.ബി.ബി.എസ് ഉപേക്ഷിച്ച 7 കുട്ടികൾ, എഞ്ചിനീയറിംഗ് ഉപേക്ഷിച്ച 129 കുട്ടികൾ, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ ഉപേക്ഷിച്ച 403 കുട്ടികൾ, ഡിപ്ലോമ കോഴ്സുകൾ ഉപേക്ഷിച്ച 197 കുട്ടികൾ, ബിരുദാന്തര ബിരുദം ഉപേക്ഷിച്ച 276 കുട്ടികൾ, ബിരുദം ഉപേക്ഷിച്ച 3775 കുട്ടികൾ, പ്ലസ്ടു പഠനം നിർത്തിയ 10596 കുട്ടികൾ എന്നിവരെ കില നടത്തിയ സർവെ കണ്ടെത്തി.

## അതിജീവന രീതികൾ

വിദ്യാഭ്യാസത്തോടൊപ്പം ആദിവാസികളുടെ അതിജീവന രീതികൾ പരിശോധിച്ചാലെ വിദ്യാഭ്യാസം അവരുടെ അതിജീവനത്തിന് സഹായകമാകുന്നുണ്ടോ എന്ന് വിലയിരുത്താൻ ആകൂ.

ആദിവാസികളുടെ തൊഴിൽപങ്കാളിത്തനിരക്ക് പൊതുവിഭാഗത്തേക്കാൾ ഉയർന്നതാണ്. 2011ൽ ഇത് യഥാക്രമം 28ഉം 33–ഉം ശതമാനമാണ്. 2011ൽ ആദിവാസികളിൽ 13 ശതമാനം പേർ കൃഷിക്കാരും 60 ശതമാനം പേർ കർഷകത്തൊഴിലാളികളുമായിരുന്നു. കേരളത്തിൽ പൊതുവായി സംഭവിച്ച കാർഷികേതര

സേവനമേഖലകളിലേയ്ക്കുള്ള തൊഴിൽ പരിവർത്തനം ആദിവാസികൾക്കിടയിൽ ദുർബലമാണ്. 2011ൽ സംസ്ഥാനത്ത് ഈ മേഖലയിൽ 76 ശതമാനം പേർ പണിയെടുത്തിരുന്നപ്പോൾ ആദിവാസികൾക്കിടയിൽ 26 ശതമാനം പേരാണ് പണിയെടുത്തിരുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തെ കുറഞ്ഞ പങ്കാളിത്തവും, വിജയ നിരക്കും അവരുടെ അതിജീവന സാധ്യതകളെ പരിമിതപ്പെടുത്തുന്നു. സർക്കാർ സംവരണത്തിലൂടെയാണ് ഇവർക്ക് സംഘടിതമേഖലയിൽ എന്തെങ്കിലും തൊഴിൽ ലഭിക്കുന്നത്. നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ എണ്ണം 2001ൽ 1368 ആയിരുന്നത് 2011ൽ 2281 ആയി വർദ്ധിച്ചു. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എണ്ണം 484ൽ നിന്ന് 594 ആയും ഉയർന്നു. അതേസമയം ഗസറ്റഡ് ഉദ്യോഗസ്ഥരുടെ എണ്ണം കുറയുകയാണ് ഉണ്ടായത്. (സാമ്പത്തിക അവലോകനം 2012–13)

പഠനപ്രായത്തിൽ പഠനം നടത്താതെ അതിജീവനത്തിനായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ആദിവാസികളുടേയും ദളിതരുടേയും തൊഴിൽ സാധ്യതകളെയും അത് വഴിയുള്ള സാമൂഹ്യ ചലനാത്മകതയേയും ബാധിക്കുന്നുണ്ട്. (2004ലെ കേരള പഠനം, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്) 18 വയസ്സിനും 25 വയസ്സിനും ഇടയിലുള്ള ചെറുപ്പക്കാരിൽ ഏതെങ്കിലും തരത്തിലുള്ള പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ദളിത് യുവാക്കളുടെ ശതമാനം 16.9 ഉം, ആദിവാസി യുവാക്കളുടേത് 17.7 ഉം ആണ്. അതേസമയം ക്രിസ്ത്യൻ വിഭാഗത്തിൽ 35.4 ഉം മുന്നോക്ക ഹിന്ദു വിഭാഗത്തിൽ 39.7 ഉം, പിന്നോക്ക ഹിന്ദുവിഭാഗങ്ങളിൽ 26.9 ഉം ശതമാനമാണ് പഠനപ്രവർത്തനങ്ങളിലുള്ളത്. പ്രാഥമികഘട്ടങ്ങളിലെ പഠന പിന്നോക്കാവസ്ഥയും, മോശമായ കുടുംബസാഹചര്യങ്ങളും, ആവശ്യമായ നിർദ്ദേശങ്ങളുടെ അഭാവവും മൂലം ഈ പ്രായത്തിലുള്ള ആദിവാസി–ദളിത് യുവാക്കൾക്ക് പഠനത്തിലേക്ക് എത്തിപ്പെടാൻ കഴിയുന്നില്ല. ഇത് അവരുടെ ഇടയിലുള്ള അതിജീവന സാധ്യതകളെ പരിമിതപ്പെടുത്തുകയും, സാമൂഹ്യ ചലനാത്മകതയെ സ്തംഭിപ്പിക്കുകയും ചെയ്യുന്നു.

## ദാരിദ്ര്യം – ആരോഗ്യം – പോഷകാഹാരം

ആദിവാസി വിഭാഗങ്ങളുടെ ദാരിദ്ര്യനിരക്കിൽ പൊതുവിഭാഗങ്ങളെ അപേക്ഷിച്ച് ഉയർന്നതാണ്. 2004–2005ലെ ദേശീയ സാമ്പിൾ സർവെ കണക്കു പ്രകാരം ആദിവാസികൾക്കിടയിലെ ദാരിദ്ര്യം 44.3 ശതമാനമാണ്. അതേസമയം പൊതുവിഭാഗത്തിൽ ദാരിദ്ര്യനിരക്ക് 20.3 ശതമാനം മാത്രമാണ്. പട്ടികവർഗ്ഗക്കാർ കൂടുതലുള്ള പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിൽ ആണ് ഏറ്റവും ഉയർന്ന ദാരിദ്ര്യനിരക്ക്. 2005ലെ മാനവ വികസന റിപ്പോർട്ടിലെ വിവിധ സൂചകങ്ങൾ ചേർത്തുകൊണ്ടുള്ള ഇല്ലായ്മ സൂചകം (റല്യൃശ്മശേീ ശിറലഃ) പ്രകാരം ഏറ്റവും ഉയർന്ന തോതിൽ ഇല്ലായ്മ നിലനിൽക്കുന്ന ജില്ലകൾ ഉയർന്ന പട്ടിക വർഗ്ഗ ജനസംഖ്യ ഉള്ള ജില്ലകൾ ആണ്.

ആരോഗ്യ സൂചകങ്ങളുടെ കാര്യത്തിൽ ആദിവാസി വിഭാഗങ്ങൾ കേരളത്തിന്റെ പൊതുനിലവാരത്തേക്കാൾ ഏറെ താഴെയാണ്. പ്രധാനമായും ദാരിദ്ര്യജന്യരോഗങ്ങളും, ശുചിത്വവുമായി ബന്ധപ്പെട്ട രോഗങ്ങളുമാണ് അവരെ അലട്ടുന്നത്. 2011 ലെ സെൻസസ് കണക്കുകൾ പ്രകാരം 16.7 ശതമാനം ആദിവാസി വീടുകളിൽ മാത്രമാണ് ശുദ്ധീകരിച്ച പൈപ്പ് ജലം ലഭ്യമാകുന്നത്. ശേഷിക്കുന്ന 10 ശതമാനം വീടുകളിൽ ശുദ്ധീകരിക്കാത്ത ജലസ്രോതസ്സുകളിൽ നിന്നാണ് ജലം ലഭിക്കുന്നത്. ബാക്കി ഭൂരിഭാഗവും ആശ്രയിക്കുന്നത് കാട്ടരുവികളെയും ഒഴുകി വരുന്ന ജലസ്രോതസുകളെയുമാണ്. കക്കൂസുകളുടെ കുറഞ്ഞ ഉപയോഗം മൂലം അരുവികളിലേക്ക് ഇവരുടെ വിസർജ്യം കലരുന്നത് അരുവികളിലെ ജലത്തെ മലിനമാക്കുന്നു. തിളപ്പിക്കാതെയുള്ള ജല ഉപയോഗം ആദിവാസികൾക്ക് വിവിധ പകർച്ചവ്യാധികൾ ഉണ്ടാക്കുന്നതിന് കാരണമാകുന്നു.

ആദിവാസികളുടെ ശിശുമരണ നിരക്ക് 1000 ന് 17.3 ആണ്. ഇത് പൊതു വിഭാഗങ്ങളെക്കാൾ ഗണ്യമായി ഉയർന്നതാണ്. 2005–06 ലെ കുടുംബ ആരോഗ്യ സർവ്വേ കണക്കുകൾ പ്രകാരം ആദിവാസികളിൽ പുകയില ഉപയോഗവും മദ്യപാനശീലവും വളരെ ഉയർന്നതാണ്. ഇവയുടെ ഉപയോഗം പുരുഷന്മാരിലും സ്ത്രീകളിലും ഉണ്ട്. അത് അവരുടെ ആരോഗ്യ നിലയെ ബാധിക്കുന്നു.

പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന വിളർച്ച ആദിവാസികൾക്കിടയിൽ വിശിഷ്യ സ്ത്രീകൾക്കിടയിൽ ഏറെ ഉയർന്നതാണ്. അരിവാൾ രോഗം അഥവാ സിക്കിൾസെൽ അനീമയുടെ നിരക്ക് ഓരോ സമൂഹത്തിലും വ്യത്യസ്തമാണെന്ന് പഠനങ്ങൾ കാണിക്കുന്നു. (അരവിന്ദൻ & ഫിറോസ് 2004). പണിയ (30.37), കുറുമ (29%), ഊരാളി (26%) വിഭാഗങ്ങൾക്കിടയിലാണ് ഇതിന്റെ നിരക്ക് ഏറ്റവും ഉയർന്നത്. അവരുടെ തനതു ഭക്ഷ്യോത്പാദന വ്യവസ്ഥയിൽ സംഭവിച്ച തകർച്ച പോഷകാഹാരക്കുറവിന് കാരണമായിട്ടുണ്ട്. ആദിവാസികളുടെ ആവാസവ്യവസ്ഥയിൽ ഉണ്ടായ മാറ്റം അവരുടെ ഭക്ഷ്യ ഉത്പാദനത്തെയും വലിയ തോതിൽ ബാധിച്ചു. ഉത്പാദകർ എന്ന നിലയിൽ നിന്നും അവയിൽ നല്ലൊരു വിഭാഗം കൂലിതൊഴിലാളികളായി മാറിയതോടെ അവരുടെ ഭക്ഷ്യ ആശ്രിതത്വം വലിയതോതിൽ പൊതുവിതരണ സംവിധാനത്തിലേക്ക് മാറി. പരമ്പരാഗത പോഷകാഹാരത്തിനു പകരം അരി, ഗോതമ്പ് എന്നിവ മാത്രമാണ് പൊതുവിതരണ സമ്പ്രദായത്തിലൂടെ ആദിവാസികൾക്ക് ലഭ്യമായത്. അരിപോലും പലപ്പോഴും അവരുടെ താത്പര്യങ്ങൾ പരിഗണിക്കുന്ന തരത്തിലുള്ളവയല്ല വിതരണം ചെയ്യപ്പെട്ടത്. പൊതുസ്വഭാവത്തിന് അനുസരിച്ച് മാത്രം രൂപകല്പന ചെയ്ത് പൊതുവിതരണ സംവിധാനം ചില സമൂഹങ്ങളുടെ പ്രത്യേക ആവശ്യങ്ങളെ പരിഗണിക്കുന്നതിൽ എങ്ങനെ പരാജയപ്പെടുന്നു എന്നതിന് ഏറ്റവും നല്ല തെളിവാണ് ആദിവാസിമേഖലയിലെ

പൊതുവിതരണ സമ്പ്രദായം. അട്ടപ്പാടി പോലുള്ള പ്രദേശങ്ങളിൽ സ്ത്രീകളുടെ പോഷകാഹാരനിലയെ അത് ബാധിക്കുകയും ശിശുമരണം പോലുള്ള പ്രതിഭാസങ്ങൾ ദൃശ്യമാകാൻ തുടങ്ങുകയും ചെയ്തു.

ആതുര സേവന കേന്ദ്രങ്ങളിൽനിന്ന് ആദിവാസി ഊരുകളിലേക്കുള്ള ദൂരം, സേവനങ്ങൾ സമയത്തിന് എത്തിക്കുന്നതിനുള്ള ഗതാഗത സംവിധാനങ്ങളുടെ പരിമിതികൾ, ആരോഗ്യ സേവന സംവിധാനങ്ങളുടെ കാര്യക്ഷമത കുറവ്, ആദിവാസി മേഖലകളിൽ പ്രവർത്തിക്കുന്നതിന് ഉദ്യോഗസ്ഥരേയും ഡോക്ടർമാരുടേയും ശരിയായി സേവനം ഊരുകളിൽ എത്താത്ത സ്ഥിതി എന്നിവ ശരിയായ ആതുരചികിത്സയും, പരിചരണവും ആദിവാസികൾക്ക് ലഭിക്കുന്നതിന് തടസ്സമാകുന്നു. ആദിവാസി ഊരുകളിൽ നിരന്തരമായി നടക്കേണ്ട ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പകരം വകുപ്പ് സേവനം പലപ്പോഴും മെഡിക്കൽ ക്യാമ്പുകളിൽ ഒതുങ്ങുന്നു. ആദിവാസികളുടെ ആരോഗ്യ-പോഷക നിലവാരം രേഖപ്പെടുത്തുകയും തുടർച്ചയായി വിലയിരുത്തപ്പെടുകയും ചെയ്യുന്നില്ല.

## II. ആദിവാസി മേഖല - ഇടപെടൽ നിർദ്ദേശങ്ങൾ

ആദിവാസികളുടെ ഉന്നമനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഉപാധി പട്ടികവർഗ ഉപപദ്ധതിയാണ്. പട്ടികവർഗ വകുപ്പിന്റെ നേതൃത്വത്തിൽ തികച്ചും ബ്യൂറോക്രാറ്റിക് സംവിധാനത്തിലൂടെ നടപ്പാക്കിക്കൊണ്ടിരുന്ന ഈ ഉപപദ്ധതി നടത്തിപ്പിൽ അടിസ്ഥാനപരമായ പൊളിച്ചെഴുത്ത് കൊണ്ടുവന്നത് ജനകീയാസൂത്രണമാണ്. പട്ടികവർഗ വികസന ഫണ്ടിന്റെ ചെറിയ ഭാഗം ഡിപ്പാർട്ട്മെന്റ് നേരിട്ടു ചെലവഴിക്കുമ്പോൾ ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ജനസംഖ്യാടിസ്ഥാനത്തിൽ താഴേയ്ക്കു നൽകും. ഇത്തരത്തിൽ താഴേയ്ക്കു വികസനഫണ്ട് വികേന്ദ്രീകരിക്കുമ്പോൾ പട്ടികവർഗക്കാർക്ക് കൂടുതൽ ഫലപ്രദമായി വികസന തീരുമാനങ്ങളിലും നടത്തിപ്പിലും പങ്കാളികളാകുന്നതിനു സാധിക്കും. എന്നാൽ ജനകീയാസൂത്രണത്തിന്റെ ആദ്യവർഷങ്ങളിൽ പട്ടികവർഗ ഉപപദ്ധതിയുടെ നടത്തിപ്പ് വേണ്ടത്ര വിജയപ്രദമായില്ല. പട്ടികവർഗക്കാരുടെ പങ്കാളിത്തം കേവലം ഔപചാരികമായിരുന്നു. ഈ ദൗർബല്യം പരിഹരിക്കുന്നതിനു വേണ്ടിപദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം ഊരുകൂട്ടങ്ങൾക്കു നൽകി. ഊരുകൂട്ടങ്ങളെ ഫലപ്രദമാക്കുന്നതിനു വേണ്ടി അഭ്യസ്തവിദ്യരായ യുവതിയുവാക്കളിൽ ഒരാളെ ഓരോ ഊരിലും ഫെസിലിറ്റേറ്ററായി നിയോഗിച്ചു. ഇവർക്കു പ്രത്യേകം പരിശീലനവും നൽകി. ഇത് പദ്ധതി പ്രവർത്തനം കുറച്ചൊക്കെ മെച്ചപ്പെടുത്തിയെങ്കിലും ഫെസിലിറ്റേറ്റർമാർ ക്രമേണ ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഭാഗമായി. ആദിവാസിമേഖലയിൽ ഇന്നും നിലനിൽക്കുന്ന ഗുരുതരമായ അവസ്ഥാവിശേഷം ഒരർത്ഥത്തിൽ വികേന്ദ്രീകരണത്തിന്റെ കൂടി ദൗർബല്യത്തിന്റെ പ്രതിഫലനമാണ്. ഇതിനു പ്രതിവിധി അധികാരവികേന്ദ്രീകരണത്തിലെ ദൗർബല്യങ്ങൾ പരിഹരിച്ച് ആദിവാസികളുടെ യഥാർത്ഥ പങ്കാളിത്തം ഉറപ്പുവരുത്തൽ മാത്രമാണ്. ഇതിനുവേണ്ടി ആദിവാസി സംഘടനകൾക്കും ആദിവാസിക്ഷേമത്തിൽ തൽപരരായവർക്കും പ്രാദേശികമായി ഇടപെട്ടു പ്രവർത്തിക്കാനുള്ള ജനാധിപത്യ ഇടം അധികാരവികേന്ദ്രീകരണം ഉറപ്പുനൽകുന്നുണ്ട്. ഇതു വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് ഇന്നത്തെ ദുരവസ്ഥയ്ക്കൊരു കാരണം.

### അടിസ്ഥാനസൗകര്യങ്ങൾ

1. ആദിവാസി ഊരുകളുടെ അടിസ്ഥാനസൗകര്യവികസനത്തിന് ദീർഘവീക്ഷണത്തോടുകൂടിയ സമീപനം അനിവാര്യമാണ്. 4-5 ഊരുകളെ പൊതുവിൽ പുറത്തേക്ക് ബന്ധിപ്പിക്കുന്ന തരത്തിലുള്ള റോഡ് സംവിധാനങ്ങൾ വനപ്രദേശത്തെ പരിസ്ഥിതിയെ ബാധിക്കാതെ നിർമ്മിക്കണം. വനമേഖലയ്ക്ക് പുറത്തുള്ള ഊരുകളുടെ കാര്യത്തിൽ ഒരേ പ്രദേശത്തുവരുന്ന ഊരുകളെ പരസ്പരം ബന്ധിപ്പിക്കുന്ന ഗതാഗത സംവിധാനവും അവയെ പുറത്തേക്ക് ബന്ധിപ്പിക്കുന്ന റോഡ് സംവിധാനവും ഉണ്ടാകണം. റോഡ് നിർമ്മാണം സാധ്യമല്ലാത്ത വനമേഖലകളിൽ സ്ഥിരമായ നടപ്പാതകൾ ഉണ്ടാക്കണം.
2. ആദിവാസി മേഖലകളിൽ കുടിവെള്ളം ലഭ്യമാക്കുന്ന സ്വാഭാവിക നീരൊഴുക്കുകൾ ഉണ്ട്. എന്നാൽ തുറസ്സായ സ്ഥലത്തു നടത്തുന്ന മലവിസർജ്ജനം മൂലം ഈ ജലം മലിനമാകുന്നു. ഈ മേഖലകളിൽ പ്രാദേശിക കുടിവെള്ള സ്രോതസ്സുകൾ ഉപയോഗിച്ചുള്ള ജലവിതരണ പദ്ധതികൾ സ്ഥാപിക്കണം. ആദിവാസി കുടുംബങ്ങളെ ബന്ധിപ്പിച്ചുള്ള പുരപ്പുറം ജല സംഭരണത്തിലൂടെ മഴവെള്ളം ശേഖരിക്കുന്ന പൊതുവായ മഴവെള്ള സംഭരണികൾ ഉണ്ടാക്കണം. ഊരുകളിലെ പൊതു സ്ഥാപനങ്ങളുടെ മേൽക്കൂരകളേയും ഇത്തരത്തിൽ ബന്ധിപ്പിക്കാം.
3. ഒറ്റപ്പെട്ടുകിടക്കുന്ന മുഴുവൻ ആദിവാസി ഊരുകളിലും സോളാർ സംവിധാനം ഉപയോഗിച്ചുള്ള ഗാർഹിക വൈദ്യുതീകരണ പദ്ധതി നടപ്പാക്കാം. നിലവിലുള്ള സോളാർ സംവിധാനത്തിനൊപ്പം നിലവിലെ വൈദ്യുതീകരണ സംവിധാനവും ഉപയോഗിക്കാം.

### പാർപ്പിടം

4. ആദിവാസിക്കായുള്ള ഭവന നിർമ്മാണ പദ്ധതികളിൽ സമഗ്രമായ പരിഷ്കരണം വരുത്തണം. അട്ടപ്പാടിയിലെ അഹാഡ്സ് മാതൃകയിൽ ഭവനനിർമ്മാണം ഏറ്റെടുക്കണം. ഓരോ വീട്ടിലും സ്ഥിരതാമസക്കാരായ അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായ വലിപ്പത്തിൽ വീടുകൾ നിർമ്മിക്കണം. ഇത്തരത്തിൽ വീടു നിർമ്മിക്കാൻ ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള അവകാശം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് നൽകുകയും വേണം. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെയോ, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ ഭവന പദ്ധതികൾ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് വേണം നടപ്പിലാക്കാൻ. ഭവനനിർമ്മാണത്തിന്റെ പൊതു മോണിറ്ററിംഗ് ചുമതലയും ഊരുകൂട്ടങ്ങളിൽ നിക്ഷിപ്തമാക്കണം. ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന വിഹിതം പ്രാദേശികമായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് അനുസൃതമായി നിശ്ചയിക്കാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

5. ഓരോ ഗ്രാമപഞ്ചായത്തിലേയും ഊരുകളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്താൻ പഞ്ചായത്ത് തലത്തിൽ ഒരു സാമൂഹ്യ പരിശോധന സമിതി (Social Audit Committee) രൂപീകരിക്കണം. സാമൂഹ്യ പ്രവർത്തകർ, വിദഗ്ധർ, ഊരുകൂട്ടം പ്രതിനിധികൾ എന്നിവരെ ഇവയിൽ അംഗങ്ങൾ ആക്കാം. ആവശ്യമായ പണം അനുവദിച്ചിട്ടും ഭവനനിർമ്മാണം പൂർത്തിയാകാത്ത ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏജൻസികൾക്കും എതിരെ നടപടി സ്വീകരിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

### ഭൂമി

6. ആദിവാസികളുടെ സമഗ്ര വികസനത്തിന് ഭൂപ്രശ്നം പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചു നൽകണം. തരിശുകിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് അതത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ ആദിവാസികൾക്ക് അവസരം നൽകണം. തോട്ടം മേഖലകളുള്ള ജില്ലകളിൽ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം. ഇതോടൊപ്പം 2005 ലെ വനാവകാശ നിയമം കേരളത്തിൽ ശാസ്ത്രീയമായി നടപ്പാക്കണം. ആദിവാസികൾ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്നതും അവരുടെ കൈവശത്തിലുള്ളതുമായ ഭൂമി സാമൂഹ്യമായ തെളിവെടുപ്പ് നടത്തി ഉറപ്പുവരുത്തി അവർക്ക് പതിച്ചു നൽകണം. ഇതിനായി ഊരുകൂട്ടങ്ങൾ വിളിച്ചുചേർത്ത് പൊതുതീരുമാനങ്ങൾ രൂപപ്പെടുത്തണം.

7. ജലസേചന സൗകര്യമുള്ളതും ഫലഭൂയിഷ്ഠമായതുമായ ആദിവാസി ഭൂമി പലപ്പോഴും കയ്യേറ്റക്കാരുടെ കൈകളിൽ എത്തുന്നു. ജലസേചന സൗകര്യങ്ങൾ ലഭ്യമല്ലാത്ത മലയോരങ്ങളിലാണ് ആദിവാസി ഭൂമി അവരുടെ കൈയിൽ അവശേഷിക്കുന്നത്. അട്ടപ്പാടിയിൽ ഈ പ്രവണത ഏറെ കൂടുതലാണ്. നിയമവിരുദ്ധമായി കൈവശം വെച്ചിരിക്കുന്ന ആദിവാസി ഭൂമി തിരിച്ചു പിടിക്കണം. ഇതോടൊപ്പം ആദിവാസികളുടെ നിലവിലുള്ള ഭൂമിയിൽ ജലസേചന സൗകര്യം എത്തിക്കുന്നതിന് ഫലപ്രദമായ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പട്ടിക വർഗ്ഗ ഉപപദ്ധതിയിലൂടെ നടപ്പാക്കണം. ആവശ്യമായ ഘട്ടങ്ങളിൽ അറ്റകുറ്റ പണികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ ചെയ്യണം.

### കൃഷി

8. ആദിവാസികളുടെ ഊരുകളിൽ സ്വന്തമായി ഭൂമിയുള്ളവർക്ക് അവിടെ കൃഷി ചെയ്യുന്നതിനും സ്വാശ്രയമായ ഭക്ഷ്യ ഉത്പാദനത്തിനും ഉതകുന്ന പദ്ധികൾ നടപ്പാക്കിയാണ് ഭക്ഷ്യ സുരക്ഷയും, പോഷകാഹാര ലഭ്യതയും ദീർഘകാലത്തേക്ക് ഉറപ്പാക്കേണ്ടത്. ഇതിനായി അവരുടെ തൊഴിലുകളിൽ ദീർഘകാലത്തേക്ക് പോഷകാഹാരം ലഭ്യമാക്കുന്ന പഴവർഗ്ഗങ്ങൾ, കായിനങ്ങൾ, ഇലക്കറികൾ എന്നിവ വച്ചുപിടിപ്പിക്കുക, വാർഷിക കൃഷിയുടെ ഭാഗമായി പയറിനങ്ങൾ, തുവര, മുതലായവയും രാഗിപോലുള്ളവയും കൃഷി ചെയ്യാൻ സഹായങ്ങൾ നൽകുക, കോഴിവളർത്തൽ, പശുവളർത്തൽ, പാൽ, മുട്ട ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കണം. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പട്ടിക വർഗ്ഗ ഉപപദ്ധതിയുടെ തുകകൾ ഇതിനാവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിനും, മറ്റു കാർഷിക ഉപാധികൾ ലഭ്യമാക്കുന്നതിനും വിനിയോഗിക്കണം.

9. ആദിവാസികൾക്ക് ഉത്പാദനത്തിനാവശ്യമായ വിത്ത്, വളം എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കണം. ഉത്പാദിപ്പിച്ച വിളകൾ ശേഖരിച്ച് ന്യായ വില ഉറപ്പാക്കാൻ പ്രാദേശിക ഉത്പന്ന ശേഖരണ സംവിധാനം ഉണ്ടാക്കണം. ഇടനിലക്കാരുടെ കടക്കെണിയിൽ നിന്ന് ആദിവാസി കർഷരെ രക്ഷിക്കുന്നതിന് വേണ്ടി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കണം.

### തൊഴിൽ

10. ആദിവാസികളിൽ ഭൂരിഭാഗവും കർഷകത്തൊഴിലാളികൾ ആയതനാൽ തൊഴിൽ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് വിലപേശൽ ശേഷി ഉയർത്താനുള്ള സംഘടിത പ്രവർത്തനങ്ങൾ ഉണ്ടാകണം. ആദിവാസി യുവതീ-യുവാക്കളുടെ തൊഴിൽ സേനകൾ രൂപീകരിച്ച് ചെറുകിട കാർഷിക യന്ത്രവത്ക്കരണത്തിൽ അവർക്ക് പരിശീലനം നൽകണം.

11. കാർഷിക മേഖലയ്ക്ക് പുറത്ത് ആദിവാസി-യുവതീ യുവാക്കളുടെ തൊഴിൽ വൈവിധ്യവത്ക്കരണത്തിനുള്ള പദ്ധതികൾ ഉണ്ടാകണം. വിവിധ കാരണങ്ങളാൽ പഠനം നിർത്തുന്ന ആദിവാസി കുട്ടികൾക്ക് പ്രത്യേക പരിശീലനത്തിലൂടേയും, താമസ സൗകര്യം നൽകിയും പഠനം പൂർത്തിയാക്കുന്നതിനുള്ള സാമൂഹിക സഹായ കേന്ദ്രങ്ങൾ (Community facilitation centres) ഓരോ ജില്ലകളിലും ഉണ്ടാക്കാം. ജില്ലാ പഞ്ചായത്തുകളെ ഇവയുടെ ചുമതല ഏൽപിക്കാം. ഇതോടൊപ്പം പ

ഠനം കഴിഞ്ഞ് പുറത്തിറങ്ങുന്ന ആദിവാസി യുവതീ യുവാക്കളെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കാവുന്ന തരത്തിൽ ആശയവിനിയമം, തൊഴിൽ ശേഷി. ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ ഉൾപ്പെട്ട 2–3 മാസത്തെ ഫിനിഷിംഗ് സ്കൂൾ പരിപാടികൾ ഈ സാമൂഹ്യ സഹായ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് നടത്താം. ആദിവാസി കുട്ടികൾക്ക് പ്രത്യേക വൈദഗ്ധ്യമുള്ള കായിക ശേഷി ആവശ്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനങ്ങൾ മേൽ കേന്ദ്രങ്ങൾ വഴി നൽകി അത്തരം മേഖലകളിലേക്കുള്ള അവരുടെ റിക്രൂട്ട്മെന്റ് ഉറപ്പാക്കാം.

12. അവരുടെ പരമ്പരാഗത തൊഴിൽ മേഖല എന്ന നിലയിൽ വനമേഖലയിൽ നിന്ന് ശേഖരിക്കുന്ന വന വിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനുള്ള സംസ്കരണ വിപണന കേന്ദ്രങ്ങൾ ആദിവാസി ജന സാന്ദ്രത കൂടിയ വനമേഖലകൾ കേന്ദ്രീകരിച്ച് ആസൂത്രണം ചെയ്യാം.

13. സ്കൂളുകളിൽ പഠിക്കുന്ന ഘട്ടങ്ങളിൽ തന്നെ ആദിവാസി കുട്ടികൾക്ക് തുടർ പഠന സാധ്യതകളെ കുറിച്ചും, തൊഴിൽ സാധ്യതകളെ കുറിച്ചും അറിവു നൽകുന്നതിനും വിവിധ വിഷയങ്ങളിലെ അവരുടെ ശേഷികൾ തിരിച്ചറിഞ്ഞ് വികസിപ്പിക്കുന്നതിനുമുള്ള പ്രത്യേക കോഴ്സുകൾ റസിഡൻഷ്യൽ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്താം. കോഴിക്കോട് കേന്ദ്രീകരിച്ചുള്ള പരിശീലന സ്ഥാപനമായ ക്രെസ്റ്റ് നടത്തുന്ന മാതൃക ഇക്കാര്യത്തിൽ അവലംബിക്കാം. ഇതോടൊപ്പം ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് സർക്കാർ പരീക്ഷകൾക്കും, മത്സരപരീക്ഷകൾക്കും ഉള്ള പരിശീലനങ്ങൾ സാമൂഹിക സഹായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വിവിധ മേഖലകളിലേക്കുള്ള അവരുടെ വൈവിധ്യമായ പ്രവേശനം വർദ്ധിപ്പിക്കാം.

## വിദ്യാഭ്യാസം

14. റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ എന്നിവയുടെ കുറവും കുട്ടികൾക്ക് ആനുപാതികമായി റസിഡന്റ് ടൂട്ടർമാർ ഇല്ലാത്ത അവസ്ഥയും അവരുടെ പഠനപ്രക്രിയയെ ബാധിക്കുന്നു. പ്രീമെട്രിക്- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങളെ ഗുണതയുള്ളതാക്കി മാറ്റാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. മെച്ചപ്പെട്ട അന്തരീക്ഷത്തിന്റെ അഭാവം അവരുടെ പഠന പ്രക്രിയയെ ബാധിക്കുന്നു. റസിഡന്റ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യത്തെ അന്തർദ്ദേശീയ തലത്തിലേക്ക് ഉയർത്താനുള്ള നടപടികൾ കൈക്കൊള്ളണം. വിപുലമായ സൗകര്യങ്ങളുള്ള ഹോസ്റ്റൽ മുറികൾ, ഭക്ഷണ ശാലകൾ, ആധുനിക ക്ലാസ് മുറികൾ, ടോയ്‌ലറ്ററുകൾ, മികച്ച കുടിവെള്ള സംവിധാനം ഐ.ടി.ലാബ്, ഡിജിറ്റൽ ലൈബ്രറി, മികച്ച കളിസ്ഥലം തുടങ്ങിയ മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഇവയുടെ പ്രവർത്തന നിയന്ത്രണം ജില്ലാ പഞ്ചായത്തിന് നൽകി വിലയിരുത്തലിനുള്ള അധികാരം അതത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

15. ആദിവാസികൾക്കായുള്ള റസിഡന്റ് സ്കൂളുകളിലെ അധ്യാപകർ, ട്യൂട്ടർമാർ എന്നിവരുടെ എണ്ണം വർദ്ധിപ്പിക്കുകയും വിദ്യാർത്ഥി-അധ്യാപക-ട്യൂട്ടർ അനുപാതം വർദ്ധിപ്പിക്കുകയും വേണം. ആദിവാസി കുട്ടികളുടെ കാര്യത്തിൽ 20 കുട്ടികൾക്ക് ഒരദ്ധ്യാപകനും ഒരു ട്യൂട്ടറും എന്ന അനുപാതം കൊണ്ടുവരുന്നത് കൂടുതൽ വ്യക്തിപരമായ ശ്രദ്ധ ലഭിക്കാൻ കാരണമാകും. ഇത്തരം സ്ക്കൂളുകളിൽ നിയമിക്കുന്ന അധ്യാപകരുടെ പ്രാദേശികസാഹചര്യങ്ങളിലുള്ള അറിവില്ലായ്മയും അവരുടെ സാന്നിധ്യം സ്ക്കൂളുകളിൽ ലഭിക്കാത്തതും കുട്ടികളുടെ പഠനപ്രക്രിയയെ ബാധിക്കുന്നു. അതുകൊണ്ട് അധ്യാപകരെ നിയമിക്കുമ്പോൾ പ്രാദേശിക പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള അധ്യാപകർക്ക് അവരുടെ പ്രദേശത്തെ സ്കൂളുകളിൽ നിയമനത്തിൽ മുൻഗണന നൽകുന്നത് നല്ലതാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും, ആദിവാസി കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലേയും അധ്യാപകർക്ക് അവർക്ക് നൽകേണ്ട പ്രത്യേക ശ്രദ്ധയിൽ ഊന്നിയ പരിശീലനങ്ങൾ നൽകണം.

16. ആദിവാസി കുട്ടികൾ സ്കൂളിലേക്ക് വരുമ്പോൾ അവരുടെ തനതു ഭാഷയിൽ നിന്ന് ഏറെ വ്യത്യസ്തമായ പഠനഭാഷയും മാധ്യമവും അവരുടെ പ്രാഥമിക പഠനാനുഭവങ്ങൾ ആർജ്ജിക്കാനുള്ള ശേഷികളെ പരിമിതപ്പെടുത്തുന്നു. പ്രാഥമിക ഘട്ടത്തിൽ പഠനാനുഭവങ്ങൾ ലഭിക്കാവുന്ന തരത്തിൽ അവരുടെ ആശയ വിനിമയ ഭാഷയിൽ രൂപപ്പെടുത്തിയ പഠനസാമഗ്രികൾ തയ്യാറാക്കി അധ്യയനം നടത്തുന്നതിനും ക്രമാനുഗതമായി അവരെ പൊതുധാരയിലേക്ക് എത്തിക്കുന്നതിനും നടപടികൾ എടുക്കണം. വീട്ടിൽ നിന്ന് വിട്ടുനിൽക്കുന്ന കുട്ടികൾക്ക് വ്യക്തിപരമായ ശ്രദ്ധ ലഭിക്കാതെ പോകുന്നത് അവരുടെ പഠനനിലവാരത്തെ ബാധിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ ശേഷികൾ വളർത്തുന്നതിനുള്ള സൗകര്യങ്ങൾ ഭൂരിഭാഗം സ്കുളൂകളിലും പരിമിതമാണ്.

17. പ്രത്യേക സ്കൂളുകളും, ആദിവാസി കുട്ടികൾ കൂടുതലായി പഠിക്കുന്ന സ്കൂളുകളും കേന്ദ്രീകരിച്ച് പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ, ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണം. ഇതോടൊപ്പം സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്താൻ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഒരു

സാമൂഹ്യ വിലയിരുത്തൽ സമിതി വിദ്യാഭ്യാസ വിദഗ്ധരെ ഉൾപ്പെടുത്തി നിയമിക്കണം. ഇവയുടെ റിപ്പോർട്ട് പൊതു വേദികളിൽ ചർച്ചചെയ്ത് പോരായ്മകൾ പരിഹരിക്കണം.

18. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അവരുടെ പഠനശേഷികൾ ഓരോ ക്ലാസിലും വിലയിരുത്തി ആവശ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കണം. ഇതിനായി പ്രത്യേകം അധ്യാപകരെ ചുമതലപ്പെടുത്താം. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അധ്യാപകരെ ലഭ്യമാക്കണം.
19. സ്കൂളുകളിൽ കുട്ടികളുടെ വ്യക്തിത്വ വികസനം, ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ, കാലാകായിക ശേഷികൾ വികസിപ്പിക്കൽ എന്നിവക്കായുള്ള പ്രത്യേക പരിശീലനങ്ങൾ നൽകണം. നിലവിലുള്ള പ്രത്യേക റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കണം.
20. മോശമായ ഗൃഹാന്തരീക്ഷവും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും കുട്ടികളുടെ പഠനപ്രക്രിയയെ ബാധിക്കുന്നു. വീടുകളിൽ നിന്ന് വന്ന് പഠിച്ചു പോകുന്ന കുട്ടികൾ കൂടുതലുള്ള ഊരുകൾ കേന്ദ്രീകരിച്ച് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ പഠന വീട് എന്ന ആശയം നടപ്പാക്കണം. ഓരോ ഊരിനും വിദ്യാഭ്യാസത്തിൽ പരിശീലനം നേടിയ ഒരു ഫെസിലിറ്റേറെ മാന്യമായ വേതനം നൽകി നിയമിക്കണം. കുട്ടികൾക്ക് രാവിലെയും വൈകീട്ടും ഭക്ഷണം നൽകുകയും പഠന സൗകര്യം ഒരുക്കുകയും ചെയ്യണം. കുട്ടികളുടെ തുടർച്ചയായ വിലയിരുത്തലിലൂടെ പഠന നിലവാരം ഉയർത്താൻ ഇത് സഹായമാകും.
21. ആദിവാസി കുട്ടികളുടെ പഠന ഗ്രാന്റ് കാലാനുസൃതമായി വർദ്ധിപ്പിക്കണം. എൽ.പി, യു.പി, ഹൈസ്കൂൾ, വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇത് മാസത്തിൽ 1000 രൂപയും, ഹയർ സെക്കണ്ടറി കുട്ടികളുടെ കാര്യത്തിൽ ചുരുങ്ങിയ 1500 രൂപയും ആക്കണം. തുക കാലാനുസൃതമായി വർദ്ധിപ്പിക്കണം. കൂടാതെ സൗജന്യ താമസം, ഭക്ഷണം എന്നിവയും നൽകണം.
22. ഊരുകളിൽ നിന്ന് പൊതുവിദ്യാലയങ്ങളിൽ വന്നുപോകുന്നതിനുള്ള യാത്ര സൗകര്യങ്ങളുടെ അഭാവം പഠനത്തെ ബാധിക്കുന്നു. പൊതുവിദ്യാലയങ്ങളിലേക്ക് ഊരുകളിൽ നിന്ന് വാഹന സൗകര്യം ഉണ്ടായിരിക്കണം.
23. ആദിവാസി കുട്ടികൾക്കായുള്ള പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ അവസ്ഥ വിലയിരുത്താൻ ഒരു സമഗ്ര പഠനം നടത്തണം. നാശോന്മുഖമായ കെട്ടിടങ്ങൾ ഉള്ള ഹോസ്റ്റലുകൾ മികച്ച സൗകര്യങ്ങളോടെ പുതുക്കി പണിയുകയും, സ്വന്തമായി കെട്ടിടം ഇല്ലാത്തവർക്ക് അടിയന്തിരമായി സൗകര്യപ്രദമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും വേണം. വിശാലമായതും വായു സഞ്ചാരമുള്ളതുമായ മുറി, മേശ, കസേര, പുസ്തകം സൂക്ഷിപ്പ് സംവിധാനങ്ങൾ എന്നിവ ഉള്ള സൗകര്യങ്ങൾ മുറികളിൽ ഉറപ്പാക്കണം. പൊതു കളിസ്ഥലം സാംസ്കാരിക പരിപാടികൾക്കുള്ള ഇടം, ലൈബ്രറി, വായനാമുറി, പൊതു കമ്പ്യൂട്ടർ ലാബ്, കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്ലറ്റ് സംവിധാനങ്ങൾ, സന്ദർശകസ്ഥലം, കുടിവെള്ള സംവിധാനം എന്നിവ ഉറപ്പാക്കണം. ഐ.ടി.ലാബിൽ സുഗമമായ വൈ-ഫൈ സംവിധാനം ഉറപ്പാക്കണം. ഹൈസ്കൂൾ തലം മുതലുള്ള കുട്ടികൾക്ക് സ്വന്തമായ ലാപ്ടോപ്പുകൾ ലഭ്യമാക്കാം. ഹോസ്റ്റലുകളിൽ കുട്ടികളുടെ ആരോഗ്യ-പോഷക നിലവാരം മാസത്തിൽ ഒരിക്കൽ പരിശോധിക്കാവുന്ന സംവിധാനം ഉണ്ടാക്കണം. ഹോസ്റ്റലുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലെ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകണം.
24. ആദിവാസി ഊരുകളിൽ അവരുടെ പൊതുവായ യോഗങ്ങൾ, കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് സഹായകമാകാവുന്ന സാമൂഹിക വികസന കേന്ദ്രങ്ങൾ (ഇീാാൗിശ്യേ ഉല്ലഹീു ാലിേ ഇലിൃേലെ) നിർമ്മിക്കുന്നതും അവയോട് അനുബന്ധമായി ലൈബ്രറി, റീഡിങ്റൂം എന്നിവ ആരംഭിക്കുന്നതും ഗുണകരമാണ്. അഹാഡ്സ് പദ്ധതിയുടെ ഭാഗമായി ഇത്തരം സാമൂഹിക വികസന കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

### ആരോഗ്യം

25. സ്കൂളുകളിൽ ഏറ്റവും മികച്ച പോഷകാഹാരം കൃത്യമായ ചേരുവയുടെ അടിസ്ഥാനത്തിൽ സുതാര്യമായി നൽകുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം. പാൽ, മുട്ട, പയർ വർഗ്ഗങ്ങൾ, മത്സ്യം, മാംസം എന്നിവ ശാസ്ത്രീയമായി ചേർത്ത ചേരുവയായിരിക്കണം നൽകേണ്ടത്. കുട്ടികളുടെ ആരോഗ്യനില സ്കൂളുകളിൽ നിരന്തരം വിലയിരുത്തുന്നതിന് സ്കൂൾ ആരോഗ്യപരിപാടി ഫലപ്രദമാക്കണം. റെസിഡൻഷ്യൽ സ്കൂളുകളിൽ ഒരു സ്ഥിരം ക്ലിനിക്കും മെഡിക്കൽ ഓഫീസറും ഉണ്ടാകണം. കുട്ടികളുടെ ആരോഗ്യനില, പോഷകാഹാര നില എന്നിവ ഓരോരുത്തരും വിലയിരുത്തി അതിനനുസൃതമായ ഭക്ഷണം അവർക്ക് ലഭ്യമാക്കണം. പൊതു സ്കൂളുകളിൽ പഠിക്കുന്ന ആദിവാസി കുട്ടികൾക്കും ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകണം.

26. മാസത്തിൽ ഒരിക്കൽ ആദിവാസി ഊരുകളിൽ മെഡിക്കൽ സംഘം സന്ദർശിച്ച് പരിശോധന നടത്തണം. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ എന്നിവരുടെ രക്തപരിശോധന മുന്നുമാസത്തിലൊരിക്കൽ നടത്തി ഹീമോഗ്ലോബിൻ നിരക്ക്, മറ്റ് അടിസ്ഥാന സൂചകങ്ങൾ എന്നിവ വിലയിരുത്തണം. വളരെ കുറഞ്ഞ നിരക്കുകൾ ഉള്ളവർക്ക് പ്രത്യേക പരിചരണം അംഗൻവാടി വഴി നൽകാൻ നിർദ്ദേശിക്കണം. അംഗൻവാടികൾ വഴി കൃത്യമായി അയേൺ ഗുളികകളുടെ വിതരണം ഉറപ്പാക്കണം.

27. ആദിവാസി ഊരുകൾ ഉള്ള പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കണം. അത്യാവശ്യ ഘട്ടങ്ങളിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഒരുക്കണം. പരിശോധന ലാബുകൾ ഒരുക്കണം. ഈ സ്ഥലങ്ങളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കണം. ആദിവാസി മേഖലകൾ കൃത്യമായി ജോലിക്ക് ഹാജരാകാത്ത ആരോഗ്യ പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകണം.

28. ആദിവാസി മേഖലകൾ ഉൾപ്പെടുന്ന സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ സ്കാനിംഗ്, എക്സെറേ, ലാബ് സംവിധാനങ്ങൾ, ഓപ്പറേഷൻ തിയ്യേറ്റർ, ഗൈനക്കോളജിസ്റ്റ്, കുട്ടികളുടെ ചികിത്സകൻ എന്നിവർ നിർബന്ധമായും ഉണ്ടാകണം. അവർക്ക് ആംബുലൻസ് ഉൾപ്പെടെയുള്ള സംവിധാനം ഉണ്ടാകണം. ഇവയിലെ ഡോക്ടർമാരുടേയും ജീവനക്കാരുടേയും പ്രവർത്തനങ്ങൾ വിലയിരുത്താനും, ആവശ്യ ഘട്ടങ്ങളിൽ നടപടികൾ സ്വീകരിക്കാനും ഉള്ള അധികാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകണം. ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ഇവയുടെ പ്രവർത്തനം വിലയിരുത്താൻ ഒരു സാമൂഹ്യ വിലയിരുത്തൽ സമിതി രൂപീകരിക്കണം. ആദിവാസി മേഖലകളിൽ മോശം സേവനം ചെയ്യുന്നതായി തെളിയുന്ന ഉദ്യോഗസ്ഥർ, ഡോക്ടർമാർ എന്നിവരുടെ സർവ്വീസ് രേഖകളിൽ അക്കാര്യം രേഖപ്പെടുത്തുകയും തുടർന്നുള്ള സ്ഥാനകയറ്റ സമയത്ത് അതൊരു മാനദണ്ഡമായി കണ്ട് ഒരു നിശ്ചിത കാലത്തേക്ക് അത് നീട്ടിവെക്കുന്ന നടപടി സ്വീകരിക്കുകയും വേണം.

**പോഷകാഹാരം**

29. നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ അരിക്കൊപ്പം ഭക്ഷ്യ എണ്ണ, പയറുവർഗ്ഗങ്ങൾ, റാഗി, തുവര മുതലായ ഭക്ഷ്യ ഇനങ്ങൾ എന്നിവ ഉൾപ്പെടുത്തിയ കിറ്റുകൾ റേഷൻ കടകളിലൂടെ നൽകണം. റേഷനിംഗിന് രേഖപ്പെടുത്താൻ ബയോമെട്രിക് റീഡർ ഉള്ള കാർഡ് സംവിധാനം ഉൾപ്പെടുത്തണം.

30. ഇതോടൊപ്പം ഓരോ ഊരിലേയും 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസ്സിന് മുകളിൽ പ്രായമുള്ള വൃദ്ധർ, 6 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷക ഭക്ഷണം വീടുകളിലെത്തിക്കണം.

31. അംഗൻവാടികളിലൂടെയുള്ള അധിക ഭക്ഷണം നൽകൽ, പഠനവീടുകളിലിലൂടെ ഭക്ഷണം നൽകൽ, സ്കൂളുകളിലെ ഭക്ഷണം വൈവിധ്യവത്ക്കരിക്കൽ എന്നിവയുടെ ചുമതല അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കണം. അതത് പഞ്ചായത്തിലെ ഐ.സി.ഡി.എസ്. സ്കൂളർ മെമ്പർമാർക്ക് അംഗൻവാടികളുടെ ചുമതലയും, ട്രൈബൽ പ്രൊമോട്ടർമാർക്ക് പഠന വീടുകളുടെ ചുമതലയും നൽകണം. ഇവയുടെ പ്രവർത്തനം ഊരുക്കൂട്ടത്തിൽ മാസത്തിലൊരിക്കലെങ്കിലും സാമൂഹ്യ പരിശോധനയ്ക്ക് വിധേയമാക്കണം.

32. തുടർച്ചയായ പോഷകാഹാരത്തെപ്പറ്റിയുള്ള വിദ്യാഭ്യാസമാണ് ആദിവാസി ഊരുകളിൽ നടക്കേണ്ടത്. പ്രാദേശികമായി ലഭ്യമാക്കാവുന്ന പോഷകാഹാരങ്ങളും അവയുടെ ലഭ്യതയെ കുറിച്ചുള്ള ചെറിയ ഡോക്യുമെന്ററികൾ, വീഡിയോ ക്ലാസുകൾ എന്നിവ മാസത്തിൽ ഒരു തവണ എങ്കിലും ഓരോ ഊരിലും ഊരുകൂട്ടങ്ങളിൽ നടത്താം. ആശാപ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, ട്രൈബൽ പ്രമോട്ടർമാർ എന്നിവർക്ക് ഇതിന് പരിശീലനം നൽകാം.

**ഭരണപരമായ മാറ്റങ്ങൾ**

33. ആദിവാസി ഊരു കൂട്ടങ്ങൾക്ക് കൂടുതൽ അധികാരം നൽകണം. ഊരുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ തീരുമാനം ത്രിതല പഞ്ചായത്തുകൾ അംഗീകരിക്കുക എന്നത് ബാധ്യസ്ഥമാക്കണം. അതാത് ഊരിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും സാമൂഹ്യ തെളിവെടുപ്പ് നടത്തുന്നതിനും ഊരുകൂട്ടങ്ങൾക്ക് അധികാരം ഉണ്ടാകണം. ഊരുകൂട്ടങ്ങൾക്ക് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു നിർവ്വാഹകസമിതി ഉണ്ടാകണം. അങ്ങനെ ഗ്രാമപഞ്ചായത്തിലെ എല്ലാ ഊരുകളുടേയും നിർവാഹക സമിതി അംഗങ്ങൾ ചേർന്നതാകണം പഞ്ചായത്ത്തല ഗ്രാമസഭ. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വികസന പദ്ധതികളുടെ മുൻഗണന നിശ്ചയിക്കാൻ ഈ ഗ്രാമസഭയുടെ തീരുമാനങ്ങൾ നടപ്പാക്കാൻ പഞ്ചായത്ത് ഭരണസമിതികൾ ബാധ്യസ്ഥമാകണം.

34. ആദിവാസിമേഖലകളിലെ പ്രാദേശികസർക്കാരുകൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വൈദഗ്ധ്യത്തിന് പരിമിതികൾ ഉണ്ട്. ഇത് മറികടക്കാൻ പ്രദേശത്തെ അക്കാദമിക സ്ഥാപനങ്ങൾ, കോളേജ് ഡിപ്പാർട്ട്മെന്റുകൾ എന്നിവയെ സഹായക സംവിധാനമാക്കാം. പട്ടിക വർഗ്ഗവികസന വകുപ്പ്

കേന്ദ്രീകൃതമായി ചെയ്യുന്ന പ്രവർത്തനങ്ങളുടെ അളവ് കഴിയാവുന്നത്ര കുറച്ച് അവരുടെ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് കൈമാറണം. ആദിവാസി പഞ്ചായത്തുകളിൽ പദ്ധതി ആസൂത്രണത്തിൽ പരിശീലനം ലഭിച്ച സാമൂഹ്യശാസ്ത്ര പശ്ചാത്തലമുള്ള വികസന ആസൂത്രണ സഹായകരെ (Development Planning Facilitation) നിയമിക്കണം.

35. സംസ്ഥാനത്തെ ആദിവാസിസ്ഥിതി സംബന്ധിച്ച് ഒരു സ്ഥിതിവിവര റിപ്പോർട്ട് ഓരോ വർഷവും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കണം. പദ്ധതി ച്ചെലവുകളും ഭൗതികനേട്ടങ്ങളും ദൗർബല്യങ്ങളും ഈ റിപ്പോർട്ടുകളിൽ വിശകലനം ചെയ്യണം. ബ്ലോക്കുകൾ തിരിച്ചുള്ള കണക്കുകളും ഇതിൽ ലഭ്യമാക്കണം. ഈ റിപ്പോർട്ട് ആദിവാസി സംഘടനകൾ, സിവിൽ സമൂഹ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ആദിവാസി ഊരുകളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന ജനസഭ വിളിച്ചു ചേർത്ത് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. ഈ സഭ നിർദ്ദേശിക്കുന്ന തുടർ നടപടികൾ കൈക്കൊള്ളണം. അടുത്ത തവണത്തെ ജനസഭയിൽ കൈക്കൊണ്ട നടപടികളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കണം.

## III. ദളിത് വിഭാഗങ്ങളുടെ ജീവിതാവസ്ഥ

സംസ്ഥാന ജനസംഖ്യയിൽ 3039573 ആണ് 2011ലെ സെൻസസ് പ്രകാരമുള്ള ദളിത് ജനസംഖ്യ. ഇത് മൊത്തം ജനസംഖ്യയുടെ 9.1 ശതമാനം വരും. ഏറ്റവും കൂടുതൽ ദളിത് വിഭാഗങ്ങളുള്ളത് തിരുവനന്തപുരം (12.27), കൊല്ലം (10.80), തൃശ്ശൂർ (10.67), പാലക്കാട് (13.24), മലപ്പുറം (10.14) ജില്ലകളിൽ ആണ്. ഇവരുടെ പ്രാതിനിധ്യം ഏറ്റവും കുറവ് ഉള്ളത് കാസർഗോഡ് (1.75), കണ്ണൂർ (2.74). വയനാട് (1.17), ഇടുക്കി (4.39), ജില്ലകളിൽ ആണ്.

2002ലെ ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന ലിസ്റ്റ് പ്രകാരം കേരളത്തിൽ 53 ദളിത് സമുദായങ്ങളുണ്ട്. ഇതിൽ പിന്നീട് ചില ഭേദഗതികൾ വന്നിട്ടുണ്ട്. സംസ്ഥാനത്തെ ദളിതരിൽ ഏറ്റവും കൂടുതൽ പുലയരാണ് (33.5 ശതമാനം). അതുകഴിഞ്ഞാലുള്ള പ്രധാന വിഭാഗങ്ങൾ ചെറുമരും (10.48 ശതമാനം), കുറവർ/സന്താളർ വിഭാഗവും (19.13 ശതമാനം) കണക്കർ-പാണൻ വിഭാഗവും (8.1 ശതമാനം) വണ്ണാൻ-മണ്ണാൻ-പറവർ വിഭാഗവും (7.66 ശതമാനം) ആണ്. ഈ അഞ്ച് വിഭാഗങ്ങൾ ചേരുമ്പോൾ ആകെ ദളിത് ജനസംഖ്യയുടെ 75 ശതമാനത്തിലധികമാകും. തുടർന്നുള്ള ഏഴ് വലിയ വിഭാഗങ്ങൾ 40000 മുതൽ 95,000 വരെ ജനസംഖ്യയുള്ളവരാണ്. ഇവർ ആകെ ജനസംഖ്യയുടെ 13 ശതമാനത്തിൽ താഴെ വരുന്നു. ബാക്കി വരുന്ന വിവിധ വിഭാഗങ്ങൾ ജനസംഖ്യയിൽ ഒരു ലക്ഷത്തിന് താഴെയാണ്.

### അടിസ്ഥാന സൗകര്യങ്ങൾ

കിലയുടെ പഠനറിപ്പോർട്ടു പ്രകാരം സംസ്ഥാനത്ത് 26198 ദളിത് വാസ സങ്കേതങ്ങൾ ആണ് ഉള്ളത്). 5.58 ലക്ഷം കുടുംബങ്ങളാണ് ഈ കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്. സങ്കേതങ്ങളിൽ 416 എണ്ണം (1.59) ശതമാനം 50 കുടുംബങ്ങളിൽ കൂടുതൽ ഉള്ളവരാണ്.

2011 ലെ സെൻസസ് കണക്കുകൾ പ്രകാരം 45.81 ശതമാനം ദളിത് കുടുംബങ്ങൾ നല്ല വീടുകളിലാണ് താമസിക്കുന്നത്. 43.07 ശതമാനം അപര്യാപ്തമായ സൗകര്യങ്ങൾ ഉള്ള വീടുകളിലും 11.12 ശതമാനം നാശോന്മുഖമായ വീടുകളിലും. ഇതേ കണക്കുകൾ പ്രകാരം 13.67 ശതമാനം കുടുംബങ്ങൾക്ക് കക്കൂസ് സൗകര്യം ഇല്ല. വൈദ്യുതീകരിക്കാത്ത വീടുകൾ 13.63 ശതമാനം മാണ്. 42 ശതമാനം ദളിതർ അറ്റകുറ്റപണി നടത്താൻ കഴിയാത്ത വീടുകളിൽ ആണ് താമസിക്കുന്നത്. ഇതുപോലെ 63 ശതമാനം കുടുംബങ്ങൾ 40 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള ഒറ്റമുറി മാത്രമുള്ള വീടുകളിൽ ആണ് താമസിക്കുന്നത്.

ദളിത് കുടുംബങ്ങളിൽ 36.2 ശതമാനത്തിന് ശുദ്ധീകരിച്ച പൈപ്പ് ജലം ലഭിക്കുമ്പോൾ, 5.1 ശതമാനം കുടുംബങ്ങളിൽ ശുദ്ധീകരിക്കാത്ത പൈപ്പ് ജലം ആണ് ലഭിക്കുന്നത്. 10.5 ശതമാനം കുടുംബങ്ങളിൽ അടപ്പുള്ള കിണറുകളിലെ ജലം ഉപയോഗിക്കുമ്പോൾ 41.5 ശതമാനം വീടുകളിൽ അടക്കാത്ത കിണറുകളിലെ ജലം ആണ് ഉപയോഗിക്കുന്നത്. പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളുടെ ഭാഗമായ ജല വിതര പദ്ധധികളും, കിണർ നിർമ്മാണത്തിനുള്ള ധനസഹായവും ദളിത് കുടുംബങ്ങളുടെ കുടിവെള്ള ലഭ്യതയെ മെച്ചപ്പെടുത്തിയിട്ടുണ്ട്. ദളിത് കുടുംബങ്ങളിൽ 82 ശതമാനവും പാചകത്തിന് ഇപ്പോഴും വിറകിനെയാണ് ആശ്രയിക്കുന്നത്. 15 ശതമാനം മാത്രമാണ് പാചകവാതകം ഉപയോഗിക്കുന്നത്.

വീടിന്റെ തരം, വലിപ്പം, കക്കൂസ്, ലഭ്യത, വൈദ്യുതീകരണം, പാചകവാതകം എന്നീ കാര്യങ്ങൾ എല്ലാം പരിശോധിക്കുമ്പോൾ കേരളത്തിലെ ദളിതരുടെ ജീവിതാവസ്ഥ പൊതുവിഭാഗങ്ങളിൽ നിന്ന് ഏറെ താഴെയാണ്. ദളിതരുടെ കുടംബങ്ങളിലെ സൗകര്യങ്ങൾ വളരെ അപര്യാപ്തവും. കേരളത്തിലെ വീടുകളുടെ ശരാശരി വലിപ്പം 40.ച.മീറ്ററിന് ഉയർന്ന് നിൽകുമ്പോൾ ദളിതരിൽ ഭൂരിഭാഗവും അതിന് താഴെയുള്ള സൗകര്യങ്ങളുള്ള വീടുകളിലാണ് താമസിക്കുന്നത്. പണി തീരാത്ത വീടുകളുടെ എണ്ണവും ദളിത് വിഭാഗങ്ങളുടെ ഭവന നിർമ്മാണ ശ്രമങ്ങളിലാണ് കൂടുതൽ. സംസ്ഥാനത്ത് 25408 കുടുംബങ്ങൾ ഭൂരിഹത-ഭവന രഹിത കുടുംബങ്ങളും 15984 കുടുംബങ്ങൾ ഭവനരഹിത കുടുംബങ്ങളും ആണ്.

സംസ്ഥാനത്തെ ദളിത് കുടുംബങ്ങളുടെ ഭൂഉടമസ്ഥത നാമമാത്രമാണ്. കേരളത്തിലെ ദളിതരുടെ ശരാശരി ഭൂഉടമസ്ഥത 10.56 സെന്റ് ആയിരിക്കുമ്പോൾ പൊതു ഭൂഉടമസ്ഥതയുടെ ശരാശരി 66 സെന്റ് ആണ്.

ഏകദേശം 6 മടങ്ങോളമാണ് ഈ അന്തരം എന്നത് ഉയർന്ന അസമത്വത്തിന്റെയും ദളിതരുടെ അധഃസ്ഥിതത്വത്തിന്റെയും സൂചന നൽകുന്നു. ഇവരുടെ ഭൂഉടമസ്ഥതിയിൽ ഉള്ള ഭൂമിയിൽ ശരാശരി 1.49 സെന്റ് തരിശും, 0.37 സെന്റ് ഭൂമി ഉപയോഗയോഗ്യമല്ലാത്തും ആണ്. സംസ്ഥാനത്ത് 1721.91 ഏക്കർ ഭൂമിയാണ് സർക്കാർ ദളിതർക്ക് കുടിയിരിപ്പായി നൽകിയത്. 1877.53 ഏക്കർ ഭൂമിയായി കുടികിടപ്പവകാശത്തിലൂടെ ദളിത് കുടുംബങ്ങൾക്ക് ലഭിച്ചത്. 413.05 ഏക്കർ ഭൂമിയാണ് റവന്യൂ പുറമ്പോക്കായി അവർക്ക് ലഭിച്ചത്.

### വിദ്യാഭ്യാസം

സംസ്ഥാനത്തെ ദളിതരുടെ വിദ്യാഭ്യാസ നില അഖിലേന്ത്യാ ശരാശരിയെക്കാൾ വളരെ മെച്ചപ്പെട്ടതാണെങ്കിലും കേരളത്തിലെ പൊതുസ്ഥിതിയെ അപേക്ഷിച്ച് പിന്നിലാണ്. 2011ലെ സെൻസസ് കണക്കുകൾ പ്രകാരം ഇന്ത്യൻ ശരാശരി 66.1 ആയിരിക്കുമ്പോൾ കേരളത്തിൽ 88.7 ആണ്. എന്നാൽ ദളിതരുടെ സാക്ഷരതാ നിരക്ക് ഇപ്പോഴും പൊതുസാക്ഷരതാനിരക്കിനേക്കാൾ (94 ശതമാനം) 5.3 ശതമാനം താഴെയാണ്. 2011ൽ മൊത്തം സ്കൂളിൽ പ്രവേശിച്ച കുട്ടികളുടെ 11.5 ശതമാനം പട്ടികജാതിക്കാരായിരുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ 1991ൽ വിജയനിരക്ക് കേവലം 19.2 ശതമാനം ആയിരുന്നു. 2011-ൽ 80.9 ആയി. എന്നാൽ ഇത് പൊതുനിരക്കിനെ (91.4) അപേക്ഷിച്ച് തഴെയാണ്. 2005-06ലെ കണക്ക് പ്രകാരം പൊതു വിഭാഗങ്ങളിലെ കൊഴിഞ്ഞ് പോക്ക് നിരക്ക് 1.46 ശതമാനം ആയിരിക്കുമ്പോൾ ദളിതർക്കിടയിൽ ഇത് 3.66 ശതമാനം ആണ്. (കേരള വികസന റിപ്പോർട്ട് 2008).

2014-ൽ കേരളത്തിൽ വിവിധ ഘട്ടങ്ങളിലായി പഠനം നിർത്തിയ 55318 ദളിത് വിദ്യാർത്ഥികൾ ഉണ്ട്. ഇതിൽ 29346 പേർ ആൺകുട്ടികളും 25972 പേർ പെൺകുട്ടികളും ആണ്. ഏറ്റവും കൂടുതൽ കുട്ടികൾ (24913) പഠനം നിർത്തുന്നത് എസ്.എസ്.എൽ.സി ഘട്ടത്തിൽ ആണ്. ഹയർ സെക്കണ്ടറിയിൽ 10996 ഉം ബിരുദ തലത്തിൽ 3775 പേരും പഠനം നിർത്തുന്നു. ആദിവാസികളുടെ കാര്യത്തിലേതു പോലെ തന്നെ തോൽവി (20034), സാമ്പത്തിക പരാധീനത (7304) എന്നിവയാണ് പഠനം ഇടയ്ക്കു നിർത്തുന്നതിന് മുഖ്യ കാരണങ്ങൾ. 2011 ലെ കണക്ക് പ്രകാരം ദളിത് വിഭാഗത്തിലെ 64421 പേർ പ്ലസ്ടുവിനും, 4504 പേർ വൊക്കേഷണൽ ഹർസെക്കൻഡറിക്കും, 26445 പേർ ബിരുദത്തിനും 4557 പേർ ബിരുദാനന്തര ബിരുദത്തിനും പഠിക്കുന്നുണ്ട്. ദളിതരുടെ വിദ്യാഭ്യാസ നിലപരിശോധിച്ച കിലയുടെ കണക്കുകൾ പ്രകാരം 224909 പേർ നിരക്ഷരരാണ്. 20-29 പ്രായത്തിൽ പെട്ട 36950 പേർക്ക് പ്രാഥമിക വിദ്യാഭ്യാസം മാത്രമേ ഉള്ളൂ. ഭൂരിഭാഗം ദളിതരും തങ്ങളുടെ വിദ്യാഭ്യാസജീവിതം സെക്കണ്ടറി, ഹയർ സെക്കണ്ടറി തലത്തിൽ ഒതുക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ബിരുദതലത്തിലും അതിനു മുകളിലും ഉള്ള സാന്നിദ്ധ്യം വളരെ പരിമിതമാണ്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലേയും പങ്കാളിത്തം വളരെ കുറവാണ്.

കേരളത്തിലെ ദളിത് വിഭാഗങ്ങളുടെ ജനസംഖ്യയിലെ സ്ത്രീപുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 1057 സ്ത്രീകൾ എന്നതാണ്. എന്നാൽ അടുത്ത കാലത്ത് 0-6 പ്രായക്കാർക്കിടയിലെ സ്ത്രീപുരുഷ അനുപാതം കുറയുന്നതായി കണക്കുകൾ കാണിക്കുന്നു. സംസ്ഥാനത്തെ 26188 ദളിത് സങ്കേതങ്ങളിൽ 17539 എണ്ണത്തിനും 5 കി.മീറ്ററിനുള്ളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രമുണ്ട്. എന്നാൽ 5428 എണ്ണത്തിൽ 25 കി.മീ.ദൂരത്തിൽ കൂടുതൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ഉണ്ട്. ഈ റിപ്പോർട്ടു പ്രകാരം 60825 കുടുംബങ്ങളിൽ നിത്യരോഗികളോ മാരകരോഗം ബാധിച്ചവരോ ഉണ്ട്. ഇതിൽ 2588 പേർ കാൻസർ ബാധിതരും, 1904 പേർ ക്ഷയരോഗബാധിതരും. 1567 പേർ കുഷ്ഠരോഗ ബാധിതരും 9985 പേർ ഹൃദ്രോഗബാധിതരും, 2005 പേർ എയ്ഡ്സ് രോഗബാധിതരും ആണ്.

### തൊഴിൽ

കേരളത്തിലെ പട്ടികജാതിക്കാരിൽ 32 ശതമാനം കാർഷികമേഖലയിലാണ് പണിയെടുക്കുന്നത്. പൊതുവിഭാഗത്തിൽ ഇത് 21 ശതമാനമാണ്. പട്ടികവർഗക്കാരിൽ 72 ശതമാനവും കാർഷികമേഖലയിൽ തൊഴിലെടുക്കുന്നു.

**പട്ടിക 19.2**
**ദളിതരിൽ മുഖ്യതൊഴിലുകാരുടെ പങ്കാളിത്തം (2011)**

| വിഭാഗം | കേരളം | ദളിതർ | ആദിവാസി |
|---|---|---|---|
| മുഖ്യതൊഴിലുകാർ | 27.9 | 32.9 | 33.3 |
| കൃഷിക്കാർ | 7.2 | 2.3 | 12.9 |
| കർഷകത്തൊഴിലാളികൾ | 14.4 | 29.9 | 59.5 |
| കുടിൽ വ്യവസായം | 2.9 | 2.1 | 1.7 |
| മറ്റു സേവനങ്ങൾ | 75.7 | 65.7 | 25.8 |

ദളിതരുടെ തൊഴിൽപങ്കാളിത്തനിരക്ക് പൊതുശരാശരിയെക്കാൾ ഉയർന്നതാണ്. 2011-ൽ മുഖ്യതൊഴിലുകാരുടെ പങ്കാളിത്തം സംസ്ഥാന ശരാശരി 28 ആയിരുന്നപ്പോൾ പട്ടികജാതിക്കാരുടേത് 33 ആയിരുന്നു. പക്ഷേ, ഈ പങ്കാളിത്തനിരക്ക് കുറഞ്ഞുവരികയാണ്. പട്ടികജാതിക്കാരിൽ 40 ശതമാനം പേർ മുഖ്യതൊഴിലുകാരായിരുന്നു. അതുപോലെതന്നെ നാടകീയ വ്യത്യാസം തൊഴിൽഘടനയിൽ കാണാം. ദളിതരിലെ മുഖ്യതൊഴിലുകാരിൽ കൃഷിക്കാരുടെ ശതമാനം കേവലം 2.3 ശതമാനം മാത്രമാണ്. അതേസമയം 1991ൽ 54 ശതമാനം കർഷകത്തൊഴിലാളികളായിരുന്നു. 2011 ആയപ്പോഴേയ്ക്കും അവരുടെ ശതമാനം 30 ആയി കുറഞ്ഞിട്ടുണ്ട്. 1991 ൽ പൊതുജനസംഖ്യയിൽ കർ

ഷകത്തൊഴിലാളികൾ 26 ശതമാനമേ വരൂ. ഇപ്പോൾ ഈ തോത് 12.4 ശതമാനമാണ്.

കേരളത്തിലെ കർഷകത്തൊഴിലാളികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള ഗണ്യമായ കുറവ് ദളിതരിലും പ്രതിഫലിക്കുന്നുണ്ട്. ഇന്ന് കുടിൽവ്യവസായമേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. അതേസമയം, കാർഷികേതര കുടിൽ വ്യവസായേതര മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം ശ്രദ്ധേയമായി ഉയർന്നു. പൊതുജനസംഖ്യയിൽ 2011ൽ മൊത്തം ജനസംഖ്യയിൽ 76 ശതമാനം പേർ സംഘടിതവ്യവസായ മേഖലയിലും സേവനത്തുറകളിലും ആണ് തൊഴിലെടുക്കുന്നത്. ദളിതരുടെ ഈ മേഖലയിലെ പങ്കാളിത്തത്തിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനിടയിൽ ശ്രദ്ധേയമായ വർദ്ധനയുണ്ടായിട്ടുണ്ട്. 66 ശതമാനം ദളിതരും ഈ തുറകളിലാണ് തൊഴിൽ ചെയ്യുന്നത്. ദളിതർക്കിടയിലുള്ള നാമമാത്ര തൊഴിലാളികളുടെ ശതമാനം 4.38ൽ നിന്ന് 10.9 ശതമാനമായും ഈ 1991നും 2011നും ഇടയിൽ വർദ്ധിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ നിന്നും കാർഷികേതര മേഖലയിലേയ്ക്കുള്ള മാറ്റം സ്വാഗതം ചെയ്യപ്പെടേണ്ടതാണെങ്കിലും ദളിതരിൽ മഹാഭൂരിപക്ഷവും ഇവിടങ്ങളിലെ അസംഘടിത മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. 2011ലെ കിലയുടെ സെൻസസ് 15–59 വയസ് പ്രായത്തിലുള്ള തൊഴിലെടുക്കുന്ന 8.3 ലക്ഷം ദളിതരിൽ 37214 പേരേ സർക്കാർ ഉദ്യോഗങ്ങളിലുള്ളൂ. സ്വകാര്യ മേഖലയിൽ സ്ഥിരജോലി ചെയ്യുന്നവരുടെ എണ്ണം 11214 ആണ്. സംഘടിതമേഖലയിലെ ദളിതരുടെ തൊഴിൽ പങ്കാളിത്തം മുഖ്യമായും പൊതുമേഖലയിലാണെന്നു കാണാം. ചുരുക്കത്തിൽ ദളിതരിൽ ഭൂരിഭാഗവും കാർഷികമേഖലയിലോ കാർഷികേതര അസംഘടിതമേഖലയിലോ ആണ് തൊഴിലെടുക്കുന്നത്. വളരെ ചെറിയ ശതമാനത്തിന് മാത്രമാണ് സർക്കാർ ജോലിയോ സ്വകാര്യ മേഖലയിലെ സ്ഥിരം ജോലികളോ ലഭിക്കുന്നത്. കേരളത്തിന്റെ പൊതുസാമൂഹ്യ ചലനാത്മകതയിൽ നിർണ്ണായക പങ്കുവഹിച്ച ഭൂമിയുടെ ഉടമസ്ഥതയിലും വിദ്യാഭ്യാസനിലയിലും ദളിതരുടെ പിന്നോക്കാവസ്ഥ അവരെ പരമ്പരാഗത തൊഴിൽ മേഖലകളിൽ തന്നെ തളച്ചിടുന്നു.

## IV. ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

ഭൂഉടമസ്ഥത, കുടുംബങ്ങൾക്ക് ലഭ്യമായ അടിസ്ഥാനസൗകര്യങ്ങൾ എന്നിവ പരിഗണിക്കുമ്പോഴാണ് ദളിതരുടെ അവികസിതമായ ജീവിതാവസ്ഥ വ്യക്തമായി വെളിവാക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഇടപെടലുകളിലൂടെ ദളിതരുടെ കുടുംബ സാഹചര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ലഭ്യത എന്നീ കാര്യങ്ങളിൽ വലിയ മാറ്റങ്ങൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിൽ ദൃശ്യമാണ്. എങ്കിലും ഇപ്പോഴും അവരുടെ സ്ഥിതി മുഖ്യധാരാ വികസന സൂചകങ്ങളിൽ നിന്ന് ഏറെ താഴെയാണ്. കേരളത്തിലെ 9 ശതമാനം വരുന്ന ദളിതരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യ അസംതുലിതാവസ്ഥ പരിഹരിക്കുന്നതിനും ഇച്ഛാശക്തിയോടെയുള്ള നടപടികൾ ഇത് അനിവാര്യമാക്കുന്നു.

1. ദളിതരുടെ ഭൂ ഉടമസ്ഥത മെച്ചപ്പെടുത്തുന്നതിന് കഴിയാവുന്ന എല്ലാ നടപടികളും കൈക്കൊള്ളണം. ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ 22000–ത്തോളം വരുന്ന ഭൂരഹിത കുടുംങ്ങൾക്ക് അടിയന്തരമായി വിതരണം ചെയ്യണം. ഇതോടൊപ്പം ആദിവാസികളുടെ കാര്യത്തിൽ പറഞ്ഞതുപോലെ സാധ്യമായ ഇടങ്ങളിലെല്ലാം പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിലെ സർക്കാർ ഏറ്റെടുത്ത് അവ അവയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലെ ദളിതർക്ക് കൃഷിഭൂമിയായി വിതരണം ചെയ്യണം. ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്നതുമായ പുറമ്പോക്കു ഭൂമികളുടെ കണക്കെടുത്ത് അവ ദളിതർക്ക് കൃഷിഭൂമിയായി വിതരണം ചെയ്യണം. സർക്കാർ അനുവദിച്ച് നൽകുന്ന പുറമ്പോക്ക്, മിച്ചഭൂമി ഉപയോഗയോഗ്യമായ ഭൂമിയാണെന്ന് ഉറപ്പാക്കണം. ഭൂമി മുൻകൂട്ടികണ്ട് അംഗീകരിക്കാനുള്ള അവകാശം ഗുണഭോക്തൃ കുടുംബങ്ങൾക്ക് നൽകണം.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസന വകുപ്പ് എന്നിവ ഭൂമിവാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതികളിൽ ദളിത് കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുന്നതിന് സ്വാതന്ത്ര്യം നൽകണം. അതത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ കണ്ടുപിടിക്കുന്ന ഭൂമിയുടെ വിപണി വില അവർക്ക് ധനസഹായമായി നൽകണം. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ ഗുണഭോക്താക്കൾ ഒരുമിച്ച് കുറഞ്ഞ വിലക്ക് ഒരിടത്ത് ഭൂമി വാങ്ങി വീണ്ടും കോളനികൾ രൂപപ്പെടുന്നത് ഇതിലൂടെ ഒഴിവാക്കാം.
3. ദളിതർക്കായുള്ള ഭവന നിർമ്മാണ പദ്ധതികളുടെ കാര്യത്തിൽ തല ചായ്ക്കാനിടം ഇല്ലാതിരുന്ന കുടുംബങ്ങൾക്ക് കുറഞ്ഞ സൗകര്യങ്ങൾ ഉള്ളതാണെങ്കിലും വീട് നിർമ്മിച്ചു നൽകുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക ഘടകപദ്ധതികൾ ഏറെ വിജയിച്ചിട്ടുണ്ട്. ദളിതരുടെ ഭവന പ്രശ്നത്തെ ഒരു രണ്ടാം തലമുറ പ്രശ്നം എന്ന നിലയിൽ കാണാൻ ഇനി കഴിയണം. അതിന് ആദിവാസികളുടെ കാര്യത്തിൽ പറഞ്ഞതുപോലെ വ്യത്യസ്തമായ ഒരു സമീപനം കൈക്കൊള്ളണം. ദളിത് കുടുംബങ്ങളുടെ അംഗങ്ങൾക്ക് ആനുപാതികമായി വീടിന്റെ വലിപ്പം നിർണ്ണയിക്കുന്നതിന് കഴിയണം. പഠിക്കുന്ന കുട്ടികൾ ഉള്ള വീടുകളിൽ അവർക്ക് സ്വന്തമായ ഒരു പഠന മുറി പ്ലാനിന്റെ ഭാഗമായി ഉണ്ടാക്കണം.

4. ഓരോ ആവാസസങ്കേതത്തിനും മിനിമം വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ നിശ്ചയിക്കണം. ഇതിനു പുറമേ ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ തുടങ്ങി അധികമായി വേണ്ടുന്ന സൗകര്യങ്ങൾ കൂടി നിർണയിക്കണം. ഇവ ഒരു പാക്കേജായി മുഴുവൻ സങ്കേതങ്ങളിലും അഞ്ചു വർഷം കൊണ്ട് ലഭ്യമാക്കുന്നതിന് ഒരു പ്രത്യേക പരിപാടി തയ്യാറാക്കണം. കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കോളനികളിലെ വീടുകളുടെ മേൽപ്പുരകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള മഴവെള്ള സംഭരണി, കിണറുകൾ റീചാർജ് ചെയ്യുന്നതിനുള്ള മഴവെള്ള സംഭരണ സംവിധാനം എന്നിവ ആലോചിക്കാം. കോളനികളിൽ പൈപ്പ് വഴിയുള്ള കുടിവള്ളം എത്തിക്കുന്നതിനും മുൻഗണന നൽകാം. ഇതോടൊപ്പം കോളനികളിലെ കുടുംബങ്ങളുടെ കക്കൂസ് സംവിധാനത്തെ ഒരിടത്തേക്ക് ബന്ധിപ്പിച്ച് കക്കൂസ് അധിഷ്ഠിത സാമൂഹ്യ ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ച് അതിൽ നിന്ന് വീടുകളിലേക്ക് കണക്ഷനുകൾ നൽകുന്ന രീതി പ്രയോഗിക്കാം.

## വിദ്യാഭ്യാസം

5. കേരളത്തിലെ ദളിതരിൽ ഭൂരിഭാഗവും പഠിക്കുന്നത് സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ ആണ്. ഈ പൊതു സംവിധാനങ്ങളിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തേണ്ടത് വിദ്യാഭ്യാസ ചലനാത്മതയിൽ നിർണ്ണായകമാണ്. ദളിത് വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടേയും, കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് പഠനത്തിനിടയിൽ കൂടുതലാണ് എന്ന് നാം കണ്ടു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ദ്വിമുഖ തന്ത്രം അനിവാര്യമാണ്. സ്കൂളുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം തുടർച്ചയായി നൽകുന്നതിന് സൗകര്യം ഉണ്ടാക്കണം.

6. ഇതോടൊപ്പം 25 ൽ കൂടുതൽ ദളിത് കുടുംബങ്ങൾ പാർക്കുന്ന സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ദളിത് വിദ്യാർത്ഥികൾക്ക് ഗൃഹാന്തരീക്ഷത്തിൽ നിന്ന് മാറി പഠിക്കുന്നതിനുള്ള പഠന വീട് എന്ന ഒരു സംവിധാനം ആലോചിക്കണം. മുമ്പ് സൂചിപ്പിച്ച പോലെ സങ്കേതങ്ങളിൽ നിർമ്മിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളോട് ചേർന്ന് ഈ സംവിധാനം ഒരുക്കാം. കുട്ടികൾക്ക് രാവിലെയും വൈകീട്ടും ഈ കേന്ദ്രങ്ങളിൽ പഠന സഹായത്തിന് യോഗ്യമായ ആളുകളെ ചെറിയ പ്രതിഫലം നൽകി നിയമിക്കാം. കുട്ടികൾക്ക് ദിവസത്തിൽ രാവിലെയോ, വൈകീട്ടോ ലഘുഭക്ഷണം നൽകുന്നതിനുള്ള സംവിധാനവും ഇവിടെ ഒരുക്കാം. പഠനവീടുകളുടെ ഭാഗമായി കലാകായിക പരിശീലനത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താം. മത്സരപരീക്ഷകൾക്കും സർക്കാർ പരീക്ഷകൾക്കും ഉള്ള പരിശീലന കേന്ദ്രങ്ങളായും പഠനവീടുകളെ പ്രയോജനപ്പെടുത്താം.

7. ദളിത് കുട്ടികൾക്കുവേണ്ടിയുള്ള പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ ആധുനീകരിക്കണം. മികച്ച മുറികൾ, ഫർണീച്ചറുകൾ, മുറികളിൽ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും, പഠനത്തിനുള്ള സൗകര്യം, ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർലാബ്, മുറികളിൽ ഇന്റർനെറ്റ് സംവിധാനം, കുട്ടികൾക്ക് ആനുപാതികമായ എണ്ണം ടോയ്‌ലറ്റുകൾ, കുടിവെള്ള സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ, കായിക പരിശീലന കേന്ദ്രങ്ങൾ, പാൽ, മുട്ട, മാംസം, മത്സ്യം, ധാന്യകങ്ങൾ എല്ലാം അടങ്ങിയ പോഷക സമൃദ്ധമായ ഭക്ഷണം എന്നിവ ഹോസ്റ്റലുകളിൽ ലഭ്യമാക്കണം. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ കാര്യത്തിൽ കുട്ടികളുടെ പഠന സഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിലെങ്കിലും ട്യൂട്ടർമാരെ നിയമിക്കണം. ഇവയുടെ നടത്തിപ്പിന്റെ ഉത്തരവാദിത്വം ജില്ലാ പഞ്ചായത്തുകൾക്കാകണം. ജില്ലാ പഞ്ചായത്ത് ഒരു സോഷ്യൽ ഓഡിറ്റ് സമിതിയെ നിശ്ചയിച്ച് മൂന്ന് മാസത്തിൽ ഒരിക്കൽ പ്രവർത്തനം വിലയിരുത്തണം. ഈ റിപ്പോർട്ട് പൊതുരേഖയായി ലഭ്യമാക്കണം. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കാൻ ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം നൽകണം.

8. ദളിത് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യത്തിലും ഇതേ രീതി പിന്തുടരണം. മൾട്ടി മീഡിയ സൗകര്യങ്ങളുള്ള സ്കൂൾ ക്ലാസ് റൂം, ആധുനിക ഉപകരണങ്ങളും ഉള്ള കളിസ്ഥലങ്ങൾ, ആധുനിക സൗകര്യങ്ങളോടു കൂടിയതും വൃത്തിയുള്ളതുമായ പാചകപ്പുരകളും ഭക്ഷണപ്പുരകളും, കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്‌ലറ്റ് സംവിധാനം, ശുദ്ധീകരിച്ച കുടിവെള്ള വിതരണ സംവിധാനം, മികച്ച ഹോസ്റ്റൽ സൗകര്യങ്ങൾ, ഇന്റർനെറ്റ് സംവിധാനം എന്നിവ സ്കൂളുകളിൽ നടപ്പാക്കണം. ഹൈസ്കൂൾ തലം മുതൽ കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകളും ലഭ്യമാക്കണം. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിന് സ്കൂൾ മാനേജ്മെന്റ് സമിതികൾ രൂപികരിക്കണം. ഇവയിൽ ജില്ലാപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പെഴ്സണർമാർ, വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, രക്ഷിതാക്കളുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളാകണം. ഇത്തരം മാനേജ്മെന്റ് സമിതികൾ പോസ്റ്റ്–പ്രീ മെട്രിക് ഹോസ്റ്റലുകളിലും രൂപീകരിക്കണം. സ്കൂളുകളുടെ പ്രവർത്തനങ്ങൾ ഒരു സാമൂഹ്യ പരിശോധനാസമിതി വിലയിരുത്തി രക്ഷിതാക്കൾ, പൊതുപ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ എന്നിവർ അടങ്ങുന്ന യോഗങ്ങൾ മൂന്ന് മാസത്തിൽ ഒരിക്കൽ വിളിച്ചുചേർത്ത് റിപ്പോർട്ടു ചർച്ച ചെയ്യണം. ഓരോ അധ്യാപകനും/അധ്യാപകരും പഠിപ്പിക്കുന്ന കുട്ടികളുടെ അക്കാദമിക പ്രകടനം വിലയിരുത്തി

അധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട് ഉണ്ടാക്കണം. അധ്യാപകരുടെ സ്ഥാനക്കയറ്റം, ഇൻക്രിമെന്റ് എന്നീ കാര്യങ്ങൾ ഇത് മാനദണ്ഡമാക്കണം.

9. ദളിത് വിദ്യാർത്ഥികൾക്ക് നൽകുന്ന പഠന ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കണം. പ്രൈമറി, അപ്പർപ്രൈമറി, തലങ്ങളിൽ ഇത് മാസത്തിൽ 750 രൂപയും, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിൽ 1000 രൂപയും ആക്കി വർദ്ധിപ്പിക്കണം. ഓരോ 3 വർഷം കൂടുമ്പോഴും ജീവിത ചെലവുകൾക്കനുസരിച്ച് തുക പുതുക്കി നിശ്ചയിക്കണം. ബിരുദ-ബിരുദാന്തരതലത്തിലുള്ള വിദ്യാർത്ഥികൾക്ക് കോളേജ് ഹോസ്റ്റലിൽ താമസിക്കാൻ ചുരുങ്ങിയത് 3000 രൂപ സ്റ്റൈപ്പന്റ് നൽകണം. മൂന്ന് വർഷത്തിൽ ഒരിക്കൽ തുക പുതുക്കണം.
10. ഹയർ സെക്കൻഡറി തലം മുതൽ മുകളിലോട്ട് പഠനം നടത്തുന്ന ദളിത് വിദ്യാർത്ഥികൾക്ക് സ്വന്തമായി കമ്പ്യൂട്ടറുകൾ നൽകാം.
11. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന ദളിത് വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകാനുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (UGC)പദ്ധതികൾ ഇന്ന് കോളേജുകളിൽ നിലവിലുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമായും ഇത്തരം പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ഭാവി പഠന സാധ്യതകൾ, തൊഴിൽസാധ്യതകൾ, മത്സരപരീക്ഷകൾക്കുള്ള പരിശീലനങ്ങൾ, ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്താം. പരിവർത്തനനാത്മക പഠന പദ്ധതികൾ ആകണം ഇത്തരം ഘട്ടങ്ങളിൽ (Transformative learning) അവലംബിക്കേണ്ടത്.
12. ദളിത് വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗം തോൽവി മൂലം പഠനം നിർത്തുന്നവരാണ്. എഞ്ചിനീയറിംഗ് ബിരുദം, ഡിപ്ലോമ പോലുള്ള സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിൽ ഇത് കൂടുതലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫിനിഷിഗ് സ്കൂളുകൾ ജില്ലയിൽ 2-3 കേന്ദ്രങ്ങളിലായി സ്ഥാപിക്കണം.

### തൊഴിൽ

13. ദളിത് വിഭാഗത്തിൽ വിദ്യാഭ്യാസം നേടിയ ഭൂരിഭാഗവും കാർഷിക-കാർഷിക അനുബന്ധ മേഖലകളിൽ തൊഴിലെടുക്കുന്നവരാണ്. ഈ മേഖലകളിൽ പ്രൊഫഷണൽ പരിശീലനങ്ങളിലൂടെ വൈദഗ്ധ്യം നൽകി വിലപേശൽ ശേഷി ഉയർത്തേണ്ടതുണ്ട്. ഇതിനായി ഓരോ പ്രദേശത്തും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ വിവിധ തൊഴിൽ മേഖലകളിൽ സേവനം നൽകുന്ന തൊഴിൽസേനകൾ ആരംഭിക്കാം. ഇവയിൽ തത്പരരായ മറ്റു വിഭാഗങ്ങൾക്കും അംഗത്വം നൽകാം. കാർഷിക യന്ത്രവത്ക്കരണം, കാർപെന്ററി, കെട്ടിട നിർമ്മാണം, പ്ലംബിംഗ്, ടൈലറിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, ഗൃഹോപകരണ റിപ്പയറിംഗ് തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിൽ തൊഴിൽ പരിശീലനം നൽകി ചെയ്യുന്ന തൊഴിലാളികളുടെ അടിസ്ഥാനത്തിൽ വേതനം നിശ്ചയിച്ച് പി. എഫ്, പെൻഷൻ മുതലായ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കി തൊഴിൽസേനകളിൽ സ്ത്രീകൾക്ക് പ്രത്യേക മുൻഗണന നൽകണം.
14. സ്വകാര്യമേഖലയിലും തൊഴിൽ സംവരണം ഏർപ്പെടുത്തണം.

### ആരോഗ്യ പരിരക്ഷ

15. ഗ്രാമീണ ദളിതരിൽ 21.6 ശതമാനം പേരും, നഗര ദളിതരിൽ 32.5 പേരും ദരിദ്രരാണ്. ദളിത് വിഭാഗത്തിലെ ദരിദ്രരുടെ നിരക്ക് മറ്റു പൊതുവിഭാഗങ്ങളേക്കാൾ 15 ശതമാനം ഉയർന്നതാണ്. സംഘടിത മേഖലയിൽ ജോലിയുള്ളവർ ഒഴികെയുള്ള മുഴുവൻ ദളിത് കുടുംബങ്ങളെയും ബിപിഎൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതാണ്.
16. പ്രാദേശിക സർക്കാരുകളുടെ ദളിതർക്കായുള്ള പ്രത്യേകപദ്ധതികളെ കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമഗ്രവിലയിരുത്തിലിന് വിധേയമാക്കി മാർഗ്ഗരേഖകൾ കാലാനുസൃതമായി പരിഷ്കരിക്കണം. ദളിത് വികസനത്തിന്റെ കാര്യത്തിൽ രണ്ടാം തലമുറ ലക്ഷ്യങ്ങളെ തേടുന്ന തരത്തിലേക്ക് പ്രാദേശിക സർക്കാർ പദ്ധതികളെ മാറ്റാനാകണം. ദളിതർക്ക്, താമസക്കാർക്ക് ആനുപാതികമായ വലിപ്പമുള്ള പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കുക, ദളിത് കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തൊഴിൽ വൈവിധ്യവത്കരണത്തിനായുള്ള പദ്ധതികൾ നടപ്പാക്കുക, പഠന പിന്നോക്കാവസ്ഥ മറികടക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക, സാമൂഹ്യ ചലനാത്മകത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കുക, ഭൂ ഉടമസ്ഥത വർദ്ധിപ്പിക്കുക മുതലായ രണ്ടാംതലമുറ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്ന തരത്തിലേക്ക് പ്രാദേശിക സർക്കാരുകളെ മാറ്റാൻ കഴിയണം.
17. പ്രാദേശിക സർക്കാരുകൾക്ക് തങ്ങളുടെ പ്രദേശത്തെ ഓരോ ദളിത് കുടുംബത്തിനും പ്രത്യേക പരിഗണന നൽകുന്ന തരത്തിൽ കുടുംബാധിഷ്ഠിത സമീപനം (Family based opportunty) ദളിത് വികസന പദ്ധതികളുടെ ആസൂത്രണത്തിലും, നടത്തിപ്പിലും കൊണ്ടുവരാൻ കഴിയണം. ദളിത് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വർഷത്തിൽ ഒരിക്കൽ പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ ദളിതരുടെ പ്രത്യേക ഗ്രാമസഭകൾ വിളിച്ചു ചേർക്കാം. പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനും പ്രാദേശിക സർക്കാരുകൾ വൈ

ദഗ്ദ്യത്തിനായി അക്കാദമിക സ്ഥാപനങ്ങളുടെ പിന്തുണ തേടുന്ന രീതി പ്രായോഗികമാക്കാം. ദരിദ്രരായ ദളിത് കുടുംബങ്ങളുടെ വൈവിധ്യങ്ങളായ ആവശ്യങ്ങൾ പരിഗണിച്ചുള്ള സമഗ്രമായ സാമൂഹ്യ സുരക്ഷാ പദ്ധതി പ്രാദേശിക സർക്കാരുകൾക്ക് നടപ്പാക്കാം. ദളിത് കുടുംബങ്ങളിലെ വൃദ്ധർ, വിധവകൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, നിത്യരോഗികൾ, അവിവാഹിതകളായ സ്ത്രീകൾ എന്നിവരുടെ അതിജീവന ആവശ്യങ്ങളെ പരിഗണിക്കുന്ന സമഗ്ര പദ്ധതികളാക്കി ഇവയെ മാറ്റാം.

18. ഒരു പ്രാദേശിക സർക്കാർ പ്രദേശത്തെ മുഴുവൻ ദളിത് കുടുംബങ്ങളുടെയും ഒരു വിവരശേഖരം (database) അതത് സ്ഥാപനങ്ങളുടെ പക്കൽ ഉണ്ടാകണം. ഓരോ സർക്കാർ പദ്ധതികളേയും ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ദളിത് കുടുംബവുമായി ബന്ധിപ്പിക്കണം. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു ഡാറ്റാ മാനേജ്മെന്റ് സെൻർ സംവിധാനം പൊതുവിൽ ഉണ്ടാക്കാം. പഞ്ചായത്ത്/നഗരസഭയിലെ എസ്.സി പ്രൊമോട്ടർമാരെ ഈ വിവരശേഖരം തയ്യാറാക്കുന്നതിന്റേയും, കുടുംബങ്ങളിലേക്ക് വിവിധ സർക്കാർ പദ്ധതികളുടെ സേവനങ്ങൾ എത്തിക്കുന്നതിന്റേയും ചുമതല ഏൽപ്പിക്കാം. ദളിതർക്ക് സർക്കാർ സേവനങ്ങൾ ഫലപ്രദമായി എത്തിക്കുന്നതിനുള്ള സംവിധാനമാക്കി ഈ ഡാറ്റാ മാനേജ്മെന്റ് സെന്ററിനെ ഉപയോഗിക്കാം. ഓരോ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഓരോ ദളിത് കുടുംബങ്ങൾക്ക് ലഭിക്കുമ്പോഴും അതിന്റെ വിവരങ്ങൾ പുതുക്കിക്കൊണ്ടിരിക്കണം. ഈ ചുമതല വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, എസ്.സി പ്രൊമോട്ടർ എന്നിവരെ ഏൽപ്പിക്കാം. വർഷത്തിൽ ഒരിക്കൽ ദളിത് വികസന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് ദളിത് കുടുംബങ്ങളുടെ പ്രത്യേക ഗ്രാമസഭകൾ പഞ്ചായത്ത്/നഗരസഭ തലങ്ങളിൽ വിളിച്ചു ചേർത്ത് നടത്തണം. 500ൽ കൂടുതൽ കുടുംബങ്ങൾ വരുന്ന ഘട്ടത്തിൽ അത് പഞ്ചായത്ത്/നഗരസഭ പ്രദേശത്ത് വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ നടത്തണം.

## അവലംബം


### അനുബന്ധസെമിനാർ പ്രബന്ധങ്ങൾ

1. വി.കെ മോഹൻകുമാർ, കിർത്താഡ്സ് (2015): "പട്ടികവർഗ്ഗ ഉപപദ്ധതി- സ്വപ്നവും യാഥാർത്ഥ്യവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 11-14
2. Kunhikrishnan V (2015): ''Do institutional Changes Matter? Performance of Tribal Sub-Plan in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 15-23
3. Nishamol M and Dr Rajesh K (2015): ''Re-examining Tribal Sub Plan (TSP) in the context of continuing the sustenance of tribal deprivation in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 23-27
4. Siamlal TA (2015): ''Gaps in Democracy and Development: A Case of Special Component Plan (SCP) and Tribal Sub Plan (TSP) in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 28-39
5. Ajesh Babu KP (2015): ''Decentralization and Dalit Development: Issues of Special Component Plan Allocation and Utilization in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 39-43
6. Sivanandan P (2015): ''Struggle for survival - Experience of the scheduled communities in kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 43-47
7. C.R. Yadu and Vijayasuryan C.K (2015): '''Triple Exclusion' in the Land Ownership of Dalits in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 48-54
8. രാജേന്ദ്ര പ്രസാദ്, ഗോത്രഭൂമി (2015): "ആദിവാസി ജീവിതവും അതിജീവന പ്രതിസന്ധിയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 54-58
9. ജി. ഹൃഷികേശൻ നായർ (2015): ''കേരളത്തിലെ പട്ടിക വർഗ്ഗക്കാരുടെ ഭൂപ്രശ്നവും പരിഹാരവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 58-60
10. Aparna P (2015): ''Land alienation and poverty among the tribal population of Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 60
11. Mini PV (2015): ''Ascent, descent and dissent of a major tribal rehabilitation project in kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 61-63
12. ഡോ.കെ. രാജേഷ് (2015): ''ദളിത് ശാക്തീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 63-68
13. Sreeraj AP (2015): ''Caste Inequalities in Kerala; Explanations from NSSO 61st and 66th Rounds'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 68
14. Shamila VU (2015): ''Marginal economic development of dalit'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 68-71
15. Prashobha (2015): ''Tribals and the Changing Employment Structure in Kerala: A Journey so far'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 72
16. Jyothsna Bharathan (2015): ''The historical background to indebtedness among dalits: Forms ,Sources ,Avenues of Formal and Informal Credit: A case study of Ezhikkadu Colony (Pathanamthitta ).'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 71
17. Manikantan A D (2015): ''An assessment of the MGNREGS in attappady tribal block in kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 72-76
18. Jeeja KS (2015): ''Multinational investment: marginalization of the subaltern'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 76-79
19. Dr. Alice MD (2015): "വികസനത്തിലെ അവികസനം- ഒരു അതിജീവന പോരാട്ടം'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 79-81

20. John OJ (2015): ''Development paradigm of tribal communities in kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 82-85
21. Ajitha R (2015): ''Deprivation in Basic Amenities Among Tribal Households in Kerala.'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 85-86
22. സന്ദീപ് കെ (2015): ''ചെങ്ങറ പുനരധിവാസം: പെരിങ്ങോം മേഖലകേന്ദ്രീകരിച്ചുള്ള പഠനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 87-89
23. Rennymon KC (2015): ''Caste Discrimination and the Oppressed of the Oppressed: The Case of Dalit Christians in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 89-94
24. Madhavamenon T (2015): ''Direct democracy in Kerala Ṙ the sub-panchayat level'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 95-100
25. ടി. ദേവി (2015): ''കോടഞ്ചേരി ആദിവാസിമേഖല – ഒരു പഠനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 100-104
26. Surjith M (2015): ''Decentralization and the political inclusion of the marginalized: the case of scheduled tribes in northern kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 104-108
27. ആനന്ദി ടി.കെ (2015): "അട്ടപ്പാടി '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP-108-112
28. Dr. Rajesh Komath (2015): ''Political Economy of Theyyam: A Case of Commoditization of Ritual'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 113
29. ഡോ.കെ.എം പ്രമോദ് (2015): "ആദിവാസി വികസനം – ചില നിരീക്ഷണങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 113-115
30. Roshni Padmanabhan (2015): ''Learning to Learn: Education of Dalits in Kerala- A search through biographies'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 115
31. ഉഷ പി.ഇ (2015): "ആദിവാസി വിദ്യാഭ്യാസം – മൂന്നു പാഠങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 116-117
32. Sheema KG (2015): ''Levels of indebtedness and pattern of repayment: Case studies of loans in higher education in select wards in Kaviyoor Panchayat'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 117
33. സുരേഷ് കെ.പി (2015): "കേരളത്തിലെ ആദിവാസി സമുദായങ്ങളും വിദ്യാഭ്യാസ പങ്കാളിത്തവും: ഒരു അവലോകനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-04, PP- 118-124
34. Sasi C and Nisha (2015): ''Education backwardness of scheduled caste in palakkad with a special preference to vadakkencherry : an analysis'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 124-126
35. Dr.M.Sukumaran (2015): ''Education versus deprivation: a case of Tribals in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 126-130
36. Charles Varghese (2015): ''Adivasis and Schooling: A Critical ReĻection on Perspectives and Experiences'', 4th International Congress on Kerala Studies, Preliminary Seminar -04, PP-130-134
37. Baiju Nath and Ragi M (2015): ''Ekalavya Model Residential School Wyanad : A status survey'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 134-137
38. Dr. Shaharban (2015): ''Educational deprivation (literacy poverty) among tribals in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 137-143
39. Krishnan C (2015): ''Is tribal education in Kerala at crossroads?'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 143-152
40. Unnikrishnan Namboodiri and Ajeesh EC (2015): ''Inter community variation in education and health: a study of scheduled tribes in Wayanad, Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 153-156
41. Ramya PM (2015): ''Health of Tribal Unwed Mothers in Thirunelli Grama Panchayath, Wayanad District, Kerala: A case study.'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 157-163
42. Deepa VK (2015): ''Forest Policies and the Tribal Healers'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 164
43. Manju S Nair and Aruna Anand (2015): ''Health Care Responsibility of lsgs : An Analysis of Effectiveness in Tribal Settlements'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 164-165
44. Sunitha A S (2015): ''Food-Health Nexus vis-à-vis Welfare Loss of the Tribes in Kerala'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 165
45. Biji Jacob oommen (2015): ''The Missing State: Concerns on Public Health Issues and Role of the State'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 165
46. Joseph EG (2015): ''Child marriage among the tribal communities of Wayanad: the role of local self govts to combat the situation'', 4th International Congress on Kerala Studies, Preliminary Seminar -04, PP- 166-172

അധ്യായം 20

# സ്ത്രീപദവിയും വികസനവും

കേരളവികസന മാതൃകയുടെ ഏറ്റവും പ്രധാന നേട്ടങ്ങളിലൊന്ന് കേരളത്തിലെ സ്ത്രീകൾ ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും നേടിയ പുരോഗതിയാണ്. ഇക്കാര്യങ്ങളിൽ കേരളത്തിലെ സ്ത്രീകളുടെ നില മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്നതാണ് എന്നു തെളിയിക്കുന്നതിന് ഒട്ടേറെ വസ്തുതകൾ ലഭ്യമാണ്.

ആദ്യം വിഭ്യാഭ്യാസമെടുക്കാം. ദേശീയ സാംപിൾ സർവ്വേയുടെ അവസാന കണക്ക് പ്രകാരം (2009–10) കേരളത്തിലെ ഗ്രാമീണ സ്ത്രീകളുടെ നിരക്ഷരത 15 ശതമാനം ആയിരിക്കുമ്പോൾ ഇന്ത്യയിൽ അത് 47 ശതമാനം ആണ്. നഗര മേഖലയിൽ ഈ തോത് യഥാക്രമം 13 ശതമാനവും 26 ശതമാനവുമാണ്. കേരളത്തിലെ 100 വിദ്യാർത്ഥികളിൽ 54 പേർ പെൺകുട്ടികൾ ആയിരിക്കുമ്പോൾ ഇന്ത്യയിൽ അത് 40 മാത്രമാണ്. ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ ഈ തോത് യഥാക്രമം 69 ഉം 44 ഉം ആണ്.

വളരെ പ്രസിദ്ധമായ മറ്റൊരു കണക്ക് കേരളത്തിലെ സ്ത്രീപുരുഷ അനുപാതമാണ്. 2011ൽ കേരളത്തിൽ 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ ഉള്ളപ്പോൾ ഇന്ത്യയിൽ 940 സ്ത്രീകളേ ഉള്ളൂ. സ്വാഭാവികമായി കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം താരതമ്യേന ഉയർന്നതാണ്. സ്ത്രീകളുടെ ആയുർദൈർഘ്യം കേരളത്തിൽ 77 ആയിരിക്കുമ്പോൾ ഇന്ത്യയിൽ അത് 67 ആണ്. ശിശുമരണ നിരക്ക് ഇന്ത്യയിൽ ഏറ്റവും താഴ്ന്നത് കേരളത്തിലാണ്. കുടുംബത്തിലെ ശരാശരി കുട്ടികളുടെ എണ്ണവും താഴ്ന്നത് കേരളത്തിലാണ്. മാതൃമരണനിരക്കും കേരളത്തിലാണ് ഏറ്റവും കുറവ്.

എന്നാൽ, കുട്ടികളുടെ എണ്ണം കുറയുകയും വിദ്യാഭ്യാസ നിലവാരം ഉയരുകയും ചെയ്യുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും ഉയരുന്ന പൊതുരീതിയിൽ നിന്ന് വ്യത്യസ്തമാണ് കേരളത്തിന്റെ അനുഭവം. കേരളത്തിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഔദ്യോഗിക കണക്കുകൾ പ്രകാരം കുറഞ്ഞുവരുന്നു. ഇന്ത്യയിൽ എല്ലായിടത്തും സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്ക് പുരുഷന്മാരെ അപേക്ഷിച്ച് താഴ്ന്നതാണ്. പക്ഷേ, ഈ വ്യത്യാസം ഏറ്റവും പ്രകടമാകുന്നത് കേരളത്തിലാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്കുകൾ പുരുഷന്മാരുടെതിനെക്കാൾ വളരെ കുറവാണ്. വിദ്യാസമ്പന്നരുടെ കാര്യത്തിലും ഇതു തന്നെയാണ് അവസ്ഥ.

പൊതുവിൽ മെച്ചപ്പെട്ട ആരോഗ്യസൂചികകളാണു കേരളത്തിലെ സ്ത്രീകളുടേത്. എന്നാൽ 0–6 പ്രായത്തിൽ പെൺകുട്ടികളുടെ എണ്ണം കേരളത്തിലും കുറഞ്ഞുവരുന്നു. സമൂഹത്തിലെ വിവിധ പ്രായ-വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ, പാർശ്വവൽകൃതവിഭാഗങ്ങളിലെ സ്ത്രീകളുടെ ആരോഗ്യം, ഭിന്ന ലൈംഗിക വിഭാഗങ്ങളുടെ ആരോഗ്യാവകാശങ്ങൾ ഇവയ്ക്കൊന്നും വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. വൃദ്ധരുടെയും വിധവകളുടെയും ഒറ്റയ്ക്ക് ജീവിക്കുന്ന സ്ത്രീകളുടെയും എണ്ണം കേരളത്തിൽ ഉയർന്നു നിൽക്കുന്നുവെന്ന് പറയുമ്പോഴും ഇവരുടെ സാമ്പത്തിക, സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങൾ വികസന വിദഗ്ദ്ധരുടെ ശ്രദ്ധയിലേക്ക് വരുന്നില്ല. ഗാർഹിക പീഡനവും അതിക്രമങ്ങളും പ്രധാനപ്പെട്ട ആരോഗ്യ

പ്രശ്നങ്ങളായിക്കൊണ്ടിരിക്കുന്നു. മാനസികാരോഗ്യത്തിന്റെ കാര്യത്തിൽ കേരളം വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല. കേരളീയ സമൂഹത്തിൽ 0.4 ശതമാനം പേർ മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവരാണ്. ആത്മഹത്യാ പ്രവണതയും കേരളീയരിൽ ഏറെയാണ്.

തൊഴിലിടങ്ങളിലും പൊതുഇടങ്ങളിലും സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങളുടെയും കടന്നാക്രമണങ്ങളുടെയും വർദ്ധന, കുടുംബത്തിലും പുറത്തും നേരിടേണ്ടിവരുന്ന ശാരീരികവും മാനസികവും വൈകാരികവുമായ അതിക്രമങ്ങൾ, സംഘടിത-അസംഘടിത-തൊഴിൽ മേഖലകളിൽ വർദ്ധിച്ചുവരുന്ന അസ്ഥിരത, തൊഴിൽ അവസരനിഷേധം, സദാചാര പോലീസിംഗും ദുരഭിമാനഹത്യ ഉൾപ്പെടെ മത-വർഗീയ-സാമുദായിക സ്വാധീനം തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികൾ പൊതുഇടങ്ങളിലെ സ്ത്രീസാന്നിദ്ധ്യത്തെയും ദൃശ്യതയെയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. അധികാരരംഗത്തെ സ്ത്രീയുടെ സാന്നിധ്യത്തിന്റെ കാര്യത്തിൽ ഇനിയുമേറെ മുന്നോട്ടുപോകാനുണ്ട്. ത്രിതല പഞ്ചായത്തിൽ സംവരണത്തിന്റെ ആനുകൂല്യത്തിൽ അധികാരം പങ്കുവയ്ക്കുന്നതൊഴിച്ചാൽ സാംസ്കാരിക, രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക മണ്ഡലങ്ങളിൽ അധികാര കേന്ദ്രങ്ങളിൽ സ്ത്രീകൾ ഏതാണ്ട് പൂർണ്ണമായും അദൃശ്യരാണ്. തീരുമാനം എടുക്കുന്ന താക്കോൽ പദവികളിൽ കേരളസ്ത്രീക്കിതുവരെ പ്രവേശനം ലഭിച്ചിട്ടില്ല. ശക്തമായിക്കൊണ്ടിരിക്കുന്ന ഭൂരിപക്ഷ-ന്യൂനപക്ഷ വർഗ്ഗീയത സ്ത്രീവിരുദ്ധമാണ്. അനാചാരങ്ങളും മന്ത്രവാദങ്ങളും ശാസ്ത്രബോധത്തിന്റെയും യുക്തിചിന്തയുടെയും അഭാവവും സ്ത്രീയുടെ കീഴാളാവസ്ഥ ദൃഢീകരിക്കുന്നു. മതമൗലികത സ്ത്രീ വിമോചന പോരാട്ടങ്ങളെ ദുർബലമാക്കുന്നു.

കേരളത്തിലെ സ്ത്രീസമൂഹം ഇത്തരത്തിൽ വൈരുദ്ധ്യാത്മകമായ സങ്കീർണ്ണ പ്രശ്നങ്ങളാണ് നേരിടുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ രൂപത്തിലുള്ള അടിച്ചമർത്തലുകളും ചൂഷണവുമാണ് കേരളത്തിൽ ഉണ്ടാകുന്നത്. ട്രാൻസ്ജന്റർ, ദളിത്, ആദിവാസി, സ്ത്രീകൾ എന്നിവർ അനുഭവിക്കുന്ന കൂടുതൽ തീക്ഷ്ണമായ വിവേചനങ്ങൾ വികസന അജണ്ടയിൽ പ്രധാന സ്ഥാനത്തു തന്നെ കടന്നുവരേണ്ടതുണ്ട്. ''കേരള മാതൃകാ വികസനം'' ഏറ്റവുമധികം വിമർശിക്കപ്പെടുന്നതും സ്ത്രീകളുടെ പുരോഗതിയുമായി ബന്ധപ്പെട്ട കാര്യത്തിലാണ്. അതിനാൽ തന്നെ, വിമർശനാത്മകമായ വിലയിരുത്തൽ നടത്തിക്കൊണ്ട് കേരളീയ വികസന പ്രക്രിയയിൽ ഉണ്ടായിട്ടുള്ള ഇത്തരം ദൗർബല്യങ്ങളെ തിരുത്തേണ്ടതുണ്ട്. അതിനാൽ പുത്തൻ കേരള മാതൃകയുടെ സൃഷ്ടിയിൽ സ്ത്രീ ശാക്തീകരണത്തിന് മുൻഗണന നൽകേണ്ടതുണ്ട്. 21 – ാം നൂറ്റാണ്ടിലെ അജണ്ട വികസനം സ്ത്രീ സൗഹാർദ്ദപരമാക്കുന്നതെങ്ങനെയെന്ന ചോദ്യത്തിനാണ് ഉത്തരം കണ്ടെത്തേണ്ടത്.

കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തികനില മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മേൽപ്പറഞ്ഞ സൂചികകൾ പ്രകാരം വിശകലനം ചെയ്യുമ്പോൾ ഉയർന്നതാണെങ്കിലും സ്ത്രീകളുടെ സാമൂഹ്യപദവി നോക്കിയാൽ കേരളത്തിന്റെ നില മെച്ചപ്പെട്ടതാണെന്ന് പറയാനാകില്ല. ഈ പ്രഹേളികയ്ക്ക് ബഹുമുഖ മാനങ്ങളുണ്ട്. സാമൂഹികവും സാംസ്ക്കാരികവും രാഷ്ട്രീയവുമായ കാരണങ്ങൾ ഉണ്ട്. എന്നിരുന്നാലും ഇതിനൊരു പ്രധാന ഘടകം സാമ്പത്തിക മേഖലയിലെയും തൊഴിൽ പങ്കാളിത്തത്തിലെയും കേരളത്തിലെ സ്ത്രീകളുടെ അദൃശ്യതയാണ്. അതുകൊണ്ട് കേരളത്തിലെ വികസന നയരൂപീകരണത്തിൽ ലിംഗനീതി ഉറപ്പാക്കുന്ന സ്ത്രീപദവി മുഖ്യധാരാവൽക്കരണം ഗൗരവമായ നയപ്രശ്നമായിത്തീരുന്നു.

## I. പാർശ്വവൽക്കരണത്തിന്റെ മാനങ്ങൾ

വർഗ്ഗം, ജാതി, ലിംഗാധിഷ്ഠിതമായ വിവേചനം തുടങ്ങിയ ഘടനാപരമായ അസമത്വങ്ങളാൽ ജനസംഖ്യയുടെ ഭൂരിപക്ഷം വരുന്ന സ്ത്രീകളും നിരന്തരമായ നീതിനിഷേധം അനുഭവിക്കുന്നു. തൊഴിൽ പങ്കാളിത്തം, കൂലിതുല്യത, ഭരണനിർവ്വഹണ പ്രാതിനിധ്യം, സുരക്ഷിതത്വം, സ്വത്തവകാശം, വിഭവങ്ങളുടെ മേലുള്ള നിയന്ത്രണം, പൗരാവകാശങ്ങൾ, ഉന്നത തീരുമാനസഭകളിലെ പ്രാതിനിധ്യം തുടങ്ങിയ മേഖലകളിലെല്ലാം രൂക്ഷമായ വിവേചനമുണ്ട്. ആഗോളവത്കരണത്തിലൂടെയും നവ ഉദാരവത്കരണത്തിലൂടെയും സാംസ്കാരികവും, സാമൂഹ്യവും, രാഷ്ട്രീയവുമായ മേഖലകളിൽ മൂലധനം നടത്തുന്ന അധിനിവേശം കോർപ്പറേറ്റ് താല്പര്യങ്ങൾക്കും പുരുഷാധിപത്യ താൽപര്യങ്ങൾക്കും ഉപോൽബലഘടകമായി വർത്തിക്കുന്നുയെന്ന് നിരവധി പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. (നീരജ ജയാൽ 2008, മെലീസ ബുച്ചർ 2003, ഷെറിൻ എം.റായ് 2008, മോസർ സി. 1993)

ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ശക്തമായ ഇടപ്പെടലുകളിലൂടെ കേരളത്തിൽ നടപ്പിലാക്കിയ ഗുണപരമായ സ്ത്രീപക്ഷ നയസമീപനങ്ങളെപ്പോലും ആഗോളവത്കരണവും അനുബന്ധ പ്രവർത്തങ്ങളും അട്ടിമറിക്കുകയാണ് എന്നത് അതീവ ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്. ഇതിലു ഉപരിയായി നരേന്ദ്രമോദി സർക്കാർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയം നവമുതലാളിത്തത്തിന്റെയും വർഗ്ഗീയ ഫാസിസത്തിന്റെയും ചാലക ശക്തിയായി മാറികൊണ്ടിരിക്കുകയാണ് (സുജ സൂസൻ ജോർജ്ജ്, 2015) അതിന് അനുഗുണമായ വ്യാജദേശീയതയുടെ മുദ്രിത വ്യക്തികളും വക്താക്കളുമായി ഒരു സ്ത്രീ സ്വത്വനിർമ്മിതി രൂപം കൊള്ളുന്നത് ഏറെ ആശങ്കാകുലവും അസ്വസ്ഥതാജനകവുമാണ്. ഹിന്ദു മുസ്ലീം വർഗ്ഗീയവാദത്തിന് മേൽക്കൈ ഉണ്ടാകുന്നത് കേരളത്തിലെ സ്ത്രീശാക്തീകരണത്തിന് വിഘാതമാണ് (കെ കെ ശൈലജ ടീച്ചർ, 2015).

സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ ഭരണനിർവ്വഹണ പ്രക്രിയകളിൽ സ്ത്രീകളുടെ പാർ

ശ്വവൽക്കരണം മേഖല തിരിച്ച് ചുവടെ വിശകലനം ചെയ്യുന്നു. ദേശീയ കുടുംബ ആരോഗ്യ സർവെ – 3ന്റെ കണക്ക് പ്രകാരം സ്വന്തമായി കൈയിൽ പണമുള്ളവരും അത് ചെലവഴിക്കാനുള്ള അധികാരമുള്ളവരുമായ സ്ത്രീകളുടെ ശതമാനം ഏറ്റവും കുറഞ്ഞത് കേരളത്തിലാണ് (21%). കർണാടകയിൽ ഇത് 60 ശതമാനവും ഇന്ത്യയിൽ ഇത് 44 ശതമാനവുമാണ്. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും ഇന്ത്യയിൽ മുന്നിൽ നിൽക്കുന്ന കേരളത്തിലെ സ്ത്രീകളാണ് ഈ സമ്പത്തിക അധികാരമില്ലായ്മ അനുഭവിക്കുന്നത്. ഇതിന് പ്രധാന കാരണങ്ങൾ കേരളത്തിലെ സ്ത്രീകളുടെ ഇടയിൽ ഉയർന്നുവരുന്ന തൊഴിലില്ലായ്മയും കുറഞ്ഞ തൊഴിൽപങ്കാളിത്ത നിരക്കും കേരളത്തിലെ രൂഢമൂലമായ പുരുഷാധിപത്യ വ്യവസ്ഥയുമാണ്.

## തൊഴിൽ പങ്കാളിത്തം

കേരളത്തിന്റെ അഭിമാനമായി ഉയർത്തിക്കാട്ടുന്ന സ്ത്രീകളുടെ ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസ നേട്ടങ്ങളും തൊഴിൽ പങ്കാളിത്തത്തിൽ പ്രതിഫലിക്കുന്നതിൽ കേരളം ഏറെ മുന്നോട്ട് വരേണ്ടതുണ്ട് എന്ന് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. 16 മുതൽ 65 വരെയുള്ള പ്രായപരിധിയിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിൽ 18% മാത്രമാണ്. (സെൻസസ്, 2011). ഇത് അഖിലേന്ത്യാ ശരാശരിയെക്കാൾ താഴ്ന്നതാണ്.

സ്ത്രീയുടെ ഗാർഹിക അധ്വാനം പൂർണ്ണമായും കനേഷുമാരി കണക്കുകളിൽ അപ്രത്യക്ഷമാണ്. ഒരു സ്ത്രീ വീട്ടിനുള്ളിൽ 4500 രൂപയുടെ ജോലി ചെയ്യുന്നുവെങ്കിലും (ശാസ്ത്ര സാഹിത്യ പരിഷത്ത് സ്ത്രീ പദവി പഠനം, 2013) ഔദ്യോഗിക വിലയിരുത്തലുകളിൽ ഈ അധ്വാനം മൂല്യരഹിതമാണ്. തൊഴിലെടുക്കുന്ന സ്ത്രീകളെ സംബന്ധിച്ചടത്തോളം ഇത് ഇരട്ടഭാരമാണ്. ഈ ശുദ്ധ ഗാർഹികജോലികളെ മാറ്റിനിർത്തിയാലും വീടുമായി ബന്ധപ്പെട്ട് സ്ത്രീകൾ ഗാർഹികജോലികൾക്കിടയിൽ ചെയ്യുന്ന ഒട്ടേറെ തൊഴിലുകളുണ്ട്. അടുക്കളത്തോട്ടം നിലനിർത്തുക, ആടുമാടുകളെയും കോഴികളെയും വളർത്തുക, വിറകു ശേഖരിക്കുക, ശിശുപരിപാലനം, പാചകവും കുടുംബാംഗങ്ങളുടെ ശുശ്രൂഷയും തുടങ്ങിയവയും അദൃശ്യമാണ്. ഇവ കൂടി കണക്കിലെടുത്താൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും പങ്കാളിത്ത നിരക്കിലുള്ള അന്തരം വളരെ നേർത്തതായിത്തീരുമെന്ന് ദേശീയ സാമ്പിൾ സർവെ കണക്കുകൾ തെളിയിക്കുന്നുണ്ട്. വികസന നയത്തിന്റെ രൂപീകരണത്തിൽ ഈ ഗാർഹികത്തൊഴിലുകൾ പരിഗണിക്കപ്പെടുന്നില്ല.

2011 ലെ സെൻസസ് കണക്കുകളനുസരിച്ച് കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കേവലം 18.23% മാത്രമാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്ന കാർഷിക മേഖലയിലുണ്ടായ വിളമാറ്റം സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകളിൽ കുറവു വരുത്തി. ഉപജീവന മാർഗവുമായി ബന്ധപ്പെട്ടുണ്ടാകുന്ന കഠിനതകളും അവശതകളും ഒഴിവാക്കാൻ വേണ്ട ഭൗതികസാഹചര്യങ്ങൾ ഒരുക്കി കിട്ടുകയെന്നത് സ്ത്രീകളുടെ ആവശ്യവും അവകാശവുമാണ് (പി എസ് ഗീതക്കുട്ടി, 2015). ഇതു കൂടാതെ പരമ്പരാഗത തൊഴിൽമേഖലകളായ കൈത്തറി, കുട്ടനെയ്ത്ത്, കശുവണ്ടി തുടങ്ങിയ മേഖലകളിലെ തകർച്ചയും പ്രകൃതി വിഭവങ്ങളായ ഭൂമി, വനം, ജലാശയങ്ങൾ എന്നിവയുടെ സ്വകാര്യവത്ക്കരണവും വരുമാനം കുറഞ്ഞ ചൂഷണം നിലനിൽക്കുന്ന തൊഴിലുകൾ സ്വീകരിക്കാൻ സ്ത്രീകളെ നിർബന്ധിതരാക്കുന്നു. പുത്തൻ സാമ്പത്തിക നയവും ആഗോളവത്ക്കരണവും മൂലം ദാരിദ്ര്യത്തിന്റെ സ്ത്രൈണവത്ക്കരണം നടക്കുന്നു എന്നു വാദിക്കുന്നവരുണ്ട്.

കേരളത്തിലെയും ഇന്ത്യയിൽ പൊതുവെയുമുള്ള സ്ത്രീകളുടെ തൊഴിൽഘടനയെ താരതമ്യപ്പെടുത്തുമ്പോൾ വളരെ പ്രകടമായ അന്തരം കാണാൻ കഴിയും. കേരളത്തിലെ 35 ശതമാനം സ്ത്രീകൾ കൂലിവേലക്കാരോ ശമ്പളപ്പണിക്കാരോ ആണ്. അതേസമയം ഇന്ത്യയിൽ ഇത് 12 ശതമാനമാണ്. കേരളത്തിന്റെ കൂലിവേലക്കാരുടെ എണ്ണം ദേശീയശരാശരിയുടെ മൂന്നു മടങ്ങാണ്. അതേസമയം സ്വയം തൊഴിലെടുക്കുന്നവരുടെ സ്ത്രീകളുടെ എണ്ണമെടുത്താൽ കേരളത്തിന്റെ ശരാശരി ദേശീയ ശരാശരിയെക്കാൾ വളരെ താഴ്ന്നതാണ്. 2004–05നും 2009–10നും ഇടയ്ക്ക് കേരളത്തിലെ സ്വയം തൊഴിലെടുക്കുന്നവരുടെ എണ്ണം കുറയുകയും കൂലിവേലക്കാരുടെ എണ്ണം കൂടുകയുമാണ് ചെയ്തിട്ടുള്ളത്.

തൊഴിൽ രംഗത്തെ സ്ത്രീകൾ നേരിടുന്ന മറ്റൊരു പ്രശ്നം വേതനത്തിലും വരുമാനത്തിലുമുള്ള അന്തരവും വിവേചനവുമാണ്. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം ഇന്നും പ്രായോഗികമായി പ്രാവർത്തികമായിട്ടില്ല. അവിദഗ്ദ്ധ – അസംഘടിത തൊഴിൽത്തുറകളിൽ നിലവിലുള്ള, , വേതനനിരക്കും ഘടനയും തികച്ചും അപര്യാപ്തവും നീതിപൂർവ്വകമല്ലാത്തതുമാണ്. തുല്യതയുടെയും അർഹതയുടെയും അതിജീവനചെലവിന്റെയും ജീവിതഗുണതയുടെയും അടിസ്ഥാനത്തിലുള്ള നിർബന്ധിതവേതനവും സമയബന്ധിത പരിഹാരവേതനവും ഈ രംഗങ്ങളിൽ ഉറപ്പാക്കാനാകണം. പുരുഷന് കുടുംബവേതനമെന്നും സ്ത്രീക്ക് വ്യക്തിഗത വേതനമെന്നുമുള്ള കാലഹരണപ്പെട്ട വേതനനിർണയമാനദണ്ഡം തന്നെ തിരുത്തപ്പെടണം. ഇപ്പോഴും മാറ്റമില്ലാതെ തുടർന്നുപോരുന്ന സ്ത്രീ–പുരുഷ തൊഴിൽ വിഭജനവും തൽഫലമായ വരുമാനം കുറഞ്ഞ തൊഴിൽ തുറകളിലേക്കുള്ള സ്ത്രീയുടെ കള്ളിവല്കരണവും പരമ്പരാഗതമായി പരിപാലിക്കപ്പെടുന്ന വീട്ടമ്മവല്ക്കരണവും അവസാനിപ്പിക്കാനും കഴിയണം.

### തൊഴിലില്ലായ്മ

അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മ കേരളത്തിന്റെ പ്രത്യേകതയാണ്. നാഷണൽ സാമ്പിൾ സർവ്വേ വ്യത്യസ്ത സങ്കൽപ പ്രകാരമുള്ള തൊഴിലില്ലായ്മ നിരക്കുകൾ ലഭ്യമാക്കുന്നുണ്ട്. 2004–05 ൽ ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 46 നും 35 ശതമാനത്തിന് ഇടയ്ക്കായിരുന്നു. 2011–12 ൽ ഇത് 36–31 ശതമാനമായി താഴ്ന്നു. നഗരമേഖലയിൽ തൊഴിലില്ലായ്മ നിരക്ക് 55–57 ശതമാനമായിരുന്നു. ഇവിടെയും 2011–12 ആയപ്പോൾ 27–21 ശതമാനമായി താഴ്ന്നിട്ടുണ്ട്. എങ്കിൽ പോലും പണിയെടുക്കുവുൻ കഴിവും താൽപര്യവുമുള്ള സ്ത്രീകളുടെ മൂന്നിലൊന്ന് പേർക്കും തൊഴിൽ ലഭിക്കുന്നില്ല എന്നത് ഗൗരവതരമായി കണക്കാക്കേണ്ടതാണ്. എത്ര തേടിയാലും തൊഴിൽ ലഭിക്കില്ലായെന്ന തോന്നൽ തൊഴിലന്വേഷണത്തിൽ നിന്നും സ്ത്രീകളെ പിന്തിരിപ്പിക്കുന്നു. സ്ത്രീകളുടെ താഴ്ന്ന തൊഴിൽപങ്കാളിത്തത്തിന് ഇതൊരു മുഖ്യഘടകമാണ്.

പരമ്പരാഗത തൊഴിൽ മേഖലകളുടെ തകർച്ചയാണ് ഗ്രാമീണ മേഖലകളിലെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഒരു പ്രധാന കാരണം. അതേ സമയം അഭ്യസ്തവിദ്യരുടെ പ്രതീക്ഷകൾക്കനുസൃതമായി തൊഴിലുകളൊട്ടു ലഭ്യമല്ലതാനും. സാങ്കേതികവിദ്യാഭ്യാസം ലഭിച്ചവരുടെ തൊഴിൽ പങ്കാളിത്തവും വളരെകുറവാണ്. സാമൂഹ്യ-സാമ്പത്തിക ഘടകങ്ങൾക്കപ്പുറം സാംസ്കാരികവും മാനസികവുമായ ഒട്ടേറെ ഘടകങ്ങൾ സ്ത്രീതൊഴിൽ അസാന്നിദ്ധ്യത്തിൽ അടങ്ങിയിരിക്കുന്നു. ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടുന്ന ഒരു വിഷയം പ്രൊഫഷണൽ - സാങ്കേതിക-തൊഴിലധിഷ്ഠിത-വിദഗ്ദ്ധ രംഗങ്ങളിൽ സ്ത്രീകൾ വർദ്ധിച്ച വിദ്യാഭ്യാസവും പരിശീലനവും അവസരപരിരക്ഷയും ഉറപ്പാക്കുക എന്നതാണ്. തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ എണ്ണവും അനുപാതവും സ്ഥായിയായി വർദ്ധിപ്പിക്കാനുള്ള ബോധപൂർവ്വമായ പരിശ്രമം നാം നടത്തേണ്ടത് അനിവാര്യമാണ്. വ്യക്തിഗത-കുടുംബ-സാമൂഹ്യ വരുമാനവും/നിക്ഷേപവും വളർച്ചയും ത്വരിതപ്പെടുത്തുന്നതിൽ ഇത് ഏറെ നിർണായകമാണ്.

പുതിയ തൊഴിൽ ഘടനയിൽ സ്ത്രീകളുടെ അധ്വാനഭാരം കുറയുന്നില്ല. ദരിദ്രരായ വിദ്യാഭ്യാസമില്ലാത്ത സ്ത്രീകൾ പരമ്പരാഗതവ്യവസായങ്ങളിലും കൃഷിയിലുമാണ് പ്രവർത്തിക്കുന്നത്. ഐ.ടി. പോലുള്ള പുതിയ മേഖലകളിൽ വളർന്നുവരുന്ന തൊഴിലിന്റെ അനൗപചാരിക രൂപങ്ങൾ, സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ദൗർബല്യങ്ങളെ കുറയ്ക്കുന്നില്ല. പുതിയ തൊഴിൽഘടന, തൊഴിലിന്റെ രൂപങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട് എന്നത് ശരിയാണെങ്കിലും, ലിംഗപരമായ തൊഴിൽവിഭജനം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വ്യവസായികമായി പുരോഗതി കൈവരിച്ച എറണാകുളം ജില്ലയിലെ അസംഘടിതമായ സ്ത്രീ തൊഴിലാളികളുടെ അവസ്ഥ മാർട്ടിൻ പാട്രിക്കിന്റെ (2015) ലേഖനം വ്യക്തമാക്കുന്നുണ്ട്. ഉത്പാദന മേഖലയിലെ സ്ത്രീകളുടെ തൊഴിൽ സാന്നിദ്ധ്യം ജില്ലയിലെ മൊത്തം തൊഴിലാളികളുടെ 23.9% മാത്രമാണ്. സ്ത്രീ തൊഴിലാളികളുടെ അനൗപചാരികവത്കരണം കേരളത്തിൽ കൂടിവരികയാണെന്ന് എറണാകുളം ജില്ലയിലെ പഠനങ്ങളുടെ വെളിച്ചത്തിൽ ലേഖനം വാദിക്കുന്നു. ഇതിന്റെ പ്രത്യക്ഷ ഉദാഹരണം സ്ത്രീകളുടെ ഇടയിലെ കുറഞ്ഞ സ്വയം തൊഴിൽ നിരക്കാണ്. യാതൊരുവിധ സാമൂഹ്യ സുരക്ഷിതത്വം ലഭിക്കാത്ത അസംഘടിത മേഖലകളിൽ 95.33% സ്ത്രീ തൊഴിലാളികളാണ്.

### തൊഴിൽ സാഹചര്യങ്ങൾ

സംഘടിത അസംഘടിത തൊഴിൽ മേഖലകളിലെ വർദ്ധിച്ച് വരുന്ന അസ്ഥിരത, തൊഴിൽ അവസരനിഷേധം, വേതന മരവിപ്പ്, കരാർവത്കരണം, സംഘടനാ പ്രവർത്തനങ്ങൾക്കുള്ള നിരോധനവും, നിയന്ത്രണവും തൊഴിലിടങ്ങളിലും പൊതുയിടങ്ങളിലും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണവും, രൂക്ഷവുമാകുന്നു. പരിഹാര നടപടികളുടെ സങ്കീർണ്ണത, തെളിയിക്കപ്പെടാനുള്ള സാധ്യത, മാധ്യമ വിചാരണ, സാമൂഹ്യ ബഹിഷ്കരണം തുടങ്ങി ഒട്ടനവധി പ്രതികൂല ഘടകങ്ങൾ സ്ത്രീ തൊഴിലാളികൾ നേരിടേണ്ടി വരുന്നു എന്നുള്ളത് നിയമപരമായ നീതി ന്യായപരിഹാരത്തെ നിഷ്ഫലമാക്കുന്നുണ്ട്. (ഡോ. കെ. പി ശ്രീലതകുമാരി, 2015)

പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയവയിൽ 90% ത്തിൽ കൂടുതൽ സ്ത്രീകളാണ് പണിയെടുക്കുന്നത്. 4 ലക്ഷത്തിലധികം തൊഴിലാളികൾ ഉണ്ടായിരുന്നത് ഇന്ന് വെറും അമ്പതിനായിരത്തിൽ താഴെയാണ്. കശുവണ്ടി മേഖലയിലെ തൊഴിൽ അവസ്ഥയും വളരെ ശോചനീയമാണ്. ഇവിടെ തൊഴിലെടുക്കുന്ന സ്ത്രീ ആവശ്യത്തിന് കാറ്റും വെളിച്ചവും കയറാത്ത മുറികളിൽ രാവിലെ മുതൽ വൈകിട്ട് വരെ തറയിൽ കുത്തിയിരുന്നാണ് പണിയെടുക്കുന്നത്. കുടിവെള്ളമോ, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനോ സാഹചര്യമില്ലാത്ത ഈ തൊഴിൽശാലകൾ സ്ത്രീകൾക്ക് നല്കുന്നത് മൂത്രാശയ, ഗർഭാശയരോഗങ്ങളും, രോഗാതുരതയുമാണ്. (ആർ രാജി, 2015).

ഐ.റ്റി മേഖലകളിലെ സമയം, സ്ത്രീ ജീവനക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനോടൊപ്പം അവരെ ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാക്കുകയും ചെയ്യുന്നു.. ഷോപ്പിംഗ് മേഖലയിൽ നല്ലൊരു വിഭാഗം സ്ത്രീകൾ പണിയെടുക്കുന്നു. ടെക്സ്റ്റെയിൻസിലും ഷോപ്പിംഗ് മാളുകളിലും പണിയെടുക്കുന്ന സ്ത്രീകൾ പ്രത്യേകിച്ചും ചെറുപ്പക്കാരികളായ തൊഴിലാളികൾ പരിതാപകരമായ മനുഷ്യത്വമില്ലാത്ത സാഹചര്യത്തിലാണ് പണിയെടുക്കുന്നത് (ശ്രീലേഖ, 2015). ഷോപ്പിൽ രാവിലെ ജോലിക്ക് കയറുന്ന ഒരു സെയിൽസ് ഗേളിന് രാത്രി 8 മണിക്ക് ജോലികഴിഞ്ഞ് ഇറങ്ങുന്നതുവരെ ഇരിക്കാൻ

അനുവാദമില്ല, സെയിൻസ് ഗേൾസിന് ഇരിക്കാൻ ഒരു സ്റ്റൂൾപോലും മിക്ക മാളുകളിലും കാണാൻ കഴിയില്ല. ബാത്റൂമിൽ പോകാൻ നിയന്ത്രണമാണ്, വെള്ളം കുടിക്കാനോ ഭക്ഷണം കഴിക്കാനോ പോലും ആവശ്യമായ സമയമോ അനുവാദമോ ഇല്ല. സെയിൽസ് വിഭാഗം തൊഴിലാളികൾക്ക് ഇരിക്കാൻ സൗകര്യം നല്കണമെന്നും അത് നടപ്പിലാക്കാത്ത ഷോപ്പുകളുടെ ലൈസൻസ് റദ്ദുചെയ്യണമെന്നും മനുഷ്യാവകാശ കമ്മീഷൻ, ലേബർ ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നല്കിയിട്ടുണ്ട്. പക്ഷെ, പ്രാബല്യത്തിൽ വന്നിട്ടില്ലായെന്നു മാത്രമല്ല, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഒരു തൊഴിൽശാലയിലും പരിശോധന നടത്തുന്നില്ലായെന്ന യാഥാർത്ഥ്യം കാണേണ്ടതുണ്ട്. സ്ത്രീജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കൂട്ടാക്കാതെ ഉദ്യോഗാർത്ഥികളായ വനിതകളെ ഒഴിവാക്കുകയെന്ന തന്ത്രം ഉന്നത വിദ്യാഭ്യാസം നേടിവരുന്ന നമ്മുടെ പെൺകുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകുന്നു.

സ്ത്രീത്തൊഴിലാളികളുടെ ജീവനക്കാരുടെ പ്രാഥമിക ആവശ്യത്തിന് പ്രാധാന്യം കൊടുക്കുന്നതിൽ യാതൊരു ശ്രദ്ധയും അസംഘടിത പരമ്പരാഗതമേഖലയിൽ ഇല്ലായെന്നത്, മോശപ്പെട്ട ആരോഗ്യാവസ്ഥയിൽ ഇവിടുത്തെ സ്ത്രീകളെ കൊണ്ടെത്തിക്കുന്നു. സംഘടിത സർവ്വീസ് മേഖലയിലും സ്ത്രീജീവനക്കാർക്ക് ആവശ്യമായ ടോയ്ലെറ്റ്, പാഡ് ഡിസ്പോസൽ, വിശ്രമമുറി, ക്രഷേ തുടങ്ങിയവ നടപ്പിലാക്കുന്നതിൽ യാതൊരു ശ്രദ്ധയും ചെലുത്തുന്നില്ല.

## സാമൂഹ്യനേട്ടങ്ങളുടെ പരിമിതികൾ

ദേശനിർമ്മിതി പുരുഷന് ഒരേസമയം സാമ്പത്തിക രാഷട്രീയ മുഖങ്ങൾ നല്കി വികസന പ്രക്രിയയുടെ ''സ്വാഭാവിക പൗരൻ'' ആക്കി തീർത്തു. ഇങ്ങനെ നിർമ്മിക്കപ്പെട്ട സാർവ്വത്രിക ഏകമാന സ്വഭാവമുള്ള പുരുഷ ''പൗരാധീശത്വം'' അഭിസംബോധന ചെയ്തതും സംരക്ഷിച്ചതും ചുരുക്കം ചില താൽപര്യങ്ങളേയോ നിക്ഷിപ്ത സമൂഹങ്ങളേയോ മാത്രമായിരുന്നു. സമൂഹത്തിന്റെ 50% ത്തോളം വരുന്ന സ്ത്രീകളും പിന്നോക്ക സാമൂഹ്യ സാമ്പത്തിക അവസ്ഥയിലുള്ള ദളിത പട്ടിക വർഗ്ഗക്കാരും എപ്പോഴും ഈ താൽപര്യ സമുച്ചയങ്ങളുടെ വെളിമ്പുറത്ത് നില്ക്കുന്നവരുമാണ്. ഭൂമിയുടെ മേലുള്ള ഉടമസ്ഥതയും, വിഭവങ്ങളുടെ മേലുള്ള അധികാരവും നിയന്ത്രണവും പ്രകടമാക്കുന്ന സാമൂഹ്യ അസന്തുലിതാവസ്ഥ ദളിത-ആദിവാസി സമൂഹങ്ങളുടെ ചലനാത്മകതയെ തന്നെ പ്രതികൂലമായി ബാധിച്ചു. ഇത് സാമൂഹ്യ രാഷ്ട്രീയ പ്രക്രിയയിൽ അവർ അനുഭവിക്കുന്ന വിവേചനത്തിന്റെ, പാർശ്വവൽക്കരണത്തിന്റെ, തിരസ്ക്കരണത്തിന്റെ സൂചികയും, രാഷ്ട്രീയവുമാണ് (മീരാവേലായുധൻ, 2015). വികസനനയ സമീപനങ്ങളിൽ അതുകൊണ്ടാണ് പലപ്പോഴും സ്ത്രീകൾ അദൃശ്യരും കേൾവിക്കാരും മാത്രമാകുന്ന ലിംഗ നീതി വിരുദ്ധതയുടെ ചരിത്രമായി മാറുന്നത്. കേരളത്തിൽ 90 കളിൽ സജീവമായ സ്ത്രീവാദ രാഷ്ട്രീയം മാദ്ധ്യമ ശ്രദ്ധയും അതുവഴി സാമൂഹ്യ ശ്രദ്ധയും സ്ത്രീപ്രശ്നങ്ങളിലേക്ക് കൊണ്ടുവരുവാൻ കാരണമായി.

വിദ്യാഭ്യാസ നിലവാരത്തിൽ ഉയർന്നു നിൽക്കുമ്പോഴും അതിൽ വലിയൊരു വിഭാഗം സ്ത്രീകളും സ്ക്കൂൾ ഫൈനൽ വിദ്യാഭ്യാസമോ ഹയർ സെക്കന്ററി വിദ്യാഭ്യാസം മാത്രം ലഭിച്ചവരാണ്. പ്രത്യക തൊഴിൽ വൈദഗ്ദ്ധ്യമോ പരിശീലനമോ സ്ത്രീകളിൽ വലിയൊരു വിഭാഗത്തിന് ലഭിച്ചിട്ടില്ല.

സ്ത്രീകളുടെ വർദ്ധിച്ച പ്രാധാന്യം കൊണ്ട് ശ്രദ്ധേയമാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം. എന്നാൽ ഈ രംഗം തന്നെ ശക്തമായ ഒരു വൈരുദ്ധ്യവും കാണിക്കുന്നു.കേരളത്തിലെ ആർട്ട്സ് & സയൻസ് കോളേജുകളിൽ 2013–2014 ൽ പ്രവേശനം നേടിയവരിൽ ഡിഗ്രി തലത്തിൽ 71.36 % വും പോസ്റ്റ് ഗ്രാജുവേറ്റ് തലത്തിൽ 79.37% വും പെൺകുട്ടികളാണ്. (എക്കണോമിക് റിവ്യൂ, 2015). പെൺകുട്ടികൾക്ക് ഇവിടെ എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും അത് കാമ്പസുകളുടെ ആൺകോയ്മ സ്വഭാവങ്ങളിൽ മാറ്റം വരുത്തുകയോ പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങളെ (മെച്ചപ്പെട്ട ഹോസ്റ്റൽ, ഭക്ഷണം, സുരക്ഷ, സഞ്ചാരസ്വാതന്ത്ര്യം, കാമ്പസ് സമയം, ലൈബ്രറി – ലാബ് സൗകര്യം, മാന്യവും ലിംഗ നീതിപരവുമായ പെരുമാറ്റം) അംഗീകരിക്കുകയോ ചെയ്യുന്നില്ല. ആർട്ട്സ് & സയൻസ് കോളേജുകളിലെ പ്രവേശനത്തിനു വ്യത്യസ്തമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2014–15 വർഷങ്ങളിൽ പ്രവേശനം നേടിയവരിൽ 38.74% മാത്രമാണ് പെൺകുട്ടികൾ (സ്വാശ്രയ കോളേജുകൾ ഇതിൽ ഉൾപ്പെടുന്നില്ല.).

ആരോഗ്യം ഒരാളുടെ അവകാശമാണെന്ന വിചാരങ്ങളുടെ വെളിച്ചത്തിലാണ് സ്ത്രീകളുടെ ആരോഗ്യ അവകാശങ്ങളെ കുറിച്ചുള്ള വ്യവഹാരങ്ങൾ രൂപപ്പെട്ടത്. സാധാരണ ഉപയോഗിക്കുന്ന പൊതുവായ ആരോഗ്യ സൂചികകൾ പ്രകാരം കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ നിലവാരം ഭേദപ്പെട്ടതാണെന്നു കാണാം. കേരളത്തിലെ വളരെ താഴ്ന്ന ശിശുമരണ നിരക്ക് വികസിത രാജ്യങ്ങൾക്ക് തുല്യമാണ്. എന്നാൽ കേരളത്തിൽ സ്ത്രീകളുടെ ആരോഗ്യ അവകാശം പൂർണ്ണമായി സംരക്ഷിക്കപ്പെടുന്നു എന്ന് ഇതിനർത്ഥമില്ല.

ജനന നിയന്ത്രണവും കുഞ്ഞുങ്ങളുടെ ആരോഗ്യവും മുൻനിർത്തിയാണ് നേരത്തെ സ്ത്രീകളുടെ ആരോഗ്യം വീക്ഷിക്കപ്പെട്ടിരുന്നതെങ്കിലും 1994 ലെ കെയ്റോ സമ്മേളനം പ്രജനനാരോഗ്യത്തെ പുതിയ വീക്ഷണത്തിൽ തിരുത്തിയെഴുതി. ഓരോ വ്യക്തിക്കും തങ്ങളുടെ ശരീരത്തിനും ലൈംഗികതയ്ക്കും മേലുള്ള സ്വയം നിർണ്ണയാവകാശം നേടുന്നതിനു വേണ്ടിയുള്ള ഉപാധിയായാണ് പ്രജനനാവകാശത്തെ നിർവചിച്ചത്. സ്ത്രീ പുരുഷ സമത്വത്തിലും സ്ത്രീകളുടെ അവകാശ സംരക്ഷണത്തിലും സാർവ്വത്രിതകമായ ആരോഗ്യ സേവന ലഭ്യതയിലും അധിഷ്ഠിതമായ

ഒരു കാഴ്ചപ്പാടാണ് കെയ്റോ സമ്മേളനം മുന്നോട്ട് വച്ചത്. കൂടാതെ, മുൻവിധിയോ വിവേചനമോ കൂടാതെ ലൈംഗിക സ്വത്വത്തെ അംഗീകരിക്കണമെന്നത് ഇതിൽ പ്രധാനമാണ്.

വളർച്ചയുടെ ഘട്ടത്തിൽ പെൺകുട്ടികൾക്ക് പോഷകാഹാരകുറവ് കൂടുതലായി ഇന്ത്യയിൽ കാണുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു (ഡോ.എ.കെ. ജയശ്രീ, 2015). ഇത് പെൺഭ്രൂണഹത്യയുടെ തുടർച്ചയെന്നോണം നടക്കുന്ന പെൺകുഞ്ഞുങ്ങളോടുള്ള അവഗണനയുടെ പരിണതഫലമാണ്. കേരളത്തിൽ പൊതുവേ 32% സ്ത്രീകളിൽ വിളർച്ച കാണുന്നുണ്ട് (ഇന്ത്യൻ ശരാശരി 56%). പക്ഷേ, ആദിവാസി മേഖലയിൽ വിളർച്ച 96 മുതൽ 100% വരെയുണ്ട് എന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നമാണ്.

കുട്ടികൾ വളർന്നു വരുന്ന സമയത്ത് അവർക്ക് ലഭിക്കുന്ന സ്ത്രീ നീതിയിലധിഷ്ഠിതമായ ലൈംഗിക വിദ്യാഭ്യാസം അവരുടെ ശാരീരികവും മാനസികവും കായികവുമായ ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. കെയ്റോ സമ്മേളനവുമായി ബന്ധപ്പെട്ട എല്ലാ അന്താരാഷ്ട്ര ഉടമ്പടികളും ഇത് എടുത്തു പറയുന്നുവെങ്കിലും, ശരിയായ രീതിയിൽ ഇന്ത്യയിലോ കേരളത്തിലോ നടപ്പിലാക്കിയിട്ടില്ല.

ഇന്ത്യയിൽ ഗർഭ സംബന്ധമായ സേവനങ്ങൾ 20% സ്ത്രീകൾക്ക് ലഭിക്കാതെ വരുമ്പോൾ കേരളത്തിൽ 1% പേർക്ക് മാത്രമാണ് ഈ സേവനം ലഭിക്കാത്തത്, അത് കൂടുതലും ആദിവാസി മേഖലയിലാണ്. പക്ഷേ, സ്ത്രീകൾക്കുള്ള വന്ധ്യംകരണ ശസ്ത്രക്രിയകളാണ് ഇന്ത്യയിലെപ്പോലെ ജനന നിയന്ത്രണത്തിൽ മുൻപന്തിയിലുള്ള കേരളത്തിലും നടക്കുന്നത്. കേരളത്തിൽ ഇതു കൂടുതലാണെന്നു പറയാം. കേരളത്തിൽ 49%, ഇന്ത്യയിൽ 37%. പുരുഷൻമാർക്കുള്ള ശസ്ത്രക്രിയ കേരളത്തിൽ 1% മാത്രമാണുള്ളത്.

മാനസിക ആരോഗ്യത്തിന്റെ സൂചകമായ വിഷാദം അധികം കാണുന്നത് സ്ത്രീകളിലാണ്. അതിന്റെ ഒരു പരിണതഫലമായ ആത്മഹത്യാശ്രമങ്ങളും മറ്റ് സംസ്ഥാനങ്ങളേക്കാൾ അധികമായി കേരളത്തിൽ കാണുന്നു. നാഷണൽ ക്രൈം റിപ്പോർട്ട് ബ്യൂറോയുടെ 2014 ലെ കണക്കനുസരിച്ച് 1.34 ലക്ഷം ആളുകൾ 2013 ൽ ഇന്ത്യയിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. അതായത് ലക്ഷത്തിന് 11 പേർ. 2013 ൽ 8646 ആത്മഹത്യകൾ കേരളത്തിൽ നടന്നിട്ടുണ്ട്. ആത്മഹത്യാ നിരക്കിലെ ഉയർന്ന സ്ത്രീ പുരുഷ അനുപാതം കേരളത്തെ ഈ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു(ഗായത്രി ബാലഗോപാൽ, 2015). പുരുഷൻമാരുടെ ആത്മഹത്യ നിരക്ക് ഏറ്റവും കൂടുതൽ കാണുന്നത് 45 മതൽ 55 വയസ്സുവരെ പ്രായക്കാരിലാണ്. സ്ത്രീകളുടേത് 15 മുതൽ 29 വയസ്സുവരെ പ്രായമുള്ളവരിലുമാണ്. സ്ത്രീകളുടേയും പുരുഷൻമാരുടേയും ആത്മഹത്യകളിൽ പകുതിയിലധികവും കുടുംബപ്രശ്നവും സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ടതാണ്. സ്ത്രീപീഡനം, സ്ത്രീധനത്തിന്റെ പ്രശ്നങ്ങൾ, മാനസിക രോഗങ്ങൾ തുടങ്ങിയവ, സംസ്ഥാനത്തെ മാനസികവികാസത്തെ സംബന്ധിച്ച നേട്ടങ്ങളെ പരിമിതപ്പെടുത്തുന്നു. അതേസമയം സ്ത്രീകൾ അയൽക്കൂട്ടങ്ങളും സ്വയംസഹായ സംഘങ്ങളും വഴി സ്വയംനിലനിൽക്കാനുള്ള സർഗ്ഗാത്മകമായ മാർഗ്ഗങ്ങളിലേക്കു നീങ്ങിയിട്ടുമുണ്ട്.

വൃദ്ധരുടെ എണ്ണം കൂടുതലുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ ഇവരുടെ പ്രശ്നങ്ങൾ വേണ്ടവിധത്തിൽ അഭിസംബോധന ചെയ്യുന്നില്ലെന്നത് ആശങ്കാജനകമാണ്. മറ്റേതൊരു സംസ്ഥാനത്തേക്കാളും 60 വയസ്സു കഴിഞ്ഞവരുടെ അനുപാതം കേരളത്തിലാണ് കൂടുതൽ. വിവാഹത്തിൽ പുരുഷൻമാർ താരതമ്യേന പ്രായക്കൂടുതലുള്ളവർ ആകണമെന്ന് കരുതപ്പെടുന്നതുകൊണ്ടും, സ്ത്രീയുടെ ആയുർദൈർഘ്യം കൂടുതലായതുകൊണ്ടും വൃദ്ധസ്ത്രീകളിൽ വിധവകളുടെ എണ്ണം കൂടുതലാണ്. തൊഴിൽ പ്രയാണം ശക്തമായ കേരളത്തിൽ വൃദ്ധർ പ്രത്യേകിച്ച് വൃദ്ധസ്ത്രീകൾ മാത്രമായുള്ള കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ഗൗരവപരമായ സാമൂഹ്യ പ്രശ്നമാണ്.

**ഭരണരംഗത്തെ അദൃശ്യത**

ഭരണനിർവ്വഹണ രംഗത്തേയ്ക്ക് വരുന്ന സ്ത്രീകൾക്ക് അധികാര ബോധനിർമ്മിതിയുടെ വിവിധ തലങ്ങളിൽ നിന്ന്, സ്വന്തം ബോധത്തിൽ നിന്ന്, കുടുംബത്തിൽ നിന്ന്, സമുദായത്തിൽ നിന്ന്, സമൂഹത്തിൽ നിന്ന്, ധാരാളം എതിർപ്പുകൾ നേരിടേണ്ടിവരുന്നു ഇത്തരം എതിർപ്പുകളെ നേരിട്ട് മറികടക്കുകയോ അവയിൽ അകപ്പെട്ടു പോവുകയോ അതുമല്ലെങ്കിൽ അവരുമായി സമരസപ്പെട്ട് പോവുകയോ ആണ് സാധാരണ സംഭവിക്കാറുള്ളത്. (മഞ്ജുള ഭാരതി, 2015). ലിംഗനീതി ഉറപ്പാക്കി കൊണ്ടുള്ള ഭരണനിർവ്വഹണം മൂന്ന് കാരണങ്ങൾ കൊണ്ട് പ്രാധാന്യമർഹിക്കുന്നു. ജനസംഖ്യയുടെ 50%ലധികം സ്ത്രീകളാണ്. സ്ത്രീകളുടെ വ്യത്യസ്ത ജീവിതാനുഭവങ്ങൾ പ്രത്യേകമായി വ്യക്തമാക്കേണ്ടതാണ്. വിരുദ്ധവും വ്യത്യസ്തമായ സ്ത്രീ പുരുഷ താല്പര്യങ്ങൾ ഉള്ളതു കൊണ്ട് തീരുമാന സഭകളിലെ ഇരു വിഭാഗങ്ങളുടെയും പ്രാതിനിധ്യം അനിവാര്യമാണ് (മുഖോപാദ്ധ്യായ & മീർ, 2004).

അധികാരപ്പെട്ടയാളും, ശാക്തീകരിക്കപ്പെട്ടയാളും തമ്മിൽ വലിയ അന്തരമുണ്ടെന്നാണ് കബീർ (2004) സമർത്ഥിക്കുന്നത്. ഇത് ഒരു ബദൽ വികസന സമീപനത്തിനാണ് തുടക്കമിടുന്നത്. കാരണം ശാക്തീകരണം ലക്ഷ്യമാക്കേണ്ടത് അധികാരത്തിൽ നിന്നും നിഷ്കാസിതമായ പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളെയാണ്. ചരിത്രം അധികാരത്തിന്റെ അധീശത്വത്തിന്റെ കഥകൾ പറയുമ്പോൾ, അവ പുരുഷന്റെ മാത്രം കഥകളായി മാറുന്നു (ഹിസ്റ്ററി ആസ് ഹിസ് സ്റ്റോറി).

ഈ അസാന്നിദ്ധ്യത്തിന്റെ സാമാന്യവത്കരണത്തിനെതിരായുള്ള പ്രധാന കാൽവെയ്പ്പുകളിലൊന്നാണ്

ബോധപൂർവ്വമുള്ള സ്ത്രീപക്ഷ ചരിത്ര പുനർവായന. ആൺകോയ്മയുടെ ആശയങ്ങളും അധീശത്വത്തിന്റെ അധികാരഘടനകളും ഒരു പ്രത്യേക ആവാസ വ്യവസ്ഥാമേഖലയിൽ മാത്രമായി സ്ത്രീകളെ തളച്ചിട്ടിരിക്കുന്നു. (ബൂർദ്വാ, 1997).

ആൺകോയ്മ തീർത്തും സർവ്വസാധാരണമായ വ്യവസ്ഥിതിയായി മാറിയത് സാമൂഹികവും, മതപരവുമായ ചിന്തകളുടെ ദീർഘനാളത്തെ മൂല്യ ബോധനിർമ്മിതിയും അവയുടെ പ്രയോഗവും മൂലമാണ്. പൗരത്വത്തിലേയ്ക്കും, തുല്യ പങ്കാളിത്തത്തിലേയ്ക്കും സ്ത്രീകൾ വരാത്തതിൽ പ്രധാന വെല്ലുവിളി ചരിത്രബോധത്തിന്റെ ആൺകോയ്മയെ സാമൂഹികവത്കരണ പ്രക്രിയയിലൂടെ സർവ്വസാധാരണമായ സാമാന്യബോധമായി സ്ത്രീകൾ അംഗീകരിക്കുന്നതു വഴിയാണ് (ഗ്രാംഷി 1970).

അധികാര ശ്രേണികളിലായി നിർമ്മിക്കപ്പെട്ട കുടുംബങ്ങളിൽ തന്നെയാണ് സ്ത്രീകൾ ഏറ്റവും കൂടുതൽ ലിംഗനീതി നിഷേധങ്ങളും, വിവേചനങ്ങളും അനുഭവിക്കുന്നത്. രാഷ്ട്രീയ പ്രസ്ക്തമായ പൊതു ഇടങ്ങൾ പുരുഷന്റെയും, സ്വകാര്യ വ്യവഹാരങ്ങൾ നിറഞ്ഞ വീടിനകത്തളങ്ങൾ സ്ത്രീകളുടെതെന്നും കരുതുന്ന ഇരുതല വിഭജനം ദേശനിർമ്മിതിയുടെ ലിംഗവിവേചനം പ്രകടമാക്കുന്നതാണെന്ന് പാർത്ഥ ചാറ്റർജി (1994) വ്യക്തമക്കിയിട്ടുണ്ട്.

വീടിനുള്ളിലാണ് സ്ത്രീകളുടെ ലോകം എന്നു പറയുമ്പോൾ തന്നെ അതിനുള്ളിൽ തന്നെ സ്ത്രീകൾക്കും പുരുഷനും വെവ്വേറെ മേഖലകളുണ്ട്. (മീരാ കൊസാംബി, 2004). എണ്ണത്തിൽ കൂടി വരുന്ന കേരളത്തിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ലിംഗനീതി നിഷേധങ്ങൾ വ്യക്തമാക്കുന്നവയാണ്.

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

''സ്വകാര്യ, സാമൂഹിക ജീവിതത്തിൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് ശാരീരിക, ലൈംഗിക, മാനസിക തലങ്ങളിൽ ഉണ്ടാകുന്ന ഏതുതരം അതിക്രമങ്ങളെയും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളായി നിർവ്വചിക്കപ്പെടുന്നു. അതിക്രമങ്ങൾ നടത്തുമെന്ന ഭീഷണി, ഏകപക്ഷീയമായി സ്വാതന്ത്ര്യം നിഷേധിക്കുക തുടങ്ങിയവയൊക്കെ അതിക്രമങ്ങളിൽപെടുന്നു. 'തുല്യത, വികസനം, സമാധാനം എന്നീ ലക്ഷ്യങ്ങൾ നേടുന്നതിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടസ്സമാകുന്നു. സ്ത്രീകൾക്ക് തങ്ങളുടെ മനുഷ്യാവകാശങ്ങളും അടിസ്ഥാന സ്വാതന്ത്ര്യവും ആസ്വദിക്കുന്നതിന്, ഇത്തരം അതിക്രമങ്ങൾ തടസ്സം നില്ക്കുന്നു'' (ഐക്യരാഷ്ട്രസഭ - ഡിക്ലറേഷൻ ഓഫ് എലിമിനേഷൻ ഓഫ് വയലൻസ് എഗൻസ്റ്റ് വുമൺ)

ഭ്രൂണാവസ്ഥയിൽ തുടങ്ങി മരണം വരെയുള്ള ജീവിതചക്രത്തിലുടനീളം വിവിധതരം അതിക്രമങ്ങൾ സ്ത്രീകൾ നേരിടേണ്ടി വരുന്നു. ലോകമെമ്പാടും ഭ്രൂണഹത്യ, ശിശുഹത്യ എന്നിവ മൂലം 60 കോടി പെൺകുഞ്ഞുങ്ങൾ ജനസംഖ്യയിൽ നിന്ന് ഇല്ലാതായിട്ടുണ്ട്. (അമർത്ത്യസെൻ, 2004). ഇത്തരം അതിക്രമങ്ങളെ പലപ്പോഴും പ്രതിരോധിക്കുന്നതു തന്നെ സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം കൂടുതൽ കർക്കശനമാക്കുന്നതിലൂടെയാണ്. സമൂഹത്തിന്റെ മൂല്യബോധത്തെ രൂപപ്പെടുത്തുകയും, പരിഷ്കരിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസം, മാധ്യമങ്ങൾ, ശാസ്ത്ര സാങ്കേതിക വിദ്യകൾ എല്ലാം ലാഭാധിഷ്ഠിത കച്ചവട ചരക്കുകൾ മാത്രമാകുമ്പോൾ അവ സ്ത്രീ വിരുദ്ധവുമാകുന്നു (ജ്യോതി നാരായൺ, 2015).

അതിക്രമങ്ങൾക്ക് മുഖ്യകാരണം, നിലനില്ക്കുന്ന ആണധീശത്വവ്യവസ്ഥ ആണ്. സ്ത്രീയുടെ ശരീരം ഉൾപ്പെടെ അവളുടെ ജീവിതത്തിന്റെ എല്ലാതലങ്ങളിലും പുരുഷന് അധികാരം നല്കുന്ന, പ്രത്യയശാസ്ത്രവും സംവിധാനവുമാണത്. കുടുംബം, മതം, മാധ്യമങ്ങൾ, വിപണി തുടങ്ങിയ സാമൂഹികസ്ഥാപനങ്ങൾ വഴിയാണ് ആൺഅധീശത്വം സമൂഹത്തിൽ പ്രാവർത്തികമാക്കുന്നത്. സ്ത്രീ-പുരുഷന്മാരുടെ വ്യത്യസ്ത ചുമതലകളും പ്രതീക്ഷകളും രൂപപ്പെടുത്തിയിരിക്കുന്ന സാമൂഹ്യവത്കരണ പ്രക്രിയയും ഇതിന്റെ ഭാഗമാണ്. ആൺഅധീശത്വവ്യവസ്ഥയ്ക്ക് രണ്ട് തലമുണ്ട്, അതിന്റെ ഘടനയും അതിന് ഉപോൽബലകമായി പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രവും.

**പട്ടിക 20.1**
**കേരളത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ (2007-2013)**

| വർഷം | ബലാത്സംഗം | ബലാത്സംഗ ശ്രമം | തട്ടിക്കൊണ്ടു പോകൽ | പൂവാല ശല്യം | സ്ത്രീധന പീഢനം | ഗാർഹിക പീഢനം | മറ്റു കുറ്റ കൃത്യങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 2007 | 500 | 2604 | 166 | 262 | 22 | 3976 | 1851 | 9381 |
| 2008 | 548 | 2756 | 167 | 255 | 25 | 4135 | 1820 | 9706 |
| 2009 | 554 | 2539 | 171 | 394 | 21 | 3976 | 1699 | 9354 |
| 2010 | 617 | 2939 | 175 | 539 | 21 | 4788 | 1702 | 10781 |
| 2011 | 1132 | 3756 | 221 | 573 | 15 | 5377 | 2205 | 13279 |
| 2012 | 1019 | 3735 | 214 | 498 | 32 | 5216 | 2288 | 13002 |

ഉറവിടം: ക്രൈംബ്യൂറോ റിക്കോർഡ്സ്

**പട്ടിക 20.2**
**അതിക്രമങ്ങൾ സ്ത്രീയുടെ ജീവിതത്തിൽ**

| ഘട്ടം | അതിക്രമങ്ങൾ |
|---|---|
| ഭ്രൂണാവസ്ഥ | ലിംഗനിർണ്ണയവും ഗർഭഛിദ്രവും ഗർഭിണിക്ക് ഏൽക്കേണ്ടി വരുന്ന ശാരീരികപീഡനങ്ങൾ മൂലവും |
| ബാല്യം (1–9 വയസ്സുവരെ) | വിവേചനം, ലൈംഗികപീഡനം, ബലാത്സംഗം, വേശ്യാവൃത്തിക്കായി വില്ക്കപ്പെടുക ബാലവിവാഹം, ബാലവേലയും ചൂഷണവും |
| കൗമാരം (9 –16 വയസ്സുവരെ) | കമന്റടി, പ്രേമം നടിച്ച് തട്ടിക്കൊണ്ടുപോകൽ, തൊഴിൽസ്ഥലത്തെ പീഡനം, ലൈംഗിക പീഡനം, ബലാത്സംഗം, ആഗ്രഹിക്കാത്ത ഗർഭം, ബാല്യവിവാഹം, മൊബൈൽ ദുരുപയോഗവും അനുബന്ധപ്രശ്നങ്ങളും |
| പ്രത്യുല്പാദനകാലം (45 വയസ്സുവരെ) | സമ്മതംകൂടാതെയുള്ള വിവാഹം, ശാരീരിക, ലൈംഗിക, മാനസിക പീഡനങ്ങൾ – കുടുംബത്തിലും തൊഴിൽപൊതുസ്ഥലങ്ങളിൽ; നിർബന്ധിത ഗർഭധാരണം, ഗർഭഛിദ്രം, സമ്പത്തിക ചൂഷണം (സ്ത്രീധനത്തിന്റെ പേരിലും അല്ലാതെയും) മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ |
| വാർദ്ധക്യം | കുടുംബത്തിനുള്ളിലെ വിവേചനങ്ങൾ, പീഡനങ്ങൾ (സ്വത്ത് തർക്കങ്ങൾ), ജോലിഭാരം, ഒറ്റപ്പെടുത്തൽ, മക്കളാൽ ഉപേക്ഷിക്കപ്പെടുക, ബലാത്സംഗം വിധവകൾ നേരിടുന്ന വിവേചനം |

ഇതു കൂടാതെ സ്ത്രീകളെ ഒരു ഏകമാന പ്രതലത്തിനപ്പുറം അവരുടെ വർഗ്ഗ- ജാതി-മത ഗോത്രഘടനകൾ അനുസരിച്ച് മനസ്സിലാക്കുമ്പോൾ വിവേചനങ്ങളും, അപമാനങ്ങളും വെവ്വേറെ രീതിയിൽ സ്ത്രീകൾ അനുഭവിക്കുന്നതായി കാണാം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നടക്കുന്നതിന് സ്ത്രീകളെ തന്നെ ബോധവത്ക്കരിക്കുന്ന, സ്ത്രീ കേന്ദ്രീകൃതമായ, പരിപാടികളല്ല, മറിച്ച് ആൺകുട്ടികൾക്കും പുരുഷൻമാർക്കും അവബോധമുണ്ടാക്കുന്ന പ്രവർത്തനങ്ങളാണ് വേണ്ടത് (ഏലിയാമ്മ, 2015).

പൊതുമണ്ഡലങ്ങളിൽ പ്രത്യേകിച്ച് പഞ്ചായത്ത് രാജ സംവിധാനങ്ങളിൽ സജീവമായി ഇടപ്പെടുന്ന സ്ത്രീകൾക്ക് പലപ്പോഴും വ്യക്തിഹത്യയോ, അപവാദ പ്രചാരണങ്ങളോ നേരിടേണ്ടി വരുന്നുണ്ട്. സ്ത്രീശരീരവും, സ്ത്രീത്വ നിർമ്മിതിയും കുടുംബത്തിന്റെ, സമൂഹത്തിന്റെ, രാഷ്ട്രത്തിന്റെ മാനാപമാനങ്ങളുടെ അടയാളപ്പെടുത്തലുകളായി മാറുന്നു. സ്ത്രീപുരുഷ ബന്ധങ്ങളിലുണ്ടായ അസമത്വത്തിന്റെ കാരണങ്ങൾ തേടുന്നതിലൂടെ മാത്രമേ അധികാരം, രാഷ്ട്രീയം എന്നിവയിലെ ലിംഗനീതി വിശകലനം സാദ്ധ്യമാവൂ (ഗീത നസീർ, 2015).

ഈ നിർമ്മിതിയിൽ സ്വത്വബോധം, പൗരബോധം, രാഷ്ട്രബോധം, രാഷ്ട്രീയബോധം എന്നിവ ഉപരിപ്ലവമായി മാത്രം. നില്ക്കുന്നവയായി മാറുന്നു. കല്പിച്ചു നല്കിയ ലിംഗാധിഷ്ഠിത പദവിയിൽ നിന്നും വ്യതിചലിച്ച്, പങ്കാളിത്ത രാഷ്ട്രീയബോധമുള്ള പൗരനിലേയ്ക്കുള്ള സ്ത്രീയുടെ യാത്ര തന്നെ ഹിംസയായി അവൾ അനുഭവിക്കുന്നു.

വർദ്ധിച്ച് വരുന്ന വാണിജ്യവത്കരണവും, സ്വകാര്യവത്കരണവും പൊതുമണ്ഡലങ്ങളെ അരാഷ്ട്രീയവത്കരിച്ച് കമ്പോള രാഷ്ട്രീയത്തിന്റെ വാണിജ്യ ചരക്കുകളായ ബൂർഷ്വാ പൊതുമണ്ഡലങ്ങളാക്കി (ഹേബർമാസ്സ്, 1982). ഇത് സ്ത്രീകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ സ്ത്രീകൾ, പിന്നോക്ക വർഗ്ഗക്കാർ എന്നിവർ മാത്രമുള്ള ബദൽ മണ്ഡലങ്ങൾ (വനിതാ സഭകളും, ഊരു സഭകളും) ഉണ്ടാകേണ്ടത് ലിംഗനീതി വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന് ഫ്രേസർ (1988) വാദിക്കുന്നു.

കേരളത്തിലെ സ്ത്രീകൾക്ക് അന്യമായി കൊണ്ടിരിക്കുന്ന പൊതു ഇടങ്ങളിലെ ശക്തമായ പ്രതിരോധമാണ് നീർമാതള തണലിലെ സ്ത്രീകളുടെ ഒത്തുച്ചേരലുകളായ 'ഇടം' (കെ എ ബീന, 2015). രാഷ്ട്രാർത്തിക്ക് പുറത്തേയ്ക്കുള്ള സ്ത്രീകളുടെ ചലനങ്ങളെ മനുഷ്യകടത്തായി ക്രോഡീകരിച്ച് കണാനുള്ള പ്രവണത, സ്ത്രീകളുടെ സ്വതന്ത്രമായ യാത്രകളെ അംഗീകരിക്കാൻ വൈമുഖ്യം കാണിക്കുന്ന മുഖ്യധാര സമീപനങ്ങളുടെ ഭാഗമാണ് (ബിന്ദുലക്ഷ്മി, 2015). ഭൂവിഭവങ്ങൾ, തൊഴിൽ, വരുമാനം എന്നിവയിലൊക്കെ ഇടപെടാനും, തീരുമാനമെടുക്കാനും കെൽപ്പുള്ളവരായി സ്ത്രീകളെ വാർത്തെടുക്കേണ്ടതുണ്ട് (അമൃത, 2015).

## ലിംഗനീതി

നീതി നിർവ്വഹണത്തിലും നിയമനിർമ്മാണത്തിലും മാതൃകപരമായ ശൈലി പിന്തുടരുന്ന സംസ്ഥാനമാണെങ്കിലും സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായ പൗരാവകാശങ്ങൾ ആസ്വദിച്ച് ജീവിക്കുവാൻ കഴിയുന്നതരത്തിൽ ലിംഗനീതി ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതിക്രമങ്ങളും വിവേചനങ്ങളും മാത്രമല്ല വ്യക്തിസ്വാതന്ത്ര്യത്തിനുപോലും നിയന്ത്രണങ്ങൾ നിലനിൽക്കുന്നു. സ്ത്രീ മുന്നേറ്റങ്ങൾക്കും പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾക്കും അഭിസംബോധന ചെയ്യാനോ മാറ്റാനോ കഴിയാത്ത തരത്തിൽ രൂഢമൂലമായ പിതൃമേധാവിത്വ പ്രവണതകൾ സർവ്വതല സ്പർശിയായി തുടരുന്നതുകാരണം ഭരണഘടനയും ഇതര നിയമങ്ങളും പ്രദാനം ചെയ്യുന്ന അവകാശങ്ങൾ പോലും പ്രായോഗികതലത്തിൽ ലഭ്യമാകുന്നില്ല. ഇന്ത്യൻ നീതിന്യായ സംവിധാനവും സമൂഹത്തിലുണ്ടാകുന്ന പരിവർത്തനങ്ങൾക്കനുസൃതമായി ലിംഗനീതി ഉറപ്പുവരുത്തുന്നതിന് വേണ്ട നിലപാടുകൾ സ്വീകരിക്കുന്നില്ല. അവകാശലംഘനങ്ങൾ വ്യവഹാരങ്ങളായി വരുമ്പോൾ മാത്രം ഇടപെടുകയെന്ന യാഥാ

സ്ഥിതികവും സങ്കുചിതവുമായ കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്തമായി നിയമവാഴ്ച ഉറപ്പുവരുത്തുന്നതിനും പൗരവ്യക്തി സ്വാതന്ത്ര്യങ്ങളും പൊതുതാൽപര്യങ്ങളും ലിംഗിനീതിയിലടിസ്ഥാനപ്പെടുത്തി സംരക്ഷിക്കാൻ നിയമനീതിന്യായ വ്യവസ്ഥയ്ക്ക് കഴിയേണ്ടതുണ്ട് (അഡ്വ. ടി. ഗീനാകുമാരി).

നീതിനിർവ്വഹണത്തിലെ കാലതാമസം അമിതചെലവും പ്രാപ്യതയില്ലായ്മയും നിയമസാക്ഷരതയും നീതിനിഷേധത്തിനിടയാകുന്നു. സമാന്തര തർക്ക പരിഹാര സംവിധാനങ്ങൾ ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു (ഡോ. സിന്ധു തുളസീധരൻ, 2015). ജീവനാംശം, സ്വത്തവകാശം, ലൈംഗിക കുറ്റകൃത്യങ്ങളിലെ വിചാരണ തുടങ്ങിയ ന്യായമായ കാലയളവിനുള്ളിൽ ഫലപ്രദമായി നടപ്പിലാക്കി കിട്ടണം. സ്വകാര്യമേഖലയിലും അസംഘടിത മേഖലയിലും തൊഴിലെടുക്കുന്നവർക്ക് പ്രത്യേക നിയമ സംരക്ഷണം ആവശ്യമാണ് (ഡോ. സോണിയ കെ. ദാസ്, 2015). പൊതുയിടങ്ങളിലെ സ്ത്രീ സാന്നിദ്ധ്യത്തിന്റെ വർദ്ധനവിനനുസരിച്ച് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ സ്ത്രീയുടെ സ്വകാര്യതയും മാന്യതയും സംരക്ഷിക്കുന്ന നിയമം പാസ്സാക്കുകയും ശ്രദ്ധാപൂർവ്വം നടപ്പിലാക്കുകയും വേണം (അഡ്വ. രാധു, 2015).

വിധവകളുടെ അവകാശങ്ങൾ സംരക്ഷണ നിയമം, വൈവാഹികസ്വത്തവകാശം, വിമൻസ് കോഡ് ബില്ല് തുടങ്ങിയ നിയമനിർമ്മാണങ്ങളോടൊപ്പം സ്ത്രീധന നിരോധന നിയമം, സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹിതരായവരുടെ കുട്ടികളുടെ അവകാശ സംരക്ഷണം, വാണിജ്യാവശ്യങ്ങൾക്കായി സ്ത്രീ നഗ്നത/ അർദ്ധ നഗ്നത, ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കൽ തുടങ്ങിയവ തടയുന്നതരത്തിലുള്ള ഭേദഗതികൾ ആവശ്യമാണ്. ഗാർഹികാതിക്രമവുമായി ബന്ധപ്പെടുന്ന അധികാര കേന്ദ്രങ്ങൾക്ക് പ്രത്യേക ലിംഗാവബോധ പരിശീലനം അത്യാവശ്യമാണ്. ജാഗ്രതാസമിതികൾ, അംഗനവാടികൾ, സന്നദ്ധസംഘടനകൾ, വായനശാലകൾ തുടങ്ങിയവ വഴി ലിംഗ നിയമ അവബോധ പ്രവർത്തനം സാധ്യമാക്കണം.

## സ്ത്രീയും സംസ്കാരവും

കേരളത്തിന്റെ സ്ത്രീ മുന്നേറ്റ സമരചരിത്രത്തിൽ മാറു മറയ്ക്കൽ സമരം, സ്വന്തം ശരീരത്തിൻ മേലുള്ള സ്ത്രീയുടെ അധികാര സ്ഥാപനവും, ജാതിപരമായ ആധീശത്വത്തിനെതിരെയുള്ള കലാപവുമായിരുന്നു. ജാതി വൈരുദ്ധ്യം, സ്ത്രീ പുരുഷ ബന്ധം, സദാചാര വ്യവസ്ഥ, സാമൂഹ്യ സംഘർഷങ്ങൾ, വൈയ്യക്തികാനുഭവങ്ങൾ ഇവയൊക്കെ തന്നെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിൽ പുനർ വായനക്ക് വിധേയമാക്കി. ലിംഗപരവും, ജാതിപരവും, വർഗ്ഗപരമായി കീഴാള വർഗ്ഗത്തിൽപ്പെട്ട മാതംഗിയെ (ചണ്ഡാലഭിഷുകി) യെ മലയാള കവിതയുടെ നടുനായക സ്ഥാനത്ത് കുമാരനാശാൻ പ്രതിഷ്ഠിച്ചത്, അതിനൊരു ഉദാഹരണം മാത്രമാണ് (സുജാ സൂസൻ ജോർജ്ജ്, 2015). ലോകത്തിലെ സ്ത്രീ പ്രസ്ഥാനത്തിന്റെ മാറ്റങ്ങൾ, സ്ത്രീവാദ സിദ്ധാന്തങ്ങൾ, നിയമ നിർമ്മാണങ്ങൾ എന്നിവ കേരളത്തിലും പ്രതിഫലിച്ചുതുടങ്ങിയതിന്റെ നടത്തിയതിന്റെ ഫലമാണ് ബോധന, പ്രചോദന, അന്വേഷി, മാനുഷി, സമത തുടങ്ങിയ സ്ത്രീ കൂട്ടായ്മകളും പ്രമുഖ വനിതാപ്രസ്ഥാനങ്ങളുടെ ചർച്ചകളുടെ തലങ്ങളിൽ വന്നിരിക്കുന്ന അനുഭവവേദ്യമായ മാറ്റങ്ങളും.

അഖിലേന്ത്യ മഹിളാ അസോസിയേഷന്റെയും വനിതാസംഘങ്ങളുടെ വളർച്ച, ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ലിംഗസമത്വത്തെക്കുറിച്ചുള്ള കലാപ്രകടനങ്ങൾ, മാക്സിം ഗോർഖിയുടെ അമ്മ എന്ന നാടകത്തിന്റെ സാർവ്വത്രികമായ ആവിഷ്കാരങ്ങൾ, സ്ത്രീവേദി പോലുള്ള സമാന്തര സ്ത്രീവാദാശയ വേദികളും കേരളത്തിലെ സ്ത്രീപക്ഷ ചരിത്രത്തിന്റെ നിർണ്ണായക കാൽവെയ്പ്പുകളാണ്.

രാഷ്ട്രീയത്തിന്റെ സ്വേഛാധിപത്യവത്ക്കരണവും, ഭൂരിപക്ഷ മതമൗലികവാദവും വർഗ്ഗീയ രാഷ്ട്രീയവും കേരളത്തിൽ നവോത്ഥാന പ്രസ്ഥാനം നടത്തിവെച്ച മതേതര പ്രക്രിയകളെ അപകടകരമാംവിധം ദുർബലപ്പെടുത്തുന്ന അവസ്ഥയാണ് കേരളത്തിൽ കണ്ടുവരുന്നത്. 20–ാം നൂറ്റാണ്ടിന്റെ ആദ്യം കേരളത്തിന്റെ ആധുനികതയുടെ പദ്ധതിയായ ജാതി രാഷ്ട്രീയത്തിൽ നിന്നും ഈ ന്യൂനപക്ഷവൽകരണ രാഷ്ട്രീയം തികച്ചും വ്യത്യസ്തമാണ് ഈ സമകാലീന ജാതിരാഷ്ട്രീയ പ്രവണതകൾ. കേരളത്തിലെ രാഷ്ട്രീയത്തിന്റെ വർഗ്ഗീയവൽക്കരണത്തിന്റെ പ്രധാനലക്ഷണം പൊതുമണ്ഡലത്തിന്റെ പൗരുഷവത്കരണമാണ്. കുടുംബത്തിലെ പുരുഷന്മാരുടെ രക്ഷാകർത്ത്വത്വമില്ലാതെ സൂര്യസ്തമനത്തിനു ശേഷം 'നല്ല സ്ത്രീകൾ' വീടിനു പുറത്ത് ഇറങ്ങുകയില്ലെന്ന് ധാരണ കേരളത്തിന്റെ പൊതുബോധത്തിൽ ഉറച്ച് കിടക്കുന്നുണ്ട്. കേരള ചരിത്രത്തിൽ വൈവാഹിക, ജാതി, കാർഷിക പരിഷ്കാരങ്ങളുടെ ഭാഗമായി വിവിധ പ്രസ്ഥാനങ്ങളും സംഘടനകളും അവരുടെ പരിപാടികളും ഏറ്റെടുത്ത സ്ത്രീകളെ ജനാധിപത്യവിരുദ്ധ വർഗ്ഗീയ ശക്തികൾ വൈകാരികവും പ്രത്യയശാസ്ത്രപരവുമായി സ്വാധീനിക്കാൻ ശ്രമിക്കുകയാണ്. ജാതി സാമുദായിക രാഷ്ട്രീയശക്തികളുടെ ശരീരരാഷ്ട്രീയം സ്ത്രീകളുടെ ശരീരത്തെ വിശുദ്ധിവൽകരിച്ചും അവയ്ക്ക് മേൽ നിയന്ത്രണം ഏർപ്പെടുത്തുകയാണ് (മീനാ ടി പിള്ള, 2015). ശരീരവും ലൈംഗികതയും സാമൂഹിക നിർമ്മിതിയുടെ ബലാബലങ്ങൾക്കകത്ത് രൂപപ്പെടുകയാണ് ചെയ്യുന്നത്. മൂല്യവ്യവസ്ഥയിൽ ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ, ലൈംഗികധാരണകളിൽ അതിന്റെ മുദ്രകൾ പതിപ്പിക്കുകയും സ്ത്രീ ലൈംഗികതക്ക് മേലുള്ള നിയന്ത്രണങ്ങൾ ചരിത്രത്തിലെ തുടർന്ന് പോരുന്ന യാഥാർത്ഥ്യമായി മാറ്റുകയും ചെയ്തു

(ഷീബ കെ. എം, 2015). ഇടതു പ്രസ്ഥാനങ്ങൾ പൊതുമണ്ഡലത്തിൽ സ്ത്രീയുടെ സാന്നിദ്ധ്യം ഉൾപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിൽ ഫ്യൂഡൽ കുടുംബത്തെക്കുറിച്ചുള്ള വിമർശനങ്ങൾക്കപ്പുറത്തേയ്ക്ക് ബൂർഷ്വാ കുടുംബസങ്കൽപങ്ങളെക്കുറിച്ചുള്ള വിമർശനപദ്ധതി വേണ്ടത്ര ഉയർന്നുവന്നില്ല എന്ന് ഒന്നാം കേരള പഠന കോൺഗ്രസ് തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇന്നവട്ടെ, പാശ്ചാത്യ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ ഉയർത്തിയ ലൈംഗികതയടക്കമുള്ള സമകാലീന സ്ത്രീ പദവി സംബന്ധിച്ച വിഷയങ്ങൾ നമ്മുടെ നാട്ടിലെ സാമൂഹ്യപ്രസ്ഥാനങ്ങളെയും സ്ത്രീ പ്രസ്ഥാനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിലെ സ്ത്രീവിമോചനത്തിനായുള്ള സമ്മർദ്ദശക്തികളും പ്രസ്ഥാനങ്ങളും കേരളത്തിൽ മുമ്പെന്നെത്തേതിനെക്കാളും ശക്തമാണ്.

ആഗോളവത്കരണത്തിലൂടെയും കമ്പോളവത്കരണത്തിലൂടെയും ശക്തിയാർജ്ജിച്ച ബഹുരാഷ്ട്ര കമ്പനികൾ അവരുടെ വർദ്ധിച്ച മൂലധനത്തെ നിക്ഷേപിക്കാനുതകുന്ന ലാഭവിപണികളിലായി മാധ്യമങ്ങളെ കണ്ടു തുടങ്ങിയതാണ് സംസ്കാരത്തിന്റെ വാണിജ്യവത്കരണത്തിനു വഴിയൊരുക്കിയത്. (ഹോക്കിമർ, അഡോണ, 1944). ഈ ബഹുരാഷ്ട്ര മുതലാളിത്തത്തിന്റെ ഉപഭോഗ കേന്ദ്രീകൃതരായ സാംസ്കാരിക യുക്തിയായാണ് ജെയിംസൺ (1991) ഉത്തരാധുനികതയെ കാണുന്നത്. അസ്സലുകളില്ലാത്ത പകർപ്പുകളുടെ അതിയാഥാർത്ഥ്യത്തിന്റെതായ സാമൂഹ്യ ക്രമരൂപീകരണമാണ് ഉത്തരാധുനികതയിൽ അനുഭവപ്പെടുന്നത് എന്നാണ് ബോദിലാർ (1983) വാദിക്കുന്നത്. ഉത്തരാധുനികത മാധ്യമങ്ങൾ എന്ന് വിശേഷിക്കപ്പെടുന്ന സൈബർ മാധ്യമങ്ങൾ പുതിയ ശ്രംഖല സമൂഹ (മാമ്പൽ കാസ്റ്റെൽസ്) നിർമ്മിതിയിലൂടെ പുതിയതരം ആശയവിനിമയ വ്യവസ്ഥയായ മാസ്സ് സെൽഫ് കമ്മ്യൂണിക്കേഷന് രൂപം നല്കിയെന്ന് നിരീക്ഷിക്കുന്നു. ഡിജിറ്റീലികരണം, ഇടപെടൽശേഷി, ബഹുമാദ്ധ്യമപരത, സത്വരത, മാധ്യമ സംലയനം, പ്രതീതിപരത, പങ്കാളിത്ത ഉള്ളടക്ക നിർമ്മിതി തുടങ്ങിയവയാണ് നവമാധ്യമങ്ങളുടെ സവിശേഷതകളായി കാണുന്നത്. (സുനിത ടി. വി, 2015)

ലിംഗപദവിയെയും അതിനെ ചൊല്ലിയുള്ള സാങ്കേതിക വ്യവഹാരങ്ങളെയും പുനർ നിർവ്വചിക്കാനുള്ള ഒരു ഭാഷാ സാമഗ്രിയായിയാണ് നവമാദ്ധ്യമങ്ങളിലെ സൈബർ ഇടങ്ങൾ മാറുന്നത്. 1990 ലാണ് സ്ത്രീ വിവരസാങ്കേതിക വിദ്യകളുമായ ബന്ധത്തെ പ്രശ്നവത്ക്കരിക്കുന്ന സൈബർ ഫെമിനിസം എന്ന സ്ത്രീവാദ ധാരയുടെ തുടക്കം. സൈബർ സാങ്കേതികയുടെ വെറും ഉപഭോക്താവ് എന്ന നിലയിൽ നിന്നും സ്വന്തം ആധികാരികതയിൽ നിർണ്ണയിക്കപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ഒന്നായി സ്ത്രീ കർതൃത്വം സൈബർ ഇടങ്ങൾ ഉയർത്തുന്നു (ഉഷാകുമാരി, 2013). എന്നാൽ കടുത്ത സ്ത്രീ വിരുദ്ധതയും, ആണിന് പെണ്ണ് തെറി വിളിക്കാനുള്ള, കാമം തീർക്കാനുള്ള ഫ്യൂഡൽ മേൽക്കോയ്മയുടെ ആവിഷ്കാരമായി, സൈബർ ലോകത്തിൽ വിരാജിക്കുകയാണ് കേരളീയ പുരുഷൻ എന്ന് യാക്കോബ് (2014) വാദിക്കുന്നു.

അറിവിനെ അധികാരവുമായി ബന്ധിപ്പിക്കുന്നതിലും, അധികാരവ്യവസ്ഥയുടെ അനുബന്ധം എന്ന നിലയിലും സമൂഹത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക വ്യവഹാരങ്ങൾ നിർവ്വചിക്കുന്നതിലും മാധ്യമങ്ങൾ പ്രധാനപങ്കു വഹിക്കുന്നു. എന്നാൽ മാധ്യമങ്ങളിൽ സജീവമാകുന്ന സ്ത്രീ സാന്നിദ്ധ്യം കുറവാണ് (ബിച്ചുമലയിൽ, 2015) സ്ത്രീകൾക്കായി സമൂഹം നിർദ്ദേശിക്കുന്ന വ്യവഹാരം ഊന്നുന്നത് അനുസരണയിലല്ല, പോരായ്മയിലും, അന്തർജ്ഞാനത്തിലുമാണ് (ഇ.വി. രാമകൃഷ്ണൻ). ആത്മഹത്യ, ഒളിച്ചോട്ടം, ബലാത്സംഗം, കൊലപാതകം, ലൈംഗീക വിഷയങ്ങൾ തുടങ്ങിയവയിലാണ് മാധ്യമങ്ങളിലെ സ്ത്രീകളെ കാണാനാകുന്നത്. പൊതുസമൂഹത്തിൽ സ്ത്രീകൾ തന്നെ മുൻകയ്യെടുത്ത് നടത്തുന്ന ആവിഷ്കാര-സാംസ്കാരിക-സർഗ്ഗാത്മക പ്രവർത്തനങ്ങൾ മാധ്യമങ്ങളുടെ ഓരത്തു നിൽക്കുന്നവയായി മാറുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

മാധ്യമങ്ങളിലെ സ്ത്രീ പ്രതിനിധാനങ്ങൾ, പലപ്പോഴും ഒരു ഉപഭോഗവസ്തു എന്ന നിലയിൽ ആവിഷ്കരിക്കുകയും, വ്യവസ്ഥിതിയുടെ ഭാഗമെന്ന നിലയിൽ ആ ധാരണയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. സ്ത്രീയുടെ പദവിയെയും, കർതൃത്വത്തെയും നിസ്സാരവൽക്കരിച്ച്, പുരുഷന് വിധേയരായി മാത്രം നിലനിൽക്കുന്ന സ്ത്രീ കഥാപാത്രങ്ങൾ ഉള്ള സീരിയലുകളും, സിനിമകളും പുരുഷാധിപത്യ സങ്കല്പങ്ങൾക്ക് വിധേയരായ പെൺനിർമ്മിതികളെ സാമാന്യവൽക്കരിക്കുന്നു (സീമ ജെറോം, 2015). ആദിവാസി ഊരുകളിലെ അവിവാഹിതരായ അമ്മമാരുടെ ദൈന്യതയും, പ്രവാസികളായി ജീവിതം തേടിപോകുന്ന സഹോദരിമാർ അനുഭവിക്കുന്ന പ്രശ്നങ്ങളും മാധ്യമങ്ങൾ കൈകാര്യം ചെയ്യുമ്പോൾ തന്നെ അത്തരം സ്ഥിതിവിശേഷം സൃഷ്ടിച്ച സാമൂഹ്യ വ്യവസ്ഥിതിയെക്കുറിച്ച് മാധ്യമങ്ങൾ ബോധപൂർവ്വം മൗനം പാലിക്കുന്നു (ശൈലജ ടീച്ചർ, 2015).

തൊഴിൽ സാമൂഹ്യ അവകാശങ്ങൾ, ഭരണ നിർവ്വഹണം, നീതിനിയമ വ്യവസ്ഥിതികൾ, സാംസ്കാരികതലങ്ങൾ എന്നീ മേഖലകളിലെ സ്ത്രീപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുവാൻ സർക്കാർ നേരിട്ടു നടത്തുന്ന വനിതാ കമ്മീഷൻ, വനിതാ വികസന കോർപ്പറേഷൻ, വനിതാ സെൽ, വുമൺസ് ഹെൽപ്പ് ലൈൻ, കുടുംബശ്രീ, ജാഗ്രതാ സമിതി, മഹിളാ മന്ദിരങ്ങൾ, മഹിളാ സമഖ്യ, നിർഭയ കേന്ദ്രങ്ങൾ, ജൻഡർ പാർക്ക്, സംസ്ഥാന സാമൂഹ്യ ക്ഷേമബോർഡ് എന്നിവയുടെ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ, വിമർശനാത്മകമായ ഇടപെടലുകൾ അനിവാര്യമാണ് (ടി. രാധാമണി, 2015).

പൊതുയിടങ്ങളിലും രാഷ്ട്രീയ ചർച്ചകളിലും തീരുമാന നിർണ്ണയസഭകളിലും ഒരളവു വരെ സ്ത്രീകൾ ഇന്നു അദൃശ്യരാണ്. (അസാന്നിദ്ധ്യത്തിന്റെ രാഷ്ട്രീയം, അനുപമ റോയ്, 2008). പലപ്പോഴും സ്ത്രീ സംബന്ധിയായ ചർച്ചകൾ നയിച്ചത്, തീരുമാനിച്ചത് പുരുഷനായിരുന്നു. ചർച്ചചെയ്യപ്പെടേണ്ട ആശയമാണ്, അല്ലാതെ ചർച്ച ചെയ്യപ്പെടുന്ന വ്യക്തികൾ അല്ല പ്രധാനപ്പെട്ടത്, എന്നതാണ് ഇതിന്റെ ഉപോൽബലകമായി ചൂണ്ടിക്കാണിക്കപ്പെട്ടത് (ആശയങ്ങളുടെ രാഷ്ട്രീയം) എന്നാൽ ഈ ചർച്ചകളിലെ അന്യവത്ക്കരണവും, മറ്റൊരാൾ വത്ക്കരണവും അനുഭവിച്ചറിഞ്ഞ സ്ത്രീകളും, സ്ത്രീപക്ഷ ഗ്രന്ഥങ്ങളും ഇതിനെതിരെ ശബ്ദമുയർത്തി. സ്ത്രീകളെ കുറിച്ച്, സ്ത്രീപക്ഷ രാഷ്ട്രീയത്തെക്കുറിച്ച് സ്ത്രീകൾ തന്നെ സംവദിക്കേണ്ട ആവശ്യകതയെ കുറിച്ച്, സ്ത്രീകൾ തന്നെ പ്രതിനിധാനം ചെയ്യേണ്ട അനിവാര്യതയെക്കുറിച്ച് അവർ വാദിച്ചു. ചർച്ച ചെയ്യപ്പെടുന്ന ആശയത്തോടും വിഷയത്തോടും ഒപ്പം ചർച്ച ചെയ്യുന്ന വ്യക്തിയും (സാന്നിദ്ധ്യത്തിന്റെ രാഷ്ട്രീയം, ആൻ ഫിലിപ്പ്) തുല്യപ്രധാന്യം അർഹിക്കുന്നവെന്ന വാദങ്ങൾ പൊതുവെ അംഗീകരിക്കപ്പെട്ടു. പൗരബോധത്തിന്റെ അവകാശവാദത്തിലൂടെ, സ്ത്രീപക്ഷ രാഷ്ട്രീയത്തിന്റെ സ്വത്വബോധത്തിൽ നിന്നും സംഘശക്തിയുടെ കർതൃത്വത്തിലൂടെ ലിംഗനീതിയിലധിഷ്ഠിതമായ ജനാധിപത്യപൂർവ്വവുമായ ചരിത്ര നിർമ്മിതിയ്ക്ക്, സ്ത്രീപക്ഷ സമീപനത്തോടുകൂടിയുള്ള വികസനം ഒരു പ്രതീക്ഷയാണ്. സ്ത്രീ സംഘടിത ചാലകശക്തിയുടെ രാഷ്ട്രീയ പ്രതീക്ഷ.

## II. ഇടതുപക്ഷ സർക്കാരിന്റെ സമീപനവും ഇടപെടലുകളും

1995 ലെ എ.കെ.ജി പഠന കോൺഗ്രസ് നടത്തിയ 'കേരളത്തിലെ സ്ത്രീകൾ ഇന്നലെ, ഇന്ന്' എന്ന സെമിനാർ സ്ത്രീയും വികസനവും സംബന്ധിച്ച വിശദമായ ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിയൊരുക്കി. സ്ത്രീ അവസ്ഥയെക്കുറിച്ചുള്ള ഇരുന്നൂറോളം പ്രബന്ധങ്ങളാണ് സെമിനാറിൽ അവതരിപ്പിക്കപ്പെട്ടത്. അന്ന് സെമിനാറിൽ ഉന്നയിക്കപ്പെട്ട പല വിഷയങ്ങളും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിലെത്തിയപ്പോൾ നടപ്പിലാക്കി. ഇതിൽ പ്രധാനപ്പെട്ടതായിരുന്നു, ജനകീയാസൂത്രണവും അധികാര വികേന്ദ്രീകരണവും. 10% വനിതാ ഘടകപദ്ധതി, താഴെത്തട്ടിലെ വികസന പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തത്തെ വലിയ അളവിൽ സഹായിച്ചു. അങ്ങനെ കേരള പഠന കോൺഗ്രസ് സ്ത്രീ വികസന ഇടപെടലുകളിൽ പുതിയൊരു അധ്യായത്തിന് തുടക്കംകുറിച്ചു.

### ജനകീയാസൂത്രണവും വനിതാ ഘടകപദ്ധതിയും

വികേന്ദ്രീകരണത്തിലൂടെ സാമൂഹ്യക്ഷേമ രംഗങ്ങളിൽ നിന്നും സർക്കാരിനെ പിന്തിരിപ്പിക്കാനും വികസനത്തിന്റെ ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാനുമാണ് ലോകബാങ്കും സമാന ഏജൻസികളും ശ്രമിക്കുന്നത്. എന്നാൽ ജനകീയാസൂത്രണത്തിന്റെ അച്ചുതണ്ട് പ്രാദേശിക സർക്കാരുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ജനപങ്കാളിത്തത്തോടുകൂടിയ ആസൂത്രണത്തിലാണ്. ഓരോ പ്രദേശത്തിനും എന്തുവേണമെന്നുള്ള തീരുമാനം കമ്പോളത്തിന് വിട്ടുകൊടുക്കാതെ പ്രാദേശിക സമൂഹത്തെക്കൊണ്ട് കൂട്ടായി തീരുമാനിച്ച് സാമൂഹ്യ നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവരുവാനാണ് ജനകീയാസൂത്രണം ശ്രമിച്ചത്. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ബജറ്റിൽ സ്ത്രീ പക്ഷപാതം എത്രയുണ്ടെന്നത് അടിസ്ഥാനപരമായ പ്രശ്നമാണ്. ഈ ഒരു സമീപനം കൈക്കൊണ്ടത് ജനകീയാസൂത്രണ കാലത്താണ്. ജനകീയാസൂത്രണത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന് വികസനത്തിൽ സ്ത്രീ നീതി കൈവരിക്കലാണ്. ഇതിനായി ആസൂത്രണത്തിന്റെ എല്ലാ ഘട്ടങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി. വനിതാ ജനപ്രതിനിധികൾ വികസന പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തവും പദ്ധതികളിൽ വനിതാ പരിഗണനയും ഉറപ്പുവരുത്തുന്നതിൽ മുഖ്യപങ്ക് വഹിച്ചു. ഇതിന് ആവശ്യമായ ബൃഹത്തായ വനിതാ പരിശീലന പദ്ധതി ജനകീയാസൂത്രണത്തിന്റെ പ്രത്യേകതയാണ്.

പദ്ധതിയുടെ 10 ശതമാനം അടങ്കൽ സ്ത്രീകൾക്കുള്ള പ്രത്യേക പ്രോജക്ടുകൾക്കായിരിക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടു. ഈ വനിതാ ഘടകപദ്ധതിയ്ക്ക് പുറമേ ഏത് പ്രോജക്ടും സ്ത്രീകളെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചുള്ള വിലയിരുത്തൽ പ്രോജക്ട് രേഖയുടെ ഭാഗമായി നൽകണമെന്നും ജനകീയാസൂത്രണത്തിൽ നിബന്ധനയുണ്ടായി. ഇന്ത്യയിൽ തന്നെ ആദ്യത്തെ അനുഭവമായിരുന്നു ഇത്. പൊതുവേ പ്രോജക്ടുകൾ സ്ത്രീ വിശേഷണം ചേർത്ത് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രവണത ആദ്യരണ്ട് വർഷങ്ങൾകൊണ്ട് ഇല്ലാതാക്കി. പിന്നീടുണ്ടാക്കിയ സ്ത്രീ വികസന പ്രോജക്ടുകളിൽ പലതും കേവലം പ്രായോഗിക ലിംഗപദവി ആവശ്യങ്ങളിലൊതുക്കാതെ തന്ത്രപരമായ ലിംഗപദവി ആവശ്യങ്ങളിലൂടെ സ്ത്രീ പദവിയ്ക്ക് മാറ്റംവരുത്തുവാൻ ഉതകുന്നവയായിരുന്നു. ദൗർഭാഗ്യവശാൽ പിന്നീട് അധികാരത്തിൽവന്ന യു.ഡി.എഫ് സർക്കാർ ജനകീയാസൂത്രണ പദ്ധതിയ്ക്കൊപ്പം തന്നെ വനിതാ ഘടകപദ്ധതിയേയും ദുർബലപ്പെടുത്തുകയാണ് ചെയ്തത്. ആദ്യം വേണ്ടെന്നുവച്ച വനിതാ ഘടകപദ്ധതി എതിർപ്പിനെത്തുടർന്ന് പുന:സ്ഥാപിച്ചു. പക്ഷേ, വിധവകൾക്കുള്ള പാർപ്പിട പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് വന്നതോടെ വനിതാ ഘടകപദ്ധതി പാർപ്പിട പദ്ധതിയായി അധ:പതിച്ചു.

ഇടതുപക്ഷ സർക്കാർ അധികാരത്തിലിരുന്ന 2008-09 വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ സ്ത്രീ പരിഗണന എത്രയുണ്ടെന്ന് ഒരു പരിശോധന നടത്തി. ഈ വർഷങ്ങളിൽ സംസ്ഥാന പദ്ധതികളിൽ സ്ത്രീകൾക്ക്

വേണ്ടിയുള്ള പ്രത്യേക പ്രോജക്ടുകളുടെയും സ്കീമുകളുടെയും അടങ്കൽ 5.8 ശതമാനമായിരുന്നു. പഞ്ചായത്തുകൾ 10 ശതമാനം സ്ത്രീപക്ഷ വികസനത്തിന് വേണ്ടിയുള്ള പ്രോജക്ടുകൾക്കായി മാറ്റിവയ്ക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ ബജറ്റിലുള്ള സ്ത്രീപക്ഷ പരിഗണന ഇത്ര താഴ്ന്നിരിക്കുന്നത് തീർത്തും അപമാനകരമായിരുന്നു. ഈ തിരിച്ചറിവ് നൽകിയതാണ് 2010–11 ൽ ഇടതുപക്ഷ സർക്കാർ അവതരിപ്പിച്ച സ്ത്രീപക്ഷ കേരള ബജറ്റ്.

### സ്ത്രീപക്ഷ കേരള ബജറ്റ് 2010–11

സ്ത്രീ പുരുഷ പദവിയിലെ അടിസ്ഥാനപരമായ അസമത്വം മനസ്സിലാക്കുകയും, ഈ അസമത്വമാണ് അസമമായ സ്ത്രീ പുരുഷ ബന്ധം സൃഷ്ടിക്കുന്നുവെന്നുള്ള തിരിച്ചറിവാണ് ജൻഡർ ബജറ്റിന്റെ തുടക്കം (മൃദുൽ ഈപ്പൻ, 2015). ജൻഡർ ബജറ്റ് അഥവാ ലിംഗനീതി ഉറപ്പുനൽകുന്ന ബജറ്റ് എന്നത് സ്ത്രീകൾക്കു വേണ്ടിയുള്ള ബജറ്റല്ല. മറിച്ച്, സർക്കാരിന്റെ സാധാരണ, മുഖ്യധാരാ ബജറ്റിനെ അത് ആൺകുട്ടി/പെൺകുട്ടി, സ്ത്രീ/ പുരുഷൻ എന്നിവരെ എങ്ങനെ ബാധിക്കുന്നു എന്നതനുസരിച്ച് വിഭജിക്കുന്നതാണ്. ബജറ്റിന് സ്ത്രീ വീക്ഷണം നൽകുന്നതിനു വേണ്ടി സർക്കാരിനെ സഹായിക്കുന്ന ഒരു പ്രവർത്തന പദ്ധതിയാണിത്. ജൻഡർ ബജറ്റ് സ്ത്രീകളുടെ 'വേതനമില്ലാത്ത' ഗാർഹികാധ്വാനം/ പരിചരണം അംഗീകരിക്കുകയും ഈ പ്രവർത്തനങ്ങളിലെ പൊതു നിക്ഷേപത്തിന്റെ ആവശ്യകതത ഉയർത്തിപിടിക്കുകയും ചെയ്യുന്നു

2010–11 ലെ കേരള ബജറ്റ് സ്ത്രീപക്ഷ അടിസ്ഥാന സൗകര്യവികസനത്തിനു ഊന്നൽ കൊടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കെ എസ് ആർ ടി സി, പൊതുമരാമത്തു വകുപ്പ്, പൊലീസ്, തുറമുഖം, ഭവനനിർമ്മാണം, ആരോഗ്യം, സാമൂഹ്യക്ഷേമം, ഐടി തുടങ്ങിയ സുപ്രധാന മേഖലകൾ ഉൾപ്പെട്ട ഈ പദ്ധതി പ്രകാരം സാധാരണ ജൻഡർ ബജറ്റ് രൂപീകരണത്തിൽ കടന്നുവരാത്ത മേഖലകളെപ്പോലും ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി തയ്യാറാക്കിയത്.

(a) കെ എസ് ആർ ടി സിയുടെ എല്ലാ ഡിപ്പോകളിലും സബ്ഡിപ്പോകളിലും പ്രത്യേക വിശ്രമമുറി, കുടിവെള്ളം, ടോയിലറ്റുകൾ.

(b) ഓരോ ജില്ലയിലെയും താലൂക്കു കേന്ദ്രങ്ങളിലെ സർക്കാർ കെട്ടിടങ്ങളിൽ സ്ത്രീകൾക്ക് ടോയിലറ്റ് (പൊതുമരാമത്ത്)

(c) 160 സർക്കിൾ ഹെഡ്ക്വാർട്ടേഴ്സ് പൊലീസ് സ്റ്റേഷനുകളിലും അതിക്രമത്തിനിരകൾ ആകുന്ന സ്ത്രീകൾക്ക് അടിയന്തിര ചികിത്സാ സൗകര്യം ഭക്ഷണത്തിനുള്ള ചെലവിനുള്ള തുക. 43 ജനമൈത്രീ പൊലീസ് സ്റ്റേഷനുകളും സ്ത്രീ സൗഹാർദ്ദപരമാക്കുക; 160 സർക്കിൾ ഹെഡ്ക്വാർട്ടേഴ്സിലും സ്ത്രീ ഡസ്ക്കുകൾ; സ്ത്രീകൾക്കായി പരാതികാർഡുകൾ (പൊലീസ്).

(d) ഇ എം എസ് ഭവന പദ്ധതിയ്ക്ക് പുകയില്ലാത്ത അടുപ്പ് (ഊർജ വകുപ്പ്)

(e) സ്ത്രീ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് ഉചിതമായ ഭവനങ്ങൾ– ഈ സ്ത്രീകൾ കുടുംബനാഥകൾ ആയിരിക്കുകയും ദീർഘദൂരം യാത്രചെയ്തു ജോലി ചെയ്യുന്നവരും ആയിരിക്കാം. (സംസ്ഥാന ഹൗസിങ് ബോർഡ്)

(f) വർക്കിങ് വിമൻ ഹോസ്റ്റലുകൾ. (പൊതുമരാമത്തു വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്)

(g) തൊഴിലാളികളുടെ സുരക്ഷിതത്വവും ക്ഷേമവും – മൈനർ തുറമുഖങ്ങളിൽ ബേപ്പൂരും വിഴിഞ്ഞത്തും സ്ത്രീ തൊഴിലാളികൾക്കായി പ്രത്യേക ബസ് സർവീസ്. രണ്ട് ഫിഷ് ലാന്റിംഗ് കേന്ദ്രങ്ങളിലും സ്ത്രീകൾക്ക് രാത്രി ഷെൽട്ടർ. (തുറമുഖ, ഫിഷറീസ് വകുപ്പ്)

(h) 10 വനിതാ കോളേജുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലത്തിനായുള്ള അടിസ്ഥാനസൗകര്യ വികസനം.

(i) സ്ത്രീകളുടെ ക്യാൻസർ നേരത്തെ കണ്ടെത്തുന്നതിന് സംവിധാനം മെച്ചപ്പെടുത്തുക. (ആർ സിസി)

(j) അതിക്രമങ്ങൾക്ക്, പ്രത്യേകിച്ചും ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകുവാൻ ഫണ്ട് (സാമൂഹ്യ നീതി വകുപ്പ്)

(k) അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കുവേണ്ടി കൗൺസലിംഗും ആരോഗ്യപരിപാലവും നൽകുന്ന കേന്ദ്രങ്ങൾ. (സീതാലയം) (ഹോമിയോ ആരോഗ്യ വകുപ്പ്)

(l) പോലിസ്, പൊതുമരാമത്ത് എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർക്ക് സ്ത്രീബോധ പരിശീലനം. കുടുംബശ്രീയുടെ ലിംഗപദവി സ്വയം പഠന പ്രക്രിയ

ഈ പദ്ധതികൾ സ്ത്രീകളുടെ പ്രായോഗികാവശ്യങ്ങൾക്കുവേണ്ടിയാണെന്നു തോന്നാം എന്നാല് ഇവയിലൂടെ പൊതുവായി സ്ത്രീയുടെ ചലന സ്വാതന്ത്ര്യവും സുരക്ഷിതത്വവും സുരക്ഷയും ലക്ഷ്യമാക്കപ്പെടുന്നതിനാലിവ ലിംഗസമത്വത്തിലേക്ക് നയിക്കുന്നവയും ആണ്.

ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി സ്ത്രീകൾ ഭൂരിപക്ഷം ഉണ്ടായിരുന്ന പരമ്പരാഗത വ്യവസായം തകരുകയും ഭക്ഷ്യ ധാന്യങ്ങൾ, പച്ചക്കറി, പാൽ, മുട്ട തുടങ്ങിയവയുടെ വില വാണം പോലെ ഉയരുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കി രണ്ട് പ്രധാന പദ്ധതികൾ ആരംഭിച്ചു.

(1) കയർ, ഖാദി, കൈത്തറി, മൽസ്യം തുടങ്ങിയ പരമ്പരാഗത വ്യവസായത്തിലെ സ്വയം തൊഴിൽ

ചെയ്യുന്ന, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്കുള്ള 'വരുമാന ഉറപ്പു പദ്ധതി.' ഈ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടാൻ ബുദ്ധിമുട്ടാണ്. കൃഷി പോലെ ഇവരുടെ തൊഴിൽ ചില സമയത്തു മാത്രമല്ലല്ലോ. എന്നാൽ ഇവർക്കു ലഭിക്കുന്ന വേതനമാകട്ടെ, തൊഴിലുറപ്പിനെക്കാൾ താഴ്ന്നതാണു താനും. ഈ മേഖലയിലുള്ളവർക്ക് ചുരുങ്ങിയത് നൂറു ദിവസത്തെ ജോലിക്കെങ്കിലും മിനിമം തൊഴിലുറപ്പിന്റെ കൂലി ഉറപ്പു വരുത്തുകയാണ് പദ്ധതി. ഇതിനാവശ്യമായ അധികപണം സർക്കാർ നൽകും. ഇത് അയവേറിയ ഒരു പദ്ധതിയാണ്. അതന്റെ നടത്തിപ്പിൽ മാറ്റം വരുത്താം.

(2) ഭക്ഷ്യസുരക്ഷാപദ്ധതി (സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ പരിപാടിയുടെ ഭാഗം) കൃഷിയുടെ മുഖം കൂടുതൽ സ്ത്രൈണവൽക്കരിക്കപ്പെടുന്നു. കുടുംബശ്രീയുടെ 'സംഘകൃഷി' ഉൾപ്പടെ കണക്കിലെടുത്ത് കർഷകർ ആയി സ്ത്രീകളെ കണക്കാക്കണം. മൃഗപരിപാലനം, കോഴി/താറാവ് വളർത്തൽ എന്നിവ ഉൾപ്പടെയുള്ള കാർഷിക മേഖലയിലെ വനിതാസ്വയം സഹായ സംഘങ്ങൾ വഴി ഈ പദ്ധതി നടപ്പാക്കാം. സ്ത്രീകൾ ധാരാളമായി തൊഴിലെടുക്കുന്ന ഈ മേഖലയിൽ 100% സ്ത്രീകളുടെ പദ്ധതികൾ ആവിഷ്കരിക്കാം. (കൃഷി, മൃഗസംരക്ഷണ വകുപ്പ്)

സ്ത്രീപ്രശ്നത്തെ ഇത്തരത്തിൽ കഴിയുന്നത്ര മേഖലകളിലേക്കു കൊണ്ടു വരുകയും ''മുഖ്യധാരാവൽക്കരി''ക്കുകയും ചെയ്യുന്നത് ബജറ്റിൽ സ്ത്രീകളെ കൂടുതൽ ദൃശ്യവൽക്കരിക്കുന്നതിനിടയാക്കും. സ്ത്രീകൾക്കുവേണ്ടി കൂടുതൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്യാൻ സഹായിക്കും. ഇത് സ്ത്രീകൾക്കു വേണ്ടിയുള്ള ബജറ്റ് വിഹിതത്തിലും വർധനവുണ്ടാക്കും. 2008-09ൽ സംസ്ഥാനപദ്ധതിയിൽ സ്ത്രീകൾക്കു വേണ്ടിയുള്ള അടങ്കൽ 5.8 ശതമാനമായിരുന്നത് പടിപടിയായി 2010-11 ആയപ്പോൾ 8.9 ശതമാനമായി ഉയർന്നു. യുഡിഎഫ് സർക്കാർ ഒരു ന്യായീകരണവും പറയാതെ ജെൻഡർ ഓഡിറ്റിംഗ് നിർത്തിവെച്ചു.

## കുടുംബശ്രീ

കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണ പരീക്ഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനകളിൽ ഒന്നാണ് കുടുംബശ്രീ. ഇടതുപക്ഷ സർക്കാരിന്റെ നേതൃത്വത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് വേണ്ടി കേരളം നടത്തിയ സാമൂഹ്യ പരിഷ്ക്കരണങ്ങൾ ദേശീയ അന്തർദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. ഭൂപരിഷ്ക്കരണം, ജാതി വ്യവസ്ഥക്കെതിരായുള്ള സാമൂഹ്യ പരിഷ്ക്കരണങ്ങൾ, സാക്ഷരതാ പ്രസ്ഥാനം, പൊതു വിതരണ സമ്പ്രദായം, ജനകീയാസൂത്രണം തുടങ്ങിയ ശക്തമായ ജനാധിപത്യ ഇടപെടലുകളിലൂടെയുള്ള ഇടതുപക്ഷസർക്കാരിന്റെ ജനകീയ വികസന കാഴ്ചപ്പാടിന്റെ പ്രായോഗിക തുടർച്ചയാണ് കുടുംബശ്രീ രൂപീകരണവും വ്യാപനവും. പങ്കാളിത്ത വികസന പ്രക്രിയയായ ജനകീയാസൂത്രണം നൽകിയ അനുകൂല അന്തരീക്ഷം, സാമൂഹ്യ ഊർജ്ജം, മാതൃകാഗ്രാമ പഞ്ചായത്തുകൾ നൽകിയ അനുഭവങ്ങൾ, കൂടുംബശ്രീ അംഗങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ എന്നിവ വളരെ പെട്ടെന്ന് കുടുംബശ്രീയെ കേരളത്തിൽ ജനകീയമാക്കി.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലുമുള്ള സ്വയംസഹായ സംവിധാനത്തിൽ നിന്നും വ്യത്യസ്തമാണ് കുടുംബശ്രീ. സന്നദ്ധസംഘടനകളല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് കുടുംബശ്രീയുടെ സംഘാടകർ. കേവലം മൈക്രോ ഫിനാൻസ് പ്രവർത്തനം മാത്രമല്ല, സർക്കാരിന്റെയും പഞ്ചായത്തിന്റെയും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ ഏകോപിപ്പിക്കുന്ന വേദികൂടിയാണ് കുടുംബശ്രീ. എല്ലാറ്റിനുമുപരി അവകാശാധിഷ്ഠിത വികസന രാഷ്ട്രീയത്തിലൂടെയുള്ള സ്ത്രീ ശാക്തീകരണമാണ് കുടുംബശ്രീയുടെ ലക്ഷ്യം.

ജനാധിപത്യ കൂട്ടായ്മയിലൂടെ ആർജ്ജിച്ച സംഘബലമാണ് കുടുംബശ്രീയുടെ കരുത്ത്. ഇതിന് കുടുംബശ്രീയെ പ്രാപ്തമാക്കിയത് സംസ്ഥാനത്താകെ വേരോട്ടമുള്ള അതിന്റെ ശക്തവും ബൃഹത്തുമായ ത്രിതല സംഘടനാ സംവിധാന ശ്രംഖലയാണ്. രണ്ടരലക്ഷത്തോളം വരുന്ന അയൽക്കൂട്ടങ്ങൾ, 19894 വാർഡുതല എ.ഡി.എസുകൾ, 1072 സി.ഡി.എസുകൾ. ഇതാണ് കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനം. സമൂഹത്തിന്റെ ഏത് സൂക്ഷ്മതലങ്ങളിലേയ്ക്കും സ്വതന്ത്രമായി ഇടപെടാൻ കഴിയുന്ന ജനാധിപത്യ കൂട്ടായ്മകളാണ് കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ. പ്രാദേശിക സർക്കാരുകളുമായി ഒത്തുചേർന്ന് കുടുംബശ്രീ നടത്തുന്ന ദാരിദ്രനിർമ്മാർജ്ജന ഇടപെടലുകൾ ജനാധിപത്യ പ്രക്രിയയെ സമൂഹത്തിന്റെ അടിത്തട്ടുവരെ എത്തിക്കുന്നു. ഗ്രാമസഭകളെ ശാക്തീകരിക്കുവാനും അവയിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാനും അതുവഴി ഗ്രാമസഭകളെ ജനകീയമാക്കുവാനും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് കഴിയുന്നു.

ദാരിദ്ര്യത്തിനു നൽകിയ ബഹുമുഖ നിർവചനവും അനുബന്ധ ഇടപെടലുകളുമാണ് മറ്റു ദാരിദ്ര്യനിർമ്മാർജ്ജന സ്കീമുകളിൽനിന്നും കുടുംബശ്രീയെ വിഭിന്നമാക്കുന്നത്. ജീവിച്ചിരിക്കുന്നുവെന്നതിന് തങ്ങളുടെ ജീവിതമല്ലാതെ മറ്റൊരു സാക്ഷ്യപത്രവും നൽകാൻ ഇല്ലാത്തവർ. അഗതികൾ. ഏറ്റവും അർഹരായിട്ടും ക്ഷേമരാഷ്ട്രത്തിന്റെ യാതൊരുവിധ ആനുകൂല്യവും ലഭിക്കാത്തവർ. വിഭിന്നശേഷിയുള്ളവർ. എച്ച്.ഐ.വി ബാധിതർ. പട്ടികവർഗ്ഗക്കാർ. വയോജനങ്ങൾ. കുടുംബശ്രീയുടെ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് വ്യതിരക്തത നൽകുന്നത് ഇവർക്ക് വേണ്ടിയുള്ള ഇടപെടലുകളും കൂടിയാണ്.

വ്യത്യസ്ത ഇടപെടുകൾക്ക് വെവ്വേറെ കർമ്മപദ്ധതികൾ ഉണ്ട്. സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി, സ്ത്രീകളുടെ വിഭവശേഷി ഉപയോഗപ്പെടുത്തുന്ന സൂക്ഷ്മസംരംഭങ്ങൾ, സമഗ്ര, സംഘകൃഷി എന്നിവ സാമ്പത്തക ഉന്നമനം ലക്ഷ്യമാക്കിയുള്ളവയാണ്. ആശ്രയ അഗതികൾക്ക് കരുതലും സംരക്ഷണവുമാണ്. സ്ത്രീശാക്തീകരണമാണ് സ്ത്രീപദവി സ്വയംപഠനം ലക്ഷ്യമിടുന്നത്. ബഡ്സ് സ്കൂളുകളും, ബഡ്സ് റീഹാബിറ്റേഷൻ സെന്ററുകളും മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ അവകാശാധിഷ്ഠിത പുനരധിവാസ വികസന കാഴ്ചപ്പാടിനും അംഗീകാര രാഷ്ട്രീയത്തിനും അവരെ സജ്ജരാക്കുന്നു. ആദിവാസി വിഭാഗങ്ങളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങളിലൂടെയാണ് പട്ടികവർഗ്ഗ സുസ്ഥിരവികസനം നേടാൻ ശ്രമിക്കുന്നത്. ബാലസഭകൾ കുട്ടികൾക്കു വേണ്ടിയുള്ളവയാണ്.

90%-ത്തിലേറെ വിദ്യാസമ്പന്നകളായ കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 20% ത്തിൽ താഴെയാണ്. സംഘശക്തിയെ അടിസ്ഥാനമാക്കിയും സാമൂഹ്യ ഇടപെടലുകളിലൂടെയും മാനവവിഭവശേഷിയെ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്. ബാങ്കിന്റെ പണമൂലധനം മാത്രമല്ല, സാമൂഹ്യ മൂലധനവും ഈ ഇടപെടലിന്റെ മുഖ്യസ്വഭാവമാണ്. തദ്ദേശീയമായ ഉത്പാദനവും പ്രാദേശികമായ വിപണനവും, തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിൽ അഭിമാനിക്കുന്ന സംസ്കാരവും ഉൾക്കൊള്ളുന്ന കുടുംബശ്രീയുടെ പ്രാദേശിക സാമ്പത്തിക നയ പ്രവർത്തനങ്ങൾ മുന്നോട്ടുവെക്കുന്നത് ഗാന്ധിജി വിഭാവനം ചെയ്ത സ്വാശ്രയഗ്രാമം എന്ന സങ്കൽപ്പത്തെയാണ്.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ഉപജീവന മേഖലയിൽ കുടുംബശ്രീ നടത്തുന്ന ശക്തമായ ഇടപെടലുകളാണ് സംഘകൃഷി ഗ്രൂപ്പുകൾ. രണ്ടരലക്ഷം സ്ത്രീകൾ 48434 കൃഷിസംഘങ്ങളിലൂടെ 26438 ഹെക്ടർ ഭൂമിയിൽ കൃഷിചെയ്യുന്നു. ഇവയിൽ 15129 കൃഷിസംഘങ്ങൾ ബാങ്കുമായി ലിങ്ക് ചെയ്ത് 150 കോടി രൂപയുടെ വായ്പ എടുത്തിട്ടുണ്ട്. യന്ത്രവത്ക്കരണത്തോടെ സ്ത്രീകൾക്ക് കർഷകതൊഴിലാളികൾ എന്ന പദവി പോലും നഷ്ടമായ കാലത്താണ് കുടുംബശ്രീയുടെ സംഘകൃഷി അവർക്ക് കർഷകർ എന്ന പദവി മാറ്റത്തിന് വഴിയൊരുക്കിയത്. ഭക്ഷ്യശൃംഖലയിലെ ഉത്പാദകയുടെ ഈ പുതുപദവി സ്ത്രീക്കു നൽകിയത് വരുമാനത്തിനും സമയത്തിനുമുള്ള വിനിമയ സ്വാതന്ത്ര്യവും അധികാരവുമാണ്.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലുറപ്പ് പദ്ധതിയ്ക്ക് കേരളത്തിൽ സ്ത്രീ പങ്കാളിത്തം കൂടുതലാണ്. 2013-14ൽ ഇന്ത്യയിലെ മൊത്തം തൊഴിലുറപ്പ് ദിനങ്ങളിൽ സ്ത്രീ തൊഴിൽദിനങ്ങൾ 52 ശതമാനമാണ്. എന്നാലിത് കേരളത്തിൽ 93.4 ശതമാനമാണ്. ഇന്ത്യയിൽ 2013-14ൽ 48 ശതമാനമാണ് സ്ത്രീകൾ. കേരളത്തിലിന് 85.6 ശതമാനമാണ്. പൊതുവേ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറഞ്ഞ കേരളത്തിൽ തൊഴിലുറപ്പു പദ്ധതിയിലൂടെ സ്ത്രീ തൊഴിൽ പങ്കാളിത്തം വർദ്ധിച്ചു. 2.5 ലക്ഷം സ്ത്രീകൾ 48,434 കൃഷി സംഘങ്ങളിലൂടെ 26,438 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്നു. ഇവയിൽ 15,129 കൃഷി സംഘങ്ങൾ ബാങ്കുമായി ലിങ്ക് ചെയ്ത് 150 കോടി രൂപയുടെ വായ്പയെടുത്തിട്ടുണ്ട്. എന്നു മാത്രമല്ല, അരുണാറോയിയും മറ്റും നടത്തിയിട്ടുള്ള താരതമ്യ പഠനം ഈ സ്കീം ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞതും ഫലപ്രദമായി നടക്കുന്നതും കേരളത്തിലാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇതിനു പ്രധാന കാരണം കുടുംബശ്രീയിലൂടെ സ്ത്രീകൾ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായതാണ്. അതാത് വാർഡുകളിലെ തൊഴിലുറപ്പ് പദ്ധതിയുടെ ചുമതല എ.ഡി.എസ് മേറ്റ്മാർക്ക് നൽകി. ആ പ്രദേശത്തെ തരിശ്ഭൂമികൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷി യോഗ്യമാക്കി. ഇത് സംഘകൃഷി യൂണിറ്റുകളെ ജനകീയമാക്കുന്നതിന് വലിയതോതിൽ സഹായിച്ചു. ഇങ്ങനെ കുടുംബശ്രീ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തോടെ അനേകം സ്ഥലങ്ങളിലെ തരിശ് ഭൂമികൾ കൃഷി യോഗ്യമാക്കി. ഇത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പ്രത്യക്ഷവൽക്കരിക്കുന്നതിനും വീട്ടിലിരിക്കുന്ന സ്ത്രീകളെ തൊഴിൽ രംഗത്ത് കൊണ്ടുവരുന്നതിനും സഹായിച്ചു. മധ്യവർഗ്ഗ കുടുംബങ്ങളിലെ സ്ത്രീകൾപോലും കുടുംബശ്രീയിലൂടെ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളായി. എന്നാൽ ഇപ്പോൾ തൊഴി

**പട്ടിക 4**
**തൊഴിലുറപ്പു പദ്ധതിയിലെ തൊഴിൽ പങ്കാളിത്തം**

| വർഷം | ഇന്ത്യ | | കേരളം | |
|---|---|---|---|---|
| | 2013-14 | 2012-13 | 2013-14 | 2012-13 |
| സൃഷ്ടിച്ച മനുഷ്യദിനങ്ങൾ (ദശലക്ഷത്തിൽ) | 2203 | 2303 | 866 | 838 |
| ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ | 46.0 | 46.2 | 56.8 | 54.9 |
| മൊത്തം തൊഴിൽ ദിനങ്ങളിൽ സ്ത്രീ ശതമാനം | 52.8 | 51.3 | 93.4 | 93.0 |
| മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ ശതമാനം | 48.0 | 47.1 | 85.6 | 85.2 |

ഉറവിടം : തൊഴിലുറപ്പു പദ്ധതി വെബ്സൈറ്റ്

ലുറപ്പ് പദ്ധതി കുടുംബശ്രീയിലെ എ.ഡി.എസ് മേറ്റ്മാരുടെ മേൽനോട്ടത്തിൽ നിന്നും മാറ്റിയിരിക്കുകയാണ്.

കുടുംബശ്രീയുടെ പ്രവർത്തനങ്ങളിലൂടെ അംഗങ്ങൾ നേടിയ അറിവ്, നൈപുണി, അനുഭവങ്ങൾ എന്നിവ മറ്റു സംസ്ഥാനങ്ങളിലെ സമൂഹങ്ങൾക്കിടയിൽ വ്യാപനം ചെയ്യേണ്ട ഉത്തരവാദിത്വം കുടുംബശ്രീ നിർവ്വഹിക്കുന്നത് എൻ.ആർ.ഒ.യിലൂടെയാണ്. കർണ്ണാടക, ബീഹാർ, ആസ്സാം, മഹാരാഷ്ട്ര, ഝാർഖണ്ഡ്, ഒഡീഷ എന്നീ സംസ്ഥാനങ്ങൾ കുടുംബശ്രീയുടെ സാമൂഹ്യ-സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഉടമ്പടികളിൽ ഏർപ്പെട്ടു പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. സി.ബി.ഒ- പി.ആർ.ഐ ഏകോപനവും, സംരംഭ വികസന രംഗത്ത് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് (എം.ഇ.സി) സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇവയിൽ പ്രധാനം. ഇതുകൂടാതെ സാമൂഹികവും, സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന പാലക്കാട്ടിലെ അട്ടപ്പാടി ബ്ലോക്കിന്റെ സമഗ്ര വികസനത്തിനുള്ള പദ്ധതിക്കു ഉത്തരവാദിത്വം എൻ.ആർ.എൽ.എം കുടുംബശ്രീക്കാണ് നല്കിയിരിക്കുന്നത്. കുടുംബശ്രീ മാതൃക എത്യോപ്യയിലും, ദക്ഷിണാഫ്രിക്കയിലും പ്രാവർത്തികമാക്കുന്നതിനുള്ള ഉടമ്പടിയിലും കുടുംബശ്രീ ഏർപ്പെട്ടു പ്രവർത്തനം ആരംഭിച്ചു.

അന്തർദേശീയ ശ്രദ്ധയാകർഷിച്ച കുടുംബശ്രീയുടെ ഇടപെടലുകളും പ്രവർത്തനങ്ങളും വേണ്ടരീതിയിൽ ഡോക്യുമെന്റ് ചെയ്യപ്പെടുന്നില്ല. നാളിതുവരെ വിവരവിനിമയ ശൃംഖലയ്ക്കുള്ള വാഹകരും ഉപഭോക്താക്കളും മാത്രമായിരുന്ന കുടുംബശ്രീ അംഗങ്ങൾ അതിന്റെ സ്രാഷ്ടാക്കൾകൂടി ആകേണ്ടതുണ്ട്. കുടുംബശ്രീയുടെ മുഖമുദ്രയായ പങ്കാളിത്ത കൂട്ടായ്മയും, അധികാര വികേന്ദ്രീകരണവും അടിസ്ഥാനമാക്കിയുള്ള വിവര വിനിമയസംസ്ക്കാരത്തിന്റെ വക്താക്കളായി കുടുംബശ്രീ തന്നെ ആരംഭിച്ച കമ്മ്യൂണിറ്റി കോളേജും പരിശീലന ഗ്രൂപ്പുകളും മാറേണ്ടതുണ്ട്.

ദൗർഭാഗ്യവശാൽ കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനടുത്ത് കുടുംബശ്രീയ്ക്ക് വലിയ തിരിച്ചടിയാണ് ഉണ്ടായത്. കുടുംബശ്രീയ്ക്കു സമാന്തരമായി ജനശ്രീ പോലുള്ള സ്വയം സഹായ സംഘങ്ങളെ സർക്കാർതന്നെ പ്രോത്സാഹിപ്പിക്കുന്ന സ്ഥിതിയുണ്ടായി. ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റിനു മുന്നിലെ തെരുവു നിറച്ചുകൊണ്ട് കുടുംബശ്രീ സ്ത്രീകൾക്ക് രാപ്പകൽ സമരം നടത്തേണ്ടി വന്നു. കുടുംബശ്രീയ്ക്കു നൽകുന്ന ധനസഹായത്തിൽ ഗണ്യമായ വെട്ടിക്കുറവു വന്നു. ബജറ്റിൽ വകയിരുത്തിയതിന്റെ നാലിലൊന്നു മാത്രമാണ് ഫലത്തിൽ കുടുംബശ്രീയ്ക്കു സമീപ വർഷങ്ങളിൽ കൈമാറിയത്. ഇതു മൂലം കേന്ദ്ര ഫണ്ടുകൾ വകമാറ്റേണ്ടി വരുന്നു. എൻആർഎൽഎം പദ്ധതി തെല്ലുപോലും മുന്നോട്ടു നീങ്ങിയിട്ടില്ല. കുടുംബശ്രീ യൂണിറ്റുകൾക്കും സിഡിഎസുകൾക്കും നൽകേണ്ട നാനാവിധ ധനസഹായങ്ങൾ വലിയതോതിൽ കുടിശികയായിരിക്കുന്നു. ഇത് യൂണിറ്റുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു.

കേവലം രാഷ്ട്രീയ പരിഗണനകൾ വെച്ചുകൊണ്ട് സ്വന്തക്കാരായ ഉദ്യോഗസ്ഥരെ കുടുംബശ്രീ മിഷനിൽ കുത്തിനിറച്ചിരിക്കുകയാണ്. അവരിൽ പലർക്കും ജെൻഡർ അവബോധം തീരെക്കുറവാണെന്നുള്ള ആക്ഷേപവുമുണ്ട്. പക്ഷേ, അതിലേറെ ഞെട്ടിപ്പിക്കുന്നത് കുടുംബശ്രീയെ അനഃധികൃതമായി പണം സമാഹരിക്കുന്നതിനും അഴിമതിയ്ക്കുമുള്ള ഉപാധിയുമായി ഇവരിൽ ചിലർ മാറ്റിയിരിക്കുന്നു എന്നതാണ്. എൺപതു - 100 കോടി വിറ്റുവരവുള്ള ന്യൂട്രിമിക്സ് പദ്ധതി കുടുംബശ്രീയുടെ ഒരു അഭിമാന പ്രോജക്ടാണ്. പക്ഷേ, ഇവിടെയാണ് ഏറ്റവും വലിയ അഴിമതി കണ്ടെത്തിയത്. നിലവിലുണ്ടായിരുന്ന പരിശീലന സംവിധാനങ്ങളെ തകർത്ത് പുതിയ കൺസൾട്ടന്റുമാരെ നിയോഗിക്കുകയായിരുന്നു. അവരിൽ നിന്ന് കമ്മിഷൻ പറ്റുന്നുവെന്ന ആക്ഷേപങ്ങളുണ്ടായി. ഇതു വളരെ ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ്.

## സ്ത്രീസൗഹൃദഗ്രാമങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി മാറിയിരിക്കുകയാണ് കേരളം. പൊതുയിടങ്ങളിലും തൊഴിൽ മേഖലകളിലും മാത്രമല്ല, ഏറ്റവും സുരക്ഷിതമെന്ന് കരുതുന്ന വീടുകളിൽപോലും സ്ത്രീ സുരക്ഷിതയല്ലായെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അതിക്രമങ്ങളെ പ്രാദേശികമായി ഇടപെട്ട് പ്രതിരോധിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് കഴിയണം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ പ്രതിരോധനിര പ്രാദേശികമായി വികസന പദ്ധതിയിൽ ഏറ്റെടുത്തതിനുള്ള നല്ല ഉദാഹരണമാണ് മാരാരിക്കുളം തെക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന സ്ത്രീ സൗഹൃദഗ്രാമം. കുടുംബശ്രീ മിഷൻ, എസ്.എസ്.എ, വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ളവർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ കൂട്ടായ പ്രയത്നത്തിലൂടെ തയ്യാറാക്കിയ പ്രായോഗിക പ്രവർത്തന പരിപാടികളിലൂടെ സ്ത്രീകളും കുഞ്ഞുങ്ങളും നേരിടുന്ന വിവേചനങ്ങളെയും അരുതായ്മകളെയും തിരിച്ചറിഞ്ഞ് അവയെ സമയബന്ധിതമായി നിർമ്മാർജ്ജനം ചെയ്യാനുള്ള പദ്ധതിയ്ക്കു രൂപം നൽകിയത്. സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായി ജീവിക്കുവാൻ കഴിയാത്ത സാഹചര്യം പഞ്ചായത്തിൽ നിന്നും എങ്ങനെ മാറ്റാൻ കഴിയും?

പഞ്ചായത്തിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ ആഴവും വൈവിദ്ധ്യവും മനസിലാക്കാനുള്ള പഠനത്തിൽനിന്നാണ് ഈ പരിപാടി തുടങ്ങുന്നത്. 550 അയൽക്കൂട്ടങ്ങളെ 550 പ്രദേശങ്ങളായി തിരിച്ചുകൊണ്ട് 550 സ്ത്രീ സംഗമങ്ങൾ സംഘടിപ്പിച്ചു. പിന്നീട് നിലവിലുള്ള അതിക്രമങ്ങളെ ഓരോ തരവും എവിടെ, എപ്പോൾ, ആര് നടത്തിയെന്നത് സംബന്ധിച്ച് വിശദമായ കണക്കെടുത്തു. ഇതിന് സർവ്വേ നടത്തുന്നതിന് പകരം അയൽക്കൂട്ടങ്ങളിലെ ചർച്ചയ്ക്ക് ശേഷം ഓ

രോ സ്ത്രീയും അവരുടെ കഴിഞ്ഞ മൂന്ന് മാസത്തെ അനുഭവങ്ങളെ അടിസ്ഥാനമാക്കി ഒരു ചോദ്യാവലി പൂരിപ്പിച്ചു. ഈ പ്രവർത്തനത്തിന്റെ രഹസ്യസ്വഭാവം പൂർണ്ണമായി ഉറപ്പുവരുത്തി. അങ്ങനെ അതിക്രമങ്ങൾ സംബന്ധിച്ച കൃത്യമായ ബഞ്ച് മാർക്ക് വിവരം ലഭ്യമായി. ക്രൈം മാപ്പുകൾ തയ്യാറാക്കി.

അഞ്ച് വർഷം കഴിയുമ്പോൾ സ്ത്രീകൾക്കെതിരായ ഓരോ ഇനവും അതിക്രമവും കുറയ്ക്കുന്നതിന് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, വിനോദം, കൗൺസിലിംഗ് തുടങ്ങി ഓരോ മേഖലയിലും എന്ത് ഇടപെടൽ വേണമെന്ന് തീരുമാനിച്ചു. ഇങ്ങനെ പ്രാദേശിക കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ മനസ്സിലാക്കുവാനും പ്രതിരോധിക്കുവാനുമുള്ള ഇടപെടൽ നടത്തിയ സ്ത്രീസൗഹൃദഗ്രാമം ഒരു നല്ല പ്രവർത്തനവിജയ മാതൃകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ നൂറിൽപ്പരം പഞ്ചായത്തുകളിൽ ക്രൈം മാപ്പിംഗ് നടത്തുകയുണ്ടായി. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിന് സംസ്ഥാന വ്യാപകമായി നിർഭയ പദ്ധതിയ്ക്കു രൂപം നൽകുന്നതിനുള്ള പരിശ്രമവും തുടങ്ങിയിട്ടുണ്ട്.

## III. ബദൽ പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും

### സ്ത്രീ തൊഴിൽ പങ്കാളിത്തം

1. കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്തിന്റെ കുറവ് അടിയന്തിര ശ്രദ്ധ അർഹിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് 80% പെൺകുട്ടികൾ ആയിരിക്കുമ്പോഴും തൊഴിൽ രംഗത്ത് സ്ത്രീ പങ്കാളിത്തം (18%) ദേശീയ ശരാശരിയിൽ നിന്നും കുറഞ്ഞിരിക്കുന്നത് വികസന സമീപനത്തിൽ വരുത്തേണ്ട മാറ്റത്തെ അടിവരയിടുന്നു. കേരളത്തിൽ സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിക്കണമെങ്കിൽ കേരളത്തിലെ മൊത്തം തൊഴിലവസരങ്ങൾ വർദ്ധിക്കേണ്ടതുണ്ട്. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആസൂത്രിതമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കണം. തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
2. ക്ഷയോന്മുഖമായിട്ടുള്ള പരമ്പരാഗത വ്യവസായങ്ങളിൽ ഇന്നു പണിയെടുക്കുന്ന സ്ത്രീകൾക്ക് വരുമാനം ഉറപ്പു പദ്ധതിയുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് നൽകുകയും ഒപ്പം ഈ വ്യവസായങ്ങളെ ആധുനീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഇത്തരം വ്യവസായങ്ങൾ യന്ത്രവത്കരിക്കുമ്പോൾ സ്ത്രീകൾ തന്നെയായിരിക്കണം തൊഴിലാളികൾ എന്നതും നിഷ്കർഷിക്കേണ്ടതുണ്ട്.
3. ദേശീയവരുമാനത്തിൽ സ്ത്രീകളുടെ അധ്വാനത്തിന്റെ തോത് പ്രതിഫലിക്കണമെങ്കിൽ, സ്ത്രീകളുടെ ഗാർഹികാധ്വാനവും കണക്കാക്കേണ്ടതുണ്ട്. 98 ശതമാനം സ്ത്രീകളും ഗാർഹിക ജോലികളിലേർപ്പെടുന്നവരാണ്. ഈ ശുദ്ധ ഗാർഹിക ജോലികൾ മാത്രമല്ല, വീട്ടുജോലിയുമായി ഇടപഴകി ചെയ്യുന്ന നാനാതലത്തിലുള്ള ഗാർഹികത്തൊഴിലുകളുണ്ട്. ഇവയും പരിഗണിക്കപ്പെടുന്നില്ല. മുഖ്യമായും 'തൊഴിൽ' എന്ന നിർവചനത്തിൽ മാറ്റം ഉണ്ടാവണം. കൂലികിട്ടുന്ന, വേതനം പറ്റുന്ന, വരുമാനമുണ്ടാക്കുന്ന തൊഴിലിന്റെ കണക്കുകളിൽ മാത്രമായി, സ്ത്രീയുടെ അധ്വാനത്തെയും തൊഴിലിനെയും ചുരുക്കരുത്. ഗാർഹിക തൊഴിലുകളെയെങ്കിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തമായി അംഗീകരിക്കണം. ഇത്തരം തൊഴിലുകൾ സംബന്ധിച്ച് കൂടുതൽ വിശദമായ പഠനങ്ങൾ ആവശ്യമാണ്. കാനേഷുമാരിയുടെ ശീർഷകങ്ങളിൽ ഒതുങ്ങാതെ സ്ത്രീകളുടെ അധ്വാനത്തിന് പുതിയ മാനം കൽപ്പിക്കുകയും പുനർനിർവചിക്കുകയും ചെയ്യണം.
4. ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപരമായ തൊഴിൽ വിഭജനം മാറണം. വീട്ടമ്മ, അമ്മ എന്ന രീതിയിലുള്ള സ്ത്രീകളുടെ റോളിന് പ്രാധാന്യം നൽകിക്കൊണ്ടുള്ളതാണ് ഇന്നത്തെ ലിംഗപരമായ തൊഴിൽ വിഭജനം. സ്ത്രീകളുടെ കൂട്ടായ്മകൾ സൃഷ്ടിച്ച് അവർക്ക് വ്യത്യസ്തമായ പരിശീലനങ്ങൾ കൊടുക്കുക വഴി ലിംഗപരമായ തൊഴിൽ വിഭജനത്തെ വെല്ലുവിളിക്കാൻ കഴിയും. പരിശീലനങ്ങൾ, കഴിവുകളും വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തണം. ഉപജീവനമാർഗ്ഗവുമായി ബന്ധപ്പെട്ട് മികച്ച രീതിയിൽ പ്രവർത്തിക്കാനുള്ള അറിവും വൈദഗ്ധ്യവും, ലഭിക്കുകയെന്നതും സ്ത്രീകളുടെ ഒരവകാശമാണ്. ഓരോ മേഖലയിലും ഇത്തരത്തിലുള്ള അവസരങ്ങൾ ലഭിക്കാൻ സ്ത്രീകൾക്ക് പരിഗണന കൊടുക്കുകയെന്നതും, സ്ത്രീകൾക്കായി പ്രത്യേകിച്ച് കെൽപ് രൂപീകരണപരിശീലനങ്ങൾ നടത്തിക്കിട്ടുകയെന്നും ഉപജീവനമാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട അവകാശമാണ്. തൊഴിലില്ലായ്മ എന്നതിനേക്കാൾ തൊഴിൽ പ്രാപ്തിയില്ലായ്മയാണ് സ്ത്രീകളുടെ പ്രശ്നം. വീട്ടിനകത്തെ വേതനമില്ലാത്ത ജോലിയുടെ കടുത്തഭാരം പുറത്ത് ജോലി ചെയ്യുന്നതിന് തടസ്സമാകുന്നുണ്ട് (സ്ത്രീപദവി പഠനം, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്). സ്ത്രീകളുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. ടെക്നിക്കൽ, തൊഴിലുകൾ, ഉദാ: പ്ലംബർ, ഇലക്ട്രീഷ്യൻ സ്ത്രീകൾക്ക് ലഭിക്കാത്ത സാഹചര്യത്തിൽ മാറ്റം വരണം.
5. സ്ത്രീപുരുഷ വേതനത്തിന്റെ അന്തരം കുറഞ്ഞു വരുന്നു എന്നു പറയുമ്പോഴും കാർഷിക-കാർഷികേതര രംഗങ്ങളിൽ 9% വ്യത്യാസം ഇപ്പോഴും നിലവിലുണ്ട്. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും

മറ്റും വേതന അന്തരം കുറഞ്ഞുവരുന്നുണ്ട്. തൊഴിലുറപ്പു മേഖലയിൽ മാത്രമാണ് പൂർണമായും ഏകീകൃത കൂലിയുള്ളത്. പക്ഷേ, ഈ കൂലിയ്ക്ക് പണിയെടുക്കാൻ പുരുഷന്മാർ തയ്യാറല്ല എന്നുളളതും ശ്രദ്ധേയമാണ്.

6. സ്ത്രീകൾക്ക് ഭൂസ്വത്തവകാശം 10-ൽ താഴെ ശതമാനം മാത്രമേയുള്ളൂവെന്നാണ് കിലയും സഖിയും ചേർന്നു നടത്തിയ പഠനത്തിൽ കാണുന്നത്. എല്ലാ സ്വത്തിലും പുരുഷനൊപ്പം തുല്ല്യാവകാശം സ്ത്രീകൾക്കും ഉറപ്പുവരുത്തണം. ഭൂമി, ഉത്പാദന ഉപകരണങ്ങൾ, നിർമ്മാണസാമഗ്രികൾ എന്നിവ സ്ത്രീകളുടെ ഉടമസ്ഥതയിലാവുന്നതിലൂടെ മാത്രമേ, അവളുടെ തൊഴിലവകാശം സ്ഥിരീകരിക്കപ്പെടുന്നുള്ളൂ. സർക്കാർ പാർപ്പിട പദ്ധതികളിലും ഭൂവിതരണവും സ്ത്രീയുടെ പേരിൽ വേണം.

7. നഗരങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്ന ഗാർഹിക തൊഴിലാളികൾക്ക് രജിസ്ട്രേഷനും ക്ഷേമനിധിയും ഏർപ്പെടുത്തണം. ഇന്ന് ഹോം നെഴ്സുമാരുടെ കമ്പോളം കൂടുതൽ സംഘടിതമായിട്ടുണ്ട്. ഇതുപോലൊരു സംവിധാനം വീട്ടുജോലിക്കാർക്കും ഉണ്ടാകേണ്ടതുണ്ട്.

8. വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. നെഴ്സ് തുടങ്ങിയ അർദ്ധ പ്രൊഫഷണൽ ജോലിയിൽ ഏർപ്പെടുന്നവർക്ക് താരതമ്യേനെ സുരക്ഷിതമായ തൊഴിലവസരങ്ങളാണ്. എന്നാൽ ഹൗസ് മേഡും മറ്റുമായി ജോലി ചെയ്യാൻ പോകുന്നവർക്ക് പലപ്പോഴും ഗൗരവമായ പ്രശ്നങ്ങളുണ്ടാകുന്നു. ഇങ്ങനെ വിദേശത്തു ജോലിക്കു പോകുന്ന സ്ത്രീകൾക്ക് പ്രത്യേക രജിസ്ട്രേഷനും നിരന്തരസമ്പർക്കവും സൃഷ്ടിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാകണം.

9. തൊഴിലെടുക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന വിവിധങ്ങളായ ചൂഷണങ്ങളും അതിക്രമങ്ങളും പ്രസക്തമായ പരിഗണനാവിഷയമാകണം. തൊഴിൽസാഹചര്യങ്ങൾ സ്ത്രീസൗഹൃദമല്ല. പരമ്പരാഗത വ്യവസായങ്ങളിൽ മാത്രമല്ല, ആധുനിക വ്യവസായങ്ങളിൽപ്പോലും സ്ഥിതി ഇതാണ്. സ്ത്രീസുരക്ഷയെ ആസ്പദമാക്കി പ്രത്യേക പ്രോട്ടോക്കോളുകൾ രൂപം നൽകേണ്ടതുണ്ട്. സ്ത്രീകൾക്ക് പ്രത്യേക വിശ്രമമുറികളും ടോയ്‌ലെറ്റുകളും ക്രഷ് തുടങ്ങി സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതാണ്. പ്രസവാവധി ഒരു വർഷമാക്കണം. അവധി അവകാശ ആനുകൂല്യങ്ങൾ, സാമൂഹ്യസുരക്ഷാ ഉപാധികൾ, ആരോഗ്യ പരിരക്ഷ ഉപാധികൾ എന്നിവയെ സംബന്ധിച്ച നിയമവ്യവസ്ഥകൾ കർശനമായി പാലിക്കണം. തൊഴിലിടങ്ങളിൽ ലൈംഗിക പീഡന വിരുദ്ധസമിതികൾ ഫലപ്രദമല്ല. പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് കഴിയുന്നില്ല. നിയമം അനുശാസിക്കുന്ന നടപടി ക്രമങ്ങൾ പാലിക്കുവാൻ മേൽനോട്ട സമിതികൾ ആവശ്യമാണ്.

10. ശൗചാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ശിശുപരിചരണസൗകര്യം, യാത്രാക്രമീകരണം, സമയക്രമീകരണം, സുരക്ഷാക്രമീകരണം എന്നിവ ഉറപ്പുവരുത്തുവാൻ തൊഴിലുടകമൾ സന്നദ്ധമാകണം. ഈ കാര്യത്തിൽ സേവനമേഖലയിലെ പൊതുതൊഴിലുടമ എന്ന നിലയിൽ മാതൃകാപരമായ തീരുമാനങ്ങൾ നടപ്പാക്കാൻ സർക്കാരിന് കഴിയണം. സർക്കാർ ഓഫീസുകൾ മുഴുവൻ സ്ത്രീ സൗഹൃദമാക്കി മാറ്റുന്നതിനുള്ള പ്രത്യേക ജെൻഡർ ഓഡിറ്റിംഗ് നടത്തുകയും നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കുകയും വേണം.

11. അങ്കണവാടി, ആശ, സ്കൂൾ പാഠകജോലിക്കാർ തുടങ്ങിയ സർവ്വീസ് സ്കീമുകളിലെ സ്ത്രീ തൊഴിലാളികൾക്ക് ന്യായമായ വേതനവും സേവന വ്യവസ്ഥകളും ഉറപ്പുവരുത്തണം. ഇതിനുള്ള ഫണ്ട് കേന്ദ്രസർക്കാർ തരുന്നില്ലെങ്കിൽ സംസ്ഥാന സർക്കാർ ഫണ്ടിൽനിന്ന് ഇവ ലഭ്യമാക്കണം.

## വിദ്യാഭ്യാസവും ആരോഗ്യവും

12. വിദ്യാഭ്യാസ രംഗത്ത് കേരള സ്ത്രീ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണെന്ന് പറയുമ്പോഴും കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ നടക്കുന്നില്ല. പാഠ്യപദ്ധതി മുതൽ അടിസ്ഥാന സൗകര്യം വരെയുള്ള കാര്യങ്ങളിൽ സ്ത്രീപക്ഷ ഇടപെടൽ ആവശ്യമാണ്. ആൺ-പെൺകുട്ടികൾക്ക് ജൻഡർ ക്ലാസ്സുകൾ പാഠ്യപദ്ധതിയ്ക്കകത്തും പുറത്തും ഉൾപ്പെടുത്തണം. സ്കൂളുകളിൽ സ്ഥിരമായി ആരോഗ്യ ക്ലാസുകളും ക്യാമ്പുകളും ആവശ്യമാണ്. കാമ്പസുകളിൽ പ്രത്യേകിച്ച് സ്ക്കൂളുകളിൽ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാകണം. സുരക്ഷിതത്വമില്ലാത്ത, വൃത്തിഹീനമായ, മോശപ്പെട്ട ഭക്ഷണം ലഭിക്കുന്ന, യാതൊരുവിധ സ്വാതന്ത്ര്യവും ഇല്ലാത്ത ഹോസ്റ്റലുകളുടെ കാലോചിതമായ നവീകരണം ആവശ്യമാണ്. പെൺകുട്ടികളുടെ സ്വതന്ത്രമായ ജീവിതത്തിനുതകുന്ന സാംസ്കാരികാന്തരീക്ഷമാണ് കാമ്പസിൽ ഉണ്ടാകേണ്ടത്. വിമൻസെല്ലുകൾ സജീവമാകുകയും ജെൻഡർ സ്റ്റഡി സെല്ലുകളായി അവ മാറ്റുകയും വേണം.

13. ആശുപത്രികൾ സ്ത്രീസൗഹാർദ്ദപരമാകുകയും പ്രസവാശുപത്രികൾ ആധുനികവൽക്കരിക്കുകയും വേണം. പ്രസവ വാർഡുകളിൽ സ്വകാര്യതയും സുരക്ഷിതത്വവും ഉറപ്പാക്കണം. കൗമാരക്കാരായ പെൺകുട്ടികളുടെ ശാരീരിക, മാനസിക, ലൈംഗികാരോഗ്യത്തിന് പ്രത്യേക നയരൂപീകരണം നൽകണം. അംഗപരിമിതരായ സ്ത്രീകൾ, പ്രത്യേകിച്ചും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യാവശ്യങ്ങൾ അടിയന്തിരമായി അഭിസംബോധന ചെയ്യപ്പെടണം.

**തദ്ദേശ ഭരണവും കുടുംബശ്രീയും**

14. കേരളത്തിലെ സ്ത്രീശാക്തീകരണത്തിൽ ഒരു നിർണ്ണായക വഴിത്തിരിവാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ സംവരണം. ഇപ്പോൾ ഏതാണ്ട് 55 ശതമാനം ജനപ്രതിനിധികളും ഭാരവാഹികളിൽ നല്ലൊരുപങ്കും സ്ത്രീകളാണ്. ഇങ്ങനെ കീഴ്ത്തട്ടിൽ സക്രിയമായ ഒരു വനിതാ നേതൃനിര ഉയർന്നിരിക്കുന്നു. വനിതാ ജനപ്രതിനിധികളുടെ പിന്നണി ശക്തിസ്രോതസ്സായി കുടുംബശ്രീ വളർന്നിട്ടുണ്ട്. മുൻകാല വനിതാ ജനപ്രതിനിധികളെ കുടുംബശ്രീയിൽ സജീവമായി നിലനിർത്താൻ കഴിയണം. വനിതാ ജനപ്രതിനിധികൾ – വനിതാ ഘടകപദ്ധതി – കുടുംബശ്രീ എന്നിവയുടെ സംയോജനത്തിലൂടെ ഒരു സ്ത്രീ ശാക്തീകരണം ശൃംഖല രൂപപ്പെടേണ്ടതാണ്. ഈ ശൃംഖലയ്ക്ക് സ്ത്രീപദവി മാറ്റം വരുത്തുന്നതിന് വലിയ സംഭാവനകൾ നൽകുവാൻ കഴിയും.

15. 42 ലക്ഷത്തിലേറെ വരുന്ന കുടുംബശ്രീ അംഗങ്ങളിൽ ഒരു ലക്ഷം പേർ മാത്രമാണ് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. അവരിൽ തന്നെ ചെറിയ ഒരു ശതമാനം മാത്രമാണ് മെച്ചപ്പെട്ട സ്ഥിരവരുമാനമുള്ള തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നത്. സംരംഭവികസനരംഗത്ത്, പ്രൊഡ്യൂർ കളക്ടീവിസ് കുടുംബശ്രീ ആരംഭിക്കുന്നുവെങ്കിലും അതിന് ഉയർന്ന സാങ്കേതിക വൈദഗദ്യമുള്ളവരുടെ സേവനം ആവശ്യമാണ്. അതുകൊണ്ട് തന്നെ തദ്ദേശഭരണ സംവിധാനങ്ങളുമായി സഹകരിച്ച് ഒരു പുതിയ ഉപജീവനാധിഷ്ഠിത സ്ഥായിയായ തൊഴിൽ സംസ്കാര വളർച്ചക്ക് കുടുംബശ്രീ ഊന്നൽ നല്കേണ്ടതുണ്ട്.

16. കുടുംബശ്രീ സംഘകൃഷിയും തൊഴിലുറപ്പു സംഘകൃഷിയുമായി സംയോജനമുണ്ടാകണം. ഇതു പ്രയാസകരമായ കാര്യമല്ല. കാരണം തൊഴിലുറപ്പിൽ പണിയെടുക്കുന്നവരിൽ തൊണ്ണൂറു ശതമാനവും കുടുംബശ്രീ അംഗങ്ങളാണ്. കാർഷികവൃത്തിയിലേർപ്പെടുന്ന സ്ത്രീകളിൽ കഴിവുറ്റവർക്ക് വിദഗ്ധ പരിശീലനം നൽകി കാർഷിക വിദഗ്ധരാക്കി മാറ്റേണ്ടതാണ്. തെങ്ങുകയറ്റം തുടങ്ങി കാർഷികവേലകൾക്ക് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്രവൃത്തിക്കൂട്ടങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

17. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് സർക്കാർതലത്തിലുള്ള വിപണി ഉറപ്പാക്കണം. ഇതിന് എല്ലാ പഞ്ചായത്തുകളിലും നഗരങ്ങളിലും ബ്രാൻഡു ചെയ്ത കടകൾ ആരംഭിക്കണം. സിവിൽ സപ്ലൈസ് സ്റ്റോറുകളിൽ കുടുംബശ്രീ ഉൽപന്നങ്ങൾക്കു മുൻഗണന നൽകണം.

18. ആശ്രയ പദ്ധതി വിപുലീകരിക്കണം. അഗതികളായ മുഴുവൻ കുടുംബങ്ങളെയും ആശ്രയ പദ്ധതിയിലൂടെ സമ്പൂർണ സുരക്ഷിതത്വം ഉറപ്പുവരുത്തണം.

**ഭരണപരം**

19. സംസ്ഥാന ബജറ്റിൽ ജൻഡർ ഓഡിറ്റും ജൻഡർ ബജറ്റിംഗും പുനഃസ്ഥാപിക്കുക. ബജറ്റിൽ പത്തു ശതമാനം തുക സ്ത്രീകൾക്കായുള്ള പ്രത്യേക പ്രോജക്ടുകൾക്കു മാറ്റി വെയ്ക്കണം. ഇതു സംബന്ധിച്ചൊരു പ്രത്യേക പ്രസ്താവന വാർഷിക ബജറ്റിന്റെ ഭാഗമായി നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. സ്ത്രീകൾക്കു വേണ്ടിയുള്ള പ്രത്യേക പ്രോജക്ടുകൾ ആവിഷ്കരിക്കുക മാത്രമല്ല, മറ്റു സ്കീമുകളും പ്രോജക്ടുകളിലും സ്ത്രീ പരിഗണന ഉറപ്പുവരുത്തുന്നതിനുള്ള ചർച്ചകളും ഇതിന്റെ ഭാഗമായി നടത്തണം.

20. കേരളത്തിലെ പൊതു സ്ഥലങ്ങൾ സ്ത്രീകൾക്ക് സഞ്ചാരയോഗ്യമല്ലാതായി മാറുന്നു. പുരുഷനും, സ്ത്രീയും തുല്യരീതിയിൽ വിദ്യാഭ്യാസമുള്ള കേരളത്തിൽ സ്ത്രീധനപീഡന മരണവും, ബലാത്സംഗങ്ങളും, ഗാർഹിക പീഢനങ്ങളും കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും ക്രമാതീതമായി വർദ്ധിച്ചുവരുന്നു. വളരെ നിഷ്ഠൂരമായ വിധത്തിൽ പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ ഒരു പൊതുപ്രശ്നമായി കാണുവാനും ഏറ്റെടുക്കാനും തുടങ്ങിയിട്ടുണ്ട്. ബാലപീഡന നിരോധനനിയമം (2012), ഗാർഹിക പീഡന നിരോധനനിയമം (2005), തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നിയമം (2013) ഇവയെല്ലാം അവയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് കർശനമായി നടപ്പാക്കേണ്ടതുണ്ട്.

21. കേരളത്തിൽ ആകെയുള്ള കുടുംബങ്ങളിൽ അമ്പതു ശതമാനത്തിലധികവും കുടുംബശ്രീയുടെ അംഗങ്ങളാണ്. സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള അവബോധം അവരിൽ ഉണ്ടാക്കാൻ കുടുംബശ്രീയുടെ പരിശീലന പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും കേരളത്തിൽ സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന, കൂടിവരുന്ന അതിക്രമങ്ങളെ ചെറുത്തുനില്ക്കുവാനോ, എതിർക്കുവാനോ പര്യാപ്തമായ, സുശക്തമായ ഒരു ഏജൻസിയായി കുടുംബശ്രീ ഇനിയും രൂപപ്പെട്ടിട്ടില്ല. ആൺകോയ്മയും ലിംഗനീതി നിഷേധങ്ങൾക്കെതിരെ, അവയുടെ സാമാന്യവത്ക്കരണത്തിന്റെ പൊതു നിർമ്മിതിക്കെതിരെയുള്ള ശക്തമായ പ്രതിരോധനിരയായി കുടുംബശ്രീ അംഗങ്ങളുടെ പങ്കാളിത്ത രാഷ്ട്രീയവും കർതൃത്വവും മാറേതുണ്ട്. കുടുംബശ്രീ മിഷൻ ഒരു ജൻഡർ ഓഡിറ്റിനു വിധേയമാക്കണം. കുടുംബശ്രീയ്ക്കു നാലു ശതമാനത്തിന് ബാങ്ക് ലിങ്കേജ് ഉറപ്പുവരുത്തണം. സ്വയം തൊഴിൽഗ്രൂപ്പുകൾക്കുള്ള സബ്സിഡി വർദ്ധിപ്പിക്കണം. കുടുംബശ്രീയ്ക്കുള്ള ധനസഹായത്തിൽ ഉണ്ടായിരിക്കുന്ന ഗണ്യമായ ഇടിവ് തിരുത്തണം.

22. സ്ത്രീ സൗഹാർദ്ദപരമായ പുനരധിവാസ കേന്ദ്രങ്ങൾ ആധുനിക സൗകര്യങ്ങളോടെ ആരംഭിക്കേണ്ടതുണ്ട്. ഷോർട് സ്റ്റേ ഹോമുകൾ സന്നദ്ധ സംഘടനകളും മറ്റുമായി ചേർന്നുകൊണ്ട് സ്ഥാപിക്കണം. ഇത്തരം സ്ഥാപനങ്ങൾക്ക് ധനസഹായം നൽകണം.

23. വനിതാ കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ ഇതുവരെയുള്ള ചെയർപേഴ്സൺമാരുടെ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾക്കു രൂപം നൽകുകയും വേണം. ജാഗ്രതാസമിതികളുമായി വനിതാ കമ്മിഷന്റെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തണം.

24. സ്ത്രീകളുടെ സർവതോന്മുഖമായ വികസനം ലക്ഷ്യം വച്ചാണ് ജൻഡർ പാർക്ക് എന്ന ആശയം മുന്നോട്ടുവച്ചത്. സ്ത്രീകളുടെ നൈപുണി വികസനത്തിനും തൊഴിൽ പരിശീലനത്തിനും ഉപജീവനത്തിനുതകുന്ന വിവിധ പരിപാടികൾ ഏകോപിക്കുന്നതിനും ജൻഡർ പാർക്കിന് സാധിക്കും.

25. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെയുള്ള കേസ്സുകളിൽ വിചാരണ നേരിടുന്നവരും ശിക്ഷിക്കപ്പെടുന്നവരും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും ഇതര സ്ഥാപനങ്ങളിലെ ഔദ്യോഗിക സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിൽ നിന്നും നോമിനേറ്റ് ചെയ്യപ്പെടുന്നതിൽ നിന്നും അയോഗ്യരാക്കണം. ഇത്തരം കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടവരെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നടപടിയെടുക്കണം. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തിൽ കുറഞ്ഞത് മൂന്നിലൊന്ന് ഭാഗം കുട്ടികളുടെ ജീവനാംശത്തിനായി മാറ്റിവയ്ക്കണം. ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത് ശമ്പളത്തിൽ നിന്നും പിടിച്ച് നൽകാനുള്ള ഉത്തരവാദിത്വം മേലധികാരിയ്ക്ക് നൽകണം.

26. സ്ഥിരം നിയമലിംഗാവബോധ പരിശീലന കേന്ദ്രം സ്ഥാപിക്കണം. ജഡ്ജിമാർ, മജിസ്ട്രേറ്റുമാർ, കൗൺസിലർമാർ, പ്രൊട്ടക്ഷൻ ഓഫീസർമാർ, ലീഗൽ സർവ്വീസ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത അഭിഭാഷകർ, പാരാലീഗൽ വോളന്റിയർമാർ എന്നിവർക്ക് നിർബന്ധിത പരിശീലനം ലഭ്യമാക്കണം. പൊതുയിടങ്ങളിലെ അതിക്രമങ്ങൾക്കെതിരെ നിയമ നിർമ്മാണം നടത്തണം. വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കണം. വൈവാഹിക സ്വത്തവകാശ നിയമം പാസ്സാക്കണം.

### സംസ്ക്കാരം

27. സ്ത്രീയെ വീട്ടിനുള്ളിൽ തളച്ചിടുന്നതിനുള്ള ആയുധമായി സംസ്കാരത്തെ മാറ്റിയിരിക്കുന്നു. അനാചാരങ്ങളും അന്ധവിശ്വാസവും ഭക്തിവ്യവസായവും സ്ത്രീയെ പിന്നോട്ട് കൊണ്ടുപോകുന്നു. അന്ധവിശ്വാസവിരുദ്ധ നിയമം അടിയന്തിരമായി കേരളത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. സർക്കാരിന്റെ എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളിലും ഭാരവാഹിത്വമടക്കം തീരുമാനസഭകളിൽ മൂന്നിലൊന്ന് സംവരണം സ്ത്രീകൾക്കു നൽകേണ്ടതാണ്. സ്ത്രീവിരുദ്ധ സാംസ്ക്കാരിക പ്രവണതകൾക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളും സാംസ്ക്കാരിക സ്ഥാപനങ്ങളും ഏറ്റെടുക്കണം. സ്ത്രീധനത്തിനെതിരായി ശക്തമായ പ്രചരണം സംഘടിപ്പിക്കാനാവണം. ഇതുമായി ബന്ധപ്പെട്ട നിയമത്തിൽ കാലോചിതമായ മാറ്റം വരുത്താനുമാവണം.

28. കേരളത്തിന്റെ സങ്കീർണ്ണമായ ലിംഗ സമത്വ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിന് നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ത്രീപക്ഷ വികസന സമീപനത്തിന്റെ ആവശ്യകതയും ബോധവൽക്കരണവും പ്രധാനപ്പെട്ടതാണ്. ഇത് സ്കൂൾതലം മുതൽ വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും പരിശീലനങ്ങളിലൂടെയും പ്രചരണ പരിപാടികളിലൂടെയും നടത്തേണ്ടതാണ്. ഇത്തരമൊരു സ്ത്രീ വികസന കാഴ്ചപ്പാട് മുഖ്യധാരാവൽക്കരണം ചെയ്യുന്നതിന്റെ ഭാഗമായി അതത് വിദ്യാലയങ്ങളിലെ ജണ്ടർ കൈകാര്യം ചെയ്യുന്ന വിഭാഗങ്ങൾക്ക് ഗ്രാന്റ് നൽകാവുന്നതാണ്.

29. കൂടാതെ മേൽ സൂചിപ്പിച്ച വിവിധ മേഖലയ്ക്ക് ആവശ്യമായ സൈദ്ധാന്തികവും പ്രായോഗികവുമായ പരിപാടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുവാനും ഏകോപിപ്പിക്കുവാനും ഒരു സെന്റർ ഓഫ് എക്സലൻസ് രൂപീകരിക്കേണ്ടതാണ്. സ്ത്രീകളുടെ സാമൂഹ്യവൽക്കരണത്തിനും ശാക്തീകരണത്തിനും വലതുപക്ഷ സ്ത്രീവിരുദ്ധ ആശയങ്ങൾക്കെതിരായുള്ള പ്രതിരോധത്തിനും കഴിയുന്ന സ്ത്രീപക്ഷ വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുവാൻ സെന്റർ ഓഫ് എക്സലൻസിന് കഴിയണം. ലോകമെമ്പാടും നടക്കുന്ന സ്ത്രീവാദങ്ങൾ പരിചയപ്പെടുത്തുവാനും പഠനങ്ങൾ ഏറ്റെടുത്ത് നടത്തുവാനും മുൻകൈ എടുക്കുവാൻ സെന്റർ ഓഫ് എക്സലൻസിന് കഴിയണം. രാഷ്ട്രീയബോധത്തോടെ സ്ത്രീകളുടെ സാമൂഹ്യവൽക്കരണത്തിനും ശാക്തീകരണത്തിനും കഴിയുന്ന വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകണം.

## അവലംബം

### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ


1. സുജ സൂസൻ ജോർജ്ജ് (2015): "സ്ത്രീ- ഒരു സാംസ്കാരിക പ്രശ്നം", നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ -10, pp- 16
2. കെ കെ ശൈലജ ടീച്ചർ (2015): ''ആഗോളവത്കരണവും കേരളത്തിലെ സ്ത്രീ പ്രശ്നങ്ങളും", നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 166
3. ഡോ.ടി.കെ ആനന്ദി (2015):''സ്ത്രീകളും തൊഴിലും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 59
4. ഡോ. കെ. പി ശ്രീലതകുമാരി (2015):''സേവന സംഘടനയിലെ സ്ത്രീകൾ- സർവ്വീസ് സംഘടനയിലെ സ്ത്രീകൾ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 84
5. അഡ്വ. ടി. ഗീനാകുമാരി : ''ലിംഗനീതി'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ -10, pp- 21
6. ഡോ. സിന്ധു തുളസീധരൻ: ''സ്ത്രീകളും വിവാഹ നിയമങ്ങളും വൈവാഹികസ്വത്തും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 120
7. ഡോ. സോണിയ കെ. ദാസ്: '' സ്ത്രീകളും തൊഴിൽ നിയമങ്ങളും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – X, pp- 126
8. അഡ്വ. രാധു (2015): ''സ്ത്രീ സ്വകാര്യതയും സുരക്ഷയും പൊതു ഇടങ്ങളിൽ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 127
9. മിനി സുകുമാർ (2015): ''സ്ത്രീകളും സാമൂഹികാവകാശങ്ങളും– ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം എന്നിവയെ മുൻനിർത്തി ഒരു അവലോകനം'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 19
10. ഗായത്രി ബാലഗോപാൽ (2015): ''സൂയിസൈഡ് ഇൻ കേരള: പാറ്റേൺ, കേസസ്സ് ആന്റ് മെത്തേഡ് ബയ് ജെണ്ടർ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 104
11. ജ്യോതി നാരായണ്‍ (2015): ''പൊതു ഇടങ്ങളിലെ സ്ത്രീകളുടെ സുരക്ഷയും അവകാശങ്ങളും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 47
12. കെ എ ബീന (2015): ''പബ്ലിക് സ്പെയ്സ്'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 53
13. ബിന്ദുലക്ഷ്മി (2015): ''സ്ത്രീ ഗാർഹിക തൊഴിലാളികളും ഭരണകൂട ആശങ്കകളും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 58
14. അമൃത (2015): ''സ്ത്രീകളും ഭരണനിർവ്വഹരണവും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 50
15. മീനാ ടി പിള്ള (2015): ''ഡിസിപ്ലിങ് ദ ഇൻന്റിമേറ്റ്: കേരള മോഡൽ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 135
16. അന്ന മിനി (2015): ''ചുംബനസമരം– ഒരു വിശകലനം'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 154
17. ഷീബ കെ. എം (2015): ''ശരീരം, അഭിനിവേശം, അധികാരം – ലൈംഗികതയുടെ ചരിത്രമാനങ്ങൾ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 141
18. സുനിത ടി. വി (2015): ''നവമാധ്യമങ്ങളും സ്ത്രീകളും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 145
19. ബിച്ചു എക്സ്. മലയിൽ (2015): ''അച്ചടി മാധ്യമരംഗത്തെ സ്ത്രീ പ്രതിനിധാനങ്ങൾ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 163
20. സീമ ജെറോ (2015): ''മാധ്യമങ്ങളിലെ സ്ത്രീ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 165
21. ടി. രാധാമണി (2015): ''സ്ത്രീകളുടെ വികസനം- സർക്കാർ ഇടപ്പെടൽ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 169
22. ഗീത നസീർ (2015): ''സ്ത്രീ അധികാരം രാഷ്ട്രീയം'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 42
23. ഡോ.പി എസ് ഗീതക്കുട്ടി (2015): ''ഗ്രാമീണ സ്ത്രീകളുടെ ഉപജീവനമാർഗ്ഗങ്ങളും അവകാശങ്ങളും'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp- 23
24. ഏലിയാമ്മ (2015): ''സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ'' നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ – 10, pp-172


### മറ്റ് രേഖകൾ


25. Aziz A: "Decentralised Governance in Asian Countries", Sage Publication,New Delhi, 1996.
26. Bhargava, B.S: "Grass-root Leadership in PanchayatiRaj Institutions",New Delhi, 1979. Dhanda, M: (Ed.) Reservations for Women, New Delhi: Women Unlimited, 2008.
27. Chakravarti Uma,. Archiving the Nation-state in Feminist Praxis: A South Asian Perspective, Occasional Paper, CWDS. New Delhi,2009.
28. Escobar, Arturo: Encountering Development:TheMaking and Unmaking of the Third World, Princeton: University Press, 1995.
29. Ferguson, James: The Anti-Politics Machine:"Development" ,Depoliticization,and Bureaucratic Power in Lesotho, Minneapolis: University of Minnesota Press, 1994.
30. Foucault, M:(Ed.)` Governmentality'in Graham Burchell, Colin Gordon and Peter Miller in The Foucault Effect: Studies in Governmentality, Chicago, IL: University of Chicago Press, 1991.
31. Gandhiji, M. Das: "Harijan", November 1937.
32. Guru, Gopal: "DalitWomenTalkDifferently", Economicand-PoliticalWeekly, Vol.30, No.41-42, 1995.
33. Habermas, Jurgen: (Ed.)`Struggles for Recognition in the Democratic Constitutional State' in Multiculturalism, Amy Gutman. Princeton: Princeton University Press, 1994.
34. Harriss, John: Depoliticizing Development: TheWorld Bank and Social Capital.London: Anthem Press, 2002.
35. Jayal, NirijaGopal. 2009. 'Introduction.' In Local Governance in India: Decentralization and
36. Beyond, by Pradeep Sharma, New Delhi: Oxford University Press.
37. Kabeer, Naila: Reversed Realities: Gender Hierarchies in Development Thought, NewYork: Verso, 1994.
38. Kishwar, Madhu. 1996. `Women and Politics: Beyond Quotas', Economic and Political Weekly,Vol.31, No.43.

39. Manjula, B:(Ed.)"From Objects to Subjects to Participants: Women and Gendered Governance in Kerala's participatory Democracy", In Learning Citizenshipby practicing Democracy, by Elizabeth Piinington and Daniel Schugurensky, Canada: Cambridge Scholars, 2010.
40. Moser,C: Gender Planning and Development: Theory, PracticeandTraining, Routledge, London, 1993.
41. Molyneux, Maxine:"Mobilisation without Emancipation? Women's Interests, the State and Revolution in Nicaragua", Feminist Studies 11, no. 2:227-54, 1985.
42. Mukhopadhyay, M.andMeer,S: Creating Voice and Carving Space: RedeRning Gender from Governance Perspective, Lochem, TheNetherlands: RoyalTropical Institute, KIT Development Policy and Practice,2004.
43. Philips, A:The Politics of Presence:The Political Representation of Gender, Ethnicity and Race, Oxford: Clarendon Press, 1995.

അധ്യായം 21

# പ്രവാസി ക്ഷേമം

ഏറ്റവും പുതിയ കണക്കുകൾ അനുസരിച്ച് പ്രവാസ ജീവിതം നയിക്കുന്ന മലയാളികളുടെ എണ്ണം ഏകദേശം 31 ലക്ഷം വരും. ജനസംഖ്യയുടെ അനുപാതമായി നോക്കുമ്പോൾ ലോകത്തുതന്നെ ഒരുപക്ഷെ ഏറ്റവും കൂടുതൽ പ്രവാസ സാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഒന്നാണ് കേരളം. പ്രവാസികൾ അയയ്ക്കുന്ന പുറം വരുമാനം കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 36 ശതമാനത്തോളം വരുമെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു. നേരിട്ടുള്ള കണക്കുകൾ ലഭ്യമല്ലാത്തതുകൊണ്ട് പരോക്ഷമായ സമ്പ്രദായങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയവയാണ് ലഭ്യമായ പഠനങ്ങളിലെ കണക്കുകൾ. ഈ കണക്കുകൾക്ക് അവ തയ്യാറാക്കിയവർ തന്നെ സമ്മതിക്കുന്ന പരിമിതികൾ ഉണ്ടെങ്കിലും പ്രവാസം കേരളത്തെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രധാനമെന്ന് വെളിവാക്കാൻ ഈ കണക്കുകൾ ധാരാളം മതിയാകും. കേരള സമൂഹത്തിന്റെയും സമ്പദ്ഘടനയുടെയും ഗതിയെ അതിനിർണയിക്കാൻ പോന്ന തരത്തിലുള്ള പ്രവാസത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്ന മറ്റു നിരവധി സൂചകങ്ങൾ ഇന്ന് ലഭ്യമാണ്. ആളോഹരി വരുമാനം ,കുടുംബങ്ങളുടെ ശരാശരി ആസ്തി, ശരാശരി ഉപഭോഗ ചെലവ്, മാനവ വികസന സൂചകം(HDI) തുടങ്ങിയവയുടെ എല്ലാം കാര്യത്തിൽ കേരളം ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുൻനിരയിൽ നിലക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന് കുടിയേറ്റവും അതിൽ നിന്നുള്ള വരുമാനവുമാണ്. കേരളത്തിന്റെ ഇത്തരത്തിലുള്ള സവിശേഷമായ വികസനത്തിന് ഭൂപരിഷ്കരണം വഹിച്ച പങ്ക് വലുതാണ്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇത്തരം പരിഷ്കാരങ്ങളിലൂടെ നേടിയ നേട്ടങ്ങൾ ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ജനതയെ സൃഷ്ടിക്കുന്നതിന് സഹായകമായി. മറ്റു രാജ്യങ്ങളിലെ തൊഴിൽമേഖലകളിൽ ഇടപെടുന്നതിന് ഇത് സഹായിക്കുകയും ചെയ്തു. എന്നാൽ പ്രവാസത്തിന്റെ ഫലമായി സംസ്ഥാനം നേടിയ നേട്ടങ്ങൾ സംസ്ഥാനത്തിന്റെ വികസന ചർച്ചകളിലും വികസനപദ്ധതികളിലും പ്രതിഫലിക്കുന്നില്ല എന്നതാണ് സത്യം.

കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കൃഷി അനുബന്ധ മേഖലകളും, വ്യവസായവും ഒരുമിച്ച് സംഭാവന ചെയ്യുന്നതിനേക്കാൾ കൂടുതലാണ് പ്രവാസികൾ എത്തിക്കുന്ന പുറം വരുമാനം. എന്നാൽ കേരള സർക്കാരിന്റെ പ്രവർത്തനങ്ങളിലും പദ്ധതി അടങ്കലിലും പ്രവാസികളുടെ സ്ഥാനം കടുകുമണിയോളം പോലുമില്ല. 1987 ലെ ഇടതുപക്ഷ സർക്കാരാണ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ആദ്യമായി ഒരു പ്രവാസികാര്യ വകുപ്പ് കേരളത്തിൽ തുടങ്ങി എന്നുള്ളത് അഭിമാനകരമാണ്. എന്നാൽ പ്രസ്തുത വകുപ്പിന്റെ പദ്ധതി വിഹിതം ഇന്നും നാമമാത്രമായി തുടരുകയാണ്. നീക്കിവയ്ക്കുന്ന പണം പോലും ചിലവഴിക്കുന്നതിനോ പ്രഖ്യാപിച്ച പരിപാടികൾ കൃത്യമായി നടപ്പാക്കുന്നതിനോ ഒരു ശുഷ്കാന്തിയും കാണിക്കാത്ത ഒരു വകുപ്പായി ഇപ്പോൾ നോർക അധഃപതിച്ചിരിക്കുന്നു. പ്രവാസികളോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം കൂടുതൽ നിന്ദ്യമാണ്. ഇന്ത്യയുടെ ഏറ്റവും പ്രധാന

പ്പെട്ട ഒരു വിദേശ നാണയ സ്രോതസായി പ്രവാസികൾ മാറിയിട്ടും അവരോടുള്ള അവഗണയും അവജ്ഞയും തുടരുകയാണ്. വിദേശ നാണയം നേടിത്തരുന്നു എന്ന പേരിൽ കയറ്റുമതിക്കാർക്കു നൽകുന്ന പ്രോത്സാഹനങ്ങളോ വിദേശ നിക്ഷേപത്തെ ആകർഷിക്കാനെന്ന പേരിൽ നൽകുന്ന ഇളവുകളും പ്രവാസികൾക്കു ബാധകമല്ല. വിദേശ നിക്ഷേപത്തിന്റെ എത്രയോ മടങ്ങാണ് പ്രവാസികൾ ഇന്ത്യയിലേയ്ക്ക് അയച്ചു തരുന്ന പണം. അതിന്റെ പേരിൽ സേവന നികുതി അടിച്ചേൽപ്പിക്കാനാണ് വ്യഗ്രത. കനത്ത വിമാനക്കൂലി അവർ നൽകേണ്ടി വരുന്നു. പുനഃരധിവാസ പരിപാടികളില്ല. ഇതിൽപ്പരം നന്ദികേട് പ്രവാസികളോട് കേന്ദ്രസർക്കാരിന് കാണിക്കാനില്ല. പല രാജ്യങ്ങളും അവരുടെ പ്രവാസികളോടുള്ള നയത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ കാണുന്നതേയില്ല. കേന്ദ്രനയമെന്തായാലും നയരൂപീകരണത്തിലും പദ്ധതി അടങ്കലിലും പ്രവാസത്തിന് അർഹമായ പ്രാതിനിധ്യം നല്കാതെ ഇനി കേരളത്തിന് മുന്നോട്ടു പോകാനാകില്ല.

## I. കേരളത്തിൽ നിന്നുള്ള കുടിയേറ്റം ഒരു വിശകലനം

പ്രവാസത്തെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്കുകൾ ലഭിക്കുക എളുപ്പമല്ല. പല മൂന്നാംലോക രാജ്യങ്ങളിലും ഇത്തരം കണക്കുകൾ കൃത്യമായി ശേഖരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന പതിവില്ല. എന്നാൽ കേരളത്തിൽ നിന്നുള്ള കുടിയേറ്റത്തെ സംബന്ധിച്ച കണക്കുകൾ, ചില പരിമിതികൾ ഉണ്ടെങ്കിലും ലഭ്യമാണ്. തിരുവനന്തപുരത്തെ സെന്റർ ഫോർ ഡിവലോപ്മെന്റ് സ്റ്റഡീസ് (CDS) 1998, 2003, 2008, 2011, 2014 തുടങ്ങിയ വർഷങ്ങളിൽ നടത്തിയ കേരള മൈഗ്രേഷൻ സർവ്വേകൾ പ്രധാനപ്പെട്ട പല വിവരങ്ങളും നൽകുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ സ്ഥിതി വിവര കണക്കു വകുപ്പ് നടത്തിയിട്ടുള്ള പഠനങ്ങളും സഹായകമാണ്. സിഡിഎസ് സർവ്വേകളിൽ കേരളത്തിൽ നിന്ന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറിയവരുടെ എണ്ണവും പുറം രാജ്യങ്ങളിലെ പ്രവാസികളുടെ എണ്ണവും പ്രത്യേകം ലഭ്യമാണ്. സിഡിഎസ് സർവ്വേകൾ കേരളത്തിലെ കുടുംബങ്ങൾ സന്ദർശിച്ചു നടത്തിയതാണ് എന്നതുകൊണ്ട് പുറം രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും പ്രവാസം കഴിഞ്ഞ് കണക്കും ലഭ്യമാണ്. പട്ടിക 21.1 ൽ ഇത് സംബന്ധിച്ച കണക്കുകൾ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

മലയാളികളുടെ കുടിയേറ്റത്തിന്റെ ചരിത്രം താരതമ്യേന ഹ്രസ്വമാണെന്നു പറയാം. 1930കളിലെ ആഗോള സാമ്പത്തിക മാന്ദ്യമാണ് ഇവിടെ നിന്നുള്ള കുടിയേറ്റങ്ങൾക്ക് തുടക്കം കുറിച്ചത്. അതിനുമുമ്പും കുടിയേറ്റം ഉണ്ടായിട്ടുണ്ടെങ്കിലും അന്യദേശങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്നവരെ അപേക്ഷിച്ച് പുറത്തേക്കുള്ള കുടിയേറ്റം കുറവായിരുന്നു എന്നുവേണം മനസിലാക്കാൻ. 1930 കളിലെ മാന്ദ്യത്തെ തുടർന്ന് വിദ്യാസമ്പന്നരും അല്ലാത്തവരും തൊഴിൽ തേടി ഇന്ത്യയുടെ ഇതരഭാഗങ്ങളിലേക്ക് കുടിയേറി. ഇന്ത്യക്ക് പുറത്ത് ശ്രീലങ്ക, മലേഷ്യ, ബർമ്മ തുടങ്ങിയ രാജ്യങ്ങളിലേക്കും കേരളത്തിൽ നിന്ന് കുടിയേറ്റം ഉണ്ടായി. രണ്ടാം ലോക മഹായുദ്ധ കാലത്ത് ആസമിലേക്കും ബർമ്മയിലേക്കും തൊഴിൽ തേടിയുള്ള കുടിയേറ്റം ഉണ്ടായി. സ്വതന്ത്ര്യാനന്തരമുള്ള ആദ്യദശകങ്ങളിലും ഇത് തുടർന്നു. ഇന്ത്യയിലെ പ്രധാനപെട്ട നഗരങ്ങളിലേക്കും പട്ടാളത്തിലേക്കും മറ്റും കേരളീയരുടെ ചെറുതല്ലാത്ത പ്രവാഹം തന്നെയുണ്ടായി. ഇതോടൊപ്പം ചെറിയ തോതിലാണെങ്കിലും പാശ്ചാത്യ രാജ്യങ്ങളിലേക്കും കുടിയേറ്റം ഉണ്ടായി. എന്നാൽ കേരളത്തിൽ നിന്നുള്ള കുടിയേറ്റം, കേരള സമ്പദ്ഘടനയുടെ അലകും പിടിയും മാറ്റുന്ന തരത്തിലുള്ള വലിയ പ്രവാഹമായി മാറിയത് മധ്യപൂർവ്വ ദേശത്തേക്കുള്ള കുടിയേറ്റത്തിന്റെ സരണി തുറന്ന കിട്ടിയതിലൂടെയാണ്. എണ്ണ കയറ്റുമതി രാജ്യങ്ങൾ സംഘടിക്കുകയും എണ്ണവില ഉയരുകയും ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുകയും ചെയ്തതോടെ കുടിയേറ്റത്തിന്റെ ഒരു പുതിയ യുഗം തന്നെ ആരംഭിക്കുകയുണ്ടായി. എഴുപതുകൾ മുതൽ ഉള്ള കണക്കുകൾ കൃത്യമായി ലഭ്യമല്ല. എന്നാൽ സിഡിഎസ് സർവ്വേകൾ സമീപകാല

**പട്ടിക 21.1**
**കുടിയേറ്റത്തെ സംബന്ധിച്ചുള്ള**
**അടിസ്ഥാന വിവരങ്ങൾ**

| Kerala Migration Survey Year | 1998 | 2008 | 2011 | 2014 |
|---|---|---|---|---|
| Number of Emigrants from Kerala | 1361919 | 2193412 | 2280543 | 2400375 |
| Number of Return Emigrants | 739245 | 1157127 | 1150347 | 1252471 |
| Number of Non-Resident Keralites | 2101164 | 3350538 | 3430889 | 3652845 |
| Number of Out-migrants from Kerala | 691695 | 914387 | 930724 | 700342 |
| Number of Return Out-migrants | 958826 | 686198 | 510658 | 389890 |
| Number of Inter-state Migrants | 1650521 | 1600585 | 1441382 | 1090232 |

ഉറവിടം: സക്കറിയരാജൻ, 2015

പ്രവണതകൾ വ്യക്തമാക്കുന്നുണ്ട്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഏകദേശം 24 ലക്ഷത്തോളം കേരളീയർ ഇന്ത്യയ്ക്ക് പുറത്ത് പ്രവാസ ജീവിതം നയിക്കുന്നുണ്ട്. വിദേശ വാസം കഴിഞ്ഞ് തിരിച്ചെത്തിയവരുടെ എണ്ണം ഏതാണ്ട് 12.5 ലക്ഷത്തോളം വരും. ഇതിനുപുറമെയാണ് ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറിയ ഏഴു ലക്ഷത്തിൽ പരം കേരളീയരെയും അവിടങ്ങളിൽ നിന്ന് തിരിച്ചെത്തിയ മറ്റൊരു നാലു ലക്ഷം പേരെയും കൂട്ടേണ്ടത്. ഈ കണക്കുകൾ സാമ്പിൾ സർവേയുടെ രീതിശാസ്ത്രം ഉപയോഗിച്ച് തയാറാക്കിയവയാണ് എന്നതുകൊണ്ട് 100 ശതമാനം കൃത്യത അവകാശപ്പെടാനാകില്ല. എന്നിരുന്നാലും അവ സൂചിപ്പിക്കുനത് കുടിയേറ്റത്തിനു കേരള സമൂഹത്തിലും സമ്പദ്ഘടനയിലും ഉള്ള വലിയ സ്വധീനത്തെയാണ്. പ്രവാസത്തെ ഒഴിവാക്കി നിർത്തിക്കൊണ്ട് കേരള സമൂഹത്തേക്കുറിച്ചോ അതിന്റെ ഭാവിയെക്കുറിച്ചോ ചിന്തിക്കുക അസാധ്യമാണ്.

പട്ടിക 21.1ൽ നിന്നും കാണാവുന്നത് പോലെ സമീപകാലത്തായി ഇതര സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം കേവലമായിതന്നെ കുറയുകയാണ്. കേരളത്തിന് പുറത്തേക്കുള്ള കുടിയേറ്റത്തിന്റെ വളർച്ചയുടെ നിരക്കിൽ കുറവ് വരുന്നുണ്ടെങ്കിലും വർദ്ധന തുടരുകയാണ്. കുടിയേറ്റത്തിന്റെ ലക്ഷ്യത്തിലുള്ള പരിവർത്തനം വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ അനുപാതം വർദ്ധിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദേശ രാജ്യങ്ങളുടെ പ്രാധാന്യം വർധിക്കുകയാണ് എന്നത് ശരി തന്നെ. എന്നാൽ വിദേശത്തുള്ള ലക്ഷ്യസ്ഥാനങ്ങളിൽ ശ്രദ്ധേയമായ പരിവർത്തനം സംഭവിക്കുന്നുണ്ട്. മദ്ധ്യപൂർവ്വ ദേശങ്ങൾ തന്നെയാണ് ഇപ്പോഴും കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ ഏറ്റവും പ്രധാനപ്പെട്ട ആതിഥേയപ്രദേശം. എന്നാൽ വികസിത രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ ആപേക്ഷിക പ്രാധാന്യം സാവധാനത്തിലാണെങ്കിലും ഉയർന്നുകൊണ്ടിരിക്കുന്നുണ്ട്. ഡോക്ടർമാർ, എഞ്ചിനീയർമാർ, നഴ്സുമാർ, ഐ.ടി പ്രൊഫെഷണലുകൾ, വിദഗ്ധ തൊഴിലാളികൾ തുടങ്ങിയവരുടെ ആപേക്ഷിക അനുപാതം (പട്ടിക 21.2 കാണുക) ശ്രദ്ധേയമായി ഉയർന്നിട്ടുണ്ട്. വികസിത രാജ്യങ്ങളിലെ തൊഴിൽ കമ്പോളത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഇത് കേരളത്തെ സഹായിക്കുന്നുണ്ട്.

മധ്യപൂർവ്വദേശത്തെ അനിശ്ചിതത്വങ്ങളും എണ്ണ വിലയിടിവും പ്രവാസികളുടെ ആശങ്ക ഉയർത്തിയിട്ടുണ്ട്. എന്നാൽ ആഗോളാടിസ്ഥാനത്തിൽ നടക്കുന്ന ജനസംഖ്യാമാറ്റങ്ങൾ ഇക്കാര്യത്തിൽ കേരളത്തിന് പ്രതീക്ഷ നൽകുന്നുണ്ട്. വികസിതരാജ്യങ്ങളുടെ ജനസംഖ്യ വളർച്ച ദശകങ്ങളോളമായി കുറഞ്ഞു വരുന്നത് അവിടങ്ങളിലെ തൊഴിലാളികളുടെ ലഭ്യതയെയും കൂലി നിരക്കുകളേയും ബാധിച്ചിട്ടുണ്ട്. വികസിത രാജ്യങ്ങളുടെ ഈ ആശ്രിതത്വം വർദ്ധിക്കാൻ തന്നെയാണ് സാധ്യത. എന്നാൽ തൊഴിൽ കമ്പോളങ്ങളിൽ കേരളം മറ്റു മൂന്നാംലോക രാജ്യങ്ങളിൽ നിന്നും ശക്തമായ മത്സരത്തെ നേരിടുന്നുണ്ട്. താരതമ്യേന കുറഞ്ഞ വിദ്യഭ്യാസ യോഗ്യതകളും നൈപുണിയും മാത്രം ആവശ്യമുള്ള തൊഴിലുകളിലാണ് ഈ മത്സരം ഏറ്റവും രൂക്ഷമായി കാണപ്പെടുന്നത്. അവികസിത രാജ്യങ്ങളുടെ സാമ്പത്തിക തകർച്ച മൂലം കൂടുതൽ തൊഴിലാളികൾ ഇത്തരം തൊഴിൽ കമ്പോളങ്ങളിലേക്ക് എത്തിച്ചേരുന്നുണ്ട്. ഗൾഫ് രാജ്യങ്ങളിലും വികസിത രാജ്യങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ശാസ്ത്ര സാങ്കേതിക മാറ്റങ്ങൾക്ക് അനുസരിച്ച് തൊഴിലുകളുടെ സ്വഭാവത്തിലും വലിയ മാറ്റങ്ങൾ സംഭാവിക്കുന്നുണ്ട്. ചുരുക്കിപറഞ്ഞാൽ, മെച്ചപ്പെട്ട തൊഴിലുകളും തൊഴിൽ സാഹചര്യങ്ങളും ലഭ്യമാകണമെന്നുണ്ടെങ്കിൽ നമ്മുടെ തൊഴിൽ സേനയിൽ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടായേ മതിയാവു.

**പട്ടിക 21.2**
**പ്രവാസികൾ ചെയ്യുന്ന ജോലിതരം തിരിച്ച്**

| ക്രമ. നം | ജോലി തരം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | ഡോക്ടർ | 7524 | 0.5 |
| 2 | നഴ്സ് | 90898 | 6.4 |
| 3 | എൻജിനീയർ | 53876 | 3.8 |
| 4 | ബാങ്ക് | 10011 | 0.7 |
| 5 | ഐടി | 31834 | 2.2 |
| 6 | അദ്ധ്യാപകർ | 11760 | 0.8 |
| 7 | മാനേജർ | 20867 | 1.5 |
| 8 | ഡ്രൈവർ | 169097 | 11.9 |
| 9 | ബിസിനെസ്സ് | 79408 | 5.6 |
| 10 | സെയിൽസ്മാൻ | 156797 | 10.9 |
| 11 | മറ്റുള്ള തൊഴിലാളികൾ | 794781 | 55.7 |
| | ആകെ | 1426853 | 100 |

ഉറവിടം: പ്രവാസി മലയാളി സെൻസെസ്, 2013

## കേരളത്തിലേക്കുള്ള കുടിയേറ്റം

കേരളത്തിൽ നിന്ന് വൻതോതിൽ പുറത്തേക്കുള്ള കുടിയേറ്റം സംഭവിച്ചപ്പോൾ ആഭ്യന്തര വിപണിയിൽ ഉണ്ടായ തൊഴിലാളികളുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിന് കേരളത്തിനകത്തേക്ക് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിശേഷിച്ച് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും (പട്ടിക 21.3 കാണുക) ഉണ്ടായിക്കൊണ്ടിരിക്കുന്ന കുടിയേറ്റത്തെക്കുറിച്ച് എവിടെ സൂചിപ്പിക്കുന്നത് സന്ദർഭോചിതമായിരിക്കും. കുറഞ്ഞ കൂലിയും കുറഞ്ഞ വൈദഗ്ദ്യവും മാത്രം ആവശ്യമുള്ള തൊഴിലുകളിലേക്കാണ് പുറത്തു നിന്നുള്ള തൊഴിലാളികളുടെ വരവ്.

**പട്ടിക 21.3**
**ഇതര സംസ്ഥാന തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്ക്**

| സംസ്ഥാനം | ഇതരസംസ്ഥാന തൊഴിലാളികളുടെ ശതമാനം |
|---|---|
| ഉത്തർ പ്രദേശ് | 14.83 |
| ആസാം | 17.28 |
| പശ്ചിമ ബംഗാൾ | 20.00 |
| ബീഹാർ | 18.10 |
| ഒഡിഷ | 6.67 |
| മറ്റുള്ളവ | 23.12 |
| ആകെ | 100 |

ഉറവിടം: നാരായണ ആൻഡ് വെങ്കിടേശ്വരൻ (2013)

കേരളത്തിനകത്തെക്കുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റത്തിനു കേരളത്തിന്റെ വികസന ചർച്ചകളിൽ ഒഴിവാക്കാനാകാത്ത പ്രാധാന്യം കൈവന്നിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ സേവനവേതന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നമ്മുടെ ആസൂത്രണ പ്രക്രിയയുടെ ഭാഗം ആകേണ്ടതുണ്ട്. ഒപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം കേരളത്തിന്റെ തൊഴിൽ മേഖലയിൽ ഉണ്ടാക്കുന്ന വിവിധതരം പ്രത്യാഘാതങ്ങളും പരിശോധിക്കപ്പെടണം. ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം സമർത്ഥമായി ഉപയോഗിച്ചുകൊണ്ട് കൂലിയും മറ്റു ആനുകൂല്യങ്ങളും കുറയ്ക്കുന്നതിനും തൊഴിലാളികൾ ദീർഘനാളത്തെ സമരങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങൾ അപഹരിക്കുന്നതിനും ഉള്ള ശ്രമങ്ങൾ പല കേന്ദ്രങ്ങളിലും ഉണ്ടാകുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി ആരംഭിച്ച പരിപാടികളുടെ നടത്തിപ്പും ഈ പുതിയ പ്രതിഭാസം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും ആഴത്തിൽ പരിശോധിക്കപ്പെടണം.

## കേരളീയ കുടിയേറ്റക്കാരുടെ ലക്ഷ്യ സ്ഥാനങ്ങൾ

ഗൾഫ് രാജ്യങ്ങൾ തന്നെയാണ് കേരളീയരുടെ പ്രധാന കുടിയേറ്റ ലക്ഷ്യ സ്ഥാനം. ഏറ്റവും പുതിയ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം കേരളത്തിലെ പ്രവാസികളിൽ 86.3 ശതമാനവും കുടിയേറുന്നത് മധ്യപൂർവ്വ രാജ്യങ്ങളിലേക്ക് തന്നെയാണ്. അടുത്തിടെയായി വികസിത രാജ്യങ്ങളായ ആസ്ട്രേലിയ, കാനഡ, ന്യൂസീലാന്റ് തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ തോത് കൂടിയത് ഗൾഫ് രാജ്യങ്ങളുടെ പ്രാധാന്യം കുറിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ കേരളീയരുടെ പ്രധാന ലക്ഷ്യസ്ഥാനം യുഎഇ തന്നെയാണ്. കേരളത്തിലെ പ്രവാസികളിൽ 37.5 ശതമാനവും യുഎഇലേക്കാണ് കുടിയേറിയിട്ടുള്ളത്. രണ്ടാം സ്ഥാനം സൗദി അറേബ്യക്കാണ്. നിതാഖാത് പ്രതിസന്ധി കാരണം കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ കുടിയേറ്റക്കാരുടെ എണ്ണത്തിൽ 3 ശതമാനം ഇടിവുണ്ടായെങ്കിലും ഇപ്പോഴും 22 ശതമാനം മലയാളികൾ സൗദി അറേബ്യയിൽ തൊഴിൽ നേടുന്നുണ്ട് (സക്കറിയ രാജൻ, 2015). മറ്റ് ലോക രാജ്യങ്ങളിൽ അമേരിക്കയും ബ്രിട്ടീഷ് രാജ്യങ്ങളുമാണ് മലയാളികളുടെ പ്രിയ കുടിയേറ്റ പ്രദേശങ്ങൾ.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ കാര്യം പരിശോധിക്കുമ്പോൾ കൂടുതലായും അയൽ സംസ്ഥാനങ്ങളിലേക്കും മറ്റ് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലേക്കുമുള്ള കുടിയേറ്റങ്ങളാണ് പ്രധാനമായും നടക്കുന്നത്. ഏറ്റവും കൂടുതൽ മലയാളികൾ കുടിയേറുന്ന സംസ്ഥാനം കർണാടകയാണ്. 1998 ൽ 12.9 ശതമാനം മലയാളികളാണ് കർണാടകയിൽ പ്രവാസികളായി ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 33.1 ശതമാനത്തിൽ എത്തിനിൽക്കുന്നു. ഇതിന്റെ പ്രധാന കാരണം ബംഗ്ലൂർ കേന്ദ്രീകരിച്ചുള്ള ഐടി വികസനമാണ്. തമിഴ്നാടും മഹാരാഷ്ട്രയുമാണ് മലയാളികൾ കൂടുതലായി കുടിയേറുന്ന മറ്റ് രണ്ടു ഇന്ത്യൻ സംസ്ഥാനങ്ങൾ. പക്ഷെ കേരള മൈഗ്രേഷൻ സർവ്വേ കണക്കുകൾ പ്രകാരം ഈ മൂന്ന് സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം കുറയുന്നുവെന്നത് മലയാളികളുടെ കുടിയേറ്റ ലക്ഷ്യ സ്ഥാനങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ തുടർച്ചയാണ്.

## കേരള സമ്പദ്ഘടനയും പ്രവാസികളും

1960കളുടെ തുടക്കത്തിൽ സർവ്വ മേഖലയിലും ദേശീയ ശരാശരിയേക്കാൾ പിന്നിലായിരുന്ന കേരള സമ്പദ്ഘടന ഇന്നു ഒട്ടുമിക്ക സൂചകങ്ങളിലും ഇതര സംസ്ഥാനങ്ങളേക്കാൾ വളരെ മുന്നിലാണ്. അങ്ങനെ കേരളം, താഴ്ന്ന വരുമാനം താഴ്ന്ന വളർച്ച, താഴ്ന്ന ഉപഭോഗം താഴ്ന്ന സമ്പാദ്യം എന്ന നിലയിൽ നിന്ന് ഉയർന്ന വരുമാനംഉയർന്ന വളർച്ച, ഉയർന്ന ഉപഭോഗം ഉയർന്ന സമ്പാദ്യം എന്ന നിലയിലേക്ക് മാറി (ഐസക്, 2015). ആരോഗ്യവിദ്യാഭ്യാസ മേഖലകളിൽ സംസ്ഥാന രൂപീകരണത്തിന് മുൻപുണ്ടായിരുന്ന നേട്ടങ്ങളിൽ നിന്ന് സംസ്ഥാനം വളരെ മുന്നോട്ടു പോയിരിക്കുന്നു. ഇതിനോടൊപ്പം തന്നെ ജനങ്ങളുടെ ജീവിതനിലവാരത്തിലും പുരോഗതി ഉണ്ടായി. മെച്ചപ്പെട്ട സാമ്പത്തിക വളർച്ചയോടൊപ്പം മേൽപ്പറഞ്ഞ മാറ്റങ്ങളും കേരളത്തിന്റെ സമ്പദ്ഘടനയെ മികവുറ്റതാക്കി മാറ്റി.

ഇത്തരം അടിസ്ഥാനപരമായ മാറ്റങ്ങളുടെ കാരണം കുടിയേറ്റവും അതിന്റെ ഫലമായി ഒഴുകിയെത്തുന്ന പുറം വരുമാനവുമാണെന്നത് തർക്കമില്ലാത്ത കാര്യമാണ്. ഇന്നു പ്രവാസികൾ കേരളത്തിലേക്ക് അയക്കുന്ന പണം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ 36 ശതമാനത്തിനു തുല്യമാണ്. കേരള സംസ്ഥാനം രൂപീകൃതമായ ശേഷം ഭൂപരിഷ്കരണം കഴിഞ്ഞാൽ സമ്പദ്ഘടനയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച സാമ്പത്തിക പ്രതിഭാസം കുടിയേറ്റം തന്നെയാണ്. പക്ഷേ കേരളത്തിൽ പിന്നാക്കം നിൽക്കുന്ന ഉത്പാ

ദന മേഖലയുടെ തളർച്ചയുടെ പിതൃത്വം പലപ്പോഴും പ്രവാസത്തിന്റെയും പ്രവാസികളുടെയുംമേൽ ചാർത്തപ്പെടാരുണ്ട്. ഐക്യജനാധിപത്യമുന്നണി സർക്കാർ, എൻ.സി.എ.ഇ.ആർ(National Council for Applied Economic Research)ന്റെ സഹായത്തോടെ തയ്യാറാക്കിയ കേരള പരിപ്രേക്ഷ്യത്തിന്റെ (Kerala Perspective plan-vision 2030) കരട് രേഖയിൽ ഇത്തരം നിരവധി പരാമർശങ്ങൾ ഉണ്ട്. പ്രധാനമായും മൂന്ന് കാര്യങ്ങളിലാണ് പ്രവാസികളെ പഴിചാരുന്നത്. ഒന്ന്, പുറം പണം കേരള സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളാണ്. പുറം പണം ചില മേഖലകളിൽ വിഭവ ഞെരുക്കം സൃഷ്ട്ടികുകയും ജീവിത ചെലവ് വർധിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് പ്രധാന ആരോപണം. ഭൂമിയുടെ വിലയിലുണ്ടായ വർധനവും, നിതൃോപയോഗ സാധനങ്ങളുടെ വിലവർധനയുമൊക്കെയാണ് വിമർശകർ പ്രധാനമായും ഉയർത്തിക്കാണിക്കുന്നത്. രണ്ടാമത്തേത് കുടിയേറ്റം മൂലമുണ്ടാകുന്ന വിദഗ്ദ്ധഅവിദഗ്ദ്ധ തൊഴിലാളികളുടെ അഭാവമാണ്. തൊഴിലാളികളുടെ കൂലിയിലുണ്ടായ വർദ്ധനവും, ഇതരസംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേക്കുള്ള കുടിയേറ്റവുമാണ് വിമ്മർശകരുടെ മുഖ്യ ആയുധം. മൂന്നാമത്തെ വെല്ലുവിളിയായി പ്രസ്തുത കരടുരേഖ അവതരിപ്പിക്കുനത് തിരിച്ചു വരുന്ന കുടിയേറ്റക്കാർക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിലെ ബുദ്ധിമുട്ടുകളെ പറ്റിയാണ്. തിരിച്ചെത്തിയ പ്രവാസികൾ സംസ്ഥാന വികസനത്തിനായി യാതൊരുവിധ സംഭാവനകളും നൽകുന്നില്ല എന്നതാണ് പ്രധാന വിമർശനം.

'പുറം പണം വരുമാനത്തിന്റെ പ്രത്യാഘാതങ്ങൾ എന്ത് എന്നുള്ളത് അവതർക്കിതമായ ഒന്നല്ല. പുറം വരുമാനം ചില മേഖലകളിൽ വിഭവഞെരുക്കം സൃഷ്ടിക്കുത് വഴി സംസ്ഥാനത്തിന്റെ ദീർഘകാല വളർച്ചയുടെ സാധ്യതകൾക്ക് തടസ്സമാകാം..... മാതൃസമ്പദ്ഘടനയിലെ വിദേശ വരുമാനം ലഭിക്കുവരുടെ സംരംഭകത്വത്തെയും തൊഴിലെടുക്കാനുള്ള താത്പര്യത്തിനും പ്രതികൂലമായി ബാധിക്കാം. സ്ഥിരമായ കുടിയേറ്റമാണെങ്കിൽ കേരളത്തിന് കുടിയേറ്റക്കാരന്റെ വൈദഗ്ദ്യത്തിന്റെയും അധ്വാനത്തിന്റെയും പ്രത്യക്ഷ നേട്ടം ഇല്ലാതാവുന്നു. ഇത് പരമ്പരാഗത സമൂഹത്തിൽ നിന്ന് വൈജ്ഞാനിക സമൂഹമായുള്ള സമ്പദ്ഘടനയുടെ പരിവർത്തനവേളയിൽ ഗൗരവപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കാം. അതുകൊണ്ട് സർക്കാരിന്റെ മുന്നിലെ വെല്ലുവിളി കുടിയേറ്റത്തിന്റെ ദോഷങ്ങൾ എങ്ങനെ കുറക്കാം, ഗുണവശങ്ങൾ എങ്ങനെ വർദ്ധിപ്പിക്കാം എന്നുള്ളതാണ്.

മറ്റൊരു വെല്ലുവിളി എങ്ങനെ തിരിച്ചുവരുന്ന കുടിയേറ്റക്കാർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാം എന്നതാണ്. അതോടൊപ്പം അവരുടെ വൈദഗ്ധ്യവും പണവും സംസ്ഥാനത്തിന്റെ വികസനത്തിന് വേണ്ടി ഉപയോഗിക്കാനും കഴിയണം. ഇവരുടെ വിഭവശേഷി പരിഗണിക്കുമ്പോൾ തിരിച്ചു വരുന്ന കുടിയേറ്റക്കാരുടെ സംസ്ഥാനത്തിന്റെ വികസനത്തിലേക്കുള്ള സംഭാവന പ്രതീക്ഷകൾക്കനുസരിച്ച് ഉയർന്നില്ല എന്ന് പറയേണ്ടതുണ്ട്...... കേരളത്തിലെ പ്രവാസികൾക്ക് സംസ്ഥാനത്തെ വികസനത്തിന് ഇതിനേക്കാൾ എത്രയോ സംഭാവന ചെയ്യാൻ കഴിയും. തിരിച്ചു വന്ന പ്രവാസികളുടെ നിക്ഷേപ പ്രവർത്തനങ്ങൾ അതിശുഷ്കമാണ്. എന്തെങ്കിലും സാമ്പത്തിക പ്രവർത്തനം ഏറ്റെടുക്കാൻ ശ്രമിച്ചവർ വളരെ ചുരുക്കമാണ്. കുറച്ച് കടകളും ടാക്സികളും കാർഷിക സംസ്കരണ സ്ഥാപനങ്ങളുമൊഴികെ തിരിച്ച് വന്ന പ്രവാസികൾ ഒരു വിധത്തിലുമുള്ള നിക്ഷേപ പ്രവർത്തനങ്ങളിലും പങ്കാളികൾ ആവുന്നില്ല''. (പരിപ്രേക്ഷ്യ പദ്ധതി 2030).

യാഥാർത്ഥ്യം മേൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമാണ്. ഗൾഫിലെ പ്രവാസികളിൽ മഹാഭൂരിപക്ഷവും കൂലിവേലക്കാരും താഴ്ന്ന ശമ്പളക്കാരുമാണ്. അവർ മുഴുവൻ സംരംഭകരായി മാറും എന്ന് പ്രതീക്ഷിക്കുന്നതിൽ അപ്പുറം മൗഢ്യം വേറെയില്ല. അവർ ചെയ്യേണ്ടത് ചെയ്ത് കഴിഞ്ഞു. പണിയെടുത്തുണ്ടാക്കിയ വരുമാനം കേരളത്തിലേക്ക് അയച്ചു. കേരളത്തിലെ അഭ്യന്തര കമ്പോളത്തിന്റെ വികാസത്തിന് ഇത് കാരണമായി. ബാക്കി മിച്ചം വന്നത് ബാങ്കുകളിൽ സമ്പാദ്യമായി. ഈ സമ്പാദ്യത്തെയും കമ്പോളസാധ്യതകളെയും ഉപയോഗപ്പെടുത്താൻ കഴിയാത്തത് പ്രവാസിയുടെ കുഴപ്പമല്ല, നാടിന്റെ കുഴപ്പമാണ്. സമ്പാദിക്കുന്നവരും നിക്ഷേപിക്കുന്നവരും രണ്ട് വിഭാഗങ്ങളാണ്. എല്ലാവരും സമ്പാദിക്കും. പക്ഷേ വളരെ ചുരുക്കം പേരെ സംരംഭകരാകൂ. എന്തുകൊണ്ട് സംരംഭകത്വം കേരളത്തിൽ വികസിച്ചില്ല എതിന് പ്രവാസിയുടെ മേൽ കുതിര കയറിയിട്ട് കാര്യമില്ല. കേരളത്തിന്റെ ബാങ്കുകളിലെ സമ്പാദ്യം കേരളത്തിനുള്ളിൽ നിക്ഷേപമായി മാറുന്നതിന് പകരം ബാങ്കിംഗ് ചാനലുകളിലൂടെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഒഴുകി പോവുകയാണ്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടെടുത്താൽ കേരളത്തിന്റെ ക്രഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ ഏതാണ്ട് 60 ശതമാനമേ വരൂ.

വിദേശ കുടിയേറ്റത്തിന്റെ ഫലമായി കേരളത്തിൽ ചില മേഖലകളിൽ തൊഴിൽ ദൗർലഭ്യവും വിദഗ്ദരുടെ നഷ്ടവും ഉണ്ടായിട്ടുണ്ട് എന്നത് ശരിയാണ്. പക്ഷേ ഈ നഷ്ടത്തേക്കാൾ എത്രയോ ഇരട്ടി തുകയാണ് പ്രവാസി പണമായി കേരളത്തിലേക്ക് എത്തിയത്. സ്ഥിരമായ കുടിയേറ്റമാണെങ്കിൽ സ്ഥിര നഷ്ടമുണ്ടാവും എത് ശരിയാണ്. പക്ഷേ ഗൾഫ് കുടിയേറ്റം താത്കാലികം മാത്രമാണ്. അവിടെ ജോലി ചെയ്യാൻ പോവുന്നവർ അവരുടെ സമ്പാദ്യവും കഴിവുകളുമായി എന്നെങ്കിലും തിരിച്ച് വന്നേപറ്റൂ. കുടിയേറ്റത്തിന്റെ ഫലമായി ചില മേഖലകളിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ സ്വീകരിക്കാനായാൽ ദീർഘകാല വളർച്ചാ സാധ്യതകൾ മങ്ങേണ്ടതില്ല.

കേരളത്തിലെ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ദേശീയ ശരാശരിയുടെ മൂന്നു മടങ്ങ് വരും. ഗൾഫ് കുടിയേറ്റമില്ലായിരുങ്കെിൽ കേരളത്തിലെ തൊഴിലില്ലായ്മ ചരട് പൊട്ടിയേനെ. കേരളത്തിലെ ഇന്നത്തെ തൊ

ഴിലില്ലായ്മ 15.5 ശതമാനമാണ്. ഗൾഫിൽ ജോലിക്ക് ആളുകൾ പോയില്ല എങ്കിൽ ഇത് 18.6 ശതമാനമാവുമായിരുന്നു എന്ന് സക്കറിയയും ഇരുദയരാജനും ചൂണ്ടിക്കാണിക്കുന്നു. ഇതെല്ലാം കേരള സമ്പദ്ഘടനക്ക് കുടിയേറ്റം കൊണ്ടുണ്ടായ നേട്ടങ്ങളാണ്.

കേരളസമ്പദ്ഘടന ഒരു ദിശാസന്ധിയിലാണ്. ഗൾഫ് പണവരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള വളർച്ചയെ എങ്ങനെ സുസ്ഥിരമാക്കാം? ഈ വളർച്ചയെ ഉത്പാദനമേഖലകളുമായി എങ്ങനെ ബന്ധപ്പെടുത്താം? അതുവഴി അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള ഗുണനിലവാരമുള്ള തൊഴിലുകൾ എങ്ങനെ സൃഷ്ടിക്കാം? ഈ സമകാലീന വികസന വെല്ലുവിളികളെ നേരിടാൻ പ്രവാസി സാധ്യതകൾ നമ്മെ സഹായിക്കും. പക്ഷേ, അതിലേക്ക് കടക്കുന്നതിന് മുമ്പ് വിദേശ കുടിയേറ്റം സമീപഭാവിയിൽ സുസ്ഥിരമായി തുടരുമോ എന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടതുണ്ട്. പശ്ചിമേഷ്യയിലെ രാഷ്ട്രീയ കുഴപ്പങ്ങളുടെയും എണ്ണ വിലയിടിവിന്റെയും പശ്ചാത്തലത്തിൽ ഈ ചോദ്യം പ്രസക്തമായി തീരുന്നു.

## II. പുതിയ നയത്തിനുള്ള നിർദ്ദേശങ്ങൾ

### കുടിയേറ്റ പ്രോത്സാഹനം

1. ആഗോള സാഹചര്യങ്ങളിൽ സമൂലമായ മാറ്റം വന്നു കഴിഞ്ഞു. ഇന്നത്തെ ആഗോള ക്രമത്തിൽ മൂലധനത്തിന് സർവ്വ സ്വാതന്ത്ര്യമായി രാജ്യാതിർത്തികൾ കടന്നു വ്യാപരിക്കുവാൻ അവകാശമുണ്ട്. എന്നാൽ അതേ സ്വാതന്ത്ര്യം തൊഴിലെടുക്കുന്നവർക്കില്ല. കുടിയേറ്റത്തിനു മേൽ കർശനമായ നിയന്ത്രണങ്ങൾ തുടരുകയാണ്. ഈ പശ്ചാത്തലത്തിൽ, കേരളീയർ വിദേശങ്ങളിലെക്ക് പോവുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനു യാതൊരു മടിയും ഉണ്ടാവേണ്ടതില്ല. ആയതിനാൽ പ്രവാസി നയത്തിലെ ആദ്യ പരിഗണന കുടിയേറ്റത്തിന്റെ പ്രോത്സഹനത്തിനാണ്. ഫിലിപ്പിൻസ് പോലുള്ള രാജ്യങ്ങൾ ഇത്തരം കുടിയേറ്റങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ വിജയം കണ്ട മാതൃകകളാണ്.
2. പ്രവാസികളുടെ കുടുംബസൗഹൃദ ബന്ധങ്ങളേയും പണം നൽകി വിസ വാങ്ങാനുള്ള ശേഷിയെയും വ്യക്തിപരമായ കഴിവിനേയും ആശ്രയിച്ചാണ് മലയാളികൾ മുഖ്യമായും കുടിയേറുന്നത്. ഗൾഫ് രാജ്യങ്ങളിലെ കുടിയേറ്റ ചരിത്രം പരിശോധിച്ചാൽ, ഏതൊക്കെ പ്രദേശങ്ങളിൽ നിന്നാണ് തൊഴിലാളികളെ റിക്രൂട്ട് ചെയ്യേണ്ടത് എന്ന തീരുമാനം അവരെടുക്കുന്നത് പ്രധാനമായും രാഷ്ട്രീയ പരിഗണനകളുടെ അടിസ്ഥാനത്തിലാണെന്ന് കാണാൻ കഴിയും. അതുകൊണ്ട് കേരളത്തിൽ നിന്നുള്ള തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ കൂടുതലായി ലഭിക്കുവാൻ മറ്റു രാജ്യങ്ങളുമായി ഊഷ്മളമായ ബന്ധം വളർത്തിയെടുക്കേണ്ടതുണ്ട്. ഇന്ത്യ സർക്കാരിനാണ് ഇതിൽ പ്രധാന പങ്കു വഹിക്കാൻ കഴിയുക. അതുകൂടാതെ ഉയർന്ന വിമാന നിരക്ക് ഉൾപെടെയുള്ള കാര്യങ്ങളിൽ പ്രവാസികളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിച്ച്, കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാൻ അവസരം ഉണ്ടാക്കണം. ഇന്നും പഴയ ബ്രിട്ടിഷ് കുടിയേറ്റ നിയമമാണ് ചെറിയ ഭേദഗതികളോടെ തുടരുന്നത്. ഇതിനു പകരം കുടിയേറ്റക്കാർക്ക് ക്ഷേമവും പ്രോത്സാഹനവും ഉറപ്പുവരുത്തുന്ന ഒരു സമഗ്ര കുടിയേറ്റ നിയമം പാസാക്കണം. ഇക്കാര്യങ്ങളിൽ കേന്ദ്ര സർക്കാരിനെ നിർബന്ധിതമാക്കുന്ന ശക്തമായ ജനകീയ പ്രക്ഷോഭം സംസ്ഥാനതലത്തിൽ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണ്.
3. സംസ്ഥാന സർക്കാറിന് പുതിയ തൊഴിൽ സാധ്യതയെ കുറിച്ചുള്ള വിവരങ്ങൾ തൊഴിൽ അന്വേഷകർക്ക് എത്തിച്ച് കൊടുക്കുക, ഫിനിഷിങ് സ്കൂൾ നടത്തുക, കുടിയേറ്റത്തിനാവശ്യമായ വായ്പ ഉദാരമായി ലഭ്യമാക്കുക എന്നിവ ചെയ്യാൻ കഴിയും. ഇതിനായി ഒരു പ്രത്യേക വിദേശ വാർത്താ ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതും നന്നായിരിക്കും.

### ക്ഷേമവും സംരക്ഷണവും

4. വിദേശത്ത് ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വത്തിനും നാടുമായുള്ള അവരുടെ വൈകാരിക ബന്ധം ശക്തിപ്പെടുത്തുന്നതിനും വേണ്ടിയുള്ള നടപടികളാണ് പ്രവാസിനയത്തിന്റെ രണ്ടാമത്തെ ഭാഗം. പ്രവാസികളെക്കുറിച്ചുള്ള സമഗ്രമായ ഒരു ഡാറ്റ ബേസ് ആവശ്യമാണ്. ഇപ്പോൾ നിലവിലുള്ള നോർക വഴിയുള്ള സ്വയംസന്നദ്ധ രജിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമമാക്കണം. കുടിയേറ്റം സംബന്ധിച്ച് നിലവിലുള്ള വിവരങ്ങളുടെയും കൂടി സഹായത്തോടെ വേണം ഡാറ്റാ ബേസ് വിപുലപ്പെടുത്താൻ. പ്രവാസിയുടെ മേൽവിലാസം മാത്രമല്ല, ഏർപ്പെട്ടിരിക്കുന്ന തൊഴിൽ, വരുമാനം, പ്രത്യേക വൈദഗ്ദ്യം, തിരികെ വന്നാൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്ന തൊഴിൽ തുടങ്ങിയവയെ കുറിച്ചൊക്കെ വ്യക്തമായ ഡാറ്റ ആസൂത്രണത്തിന് അനിവാര്യമാണ്.
5. പ്രവാസികൾക്ക് സ്വന്തം നാടും സംസ്കാരവുമായുള്ള മമതയും ബന്ധവും ശക്തിപ്പെടുത്തേണ്ടത് പ്രധാനമാണ്. സ്ഥിരമായി, വിദേശത്ത് പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിൽ, താമസിക്കുന്ന മലയാളികളുടെ പുതിയ തലമുറകൾക്ക് സ്വാഭാവികമായും ആതിഥേയ രാജ്യത്തോട് ഇഴുകിചേരാനാണു തല്പര്യമുണ്ടാവുക. ഇവരുടെ കഴിവുകളെ സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുതണമെങ്കിൽ, മലയാളത്തേയും മലയാള സംസ്കാരത്തേയും അവർക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. പ്രവാസികളുടെ മക്കൾക്കും മറ്റും നാടിന്റെ

സംസ്കാരധാരകളെ മനസിലാക്കുന്നതിനു പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കണം. മാത്രമല്ല, ഭാഷാപഠന പ്രോത്സഹനത്തിനുള്ള മലയാള മിഷന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.

6. മേൽപ്പറഞ്ഞ സാംസ്കാരിക ലക്ഷ്യങ്ങൾ നേടുന്നതിൽ പ്രവാസി സംഘടനകൾക്ക് സുപ്രധാന പങ്കു വഹിക്കാനാകും. ഈ സംഘടനകൾക്ക് ഔപചാരികമായ അംഗീകാരം നൽകുകയും, ഇവരുടെ മേഖലാ തല ആഗോളതല സമ്മേളനങ്ങളും ആശയവിനിമയവും വർഷത്തിലൊരിക്കലെങ്കിലും സംഘടിപ്പിക്കേണ്ടതുണ്ട്. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രവാസി മലയാളികളെ ആദരിക്കണം.

7. കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഐക്യരാഷ്ട്ര ഉടമ്പടിയിൽ ഇന്ത്യയോ ഇന്ത്യക്കാർ കൂടുതലായി കുടിയേറുന്ന രാജ്യങ്ങളോ ഒപ്പുവച്ചിട്ടില്ല. ആയതിനാൽ ആതിഥേയ രാജ്യങ്ങളിലെ കനത്ത തൊഴിൽ നിയമങ്ങൾ കാരണം റിക്രൂട്മെന്റ് ഏജൻസികളുടെ ചതിക്കുഴിയിൽ പെടുന്ന തൊഴിലാളികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട് (ജാബിർ, 2015). ആയതിനാൽ കേരളീയ പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട്, രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഗൾഫ് രാജ്യങ്ങളില്ലെങ്കിലും പദ്ധതിയുണ്ടാവണം. മലയാളികൾ കൂടുതലായുള്ള രാജ്യങ്ങളിൽ കേരളത്തിൽ നിന്നുള്ള ഒരു ഉദ്യോഗസ്ഥനെ തന്നെ ഇതിനായി നിയമിക്കണം. മൃതദേഹം നാട്ടിലേക്ക് കൊണ്ടുവരാനുള്ള കാലതാമസം ഒഴിവാക്കണം. ജയിലിൽ കിടക്കുന്നവർക്കും കേസിൽ ഉൾപ്പെട്ടവർക്കും നിയമപരമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും നിയമസഹായം നൽകുന്നതിന് വേണ്ടി അഭിഭാഷകരുടെ ഒരു പാനൽ ഓരോ മേഖലയിലും രൂപീകരിക്കണം. ആവശ്യമെങ്കിൽ ഇതിനുള്ള ചെലവ് സർക്കാർ വഹിക്കണം.

8. കുടിയേറ്റ തൊഴിലാളികളുടെ ആതിഥേയ രാജ്യങ്ങളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് പുറമേ കേരളത്തിലെ വിസ തട്ടിപ്പുകരേയും അംഗീകാരമില്ലാത്ത റിക്രൂട്ട്മെന്റ് എജൻസികളേയും നിയമപരമായി ഉന്മൂലനം ചെയ്യേണ്ടതും അത്യാവിശ്യമാണ്. പ്രധാനമായും നഴ്സമാരും എഞ്ചിനീയർമാരും ആണ് ഇത്തരം വിസ തട്ടിപ്പിലെ പ്രധാന ഇരകൾ. ഏകദേശം 136 കോടി രൂപയാണ് വിസ തട്ടിപ്പിലൂടെ മലയാളിക്ക് നഷ്ടമായത് (ജോൺ, 2015). ഓടെപെക്(ODEPEC) പോലെയുള്ള സർക്കാർ സ്ഥാപനങ്ങളുടെ ഇടപെടൽ ഒട്ടും ഫലപ്രദമല്ല. വിസ തട്ടിപ്പിലേർപ്പെടുന്നവർക്ക് കർശനമായ ശിക്ഷാ നടപടികൾ നടപ്പിലാക്കുകയും, സർക്കാർ മേഖലയിൽ റിക്രൂട്ട്മെന്റ് ഏജൻസി തുടങ്ങുകയും ചെയ്യണ്ടത് അനിവാര്യമാണ്.

## തിരിച്ചുവരുന്ന പ്രവാസികൾ

9. പ്രവാസിനയത്തിലെ മറ്റൊരു പ്രധാന ഭാഗം തിരിച്ചുവരുന്ന പ്രവാസികൾക്കായി നീക്കിവയ്ക്കേണ്ടതുണ്ട്. ഗൾഫ് നാടുകളിലേക്കുള്ള കുടിയേറ്റം പാശ്ചാത്യ രാജ്യങ്ങളിലേക്കുള്ളതിനെ അപേക്ഷിച്ച് താത്കാലിക കുടിയേറ്റങ്ങളാണ്. തൊഴിൽ കാലാവധി കഴിഞ്ഞു തിരികെ വരുന്നവരുടെ എണ്ണം മുൻപെങ്ങും ഇല്ലാത്തതുപോലെ ഉയർന്നിട്ടുണ്ട്. 1986 ൽ ഇവരുടെ എണ്ണം 40000 ആയിരുന്നു. 1998 ആയപ്പോഴേയ്ക്കും 7.4 ലക്ഷമായി. രണ്ടായിരത്തിൽ ഇവരുടെ എണ്ണം 11.6 ലക്ഷമായി ഉയർന്നു. കേരളത്തിലെ പ്രായപൂർത്തിയായ 22 പേർക്ക് ഒരാൾ വീതവും ജോലിയെടുക്കുന്ന പുരുഷന്മാരെ മാത്രം കണക്കാക്കിയാൽ ഒമ്പതു പേരിൽ ഒരാൾ വീതവും ഗൾഫിൽ നിന്നു മടങ്ങിയവരാണ്. 2015 ൽ ഇവരുടെ എണ്ണം 16 ലക്ഷമായി ഉയരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. തിരികെ വരുന്നവർക്ക് മുൻകൂറായി തന്നെ പേര് രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും നോർക്കയുമായി ചർച്ച ചെയ്യുന്നതിനുമുള്ള സൗകര്യം ഉണ്ടാവണം.

10. ഗൾഫിലേക്ക് കുടിയേറുന്നതിനു ഭാരിച്ച ചെലവുണ്ട്. ഇത് വീണ്ടെടുത്ത് എന്തെങ്കിലും സമ്പാദ്യം സ്വരൂപിച്ച് മടങ്ങണമെങ്കിൽ കുറഞ്ഞത് 3 വർഷമെങ്കിലും ജോലി ചെയ്യണം. എന്നാൽ തൊഴിൽ നഷ്ടപ്പെട്ടതിന്റെ ഭാഗമായോ, അപകടം സംഭവിച്ചതിന്റെ ഫലമായോ നിരവധി പേർക്ക് ഈ കാലയളവിനു മുമ്പ് തന്നെ തിരികെ പോരേണ്ടി വരുന്നുണ്ട്. സൗദിയിലെ നിതാഖാത്, ഇറാഖ്-ലിബിയ പ്രതിസന്ധി തുടങ്ങിയ ഘട്ടങ്ങളിലും ഒട്ടേറെ പേർക്ക് ഒഴിഞ്ഞ് പോരേണ്ടി വന്നു. ഇങ്ങനെയുള്ള വരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേകമായ ഒരു ഫണ്ട് ഉണ്ടാവണം.

11. എന്നാൽ ഭൂരിപക്ഷം പ്രവാസികളെ സംബന്ധിച്ച് പുനരധിവസമല്ല, ഉദ്ഗ്രഥനമാണ് കേരളത്തിൽ സംഭവിക്കേണ്ടത്. മടങ്ങി വരുന്ന പ്രവാസികളുടെ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കണം. പ്രവാസി കഴിവുകളും സമ്പാദ്യവും സംസ്ഥാന വികസനത്തിനായി ഉപയോഗിക്കാൻ ഉതകുന്ന നയരൂപീകരണമാണ് പ്രവാസി നയത്തിന്റെ മറ്റൊരു പ്രധാന അജണ്ട. കേരളത്തിന്റെ വികസനത്തിൽ നിർണ്ണായകമായ സ്വാധീനം ഗൾഫ് കുടിയേറ്റം ചെലുത്തിയിട്ടുണ്ടെങ്കിലും പ്രവാസികളുടെ പ്രത്യക്ഷമായ പങ്കാളിത്തം കേരളത്തിന്റെ വികസനത്തിൽ നന്നേ കുറവാണ്. ചൈന തുടങ്ങിയ രാജ്യങ്ങളിലെ അനുഭവം ഇതിൽ നിന്നും വിപരീതമാണ്. കേരളത്തിലെ നിക്ഷേപാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുകയും ഒപ്പം, പ്രവാസികളുടെ കഴിവുകളെയും സമ്പാദ്യത്തെയും വികസന മേഖലകളിലേക്ക് ആകർഷിക്കാനുതകുന്ന

കൃത്യമായ സ്കീമുകൾക്ക് രൂപമേകുകയും വേണം.

12. കേരള വികസന നിധി രൂപീകരിക്കുക എന്നുള്ളതാണ് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വികസന നിർദ്ദേശം. ഇതിൽ പണം നിക്ഷേപിക്കുന്നവർക്ക് ബാങ്ക് പലിശ നിരക്കിനേക്കാൾ ഉയർന്ന പ്രതിഫലം ഗ്യാരണ്ടി ചെയ്യണം. നിധിയുടെ ഫണ്ട് ഉപയോഗപ്പെടുത്തി പശ്ചാത്തല സൗകര്യ പ്രൊജക്റ്റുകളും വ്യവസായ സംരംഭങ്ങളും ആരഭിക്കാവുന്നതാണ്.നിശ്ചിത തുകയ്ക്കുള്ള തങ്ങളുടെ ഡിപോസിറ്റ് (ഉദാഹരണത്തിനു 25 ലക്ഷം രൂപ) ഈ സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽ നിന്ന് മടങ്ങി വരുമ്പോൾ നാടിലൊരു തൊഴിൽ ഉറപ്പ് വരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഇത്തരം സംരംഭം വളരെയധികം ആകർഷകമായിരിക്കും.

13. നിധിക്ക് പുറമേ, സർക്കാരിന്റെ കൂടെ പങ്കാളിത്തമുള്ള പ്രവാസി മലയാളികളുടെ സംയുക്ത സംരംഭമായ ഇൻകൽ(INKEL) മാതൃകയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാവുന്നതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഇന്കൽ രൂപീകരിച്ചതെങ്കിലും ഈ സ്ഥാപനത്തിന് പ്രത്യേക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനെതിരെ ഉദ്യോഗസ്ഥതലത്തിൽ ശക്തമായ എതിർപ്പ് ഉണ്ടായതുകൊണ്ട് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനായില്ല. പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനു വേണ്ടി പ്രത്യേക സൗകാര്യങ്ങൾ ഇത്തരം കമ്പനികൾക്ക് അനുവദിക്കേണ്ടതുണ്ട്.

14. പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങളടക്കം സ്കീമുകൾ കൊണ്ടുവരണം. സംരംഭകരാവാൻ സാധ്യതയുള്ള പ്രവാസികളുമായി -പ്രത്യേകിച്ച് പ്രൊഫഷനലുകളുമായി- നാട്ടിലേക്കുള്ള മടക്കത്തിന് മുമ്പേ തന്നെ ആശയവിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കണം. നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദങ്ങളും നൽകണം.

15. പ്രവാസികളുടെ സഹകരണസംഘങ്ങൾ ഇന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. വാണിജ്യടിസ്ഥാനത്തിലുള്ള ജൈവകൃഷി, മൂല്യവർധിത കാർഷികോൽപന്നങ്ങൾ, വാണിജ്യ ചെയിനുകൾ തുടങ്ങിയവ ഈ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

16. കേരളത്തിലെ വിജയകരമായ അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ, പ്രാദേശിക വികസനത്തിൽ അതത് പ്രദേശത്തെ പ്രവാസികളെയും പ്രവാസി കൂട്ടായ്മകളെയും പ്രയോജനപ്പെടുത്താനാവും. കേവലം ദീനാനുകമ്പയുടെ പേരിലുള്ള പ്രവർത്തനങ്ങൾ മാത്രമല്ല, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആരോഗ്യ സ്ഥാപനങ്ങളുടേയും മറ്റും വികസനത്തിനും പ്രവാസി സംഭാവനകൾക്ക് വലിയ പങ്കു വഹിക്കാനാവും. ഇത്തരം സംഭാവനകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി, പ്രവാസികൾ നൽകുന്ന ഓരോ രൂപയ്ക്കും തുല്യമായ തുക അല്ലെങ്കിൽ ആനുപാതികമായ തുക സർക്കാരിൽ നിന്ന് നൽകുന്നതിനുള്ള ഒരു സ്കീമിന് രൂപം നൽകണം.

17. വിദേശത്തുള്ള പ്രവാസി വ്യവസായവാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിന് വേണ്ടി കേരള പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകണം. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേംബറുകൾ ഉണ്ടാകും. ഇവരും കേരളത്തിലെ ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുക്കണം.

18. പ്രവാസി പ്രൊഫഷണൽ സംഘടനകൾ എല്ലാ രാജ്യങ്ങളിലും രൂപീകരിക്കണം. ഈ സംഘടനകളെ കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സംരംഭങ്ങളുമായും ബന്ധപ്പെടുത്തണം.

## നിർവഹണ സംവിധാനം

19. ഇന്ന് നിലവിലുള്ള നിർവഹണ സംവിധാനങ്ങൾ, മേൽപ്പറഞ്ഞവ നിർവഹിക്കുന്നതിന് അപര്യാപ്തമാണ്. പൊതുവായി വിലയിരുത്തിയാൽ ഇടതുപക്ഷ സർക്കാരുകളുടെ കാലത്താണ് ഇതിനുള്ള കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്രവാസിക്ഷേമത്തിനായി പ്രത്യേക വകുപ്പ് (നോർക്ക) ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനവും കേരളമാണ്. നോർക്കയുടെ കീഴിലുള്ള പരിപാടികൾ നടപ്പിൽ വരുത്താനായി ആരംഭിച്ച ഏജൻസിയാണ് നോർക്കറൂട്സ്. നോർക്കയുടെ പ്രവർത്തനങ്ങളെ മൂന്നായി തിരിച്ചിരിക്കുന്നു. ഫണ്ടിംഗ്, സാംസ്കാരിക വിനിമയം, പ്രൊഫഷണൽ സേവനങ്ങൾ തുടങ്ങിയവയാണ് ഈ മൂന്ന് പരിപാടികൾ. ഫണ്ടിംഗ് സ്കീമിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടു പരിപാടികൾ സ്വാന്തനം, കാരുണ്യം എന്നിവയാണ്. തിരികെയെത്തിയ പ്രവാസികളിൽ, വാർഷിക വരുമാനം 25,000 രൂപയ്ക്ക് താഴെ മാത്രമുള്ളവർക്കായാണ് സ്വാന്തനം പദ്ധതി നടപ്പിലാക്കിയത്. പ്രവാസികളുടെ ചികിത്സക്കോ, അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സക്കോ, പെൺമക്കളുടെ വിവാഹവശ്യത്തിനോ, നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒറ്റത്തവണയായി ഇതിലൂടെ സഹായം നൽകുന്നുണ്ട്. പ്രവാസികൾക്ക് തിരിച്ചറിയൽ കാർഡ് നൽകി ഇൻഷുറൻസ് പരിരക്ഷ നൽകുന്ന കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചു. വിദേശ ഇന്ത്യക്കാർ മരണമടഞ്ഞാൽ മൃതശരീരം നാട്ടിലേക്ക് കൊണ്ടുപോകുന്നതിന് കാരുണ്യം എന്ന പേരിൽ ഫണ്ട് രൂപീകരിക്കുകയും ചെയ്

തു.പ്രത്യേക പ്രവാസി വായ്പാ പദ്ധതിയും ഈ കാലഘട്ടത്തിൽ രൂപീകരിക്കുകയുണ്ടായി. പ്രവാസി ജീവിതത്തിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണർത്താൻ പ്രത്യേക പ്രചാരണ പദ്ധതികളും, വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് അവരുടെ തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തി, തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനു പരിശീലന പരിപാടികളും ആരംഭിച്ചു.പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക്, ഒരു വിദ്യാർത്ഥിക്ക് 5000 രൂപ നിരക്കിൽ, നോർക്കറൂട്സിൽ നിന്നും കോഴ്സ് ഫീസായി നൽകുന്നുണ്ട്. വിദേശത്ത് നിന്നും തിരിച്ചെത്തിയ പ്രവാസികൾക്കായി ചെറുകിട തൊഴിൽ സംരംഭക പദ്ധതികളും നോർക്കറൂട്സിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ഈ കാര്യങ്ങളിലോന്നിലും കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നതാണ് ഖേദകരം.

20. നോർക്കയുടെ മറ്റ് പരിപാടികളിൽ പ്രധാനപ്പെട്ടത് നോർക്ക നൽകുന്ന പ്രൊഫഷണൽ സേവനങ്ങളാണ്. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ആണ് അതിൽ ഏറ്റവും പ്രധാനപെട്ടത്. 2004മുതൽ നോർക്കയുടെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗവും ഈ സേവനമാണ്. എന്നാൽ ഇന്നു സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനായി കേരളത്തിൽ പ്രവർത്തിക്കുന്ന മൂന്ന്! കേന്ദ്രങ്ങളും അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ഉദാഹരണങ്ങളാണ്. എല്ലാ ഗൾഫ് രാജ്യങ്ങളിലേക്കും നൽകിയിരുന്ന ഈ സേവനം ഇന്നു സൗദി അറേബ്യ,യുഎഇ, കുവൈത്ത് എന്നീ രാജ്യങ്ങളിലേക്ക് മാത്രമാണ് നൽകുന്നത്(വിജയകുമാർ, 2015). ഇതിന്റെ ഫലമായി സ്വകാര്യ സ്ഥാപനങ്ങൾ വർധിക്കുകയും സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് കനത്ത ചാർജ് ഈടാക്കുകയും ചെയ്തു വരുന്നു. മറ്റ് പ്രധാന സേവനങ്ങളായ കാൾ സെന്ററും ജോബ് പോർട്ടലും സമാനമായ വെല്ലുവിളികൾ നേരിടുന്നുണ്ട് (രാജൻ, 2012). അതുപോലെ തന്നെ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവാസി ഐഡന്റിറ്റി കാർഡ് പദ്ധതിയും കഴിഞ്ഞ നാല് വർഷങ്ങളായി കാര്യക്ഷമമല്ല (വിജയകുമാർ, 2015).

21. വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ച് വന്നവരും മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേകം വിഭാഗങ്ങൾ നോർക്കയിൽ ഉണ്ടാവണം. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാവണം. ഇതിന്റെ നടത്തിപ്പ് ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കണം. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണം. അംശാദായവും റിട്ടയർമെൻറ് പെൻഷനും വർദ്ധിപ്പിക്കണം. ഇതിനോടൊപ്പം തന്നെ സ്വതന്ത്രമായ പ്രവാസി നയത്തിനും രൂപം നൽകണം. മാത്രമല്ല ദൈനംദിന പ്രവർത്തനങ്ങളിലും പദ്ധതി അടങ്കലും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മുൻപന്തിയിൽ പ്രതിഷ്ഠിച്ച് സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പുകളിൽ ഒന്നായി നോർക്ക വകുപ്പ് മാറ്റുകയും വേണം.

22. പ്രവാസി വകുപ്പിനായുള്ള ബജറ്റ് വിഹിതം ഗണ്യമായി ഉയർത്തുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. വിദേശത്തു നിന്നുള്ള പ്രവാസി പണവരുമാനത്തിന്റെ ഒരു ചെറു നിശ്ചിത ശതമാനം എല്ലാവർഷവും പ്രവാസിക്ഷേമത്തിനായി വകയിരുത്തേണ്ടതാണ്.

## അവലംബം


### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. Prof. K. C. Zachariah and Prof. S. Irudaya Rajan (2015): ''The Future of Kerala Emigration?'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 9-15
2. Prof. K.N.Harilal and Akhil C.S. (2015): ''Migration, Remittances and the Land Question in Kerala'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 15
3. Dr. K Jafar (2015): ''Mass Education,Migration and Development in Kerala- Alternative Narratives and Concerns'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 16-19
4. ഡോ.ഹുസൈൻ രണ്ടത്താണി (2015): "കേരളത്തിന്റെ ഗൾഫ് വത്ക്കരണവും മലയാളിയുടെ മനോഭാവങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 19-22
5. ജനസംസ്കൃതി, ഡല്ഹി (2015): "പ്രവാസിക്ഷേമവും പുനരാധിവാസവും (ഭാരതം)'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 23-25
6. Mohd Imran Khan and Valatheeswaran C (2015): ''Migration, Remittances and Left-behind Members in Home Labour Market: Evidence from Kerala'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 25-31
7. K.C.Zachariah, S.Irudaya Rajan and Jolin Joseph (2015): ''Kerala Emigration to Saudi Arabia: Prospects under the Nitaqat Law'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 32
8. എം.എം നഈം (2015): "പ്രവാസി പുനരധിവാസം: കേരള, തദ്ദേശ സർക്കാർ പങ്കാളിത്തത്തോടെ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 32-35
9. Dr. Syam Prasad (2015): ''Double deprivation a cause of Migration: Evidence from Kerala, india'', 4th International Congress on Kerala Studies, Preliminary Seminar -09, PP-35-43
10. Bijulal MV (2015): ''Migration, Contemporary Slavery and Workers Human Rights in the Gulf'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 43-44

11. M. Vinayakumar (2015): ''Male migration and changing role and status of Muslim women in Malappuram ditsrict of Kerala'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 44-45
12. ജനസംസ്കൃതി, ഡല്ഹി (2015): "സാംസ്കാരിക പ്രവര്ത്തനത്തിലൂടെ ജാതീയതക്കും വർഗ്ഗീയതയ്ക്കുമെതിരെ മറുനാടൻ മലയാളികളുടെ ചെറുത്തു നില്പ്പ് ഒരു ദില്ലി അനുഭവം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 45-49
13. പി ജെ,ജെ ആന്റ ണി (2015): "എഴുത്തും പ്രവാസവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 49-52
14. Dr. Rajeevan Kunnath (2015): ''Migration to the Persian Gulf: Economic Behaviour and Rural Change in Malabar'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 52
15. Dr.Sreelekha Nair (2015): ''Migration of Workers from Kerala: How does the gender question become relevant in the health sector?'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 52-53
16. Dr.Shajila Beevi.S (2015): ''Gender Sensitive Migration-The case of Gulf migrant Muslim women in Kerala'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 53-56
17. Smitha Pillai (2015): ''Social Adjustment of Domestic Migrant Labourers in Kerala'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 56
18. Raju John (2015): ''Well Being of Non Resident Keralites: Some Economic Aspects'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 61-62
19. Maya.K , Sajla K P (2015): ''Occupational Mobiltiy among Gulf Returnees in Kerala: An Empirical Analysis '', 4th International Congress on Kerala Studies, Preliminary Seminar -09, PP- 63-68
20. ഗോപി കൊല്ക്ക ത്ത (2015): "അന്യ സംസ്ഥാന മലയാളികളുടെ പ്രശ്നങ്ങളും കലാസാംസ്കാരിക പ്രവർത്തനങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 68-71
21. പി എ എം ഹാരിസ് (2015): "ഗൾഫ് മലയാളിയും മാധ്യമ വിപ്ലവത്തിന്റെ സ്വാധീനവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 71-73
22. Lekshmi M and Haseeb P P (2015): ''How Stable are the Families of Migrant Laborers?'', 4th International Congress on Kerala Studies, Preliminary Seminar -09, PP- 74-76
23. വില്സൺ ജോര്ജ്ജ് (2015): "പ്രവാസി വിദ്യാഭ്യാസ രംഗത്തെ വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 76
24. എൻ അജിത്കുമാർ (2015): "പ്രവാസി സഹകരണ സംഘങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 77-78
25. സി.പി. അന്വ ർ സാദത്ത് (2015): "പ്രവാസി ബദൽ : രോഗം അറിയാത്ത ചികിത്സ നിർത്തണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 78-79
26. അഡ്വ. എം എ സലാം (2015): "പ്രവാസി ക്ഷേമം പുനരധിവാസം : പ്രായോഗിക മാർഗ്ഗങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 80-81
27. ആറ്റക്കോയ പള്ളിക്കണ്ടി (2015): "ഗൾഫ് നാടുകളിലെ തദ്ദേശവത്ക്കരണം പ്രവാസചരിത്രം പുതിയ വഴിത്തിരിവിലേക്ക്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 81-82
28. വി കെ അബ്ദുൽ റഊഫ് (2015): "പ്രവാസി ക്ഷേമവും പുനരധിവാസവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 83
29. കുമ്പളങ്ങാട് ഉണ്ണികൃഷ്ണൻ (2015): "പ്രവാസി പുനരദിവാസവും കേരള വികസനത്തിന് ശുചിത്വ സാക്ഷരതയുടെ ആവശ്യകതയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 84-86
30. കാർട്ടൂണിസ്റ്റ് സുധീർ നാഥ് (2015): "കുടിയേറ്റവും മലയാള സംസ്കാരവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോണ്ഗ്രസ് പ്രാഥമിക സെമിനാർ-09, PP- 86-88


### മറ്റ് രേഖകൾ


31. Harilal K N and C.S. Akhil .2015. -'Deterritorialisation of Keralam: Economy-, Socitey and Poltiy' In S.Irudayarajan (eds-)-, India Migration Report 2016 (Forthcoming-).
32. Isaac Thomas T M.2015.-'പ്രവാസികളും കേരള വികസനവും', Sasthragathi-, October-November-,2015.
33. Jabir P M.2015. 'കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച ഐക്യരാഷ്ട്ര കരാർ അന്ഗീകരിക്കേണ്ടതിൻറെ ആവശ്യകത', Paper presented at Seminar on NRK welfare conducted by AKG cetnre for Research and Studies.
34. Narayana D and C S Venkiteswaran. 2013. -'Study on the Domestic Migrant Labour in Kerala-'-, Sponsored by Minitsry of Labour and skills-, Government of Kerala.
35. Rajan S Irudaya .2012. -'Assesment of NORKA-ROOTS and the applicabiltiy of a similar organization to other states of India', Quezon ctiy, Migration Forum in Asia.
36. VijayakumarK.2015.-'പ്രവാസികൾക്ക് വേണ്ടിയുള്ള സർക്കാർ സ്ഥാപനങ്ങൾ(പോരായ്മകളും പരിഹാരങ്ങളും)', Paper presented at Seminar on NRK welfare conducted by AKG cetnre for Research and Studies.
37. Zachariah K C and S Irudaya Rajan. 2015. -'Dynamics of Emigration and Remittances in Kerala: Results from the Kerala Migration Survey 2014-'-, Working paper-, No 463-, Cetnre for Development Studies-, Thiruvananthapuram

അധ്യായം 22

# ജലവിഭവം

നാല് ഇടത്തരം നദികളും (ചാലിയാർ, ഭാരതപ്പുഴ, പെരിയാർ, പമ്പ) 40 ചെറുനദികളും അവയുടെ കൈവഴികളും ചേർന്ന് വലിയൊരു ജലനിർഗമന സഞ്ചയമാണ് കേരളത്തിനുള്ളത്. ഈ നദികളിൽ 22 എണ്ണം പർവതങ്ങളിൽനിന്നും 6 എണ്ണം കുന്നിന്പ്രദേശത്തുനിന്നും 8 എണ്ണം ഇടനാടൻ പ്രദേശത്തുനിന്നും 8 എണ്ണം തീരദേശത്തുനിന്നും ഉത്ഭവിക്കുന്നവയാണ്, ഇതുകൂടാതെ 53 റിസർവോയറുകൾ, 150ഓളം തടയണസംഭരണികൾ, 236 നീരുറവകളും, 50445 കുളങ്ങളും 1000ത്തോളം സുരംഗങ്ങളും 9 ശുദ്ധജലതടാകങ്ങളും, 50 ലക്ഷത്തിലധികം കിണറുകളും കേരളത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നു. എന്നാൽ ഈ സ്രോതസ്സുകളെല്ലാം തന്നെ കഠിനമായ പരിസ്ഥിതിസമ്മർദം നേരിടുന്നവയോ നാശോന്മുഖമോ ആണ്. കുറഞ്ഞുവരുന്ന ജലലഭ്യതയും വർദ്ധിച്ചുവരുന്ന മലിനീകരണവുമാണ് ഇതിന് പ്രധാന കാരണങ്ങളായി പറയപ്പെടുന്നത്.

2001ൽ കേരളത്തിലെ ആകെ വാർഷിക ജലാവശ്യകത 26,800 ദശലക്ഷം ഘനമീറ്റർ (Million Cubic Meter) ആയിരുന്നു എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇത് 2031 ആകുമ്പോഴേക്കും 44000 ദശലക്ഷം ഘനമീറ്റർ ആയി വർദ്ധിക്കുമെന്നാണ് ദേശീയ സാമ്പത്തിക ഗവേഷണ കൌൺസിലിന്റെ (NCAER) പഠനം കണക്കാക്കിയിട്ടുള്ളത്. അതായത് 2001നെ അപേക്ഷിച്ച് ജലാവശ്യകത 64% കണ്ട് വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ 30വർഷം കൊണ്ട് കുടിവെള്ളത്തിന് 29%വും, ജലസേചനത്തിനു 81%വും വർദ്ധന ആവശ്യമായി വരുമ്പോൾ ഓരുജലത്തിന്റെ തള്ളിക്കയറ്റം തടയുന്നതുൾപ്പെടെ ജലപരിസ്ഥിതിയുടെ സംരക്ഷണത്തിന് 156% അധിക ജലമാണ് ആവശ്യമായി വരുന്നത്. വ്യാവസായികാവശ്യത്തിനുള്ള ജലാവശ്യകതയിൽ 34% കുറവ് രേഖപ്പെടുത്തുമ്പോൾപോലും ജലപരിസ്ഥിതി സംരക്ഷിക്കുന്നതിനു വേണ്ടിവരുന്ന വളരെ വർദ്ധിതമായ ജലാവശ്യകത സൂചിപ്പിക്കുന്നത് നമ്മുടെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് നൽകേണ്ട പ്രാധാന്യവും പരിഗണനയുമാണ്.

രണ്ടു നല്ല മഴക്കാലവും കുളിർചൊരിയുന്ന വേനൽമഴയും എണ്ണമറ്റ കിണറുകളും കുളങ്ങളും അരുവികളും കായൽ പരപ്പുമെല്ലാമായി ജലസമൃദ്ധമാണ് കേരളമെന്ന കാവ്യാത്മക ചിത്രമൊക്കെ മാറിമറഞ്ഞിട്ടു നാളുകളായി. മഴക്കാലത്തെ വെള്ളപ്പൊക്കവും വേനലിലെ ജലക്ഷാമവുമാണ് ഇന്നിന്റെ യാഥാർഥ്യം. അതുകൊണ്ടുതന്നെ ജലം സംരക്ഷിക്കപ്പെടുകയും ശാസ്ത്രീയമായി പരിപാലിക്കപ്പെടുകയും ചെയ്യേണ്ട വിലപ്പെട്ട പ്രകൃതിവിഭവമാണെന്ന് നാം തിരിച്ചറിയണം.

## I. ജലലഭ്യതയുടെ നിലവിലെ സ്ഥിതി

1974ലെ കേരളാപൊതുമരാമത്ത് വകുപ്പിന്റെ കണക്കുപ്രകാരം കേരളത്തിലെ എല്ലാ നദികളിൽനിന്നും ഉപനദികളിൽനിന്നും ആകെയുള്ള വാർഷിക നീരൊഴുക്ക് 77883 ദശലക്ഷം ഘനമീറ്റർ (ദ.ല.ഘ.മീ) ആണ്. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉപയോഗ്യമായ ജലം 49188 ദ.ല..ഘ.മീറ്റർ ആയി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത് ആകെയുള്ള നീരൊഴുക്കിന്റെ

59.64% മാത്രമാണ്. എന്നാൽ 199899 മുതൽ 200809 വരെയുള്ള കേന്ദ്ര ജലകമ്മീഷന്റെ കണക്കുപ്രകാരം സമീപകാലത്തെ ശരാശരി വാർഷികനീരൊഴുക്ക് 1974 നെ അപേക്ഷിച്ച് 74% മാത്രമാണെന്നു കാണാം. (പട്ടിക 22.1 കാണുക) ആയതിനാൽ നിലവിൽ കേരളത്തിലൂടെ ഒഴുകുന്ന 44 നദികളിലെ ആകെ വാർഷിക നീരൊഴുക്ക് 57633 ദ.ല.ഘ.മീറ്ററും ഉപയോഗ്യമായ നീരൊഴുക്ക് 34375 ദ.ല.ഘ.മീറ്ററും ആയി നിർണയിക്കാം. കേരളത്തിൽ ലഭിക്കുന്ന നീരൊഴുക്കാകട്ടെ ആകെ 51922 ദ.ല.ഘ.മീറ്ററും ഉപയോഗിക്കാവുന്ന നീരൊഴുക്ക് 30969 ദ.ല.ഘ.മീറ്ററും ആണ്. ജലലഭ്യതയിൽ വന്നിട്ടുള്ള ഈ കുറവ് സംസ്ഥാനസർക്കാർ ഏജൻസികളുടെ കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. 1974ലെ കണക്ക് ഉദ്ധരിച്ചുകൊണ്ട് കേരളത്തിൽ ധാരാളം ജലലഭ്യതയുണ്ട് എന്ന മിഥ്യാധാരണ സൃഷ്ടിക്കുന്നതായാണ് ഇപ്പോഴും കണ്ടുവരുന്നത്.

കേന്ദ്ര കാലാവസ്ഥാനിരീക്ഷണ വകുപ്പിന്റെ 1951 മുതൽ 2010 വരെയുള്ള നിരീക്ഷണത്തിൽ കേരളത്തിലെ ശരാശരി വാർഷിക മഴലഭ്യത പ്രതിവർഷം 1.43 മില്ലിമീറ്റർ നിരക്കിൽ കുറഞ്ഞു വരുന്ന പ്രവണത(Trend) യാണ് കാണിക്കുന്നത്. ഇതിൽ തന്നെ കാലവർഷവും വേനൽ മഴയും ശീതകാലമഴയും കുറഞ്ഞു വരികയും തുലാവർഷം കൂടുകയും ചെയ്യുന്നതായാണ് കാണുന്നത്. (ഇന്ത്യ മീറ്റിറോളജിക്കൽ ഡിപ്പാർട്ട്മെന്റ്, 2013) എന്നാൽ ഈ മഴലഭ്യതയിലുള്ള വ്യതിയാനത്തെക്കാൾ ഏറെയാണ് നദികളിലെ നീരൊഴുക്കിൽ കാണുന്ന വ്യതിയാനം.

കേന്ദ്രജലകമ്മീഷന്റെ 1998–2009 കാലഘട്ടത്തിലെ നിരീക്ഷണപ്രകാരം മൺസൂൺ നീരൊഴുക്ക് പ്രവണത പയസ്വിനി മുതൽ പെരിയാർ വരെയുള്ള വടക്കൻനദികളിൽ വർദ്ധിക്കുന്നതായും, മൂവാറ്റുപുഴ മുതൽ കല്ലട വരെയുള്ള തെക്കൻനദികളിൽ കുറയുന്നതായും കാണാം. എന്നാൽ മൺസൂണിനുശേഷം പെരിയാർ ഒഴിച്ച് ബാക്കി നദികളിലെല്ലാം നീരൊഴുക്ക് കുറയുന്നതായും കാണുന്നു.

ഇക്കാലയളവിലെ വാർഷിക, വർഷകാല, വർഷകാലാനന്തര മഴയുടെയും നീരൊഴുക്കിന്റെയും പ്രവണത പരിശോധിച്ചാൽ പെരിയാർ ഒഴിച്ച് ബാക്കി നദികളിലെല്ലാം വേനൽക്കാല നീരൊഴുക്ക് കുറഞ്ഞുവരുന്നതായി കാണാം. വളപട്ടണം, ചാലിയാർ, ഭാരതപുഴ, ചാലക്കുടി, കല്ലട എന്നീ നദികളിൽ വേനൽമഴയുടെ പ്രവണത വര്ധിക്കുമ്പോഴും വേനൽക്കാല നീരൊഴുക്ക് കുറയുകയാണ്. മൂവാറ്റുപുഴ, മീനച്ചിൽ, മണിമല, പമ്പ, അച്ചൻകോവിൽ, കല്ലട എന്നീ നദികളിൽ വർഷകാലത്തും നീരൊഴുക്ക് കുറയുന്നതായി കാണാം. അതായത് മൂവാറ്റുപുഴ മുതൽ കല്ലട വരെയുള്ള തെക്കൻ നദികളിൽ മൺസൂൺ സമയത്തും, പെരിയാർ ഒഴിച്ച് മറ്റെല്ലാ നദികളിലും മൺസൂൺ ഇതര സമത്തും നീരൊഴുക്ക് കുറയുന്ന പ്രവണതയാണ് കാണുന്നത്.

തുലാവർഷമഴ പൊതുവിൽ കൂടുന്നു എങ്കിലും നദികളിൽ നീരൊഴുക്ക് കുറയുന്ന പ്രവണത ശ്രദ്ധേയമാണ്. ഇത് നദികളുടെയും അവയുടെ ആവാഹപ്രദേശങ്ങളുടെയും അപചയവും, ജലോപയോഗത്തിന്റെ വർദ്ധനയും സൂചിപ്പിക്കുന്നു. വനപ്രദേശത്തെ കയ്യേറ്റം,

**പട്ടിക 22.1.**
**നീരൊഴുക്കിന്റെ കണക്കിലെ വൈരുദ്ധ്യം (യൂണിറ്റ്: ദ.ല.ഘ.മീ)**

| നദികൾ | 1974* | | 1998–2009** | |
|---|---|---|---|---|
| | ആകെ നീരൊഴുക്ക് | ഉപയോഗ്യ ജലലഭ്യത | ആകെ നീരൊഴുക്ക് | ഉപയോഗ്യ ജലലഭ്യത |
| പയസ്വിനി | 1710 | 1356 | 2113 | 1676 |
| വളപട്ടണം | 4092 | 2938 | 3790 | 2721 |
| ചാലിയാർ+കടലുണ്ടി | 7775 | 3160 | 5547 | 2254 |
| ഭാരതപ്പുഴ | 7478 | 4146 | 6043 | 3350 |
| ചാലക്കുടി | 3121 | 2033 | 1836 | 1196 |
| പെരിയാർ+മൂവാറ്റുപുഴ | 15421 | 10044 | 11840 | 7712 |
| മീനച്ചിൽ | 2349 | 1110 | 1671 | 790 |
| മണിമല | 1829 | 1108 | 1633 | 989 |
| പമ്പ | 4641 | 3164 | 3640 | 2482 |
| അച്ചൻകോയിൽ | 2383 | 1249 | 1100 | 577 |
| കല്ലട | 2270 | 1368 | 1163 | 701 |
| വാമനപുരം | 1324 | 889 | 673 | 452 |
| ആകെ | 54393 | 32565 | 41049 | 24900 |

ഉറവിടം: *1974-ലെ PWD കണക്ക്; **കേന്ദ്ര ജല കമ്മീഷൻ ഡാറ്റ

വനനശീകരണം, തണ്ണീർതടങ്ങളുടെയും വയലുകളുടെയും നശീകരണം, അശാസ്ത്രീയമായ ഭൂവിനിയോഗം, നദികളിൽ മണൽസ്ഥരങ്ങളില്ലാതായ സ്ഥിതി ഇവയെല്ലാം നീരോഴുക്കിനെ ദോഷകരമായി ബാധിച്ചിരിക്കുന്നു.

1976നും 2010നും ഇടയിൽ, സംസ്ഥാനത്തെ മലനാടൻ മേഖലയിൽ പ്ലാന്റേഷൻപ്രദേശം 27%ൽ നിന്നും 40% ആയും മനുഷ്യാവാസപ്രദേശം 13% ൽ നിന്നും 30% ആയും വർദ്ധിച്ചു എന്നും വനപ്രദേശം 59%ൽ നിന്നും 30% ആയി കുറഞ്ഞു എന്നും ഒറ്റപ്പെട്ട പ്രാദേശിക പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇത് മഴദിനങ്ങളിലും നീരൊഴുക്കിന്റെ ദൈർഘ്യത്തിലും പൊതുവിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ടാകണം.

ചന്ദ്രഗിരി മുതൽ തെക്കോട്ട് വാമനപുരം വരെയുള്ള 14 പ്രധാന നദികളിലെ വാർഷിക മണൽഖനനതോത് കഴിഞ്ഞ ഒന്നരദശകം മുൻപ് ഏതാണ്ട് 11.33 ദശലക്ഷം ഘനമീറ്റർ ആയിരുന്നു. എന്നാൽ ഇതേകാലയളവിലെ വാർഷിക മണൽനിക്ഷേപത്തിന്റെ തോത് വെറും 0.37 ദശലക്ഷം ഘനമീറ്റർ മാത്രവും. അതായത് ഓരോ നദിയിലും 7 മുതൽ 85 മടങ്ങ്വരെ കൂടുതൽ മണൽ വാരുകയുണ്ടായി. ഇതിന്റെ ഫലമായി പല നദികളിലെയും വിവിധ മേഖലകൾ കഴിഞ്ഞ 2025 വർഷമായി 34 മീറ്റർ എങ്കിലും താഴ്ന്നിരിക്കുന്നു. ഇപ്രകാരം മണൽത്തട്ട് ഇല്ലാതായത് വഴി നദിയിൽ ജലം സംഭരിച്ചുവെക്കുന്ന മണൽസ്തരം ഇല്ലാതാവുകയും വർഷാനന്തര കാലത്ത് നീരൊഴുക്ക് ഗണ്യമായി കുറയുന്നതിനും കാരണമായി. ഏതാണ്ട് 3200ലധികം കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ നദീശൃംഖലയിൽനിന്ന് സൂക്ഷ്മസുഷിര സാന്ദ്രതയേറിയ (3040%) മണൽ അനിയന്ത്രിതമായി വാരിയത് നിമിത്തം ഒരു സമയത്ത് ഏതാണ്ട് 500 ദശലക്ഷം ഘനമീറ്റർ ജലം ശേഖരിച്ച് വെക്കാനും സാവധാനം വിട്ടുകൊടുക്കാനും പറ്റുന്ന സംവിധാനമാണ് ഇല്ലാതായത്. സംസ്ഥാനത്തെ 53 പ്രധാന അണക്കെട്ടുകളുടെ ജലാശയങ്ങൾക്ക് ഏതാണ്ട് 5500ദ.ല.ഘ.മീ. ജലസംഭരണ ശേഷിയാണുള്ളത്. ഇവയിൽ 8 ജലാശയങ്ങളിൽ നടത്തിയിട്ടുള്ള പഠനങ്ങൾപ്രകാരം സംഭരണശേഷി പ്രതിവർഷം 0.25% മുതൽ 1.66% വരെ കുറഞ്ഞുവരുന്നു. തിരുവനന്തപുരത്തെ പേപ്പാറ ജലസംഭരണിയുടെ ശേഷി ആദ്യത്തെ 17 വർഷം കൊണ്ടുതന്നെ 22.5% കുറഞ്ഞു. ഇതുപോലെ കുളങ്ങളുടെയും, തടയണ സംഭരണികളുടെയും ശേഷിയും കുറയുന്നുണ്ട്. (ഡോ.ആർ.അജയ്കുമാർ വർമ്മ, 2015)

പ്രധാന ജലസ്രോതസുകളായ നദികളുടെയും കുളങ്ങളുടെയും സംരക്ഷണവും, ഇന്ന് അഴുക്കുചാലുകളും കൊതുകുവളർത്തൽ കേന്ദ്രങ്ങളുമായി മാറിയ നഗരപ്രദേശത്തെ അരുവികളും കുളങ്ങളും വീണ്ടെടുത്ത് പരിപാലിക്കുകയും വഴി മഴക്കാലകെടുതികളുടെ തുടർക്കഥകൾക്ക് പരിഹാരവും സ്വച്ഛമായ ജീവിത പരിസരവുമാണ് ലഭ്യമാക്കാനാവുക. ജലസോതസ് സംരക്ഷണ പ്രവർത്തനങ്ങളിൽ തദേശഭരണസ്ഥാപനങ്ങളുടെ നേതൃതവും തൊഴിലുറപ്പ് പദ്ധതിയുമായുള്ള കൂട്ടിയിണക്കലും ഇതിനാവശ്യമാണ്. (ഡോ.ശ്രീകുമാർ ചതോപാധ്യായ, 2015; ഡോ.എ.എസ്.കെ.നായർ, 2015)

സംസ്ഥാനത്തെ 65% ഗ്രാമീണകുടുംബങ്ങളും 59% നാഗരികകുടുംബങ്ങളും വെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. (സെൻസസ്2011). കൂടാതെ 50% ജലസേചനാവശ്യവും ഭൂഗർഭജലത്തെ ആശ്രയിച്ചാണ് നടക്കുന്നത്. (സംസ്ഥാന സാമ്പത്തിക അവലോകന രേഖ, 2012). 2011ലെ കണക്ക്പ്രകാരം സംസ്ഥാനത്തെ ഭൂഗർഭജല പരിപോഷണം 6700 ദ.ല.ഘ.മീ.ഉം, വിനിയോഗം അതിന്റെ 47% മാത്രവുമാണ്. (പട്ടിക 22.2 കാണുക) കേരളത്തിലെ 25 ബ്ലോക്കുകളിൽ ഒഴികെ ഭൂഗർഭജലലഭ്യത ഭദ്രമാണ് എന്നാണ് ഔദ്യോഗിക കണക്ക് (കേന്ദ്ര ഭൂഗർഭജല ബോർഡ് റിപ്പോർട്ട്, 2009).

എന്നാൽ പഞ്ചായത്ത് വിഭവഭൂപടങ്ങൾ, റവന്യൂ, ജല അതോറിറ്റി എന്നിവയുടെ റിപ്പോർട്ടുകൾ തുടങ്ങിയവ കാണിക്കുന്നത് കേരളത്തിലെ 45 ലക്ഷം കിണറുകളിൽ 48% കിണറുകളും വേനൽകാലത്ത് വറ്റുന്നു

**പട്ടിക 22.2.**
**ഭൂഗർഭ ജല പരിപോഷണവും വിനിയോഗവും കേരളത്തിൽ**

ബില്ല്യൺ ഘനമീറ്ററിൽ

| | | |
|---|---|---|
| ഭൂഗർഭജലത്തിന്റെ വാർഷിക പരിപോഷണം | മൺസൂൺ കാലത്ത് | 3.80 |
| | മൺസൂണിതരകാലത്ത് | 3.04 |
| | ആകെ ശരാശരി വാർഷിക പരിപോഷണം | 6.84 |
| ആകെ വാർഷിക ഭൂജലലഭ്യത (സ്വാഭാവിക നഷ്ടം കിഴിച്ച്) | | 6.23 |
| വാർഷിക ഭൂജലവിനിയോഗം | ജലസേചനം | 1.82 |
| | ഗാർഹിക, വ്യാവസായിക വിനിയോഗം | 1.10 |
| | ആകെ ശരാശരി വാർഷിക വിനിയോഗം | 2.92 |
| ഭൂഗർഭജലവിനിയോഗനിലവാരം (ശതമാനത്തിൽ) | | 47% |

ഉറവിടം: കേന്ദ്ര ഭൂഗർഭജല ബോർഡ് റിപ്പോർട്ട്, 2009

എന്നാണു. തീരദേശഎക്കൽ മേഖല, ചെങ്കൽ മേഖല, കരിങ്കൽ മേഖല എന്നിവിടങ്ങളിലാണ് ഈ ഭവിഷ്യത്ത് കൂടുതലായി കണ്ടു വരുന്നത്.

കാലവർഷം കഴിയുമ്പോൾ ജലം പൂർണമായും നിറയുന്ന തണ്ണീർത്തടങ്ങളും, നദികളും, കുളങ്ങളുമെല്ലാം ഓരോ പ്രദേശത്തെയും ഭൂഗർഭസ്ഥരത്തിനുമേൽ ജലമർദം ഉയർത്തുകയും ജലസ്തരത്തിൽ ലഭ്യമായ എല്ലാ സൂക്ഷ്മസുഷിരങ്ങളിലും വെള്ളംനിറക്കാനുള്ള സമ്മർദം വർധിപ്പിക്കുകയും ചെയ്യും. ആയതിനാൽ ഭൂഗർഭജലമേഖല പൂർണമായും ജലപുഷ്ടമാകുന്നു. അതായത് നദിയിലെ ആഴം വർധിച്ചാലോ, ജലസ്തരങ്ങളിൽ സമ്മർദം നിലനിർത്താനുള്ള ജലശേഖരങ്ങൾ ഇല്ലാതായാലോ ഭൂഗർഭജലനഷ്ടം വർധിക്കും. നദിയിലെ മണൽസ്തരങ്ങൾ ഇല്ലാതായതോടെ ഭൂഗര്ഭാജലനില നിലനിർത്താനാവശ്യമായ സമ്മർദം കുറയുന്നു എന്നതിനുപരി ഭൂഗർഭ ജലനിരപ്പിന്റെ ചരിവ് വർധിക്കുന്നു എന്നതിനാലും ഭൂഗർഭ ജലനഷ്ടം വർധിക്കുന്നു.

കേരളത്തിൽ, പ്രത്യേകിച്ച് ഇടനാടൻ, മലനാടൻ പ്രദേശങ്ങളിൽ, ഭൂഗർഭജലമേഖലകളിലെ ജലസ്തരങ്ങളുടെ ഘനം പൊതുവേ പരിമിതമാണ്. ആയതിനാൽ പമ്പിങ്ങിന്റെ ആഘാതം കിണറിന്റെ പാർശ്വമേഖലകളിലെ ജലസ്തരങ്ങളെ വര്ധിതമായി സ്വാധീനിക്കും. പ്രത്യേകിച്ച് എക്കൽ, ചെങ്കൽ, കരിങ്കൽ മേഖലകളിൽ. ഈ ഭൂഗർഭ ജലമേഖലകളിലെ ജലസ്തരങ്ങൾക്ക് നീർവാർച്ചാശേഷി (Permeabltiy) കുറവാണെന്നതിനാലും (0.12.5 m/d) പമ്പിംഗ് സമയത്ത് സ്ഥരങ്ങളിൽനിന്നുള്ള നീരൊഴുക്ക് സാവധാനമായതിനാലും ജലനിരപ്പ് ഗണ്യമായി കുറയുന്നു. താഴ്ന്ന നിരപ്പിലേക്ക് ഒഴുകി എത്താനുള്ള ജലത്തിന്റെ വ്യഗ്രത ജലസ്തരങ്ങളുടെ മുകൾഭാഗത്ത് സമ്മർദം വര്ധിപ്പിക്കുകയും ആ മേഖലകളിലെ ജലം പൂർണമായും കിണറിലേക്ക് ഒലിച്ചിറങ്ങുന്നതിനും കാരണമാക്കും. കിണറിലെ ജലനില പൂർവസ്ഥിതിയിലെത്തുന്നതിനു മുൻപുള്ള അടുത്ത പമ്പിംഗ്, ജലസ്തരത്തിന്റെ മുകൾഭാഗം പൂർണമായും വറ്റി വരളുന്നതിനും ആ മേഖലയിലെ സൂക്ഷ്മസുഷിരങ്ങൾ അടഞ്ഞുപോകുന്നതിനും കാരണമായേക്കാം. ഈ സ്ഥിതി ജലസ്തരത്തിന്റെ സ്വാഭാവിക ശേഷി ഗണ്യമായി കുറക്കുകയും കാലക്രമത്തിൽ കിണർ വറ്റുന്നതിലെക്കോ ജലനില കുറയുന്നതിലെക്കോ എത്തിപ്പെടുകയും ചെയ്യുന്നു. (ഡോ.ആർ.അജയ്കുമാർ വർമ്മ, 2015)

### ജലഗുണനിലവാരം

കേരളത്തിൽ ഉപരിതലജലമായാലും ഭൂഗര്ഭജലമായാലും വൻതോതിൽ മലിനീകരണത്തിനു വിധേയമാകുന്നുണ്ട്. ഉയര്ന്ന തോതിലുള്ള നഗരവൽക്കരണം, വ്യവസായമാലിന്യങ്ങളുടെ പ്രവാഹം, വിനോദസഞ്ചാരമേഖലയിലെ പ്രവർത്തനങ്ങൾ, തീർഥാടനമേഖലകളുടെ ബാഹുല്യം തുടങ്ങിയവ പലസ്ഥലങ്ങളിലും ജലമേഖലയുടെ സ്വാംശീകരണ ശേഷിയെക്കാൾ (assimilative capactiy) വളരെ കൂടുതലാണ്. അതുകൊണ്ടു തന്നെ ഭൂഗർഭജല പരിപോഷണം പോലെ ഭൂജലഗുണതാ സംരക്ഷണവും കേരളത്തിൽ പ്രാധാന്യമർഹിക്കുന്നു. മഴവെള്ളം വേഗം ഒഴുകി ഒഴിഞ്ഞു പോകുന്നതുമൂലം മണ്ണിലേക്കുള്ള ജലത്തിന്റെ കിനിഞ്ഞിറങ്ങൽ കുറയുന്നതും കക്കൂസ് മാലിന്യങ്ങളും രാസമാലിന്യങ്ങളും കലർന്ന് ഉപയോഗയോഗ്യമല്ലാതാവുന്നതും ലവണാംശത്തിന്റെ കടന്നു കയറ്റവും തന്നെയാണ് കേരളത്തിലെ ഭൂഗർഭജല സ്രോതസുകളുടെ മുഖ്യ പ്രതിസന്ധികൾ എന്നു വിവിധ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. കുളങ്ങളുടെയും മറ്റു തണ്ണീർത്തടങ്ങളുടെയും നദികളുടെയും സംരക്ഷണം ഈ പ്രശ്ന പരിഹാരത്തിന് ആവശ്യമാണ്. (Shaji E, 2015; M.R.Ramesh, 2015; Dr.Sindhu G, 2015)

കേരളത്തിലെ 25 ലക്ഷത്തോളം സെപ്റ്റിക് ടാങ്ക് കക്കൂസുകളും 43 ലക്ഷത്തോളം കുഴികക്കൂസുകളുമുള്ളതിൽ നിന്നു ദിനംപ്രതിയെന്നോണം നീക്കപ്പെടുന്ന മനുഷ്യമലം (Fecal sludge/ Septage) ശുദ്ധീകരണ സംവിധാനങ്ങളുടെ അഭാവത്തിൽ നേരിട്ടോ അല്ലാതെയോ ജലസ്രോതസ്സുകളിൽ എത്തുന്നു. (പട്ടിക 22.3) സംസ്ഥാനത്ത് പ്രതിദിനമുണ്ടാകുന്ന വിസർജ്ജ്യ മാലിന്യത്തിന്റെ അളവ് 8000 ഘനമീറ്ററിന് മേലെയാണ്. ഇതിൽ നല്ലൊരു പങ്കും ഇന്ന് ജല സ്രോതസുകളിൽ കലരുകയാണ്. നമ്മുടെ ജലസ്രോതസുകളുടെ സ്വാംശീകരണ ശേഷിക്കും അപ്പുറമാണിത്. വിസർജ്ജ്യ മാലിന്യമുണ്ടാക്കുന്ന പ്രശ്നങ്ങൾ അടുത്ത അദ്ധ്യായത്തിൽ കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട് എന്നതിനാൽ ഇവിടെ അതേക്കുറിച്ച് ഏറെ വിശകലനങ്ങളിലേക്ക് കടക്കുന്നില്ല.

ഇതോടൊപ്പം ഖരജല മാലിന്യങ്ങൾ കുളങ്ങളിലെക്കും, തോടുകളിലെക്കും, നദികളിലേക്കും വലിച്ചെറിയുന്ന പ്രവണത അനിയന്ത്രിതമായി തുടരുന്നു. മൺസൂണിനുശേഷം നീരൊഴുക്ക് ഗണ്യമായി കുറയുന്നതിനാൽ ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റവും ക്രമാതീതമായി വർധിച്ചിട്ടുണ്ട്. കേരളത്തിലെ കിണറുകളുടെ സാന്ദ്രതയും വര്ധിതമാണ്. കിണറുകളും കക്കൂസ്കുഴികളുമായുള്ള പരസ്പരസാമീപ്യവും ജലമലിനീകരണത്തിന് കാരണമാകുന്നു എന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ ജലമലിനീകരണം മൂലവും ശുദ്ധജലമില്ലാതാകുന്ന അവസ്ഥ ഏറിവരുന്നു. (ഡോ.ആർ.അജയ്കുമാർ വർമ്മ, 2015).

കക്കൂസുകൾ മാത്രമല്ല ശവപ്പറമ്പുകളിൽ അനുവർത്തിക്കുന്ന സംസ്കരണരീതികളും, കിണറുകളും കുളങ്ങളും കൃഷിയിടങ്ങളും മാലിന്യമിട്ട് നികത്തുന്നതും തുടങ്ങി പ്രത്യാഘാതങ്ങളെ കുറിച്ച് ആലോചിക്കാതെ നാം അനുവർത്തിക്കുന്ന പല പ്രവർത്തികളും ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട്. അതിനും പുറമേയാണ് അറിഞ്ഞുകൊണ്ടുതന്നെ ലാഭേച്ഛ മൂലം ഘന ലോഹങ്ങളും രോഗകാരികളായ രാസമാലിന്യങ്ങളും അടക്കമുള്ള ഖര ദ്രവ മാലിന്യങ്ങൾ സംസ്കരിക്കാതെ പുറംതള്ളുന്ന കോർപ്പറേറ്റുകളു ണ്ടാക്കുന്ന മലിനീകരണം.

**പട്ടിക 22.3.**
**കേരളത്തിലെ പ്രതിദിന വിസർജ്ജ്യ മാലിന്യോത്പാദനം ജില്ലതിരിച്ച്**

| ജില്ല | കുടുംബങ്ങളുടെ എണ്ണം | | ഉപയോഗിക്കപ്പെടുന്ന കക്കൂസുകളുടെ എണ്ണം | | | | പ്രതിദിന വിസർജ്ജ്യ മാലിന്യോത്പാദനം (ഘനമീറ്ററിൽ) | |
|---|---|---|---|---|---|---|---|---|
| | നഗരം | ഗ്രാമം | നഗരം സെപ്റ്റിക് ടാങ്കുള്ളവ | ഗ്രാമം കുഴി കക്കൂസ് | നഗരം സെപ്റ്റിക് ടാങ്കുള്ളവ | ഗ്രാമം കുഴി കക്കൂസ് | | |
| തിരുവനന്തപുരം | 378565 | 325113 | 194582 | 179440 | 73150 | 241884 | 326 | 359 |
| കൊല്ലം | 252413 | 307099 | 129740 | 119644 | 69097 | 228481 | 308 | 339 |
| പത്തനംതിട്ട | 27970 | 226399 | 14377 | 13258 | 50940 | 168441 | 34 | 250 |
| ആലപ്പുഴ | 244048 | 207429 | 125441 | 115679 | 46672 | 154327 | 298 | 229 |
| കോട്ടയം | 120343 | 300803 | 61856 | 57042 | 67681 | 223797 | 147 | 332 |
| ഇടുക്കി | 11069 | 224559 | 5690 | 5247 | 50526 | 167072 | 14 | 248 |
| എറണാകുളം | 475014 | 222829 | 244157 | 225156 | 50136 | 165785 | 580 | 246 |
| തൃശ്ശൂർ | 444636 | 217136 | 228543 | 210758 | 48855 | 161549 | 544 | 239 |
| പാലക്കാട് | 144084 | 453979 | 74059 | 68296 | 102145 | 337760 | 176 | 501 |
| മലപ്പുറം | 386486 | 488186 | 198654 | 183194 | 109842 | 363210 | 472 | 539 |
| കോഴിക്കോട് | 441442 | 215907 | 226901 | 209244 | 48579 | 160635 | 539 | 238 |
| വയനാട് | 6719 | 167017 | 3453 | 3185 | 37579 | 124261 | 8 | 185 |
| കണ്ണൂർ | 349551 | 187818 | 179669 | 165687 | 42259 | 139737 | 427 | 207 |
| കാസറഗോഡ് | 107484 | 169665 | 55247 | 50947 | 38175 | 126231 | 131 | 187 |
| ആകെ | 3389824 | 3713939 | 1742369 | 1606777 | 835636 | 2763170 | 4004 | 4099 |
| **സംസ്ഥാനത്ത് ആകെ** | **7103763** | | **6947952** | | | | **8103** | |

ഉറവിടം: സെൻസസ് 2011

കൂടാതെ ആലപ്പുഴ, പാലക്കാട് ജില്ലകളിലെ ഭൂഗർഭ ജലത്തിൽ ഫ്ലൂറൈഡിന്റെ അംശം സ്വാഭാവികമായി തന്നെ ഉയർന്നതോതിൽ കാണുന്നുണ്ട്. ഉയർന്ന അളവിൽ നൈട്രേറ്റും ഇരുമ്പിന്റെ അംശവും കാണുന്ന ചില പ്രദേശങ്ങളുമുണ്ട്. കാലഹരണപ്പെട്ട പൈപ്പുകൾ ഉപയോഗിക്കുന്നതുവഴി പുറംമാലിന്യം കുടിവെള്ളത്തിൽ കലരുന്നതും പതിവാണ്. ഗ്രാമീണ കുടിവെള്ള പദ്ധതികളാകട്ടെ, ക്ലോറിനേഷനപ്പുറം ഒരു ജലശുദ്ധീകരണ നടപടിയും സ്വീകരിക്കുന്നില്ല. ഇവയെല്ലാം കുടിവെള്ളത്തിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഇവയൊക്കെ തടയാൻ ബോധവത്കരണവും ശാസ്ത്രീയമായ പഠനങ്ങളും നിയമനിർമ്മാണവും കർശനമായ നിയമനിർവഹണവും വേണം. സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ജലവിതരണ ഏജൻസികളും റെഗുലേറ്ററി അതോറിറ്റിയും ഗുണഭോക്താക്കളായ ജനങ്ങളും ഒന്നിച്ചും പരസ്പരപൂരകമായും പ്രവർത്തിക്കേണ്ടത് ഇക്കാര്യത്തിൽ അനിവാര്യമാണ്. പ്രാദേശികമായി ജനങ്ങൾ കുടിക്കാനും കുളിക്കാനും ജലസേചനത്തിനും ഉപയോഗിയ്ക്കുന്ന ജലസ്രോതസുകളിലെ മാലിന്യങ്ങളുടെ പരിശോധന ശാസ്ത്രീയമായി കണ്ടെത്തുന്നതിനും അവ നീക്കം ചെയ്തു ശുദ്ധീകരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനുമൊക്കെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർഥികളുടെയും അദ്ധ്യാപകരുടെയും സയൻസ് ലാബുകളുടെയും സഹായം ഉപയോഗിക്കാനാവുമെന്നും ജനപങ്കാളിത്തത്തോടെ ഇവ പ്രായോഗികമാക്കാമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. (ഡോ.പി.എസ്.ഹരികുമാർ, 2015; ഡോ. പി,എൻ. അജിത്കുമാർ, 2015; പ്രൊഫ. പി.കെ. രവീന്ദ്രൻ, 2015)

## II. ജല വിനിയോഗം

കേരളത്തിലെ പ്രധാന ജലആവശ്യകതാ മേഖലകൾ ഗാർഹികമേഖല, ജലസേചനം, വ്യാവസായികം, പാരിസ്ഥിതിക സന്തുലനം എന്നിവ അടങ്ങുന്നതാണ്. ആകെ ജലാവശ്യകതയിൽ ഈ നാള് മേഖലകളുടെയും

പങ്ക് ദേശീയ സാമ്പത്തിക ഗവേഷണ കൌൺസിൽ (NCAER) കണക്കാക്കിയിട്ടുള്ളത് പട്ടിക 22.4ൽ കൊടുക്കുന്നു. നേരത്തെ സൂചിപ്പിച്ചത് പോലെ, ഗാർഹിക ആവശ്യവും ജലസേചനാവശ്യവും ക്രമാനുഗതമായി വർദ്ധിക്കുന്ന പ്രവണതയും വ്യാവസായിക ജലാവശ്യം കുറയുന്ന പ്രവണതയുമാണ് കാണിക്കുന്നത്. എന്നാൽ ഓരു വെള്ളത്തിന്റെ തള്ളിക്കയറ്റം തടഞ്ഞ് പാരിസ്ഥിതിക ജലസന്തുലനം നിലനിർത്താനുള്ള ശുദ്ധജലാവശ്യം വളരെ വേഗത്തിൽ വർദ്ധിക്കുന്നു എന്നു കാണാം. മഴക്കാലത്ത് മണ്ണിലേക്ക് കിനിഞ്ഞിറങ്ങി ഭൂഗർഭത്തിൽ ശേഖരിക്കപ്പെട്ടിരുന്ന ജലത്തിന്റെയും നദികളിലെ മണൽ സ്തരങ്ങൾ സംഭരിച്ചിരുന്ന ജലത്തിന്റെയും കുറവാണ് ഇതിന് കാരണം.

**പട്ടിക 22.4.**
**കേരളത്തിലെ ജലാവശ്യകതയുടെ പ്രവണത (NCAER കണക്കാക്കിയിട്ടുള്ളത്)**

| ജലവിനിയോഗ മേഖല | 2001 (പങ്ക് ശതമാനത്തിൽ) | 2021 (പങ്ക് ശതമാനത്തിൽ) |
|---|---|---|
| ഗാർഹിക ആവശ്യങ്ങൾ | 6.3 | 5.4 |
| ജലസേചനം | 51.1 | 52.2 |
| വ്യാവസായികം | 23.9 | 11.1 |
| ഓരുവെള്ളത്തിന്റെ തള്ളിക്കയറ്റം നിയന്ത്രിക്കൽ | 18.7 | 31.4 |

ഉറവിടം: ഡോ.ഹസീന വി.എ, ഡോ അജിംസ് പി മുഹമ്മദ് (2014), ഏഷ്യ പസഫിക് ജേണൽ ഓഫ് റിസർച്ച്

## ഗാർഹിക ജലലഭ്യത

2011ലെ സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ ആകെയുള്ള 77.16 ലക്ഷം കുടുംബങ്ങളിൽ 29.33% കുടുംബങ്ങൾക്ക് മാത്രമാണു പൈപ്പുവഴിയുള്ള ജലവിതരണ സൌകര്യം ലഭ്യമായുള്ളത്. 62% കുടുംബങ്ങൾ കിണറു വെള്ളത്തെയും ബാക്കിയുള്ളവർ കുഴൽക്കിണറുകൾ, ഹാൻഡ് പമ്പുകൾ, ഉറവകൾ, നദികൾ, കുളങ്ങൾ തുടങ്ങി പലവിധ പ്രാദേശിക ജലസ്രോതസുകളെയും ആശ്രയിക്കുന്നു. ഗ്രാമ-നഗര പ്രദേശങ്ങളെ വേർതിരിച്ചു നോക്കിയാലും കിണറുകൾ തന്നെയാണ് കേരളത്തിലെ മുഖ്യ ഗാർഹിക ജലസ്രോതസ്. ഗ്രാമീണമേഖലയിൽ 64.8% കുടുംബങ്ങൾ കിണറുകളെയും, 24.5% കുടുംബങ്ങൾ പൈപ്പ് വഴിയുള്ള ജലവിതരണത്തെയും കുടിവെള്ളത്തിനായി ആശ്രയിക്കുന്നു. നഗരമേഖലയിലാകട്ടെ ഇത് യഥാക്രമം 58.9% വും 34.9% വുമാണ്. (ജില്ല തിരിച്ചുള്ള കണക്കുകൾ പട്ടിക 22.5-ൽ കൊടുക്കുന്നു)

പൈപ്പുവഴി കുടിവെള്ളം ലഭിക്കുന്നവരിൽ തന്നെ 5.98%പേർക്ക് ശുദ്ധീകരിക്കാത്ത ജലമാണ് ലഭിച്ചു വരുന്നത് എന്നും, കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നവരിൽ 14.64% പേർക്ക് മാത്രമാണ് സംരക്ഷിത കിണറുകളിൽ നിന്നും ജലം ലഭിക്കുന്നത് എന്നും കൂടി 2011 സെൻസസ് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

എന്നാൽ ഇതിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു കണക്കാണ് സംസ്ഥാനത്തെ പ്രധാന ജലവിതരണ സ്ഥാപനമായ കെഡബ്ല്യുഎ (KWA Kerala Water Authortiy) നൽകുന്നത്. അതനുസരിച്ച് കെഡബ്ല്യുഎയുടെ നിയന്ത്രണത്തിലുള്ള 2214 ജലവിതരണ പദ്ധതികളും (ഇതിൽ 72 എണ്ണം നഗരജലവിതരണ പദ്ധതികളും 2142 എണ്ണം ഗ്രാമീണജലവിതരണ പദ്ധതികളുമാണ്) കെആർഡബ്ല്യുഎസ്എ (KRWSA Kerala Rural Water Supply & Sanitation Agency)യുടെ കീഴിലുള്ള 3710 ജലനിധി ജലവിതരണ പദ്ധതികളും ചേർന്ന് കേരളത്തിലെ 79.4% ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുന്നു. (എക്കണോമിക് റിവ്യു 2013) ഈ കണക്ക് ജില്ലതിരിച്ചു നോക്കുമ്പോൾ ഏറ്റവും കുറവ് കവറേജ് കോഴിക്കോട് ജില്ലയിലും (55.25%), കൂടുതൽ കവറേജ് എറണാകുളം ജില്ലയിലും (97.41%) ആണ്. കേരളത്തിലെ മുക്കാൽപങ്ക് ജനങ്ങൾക്കും ശുദ്ധജലലഭ്യത ഉറപ്പാക്കിയെന്ന് അവകാശപ്പെടുന്ന ഈ കണക്കുകൾ ചൂണ്ടിക്കാട്ടുന്നത് ജലവിതരണ മേഖലയിലെ എല്ലാ പദ്ധതികളുടെയും സത്യസന്ധമായ സാമൂഹ്യ ഓഡിറ്റിങിന്റെ ആവശ്യകതയാണ്.

കെഡബ്ല്യുഎയുടെ ജലവിതരണ പദ്ധതികളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ശുദ്ധീകരിച്ച ജലത്തിന്റെ 25% ജലവിതരണ ശൃംഖലയിൽ നഷ്ടപ്പെടുന്നു എന്നും കണക്കുകൾ കാണിക്കുന്നു. (എക്കണോമിക് റിവ്യു 2013) 200910 വർഷത്തിൽ കെഡബ്ല്യുഎ യുടെ പ്രതിദിന ജലഉത്പാദനം 1890.64 ദശലക്ഷം ലിറ്ററും പ്രതിദിന ജലനഷ്ടം 472.74 ദശലക്ഷം ലിറ്ററും ആയിരുന്നു എന്ന കണക്കാണു എക്കണോമിക് റിവ്യു നൽകുന്നത്. എന്നാൽ ഏറ്റവും പുതിയ കണക്കുകളനുസരിച്ച് പ്രതിദിന ജല ഉത്പാദനം 2257 ദശലക്ഷം ലിറ്ററും ബില്ലുചെയ്യപ്പെടുന്ന ജലവിതരണം 1651 ദശലക്ഷം ലിറ്ററും ആയതിനാൽ നിലവിലുള്ള പ്രതിദിന ജലനഷ്ടം (ചോർച്ചയും, മോഷണവും, അനധികൃത കണക്ഷ്നുകളും) 606 ദശലക്ഷം ലിറ്ററാണെന്ന് കണക്കാക്കണമെന്ന് കേരളപഠനകോൺഗ്രസിന്റെ അനുബന്ധസെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ ചൂണ്ടിക്കാട്ടുന്നു. അതായത് 26.85% വരും പ്രതിദിന ജലനഷ്ടം. കിലോലിറ്ററിന് 12രൂപ ചെലവിലുത്പാദിപ്പിക്കുന്ന ശുദ്ധജലമാണു വിതരണ ശൃംഖലയിൽ ഇങ്ങനെ നഷ്ടപ്പെടുന്നത്. ഇതിന് പുറമേയാണ് ജലം, കിലോലിറ്ററിന് 5രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനായി സബ്സിഡി ഇനത്തിലുള്ള ചെലവ്. ഇതെല്ലാം കൂടി ചേർത്ത് കെഡബ്ല്യുഎ പ്രതിവർഷം നേരിടുന്ന അധികച്ചെലവ് 300 കോടി രൂപയാണത്രെ. (വി. ബൈജു, 2015)

വേനൽക്കാലത്ത് നദികളിലെ നീരൊഴുക്ക് കുറയുന്നതും ഈ വിതരണനഷ്ടവും ചേർന്ന് കെഡബ്ല്യുഎ പദ്ധതികളുടെ പ്രവർത്തനക്ഷമതക്കു കടുത്ത ആഘാതം ഏൽപ്പിക്കുന്നുണ്ട്. പരിപാലനക്ഷമത വർധിപ്പിക്കുന്നതിനായി ഒരു പഞ്ചായത്തിൽ മാത്രം

**പട്ടിക 22.5.**
**കേരളത്തിലെ മുഖ്യ ഗാർഹിക ജലസ്രോതസുകൾ**

| ജില്ല | ഗ്രാമീണ മേഖല (കുടുംബങ്ങൾ %) | | | നഗര മേഖല (കുടുംബങ്ങൾ %) | | |
|---|---|---|---|---|---|---|
| | കിണറുകൾ | പൈപ്പ് വെള്ളം | മറ്റുള്ളവ | കിണറുകൾ | പൈപ്പ് വെള്ളം | മറ്റുള്ളവ |
| തിരുവനന്തപുരം | 70.5 | 23.0 | 6.5 | 44.7 | 51.7 | 3.6 |
| കൊല്ലം | 72.6 | 22.4 | 5.1 | 64.2 | 33.2 | 2.6 |
| പത്തനംതിട്ട | 75.7 | 17.3 | 6.9 | 63.2 | 33.8 | 2.9 |
| ആലപ്പുഴ | 46.6 | 35.3 | 18.1 | 45.1 | 34.7 | 20.2 |
| കോട്ടയം | 71.0 | 20.2 | 8.9 | 67.3 | 29.7 | 3.0 |
| ഇടുക്കി | 40.0 | 29.3 | 30.7 | 48.0 | 49.4 | 2.5 |
| എറണാകുളം | 58.2 | 38.4 | 3.4 | 32.0 | 66.3 | 1.8 |
| തൃശ്ശൂർ | 62.0 | 29.1 | 8.9 | 63.8 | 26.7 | 9.6 |
| പാലക്കാട് | 51.1 | 39.2 | 9.7 | 39.8 | 54.5 | 5.7 |
| മലപ്പുറം | 76.7 | 15.2 | 8.1 | 80.6 | 14.4 | 5.0 |
| കോഴിക്കോട് | 73.2 | 17.8 | 9.1 | 72.6 | 22.7 | 4.7 |
| വയനാട് | 66.0 | 22.3 | 11.8 | 63.1 | 30.2 | 6.7 |
| കണ്ണൂർ | 75.7 | 11.5 | 12.7 | 84.5 | 11.9 | 3.7 |
| കാസറഗോഡ് | 65.4 | 10.7 | 23.9 | 58.0 | 18.6 | 23.4 |
| കേരളം ആകെ | 64.8 | 24.5 | 10.8 | 58.9 | 34.9 | 6.3 |

ഉറവിടം: സെൻസസ് 2011

ഒതുങ്ങിനിൽക്കുന്ന ഏതാണ്ട് 1265 സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറുന്നതിനു തീരുമാനിച്ചുവെങ്കിലും ഇത് വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാനായിട്ടില്ല. കേന്ദ്ര ആസൂത്രണ കമ്മീഷൻ 2008ൽ പുറത്തിറക്കിയ കേരളവികസനരേഖ പ്രകാരം 144 സ്കീമുകൾ മാത്രമാണു പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളത്. കറണ്ട് ചാർജിനത്തിൽ കൊടുത്തുതീർക്കാനുള്ള വലിയ തുക, സ്രോതസ്സുകളുടെ ശേഷിക്കുറവ്, ഉയർന്ന വിതരണ നഷ്ടം, സ്കീമുകൾ പുനരുദ്ധരിക്കുന്നതിനു ആവശ്യമായ ഭാരിച്ച ചെലവ് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാനാവാത്തതാണ് ഈ സ്കീമുകൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും കാര്യക്ഷമമായി നടത്തുന്നതിനും വിഘാതം സൃഷ്ടിക്കുന്നത്. പ്രാദേശിക സർക്കാരുകൾ സ്വന്തമായി തുടങ്ങിയ കുടിവെള്ള സ്കീമുകളിലും പ്രവർത്തനവൈകല്യം കുറവല്ല. സാങ്കേതിക മേന്മക്കുറവും, അസൂത്രണത്തിലെ പിഴവും പ്രവർത്തിപരിപാലനത്തിന് വേണ്ടിവരുന്ന ഭാരിച്ച ചെലവും ഈ സ്കീമുകൾക്കും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

സർക്കാർ ഉടമസ്ഥതയിലുള്ള ജലവിതരണ പദ്ധതികളിൽ നിന്നു വ്യത്യസ്തമായി ജലവിതരണപദ്ധതികളുടെ ആസൂത്രണവും നിർവഹണവും നടത്തിപ്പും ഗുണഭോക്താക്കളുടെ ഉത്തരവാദിതത്തിലും നേതൃത്തത്തിലും നടത്തുന്നതിന് നിർദേശിക്കുന്ന ആവശ്യാധിഷ്ഠിത പദ്ധതി നടത്തിപ്പ് എന്ന സങ്കൽപ്പനമായിരുന്നു ലോകബാങ്ക് ധനസഹായത്തോടെ രൂപീകരിച്ച ജലനിധിസ്കീം മുന്നോട്ടുവച്ചത്. എല്ലാവർക്കും ആവശ്യമായ തോതിൽ ശുദ്ധജലം ലഭ്യമാക്കുക എന്ന സാമൂഹിക ഉത്തരവാദിതത്തിൽ നിന്നുള്ള ഭരണകൂടത്തിന്റെ പിന്മാറ്റം എന്ന നിലക്ക് തുടക്കം മുതൽക്ക് തന്നെ ജലനിധി സ്കീം വിമർശന വിധേയമായിട്ടുണ്ട്. അതേസമയം ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഒളവണ്ണപോലുള്ള പഞ്ചായത്തുകൾ മുൻകൈയെടുത്തു നടപ്പാക്കിയ കുടിവെള്ള പദ്ധതിയുടെ മാതൃകയിലാണ് ജലനിധി രൂപം കൊണ്ടിട്ടുള്ളത്. പക്ഷേ, ലോകബാങ്ക് ഒരു സുപ്രധാന ഭേദഗതി വരുത്തി. ഒളവണ്ണയിലും മറ്റും ആവർത്തനച്ചെലവുകൾക്ക് ഒരു ഭാഗം പഞ്ചായത്തിന്റെ ചുമതലയായിരുന്നെങ്കിൽ ലോകബാങ്ക് ഇതു പൂർണമായും ഉപഭോക്താവിന്റെ തലയിൽ കെട്ടിവെച്ചു. വിമർശനങ്ങൾ ശരിവയ്ക്കുന്ന ഉദാഹരണങ്ങൾ തുറന്നുകാട്ടിക്കൊണ്ട് ജലനിധി പദ്ധതികളുടെ നടത്തിപ്പിൽ പുനർ വിചിന്തനം വിവിധ ജനകീയ സംഘടനകൾ ആവശ്യപ്പെടുന്നുണ്ട്. (കെ.ജി.എം.ലിയോനാർഡ്, 2015; ജെ. ശശാങ്കൻ, 2015)

വളരെ ചിട്ടയോടെ നടപ്പിലാക്കിയ KRWSAജലനിധി സ്കീമുകളുടെ കാര്യത്തിൽ പോലും പ്രശ്നങ്ങളുണ്ട്. സ്രോതസ്സുകളിലെ ജലഗുണത ഉറപ്പാക്കാനാകുന്നില്ല എന്നതും, പല പദ്ധതിപ്രദേശങ്ങളിലെയും ജലസ്രോ

**പട്ടിക 22.6**
**ആകെ ജലസേചിത വിള വിസ്തൃതി വ്യതിയാനം (ഹെക്ടറിൽ)**

| വിള | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
|---|---|---|---|---|---|---|
| നെല്ല് | 154400 | 169024 | 168587 | 150491 | 153236 | 146938 |
| കിഴങ്ങുകൾ | 7281 | 10293 | 13065 | 21328 | 15162 | 619 |
| പച്ചക്കറി | 16924 | 19238 | 17044 | 15581 | 17481 | 21019 |
| തെങ്ങ് | 171336 | 157199 | 151913 | 161503 | 181774 | 164491 |
| കവുങ്ങ് | 34090 | 33626 | 34240 | 36434 | 39094 | 36040 |
| ജാതി/ഗ്രാമ്പൂ | 10155 | 7956 | 13063 | 14049 | 15249 | 15733 |
| മറ്റ് സുഗന്ധ വിളകൾ | 6431 | 7369 | 5976 | 8813 | 5234 | 496 |
| വാഴ | 42116 | 34888 | 35532 | 41796 | 44190 | 44336 |
| വെറ്റില | 435 | 399 | 286 | 450 | 330 | 325 |
| കരിമ്പ് | 2361 | 2976 | 2899 | 571 | 418 | 1697 |
| മറ്റുള്ളവ | 9781 | 15270 | 12178 | 15022 | 18417 | 26202 |
| ആകെ | 455310 | 458238 | 454783 | 466038 | 490585 | 457896 |

ഉറവിടം: എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ, എക്കണോമിക് റിവ്യൂ, 2013

തസ്സ് വേനലിൽ വറ്റുന്നതും, ഭാരിച്ച പ്രവർത്തിപരിപാലനചെലവ് ഗുണഭോക്താക്കൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും താങ്ങാനാവാതെ വരുന്നതുമാണ് ഇവയുടെ പ്രധാന പോരായ്മകളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. സബ്സിഡിയുടെ കൈതാങ്ങില്ലാത്ത ജലനിധി ജലവിതരണത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ തഴയപ്പെടുന്നതും സ്കീമുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. എന്നാൽ അതേസമയം ചിട്ടയായ പ്രവർത്തനവും ക്രിയാത്മകമായ ജനപങ്കാളിത്തവും കൊണ്ട് പഞ്ചായത്തുകൾ ഏറ്റെടുത്ത KWA പദ്ധതികളും, KRWSAജലനിധി പദ്ധതികളും നീർത്തട സംരക്ഷണ പദ്ധതികളും വിജയകരമായി നടത്തപ്പെടുന്നുവെന്നതും കാണേണ്ടതുണ്ട് (വിനോദ്കുമാർ പി, 2015; എൻ. ജഗജീവൻ, വിപിൻ വി.ജി, 2015; ആർ സതീഷ്, 2015)

നിലവിലുള്ള പദ്ധതികളുടെ ജനപക്ഷത്ത് നിന്നുള്ള സോഷ്യൽ ഓഡിറ്റിങ്ങും അതിനെ അടിസ്ഥാനമാക്കിയുള്ള നടത്തിപ്പ് പുനരവലോകനങ്ങളും ആവശ്യമായ സമീപന മാറ്റങ്ങളും ജലവിതരണ രംഗത്ത് അത്യാവശ്യമാണെന്ന് ഇവയൊക്കെ വ്യക്തമാക്കുന്നു. കേന്ദ്രീകൃത ജലവിതരണ പദ്ധതികൾ മെച്ചപ്പെടുത്തുന്നത്തിന് പുറമെ പ്രാദേശികമായ എല്ലാ ജലസ്രോതസുകളെയും സംരക്ഷിക്കുന്നതിനും മഴവെള്ളകൊയ്ത്ത് പോലുള്ള പദ്ധതികളിലൂടെ ജലലഭ്യത ഉയർത്തുന്നതിനും തുല്യപ്രാധാന്യം നൽകുന്ന സമീപനമാണ് കേരളത്തിലെ കുടിവെള്ള മേഖലയുടെ സുസ്ഥിരതയ്ക്ക് ആവശ്യം.

### ജലസേചന മേഖല

സംസ്ഥാനത്ത് ഇരുപത്തിലേറെ മേജർ/ മീഡിയം ജലസേചനപദ്ധതികളും ഇരുപതിനായിരത്തോളം മൈനർ/ ലിഫ്റ്റ് ജലസേചനപദ്ധതികളും സ്ഥാപിതമായിട്ടുണ്ട്. ഇവയിലൂടെ 201213ലെ കണക്കനുസരിച്ച് കേരളത്തിൽ 4.58 ലക്ഷം ഹെക്ടർ കൃഷിഭൂമിയിൽ ജലസേചന സൌകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 36%തെങ്ങുകൃഷിയും 32% നെൽകൃഷിയും 9.7% വാഴകൃഷിയും 7.9% കവുങ്ങും 4.6% പച്ചക്കറി കൃഷിയുമാണ്. (പട്ടിക 22.6) എന്നാൽ 200708 മുതൽ 201213 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ജലസേചന ആശ്രിതത്വം കൂടുതലുള്ള നെല്ല്, കരിമ്പ് തെങ്ങ് തുടങ്ങിയവയുടെ വിളവിസ്തൃതി കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നത്.

ജലസേചന വകുപ്പിന് കീഴിലുള്ള കനാൽ വഴിയുള്ള ജലവിതരണ പദ്ധതികൾക്ക് പുറമെ സ്വകാര്യ കനാലുകളും, കുളങ്ങളും, കിണറുകളും ജലസേചന സ്രോതസുകളായി വർത്തിക്കുന്നു. വിവിധ സ്രോതസുകളിൽ നിന്നുള്ള ജലവിതരണത്തിന്റെ താരതമ്യം പട്ടിക22.7ൽ കൊടുക്കുന്നു.

കേരളത്തിലെ ജലസേചന മേഖലയുടെ ഊന്നൽ പൊതുവേ നെൽകൃഷിയെ ലക്ഷ്യം വച്ചും ഉപരിതല ജലസ്രോതസുകളെ അടിസ്ഥാനമാക്കിയുമുള്ള വലിയ ജലസേചന പദ്ധതികളിലായിരുന്നു. എന്നാൽ ആകെ ജലസേചിത ഭൂവിസ്തൃതിയുടെ അഞ്ചിലൊരുഭാഗം (20%) ഭൂമിയിൽ മാത്രമാണു ജലസേചന വകുപ്പിന്റെ കനാലുകളിൽ നിന്നു വെള്ളം എത്തിക്കപ്പെടുന്നതെന്ന് കണക്കുകളിൽ നിന്നും വ്യക്തമാണ്. വലിയ പദ്ധതികളെ അപേക്ഷിച്ച് വികേന്ദ്രീകൃതമായി നടപ്പാക്കാവുന്ന ചെറുകിടലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് പ്രാമുഖ്യം ഏറിവരുന്നു എന്നും കാണാം.

കനാൽ ജലസേചനം ഉപയോഗപ്പെടുത്തുന്ന ഭക്ഷ്യവിളകൃഷികളിൽ നിന്നും നാണ്യവിളകളിലേക്കുള്ള

**പട്ടിക 22.7**
**നെറ്റ് ജലസേചിത ഭൂവിസ്തൃതി ജലസ്രോതസ് തിരിച്ച് (ഹെക്ടറിൽ)**

| ജലസ്രോതസ് | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
|---|---|---|---|---|---|---|
| സർക്കാർവക കനാലുകൾ | 88318 | 95956 | 94813 | 85825 | 81737 | 80718 |
| സ്വകാര്യ കനാലുകൾ | 4324 | 6318 | 2656 | 5584 | 1971 | 2457 |
| കുളങ്ങൾ | 41580 | 39752 | 40851 | 51064 | 47112 | 43558 |
| കിണറുകൾ | 131002 | 133312 | 125892 | 137716 | 137193 | 122338 |
| മറ്റുള്ളവ | 122321 | 123915 | 122050 | 134824 | 140901 | 146797 |
| ആകെ ജലസേചിത ഭൂവിസ്തൃതി | 387545 | 399253 | 386262 | 415013 | 408914 | 395868 |
| ഗ്രോസ് ജലസേചിത ഭൂവിസ്തൃതി | 455310 | 458238 | 454783 | 466038 | 490585 | 457896 |

ഉറവിടം: എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ, എക്കണോമിക് റിവ്യൂ, 2013

കാർഷികമേഖലയുടെ നീക്കം പതിറ്റാണ്ടുകളായി കേരളത്തിൽ കാണുന്ന പ്രവണതയാണ്. വിള വിലനില വാരത്തിൻറേയും അധ്വാന ശേഷി ലഭ്യതയുടെയും പ്രശ്നങ്ങളോടൊപ്പം കനാൽ ജലസേചന പദ്ധതികളുടെ നടത്തിപ്പ് പ്രശ്നങ്ങളും ഈ മാറ്റത്തിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

കേരളത്തിലെ മേജർ/ മീഡിയം ജലസേചന പദ്ധതികളുടെ ഒട്ടുമിക്കവയുടെയും നിർമ്മാണത്തിലെ കാലതാമസവും അതുമൂലമുണ്ടാകുന്ന പദ്ധതിചെലവു വർധനവും ഉയർന്ന ചെലവിന് ശേഷവും ലക്ഷ്യമിട്ട ജലസേചനവിസ്തൃതി കൈവരിക്കാനാകാതെ വരുന്നതുമൊക്കെ പതിവ് മുറകളായി മാറിയിട്ടുണ്ട്. ഇപ്പോൾ നടപ്പാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ചില ജലസേചന പദ്ധതികളുടെ ചെലവ് കണക്കുകൾ പട്ടിക 22.8ൽ കൊടുക്കുന്നതു കാണുക

പദ്ധതി പൂർത്തിയാകാൻ മുപ്പതുവർഷത്തിലേറെക്കാലം വേണ്ടിവരിക, പദ്ധതി ച്ചെലവ് 20 മുതൽ 60 മടങ്ങ് വരെ ഉയരുക, അതിൽ നല്ലോരുപങ്കും ചെലവായിക്കഴിഞ്ഞാലും ഉദേശിച്ച ലക്ഷ്യത്തിൽ പകുതിപ്പോലും കൈവരിക്കാനാകാതെ വരിക ഇതൊക്കെ പദ്ധതിനിർവഹണ കാര്യക്ഷമതക്കുറവിന്റെ ദൃഷ്ടാന്തങ്ങളാണ്. ഇങ്ങനെ ഉയർന്ന ചെലവിലും കാലതാമസത്തിലും പൂർത്തിയായികഴിഞ്ഞാലും മേജർ/മീഡിയം പദ്ധതികളിൽ നിർമ്മിക്കപ്പെട്ട ജലസേചനശേഷി പൂർണ്ണമായും ഉപയോഗയോഗ്യമാകുന്നില്ലെന്ന് കേന്ദ്രജലകമ്മീഷന്റെ കണക്കുകൾ കാണിക്കുന്നു (വാട്ടർ ആന്റ് റിലേറ്റഡ് സ്റ്റാറ്റിസ്റ്റിക്സ്, 2015). പൂർത്തീകരിച്ച പദ്ധതികളിലെ വിതരണകനാൽ ശൃംഖലയുടെ തകരാറുകളും പരിപാലനത്തിന്റെ അഭാവവും നിമിത്തം കാർഷികവിളകൾക്ക് ആവശ്യമായ ജലം എത്തിക്കാനാകുന്നില്ല. കനാൽശൃംഖലയുടെ അവസാന ഭാഗത്തുള്ള ചെറുകനാലുകളുടെ പരിപാലന ക്കുറവ് പദ്ധതികളുടെ ജലവിതരണക്ഷമതയെ ദോഷകരമായി ബാധിക്കുന്നു. ലഭ്യമാക്കുന്ന ജലം കാർഷികവിളകളുടെ പ്രത്യേകത പരിഗണിച്ചും മണ്ണിന്റെ ഈർപ്പസ്ഥിതിക്ക് അനുയോജ്യമായ നിലയിലും ഫലപ്രദമായി വിനിയോഗിക്ക

**പട്ടിക 22.8**
**പദ്ധതിനിർമ്മാണ കാലതാമസവും ചെലവ് വർദ്ധനവും**

| പദ്ധതിയുടെ പേര് | മൂവാറ്റുപുഴ (മേജർ) | ഇടമലയാർ (മേജർ) | കാരാപ്പുഴ (മീഡിയം) | ബാണാസുര സാഗർ (മീഡിയം) |
|---|---|---|---|---|
| ആരംഭിച്ച വർഷം | 1974 | 1981 | 1976 | 1979 |
| തുടക്കത്തിൽ കണക്കാക്കിയ അടങ്കൽത്തുക (ലക്ഷംരൂപ) | 2086 | 1785 | 760 | 800 |
| പുതുക്കി നിശ്ചയിച്ച (2010/ 2011) അടങ്കൽത്തുക (ലക്ഷംരൂപ) | 93900 | 69400 | 44150 | 18550 |
| ചെലവ് വർദ്ധനശതമാനം | 4401% | 3788% | 5709% | 2219% |
| 2013 ഒക്ടോബർ വരെ യുള്ള ചെലവ് (ലക്ഷംരൂപ) | 85539.54 | 38124.39 | 29469.12 | 4461 |
| ജലസേചനവിസ്തൃതി ലക്ഷ്യം (ഹെക്ടർ) | 19237 | 14394 | 5221 | 2800 |
| 201213 വരെ കൈവരിച്ച ജലസേചനലക്ഷ്യം(ഹെക്ടർ) | 19784 | 0 | 601 | 0 |

ഉറവിടം: എക്കണോമിക് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ, എക്കണോമിക് റിവ്യൂ, 2013

പ്പെടുന്നതുമില്ല. ചുരുക്കത്തിൽ ജലത്തിന്റെ മൂല്യം ജലസേചന മേഖലയിൽ ഒട്ടും തന്നെ പരിഗണിക്കപ്പെടുന്നില്ല എന്നതാണ് വസ്തുത.

എന്നാൽ മൈനർ ജലസേചനപദ്ധതികളുടെ നടത്തിപ്പ് താരതമ്യേന കുറേകൂടി മെച്ചമായിട്ടാണ് കണക്കുകളിൽ കാണുന്നത്. തുറന്ന കിണറുകൾ, കുഴൽ കിണറുകൾ, കുളങ്ങൾ, ചെറു നീരൊഴുക്കുകൾ തുടങ്ങിയവയെ ആശ്രയിച്ച് സ്ഥാപിച്ചിട്ടുള്ള 1,93,396 ചെറു ജലസേചന പദ്ധതികൾ കേരളത്തിലുണ്ടെന്നാണ് 200607ലെ കേന്ദ്ര ജലവിഭവമന്ത്രാലയത്തിന്റെ മൈനർ ഇറിഗേഷൻ സ്കീമുകളുടെ നാലാമത് സർവെ റിപ്പോർട്ട് നൽകുന്ന വിവരം. ഇവയുടെ വിശദാംശങ്ങൾ പട്ടിക 9ൽ കൊടുക്കുന്നു.

പ്രവർത്തനരഹിതമായി പോയ മൈനർ ജലസേചനപദ്ധതികളിൽ 38.5%വും ജലസേചനലക്ഷ്യം പൂർണ്ണമായി നേടാൻ കഴിയാത്തവയിൽ 28%വും നേരിടുന്ന പ്രശ്നം വേനൽക്കാലത്ത് ജലസ്രോതസ് വറ്റിപ്പോകുന്നു എന്നതാണ്. കണികാജലസേചനവും ഡ്രിപ്ഫെർട്ടിഗേഷനും തുടങ്ങിയ നൂതനസാങ്കേതിക വിദ്യകൾ ആവശ്യമായ ജലത്തിന്റെ അളവ് കുറച്ചുകൊണ്ട് ജലസേചനക്ഷമത വർധിപ്പിക്കുന്നതിനു സഹായകമാണ്. മഴവെള്ള സംഭരണത്തിലൂടെ ജലസ്രോതസുകളിലെ ജലലഭ്യത ഉയർത്തുന്നതിനുള്ള സാങ്കേതികവിദ്യയും തെളിയിക്കപ്പെട്ടവയാണ്.എന്നാൽ ഇതൊന്നും വേണ്ടത്ര പ്രാധാന്യത്തോടെ പ്രയോഗവൽക്കരിക്കപ്പെടുന്നില്ല.

പലയിടത്തും ജലസേചന കനാലിലൂടെ വെള്ളമൊഴുക്കി വിടുന്നത് ജലസേചനത്തെക്കാളുപരി കനാൽ പോകുന്നവഴിക്ക് മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്ന ജലം (യഥാർഥത്തിൽ ജലസേചനകനാൽ നഷ്ടപ്പെടുത്തുന്ന ജലം) സമീപത്തെ കിണറുകളിൽ ഉറവകളായി കുടിവെള്ളം ലഭ്യമാക്കുന്നതിനാണ്. കുടിവെള്ളം ലഭ്യമാക്കുന്നതിന് ഒട്ടും തന്നെ കാര്യക്ഷമമല്ലാത്ത രീതിയാണിത്. എറിവരുന്ന ജല ദൌർലഭ്യത്തിന്റെയും ലക്ഷ്യം നേടാത്ത ജലസേചന പദ്ധതികളുടെയും കാർഷികമേഖലയിലെ മാറ്റങ്ങളുടെയും പശ്ചാത്തലത്തിൽ ജലസേചന മേഖലയിലെ ധനവിനിയോഗ മുൻഗണനകൾത്തന്നെ പുനപ്പരിശോധിക്കപ്പെടേണ്ടതുണ്ട്. (എം.ലതിക, 2010; ഡോ.ആർ. അജയ്കുമാർ വർമ്മ, 2015)

ചുരുക്കത്തിൽ കുടിവെള്ള മേഖലയിലും ജലസേചന മേഖലയിലും പദ്ധതികളുടെ നിർവഹണവും

**പട്ടിക 22.9**
**കേരളത്തിലെ മൈനർ ജലസേചന പദ്ധതികൾ**

| സ്രോതസുകൾ | ഭൂഗർഭജലത്തെ ആശ്രയിച്ച് | | | | ഉപരിതല ജലത്തെ ആശ്രയിച്ച് | | | ആകെ |
|---|---|---|---|---|---|---|---|---|
| | തുറന്ന കിണർ | ആഴം കുറഞ്ഞ കുഴൽകിണർ | ആഴക്കിണർ | ആകെ | ഒഴുക്ക് ജല പദ്ധതി | ഉപരിതല പമ്പിങ് പദ്ധതി | ആകെ | |
| സ്ഥാപിച്ച പദ്ധതികളുടെ എണ്ണം | 162826 | 5913 | 1050 | 169789 | 8580 | 15027 | 23607 | 193396 |
| ഉപയോഗ യോഗ്യമായവ | 162043 | 5901 | 1049 | 168993 99.5% | 8028 | 14926 | 22954 97.2% | 191947 99.25% |
| പ്രവർത്തനം നിലച്ചവ | 783 | 12 | 1 | 796 | 552 | 101 | 653 | 1449 |
| സ്രോതസ് വറ്റിയതുകൊണ്ടു ഉപേക്ഷിക്കപ്പെട്ടവ (എണ്ണം) | | | | 475 | 83 | | | 558 |
| സ്രോതസ് വറ്റിയവ ആകെ പ്രവർത്തന രഹിതമായവയുടെ ശതമാനമായി | | | | 59.7% | 12.7% | | | 38.5% |
| പ്രതീക്ഷിത ജലസേചനലക്ഷ്യം നേടാനാകാത്തവ (എണ്ണം) | | | | 27020 | 4101 | | | 31121 |
| ജലസേചനലക്ഷ്യം നേടാനാകാത്തവ ആകെ പദ്ധതികളുടെ ശതമാനമായി | | | | 16% | 18% | | | 16.2% |
| സ്രോതസിലെ ജലലഭ്യതക്കുറവ് കൊണ്ട് ജലസേചനലക്ഷ്യം നേടാനാകാത്തവ (എണ്ണം) | | | | 7990 | 777 | | | 8767 |
| ജലലഭ്യതക്കുറവ് കൊണ്ട് ലക്ഷ്യം നേടാനാകാത്തവ ആകെ ലക്ഷ്യം നേടാത്തവയുടെ ശതമാനമായി | | | | 29.6% | 18.9% | | | 28.2% |
| കൈവരിച്ച ജലസേചന ശേഷി (ഹെക്ടറിൽ) | | | | 113721 | 246734 | | | 360455 |
| ഉപയോഗിക്കപ്പെടുന്ന ജലസേചിത ഭൂവിസ്തൃതി (ഹെക്ടറിൽ) | | | | 108476 | 230444 | | | 338920 |
| ജലസേചിത ഭൂവിസ്തൃതി ഉപയോഗം കൈവരിച്ച ശേഷിയുടെ ശതമാനമായി | | | | 94.03% | 95.4% | | | 93.4% |

ഉറവിടം: നാലാമത് മൈനർ ഇറിഗേഷൻ പദ്ധതി സെൻസസ്, കേന്ദ്ര ജലവിഭവമന്ത്രാലയം

നടത്തിപ്പും പരിപാലനവും ജനപക്ഷവിലയിരുത്തലിനു വിധേയമാക്കുകയും പ്രാദേശിക ആവശ്യങ്ങൾക്കും വിഭവസുസ്ഥിരതയ്ക്കും പ്രാമുഖ്യം നല്കി നവീകരിക്കുകയും വേണ്ടിയിരിക്കുന്നു.

### മറ്റ് മേഖലകൾ

വ്യാവസായിക മേഖലയുടെ ജല ഡിമാൻഡ് കുറഞ്ഞുവരുന്നു എങ്കിലും പ്രത്യേക ശ്രദ്ധ ആവശ്യമായ മേഖലയാണിത്. പാലക്കാട് പ്ലാച്ചിമടയിലെ കൊക്കോകോള ശീതളപാനീയ വ്യവസായം അവിടത്തെ പ്രാദേശിക ജലലഭ്യതയെ അമിത ഉപയോഗവും മലിനീകരണവും വഴി താറുമാറാക്കിയത് കേരളം മറക്കാറായിട്ടില്ല. വ്യവസായങ്ങൾ ജനങ്ങൾക്ക് തൊഴില് നൽകുന്ന പ്രധാന വികസന മേഖലയാണ്. എന്നാൽ അത് പാരിസ്ഥിതിക തകർച്ചയുണ്ടാക്കാൻ അനുവദിച്ചുകൂടാ.

വ്യാവസായിക സംരംഭങ്ങളുടെ ജലആവശ്യം, അതിനുള്ള സ്രോതസിന്റെ ലഭ്യത, മലിനീകരണ സാധ്യത, പരിഹാരങ്ങൾ തുടങ്ങിയ കാര്യങ്ങൾ അവ ആരംഭിക്കുന്നതിന് മുമ്പു തന്നെ വിലയിരുത്തുകയും അതിനനുസരിച്ച് ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ആവശ്യമാണ്. പ്ലാച്ചിമടയിൽ നിലവിലുള്ള ഒൻപതോളം നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് കൊക്കോകോള കമ്പനി മലിനീകരണം നടത്തിക്കൊണ്ടിരുന്നത്. നിയമപാലനം കർശനമാക്കുകയും തുടർച്ചയായ മോണിറ്ററിങ് ഉറപ്പാക്കുകയും ഇതുപോലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാനാവശ്യമാണ്. ഏതൊരു ജല ഉപയോഗത്തിനും അനുമതി നൽകുന്നതിന് അതുൾപ്പെടുന്ന നീർത്തടപ്രദേശത്തിന്റെ ജലമേഖലയ്ക്ക് ആ പ്രവർത്തനം താങ്ങാനാകുമോ എന്ന പരിശോധന നിർബന്ധമാകണം.

മറ്റൊരു ജല ആവശ്യരംഗമായ പാരിസ്ഥിതികസന്തുലനത്തിനും നീർത്തട അധിഷ്ഠിതമായ സമീപനം സ്വീകരിക്കേണ്ടത് ആവശ്യമാണ്. ചെറുനീർത്തടങ്ങൾ മുതൽ തുടങ്ങി നദീതടങ്ങൾ വരെ ക്രമാനുഗതമായി ജലസംരക്ഷണവും പരിപാലനവും നടത്തുകയാണ് മേല്പറഞ്ഞ എല്ലാ ജലവിനിയോഗ മേഖലകളിലെയും പ്രശ്ന പരിഹാരങ്ങൾക്ക് ഒന്നാമതായി സ്വീകരിക്കേണ്ട നടപടി. ജലലഭ്യത ഉയർത്തലും ജലസ്രോതസുകളുടെ സംരക്ഷണവും ജലവിനിയോഗം കാര്യക്ഷമമാക്കലും തുല്യ പ്രാധാന്യത്തോടെ ഏറ്റെടുക്കപ്പെടുകയും വേണം.

#### ജലസംരക്ഷണം

മഴവെള്ളകൊയ്ത്തിലൂടെ പ്രാദേശികമായി ജലലഭ്യത ഉയർത്തുന്നതിനും അതിലൂടെ ഭൂഗർഭജലശേഖരത്തിലെ ലവണാംശം ഉയരുന്നത് നിയന്ത്രിക്കുന്നതിനും മാതൃകയായ പ്രവർത്തനങ്ങൾ വിവിധ തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ചേർന്ന്! മഴപ്പൊലിമ എന്ന പ്രോജക്റ്റ് കാഴ്ചവച്ചിട്ടുണ്ട്; തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപ്പഞ്ചായത്ത് ഇക്കാര്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ മറ്റ് പഞ്ചായത്തുകൾക്ക് മാതൃകയാകുന്നു. (ഡോ. ജോസ് സി റാഫേൽ, 2015)

ഉയർന്ന അളവിൽ വെള്ളം ഉപയോഗിയ്ക്കുന്ന സ്ഥാപനങ്ങളിൽ മഴവെള്ള കൊയ്ത്തിലൂടെയും ഉപയോഗിച്ച വെള്ളത്തിന്റെ ശുദ്ധീകരണവും പുനരുപയോഗവും നിർബന്ധമാക്കുന്നതിലൂടെയും ജലസംരക്ഷണം സാദ്ധ്യമാണെന്ന് തെളിയിക്കുന്ന മാതൃകകളാണ് കണ്ണൂരിലെ വിസ്മയാപാർക്കും കൊച്ചിയിലെ InspireIndia നടപ്പാക്കുന്ന പ്രോജക്റ്റുകളും കാഴ്ചവച്ചിട്ടുള്ളത്. മൈക്രോ വാട്ടർഷെഡ്കളെ അടിസ്ഥാനമാക്കി കിൻഫ്രയുടെ ഫിലിം വീഡിയോ പാർക്കിലും പാലക്കാട് കോഴിപ്പാറയിലെ അഹല്യ ഹെൽത്ത് ഹെറിറ്റേജ് വില്ലാജിലുമൊക്കെ നടപ്പാക്കിയിട്ടുള്ള ജലസംരക്ഷണ സംവിധാനങ്ങൾ അതിമനോഹരമായ ജലപരിസ്ഥിതി ഉല്ലാസ കേന്ദ്രങ്ങളാണ്. (ഡോ.പി.കെ.തമ്പി, 2015; ലതാ രാമൻ ജയഗോപാൽ, 2015; ടി. ഗംഗാധരൻ, 2015) ഉയർന്ന ജലോപയോഗമുള്ള എല്ലാ സ്ഥാപനങ്ങളും ജലസംരക്ഷണവും മഴവെള്ളകൊയ്ത്തും ജലപുനരുപയോഗവും നടത്തണമെന്നത് നിർബന്ധമാക്കുക എന്നത് അത്യാവശ്യവും തികച്ചും പ്രായോഗികവുമാണെന്ന് ഇവ തെളിയിക്കുന്നു.

ഏറ്റവുമധികം കുടിവെള്ള ക്ഷാമംനേരിടുന്ന കുട്ടനാടൻ പ്രദേശങ്ങളിലെ കൃഷിയിറക്കാത്ത പാടശേഖരങ്ങളെ വിസ്തൃതമായ ജലശേഖരങ്ങളാക്കി മാറ്റുകയും അരിക്കലും ക്ലോറിനേഷനും തുടങ്ങി ആവശ്യമായ ശുദ്ധീകരണം നടത്തി പ്രാദേശിക നേതൃതത്തിൽ തന്നെ ജലവിതരണം നടത്തുകയും പ്രയോഗികമാണ് എന്നും പഠനങ്ങൾ തെളിയിക്കുന്നു. (കെ.ജിപത്മകുമാർ, നോബിൾ എബ്രഹാം, 2015). ശാസ്ത്രീയമായി രൂപീകരിക്കുന്ന ജലവിവര സഞ്ചയവും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനഏകോപനവും കേരളത്തിന്റെ ജലവിഭവ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ ഏജൻസികൾക്കും പൊതുവായി രൂപീകരിക്കേണ്ടതുണ്ട് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. (വി, എം. സുനിൽ, എബ്രഹാം കോശി, വി ഹരിലാൽ, 2015)

## III. നയങ്ങളും നിയമങ്ങളും സമീപനങ്ങളും

2008ൽ കേരളം അംഗീകരിച്ച ജലനയം 'ജലം മനുഷ്യാവകാശമാണ്' എന്ന പുരോഗമനപരമായ ആശയം അംഗീകരിക്കുകയുണ്ടായി. ജലത്തിന്റെ സ്വകാര്യവത്കരണം തടയുന്നതിനും സാമ്പത്തിക മൂല്യമുള്ള പൊതുപൈതൃക സ്വത്ത് എന്ന നിലയിൽ ജലത്തിന്റെ സംരക്ഷണം സമൂഹത്തിൽ പൊതുവെയും ഓരോ വ്യക്തിയിൽ പ്രത്യേകിച്ചും ഈ നയം നിക്ഷിപ്തമാക്കിയിരിക്കുന്നു. പൊതുസ്വത്ത് എന്ന നിലയിൽ ജലവിഭവം സംസ്ഥാനത്തിന്റെ ഉടമസ്ഥാവകാശത്തിലായിരിക്കുമെന്നും ഓരോ വ്യക്തിക്കും സമൂഹത്തിനും സേവനദാതാക്കൾക്കും ഉടമസ്ഥാവകാശമില്ലാതെ ജലം ഉപയോഗിക്കുവാനുള്ള അധികാരം ഉണ്ടാകുമെന്നും ജലനയം വ്യക്തമാക്കുന്നു.

ജലസംരക്ഷണത്തിനും പരിപാലനത്തിനും അടിസ്ഥാന യുണിറ്റായി പരിഗണിക്കപ്പെടുക ചെറു നീർത്തടങ്ങളായിരിക്കുമെന്നും ഇവയുടെ സംയോജിത യുണിറ്റായ നദീതടത്തിന്റെ അടിസ്ഥാനത്തിൽ ജലാവകാശം നിർവചിക്കുമെന്നും ജലവിനിയോഗം നിയന്ത്രിക്കുമെന്നും വ്യക്തമാക്കിയിരിക്കുന്നു. പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിനും പ്രാദേശികമായ അസന്തുലിതാവസ്ഥ പരിഹരിക്കാനും ഉതകുംവിധം ജലവിഭവം സുസ്ഥിരമായും ഉത്പാദനപരമായും നീതിപൂർവകമായും പരിപാലിക്കപ്പെടുന്നതിനും ഉപയോഗിക്കുന്നതിനും അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനു ഈ നയം ലക്ഷ്യമിടുകയുണ്ടായി.

ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി ചെറുനീർത്തടാടിസ്ഥാനത്തിൽ മണ്ണ്ജലസംരക്ഷണം ഉറപ്പാക്കുന്നതിനും, ഓരോ നീർത്തടത്തിൽ നിന്നുമുള്ള നീരൊഴുക്ക് വർദ്ധിതവും നിയന്ത്രിതവും ആക്കുന്നതിനും, അവയെ നദീതടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഓരോ നദിയിലെയും നീരൊഴുക്ക് സുസ്ഥിരമാക്കുന്നതിനും ഓരോ നദീതടത്തിന്റെയും അടിസ്ഥാനത്തിൽ ജലവിഭവവികസനവും പരിപാലനവും സുസ്ഥിരമായി നിലനിർത്തുന്നതിനും ഈ പ്രവർത്തനങ്ങൾക്കാവശ്യമായ രീതിയിൽ സ്ഥാപനക്രമീകരണങ്ങളും നിയമങ്ങളും പരിഷ്കരിക്കുന്നതിനും ജലനയം ലക്ഷ്യമിടുകയുണ്ടായി. എന്നാൽ നയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള കർമപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, അനുയോജ്യമായ രീതിയിൽ സ്ഥാപനസംവിധാനങ്ങൾ പുന:സംഘടിപ്പിക്കുന്നതിനും, ആവശ്യംവേണ്ട നിയമനിർമാണങ്ങൾ നടത്തുന്നതിനും വേണ്ടത്ര തുടർനടപടികൾ ഉണ്ടായില്ല.

2012ലെ ദേശീയജലനയമാകട്ടെ സംസ്ഥാനതലനയരൂപീകരണത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശങ്ങളെ അംഗീകരിക്കുമ്പോൾ തന്നെ അവ ദേശീയ ജലനിയമചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാകണം എന്ന് നിർദേശിക്കുന്നു. ജലവിഭവത്തെ സംസ്ഥാനത്തിന്റെ അധീനതയിലുള്ള സാമൂഹ്യവിഭവമായി പരിഗണിച്ചുകൊണ്ട് അടിസ്ഥാന ആവശ്യങ്ങൾക്കുപരിയായുള്ള ജലത്തെ സാമ്പത്തികമൂല്യമുള്ള വിഭവമായി പരിഗണിക്കുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. പൌരന്റെ ജലാവകാശത്തെ അംഗീകരിക്കാതെയുള്ള ഇത്തരം പരാമർശങ്ങൾ ജലലഭ്യതയിലെ സാമൂഹ്യനീതി നിഷേധത്തിനു കാരണമാകാം.

ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ജലവിഭവവകുപ്പ്, റവന്യൂവകുപ്പ്, മലിനീകരണ നിയന്ത്രണബോർഡ്, പ്രാദേശിക സർക്കാരുകൾ തുടങ്ങിയ സംവിധാനങ്ങളുടെ ആഭിമുഖ്യത്തിൽ നിരവധി നിയമങ്ങളും മാർഗനിർദേശങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. ഇക്കാര്യത്തിലെ പരസ്പര ബന്ധമില്ലായ്മയും വൈരുധ്യവും നിയമനിർവഹണത്തിലെ കാര്യക്ഷമത ഗണ്യമായി കുറക്കുന്നു.

2010ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 'Kerala Perspective Plan2030' കേരളത്തിലെ ജലവിഭവസുസ്ഥിരതക്കായി മൂന്ന് മേഖലകളിൽ ഊന്നിയുള്ള തന്ത്രമാണ് നിർദേശിക്കുന്നത്. ജലസ്ഥാപനങ്ങളുടെ ശേഷിവർദ്ധന, ജലലഭ്യതാപരി പാലനം, ജലആവശ്യകതാ നിയന്ത്രണം എന്നീ മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ട് ഓരോ മേഖലയിലും സ്വീകരിക്കേണ്ട സമീപനങ്ങൾ ഈ രേഖയിൽ സൂചിപ്പിക്കുന്നു.

ജലസ്ഥാപനങ്ങളുടെ ശേഷിവര്ധനയുമായി ബന്ധപ്പെട്ട് സംയോജിത ജലവിഭവ പരിപാലനരീതി അവലംബിക്കുന്നതിനും, ഗ്രാമതലാടിസ്ഥാനത്തിൽ ജലവിഭവ ഉടമസ്ഥത നിർണയിച്ച് പ്രാദേശികജലവിപണനം സാധ്യമാക്കുന്നതിനും, ജല വിതരണം, ശുചിത്വം ഇവ പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്വ മാക്കുന്നതിനും, ജലോപയോഗ നിരീക്ഷണം നിർബന്ധമാക്കുന്നതിനും, ശേഷി വർദ്ധനക്കായുള്ള പരിശീലനം ശക്തമാക്കു ന്നതിനും നിർദേശിക്കുന്നു.

ജലസുസ്ഥിരത നിലനിർത്തുന്നതിന് വനം, തണ്ണീർതടങ്ങൾ, ലോലപരിസ്ഥിതി പ്രദേശങ്ങൾ തുടങ്ങിയവയുടെ സംരക്ഷണം, ജലശുചിത്വ മേഖലകളിലെ നിക്ഷേപം വർധിപ്പിക്കലും, ഭൌതികസംവിധാനങ്ങൾ മെച്ചപ്പെടുത്തലും, ജലത്തിന്റെ പുനരുപയോഗവും, പുനചംക്രമണവും സാധ്യമാക്കുന്നതിന് ശാസ്ത്രീയമാർഗങ്ങൾ ഉപയോഗിക്കുന്നതുൾപ്പെടെ വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ജലലഭ്യതാ പരിപാലനവുമായി ബന്ധപ്പെട്ട് നിർദേശിക്കുന്നു.

ജലആവശ്യകതാ നിയന്ത്രണം സാധ്യമാക്കുന്നതിന് പൊതുജനവിദ്യാഭ്യാസം, വിലനിർണയം, സാങ്കേതികശേഷിവർദ്ധന, ജലവിനിയോഗത്തിന്റെ സാമ്പത്തികപാരിസ്ഥിക വിലയിരുത്തൽ ഉൾപ്പെടെയുള്ള നിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ നിർദേശിക്കുന്നു.

എന്നാൽ ഈ നിർദേശങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള സ്ഥാപനവൽക്കരണം, ഭരണസംവിധാനം, നിയമസാധുതകൾ ഇവ സംബന്ധിച്ചുള്ള കാഴ്ച്ചപ്പാടൊന്നും തന്നെ രേഖ മുന്നോട്ടുവെക്കുന്നില്ല.

## IV. നിർദേശങ്ങൾ

വിവിധതരത്തിലുള്ള പാരിസ്ഥിതിക സമ്മർദങ്ങൾക്ക് വിധേയമായിട്ടുള്ള നമ്മുടെ നദികളുടെയോ, നദീതടങ്ങളുടെയോ ജലലഭ്യതയോ, ജലാവശ്യമോ, ജലമിച്ചമോ വിശദമായി കണക്കാക്കിയിട്ടില്ല. ഇതിനൊന്നും ഉത്തരവാദികളില്ലാത്ത അവസ്ഥയാണ് ഇന്നുള്ളത്. മിക്ക നദീതടങ്ങളിലും മൺസൂൺ കഴിഞ്ഞാൽ ജലമിച്ചം ഒട്ടുമേയില്ല എന്നുമാത്രമല്ല ജലാവശ്യം വളരെക്കൂടുകയും ചെയ്തിരിക്കുന്നു. മൺസൂൺകാലത്തുപോലും ചില നദികളിൽ ജലലഭ്യത അത്ര മെച്ചപെട്ടതല്ല എന്നും കാണേണ്ടതുണ്ട്. വലിയതോതിൽ ജലസുരക്ഷാ വെല്ലുവിളി നേരിടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ജലഭരണം കൂടുതൽ കാര്യക്ഷമമാക്കാതെ ഇനി മുമ്പ് പോകാനാവില്ല. ഇതിനായുള്ള നടപടികളാണ് ജലവിഭവ സംരക്ഷണ രംഗത്ത് ഒന്നാമതായി ഉണ്ടാകേണ്ടത്.

### 1. നീർത്തടാടിസ്ഥാനത്തിലുള്ള ജലനയ പ്രഖ്യാപനം പ്രാവർത്തികമാക്കുക

കഴിഞ്ഞ എൽഡിഎഫ് സർക്കാർ പ്രഖ്യാപിച്ച ജലനയം നദീതടാടിസ്ഥാനത്തിലുള്ള ഇടപെടലിന്റെ പ്രാധാന്യത്തിൽ ശരിയായി ഊന്നുകയുണ്ടായി. എന്നാൽ നാം കണ്ടതുപോലെ ഈ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടു. ഈ ദൌർബല്യം തിരുത്തുകയാണ് ഇന്നുള്ള മുഖ്യകടമ.

കേരളത്തിലെ ഓരോ നദീതടത്തിന്റെയും പാരിസ്ഥിതിക സമ്പൂർണത നിലനിർത്തുക എന്നതാണ് ജലമേഖല നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി. നദീതടത്തിലെ ജലാവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് നീരൊഴുക്ക് വർദ്ധിപ്പിക്കുകയും ജലോപയോഗം നദിയുടെ വിഭവശേഷിക്ക് അനുസൃതമായി നിയന്ത്രിക്കുകയും വേണം. നിലവിൽ നദികളുടെയും വിവിധ ജലസ്രോതസ്സുകളുടെയും അവകാശവും ഉത്തരവാദിത്വവും വിവിധ വകുപ്പുകളിൽ നിക്ഷിപ്തമാണ്. ഇത് ജലവിഭവവകുപ്പിൽ പൂർണമായും നിക്ഷിപ്തമാക്കുകയും ജലസംരക്ഷണവും, സുരക്ഷയും ഉറപ്പാക്കുന്നതിന്റെ സംരക്ഷകപരിപാലക ഉത്തരവാദിത്വം അവരുടെ കടമയാക്കുകയും വേണം.

ജലവിഭവവകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കണം. ഇതുമായി ഭൂഗർഭജലവകുപ്പിനെ അനുയോജ്യമായി ബന്ധിപ്പിക്കേണ്ടതുമാണ്. ഇതുവഴി നീർത്തടം മുതൽ വിവിധ തലങ്ങളിൽ പ്രാദേശിക സർക്കാരുകൾക്കുൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് സാങ്കേതിക സഹായം എത്തിക്കുന്നതിനും ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ജലവിനിയോഗ നിയന്ത്രണം ഉറപ്പാക്കുന്നതിനും സാധിക്കും.

പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ചെറുനീർത്തടങ്ങളുടെ ജലസംരക്ഷണസുരക്ഷാ പദ്ധതി തയാറാക്കുകയും അവയെ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ സംയോജിപ്പിക്കുകയും വേണം. ഓരോ നദീതടത്തിന്റെയും ജലസംരക്ഷണസുരക്ഷാ പദ്ധതി ഏകോപിപ്പിച്ചു സംസ്ഥാന ജലസംരക്ഷണസുരക്ഷാ പദ്ധതിക്കും രൂപം നൽകണം. ജലസംരക്ഷണസുരക്ഷാപദ്ധതി തയാറാക്കുന്നതിനുള്ള സാങ്കേതികസഹായം, അതിനുവേണ്ട നേതൃത്വം, നിർവഹണസഹായം തുടങ്ങിയ പ്രവർത്തനങ്ങൾ സംസ്ഥാന ജലവിഭവ വകുപ്പിന്റെ ഉത്തരവാദിത്വമാക്കണം. ഇത്തരമൊരു കർമ്മ പരിപാടി നടപ്പാക്കുന്നതിന് വിപുലമായ തോതിൽ തൊഴിലുറപ്പു പദ്ധതിയെ ഉപയോഗപ്പെടുത്താം. തൊഴിലുറപ്പു പദ്ധതിയുമായി സർക്കാരിന്റെ തനതു ഫണ്ടും സംയോജിപ്പിക്കാം.

### 2. നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുക

സുതാര്യതയും മിതവ്യയവും ഉറപ്പുവരുത്താനുതകുന്ന രീതിയിൽ ജലവുമായി ബന്ധപ്പെട്ടുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കേണ്ടതുണ്ട്. പ്രതിദിനം 10000 ലിറ്ററിലേറെ ജലോപയോഗമുള്ള എല്ലാ സ്ഥാപനങ്ങളും ജലസംരക്ഷണവും മഴവെള്ളകൊയ്ത്തും ജലപുനരുപയോഗവും നടത്തണമെന്നത് നിർബന്ധമാക്കുക. ഉപേക്ഷിക്കപ്പെട്ട പാറമടകൾ, കൃഷിയിറക്കാത്ത പാടശേഖരങ്ങൾ തുടങ്ങിയവ സംരക്ഷിത ജലശേഖരങ്ങളാക്കി മാറ്റാൻ ശാസ്ത്രീയനടപടികൾ സ്വീകരിക്കുക. സോഷ്യൽ ഓഡിറ്റു നിർബന്ധമാക്കണം. ജലമേഖലയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനത്തെ മുകളിൽ വിവരിച്ച നീർത്തടാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുക. ജലസ്രോതസുകളുടെ മലിനീകരണത്തിനെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കണം. വിസർജ്ജ്യ മാലിന്യം പൊതുസ്ഥലത്ത് ഒഴുക്കുന്നവർക്ക് കടുത്ത പിഴയും ശിക്ഷയും നല്കണം.

### 3. ജലമലിനീകരണവും ജലദുരുപയോഗവും തടയാൻ നടപടി സ്വീകരിക്കുക

ഖരദ്രവ മലിനീകരണങ്ങൾ തടയാൻ ബോധവത്കരണവും നിയമനിർമ്മാണവും കർശനമായ നിയമനിർവഹണവും വേണം. ജലസ്രോതസുകളുടെ ഗുണനിലവാര പരിശോധന ശാസ്ത്രീയമായി നടത്തുന്നതിനും അവ ശുദ്ധീകരിക്കാനുള്ള പ്രാഥമിക മാർഗങ്ങൾ കണ്ടെത്തുന്നതിനും ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർഥി കളുടെയും അദ്ധ്യാപകരുടെയും സയൻസ് ലാബുകളുടെയും സഹായം ഉപയോഗിക്കണം. ഉയർന്ന പരിശോധനക്കും, പരിഹാര നിർദേശങ്ങൾക്കും ജലഅതോറിറ്റി (KWA), സംസ്ഥാന ഭൂഗർഭ ജലവകുപ്പ് (GWD), ജലവിഭവ വികസന പരിപാലന കേന്ദ്രം (CWRDM) എന്നീ സ്ഥാപനങ്ങളുടെ ആധുനിക ലബോറട്ടറികൾ ഉപയോഗപ്പെടുത്താം. ജലസ്രോതസുകളുടെ സംരക്ഷണ പരിപാലന പ്രവർത്തന ങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതി സംവിധാനം ഉപയോഗിക്കപ്പെടണം.

### 4. കുടിവെള്ള പദ്ധതികൾക്ക് സോഷ്യൽ ഓഡിറ്റ്

കേരളത്തിലെ കുടിവെള്ള പദ്ധതികളുടെ ഗുണനിലവാരം, ലഭ്യത, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയെല്ലാം സംബന്ധിച്ച് നിലവിലുള്ള കണക്കുകൾ പരസ്പരവിരുദ്ധമാണ് എന്നു കാണാം. ഇന്നു നിലവിലുള്ള സ്ഥിതി വിശദവും കൃത്യമായും അറിഞ്ഞുകൊണ്ടുമാത്രമേ പരിഹാരനടപടികൾ സ്വീകരിക്കാനാവൂ. വലിപ്പച്ചെറുപ്പ വ്യത്യാസമില്ലാതെ എല്ലാ കുടിവെള്ള പദ്ധതികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണം. ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ഒരു കർമ്മ പരിപാടി ഓരോ കുടിവെള്ള പദ്ധതിയ്ക്കും ഉണ്ടാകണം. അതിന്റെ അടിസ്ഥാനത്തിൽ ജലസ്രോതസുകൾ സംരക്ഷിക്കുന്നതിനും ആവശ്യമായ ശുദ്ധീകരണം ഉറപ്പുവരുത്തുന്നതിനും കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റുന്നതിനും ആവശ്യമുള്ളടത്തേയ്ക്ക് വിതരണം നീട്ടുന്നതിനും പദ്ധതി തയ്യാറാക്കണം. അഞ്ചുവർഷം

കൊണ്ട് ഈ കർമ്മ പരിപാടി നടപ്പാക്കുന്ന ചുമതല തദ്ദേശ ഭരണസ്ഥാപനങ്ങളും സർക്കാരും ഏറ്റെടുക്കണം. നാശോന്മുഖമായിക്കിടക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് ഗ്രാമീണ റോഡുകളുടെ കാര്യത്തിലെന്നപോലെ ആവശ്യമെങ്കിൽ ഒരു ഒറ്റത്തവണ പുനരുദ്ധാരണ സ്കീമിന് രൂപം നൽകാം. ഫ്ലൂറൈഡ് മാലിന്യം പോലുള്ള പ്രശ്നങ്ങൾ ഉള്ള സ്ഥലങ്ങളിൽ റിവേഴ്സ് ഓസ്മോസിസ് പ്ലാൻറുകൾ സ്ഥാപിക്കേണ്ടതാണ്.

### 5. കിണറുകളും മറ്റു സ്രോതസുകളും സംരക്ഷിക്കാൻ കാമ്പയിൻ

കേരളത്തിലെ നാലിലൊന്ന് വീടുകളിൽ മാത്രമേ പൈപ്പു വഴി വെള്ളം ലഭിക്കുന്നുള്ളൂവെന്നാണ് കാനേഷുമാരി കണക്കുകൾ കാണിക്കുന്നത്. ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാണ്. പുതിയ ജലവിതരണ പദ്ധതികൾക്ക് നടപടികൾ സ്വീകരിക്കുമ്പോഴും കേരളത്തിലെ ഗണ്യമായ ഒരു വിഭാഗം ജനങ്ങൾക്ക് പൈപ്പുവഴിയല്ലാതെ കിണർ പോലുള്ള മറ്റു സ്രോതസുകളെ ശുദ്ധജലത്തിനായി ആശ്രയിക്കേണ്ടിവരും. കേരളത്തിലെ കിണറുകളും കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന കുളങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനും മഴക്കാലത്ത് റീ ചാർജു ചെയ്യുന്നതിനും കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്തുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കർമ്മ പരിപാടി തയ്യാറാക്കും.

### 6. ജലസേചന പദ്ധതികളിൽ പൊളിച്ചെഴുത്ത്

നിലവിലുള്ള വൻകിട ജലസേചന പദ്ധതികൾ കർശനമായ പരിശോധനയുടെ അടിസ്ഥാനത്തിൽ അനിവാര്യമായ പൂർത്തീകരണം നടത്തി അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ചെറുകിട ജലസേചന പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകണം. ഇവ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പാക്കേജുകൾ ഉണ്ടാക്കേണ്ടതുണ്ട്. ജലസേചനത്തിന് ഡ്രിപ് ഫെർറ്റിഗേഷൻ പോലുള്ള നവീന ശാസ്ത്രീയ രീതികൾക്ക് പ്രചാരം നല്കണം

### 7. തദ്ദേശ ഭരണ സ്ഥാപനങ്ങളും ജലപരിപാലനവും

ജലസംരക്ഷണവും ജലവിനിയോഗവും കൂടുതൽ കാര്യക്ഷമമാക്കാനുള്ള ഒട്ടേറെ മാർഗങ്ങൾ വിജയകരമായി പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമത നൽകുന്നതിനായി വിജയകരമായ ഇത്തരം പദ്ധതികൾക്ക് വേണ്ടത്ര മുൻഗണനയും ദൃശ്യതയും നൽകുന്ന പ്രചാരണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയും അവയിലൂടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.

സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ജലവിതരണ ഏജൻസികളും റെഗുലേറ്ററി അതോറിറ്റിയും ഗുണഭോക്താക്കളായ ജനങ്ങളും ഒന്നിച്ചും പരസ്പര പൂരകമായും പ്രവർത്തിക്കുന്ന സംവിധാനമാണ് പ്രാദേശിക സർക്കാരുകൾ രൂപീകരിക്കേണ്ടത്.

ഇതിന് സഹായകമായി, ജലമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉചിതമായി യോജിപ്പിച്ചുകൊണ്ടും അവയെ ത്രിതല പഞ്ചായത്തുകളുമായി നിയമപരമായി ബന്ധപ്പെടുത്തിയും ജനങ്ങളുടെ പ്രാഥമിക അവകാശമായ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുന്ന, കുടിവെള്ള സുരക്ഷ എന്ന പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിനാണ് സർക്കാർ തലത്തിൽ പ്രാമുഖ്യം നല്കേണ്ടത്.

## അവലംബം


**അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ**

1. ഡോ.ആർ അജയകുമാർ വർമ്മ (2015): 'നാശോന്മുഖ ജല സ്രോതസ്സുകൾ, അനിശ്ചിത ജലസുരക്ഷ', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 1622.
2. Dr.Srikumar Chattopadhyay (2015): 'Human Dimension of Environmental Change: Contextualizing Kerala Rivers for Protection and Restoration', 4th Congress on Kerala Studies preliminary Sectorwise Seminar 11, PP 2233.
3. M R Ramesh (2015): 'Ground Water Challenges in India and the Way Forward', 4th Congress on Kerala Studies preliminary Sectorwise Seminar 11, PP 3335.
4. Shaji E (2015): 'Groundwater status and management in Kerala', 4th Congress on Kerala Studies preliminary Sector wise Seminar 11, PP 3641.
5. Dr PK Thampi (2015): 'Need for MicroWatershed Based Rainwater Harvesting', 4th Congress on Kerala Studies preliminary Sectorwise Seminar 11, PP 4143.
6. R.Satheesh (2015): 'Experiences of NABARD Watershed Project implementation in Palakkad Ditsrict', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 4348.
7. Dr P S Harikumar (2015): 'Water Qualtiy Management of Kerala: Issues and Challenges', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 4851.
8. Sindhu G (2015): 'Ground Water Contamination in Coastal Tracts', 4th Congress on Kerala Studies preliminary Sector wise Seminar11, PP 5155.
9. Latha Raman Jaigopal (2015): 'Decetnralised Total Water Management A Viable Option for Kerala', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 5659.
10. VM Sunil, Abraham Koshy and V Harilal (2015): 'River Basin Organisations and Information System for Effective Water Management in Kerala', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 6063.
11. Dr. ASK Nair (2015): 'Is there an impact of Climate Change on Water Resources of Kerala?', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 6366.

12. ജെ. ശശാങ്കൻ (2015): 'ജലമേഖലാ സ്ഥാപനവത്കരണം', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 6668.

13. ബൈജു വി. (2015): 'കേരളത്തിലെ കുടിവെള്ള മേഖല ഒരു അവലോകനം', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 6971.

14. Vinod Kumar P, Maithri (2015): 'Single Panchayat KWA schemes Rehabilitation The Erimayur Experience', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 7273.

15. ലിയോനാർഡ് കെ.ജി.എം. (2015): 'ജലനിധിയും സാമൂഹിക നീതിയും', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 7477.

16. ജഗജീവൻ എൻ., വിപിൻ വി.ജീ. (2015): 'ജലനിധി പദ്ധതി മാണിക്കൽ പഞ്ചായത്ത് നല്കുന്ന പാഠം', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 7779.

17. Dr. Jos C Raphael (2015): 'Rainwater Harvesting for Open Well Recharging 'Mazhapolima': A Case of Manaloor Grama Panchayat, Thrissur Ditsrict', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 8084.

18. കെ. എൻ ബാലഗോപാൽ (2015): 'മഴയെ കൊയ്തെടുക്കാൻ', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 8485.

19. ഡോ.പി.എൻ.അജിത്കുമാർ (2015): 'ഖര ദ്രവ മാലിന്യങ്ങൾ കുടിവെള്ള മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയ മേഖലാ സെമിനാർ 11, PP 8589.

20. പ്രൊഫ.പി കെ. രവീന്ദ്രൻ (2015): 'കുടിവെള്ള സ്രോതസുകളുടെ ഗുണമേൻമാ പരിപാലനം ഒരു ജനകീയ രീതി', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 8991.

21. ടി. രാജഗോപാൽ (2015): 'കേരളവും, (അന്തർ സംസ്ഥാന) നദീജലം പങ്കുവയ്ക്കലും', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 91102.

22. Dr. K.G. Padmakumar, Noble Abraham (2015): 'Kuttanad Padasekharams as Water Harvesting tSructures and Treated Drinking Water Source', 4th Congress on Kerala Studies preliminary Sectorwise Seminar11

23. ടി. ഗംഗാധരൻ, കേരള ശാസ്ത്ര സാഹിത്യ പരിഷത് (2015): 'വിസ്മയ വാട്ടർ തീം പാർക്ക് ജലസംരക്ഷണത്തിനൊരു നല്ല മാതൃക', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11

## മറ്റ് രേഖകൾ

24. India Meteorological Department (2013): 'State Level Climate Change Trends in India Meteorological monograph no ESSO/IMD/EMRC/02/2013', Minitsry of Earth Sciences, Government of India.

25. Rajeevan Chakrapani (2014): 'Domestic Water and Sanitation in Kerala ASituation Analysis', Forum for Policy Dialogue on Water ConLicts in India.

26. Dr Haseena VA and Dr Ajims P Mohammed (2014): 'Extent of Water Crisis and Women in Kerala', Asia Pacific Journal of Research, Vol1 Issue XIII

27. Cetnral Ground Water Board (2010): 'Ground Water Scenario of India 200910', Minitsry of Water Resources, Government of India.

28. Kerala State Planning Board, 'Economic Review 2010, 2011,2012, 2013 and 2014', Government of Kerala

29. Cetnral Water Commission (2015): 'Water and Related Statistics', Water Resources Information Directorate, CWC, Government of India.

30. Water Resources Department (2008): 'Water Policy 2008', Government of Kerala.

31. Minitsry of Water Resources (2012): 'National Water Policy 2012', Government of India.

32. Lathika M (2010): 'Water Management for Irrigation in Kerala', Economic & Political Weekly, July 24, 2010, Vol XLV No 30, PP 7380.

33. Minitsry of Water Resources, River Development and Ganga Rejuvenation (2014): '4th Census of Minor Irrigation Schemes Report', Minor Irrigation (Statistics) Wing, Government of India.

## അധ്യായം 23

# മാലിന്യസംസ്കരണം

നഗരവും ഗ്രാമവും തമ്മിലുള്ള അന്തരം അതിവേഗം മായുന്ന കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് പരിസര മലിനീകരണമാണ്. അറിഞ്ഞും അറിയാതെയുമുള്ള പലവിധ പ്രവർത്തനങ്ങളിലൂടെ മണ്ണും ജലവും പ്രാണവായുവും നാം ദുഷിപ്പിച്ചു കൊണ്ടേയിരിക്കുന്നു. നിരത്തുകളിലും ജലാശയങ്ങളിലും കുന്നുകൂടി ദുർഗന്ധം പരത്തുകയും ജലമാർഗങ്ങളിൽ അടിഞ്ഞു കൂടി നീരൊഴുക്ക് തടഞ്ഞു കൊതുക് വളർത്തൽ കേന്ദ്രങ്ങളുണ്ടാക്കുകയും ചെയ്യുന്ന ഖരമാലിന്യം മുന്പ് വൻനഗരങ്ങളുടെ മാത്രം തലവേദനയായിരുന്നെങ്കിൽ ഇന്നത് ചെറു നഗരങ്ങളുടെയും നഗര പ്രാന്തപ്രദേശങ്ങളുടെയും പഞ്ചായത്തുകളുടെ പോലും അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്ന പ്രശ്നമായിരിക്കുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണറുകളേറെയും വിസർജ്ജ്യ മാലിന്യം കലർന്നവയാണെന്നും, വ്യാവസായികകേന്ദ്രങ്ങളിൽ മാത്രമല്ല ഒട്ടുമിക്ക ജില്ലകളിലും പ്രധാനനഗരങ്ങളിലുമുള്ള അന്തരീക്ഷവായുവിലെ നനുത്ത പൊടിപടലങ്ങളുടെ സാന്നിധ്യം ശ്വാസകോശരോഗങ്ങൾക്ക് വഴിവയ്ക്കാവുന്ന അളവിലാണെന്നും പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ആരോഗ്യസംരക്ഷണ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിപ്പോകുന്നതിനു ഖരജലവായൂ മലിനീകരണ പ്രശ്നങ്ങളെ എത്രയും വേഗം ശാസ്ത്രീയമായി നേരിടുകയും നിയന്ത്രിക്കുകയും ചെയ്യാനുള്ള കർമ്മ പരിപാടി നാം തയ്യാറാക്കി നടപ്പാക്കേണ്ടതുണ്ട്.

### I. ഖരമാലിന്യ പ്രതിസന്ധി

രണ്ടു പതിറ്റാണ്ടിന് മുൻപ് കേരളത്തിൽ മാലിന്യപ്രതിസന്ധി ഒരു ചർച്ചാ വിഷയമേ ആയിരുന്നില്ല. 1991ൽ രൂപം നൽകിയ മുനിസിപ്പൽ നിയമത്തിൽ പോലും കംപോസ്റ്റിങ്, ലാൻഡ് ഫില്ലിങ്, ഡമ്പിങ് തുടങ്ങിയവയേക്കുറിച്ചു മാത്രമേ പറയുന്നുള്ളൂ. പ്ലാസ്റ്റിക്കിനെ കുറിച്ചു പരാമർശമേയില്ല. നാമമാത്രമായ പിഴ യായിരുന്നു ശിക്ഷ. എന്നാലിപ്പോൾ മാലിന്യ സംസ്കരണം സംബന്ധിച്ച വിശദമായ വ്യവസ്ഥകൾ നമുക്ക് നിയമത്തിന്റെ ഭാഗമാക്കേണ്ടി വന്നു. ഈ ഭേദഗതികളും നിലവിലുള്ള പ്രതിസന്ധി നേരിടുന്നതിന് അപര്യാപ്തമാണ് എന്ന് കാണാം.

നഗരവത്കരണത്തിന്റെ ആക്കം കൂടിയതാണ് കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലൂടെ മാലിന്യ പ്രശ്നത്തെ ഇത്രയേറെ ഗുരുതരമാക്കിയ ഒരു കാരണം. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും കനേഷുമാരി കണക്കിൽ ടൌണുകളായി കണക്കാക്കപ്പെടുന്ന പ്രദേശങ്ങളും ചേർന്നാൽ കേരളത്തിന്റെ ഭൂ വിസ്തൃതിയുടെ 16% മാത്രമേയുള്ളൂ എന്നാൽ 50% ജനങ്ങൾ ജീവിക്കുന്നതും 80% സാമ്പത്തിക ഉത്പാദനം നടക്കുന്നതും ഇവിടെയാണ്. ഇതുമൂലം നഗരങ്ങളിലെ മാലിന്യ ഉത്പാദനം വളരെയേറെയാണ്. ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ മാറ്റമാണ് മറ്റൊരു കാരണം. കൂടുതൽ പായ്ക്ക്ചെയ്ത സാധനങ്ങളും പാചകം ചെയ്ത ഭക്ഷണവുമൊക്കെ വാങ്ങുന്ന ശീലം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് വർധിപ്പിച്ചു. മുതലാളിത്ത വ്യവസ്ഥയുടെ അനിവാര്യ

സൃഷ്ടിയായ കമ്പോള മത്സരം പരസ്യവും ആകർഷക മായ പായ്ക്കേജിങ് വസ്തുക്കളുമൊക്കെയായി ഇതിന് ആക്കം കൂട്ടുന്നു. (ഡോ.ടി.എം. തോമസ് ഐസക്, 2015) പ്ലാസ്റ്റിക് കുപ്പികൾ പായ്ക്കേജിങ് വസ്തുക്കൾ പരസ്യപ്രചാരണ സാമഗ്രികൾ ഒരിക്കൽ മാത്രമുപ യോഗിച്ചു വലിച്ചെറിയാവുന്ന പലതരം വസ്തുക്കൾ തുടങ്ങിയവയാണ് അജൈവ നഗരമാലിന്യത്തിന്റെ സിംഹഭാഗവും സൃഷ്ടിക്കുന്നത്.

സ്വന്തം വീട്ടുവളപ്പിന് പുറത്തെവിടെയും ഏത് തരം മാലിന്യവും വലിച്ചെറിയാൻ ജനങ്ങൾക്കുള്ള മടിയി ല്ലായ്മ (പൌരബോധമില്ലായ്മ) ആണ് ഖരമാലിന്യ പ്രശ്നത്തെ ഒരു പൊതു പ്രശ്നമാക്കിത്തീർക്കുന്നത്. ഫലമോ അജൈവമാലിന്യവും ചീഞ്ഞളിയുന്ന ജൈവ മാലിന്യങ്ങളും എല്ലാം കൂടിക്കലർന്ന് തെരുവുകളിലും ഓടകളിലും ജലാശയങ്ങളിലുമൊക്കെ എത്തുകയും അത് കൊത്തിച്ചികഞ്ഞും കടിച്ചുവലിച്ചും കാക്കകളും എലികളും തെരുവ് നായ്ക്കളും പെരുകുകയും ചെയ്യു ന്നു. തെരുവുകളും പൊതുസ്ഥലങ്ങളും ദുർഗന്ധപൂരി തമാകുന്നതിലും തെരുവുനായ്ക്കളും എലികളും പെരു കുന്നതിലും ഒഴുക്ക് തടസ്സപ്പെട്ടു കൊതുക് വളർത്തൽ കുളങ്ങളാകുന്ന ഓടകളുടെ സ്ഥിതിയിലും പരാതിയി ല്ലാത്തവരായി ആരുമില്ല. എന്നാൽ ഇത് താനും കൂടി ഉൾപ്പെട്ട സമൂഹത്തിന്റെ സൃഷ്ടിയാണെന്നും മാലിന്യ സംസ്കരണത്തിനുള്ള ഉത്തരവാദിത്തം തന്റേതുകൂടി യാണെന്നും അവർ മനസിലാക്കാൻ തയ്യാറാവുന്നില്ല.

## ഖരമാലിന്യത്തിന്റെ അളവും തരവും

ഓരോ കേരളീയനും പ്രതിദിനം ശരാശരി 250 ഗ്രാം മാലിന്യം ഉത്പാദിപ്പിക്കുന്നു. കോർപ്പറേഷനുകളിൽ ഇത് 465 ഗ്രാമും പഞ്ചായത്തുകളിൽ 190 ഗ്രാമുമാണ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. 2006ലെ കണക്കുപ്ര കാരം പ്രതിദിനം കോർപ്പറേഷനുകളിൽ 1683 ടണ്ണും മുനിസിപ്പാലിറ്റികളിൽ 785 ടണ്ണും പഞ്ചായത്തുകളിൽ 4565 ടണ്ണും മാലിന്യമാണ് നിർമ്മിക്കപ്പെടുന്നത്. ഓരോ വർഷവും ഇത് 1.4% വീതം വർധിക്കുകയും ചെയ്യുന്നു എന്നാണ് വിദഗ്ദ്ധമതം. അതുപ്രകാരം ഇപ്പോൾ കേ രളത്തിലെ പ്രതിദിന മാലിന്യ ഉത്പാദനം ഏതാണ്ട് 8000 ടണ്ണാണ്. നഗര മാലിന്യത്തിന്റെ ചേരുവ ശരാശ രി ശതമാനക്കണക്കിൽ പട്ടിക 23.1ൽ കൊടുക്കുന്നു.

ആകെ മാലിന്യത്തിന്റെ 70 ശതമാനത്തിലേറെയും ജൈവമാലിന്യമാണ് എന്നു കണക്കുകൾ കാണിക്കു ന്നു. ജൈവമാലിന്യത്തിൽ ഏറിയപങ്കും ചീഞ്ഞളിയുന്ന ഭക്ഷണാവശിഷ്ടങ്ങൾ, പച്ചക്കറിയുടെയും പഴങ്ങളുടെ യും അവശിഷ്ടങ്ങൾ, ചാണകം, മത്സ്യമാംസാദികളുടെ അവശിഷ്ടങ്ങൾ തുടങ്ങിയവയാണ്. ഇവയാണ് ദുർഗ ന്ധത്തിനും എലിയും പാറ്റയും കാക്കയും തെരുവ് നായ്ക്കളും പെരുകാനും കാരണമാകുന്നതിലൂടെ പൊതുജനാരോഗ്യപ്രശ്നം ആകുന്നത്. അതോടൊ പ്പം കരിയില, ചിരട്ട, ഓലമടൽ, ഉള്ളിത്തോലി, മുട്ട ത്തോട് തുടങ്ങി പെട്ടന്നൊന്നും ചീഞ്ഞു പോകാത്ത ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും നീരൊ ഴുക്ക് തടഞ്ഞു മഴവെള്ളവും ഓടവെള്ളവും കെട്ടി നിൽകാനും മലിനീകരണ പ്രശ്നം രൂക്ഷമാകാനും കാരണമാകുന്നു.

**പട്ടിക 23.1**
**ശരാശരി നഗര മാലിന്യത്തിന്റെ ചേരുവ**

| മാലിന്യത്തിന്റെ തരം | ആകെ മാലിന്യത്തിലെ പങ്ക് (ശതമാനമായി) |
|---|---|
| ജൈവ മാലിന്യം | 71.74 |
| കടലാസുകൾ | 7.43 |
| പ്ലാസ്റ്റിക് | 5.11 |
| റബ്ബർ, ലെതർ | 1.67 |
| ഗ്ലാസ്സ് | 1.33 |
| ലോഹങ്ങൾ | 1.20 |
| മറ്റുള്ളവ | 11.52 |

ഉറവിടം: കെ.എസ്.യൂ.ഡി.പി, 2008

അജൈവ മാലിന്യങ്ങള് പ്രധാനമായും അഞ്ചുതര ത്തിലുണ്ട്. കേരളത്തിലെ നഗരമാലിന്യത്തിന്റെ ഏഴു ശതമാനത്തോളം വരുന്ന കടലാസ് ചവറാണ് ഇതിൽ ആദ്യഇനം പ്രസിദ്ധീകരണങ്ങൾ, പായ്ക്കേജിങ് സാ മഗ്രികൾ തുടങ്ങിയവയാണ് ഇതിന്റെ സ്രോതസ്. ഇവ ഒരളവു വരെ പുനരുപയോഗിക്കാൻ കഴിയും. കാലക്ര മേണ ദ്രവിച്ചു മണ്ണിലലിയുകയും ചെയ്യും. എന്നാൽ പ്ലാസ്റ്റിക് കവറുകളും കുപ്പികളും മറ്റ് പ്ലാസ്റ്റിക് സാമ ഗ്രികളും അടങ്ങുന്ന രണ്ടാമത്തെ ഇനമാണ് അജൈ വമാലിന്യങ്ങളിൽ ഏറ്റവും തലവേദനയുണ്ടാക്കുന്ന വിഭാഗം. ആയിരക്കണക്കിന് വർഷങ്ങൾ ദ്രവിക്കാതെ കിടക്കുന്ന ഇവ ഇന്ന് നഗരമാലിന്യ ത്തിന്റെ അഞ്ചു ശതമാനമുണ്ട്. മൂന്നാമത്തെയിനം ലോഹങ്ങൾ, ഗ്ലാ സ്സ്, റബ്ബർ, ലെതർ തുടങ്ങിയവയാണ്. ഇവയെല്ലാം കൂടി ഏതാണ്ട് നാലുശതമാനം വരും. ഇത് ഒരളവു വരെ പുനചംക്രമണം ചെയ്യാനാകും; ബാക്കിയുള്ളവ സുരക്ഷിതമായി ലാൻഡ് ഫില്ലിങ്ങിന് ഉപയോഗിക്കേ ണ്ടിവരും. നിർമ്മാണ മേഖല പുറംതള്ളുന്ന മണ്ണും കെട്ടിടവശിഷ്ടങ്ങളുമാണ് അളവിലേറെ വരുന്ന നാലാമ ത്തേയിനം. ഇത് ജലനിർഗമനപാതകളെ തടയാത്തവി ധം നീക്കം ചെയ്യുകയും താഴ്ന്ന തരം റോഡുകളുടെ നിർമ്മിതിക്കായി ഉപയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ അഞ്ചാമത്തെയിനമായ ഇലക്ട്രോണിക് മാലി ന്യവും ബയോ മെഡിക്കൽ മാലിന്യവുമാണ് അജൈ വ ഖരമാലിന്യങ്ങളിൽ ഏറ്റവും അപകടകാരിയായ ഘടകം. ഫ്യൂസായ ട്യൂബ് ലൈറ്റുകൾ സിഎഫ്എൽ വിളക്കുകൾ, കേടായ മിക്സിയും ഫാനും പോലു ള്ള ഇലക്ട്രിക്കൽ ഉപകരണങ്ങൾ, കേടായ കംപ്യൂട്ടർ, മൊബൈൽ ഫോൺ, ടിവി തുടങ്ങിയ ഇലക്ട്രോണിക ഉപകരണങ്ങൾ തുടങ്ങിയവയൊക്കെ അലക്ഷ്യമായി ഉപേക്ഷിച്ചാൽ വിഷകാരികളായ ഘനലോഹ മാലി ന്യങ്ങൾ മണ്ണിലും വെള്ളത്തിലും കലരാനിടയാവു

കയും പ്ലാസ്റ്റിക് മാലിന്യപ്രശ്നങ്ങള്ക്ക് ആക്കം കൂട്ടുകയും ചെയ്യും. ഇവ ശേഖരിച്ച് ശാസ്ത്രീയമായി പുനചംക്രമണം ചെയ്യേണ്ടതുണ്ട്. ഇതുപോലെ തന്നെ അപകടകാരികളാണ് ബയോ മെഡിക്കൽ മാലിന്യം. ഉപയോഗിച്ച സിറിഞ്ചും പഞ്ഞിയും ഗ്ലൌസും മരുന്ന് അവശിഷ്ടങ്ങളും ശസ്ത്രക്രിയാ അവശിഷ്ടങ്ങളും രോഗാണുബാധ അടക്കമുള്ള അപകടങ്ങൾക്ക് കാരണമാകാവുന്നവയാണ് എന്നതിനാൽ വേറെയായി തന്നെ ശേഖരിക്കുകയും അപകടരഹിതമായി നശിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ഉറവിടത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുമ്പോൾ, നഗരമാലിന്യത്തിന്റെ ഏതാണ്ട് അമ്പതു ശതമാനത്തോളവും എത്തുന്നത് ഗാർഹിക മേഖലയിൽ നിന്നുമാണ്; (പട്ടിക 23.2) പത്തരശതമാനത്തോളം ഹോട്ടലുകളിൽനിന്നും ഒരുശതമാനത്തിലേറെ കല്യാണമണ്ഡപങ്ങളിൽ നിന്നും എത്തുന്നു. ഇവിടങ്ങളിലെല്ലാം ഉണ്ടാകുന്ന മാലിന്യത്തിൽ 7080% വും ജൈവമാലിന്യമാണ്. മറ്റൊരു പത്തുശതമാനം ജൈവമാലിന്യം കമ്പോളങ്ങളിൽ നിന്നും ഒരുശതമാനം അറവുശാലകളിൽ നിന്നുമാണുണ്ടാകുന്നത്. പ്ലാസ്റ്റിക്കും കടലാസും അടങ്ങുന്ന അജൈവ മാലിന്യങ്ങൾ (11%) ഏറെയും എത്തുന്നത് വാണിജ്യ സ്ഥാപനങ്ങളിൽ നിന്നാണ്. (ഡോ. തോമസ് ഐസക്,2015)

**പട്ടിക 23.2**
**ഖരമാലിന്യത്തിന്റെ ഉറവിടം**

| ഉറവിടം | ആകെ മാലിന്യത്തിലെ പങ്ക് (ശതമാനമായി) |
|---|---|
| വീടുകൾ | 48.62 |
| വാണിജ്യസ്ഥാപനങ്ങൾ | 10.90 |
| ഹോട്ടലുകൾ | 10.54 |
| തെരുവുകൾ | 9.34 |
| മാർക്കറ്റുകൾ | 5.87 |
| നിർമ്മാണപ്രവർത്തികൾ | 5.87 |
| സ്കൂളുകളും ഓഫീസുകളും | 4.67 |
| ആശുപത്രികൾ | 1.92 |
| കല്യാണമണ്ഡപങ്ങൾ | 1.20 |
| അറവുശാലകൾ | 1.08 |

ഉറവിടം: കെ.എസ്.യൂ.ഡി.പി, 2008

## ഖരമാലിന്യ പ്രതിസന്ധിയുടെ വേരുകൾ

ഖരമാലിന്യ സംസ്കരണത്തിന് നഗരസഭകൾക്കെല്ലാം കേന്ദ്രീകൃത കമ്പോസ്റ്റിങ് പ്ലാന്റുകൾ ഉണ്ടായിരുന്നു. എന്നാൽ കാലക്രമത്തിൽ ഇവയെല്ലാം മാലിന്യ കൂമ്പാരങ്ങളായി; അതാത് പ്രദേശത്തെ ജനങ്ങളുടെ കടുത്ത എതിർപ്പിന് പാത്രമായി പരാജയപ്പെട്ടു അടച്ചുപൂട്ടപ്പെട്ടു. തിരുവനന്തപുരത്തെ വിളപ്പിൽശാല, ആലപ്പുഴയിലെ സർവോദയപുരം കോട്ടയത്തെ വടവാതുർ, തൃശ്ശൂരെ ലാലൂർ, കോഴിക്കോട്ടെ ഞെളിയൻപറമ്പ തുടങ്ങിയ കേന്ദ്രീകൃത മാലിന്യസംസ്കരണകേന്ദ്രങ്ങൾ എല്ലാം ഇക്കൂട്ടത്തിലുണ്ട്.

എല്ലാത്തരം ജൈവ-അജൈവ മാലിന്യങ്ങളും ഒന്നിച്ചു കൊണ്ടുവന്നു കൂട്ടമായി വിൻഡ്രോ കമ്പോസ്റ്റിങ് നടത്തുകയും കമ്പോസ്റ്റ് ആയശേഷം യന്ത്രസഹായത്തോടെ അജൈവമാലിന്യങ്ങൾ അരിച്ച് മാറ്റുകയും ചെയ്യുന്ന രീതിയാണു ഇവിടെയൊക്കെ പൊതുവേ ഉപയോഗിച്ചിരുന്നത്. ചിലയിടത്ത് വീടുകളിൽ ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ചു ശേഖരിക്കാൻ പ്രത്യേക ബക്കറ്റുകൾ നല്കിയിരുന്നു. പക്ഷേ അവിടെയും വീടുകളിൽ നിന്നു മാലിന്യം ശേഖരിക്കുന്നവർ അവയെല്ലാം ഒന്നിച്ച് ഒരു വണ്ടിയിൽ തട്ടിയിട്ടു കൂട്ടിചേർത്താണ് പ്ലാൻറിൽ എത്തിച്ചിരുന്നത്. അതുമൂലം പലപ്പോഴും ശരിയായ കമ്പോസ്റ്റിങ് നടക്കാതെ ദുർഗന്ധവും അമിതമായ ലീച്ചേറ്റും ഉണ്ടായി. അപകടമുണ്ടാക്കാവുന്ന ലീച്ചേറ്റ് അഥവാ ഊറൽ ദ്രവം സമീപത്തെ ജലസ്രോതസുകളിലേക്ക് കിനിഞ്ഞിറങ്ങി. അജൈവ വസ്തുക്കൾ അരിച്ചുമാറ്റാനുള്ള യന്ത്രത്തിൽ പലപ്പോഴും തടിക്കഷണങ്ങളും ടയറും മറ്റും കുടുങ്ങി കേടായി, പ്ലാൻറ് പ്രവർത്തനം നിലച്ചു. അരിച്ചെടുത്ത കമ്പോസ്റ്റിലാകട്ടെ രാസപദാർഥങ്ങൾ കലർന്നിരുന്നതിനാൽ അത് വളമായി വിറ്റുപോകാൻ തടസ്സമായി. സംസ്കരണകേന്ദ്രങ്ങൾ ഒന്നൊന്നായി മാലിന്യക്കൂമ്പാരമായി മാറുകയും ജനകീയ പ്രതിഷേധത്തിനിടയാകുകയും അടക്കപ്പെടുകയും ചെയ്തതിന് കാരണങ്ങൾ ഇവയായിരുന്നു.

ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് 2008ൽ മാലിന്യമുക്ത കേരളം പ്രസ്ഥാനം ആരംഭിച്ചത്. അതോടെ ഉറവിടമാലിന്യസംസ്കരണം കേരളത്തിന്റെ അജണ്ടയായി. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ഗാർഹിക - വാണിജ്യ ഉപയോഗങ്ങൾക്കുള്ള ജൈവവാതക പ്ലാൻറുകളുടെയും കമ്പോസ്റ്റിങ് ഉപകരണങ്ങളുടെയും മാനദണ്ഡങ്ങളും 75% വരെ സബ്സിഡിയും നിശ്ചയിച്ചു; അവ സ്ഥാപിച്ചു നൽകുന്നതിന് വൈദഗ്ദ്ധ്യമുള്ള എജെൻസികൾക്ക് അക്രെഡിറ്റേഷനും നല്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായാണ് മാലിന്യമുക്ത കേരളം പരിപാടി നടപ്പാക്കാൻ ലക്ഷ്യമിട്ടത്. എന്നാൽ അതൊരു ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രസ്ഥാനമാക്കി വളർത്താനായില്ല. മാമൂലുകളിൽ കുരുങ്ങി ഒച്ചിഴയുന്ന വേഗത്തിലാണ് കാര്യങ്ങൾ നടന്നത്. ഫലത്തിൽ നഗരങ്ങളിലെ കേന്ദ്രീകൃത കമ്പോസ്റ്റിങ് പ്ലാന്റുകളിലുള്ള ഊന്നലും പ്രാദേശികമായി അവയ്കെതിരെയുള്ള സമരങ്ങളും തുടർന്നു.

2011ൽ അധികാരത്തിൽ വന്ന യൂ.ഡി.എഫ്. സർക്കാർ ശുചിത്വത്തെക്കുറിച്ച് വാചാലമാണെങ്കിലും പ്രായോഗികമായി ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല ഭരണത്തിന്റെ ആദ്യവർഷം വകയിരുത്തിയ നൂറുകോടി രൂപയുടെ ചെറിയ ഭാഗമേ ഇനിയും ചെ

ലവഴിച്ചു തീർന്നിട്ടുള്ളൂ. ഇതിന് ധനമന്ത്രി പഴി ചാരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേലാണ്. പക്ഷേ സർക്കാരിന്റെയും ശുചിത്വ മിഷന്റെയും ബ്യൂറോക്രാറ്റിക് സമീപനവും ജനങ്ങളെ പങ്കാളികളാക്കുന്ന ഒരു മാലിന്യപരിപാലന പ്രസ്ഥാനത്തിനു രൂപംനൽകാൻ അവർക്കുള്ള വിമുഖതയുമാണ് ഇതിന് കാരണം. നഗരവകുപ്പിനാണെങ്കിൽ ഇനിയും പ്രവർത്തനക്ഷമത തെളിയിക്കപ്പെടാത്ത വൻകിട അത്യാധുനിക പ്ലാന്റുകളിലെ വിശ്വാസമുള്ളൂ. (ഡോ. തോമസ് ഐസക്, 2015). നിലവിലുണ്ടായിരുന്ന ഇത്തരം പ്ലാൻറുകളാകട്ടെ, ഇക്കാലയളവിൽ പൂട്ടി. പുതിയവ തുറക്കാൻ ഒരിടത്തു ജനങ്ങൾക്കു സമ്മതവുമല്ല.

സാങ്കേതികവിദ്യകളുടെ അപര്യാപ്തതതയല്ല ഖരമാലിന്യസംസ്കരണ പ്രതിസന്ധിക്ക് കാരണം. മാലിന്യത്തിന്റെ അളവും തരവും സംസ്കരണത്തിന് ലഭ്യമായ സ്ഥലവും ചെയ്യുന്നവരുടെ താത്പര്യങ്ങളും അവർക്ക് നല്കേണ്ട പരിശീലനവും എല്ലാം പരിഗണിച്ചുള്ള സാങ്കേതികവിദ്യയുടെ തെരഞ്ഞെടുപ്പും നടപ്പാക്കലുമാണ് ആവശ്യം. ശരിയായ മാലിന്യപരിപാലനം നമ്മുടെ വ്യക്തിഗതവും സാമൂഹികവുമായ സംസ്കാരം തന്നെയായിമാറണം. അതിനുള്ള നടപടികളാണ് ഉണ്ടാവേണ്ടത്; ഇതാകട്ടെ ജനപങ്കാളിത്തത്തിലൂന്നിയ പ്രവർത്തനത്തിലൂടെ മാത്രം കൈവരിക്കാനാകുന്നതുമാണ്.

## ഖരമാലിന്യസംസ്കരണ പാഠങ്ങൾ

പ്രവർത്തനത്തിൽ നിശ്ചയദാർഢ്യവും ആത്മാർഥതയുമുണ്ടെങ്കിൽ സുരക്ഷിത ഖരമാലിന്യപരിപാലനം പ്രായോഗികമായി സാധ്യമാക്കാവുന്നതേയുള്ളൂ എന്നു തെളിയിക്കുന്ന പ്രവർത്തനമാണ് 2012 മുതൽ നിർമ്മലഭവനം നിർമ്മലനഗരം എന്ന പദ്ധതിയിലൂടെ ആലപ്പുഴ മുനിസിപ്പാലിറ്റി നടത്തിയിട്ടുള്ളത്. പ്രതിദിനം ഏതാണ്ട് 50 ടൺ മാലിന്യം സൃഷ്ടിക്കുന്ന ആലപ്പുഴ നഗരം ഇന്ന്, അവിടത്തെ ജനങ്ങളുടെ ശീലങ്ങളും സമീപനങ്ങളും നവീകരിച്ച സർഗ്ഗാത്മകമായ ഒരു ജനകീയ പ്രസ്ഥാനത്തിന്റെ വിജയത്തിലൂടെ, മാലിന്യ പ്രതിസന്ധിയിൽ നിന്നു കരകേറിയിരിക്കുന്നു. (ഡോ. തോമസ് ഐസക്, 2015; അജിത്കുമാർ ആർ., 2015)

ഒന്നാമതായി അറിയേണ്ടതും പഠിപ്പിക്കേണ്ടതുമായ പാഠം പലതരം മാലിന്യങ്ങൾ കൂട്ടിക്കലർത്തുന്നത് ശരിയായ മാലിന്യ സംസ്കരണത്തിന് തടസ്സമാകും. ചീഞ്ഞളിയാവുന്ന ജൈവമാലിന്യം, വേഗം ചീഞ്ഞു പോകാത്തതും അല്ലതയുള്ളതുമായ ജൈവമാലിന്യം, അജൈവമാലിന്യങ്ങളായ കടലാസുകൾ, പ്ലാസ്റ്റിക്കുകൾ, ലോഹം, ഗ്ലാസ്സ്, റബ്ബർലെതർ സാമഗ്രികൾ, ഇലക്ട്രോണിക മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവയെല്ലാം ഉറവിടത്തിൽ തന്നെ തരം തിരിച്ച് വേറെയായി ശേഖരിക്കപ്പെടണം. അപ്പോൾ ഓരോ ഘടകത്തെയും ശരിയായി കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായി നിർമാർജ്ജനം ചെയ്യുന്നതിനും കഴിയുകയും ഇവക്കെല്ലാം പുനരുപയോഗ സാധ്യതയുണ്ടാകുകയും ചെയ്യുന്നു. ഇതാണ് ശരിയായ മാലിന്യ പരിപാലനത്തിന്റെ ആദ്യപടി. ഇത് കൃത്യമായി നിർവഹിക്കപ്പെടണമെങ്കിൽ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നയിടങ്ങളായ വീടുകളെയും ഓഫീസുകളെയും വാണിജ്യസ്ഥാപനങ്ങളെയും കമ്പോളങ്ങളേയും കേന്ദ്രീകരിച്ചു അവിടെ പ്രവർത്തിക്കുന്നവരെ ബോധവത്കരിക്കാനും ശരിയായ മാലിന്യപരിപാലന ദൌത്യത്തിൽ പങ്കാളികളാക്കാനുമുള്ള നടപടികളുണ്ടാവണം. കുട്ടികളെയും മുതിർന്നവരെയും ഒപ്പം കൂട്ടുന്ന കാംപയിൻ നടക്കണം. ഇത്തരത്തിൽ വിജയകരമായി നടന്നിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ ഈ കാംപയിൻ മാതൃകയാകണം. (അജിത്കുമാർ ആർ, 2015; അശ്വിനി എസ്, 2015)

തരംതിരിച്ച മാലിന്യങ്ങളിൽ ആദ്യം കൈകാര്യം ചെയ്യപ്പെടേണ്ടത് ചീഞ്ഞളിയാവുന്ന ജൈവമാലിന്യം തന്നെയാണ്. കാരണം അത് സംസ്കരിക്കാതെയിരുന്നാൽ വേഗംതന്നെ ദുർഗന്ധം പരത്തുകയും ഈച്ച, പാറ്റ, എലി തുടങ്ങിയവയെയൊക്കെ ആകർഷിക്കുകയും ചെയ്യും. സുരക്ഷിതമായ രണ്ടു മാർഗ്ഗങ്ങളാണിതിനുള്ളത്. സൂക്ഷ്മാണുക്കളുടെയും മിത്രകീടങ്ങളുടെയും സഹായത്തോടെ മാലിന്യത്തെ വളമാക്കി മാറ്റുന്ന കമ്പോസ്റ്റിങ്ങും മാലിന്യത്തെ വായുബന്ധമില്ലാതെ വിഘടിപ്പിച്ചു പാചകവാതകമാക്കുന്ന ജൈവ വാതകോത്പാദനവും. മാലിന്യം വളരെ കുറവു മാത്രമുള്ളയിടങ്ങളിൽ ലളിതവും വളരെ ചെലവുകുറഞ്ഞതുമായ കിച്ചൻബിൻ, പൈപ്പ് കമ്പോസ്റ്റിങ് യൂണിറ്റുകൾ മതിയാകും. ഒരു സാധാരണ വീട്ടിലെ ജൈവമാലിന്യം കമ്പോസ്റ്റാക്കി മാറ്റുന്നതിന് ഏറെ ഉചിതം ബിൻ കമ്പോസ്റ്റിങ്ങോ മണ്ണിര കമ്പോസ്റ്റിങ്ങോ ആയിരിയ്ക്കും. എന്നാൽ മണ്ണിരയുടെ പരിപാലനം കുറച്ചുകൂടി ശ്രദ്ധ വേണ്ടതായതിനാൽ അത് കഴിയുന്നവരെ ഏറ്റെടുക്കേണ്ടതുള്ളൂ. പാചകവാതകം ലാഭിക്കാൻ സഹായിക്കുന്ന ജൈവവാതകപ്ലാൻറുകൾ വീടുകൾക്കും ഹോട്ടലുകൾ കാൻറീനുകൾ പച്ചക്കറിമത്സ്യമാംസ മാർക്കറ്റുകൾ തുടങ്ങിയവയ്ക്കും ഏറെ യോജിച്ച മാലിന്യ സംസ്കരണ സംവിധാനമാണ്. മാലിന്യത്തിന്റെ അളവനുസരിച്ച് 500 ലിറ്റർ ശേഷി മുതൽ മോളിലോട്ടു ആവശ്യമായ വലിപ്പത്തിൽ ജൈവവാതക പ്ലാൻറ് സ്ഥാപിക്കാനാകും. പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഈ സംവിധാനങ്ങൾ സ്ഥാപിക്കുകയും ശരിയായി പരിപാലനം ചെയ്ത് ഉപയോഗിക്കുകയും ചെയ്യുന്നതിലൂടെ പൊതുസ്ഥലങ്ങളിലേക്ക് ജൈവമാലിന്യ മെത്തുന്നതും അതുമൂലമുള്ള ദുരിതങ്ങളും ഒഴിവാക്കാനാകും.

എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും സ്വന്തമായി മാലിന്യസംസ്കരണ സംവിധാനമൊരുക്കാൻ സ്ഥലവും പരിപാലിക്കാൻ ആളും ഉണ്ടാവണമെന്നില്ല. അത്തരത്തിൽ സ്വന്തമായി ചെയ്യാനാവാത്തവർക്ക് വേണ്ടി തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പൊതുസംവിധാനമൊരുക്കാൻ കഴിയണം. ഇതിന് യോജിച്ച സങ്കേതമാണ് തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റിങ്ങു യൂണിറ്റുകൾ. ഏത് തരം ജൈവമാലിന്യത്തെയും സുരക്ഷിതമായി കമ്പോസ്റ്റാക്കാൻ കഴിയുന്ന സംവിധാനമാണ്. ഉചിത

മായ ഫീസീടാക്കിക്കൊണ്ട് ആവശ്യക്കാർക്കായി ഈ സംവിധാനം (മാലിന്യത്തിന്റെ ഉറവിടത്തിൽനിന്നും ഏറെ ദൂരേക്ക് അതിനെ കൊണ്ടുപോകേണ്ടതില്ലാത്ത വിധം) നഗരത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം. അവയുടെ ശരിയായ പരിപാലനത്തിന് ആവശ്യമായ ബാക്ടീരിയൽ ഈനോക്കുലവും കരിയിലയും മറ്റും ലഭ്യമാക്കാനുള്ള സംവിധാനവും പരിപാലിക്കാൻ പരിശീലനമുള്ള ജീവനക്കാരും മാലിന്യം ഉറവിടത്തിൽനിന്ന് ശേഖരിച്ചു എയ്റോബിക് കമ്പോസ്റ്റിങ്ങു യൂണിട്ടിലെത്തിക്കാന് ചിട്ടയായ സംവിധാനവും ഒരുക്കണം. അറവുശാലകളിൽനിന്നും ഇറച്ചിക്കോഴിക്കടകളിൽ നിന്നുമൊക്കെയുണ്ടാകുന്ന മാംസാവശിഷ്ടങ്ങൾ പ്രത്യേകമായി ശേഖരിച്ചു ബോൺമീൽ വളമോ ജൈവഡീസലോ ആക്കി മാറ്റുന്നതും മാലിന്യപ്രശ്നം ഒഴിവാകുന്നതിനും സാമ്പത്തിക നേട്ടത്തിനും ഉതകുന്ന സാങ്കേതികവിദ്യകളാണ്. ഇത്തരം സംരംഭകർക്കു പ്രോത്സാഹനം നല്കണം. (ഡോ.ദീപക് മാത്യു etal, 2015; ജോൺ എബ്രഹാം etal, 2015; ഗിരിജ ഡി, 2015)

## അജൈവ ഖരമാലിന്യപരിപാലനം

അജൈവമാലിന്യങ്ങൾ കത്തിക്കുകയോ വലിച്ചെറിയുകയോ ചെയ്യാതിരിക്കാനും തരംതിരിച്ചു വൃത്തിയായി സൂക്ഷിച്ചു വെയ്ക്കാനും ആളുകളെ ബോധവത്കരിക്കുകയാണ് ശരിയായ മാലിന്യ പരിപാലനത്തിനുള്ള അടുത്ത പടി. തുടർന്ന് കൃത്യമായ ഇടവേളകളിൽ അവ ഉറവിടമായ വീടുകളിൽ നിന്നും കടകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ചു പുനചംക്രമണ കേന്ദ്രങ്ങളിലേക്ക് അയക്കാൻ സംവിധാനമുണ്ടാക്കണം. ഇവ ശേഖരിക്കാൻ പ്രവർത്തകരും സൂക്ഷിക്കാൻ സ്ഥലവും വാങ്ങാൻ പുനഃചംക്രമണ കേന്ദ്രങ്ങളുമായി കരാറുമുണ്ടാകണം.

കോഴിക്കോട് ജില്ലയിലെ വെങ്ങേരിയിൽ നിന്നു തുടങ്ങി, കോഴിക്കോട് വിമാനത്താവളത്തിലും, കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിലും, ഷൊർണൂർ റെയിൽവേ സ്റ്റേഷനിലുമൊക്കെ ഏറ്റെടുത്തു വിജയിപ്പിച്ച പ്രവർത്തനങ്ങളിലൂടെ ജനകീയ കൂട്ടായ്മയിലൂടെ മാലിന്യനിർമ്മാർജ്ജനവും മാലിന്യസംസ്കരണത്തിന് നിലനിൽപ്പുള്ള സംവിധാനവും ഒരുക്കുന്നതിന് നിറവ് എന്ന സംഘടന മാതൃക കാണിച്ചിട്ടുണ്ട്. (ബാബു പറമ്പത്ത്, റസിയ സുൽത്താന, 2015) ഇരവിപേരൂർ ഗ്രാമപ്പഞ്ചായത്ത് ഒരളവുവരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു അവയെ റോഡ് നിർമ്മാണത്തിൽ ഉപയോഗിയ്ക്കുന്ന നവീന സമീപനത്തിലൂടെ മറ്റൊരു വിജയകരമായ മാതൃകകാട്ടിയിട്ടുണ്ട്. (ഇരവിപേരൂർ ഗ്രാമപ്പഞ്ചായത്ത്, 2015) ഇവയൊക്കെ മറ്റ് ഏതൊരിടത്തും നടപ്പാക്കാനാകുന്നവയുമാണ്.

എന്നാൽ പ്ലാസ്റ്റിക്കുകളുടെ പ്രശ്നം വേറെയായിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണ്. കാരണം എത്ര പുനരുപയോഗിച്ചാലും അന്തിമമായി പ്രകൃതിക്കും മനുഷരുടെയും മറ്റുജീവജാലങ്ങളുടെയും ആരോഗ്യത്തിനും ഹാനികരമായ മാലിന്യമാണ് പ്ലാസ്റ്റിക്കുകൾ. (പട്ടിക 23.3 കാണുക) ഇത് പൂർണ്ണമായി ഒഴിവാക്കുക ഇന്നത്തെ നിലയ്ക്ക് അസാധ്യമാണെങ്കിലും പരമാവധി ഇവയുടെ ഉപയോഗം കുറയ്ക്കാനുള്ള ശ്രമങ്ങൾ അതിപ്രധാനമാണ്.

**പട്ടിക 23.3**
**വിവിധ പദാർഥങ്ങൾ മണ്ണിൽ ദ്രവിച്ചു ചേരാൻ വേണ്ട കാലയളവ്**

| പദാർഥം | ദ്രവിച്ചു പോകാൻ വേണ്ട കാലം |
|---|---|
| പ്ലാസ്റ്റിക് | 10 ലക്ഷം വർഷം |
| ഡയപ്പറുകൾ | 500600 വർഷം |
| അലുമിനിയം | 200500 വർഷം |
| ടിൻ | 80100 വർഷം |
| ലെതർ (ഷൂ, ബാഗ്) | 4050 വർഷം |
| തടി | 1015 വർഷം |
| തുണി | 5 മാസം |
| കടലാസ് | 1 മാസം |
| ജൈവ മാലിന്യം | 3050 ദിവസം |

ഉറവിടം: ഡോ.ആർ അജയകുമാർ വർമ്മ 2009

തണൽ എന്ന സംഘടന നടത്തിയ ഒരു പഠനമനുസരിച്ച് കേരളത്തിലെ വീടുകൾ പ്രതിവർഷം ഏതാണ്ട് 392 കോടിയിലേറെ പ്ലാസ്റ്റിക് ക്യാരിബാഗുകളും 64.7 കോടി പ്ലാസ്റ്റിക് പെറ്റ് ബോട്ടിലുകളും രണ്ടുകോടിയിൽപരം ഫ്ലൂറസൻറ് വിളക്കുകളും നൂറുകോടിയിലേറെ സാനിട്ടറി നാപ്കിനുകളും പുറംതള്ളുന്നുണ്ട്. ഇതുയർത്തുന്ന പാരിസ്ഥിതിക വെല്ലുവിളി ചെറുതല്ല. ഒരളവുവരെ പുനരുപയോഗവും പുനചംക്രമണവും ചെയ്യാനായാൽ പോലും എല്ലാ പ്ലാസ്റ്റിക്കുകളും അന്തിമമായി ചവറുതന്നെ ആയിത്തീരും. പൊടിഞ്ഞു ചെറുതരികളായി മാറിയാലും നശിക്കുകയോ മൂലകങ്ങളായി മണ്ണിൽ ചേരുകയോ ചെയ്യാതെ നൂറ്റാണ്ടുകളോളം അവശേഷിക്കുന്ന ഇവ മണ്ണിലും കടലിലും ഒരുപോലെ അടിഞ്ഞു കൂടി പാരിസ്ഥിതിക പ്രശ്നമായി തീരുകയും ചെയ്യും. 2011ൽ നടത്തിയിട്ടുള്ള ചില പഠനങ്ങൾ അനുസരിച്ചുതന്നെ ഓരോവർഷവും പ്ലാസ്റ്റിക് സാമാനങ്ങൾ ഉള്ളിൽ ചെന്നും പ്ലാസ്റ്റിക് മാലിന്യങ്ങളിൽ കുരുങ്ങിയും ലക്ഷക്കണക്കിനു കടൽ ജീവികളും പക്ഷികളും ചത്തൊടുങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ട്. പലതരം പ്ലാസ്റ്റിക് ഉത്പന്നങ്ങളിലും ഉപയോഗിക്കുന്ന രാസഘടകങ്ങൾ മനുഷ്യനു ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാവുന്നവയാണ്. പ്ലാസ്റ്റിക് കത്തുമ്പോഴുണ്ടാകുന്ന വാതകങ്ങളും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന ഡയോക്!സീൻ പോലുള്ള വിഷാംശങ്ങൾ അടങ്ങിയതാണ്. (സയൻസ് ഫോർ എൻവയോൺമെൻറ് പോളിസി – ഇൻ ഡെപ്ത്ത് റിപ്പോർട്ട്, 2011). ചുരുക്കത്തിൽ ഇന്ന് നമുക്ക് ലഭ്യമായ

ഒരു സാങ്കേതിക വിദ്യക്കും പരിഹരിക്കാനാകാത്തത്ര മലിനീകരണകാരികളാണ് പ്ലാസ്റ്റിക്കുകൾ. അത് തിരിച്ചറിഞ്ഞു അവയുടെ ഉപയോഗം പരമാവധി കുറയ്ക്കുക തന്നെയാണ് വിവേകപൂർണ്ണമായ സമീപനം.

40 മൈക്രോണിൽ കുറഞ്ഞ കനമുള്ള കരിബാഗുകൾ നിരോധിക്കാൻ ഇപ്പോൾ തന്നെ നമുക്ക് നിയമമുണ്ട് അത് കർശനമായി നടപ്പാക്കപ്പെടണം. അവയിൽ കൂടുതൽ കനമുള്ളവയ്ക്ക് വില ചുമത്തുന്നതിലൂടെ അവയുടെ ഉപയോഗം നിരുൽസാഹപ്പെടുത്തണം. പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം പ്രകൃതിക്കിണങ്ങുന്ന തുണിയിലും കടലാസിലുമുള്ള സഞ്ചികൾ ഉപയോഗിക്കാൻ ആളുകളെ പ്രേരിപ്പിക്കണം. ബേബി ഡയപ്പറുകൾ, സ്റ്റൈറോഫോം കൊണ്ടുള്ള പായ്കേജിങ് വസ്തുക്കൾ തുടങ്ങിയവയുടെയൊക്കെ ഉപയോഗം കുറയ്ക്കാൻ ശ്രമമുണ്ടാകണം. ആരോഗ്യത്തിന് ഹാനികരമായ താലേറ്റുകൾ അടങ്ങിയ പിവിസി കളിപ്പാട്ടങ്ങളും മറ്റും നിയമം മൂലംതന്നെ നിയന്ത്രിക്കണം.

അപകടകാരികളായവയുടെ നിരോധനം, പ്രശ്നകാരികളായവയ്ക്ക് പകരം പ്രകൃതിക്കിണങ്ങിയ വസ്തുക്കൾ പകരംവെക്കൽ, ഉത്പന്നതിൽനിന്നുണ്ടാകുന്ന മാലിന്യം പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്തം ഉത്പാദകന്റെ ചുമതലയാക്കുന്ന നിയമനിർമ്മാണവും നടത്തിപ്പും പാഴ്വസ്തുക്കൾ വൃത്തിയായി ശേഖരിച്ചു പുനചംക്രമനത്തിലൂടെയും പുനരുപയോഗത്തിലൂടെയും മാലിന്യമാകാതെ തടയുന്ന റിസോഴ്സ് റിക്കവറി സംവിധാനം എന്നീ നാല് ഘടകങ്ങളടങ്ങുന്ന കാര്യക്ഷമമായ വിഭവ വിനിയോഗ നയമാണ് അജൈവ മാലിന്യ പരിപാലനത്തിന് ആവശ്യം. (ഷിബു കെ നായർ, 2015)

### നിർവഹണ സംവിധാനങ്ങൾ

ഖരമാലിന്യ സംസ്കരണത്തിനും നിർമാർജ്ജനത്തിനും നയങ്ങളും നിയമങ്ങളും ചുമതലകളും പൌരസമൂഹബാധ്യതകളും നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ സാക്ഷാത്കരിക്കപ്പെടുന്നില്ല. സാക്ഷരത പ്രസ്ഥാനത്തിന്റെയും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെയും മാതൃകയിൽ ഗ്രാമനഗര പ്രാദേശിക സർക്കാരുകളെ മുൻ നിറുത്തിയുള്ള ഒരു ജനകീയ സാമൂഹ്യ പ്രസ്ഥാനത്തിനു മാത്രമേ മാലിന്യ സംസ്കരണ - നിർമ്മാർജ്ജന യത്നം ഫലപ്രദമാക്കാനാകൂ. അതോടൊപ്പം നിയമ നിർവഹണം കർശനമാക്കുന്നതിനുള്ള അധികാരവും ആൾ ശേഷിയും തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കപ്പെടുകയും വേണം. (അഡ്വ.ഏ.സുഹൃത്ത് കുമാർ, 2015)

സാങ്കേതികവിദ്യപോലെ തന്നെ പ്രധാനമാണ് മാലിന്യസംസ്കരണ സങ്കേതങ്ങളുടെ ചിട്ടയായ നടത്തിപ്പ് സംവിധാനമൊരുക്കുന്നതും. മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നവർക്ക് അത് ശരിയായി ഉപയോഗിക്കാനുള്ള പരിശീലനം നല്കുക, തുടർന്ന് വേണ്ടിവരാവുന്ന മേൽനോട്ടവും സഹായവും നല്കുക, അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ ശേഖരിച്ചു നീക്കംചെയ്യുക, പൊതുസംവിധാനങ്ങളിലേക്കുള്ള മാലിന്യം ചിട്ടയായി ശേഖരിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുക തുടങ്ങിയവയൊക്കെ ചെയ്യാൻ പരിശീലനവും ആത്മാർഥതയുമുള്ള സർവീസ് ടീമിന്റെ സേവനം അനിവാര്യമാണ്. ഇവരുടെ വേതനം തദേശഭരണസ്ഥാപനവും ഇവരുടെ സേവനം ഉപയോഗിക്കുന്ന വീടുകളും സംയുക്തമായി വഹിക്കണം. (അജിത്കുമാർ ആർ., 2015)

ശുചിത്വ ക്യാമ്പേനിലൂടെ സൃഷ്ടിക്കപ്പെടുന്ന നേട്ടങ്ങളുടെ സ്ഥായിയായ നിലനിൽപ്പും തുടർച്ചയും ഉറപ്പാക്കപ്പെടേണ്ടതിന്റെ പ്രാധാന്യമാണ് ഇന്ന് ആലപ്പുഴയിലെയും തിരുവനന്തപുരത്തെയും നഗര ശുചിത്വ പരിപാടി ചൂണ്ടിക്കാട്ടുന്നത്. ആലപ്പുഴയിൽ ഇപ്പോളത് സേവനദാതാക്കളായ ഐആർടിസി യുമായി ബന്ധപ്പെട്ടാണ് നടക്കുന്നതു; പൊതുസംവിധാനങ്ങളുടെ മേൽനോട്ടം മുനിസിപ്പൽ ജീവനക്കാരുടെതന്നെ ഉത്തരവാദിത്തത്തിലും. ഇതിൽനിന്നും വ്യത്യസ്തമായി തിരുവനന്തപുരത്ത് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നിർമ്മൽ കിയോസ്കുകളുണ്ട്; ചില വാർഡുകളിൽ വിദ്യാസമ്പന്നരായ ഒരു സംഘം ചെറുപ്പക്കാരുടെ നേതൃതത്തിലുള്ള ബിസിനെസ്സ് മോഡലായും ഉരുത്തിരിഞ്ഞു വരുന്നുണ്ട്. ബംഗളൂരു നഗരത്തിൽ ചവറുപെറുക്കി ജീവിച്ചിരുന്നവരെ സംഘടിപ്പിച്ചു പരിശീലിപ്പിച്ചു തൊഴിൽ സുരക്ഷ ഉറപ്പാക്കി ശരിയായ മാലിന്യ പരിപാലന സേനയാക്കിയ ഹസീരുദല നൽകുന്ന പാഠമുണ്ട്. ഇത്തരം വ്യത്യസ്ത മാതൃകകളും പരിശോധിക്കപ്പെടേണ്ടതാണ് (ഡോ. തോമസ് ഐസക്, 2015; അജിത്കുമാർ ആർ., 2015; കാർത്തിക് വി, ദിൽഷാ എസ്., 2015; ഷിബു കെ നായർ, റെസി ജോർജ്ജ്, 2015)

## II. ജല മലിനീകരണം

ഒരുകാലത്ത് ജലവിഭവ സമ്പന്നമെന്ന് കരുതിയിരുന്ന കേരളത്തിൽ ഇന്ന് സുരക്ഷിത കുടിവെള്ള ലഭ്യത ഒരു വികസനപ്രശ്നമേഖലയായിരിക്കുന്നു. നാഷ്ണൽ സാംപിൾ സർവെയുടെ അറുപത്തി ഒന്പതാംവട്ട (2012) പഠനമനുസരിച്ച് കേരളത്തിലെ നഗര പ്രദേശങ്ങളിൽ 56.8% കുടുംബങ്ങളും ഗ്രാമപ്രദേശങ്ങളിലെ 29.5% കുടുംബങ്ങളും മാത്രമാണു സുരക്ഷിതമായ കുടിവെള്ളം ലഭിക്കുന്നവരായുള്ളത്.

പാലക്കാട്, ആലപ്പുഴ ജില്ലകളുടെ ചില ഭാഗങ്ങളിൽ ഭൂഗർഭജലത്തിലുള്ള ഫ്ലൂറൈഡിന്റെ ഉയർന്ന സാന്നിദ്ധ്യവും മറ്റുപല സ്ഥലങ്ങളിൽ നിന്നും റിപ്പോർട് ചെയ്യപ്പെട്ടിട്ടുള്ള ഉയർന്ന അളവിലുള്ള ഇരുമ്പിന്റെ സാന്നിധ്യവുമൊക്കെയായിരുന്നു മുൻപ് പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന കുടിവെള്ള പ്രശ്നമേഖലകൾ. എന്നാലിന്ന് മനുഷ്യ ഇടപെടലുകൾ കൊണ്ടുണ്ടായ ജലമലിനീകരണപ്രശ്നങ്ങൾ അവയെ എല്ലാം പിന്നിലാക്കിയിരിക്കുന്നു. വ്യാവസായിക സ്ഥാപനങ്ങൾ അവരുടെ രാസമാലിന്യങ്ങൾ നിയമമനുശാസിക്കുന്ന

പരിചരണങ്ങൾ നടത്താതെ പുറംതള്ളി പ്രാദേശിക ജലസ്രോതസുകൾ മലിനീകരിക്കുന്നത് പലപ്പോഴായി ജനകീയ പ്രതിഷേധങ്ങൾക്ക് വഴിവച്ചിട്ടുണ്ട്. പാലക്കാട് ശീതളപാനീയ കമ്പനികൾ നടത്തിയ മലിനീകരണം അവിടത്തെ കുടിവെള്ള സ്രോതസുകളെ മലിനീകരിക്കുക മാത്രമല്ല പ്രധാന വിളകളായ നെല്ല് പച്ചക്കറി മുതിര വാഴ റാഗി തുടങ്ങിയവയുടെ ഉത്പാദനക്ഷമത കുറക്കുകയും തീറ്റപുല്ലിലും അതുവഴി അവിടെ ഉത്പാദിപ്പിക്കുന്ന പാലിലും മുട്ടയിലും വരെ കോപ്പർ കാഡ്മിയം ലെഡ് ക്രോമിയം തുടങ്ങിയ രാസമാലിന്യങ്ങൾ എത്തിക്കുകയും ചെയ്തതായി കേരള കാർഷിക സർവകലാശാല നടത്തിയ പഠനങ്ങൾ തെളിയിക്കുകയുണ്ടായി. (പ്ലാച്ചിമട ഹൈ പവർ കമ്മറ്റി റിപ്പോർട്ട്, 2010) നിലവിലുള്ള ഒൻപതോളം മലിനീകരണ നിയന്ത്രണ നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് കൊക്കോകോള കമ്പനി ഈ മലിനീകരണം നടത്തിക്കൊണ്ടിരുന്നത് എന്നത് ശ്രദ്ധേയമാണ്. എറണാകുളം ജില്ലയിലെ കീഴ്മാട് പഞ്ചായത്തിൽ ഐ.എസ്.ആർ.ഓ യുടെ പെർ ക്ലോറേറ്റ് നിർമ്മാണകമ്പനി നടത്തിയ മലിനീകരണവും ഇത്തരത്തിലുള്ളതായിരുന്നു. (ഡോ.പി.എൻ. അജിത്കുമാർ, 2015) തുടർച്ചയായ പരിശോധനകളും ബോധവത്കരണപരിപാടികളും അതിനൊക്കെ ഉപരിയായി കർശനമായ നിയമ നിർവഹണവും ഇത്തരം വഴിവിട്ട പ്രവർത്തനങ്ങൾ തടയാൻ ആവശ്യമാണ്.

കൃഷിയിടങ്ങളിൽ അനിയന്ത്രിതമായി ഉപയോഗിച്ച രാസവളങ്ങളും കീടനാശിനികളും ഒഴുകിയെത്തുന്നതിലൂടെ കായലുകളുടെയും ശുദ്ധജല തടാകങ്ങളുടെയും പാരിസ്ഥിതിക സന്തുലിതാവസ്ഥ തകർക്കപ്പെടുന്നുവെന്ന് മലിനീകരണ നിയന്ത്രണബോർഡിന്റെ പഠനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ ഇവയെക്കാളെല്ലാം വിപുലമായ തോതിൽ കേരളത്തിലെ ഉപരിതലഭൂഗർഭ ജലസ്രോതസുകളെ ഒന്നാകെ മലിനീകരിച്ചുകൊണ്ടിരിക്കുന്നത് ശാസ്ത്രീയമായ സംസ്കരണമില്ലാതെ പുറത്തുവിടുന്ന വിസർജ്ജ്യമാലിന്യങ്ങളുടെ ആധിക്യമാണ്.

ശുചിത്വ പ്രസ്ഥാനമെന്നാൽ എല്ലാ വീട്ടിലും കക്കൂസുകൾ ഉണ്ടാവുക എന്ന സമീപനമാണ് മുന്പ് നമുക്കുണ്ടായിരുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലും കേന്ദ്ര സർകാരിന്റെ നിർമൽ പദ്ധതിയിലുമൊക്കെ ഇതിന് തന്നെയായിരുന്നു ഊന്നൽ. ഇക്കാര്യത്തിൽ നാം ലക്ഷ്യം ഏതാണ്ട് കൈവരിക്കുകയും ചെയ്തു. എന്നാൽ നാം പ്രോത്സാഹിപ്പിച്ച കുഴി കക്കൂസുകൾ പ്രധാന ഭൂജലമലിനീകരണ സ്രോതസുകളായി മാറിയിരിക്കുന്നു.

നാഷ്ണൽ സാംപിൾ സർവെയുടെ അറുപത്തി ഒന്പതാംവട്ട (2012) പഠനമനുസരിച്ച് കേരളത്തിലെ നഗര പ്രദേശങ്ങളിൽ 99% കുടുംബങ്ങളും ഗ്രാമപ്രദേശങ്ങളിലെ 97% കുടുംബങ്ങളും കക്കൂസുകൾ ഉപയോഗിക്കുന്നവരാണ്. നഗരങ്ങളിലെ കകൂസുകളിൽ 51.4% സെപ്റ്റിക് ടാങ്കുള്ളവയും 47.4% കുഴികക്കൂസുകളുമാണ്; ഗ്രാമങ്ങളിലിത് യഥാക്രമം 22.5% വും 74.4% വുമാണ്. കക്കൂസ് കുഴിയിൽ അടിഞ്ഞുകൂടുന്ന ഖരമാലിന്യം അഥവാ സെപ്റ്റെജ് 25 വർഷത്തിലൊരിക്കൽ നീക്കംചെയ്തു ശാസ്ത്രീയമായി കംപോസ്റ്റുചെയ്ത് നിർമാർജ്ജനം ചെയ്യേണ്ടതാണ്. എന്നാൽ പൊതുവേ ഇത് കുഴി നിറഞ്ഞുകവിയുമ്പോൾ മാത്രമാണു ചെയ്തു വരുന്നത്. ഇത് വിസർജ്യങ്ങളിലെ രോഗാണുക്കൾ ഉയർന്ന അളവിൽ മണ്ണിലേക്ക് പരക്കുന്നതിനിടയാക്കുന്നു. കുഴികക്കൂസുകളിലാകട്ടെ അതിന്റെ സ്വാഭാവിക പ്രവർത്തന കാലത്തുതന്നെ മലിനജലം ചുറ്റുമുള്ള മണ്ണിലേക്ക് ഊർന്ന് പോകുന്ന തരത്തിലായത്തിനാൽ ഈ മലിനീകരണം സ്ഥിരമായി നടന്നുകൊണ്ടിരിക്കുകയും ചെയ്യും. നീക്കം ചെയ്യപ്പെടുന്ന കക്കൂസുമാലിന്യങ്ങളാകട്ടെ ഒരു സംസ്കരണവുമില്ലാതെ രാത്രിയുടെ മറവിൽ ഏതെങ്കിലും ജലാശയങ്ങളിൽ തള്ളപ്പെടുകയും ചെയ്യും. ഇത് ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ശ്രദ്ധ ആവശ്യപ്പെടുന്ന ഒരു മേഖലയായിരിക്കുന്നു.

കേരളത്തിലെ 25 ലക്ഷത്തിലേറെ വരുന്ന സെപ്റ്റിക് ടാങ്ക് കക്കൂസുകളിലും 44 ലക്ഷത്തോളം വരുന്ന കുഴികക്കൂസുകളിലുമായി പ്രതിദിനം അടിഞ്ഞു കൂടുന്ന ശാസ്ത്രീയമായി സംസ്കരിക്കപ്പെടേണ്ട വിസർജ്യ മാലിന്യത്തിന്റെ അളവ് എട്ട്ദശലക്ഷം ലിറ്ററിനു (8000 ഘനമീറ്റർ)മേലെ ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. (സെൻസസ് 2011 നൽകുന്ന വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശദമായ കണക്കുകൾ മുൻ അദ്ധ്യായത്തിൽ പട്ടിക 22.3 ആയി നല്കിയിട്ടുള്ളത് കാണുക)

വിസർജ്യത്തെ ഗാർഹികതലത്തിൽ തന്നെ സംസ്കരിക്കാൻ സഹായിക്കുന്ന ജൈവവാതക പ്ലാൻറുകളുടെ പ്രചരണം, അപ്പാർട്മെൻറുകളിലും ഹോട്ടലുകളിലും ആശുപത്രികളിലും വികേന്ദ്രീകൃത ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ (Decetnralised Wastewater Treatment System – DEWATS) നിർബന്ധമാക്കൽ, കേന്ദ്രീകൃതമായി സെപ്റ്റെജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കൽ ജലാശയങ്ങളിലും പൊതുസ്ഥലങ്ങളിലും വിസർജ്യ മാലിന്യങ്ങൾ തള്ളുന്നതിനെതിരെ നിയമ നടപടികൾ കർശനമാക്കൽ ഇവയൊക്കെ അടിയന്തിരമായി ഏറ്റെടുത്തുകൊണ്ടേ ഈ പ്രശ്നം പരിഹരികാനാകൂ. (ഡോ. ആർ അജയകുമാർ വർമ്മ, 2015)

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ശാസ്ത്ര അദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും സഹായത്തോടെയും അത്തരം സ്കൂളുകളിലെ ലാബുകൾ മെച്ചപ്പെടുത്തിയും പ്രാദേശികമായി എല്ലാ ജലസ്രോതസുകളിലെയും ജലഗുണനിലവാരം ഇടക്കിടെ പരിശോധിക്കുകയും ഏതെങ്കിലും തരത്തിലുള്ള മലിനീകരണം ഉണ്ടാകുന്നുവെങ്കിൽ അത് വൈകാതെ കണ്ടെത്തി പരിഹരിക്കാനുമുള്ള പദ്ധതി വളരെ വേഗത്തിൽ നടപ്പാക്കാനാകുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള പരിപാടികൾ ഏറ്റെ

ടുക്കാൻ തയ്യാറാകുകയും അതിനായി പൊതു ബോധ വത്കരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം. (പ്രൊഫ. പി.കെ രവീന്ദ്രൻ, 2015)

## III. വായൂ മലിനീകരണം

മഹാനഗരങ്ങളെ അപേക്ഷിച്ച് പൊതുവേ ശുദ്ധമായ അന്തരീക്ഷമാണ് കേരളത്തിലേതെന്ന് വിലയിരുത്താമെങ്കിലും ഈ നിലക്കും കോട്ടം തട്ടുന്നുവോ എന്നു ആശങ്കപ്പെടേണ്ട സ്ഥിതിയാണുള്ളത് എന്ന് കേന്ദ്ര മലിനീകരണ ബോർഡ് പ്രസിദ്ധീകരിച്ച National Ambient Air Qualtiy Status & Trends in India 2012 എന്ന പഠന രേഖ ചൂണ്ടിക്കാട്ടുന്നു. 2001 മുതൽക്ക് നടത്തിയിട്ടുള്ള തുടർച്ചയായ പരിശോധനകൾ പ്രകാരം കേരളത്തിലെ അന്തരീക്ഷവായുവിൽ 10 മൈക്രോണിൽ കുറഞ്ഞ വ്യാസമുള്ള (തലമുടിനാരിന്റെ ശരാശരി കനത്തിന്റെ അഞ്ചിലൊന്ന്) നനുത്ത പൊടിപടലങ്ങളുടെ അളവ് കൂടിവരുന്നതായി പ്രസ്തുത പഠനം തെളിയിക്കുന്നു. ശ്വാസനാളത്തിലും ശ്വാസകോശത്തിലും അടിഞ്ഞു കൂടി രോഗകാരകമാകാവുന്ന മാലിന്യമാണ് ഈ പൊടിപടലങ്ങൾ. 2010 ലെ പഠനരേഖ അനുസരിച്ചു മലപ്പുറവും പത്തനംതിട്ടയും താഴ്ന്ന അളവിലുള്ള (30 മൈക്രോഗ്രാം/കുബിക് മീറ്റർ എന്ന നിരക്കിലും കുറവ്) പൊടിപടലമലിനീകരണമാണ് കാണിച്ചിരുന്നതെങ്കിൽ 2012ൽ പത്തനംതിട്ട ജില്ലയിൽ മാത്രമാണു താഴ്ന്ന പൊടിപടലസാന്നിധ്യം കാണാനായിട്ടുള്ളത്. (പട്ടിക 23.4 കാണുക) പഠനത്തിനായി വിവരശേഖരണം നടത്തിയ പതിനൊന്നു ജില്ലകളിൽ ഏഴിലും പൊടിപടലസാന്നിധ്യം ഗണ്യമായി ഉയർന്നു എന്നതും ശ്രദ്ധേയമാണ്.

മോട്ടോർ വാഹനങ്ങളുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നതാണ് കേരളത്തിലെ ഈ വായൂമലിനീകരണ തോതിലുള്ള വർദ്ധനവിന് കാരണമായി ചൂണ്ടിക്കാണിക്ക പ്പെട്ടിട്ടുള്ളത്. പ്രാദേശികമായി വ്യാവസായിക കേന്ദ്രങ്ങളോടടുത്തും നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ഇടങ്ങളിലും അവയുടെ ആഘാതം കൂടി ഉണ്ടാകാമെങ്കിലും പൊതുവായ മലിനീകാരി മോട്ടോർവാഹനങ്ങളുടെ പുകതന്നെ. മോട്ടോർ വാഹന രജിസ്ട്രേഷൻസ് വകുപ്പിന്റെ കണക്ക് പ്രകാരം 2011 മാർച്ച് മാസത്തിൽ 60.72 ലക്ഷം വാഹനങ്ങളാണ് കേരളത്തിലുള്ളത്. ഇവയിൽ 59.5% ഇരുചക്രവാഹനങ്ങളും 17.5% കാറുകളും 8.5% ഓട്ടോറിക്ഷകളും ആണ്. 2.7% മാത്രമാണു പൊതുഗതാഗതത്തിനുള്ള ബസ്സുകൾ. 1970 മുതൽ 2002 വരെയുള്ള കാലയളവിൽ കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ 20 മടങ്ങ് വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൌൺസിലിന്റെ സ്റ്റേറ്റ് ഓഫ് എൻവയോൺമെൻറ് റിപ്പോർട് പറയുന്നു.

**പട്ടിക 23.4**
**അന്തരീക്ഷവായുവിലെ പൊടിപടല മലിനീകരണ നില**

| ജില്ല | PM10 * സാന്നിധ്യം 2010ൽ വാർഷിക ശരാശരി (മൈക്രോഗ്രാം/ ക്യുബിക് മീറ്റർ) | മലിനീകരണ നില ** | PM10 * സാന്നിധ്യം 2012ൽ വാർഷിക ശരാശരി (മൈക്രോഗ്രാം/ ക്യുബിക് മീറ്റർ) | മലിനീകരണ നില ** |
|---|---|---|---|---|
| തിരുവനന്തപുരം | 56 | മോഡറേറ്റ് | 55 | മോഡറേറ്റ് |
| കൊല്ലം | 47 | മോഡറേറ്റ് | 41 | മോഡറേറ്റ് |
| പത്തനംതിട്ട | 27 | താഴ്ന്നത് | 23 | താഴ്ന്നത് |
| ആലപ്പുഴ | 44 | മോഡറേറ്റ് | 50 | മോഡറേറ്റ് |
| കോട്ടയം | 47 | മോഡറേറ്റ് | 56 | മോഡറേറ്റ് |
| എറണാകുളം | 61 | ഉയർന്നത് | 70 | ഉയർന്നത് |
| തൃശ്ശൂർ | 31 | മോഡറേറ്റ് | 73 | ഉയർന്നത് |
| പാലക്കാട് | 32 | മോഡറേറ്റ് | 37 | മോഡറേറ്റ് |
| മലപ്പുറം | 30 | താഴ്ന്നത് | 36 | മോഡറേറ്റ് |
| കോഴിക്കോട് | 42 | മോഡറേറ്റ് | 56 | മോഡറേറ്റ് |
| വയനാട് | 46 | മോഡറേറ്റ് | 33 | മോഡറേറ്റ് |

ഉറവിടം: 2010ലെയും, 2012ലെയും National Ambient Air Qualtiy Status & Trends in India റിപ്പോർട്ടുകൾ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്

* PM10 10 മൈക്രോണിൽ കുറഞ്ഞ വ്യാസമുള്ള കണികകൾ ചേർന്ന പൊടിപടലം

** മലിനീകരണനില താഴ്ന്നത് പൊടിപടലസാന്നിദ്ധ്യം 30മൈക്രോഗ്രാം/കുബിക്മീറ്ററിൽ കുറവ്

മോഡറേറ്റ് പൊടിപടലസാന്നിദ്ധ്യം 31 മുതൽ 60മൈക്രോഗ്രാം/കുബിക്മീറ്റർ വരെ

ഉയർന്നത് പൊടിപടലസാന്നിദ്ധ്യം 61 മൈക്രോഗ്രാം/കുബിക്മീറ്ററിന് മുകളിൽ

മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള വായു മലിനീകരണം നിയന്ത്രിക്കാനുള്ള നടപടികൾ കർശനമാക്കുകയും പൊതുഗതാഗത സൌകര്യങ്ങൾ മെച്ചപ്പെടുത്തിയും സമയനിഷ്ഠപാലിച്ചും സ്വകാര്യവാഹനങ്ങളുടെ ഉപയോഗവും വർദ്ധനവും നിയന്ത്രിക്കുകയുമാണ് ഇതിന് പരിഹാരം. (ട്രാൻസ്പോർട്ട് സെക്ടറിനെകുറിച്ചുള്ള കൂടുതൽ വിശദമായ ചർച്ചകൾ അന്യത്ര നല്കുന്നു)

## IV. നിർദേശങ്ങൾ

### 1. മാലിന്യസംസ്കരണ സംസ്കാരം വളർത്താൻ ജനകീയ കാംപേയ്ൻ

ഇതുവരെയുള്ള അനുഭവങ്ങളുടെയെല്ലാം പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അഖിലകേരളാടിസ്ഥാനത്തിൽ ഒരു മാലിന്യസംസ്കരണ കർമ്മപരിപാടിക്ക് രൂപം നല്കണം. ജനകീയാസൂത്രണം പോലൊരു ജനകീയ ക്യാംബെനാകണം അത്.

ഖരജല മാലിന്യനിർമ്മാർജ്ജനവും വായുമലിനീകരണ നിയന്ത്രണവും മലിനീകരണ ത്തിനെതിരെയുള്ള ജനജാഗ്രതാബോധനവും ഉൾപ്പെടുന്ന വ്യാപകമായ പൊതുബോധവത്ക്കരണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കണം.

ഗ്രാമസഭകൾ, വാർഡ്സഭകൾ, അയൽകൂട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ വായനശാലകൾ തുടങ്ങി എല്ലാ പൊതു സംവിധാനങ്ങളെയും സുരക്ഷിത മാലിന്യ സംസ്കരണ പ്രചാരണ പരിപാടിയിൽ പങ്കാളികളാക്കണം.

### 2. ഉറവിട മാലിന്യ സംസ്കരണം നിർബന്ധമാക്കുക

ചീഞ്ഞളിയാവുന്ന ജൈവമാലിന്യം, വേഗം ചീഞ്ഞു പോകാത്തതും അല്ലതയുള്ളതുമായ ജൈവമാലിന്യം, അജൈവമാലിന്യങ്ങളായ കടലാസുകൾ , പ്ലാസ്റ്റിക്കുകൾ, ലോഹം, ഗ്ലാസ്സ്, റബ്ബർലെതർ സാമഗ്രികൾ, ഇലക്ട്രോണിക മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവയെല്ലാം ഉറവിടത്തിൽ തന്നെ തരം തിരിച്ച് വേറെയായി ശേഖരിക്കപ്പെടണം.

പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക. ഇതുവരെയുള്ള അനുഭവം വെച്ച് കിച്ചൻ ബിന്നും ബയോഗ്യാസ് പ്ലാൻറുമാണ് ഇതിനേറ്റവും ഉത്തമം. ഇത്തരം സംവിധാനങ്ങൾ ഒരുക്കാത്തവരിൽ നിന്ന് ഫീസീടാക്കി പൊതുസംവിധാനങ്ങൾ പ്രവർത്തിപ്പിക്കുക. അജൈവ മാലിന്യം ശേഖരിച്ചു പുനചംക്രമണം ചെയ്യുകയോ അതിനു കഴിയാത്തവ ഉചിതമായി ലാൻഡ് ഫിൽ ചെയ്യുകയോ ചെയ്യുക. ഇതായിരിക്കണം പൊതു സമീപനം.

കോഴിവളർത്ത് കേന്ദ്രങ്ങൾ, കന്നുകാലി ഫാമുകൾ, മത്സ്യമാംസ മാർക്കറ്റുകൾ, അറവ് ശാലകൾ തുടങ്ങിയവയ്ക്ക് അവിടെയുണ്ടാകുന്ന മാലിന്യം സുരക്ഷിതമായി കോഴി, മത്സ്യം പന്നി തുടങ്ങിയവയുടെ തീറ്റയായി ഉപയോഗപ്പെടുത്തുന്നതിനും അല്ലാത്തവ കമ്പോസ്റ്റു ചെയ്യുന്നതിനും കരാർ സംവിധാനങ്ങൾ ഉണ്ടാക്കുക.

### 3. അജൈവമാലിന്യങ്ങളുടെ സുരക്ഷിത നീക്കൽ ഉറപ്പാക്കുക

വീടുകളിൽ നിന്നും കടകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ ഇടവേളകളിൽ, തരംതിരിച്ച് വൃത്തിയായി സൂക്ഷിച്ച അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പരിപാലിക്കുന്നതിനും റിസോഴ്സ് റിക്കവറി കേന്ദ്രങ്ങള് സ്ഥാപിക്കണം.

കേന്ദ്രീകൃത പുനഃചംക്രമണത്തിനായി (മാലിന്യ സംസ്കരണ സർവീസ് സംഘങ്ങൾ / കുടുംബശ്രീ പ്രവർത്തകർ/ തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന സംരംഭകർ തുടങ്ങിയവർ വഴി) ശേഖരിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ ഇടക്കാല സംഭരണത്തിനും സുരക്ഷിത സൂക്ഷിപ്പിനുമുള്ള സ്ഥല സൌകരം ഒരുക്കുകയെന്നത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ചുമതലയായി നിബന്ധന ചെയ്യണം.

കല്യാണ മണ്ഡപങ്ങളുടെ ലൈസെൻസിങ്ങിനുള്ള നിബന്ധനകളിൽ അവിടെ പുനഃചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക്കുകളുടെ ഉപയോഗം അനുവദിക്കില്ല എന്നത് കൂടി ഉൾപ്പെടുത്തുകയും അത് കൃത്യമായി പാലിക്കപ്പെടുന്നു എന്നുറപ്പാക്കാനാവശ്യമായ പങ്കാളിത്ത ബോധവത്ക്കരണം നടത്തുകയും ചെയ്യാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപടിയെടുക്കണം.

അപകടകാരികളായ ഈവേസ്റ്റും മെഡിക്കൽ വേസ്റ്റും ശാസ്ത്രീയവും സുരക്ഷിതവുമായി കൈകാര്യം ചെയ്യപ്പെടണം. ഇതിനുള്ള സംവിധാനം പ്രാദേശിക/ ജില്ലാ/സംസ്ഥാന തലങ്ങളിൽ ഉറപ്പാക്കണം.

### 4. മാലിന്യപരിപാലന വിദഗ്ദ്ധ സംഘം

ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങളുടെ പരിപാലനത്തിനും പൊതു സംവിധാനങ്ങളുടെയും അജൈവ മാലിന്യ ശേഖരണനിർമ്മാർജ്ജന നടപടികളുടെയും മേൽനോട്ടത്തിനും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിദഗ്ദ്ധ സർവീസ് സംഘത്തെ തയ്യാറാക്കണം.

അസംഘടിത മേഖലയിലുള്ള ആക്രിപെറുക്കുകാരെയും ചെറുകിട ആക്രി കച്ചവടക്കാരെയും സംഘടിപ്പിച്ച് അവരുടെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചമായ രീതിയിൽ പൊതു മാലിന്യനിർമാർജന പദ്ധതികളുമായി സംയോജിപ്പിക്കണം. അവരുടെ സാമൂഹ്യ പദവിയിൽ കാര്യമായ മാറ്റം വരുത്തുന്ന തരത്തിലുള്ള വിദഗ്ധ പരിശീലനം ലഭ്യമാക്കി ഒരു വിദഗ്ധതൊഴിൽ എന്ന നിലയിലേക്ക് ഇത്തരം സേവനങ്ങളെ പുനരാവിഷ്കരിക്കണം. മാലിന്യപരിപാലനത്തൊഴിലിലുള്ള കുടുംബശ്രീ പ്രവർത്തകരെയും വിദഗ്ധ പരിശീലനം

നൽകി പാരിസ്ഥിതിക സേവനങ്ങൾ നല്കുന്ന സേവനസംഘമായി മാറ്റണം.

### 5. വിസർജ്യമാലിന്യ സംസ്കരണസംവിധാനം

വിസർജ്യമാലിന്യത്തിന്റെ സംസ്കരണത്തിന് സഹായിക്കുന്ന ജൈവവാതക പ്ലാൻറുകളുടെ പ്രചരണം, അപ്പാർട്മെൻറുകളിലും ഹോട്ടലുകളിലും ആശുപത്രികളിലും വികേന്ദ്രീകൃത ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ (Decetnralised Wastewater Treatment System – DEWATS) നിർബന്ധമാക്കൽ, കേന്ദ്രീകൃതമായി സെപ്റ്റെജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കൽ ഇവയൊക്കെ നടപ്പാക്കണം.

എല്ലാ ജില്ലകളിലും പൊതുവായി ഫീസുകൊടുത്ത് ഉപയോഗിക്കാവുന്ന സെപ്റ്റെജ് ട്രീറ്റ്മെൻറ് പ്ലാൻറും ആവശ്യക്കാർക്ക് അവരുടെ സ്ഥലത്തു ചെന്നു വിസർജ്യമാലിന്യം സുരക്ഷിതമായി നീക്കം ചെയ്തുകൊടുക്കുന്ന വാക്യൂം സക്ഷൻ ട്രക്ക് സംവിധാനവും ലഭ്യമാക്കുകയും അതിനുള്ള ചാർജ്ജുകൾ പരസ്യപ്പെടുത്തുകയും വേണം.

### 6. പുത്തൻ സംരംഭക മാതൃകകൾ പ്രോത്സാഹിപ്പിക്കണം

ശുചിത്വ ക്യാമ്പേനിലൂടെ സൃഷ്ടിക്കപ്പെടുന്ന നേട്ടങ്ങളുടെ സ്ഥായിയായ നിലനിൽപ്പും തുടർച്ചയും ഉറപ്പാക്കാനായി ഉറവിടമാലിന്യസംസ്കരണ സംവിധാനങ്ങളുടെ പരിപാലനത്തിനും പൊതുസംവിധാനങ്ങളുടെ മേൽനോട്ടത്തിനും തയ്യാറായിവരുന്ന നിലനിൽപ്പുള്ള സംരംഭകത്വ മാതൃകകൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഇവരുടെ പ്രവർത്നങ്ങൾക്ക് തദ്ദേശഭരണസ്ഥാപനതലത്തിൽ ആവശ്യമായ നയനിയന്ത്രണ ചട്ടക്കൂടുകൾ ഉറപ്പാക്കണം.

### 7. ബദൽ ഉൽപ്പന്നങ്ങൾ

പ്രകൃതിക്കിണങ്ങിയ പകര ഉത്പന്നങ്ങളുടെ നിർമ്മാണവും പ്രചരണവും (ഉദാ: പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം പ്രകൃതിക്കിണങ്ങുന്ന തുണിയിലും കടലാസിലുമുള്ള സഞ്ചികൾ, പ്ലാസ്റ്റിക് ഫോൾഡറുകൾക്കും ഫയലുകൾക്കും പകരം റീസൈക്കിൾ ചെയ്ത കടലാസുകൊണ്ടുള്ള ഉത്പ്പന്നങ്ങൾ.) ചെയ്യുന്ന ചെറു തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഉത്സവങ്ങൾ, മഹാസമ്മേളനങ്ങൾ ഇവയ്ക്കെല്ലാം ഗ്രീൻ പ്രോട്ടോക്കോളിനു രൂപം നൽകണം.

### 8. നിയമനിർവഹണം കർശനമാക്കണം

പൊതുസ്ഥലങ്ങളിൽ ചവറു തള്ളുന്നവരെ കണ്ടെത്താനും കർശനമായ ശിക്ഷാനടപടിയെടുക്കാനും അധികാരവും അത് നടപ്പാക്കുന്നതിനാവശ്യമായ സംവിധാനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കണം.

ജലമലിനീകരണം അക്ഷന്തവ്യമായ കുറ്റമായിതന്നെ പരിഗണിക്കപ്പെടണം. ജലാശയ ങ്ങളിലും പൊതുസ്ഥലങ്ങളിലും വിസർജ്യമാലിന്യങ്ങൾ തള്ളുന്നവർക്ക് എതിരെ ഉയർന്ന പിഴയടക്കം, കർശനമായ നിയമ നടപടികൾ സ്വീകരിക്കണം.

മാലിന്യസംസ്കരണ നിബന്ധനകൾ പാലിക്കാൻ തയ്യാറാകാത്തവരോ നടത്തിപ്പിൽ വീഴ്ച വരുത്തുന്നവരോ ആയ സ്ഥാപനങ്ങളുടെയും സംരംഭകരുടെയും പ്രവർത്തനം തൽക്കാലത്തേക്കോ (തുടർച്ചയായ ഉപേക്ഷ വരുത്തുന്നുവെങ്കിൽ) സ്ഥിരമായോ നിർത്തിവയ്പ്പിക്കുന്നതിനുള്ള അധികാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു നല്കണം.

### 9. വിഭവവിനിയോഗ നയം

പ്ലാസ്റ്റിക്കുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന്

- അപകടകാരികളായവയുടെ നിരോധനം,
- പ്രശ്നകാരികളായവയ്ക്ക് പകരം പ്രകൃതിക്കിണങ്ങിയ വസ്തുക്കൾ പകരംവെക്കൽ,
- ഉത്പന്നത്തിൽ നിന്നുണ്ടാകുന്ന മാലിന്യം പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്തം ഉത്പാദകന്റെ ചുമതലയാക്കുന്ന നിയമനിർമ്മാണവും നടത്തിപ്പും,
- പാഴ്‌വസ്തുക്കൾ വൃത്തിയായി ശേഖരിച്ചു പുനചംക്രമനത്തിലൂടെയും പുനരുപയോഗത്തിലൂടെയും മാലിന്യമാകാതെ തടയുന്ന റിസോഴ്സ് റിക്കവറി സംവിധാനം

എന്നീ നാലു ഘടകങ്ങളടങ്ങുന്ന കാര്യക്ഷമമായ വിഭവവിനിയോഗ നയം സർക്കാർ പ്രഖ്യാപിക്കുകയും അതിന്റെ എല്ലാ ഘടകങ്ങളുടെയും നിർവഹണത്തിനുള്ള നടപടികൾ വ്യക്തമാക്കുകയും വേണം. മാലിന്യങ്ങളുടെ തോതും സ്വഭാവവും നിയന്ത്രിക്കുന്നതിനുതകുന്ന ഈ വിഭവ വിനിയോഗ നയം സംബന്ധിച്ചു പൌരജനങ്ങളെയും ബോധവത്കരിക്കുകയും, അതിന്റെ നിർവഹണം സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ, വീടുകൾ എന്നിവയിലേക്ക് വ്യാപിപ്പിക്കുകയും വേണം.

# അവലംബം


## അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ. ടി. എം. തോമസ് ഐസക് (2015): 'മാലിന്യവിമുക്ത കേരളത്തിനൊരു കർമ്മ പരിപാടി', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 916.
2. Dr. R.Ajaykumar Varma (2015): 'Magnitude of the problem of Faecal sludge and Septage Management', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 103106.
3. ഷിബു കെ. നായർ, തണൽ (2015): 'അജൈവ മാലിന്യ പരിപാലനം – വിഭവ വിനിയോഗ നയത്തിന്റെ പ്രാധാന്യം', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, PP 107108.
4. Dr. Deepak Mathew D.K., Dr. Francis Xavier & Naseer K.A (2015): 'Thumburmuzhy Model Aerobic Composting – An Ideal Method to Deal with Biodegradable Waste', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 108109.
5. John Abraham, Ramesh Saravana Kumar, Francis Xavier, Joseph Mathew & Deepak Mathew (2015): 'Animal Waste Goes Into Your Diesel Tank', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 109112.
6. D. Girija, Francis Xavier and E. Sunil (2015): 'Wealth from WasteAerobic Composting with Microorganisms', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 112113.
7. അഡ്വ. എ സുഹൃത്ത് കുമാർ (2015): 'ഖരമാലിന്യ സംസ്കരണവും തദ്ദേശഭരണ സ്ഥാപനങ്ങളും', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 113117.
8. ബാബു പറമ്പത്ത്, റസിയ സുൽത്താന (2015): 'നിറവ് – മാലിന്യ സംസ്ക്കരണം സംസ്ക്കാരമാക്കുന്ന പോരാളികൾ', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 117118.
9. അജിത്കുമാർ ആർ (2015): 'നഗര ശുചിത്വ പരിപാടിയും സോഷ്യൽ എഞ്ചിനീയറിങ്ങും', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 119123.
10. Karthik V., Dilsha S. (2015): 'Haritha Nagaram an unRnished experiment in Thiruvananthapuram Corporation', 4th Congress on Kerala Studies preliminary Sectorwise Seminar11, PP 123126.
11. അശ്വിനി എസ്. (2015): 'വാട്സാൻ വ്യക്തിത്വവികാസത്തിന്റെ വ്യത്യസ്തതലം', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 127128.
12. ഷിബു കെ. നായർ, റെസി ജോർജ്ജ് (2015): 'ഹസീരുദല ബംഗളൂരു നിന്നു ഒരു അനുഭവപാഠം', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 129130.
13. ഇരവിപേരൂർ ഗ്രാമപ്പഞ്ചായത്ത് (2015): 'നദി പുനരുജ്ജീവനം, പ്ലാസ്റ്റിക് മാലിന്യസംസ്ക്കരണം', നാലാം കേരളപഠന കോൺഗ്രസ്, പ്രാഥമിക വിഷയമേഖലാ സെമിനാർ 11, pp 131133.

## മറ്റ് രേഖകൾ

14. Dr R Ajayakumar Varma (2009): 'Plastics and Environment An abridged compilation', Suchithwa Mission.
15. Science for Environment Policy In depth Report (2011): 'Plastic Waste: Ecological and Human Health Impacts', European Commission, pp 1627.
16. Cetnral Pollution Cotnrol Board (2012): 'National Ambient Air Qualtiy Status & Trends in India 2010', Minitsry of Environment & Forests.
17. Cetnral Pollution Cotnrol Board (2014): 'National Ambient Air Qualtiy Status & Trends in India 2012', Minitsry of Environment & Forests.
18. National Sample Survey OfRce (2013): 'Key Indicators of Drinking Water, Sanitation, Hygiene and Housing Condition in India – NSS 69th Round JulyDecember 2012', Minitsry of Statistics & Programme Implementation.
19. K Jayakumar IAS (2010): 'Report of the High Power Committee for Assessing the Scale and Nature of the Damage caused by Hindusthan Coca Cola Beverages Pvt Ltd Factory at Plachimada, Palakkad', Government of Kerala.
20. Kerala State Council for Science Technology and Environment (2014): 'State of Environment Report', Government of Kerala.

അധ്യായം 24

# കല, സംസ്കാരം, മാദ്ധ്യമം

**സാം**സ്കാരികപ്രശ്നങ്ങളെക്കുറിച്ചു നടത്തുന്ന ചർച്ചകൾക്ക് മുൻകാലങ്ങളിൽനിന്നു വളരെയേറെ വ്യത്യസ്തമായ മാനങ്ങൾ കൈവന്നിരിക്കുന്നു. ആ ഗോളീകരണവും കോർപ്പറേറ്റുവത്ക്കരണവും വർഗ്ഗീയവത്ക്കരണവും മറ്റനവധി ധ്രുവീകരണങ്ങളും അസമമായ, അനിയന്ത്രിതമായ, വിവരവ്യാപനം പോലുള്ള പ്രതിഭാസങ്ങളും സമൂഹത്തെയും സംസ്ക്കാരത്തെയും ഒട്ടൊന്നുമല്ല സ്വാധീനിച്ചിരിക്കുന്നത്. സംസ്കാരം എന്ന വാക്കിനുതന്നെ ലോകവ്യാപകമായിവന്ന അർഥമാനങ്ങളും ഇന്ന് വിപുലമാണ്.

എഴുത്ത്, കുറഞ്ഞ അളവിൽ ദൃശ്യം എന്നിങ്ങനെയുള്ള സാംസ്കാരികാനുഭവങ്ങളെ മുൻനിർത്തിയായിരുന്നു പ്രധാനമായും ഈ രംഗത്ത് ചർച്ച നടന്നിരുന്നത്. എന്നാലിന്ന് മാർക്സിയന് ചിന്തയുടെ മർമ്മസ്ഥാനങ്ങളിലൊന്നായി സംസ്കാരം മാറിക്കഴിഞ്ഞു. സംസ്കാരപഠനം എന്ന സവിശേഷമായ ഒരു പഠനശാഖതന്നെ രൂപംകൊണ്ടു. സംസ്കാരത്തിന് കലാസാഹിത്യസംബന്ധിയായ ഒരു സൗന്ദര്യശാസ്ത്രമണ്ഡലമുണ്ട്. എന്നാലിന്ന് ആചാരക്രമങ്ങളും അനുഷ്ഠാനസമ്പ്രദായങ്ങളും എല്ലാം ചേർന്ന ഒരു ഭൗതികസംസ്കാരമണ്ഡലം അതിന്റെ മുഖ്യഭാഗമാണ്. മതം, ചരിത്രം, സാമൂഹ്യഘടനാബന്ധങ്ങൾ എന്നിവയെയെല്ലാം വിശ്ലേഷണം ചെയ്യുന്ന ഒരു ധൈഷണികമണ്ഡലം അതിനപ്പുറത്തുണ്ട്. മാധ്യമങ്ങളുടെയും കാഴ്ചയുടെയുമായ ഒരു പുതിയ മണ്ഡലം രൂപംകൊണ്ടിട്ടുണ്ട്. പാരിസ്ഥിതികപ്രശ്നങ്ങളും ലിംഗനീതിയോടു ബന്ധപ്പെട്ട പ്രശ്നങ്ങളും സാംസ്കാരികരംഗത്ത് കൂടുതൽ പരിഗണന അർഹിക്കുന്ന വിഷയങ്ങളായി മാറിയിട്ടുണ്ട്.

അടിത്തറയും മേൽപ്പുരയും തമ്മിലുള്ള ബന്ധം കേവലം യാന്ത്രികമോ പ്രതിഫലനപരമോ മാത്രമല്ലെന്നും, നിരന്തരമായി പരസ്പരസ്വാധീനം ചെലുത്തത്തക്കവിധം പൂരകങ്ങളാണെന്നുമുള്ള നിലവന്നു. ആശയങ്ങൾ സമൂഹത്തിൽ പ്രചരിച്ചുകഴിഞ്ഞാൽ അവതന്നെ ഒരു ഭൗതികചാലകശക്തിയായി മാറും എന്ന മാർക്സിന്റെ കാഴ്ചപ്പാട് ഗ്രാംഷിക്കുശേഷം പുതിയ സാഹചര്യങ്ങളിൽ അടിവരയിട്ട് ഉറപ്പിക്കപ്പെട്ടു. ഒന്നുകൂടി വ്യക്തമായിപ്പറഞ്ഞാൽ സാമ്പത്തികമൂലധനത്തിന് എല്ലാവിധ ഒത്താശകളും ചെയ്തുകൊടുക്കുന്ന ഒരു മൂലധനരൂപമായി സംസ്കാരം മാറി. അതിന് സാമ്പത്തികമൂലധനത്തോടൊപ്പംതന്നെ ആധിപത്യശേഷിയും നിർണയനശേഷിയും കൈവന്നു. അതുകൊണ്ടുതന്നെ സംസ്കാരത്തിലുള്ള ഇടപെടൽ ഇന്ന് ഏറെ പ്രധാനമായിരിക്കുകയാണ്. കേരളീയവും ദേശീയവും അന്തർദേശീയവുമായ സവിശേഷസാഹചര്യങ്ങളെക്കുറിച്ചുള്ള കൃത്യമായ തിരിച്ചറിവോടെ ഡോ.കെ.എന്.പണിക്കര് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്.

''ഇന്ന് മുഖ്യമായും രണ്ടുവിധത്തിലുള്ള സംസ്കാരികസ്വാധീനങ്ങൾ നമുക്ക് തിരിച്ചറിയാന് കഴിയും. മുതലാളിത്തത്തിന്റെയും വർഗീയതയുടെയും സംസ്കാരം. ഇവ രണ്ടും ദ്രുതഗതിയിൽ സാമൂഹിക മനസ്സിനെ അടിമപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തസംസ്കാരത്തെ ഉപഭോഗസംസ്കാരം മാത്രമായി നോക്കിക്കാണുന്ന ഒരു പ്രവണതയുണ്ട്.

പക്ഷേ അതിൽ മാത്രം അടങ്ങിനിൽക്കുന്നതല്ല മുതലാളിത്തസംസ്കാരം. മനുഷ്യജീവിതത്തിന്റെ എല്ലാ തുറകളെയും അടിമപ്പെടുത്തുന്ന ഒന്നാണത്. ജീവിതരീതിയിലും സാമൂഹിക പെരുമാറ്റത്തിലും അതു കടന്നുകയറ്റം നടത്തുന്നു. എന്തു പറയുന്നു എന്നതും എങ്ങനെ പറയുന്നു എന്നതും നിർണയിക്കുന്നത് ആഗോളകുത്തകകൾ ആണ്. കുടുംബബന്ധങ്ങളെപ്പോലും അതു തിരുത്തിയെഴുതുന്നു. പരമ്പരാഗതമായ സാംസ്കാരികരൂപങ്ങളെയും പ്രയോഗങ്ങളെയും സ്വാധീനിക്കുക മാത്രമല്ല, തകർക്കുകയുംകൂടി ചെയ്യുന്നു. അതുകൊണ്ട് കേരള സമൂഹത്തിന് അതിന്റെ തനതായ സംസ്കാരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുയകാണ്. സാംസ്കാരിക വേലിയേറ്റത്തിന്റെ പ്രത്യാഘാതങ്ങൾ പൊതുവെ വേണ്ടത്ര തിരിച്ചറിയപ്പെടാതെ പോകുന്നുണ്ട്. അങ്ങനെ സംഭവിക്കുന്നത് മുതലാളിത്തം ആധുനികതയുടെ പരിവേഷവും വികസനത്തിന്റെ ആകർഷകത്വവും പ്രത്യയശാസ്ത്രായുധമായി ഉപയോഗിക്കുന്നതുകൊണ്ടാണ്. ആധുനികതയുടെയും വികസനത്തിന്റെയും പേരിലാണ് പുതിയ സാംസ്കാരികാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതിന്റെ ചലനാത്മകത ഉൽപ്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടതാണെങ്കിൽക്കൂടി ആശയലോകത്തിന്റെ സ്വാധീനം വളരെ വലിയതാണ്.

'രണ്ടാമത്തെ പ്രവണത വർഗീയതയിൽനിന്ന് ഉടലെടുക്കുന്നതാണ്. വർഗീയതയുടെ പ്രത്യയശാസ്ത്രം സംസ്കാരമാണ്. ഭൂരിപക്ഷവർഗീയത സൃഷ്ടിക്കാന് ശ്രമിക്കുന്ന സാംസ്കാരികാവബോധം മതാധിഷ്ഠിതമാണ്. അത് വിശ്വാസത്തെയും ജാതി ബോധത്തെയും ഉപയോഗിച്ചുകൊണ്ടുള്ള ഒരു സാംസ്കാരിക പ്രവർത്തനമാണ്. ചരിത്രത്തെ മതവുമായി ബന്ധപ്പെടുത്തി രാഷ്ട്രത്തിന്റെ തിരിച്ചറിവിനെ മതാധിഷ്ഠിതതിരിച്ചറിവായി വ്യാഖ്യാനിക്കുന്നു. അതായത്, മതസംസ്കാരത്തെ ദേശീയസംസ്കാരമാക്കി പരിണമിപ്പിക്കുന്നു. ഇത് ഇന്ത്യന് ദേശീയതയ്ക്കു നിരക്കാത്തതാണ്. ഈ രണ്ട് സന്ദർഭങ്ങൾ കണക്കിലെടുത്തുകൊണ്ടുവേണം കേരളമിന്ന് നേരിടുന്ന സംസ്കാരിക പ്രതിസന്ധിയെ അഭിസംബോധന ചെയ്യാന്.

''കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക ജീർണത സുവിദിതമാണ്. ഏകദേശം എല്ലാ മണ്ഡലങ്ങളിലും അത് നിറഞ്ഞുനിൽക്കുന്നു. മാനവികത നഷ്ടപ്പെട്ട ഒരു സമൂഹമായി കേരളം മാറിയിരിക്കുന്നു. മനുഷ്യനെ തിരിച്ചറിയുന്നതിനുള്ള സൂചകം മതവും ജാതിയുമാണ്. രാഷ്ട്രീയമണ്ഡലം മുതൽ വ്യക്തിജീവിതം വരെ നിർണയിക്കുന്നത് മതത്തിന്റെയോ ജാതിയുടെയോ സ്വാധീനമാണ്. സ്വയം തിരിച്ചറിവുകൾക്കു മതേതരമായ മാനങ്ങൾ ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് നമ്മുടെ സങ്കരസംസ്കാരജീവിതത്തിന് വലിയ കോട്ടം സംഭവിച്ചിട്ടുണ്ട്. ഗുജറാത്തിലും യുപിയിലും സംഭവിച്ചപോലെ സമുദായത്തിലെ 'ഘെറ്റോ'കൾ (കള്ളികൾ) ഇവിടെയും സൃഷ്ടിക്കപ്പെടുകയാണോ എന്ന ഭയം അസ്ഥാനത്തല്ല.''

ജനകീയ രാഷ്ട്രീയം നിലനിൽക്കണമെങ്കിൽ ജനകീയമായ സംസ്കാരത്തിന്റെ പിൻബലം അനിവാര്യമാണ്. അതിനായുള്ള സംസ്കാരത്തിന്നായുള്ള പ്രവർത്തനം വർത്തമാനകാലത്ത് നിർണ്ണായകമായിത്തീരുകയും ചെയ്യുന്നു. ഈ യാഥാർഥ്യബോധത്തോടെ സാംസ്കാരികരംഗത്ത് ഇടപെടുക എന്നത് ഏറെ പ്രധാനമായി തീർന്നിരിക്കുകയാണ്. അതിനാൽ സാംസ്കാരിക രംഗത്തെ ഇടപെടൽ ജനകീയ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം വർത്തമാനകാലത്ത് ഏറെ പ്രധാനമായിത്തീരുന്നു.

സംഘടനകൾ എന്ന നിലയിലും സർക്കാര് ഏജന്സികൾ എന്ന നിലയിലും സംസ്കാരത്തിലുള്ള ഇടപെടലുകളെ കൂടുതൽ സക്രിയമാക്കാനുള്ള മാർഗങ്ങൾ എന്തെല്ലാം എന്നതിനെക്കുറിച്ചുള്ള അന്വേഷണം ഇക്കാലത്ത് ഏറെ പ്രാധാന്യമുള്ളതായി തീരുന്നു. സർക്കാർ ഏജൻസികൾ എന്ന നിലയിൽ അക്കാദമികൾ, സ്റ്റേറ്റ് ലൈബ്രറികൗണ്സിൽ, സിഡിറ്റ് പോലെയുള്ള സ്ഥാപനങ്ങൾ, ബുക്ക്മാർക്ക്, ഭാഷാ ഇന്സ്റ്റിറ്റിയൂട്ട്, എന്സൈക്ലോപീഡിയ സര്വകലാശാലകൾ, കലാപഠനഗവേഷണ സ്ഥാപനങ്ങൾ, മാധ്യമ പഠനകേന്ദ്രങ്ങൾ, മഹാവ്യക്തികളുടെ സ്മരണ നിലനിർത്തുന്ന സാംസ്കാരിക സ്ഥാപനങ്ങൾ, പൈതൃക പഠനകേന്ദ്രങ്ങൾ, സർവ്വകലാശാലകൾ തുടങ്ങിയവയ്ക്ക് ഈ മേഖലയിൽ എന്തുചെയ്യാൻ കഴിയും എന്ന് വിശദമായിത്തന്നെ പരിശോധിക്കേണ്ടതുണ്ട്. സാംസ്കാരികരംഗത്തെ സംഘടിത മുന്നേറ്റങ്ങൾ ഏതുവിധമായിരിക്കണമെന്നതും ചർച്ചാവിഷയമാകണം.

സംസ്കാരികരംഗത്തെ സംഘടിതമുന്നേറ്റം, ഭാഷാപഠനവും ഗവേഷണവും, ഭാഷയും നവസാങ്കേതികവിദ്യകളും, പുസ്തകപ്രസാധനംപ്രശ്നങ്ങളും സാധ്യതകളും, ഗ്രന്ഥശാലാപ്രസ്ഥാനം, അക്കാദമികൾ, കലാപഠനഗവേഷണരംഗം, മാധ്യമപഠനം, സാംസ്കാരിക സ്ഥാപനങ്ങളുടെ ശാക്തീകരണം, കലാനാടകസമിതികളുടെ ശാക്തീകരണം, സിനിമ കലയും വ്യവസായവും, വിദ്യാഭ്യാസസ്ഥാപനങ്ങളും കലാപരിപോഷണവും, പാരമ്പര്യസംരക്ഷണത്തിന്റെ സാംസ്കാരിക മാനങ്ങൾ എന്നിങ്ങനെ പലമേഖലകൾ സംസ്ക്കാരത്തിന്റെ ഭാഗമായുണ്ട്.

### പ്രസാധനരംഗം

താരതമ്യേന കുറഞ്ഞ വിലയ്ക്ക് പൊതുവിൽനല്ല ഗുണനിലവാരമുള്ള പുസ്തകങ്ങൾവ്യാപകമായി ലഭ്യമാണ് എന്നതാണ് മലയാള പുസ്തക പ്രസാധനത്തിന്റെ മേന്മ. ചരിത്രപരവും രാഷ്ട്രീയവുമായ കാരണങ്ങളാലാണ് ഇതുണ്ടായി വന്നത്. പുരോഗമന സാഹിത്യപ്രസ്ഥാനം, ഗ്രന്ഥശാലാസംഘം, സാഹിത്യ പ്രവർത്തക സഹകരണ സംഘം തുടങ്ങിയ ജനകീയ പ്രസ്ഥാനങ്ങൾ ഈ മേന്മയുണ്ടാക്കാൻകാരണമായി. ഈ മേന്മ നിലനിൽക്കുമ്പോഴും, വൈജ്ഞാനികകൃതികൾ, ശാസ്ത്രം, ബാലസാഹിത്യം തുടങ്ങിയ മേഖലകളിലെ വളരെ അപര്യാപ്തമായ പ്രസാധനമാണ് മലയാള

പ്രസാധനത്തിന്റെ പരിമിതി. പ്രസാധകൻപണം നിക്ഷേപിച്ച്, ആസൂത്രണം ചെയ്ത് വളർത്തിയെടുക്കേണ്ട പ്രസാധന മേഖലകളാണിവ. സാഹിത്യകൃതികളുടെ പ്രസാധനത്തിലാണ് മലയാള പ്രസാധനം ഒട്ടുമുക്കാലും ഊന്നുന്നത്. ഇതു ദീർഘകാലാടിസ്ഥാനത്തിൽ ഭാഷയുടെ വികാസത്തെ ഗൗരവമായി ബാധിക്കും. ഒട്ടേറെ വൈജ്ഞാനിക മേഖലകളിൽ ഒരു പുസ്തകം പോലും മലയാളത്തിൽ ഇല്ല.

ഇന്നു മലയാളപുസ്തകപ്രസാധനരംഗത്ത് നിലനിൽക്കുന്ന ഒരു കുത്തകയുടെ മേൽക്കോയ്മ എന്ന സാഹചര്യം പ്രസാധനത്തിന്റെ ആരോഗ്യത്തെ വല്ലാതെ ബാധിക്കുന്നു. വൈജ്ഞാനിക ഗ്രന്ഥങ്ങൾതുടങ്ങിയവ ഉണ്ടായി വരുന്ന സംവിധാനം വികസിപ്പിച്ചടുക്കാനായി തങ്ങളുടെ ലാഭത്തിന്റെ ഒരു പങ്ക് നീക്കിവയ്ക്കാതെ തന്നെ, പ്രസാധകന്റെ ഇടപെടലില്ലാതെ തന്നെ ഉണ്ടായി വരുന്ന സർഗാത്മകസാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചു തന്നെ, കേരളത്തിലെ പുസ്തകക്കമ്പോളത്തിന്റെ വലിപ്പത്തിനനുസരിച്ചുള്ള ലാഭം കൊയ്യാമെന്നിരിക്കെ ഒരു സ്വകാര്യ പ്രസാധകനും വൈജ്ഞാനിക ഗ്രന്ഥങ്ങൾവികസിപ്പിച്ചടുക്കാൻപണം നിക്ഷേപിക്കില്ല. പ്രസാധകർതമ്മിൽആരോഗ്യകരമായ മത്സരത്തിനുള്ള സാഹചര്യം ഇല്ലാതിരിക്കുമ്പോൾപ്രത്യേകിച്ചും.

വൈജ്ഞാനിക ഗ്രന്ഥങ്ങൾ, ബാലസാഹിത്യം തുടങ്ങിയവ വികസിപ്പിക്കുന്നതിൽഒരു ദ്വിമുഖ സമീപനമായിരിക്കും ഉചിതം. ഒന്ന്: ഭാഷാ ഇന്സ്റ്റിറ്റ്യൂട്ട്, മലയാള സർവകലാശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നേരിട്ട് വലിയ തോതിൽനിലവാരമുള്ള പുസ്തകങ്ങൾപ്രസിദ്ധീകരിച്ച് ഈ രംഗത്ത് അടിത്തറയും മാതൃകകളുമുണ്ടാക്കുക. രണ്ട്: വൈജ്ഞാനിക ഗ്രന്ഥങ്ങൾപ്രസിദ്ധീകരിക്കാൻചെറുതും വലുതുമായ സ്വകാര്യ പ്രസാധകരെ പ്രേരിപ്പിക്കുക. ഇതിനായി ധനസഹായം മുതലായവ നൽകി ഈ രംഗത്ത് പരസ്പരം മത്സരിക്കാനുള്ള ശേഷി അവർക്കുണ്ടാക്കുക.

സേജ് തുടങ്ങിയ ബഹുരാഷ്ട കുത്തകകൾവൻതോതിൽമലയാളമടക്കമുള്ള ഇന്ത്യൻഭാഷകളിൽവൈജ്ഞാനിക ഗ്രന്ഥങ്ങൾപ്രസിദ്ധീകരിക്കാനാരംഭിച്ചിരിക്കുന്ന ഈ വേളയിൽ ഇക്കാര്യത്തെ ഗൌരവത്തോടെ സമീപിച്ചില്ലെങ്കിൽകേരളത്തിന്റെ ബൌദ്ധിക പ്രവർത്തനത്തിൽബഹുരാഷ്ട്ര കമ്പനികൾക്ക് ഒരു കവാടം കൂടെ തുറന്നുകൊടുക്കലാവും ഉണ്ടാവുക..

പുസ്തകപ്രസാധന രംഗത്തെ മറ്റൊരു പ്രതിസന്ധി പുസ്തകങ്ങളുടെ ലഭ്യതയാണ്. നമ്മുടെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരിൽനിന്ന് പുസ്തകവായനാശീലം ഇപ്പോഴും വളരെ ദൂരെയാണ്. സാക്ഷരത, ഗ്രാമീണ വായനശാല എന്നിങ്ങനെ വായനയ്ക്കടിസ്ഥാനമായ ഘടകങ്ങൾ വികസിപ്പിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടെങ്കിലും പുസ്തകവായനാശീലം ബഹുഭൂരിപക്ഷം മലയാളിക്കും ഇപ്പോഴും അന്യമാണ്. വ്യത്യസ്ത വിദ്യാഭ്യാസതലങ്ങളിലുള്ള ആളുകൾക്ക് വേണ്ടിയുള്ള ബഹുതലപുസ്തകങ്ങൾ, കുട്ടികൾക്കും നവവായനക്കാർക്കും വേണ്ടിയുള്ള പുസ്തകങ്ങൾ എന്നിവയുടെ കാര്യത്തിലെല്ലാം കൂടുതൽ ശ്രദ്ധ മലയാളപ്രസാധനരംഗം ചെലുത്തേണ്ടിയിരിക്കുന്നു.

പുസ്തകങ്ങളുടേയും വായനയുടേയും നിരവധി പുതിയ രൂപങ്ങൾ ഇന്ന് ആവിഷ്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ദൃശ്യപുസ്തകങ്ങൾ, ഇന്ററാക്റ്റീവ് പുസ്തകങ്ങൾ, സംസാരിക്കുന്ന പുസ്തകങ്ങൾ, ബ്ലോഗുകൾ എന്നിവയൊക്കെ ഇവയിൽ ചിലതുമാത്രം. ഈ മേഖലകളിലെല്ലാം മൗലികമായ സംഭാവനകൾ നൽകാന് കെൽപുള്ള പ്രസാധനപരിശീലനകേന്ദ്രങ്ങളും പ്രവർത്തനങ്ങളും ആരംഭിക്കുക എന്നത് നാം ഏറ്റെടുക്കേണ്ട മറ്റൊരു വെല്ലുവിളിയാണ്. തിരമൊഴിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഇബുക്ക് പ്രസാധനം വിപുലമാക്കേണ്ടതുണ്ട്.

ഗവണ്മെന്റ് നേരിട്ടു നടത്തുന്ന പബ്ലിക്കേഷന് സ്ഥാപനങ്ങൾക്കെല്ലാം പുസ്തകം അച്ചടിക്കുന്ന ജോലി മാത്രമേയുള്ളൂ. അവർക്ക് പുസ്തകം മാർക്കറ്റ് ചെയ്യുന്ന പണിയില്ല. ബുക്ക് മാർക്ക് സ്ഥാപനം എന്തിനുവേണ്ടിയാണോ തുടങ്ങിയത് ആ ലക്ഷ്യം നേടാൻ അതിനിപ്പോഴും കഴിഞ്ഞിട്ടില്ല. മറ്റ് പല നാടുകളിലും ഉള്ളതുപോലെ എഴുത്ത് ഒരു തൊഴിലായി സ്വീകരിക്കാൻ കഴിയുന്ന ഒരു സാഹചര്യം കേരളത്തിലില്ല. എഴുത്തുകാർക്ക് ഫെല്ലോഷിപ്പ് നൽകുന്ന പതിവ് കേരളത്തിൽ ഇല്ലെന്നുതന്നെ പറയാം. ധൈഷണിക പ്രവർത്തനത്തെ ഗൗരവമായെടുക്കുന്ന സംസ്കാരം ബോധപൂർവ്വം വളർത്തിയെടുക്കുകയാണു വേണ്ടത്.

പഴയകൃതികളുടെ പ്രസാധനമാണ് ഗൗരവത്തോടെ ഏറ്റെടുക്കേണ്ട മറ്റൊരു ഉത്തരവാദിത്തം. താളിയോലയിലുള്ള ഗ്രന്ഥങ്ങൾ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ നമ്മുടെ പല സർവകലാശാലകളിലും ഉണ്ട്. എന്നാൽ അവിടെയുള്ള കൃതികൾ പഠനങ്ങളും വ്യാഖ്യാനങ്ങളും സഹിതം പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങളൊന്നും നടക്കുന്നില്ല. മാത്രമല്ല അത്തരം വിജ്ഞാനശാഖകളിൽ പ്രാവീണ്യം നേടുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സർക്കാരിന്റേയും അക്കാദമിക സ്ഥാപനങ്ങളുടേയും സവിശേഷശ്രദ്ധ പതിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിലെന്തെങ്കിലും മാറ്റം ഉണ്ടാക്കിയെടുക്കാന് കഴിയൂ. അതേവിധം അക്കാദമികരംഗത്തുനടക്കുന്ന ഗവേഷണഫലങ്ങൾ പൊതുജനങ്ങൾക്ക് പുസ്തകരൂപത്തിൽ ലഭ്യമാക്കാനുള്ള ഏർപ്പാടുകളുണ്ടാവണം.

## ഗ്രന്ഥശാലാ പ്രസ്ഥാനം

ലോകത്തിലെതന്നെ സവിശേഷമായതും ജനകീയാടിത്തറയുള്ളതുമായ സാംസ്കാരിക കൂട്ടായ്മയാണ് കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനം. എന്നാൽ കേരളത്തിലെ പൊതുമണ്ഡലത്തിന്റെ തകർച്ച ഗ്രന്ഥശാലാ പ്രസ്ഥാനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. യുവാക്കൾ ഈ മേഖലയിലേക്കു കടന്നുവരുന്നില്ല. അവരെ ആകർഷിക്കാനുള്ള വഴികൾ ആലോചിക്ക

ണം. മിടുക്കരും സമർത്ഥരുമായ ചെറുപ്പക്കാരുടെ സാമൂഹ്യബോധവും വ്യവസ്ഥാവിമർശവും ഏറ്റവും പ്രയോജനകരമായ ചാലുകളിലേക്ക് തിരിച്ചുവിടാനുള്ള ഒരു രാസത്വരകമായി ഗ്രന്ഥശാലാബന്ധങ്ങളും പ്രവർത്തനങ്ങളും മാറാനുള്ള സാദ്ധ്യതകളും ശക്തമാണ്. അതു പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾക്ക് ഊന്നൽകൊടുക്കേണ്ടതാണ്. ജാതിമതവിഭാഗീയ സാമൂഹ്യവിരുദ്ധ പ്രവണതകളിൽനിന്ന് വിട്ടുനിൽക്കുന്ന അപൂർവ്വം പൊതു ഇടങ്ങളിലൊന്നാണ് ഇന്നും ഗ്രന്ഥശാലകൾ. ഇത്തരം പൊതുയിടങ്ങൾ നമ്മുടെ സാമൂഹികമായ നിലനിൽപിന്റെ അടിസ്ഥാനമാണ്. അവയെ സംരക്ഷിക്കേണ്ടതുണ്ട്. ഉദാത്തമായ മാനവികതയുടെ അടിസ്ഥാനത്തിൽ സാമൂഹ്യപ്രതിഭാസങ്ങളെ വിലയിരുത്തുന്ന, ശാസ്ത്രീയമായ വിശകലനസാമഗ്രികൾ ഉപയോഗിച്ചു സത്യം കണ്ടെത്താൻ കഴിയുന്ന പുതിയ മനസ്സുകളേയും സാമൂഹികക്കൂട്ടയ്മകളേയും സൃഷ്ടിക്കാന് വായനയ്ക്കും വായനശാലയ്ക്കും കഴിയണം.

വിവരസാങ്കേതികവിദ്യ, നവമാധ്യമങ്ങൾ എന്നിവയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുമുണ്ട്. ഇതിനായി ഗ്രന്ഥശാലാനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടത് ആവശ്യമാണ്. രാഷ്ട്രീയപ്രബുദ്ധതക്കൊപ്പം സാംസ്കാരികപ്രബുദ്ധതയും രൂപപ്പെടുത്തുന്നതിൽ ഗ്രന്ഥങ്ങൾക്കും ഗ്രന്ഥശാലകൾക്കുമുള്ള സവിശേഷപ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് കൂടുതൽ ധനസഹായം നൽകുന്നതുൾപ്പെടെ ആവശ്യമായ പിൻബലം ഗ്രന്ഥശാലാപ്രസ്ഥാനത്തിന് സർക്കാര് നൽകണം. സംസ്ഥാനത്തെ ലൈബ്രേറിയന്മാരുടെ യോഗ്യത, നിയമനം, പരിശീലനം എന്നിവയിൽ കൂടുതൽ ശ്രദ്ധിച്ചുകൊണ്ട് അവരിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾ വരുത്തി ഗ്രന്ഥശാലാപ്രസ്ഥാനത്തിന് പുത്തൻ ഉണർവ്വു നൽകേണ്ടതുണ്ട്. ഡിജിറ്റൈസേഷനുള്ള സംവിധാനം ലൈബ്രറികളിൽ ഒരുക്കണം. പ്രത്യേകിച്ചും പഴയ പുസ്തകങ്ങൾ, മാസികകൾ എന്നിവയുടെ അപൂർവശേഖരമുള്ള പല ഗ്രന്ഥശാലകളും കേരളത്തിലുണ്ട്. അവയെല്ലാം ഡിജിറ്റൈസ് ചെയ്യാനും പൊതുജനങ്ങൾക്കു ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രന്ഥശാലപ്രസ്ഥാനത്തിന്റെ സുവർണനാളുകളിൽ പുസ്തകവായനയും വായനശാലയും വായിക്കാനുള്ള ഒരിടം എന്നതിലുപരി ശക്തമായ സാംസ്കാരിക ഇടപെടലിനുള്ള സ്ഥലം കൂടെ ആയിരുന്നു. ഒരിക്കൽ നാം കൈവരിച്ച ഈ മുന്നേറ്റം പുതിയ വിവര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പുനരാവിഷ്ക്കരിക്കാന് ശ്രമിക്കേണ്ടതുണ്ട്. വിവരസാങ്കേതിക വിദ്യയുടെ ശേഷി നേടുന്നതിനും അതിലൂടെ വിവരവിനിമയത്തിൽനേരിട്ടിടപെടുന്നതിനുമുള്ള ഒരു ഇടമായി വായനശാല മാറണം. സമ്പൂർണ്ണസാക്ഷരതാ പ്രസ്ഥാനം വിജയിപ്പിച്ചതുപോലെ സമ്പൂർണ്ണ വായനാ പ്രസ്ഥാനം വളർത്തിയെടുക്കാനുള്ള പദ്ധതികൾക്കു തുടക്കം കുറിക്കണം.

## കേരളത്തിലെ അക്കാദമികൾ

സ്വതന്ത്ര ഇന്ത്യ നിലവിൽവന്ന ഉടനേ അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ മുന്കയ്യിൽ കലാസാംസ്ക്കാരിക പ്രവർത്തങ്ങൾ ഉത്തേജിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ദില്ലിയിൽ വിവിധ അക്കാദമികളും സമാനസ്ഥാപനങ്ങളും സ്ഥാപിക്കപ്പെട്ടു. അതേ മാതൃകയിലാണ് കേരളത്തിലും അക്കാദമികൾ രൂപവത്ക്കരിക്കരിക്കപ്പെട്ടത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള അക്കാദമികളും മറ്റു സാംസ്ക്കാരിക സ്ഥാപനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരളത്തിലെ സ്ഥാപനങ്ങൾ മികച്ചവയിൽ പെടും.

കേന്ദ്രസർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങളെക്കുറിച്ചു കാലാകാലങ്ങളിൽ വിവിധ വിദഗ്ദ്ധസമിതികൾ പഠിച്ചു വച്ച നിർദ്ദേശങ്ങൾ അവയുടെ പ്രവർത്തനത്തിനു വഴികാട്ടുന്നു. 1964ലെ ഹോമി ഭാഭ കമ്മിറ്റി, 1972ലെ ഖോസ്ലാ കമ്മിറ്റി, 1989ലെ പി എൻ ഹക്സർ കമ്മിറ്റി എന്നിവയാണവ. ഇതുകൂടാതെ 2013ൽ സമർപ്പിക്കപ്പെട്ട സീതാറാം യെച്ചൂരി കമ്മിറ്റിയുടെ നിർദ്ദേശങ്ങളുണ്ട്. അക്കാദമികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി പുതിയ ഭാവുകത്വത്തോടു സംവദിക്കാന് അവയ്ക്കു കഴിയുന്നില്ല എന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളാണ് യഥാർത്ഥത്തിൽ അക്കാദമികൾ ഭരിക്കേണ്ടത്. അങ്ങിനെ വരുമ്പോൾ മാത്രമേ അതിൽ വിവിധ തലമുറകൾക്കു പ്രാതിനിധ്യമുണ്ടാകൂ. മറ്റൊരു പ്രധാനനിർദ്ദേശം അക്കാദമികളെ വിദ്യാഭ്യാസസ്ഥാപനങ്ങളുമായി ബന്ധിപ്പിക്കണം എന്നതാണ്. കേരളത്തിലെ സ്മാരകങ്ങളെ ഇന്ദിരാഗാന്ധി നാഷണൽ സെന്റർഫോർ ആർട്സിന്റെ മാതൃകയിൽ ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ക്രോഡീകരിക്കണം.

ഫോക്ലോര് അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കണം. വിപുലവും സുസജ്ജവുമായ ഒരു ഫോക്ലോര് മ്യൂസിയം സ്ഥാപിക്കണം.

കേന്ദ്ര അക്കാദമി, സാംസ്ക്കാരിക മന്ത്രാലയം എന്നിവ നൽകിവരുന്ന നാനാതരത്തിലുള്ള സാമ്പത്തികസഹായങ്ങൾ പ്രയോജനപ്പെടുത്താന് നമ്മുടെ കലാസമിതികൾക്കു കഴിയുന്നില്ല. ഇവയെക്കുറിച്ച് കലാസമിതികളെ ബോധവൽക്കരിക്കുന്നതിനും കേന്ദ്രത്തിലേക്കുള്ള അപേക്ഷകൾ യഥാസമയം സമർപ്പിക്കുന്നതിനും അവരെ സഹായിക്കാനുതകുന്ന ഒരു പ്രത്യേക സെൽ കേരള സംഗീത നാടക അക്കാദമിയിൽ രൂപം നൽകേണ്ടതാണ്. മറ്റു സംസ്ഥാനങ്ങളുമായി സാംസ്ക്കാരികവിനിമയം നടത്തുക എന്നത് അക്കാദമിയുടെ ലക്ഷ്യമാണെങ്കിലും അതൊന്നും ഇപ്പോൾ ഫലപ്രദമായി നടക്കുന്നില്ല. കേരള സംഗീതനാടക അക്കാദമി ഡോക്യുമെന്റേഷന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. കേരളത്തിന്റെ തനതായ കലാരൂപങ്ങളേയും അവയുടെ കലാകാരരേയും ഡോക്യുമെന്റ് ചെയ്ത് ആർക്കൈവിൽ സൂക്ഷിക്കേണ്ടതുണ്ട്. ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം കൂടുതൽ കാര്യക്ഷമതയോടെ നടക്കണം.

സാഹിത്യ അക്കാദമിയെ കേന്ദ്രസാഹിത്യ അക്കാദമിയുടെ രീതിയിൽ പുനഃസംഘടിപ്പിക്കണം. അക്കാദമിക്കു സ്വതന്ത്രമായ വിഭവസമാഹരണത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കണം.'ഭാഷാസാഹിത്യ സാംസ്കാരിക ഗവേഷണത്തിന് സഹായകമായ കൃതികൾ അക്കാദമി മുൻഗണന നൽകി പ്രസിദ്ധീകരിക്കണം. പ്രാദേശിക സാഹിത്യസമിതികൾക്ക് ഗ്രാന്റ് നൽകണം. സാഹിത്യകാരന്മാർക്ക് ക്ഷേമപദ്ധതികൾ തുടങ്ങണം. ഭാഷാസൂത്രണത്തിന് വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

### നഷ്ടമാകുന്ന പൊതുമണ്ഡലം

നവോത്ഥാനകാലത്ത് കേരളത്തിൽ സൃഷ്ടിക്കപ്പെട്ട പൊതുമണ്ഡലം തകർന്നുപോകുന്നു എന്നതാണ് സാംസ്ക്കാരിക മേഖലയിൽ നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. സാംസ്കാരിക ഇടനാഴികൾ (കൾച്ചറൽ കോറിഡോർ) രൂപപ്പെടുത്തുക എന്നതാണ് പൊതുയിടങ്ങൾ തിരിച്ചു പിടിക്കാനുള്ള ഒരു വഴി. കേരളത്തിന്റെ തനത് സംസ്കാരത്തേയും ചരിത്രത്തേയും ജീവിതത്തേയും അറിയാനുള്ള അവസരമൊരുക്കുകയും കല, ശാസ്ത്രം, വിദ്യാഭ്യാസം എന്നിവവഴി പൊതുബോധം ഉണ്ടാക്കാന് കഴിയുകയും ചെയ്യുന്ന തരം പൊതുയിടങ്ങൾ എന്ന നിലയിലാണ് സാംസ്കാരിക ഇടനാഴികൾ വിഭാവനം ചെയ്യുന്നത്. അതതു പ്രദേശങ്ങളിലെ ചരിത്രസ്മാരകങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ, കൈവേലകൾ, കളികൾ, കലകൾ എന്നിവയെ കോർത്തിണക്കി ശാസ്ത്രസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ഇടനാഴി സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ കാതൽ. സാംസ്കാരിക സ്ഥാപനങ്ങളെ റോഡുകൾ വഴി പരസ്പരം ബന്ധിപ്പിച്ചാണ് ഇടനാഴി തീർക്കേണ്ടത്. റോഡിന്റെ ഇരുവശങ്ങളും കലാസൃഷ്ടികൾകൊണ്ട് അലങ്കരിക്കണം. ഈ ഇടനാഴിയിലൂടെ യാത്രചെയ്യുന്ന ഒരാൾക്ക് സാഹിത്യകാരരുടേയും കലാകാരരുടേയും സംഭാവനകളുമായി ഇടപഴകാനുള്ള അവസരം ഉണ്ടായിരിക്കും. ഇതിനായി ശബ്ദം, വെളിച്ചം എന്നിവയുടെയെല്ലാം സഹായം തേടാവുന്നതാണ്. ഒരു ജനകീയകലാചന്തയും ഈ ഇടനാഴിയുടെ ഭാഗമായിരിക്കും. നിലവിലുള്ള ഹോട്ടൽ, റെസ്റ്റോറന്റ് സംവിധാനങ്ങൾക്കു പകരം ഭക്ഷണം പങ്കുവെക്കാവുന്ന ഒരു പൊതു അടുക്കള സാംസ്കാരിക ഇടനാഴിയുടെ ഭാഗമായിരിക്കും. തെരുവുവിപണി, കലാജാലകങ്ങൾ എന്നിവയും കൾച്ചറൽ കോറിഡോറിൽ സംഘടിപ്പിക്കാവുന്നതാണ്.

### കലാപഠനം

കലാപഠനമാണ് ശ്രദ്ധ അർഹിക്കുന്ന മറ്റൊരു മേഖല. കലാമണ്ഡലം ഈ ദിശയിൽ ചെയ്ത പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധ ആകർഷിക്കുന്നതാണ്. വിദ്യാഭ്യാസത്തിൽ ആത്യന്തികമായി രണ്ടു പൊതുവ്യവസ്ഥകളാണുള്ളത്. ഒന്ന്, പഠനവ്യവസ്ഥ, രണ്ട് നൈപുണ്യവ്യവസ്ഥ. കലാമണ്ഡലത്തിലടക്കം സകലാശാലാതലത്തിലുള്ള കലാപഠനഗവേഷണ പദ്ധതികളിൽ ഈ രണ്ടു വ്യവസ്ഥകളെ വേർതിരിച്ചറിയാനോ ഓരോ തലത്തിനും ആവശ്യമായ പദ്ധതി തിരഞ്ഞെടുക്കാനോ ഉള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല.

മറ്റു സർവ്വകലാശാലകളുടെ പൊതുവായ രീതിതന്നെയാണ് കലാപഠനരംഗത്തെ നിയമനങ്ങൾ മുതൽ പാഠ്യപദ്ധതി, പഠനരീതി എന്നിവയുടെ ആവിഷ്കരണത്തിലും പിന്തുടരുന്നത്. നൈപുണ്യവ്യവസ്ഥയെ ഏതാണ്ട് പൂർണ്ണമായിത്തന്നെ പഠനവ്യവസ്ഥ കീഴടക്കുന്ന അവസ്ഥയാണുള്ളത്. ഇത് പാരമ്പര്യകലകളുടെ അഭ്യസനത്തിന് ഒട്ടും ശുഭോദർക്കമല്ല.

പാരമ്പര്യ അവതരണ കലകളിൽ ഏറിയ പങ്കും ശരീരസ്ഥമായ അറിവിന്റെ പ്രയോഗസ്ഥലികൾ കൂടിയാണ്. ഈ വ്യത്യാസത്തെ തിരിച്ചറിഞ്ഞുകൊണ്ടുള്ളതാകണം പാരമ്പര്യ അവതരണ കലകളുടെ അഭ്യസനം. കലാരൂപങ്ങളുടെ സൗന്ദര്യഘടനകളുടെ മൂല്യവും മറുവശത്ത് അവ സൃഷ്ടിക്കുന്നതിനായി മുൻകാലങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്ന ശിക്ഷണസമ്പ്രദായത്തിന്റെ സമകാലീനമായ അപ്രായോഗികതയും പൂർണ്ണമായി അംഗീകരിക്കുന്ന ഒരു പുതിയ പരിശീലനപദ്ധതി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. അതിനായി സർവ്വകലാശാലാതലത്തിലേക്ക് ഉയർത്തപ്പെട്ട നമ്മുടെ സ്ഥാപനങ്ങളെ സജ്ജമാക്കണം.

കലാപഠനത്തിന്റെ പാഠ്യപദ്ധതിയിലും പരീക്ഷാക്രമത്തിലുമുള്ള ഏകീകരണം പ്രധാനമാണ്. കലാപഠനരംഗത്ത് നിർവ്വഹിക്കപ്പെടുന്ന ഗവേഷണം പലനിലയ്ക്കും അർത്ഥശൂന്യമാണ്. ഭാഷാവിഷയങ്ങളിലോ ശാസ്ത്രവിഷയങ്ങളിലോ മാനവികവിഷയങ്ങളിലോ നടക്കുന്ന ഗവേഷണമാതൃകയും രീതിശാസ്ത്രവുമാണ് ഇപ്പോൾ കലാഗവേഷണത്തിലും പിന്തുടർന്നുകാണുന്നത്.

ക്ലാസ്സിക്കൽ കലകളുടെ കാര്യത്തിൽ പുനരുജ്ജീവനപ്രവണതകൾ കടന്നുവരുന്നതിനെ ഗൗരവപൂർണ്ണം കാണണം. യഥാർത്ഥത്തിൽ നമ്മുടെ ക്ലാസ്സിക്കൽ കലകൾക്ക് ക്ഷേത്രം, വിശ്വാസം, ആരാധന എന്നിവയുമായി നേരിട്ട് ഒരു ബന്ധവുമില്ല. ചടുലതയാണ് നമ്മുടെ ദൃശ്യസംസ്കൃതിയുടെ സമകാലമുഖം. എന്നാൽ ക്ലാസ്സിക്കൽ കലകൾ സൂക്ഷ്മവും ധ്യാനാത്മകവുമായ ചലനങ്ങളാൽ ശ്രദ്ധേയമാണ്. അതിവേഗം ചലിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് കാലത്തെ പക്വതയോടെ കൈകാര്യം ചെയ്യുന്ന ഇത്തരം കലകൾ ജനങ്ങൾ ഇഷ്ടപ്പെടുന്നു എന്ന വസ്തുതയാണ് നാം ശ്രദ്ധിക്കേണ്ടത്. ഇന്ന് ക്ലാസ്സിക്കൽ കല എല്ലാ വീടുകളിലേക്കും കടന്നുചെന്നിരിക്കുന്നു. ഈ ജനപ്രിയതയെ പുനരുജ്ജീവന ശക്തികൾക്കു വിട്ടുകൊടുക്കുകയല്ല നാം വേണ്ടത്.

### മാധ്യമമേഖല

സംസ്ക്കാരത്തിനകത്ത് സവിശേഷപദവി ലഭിക്കുന്ന മറ്റൊരു മണ്ഡലമാണ് മാധ്യമവ്യവഹാരങ്ങളുടേത്. ഒറ്റവാക്യത്തിൽ പറഞ്ഞാൽ ഇന്ന് നമ്മുടെ മാധ്യമപ്രവർത്തനം പൂർണ്ണമായും മൂലധനതാൽപ്പര്യ

ങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു. അതേസമയം അത് മുമ്പില്ലാത്തവിധം നമ്മുടെ ദൈനംദിനജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുന്നുമുണ്ട്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സഹായിക്കുന്നതും അതിനനുസൃതമായ അഭിരുചികളെ സൃഷ്ടിക്കുന്നതും ഇന്ന് മാധ്യമങ്ങളാണ്. ഇന്നത്തെ മാധ്യമപ്രവർത്തനത്തിന്റെ ലക്ഷ്യം ലാഭമാണെന്നു വന്നിരിക്കുന്നു. മാധ്യമസംയോജനം എന്ന അപകടകരമായ പ്രവണതയ്ക്കും വേഗം വർദ്ധിക്കുകയാണ്. സാക്ഷരതയും മാധ്യമസാക്ഷരതയും തമ്മിൽ പൊരുത്തപ്പെടുമെന്നു കരുതാന് കഴിയില്ല. മാധ്യമങ്ങൾ പറയുന്നത് ജനം കേൾക്കുന്നുവെന്നല്ലാതെ ജനത്തിനു പറയാനുള്ളത് പലപ്പോഴും മാധ്യമങ്ങൾ കേൾക്കുന്നില്ല. അതുകൊണ്ടുതന്നെ മാധ്യമങ്ങൾക്കു വിശ്വാസ്യത ഇല്ലാതായിത്തീരുന്നു. സോഷ്യൽ മീഡിയയിൽപോലും മാധ്യമവിമർശനം ശക്തമായി നടക്കുന്നില്ല. ശക്തമായ മാധ്യമവിമർശനം വ്യക്തികളുടെ ഭാവനയിൽനിന്നു പൊടുന്നനെ ഉണ്ടാവുകയില്ല. അതിനുപാകമായ ഒരു പൊതുമണ്ഡലം ഉണ്ടാകണം. അതായത്, അരാഷ്ട്രീയവൽക്കരിക്കപ്പെട്ട ഒരു പൊതുസമൂഹത്തിൽനിന്നു ശക്തമായ മാധ്യമവിമർശനം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാനാവില്ല. അതുകൊണ്ട് സമൂഹത്തെ രാഷ്ട്രീയവൽക്കരിക്കാൻ നടത്തുന്ന ശ്രമവും മാധ്യമവിമർശനവും തമ്മിലുള്ള ബന്ധം വൈരുദ്ധ്യാത്മകമാണ്. ഇക്കാര്യമാണ് രാഷ്ട്രീയപ്പാർട്ടികളും വ്യക്തികളും മനസ്സിലാക്കേണ്ടത്. മാധ്യമങ്ങളെ ആസുരവൽക്കരിക്കുകയോ ആദർശവൽക്കരിക്കുകയോ ചെയ്യാതെ വിവേചനാധികാരവും വിവരാവകാശവും പ്രയോഗിക്കുന്ന ഒരു മാദ്ധ്യമോപഭോക്തൃസമൂഹത്തെയാണു നമുക്കാവശ്യം.

അക്കാദമികതലത്തിൽ മാധ്യമപഠനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ശോചനീയമാണ്. മാധ്യമപ്രവർത്തനത്തിനാവശ്യമായ സാങ്കേതിക പരിശീലനം നൽകുന്ന ചില സ്ഥാപനങ്ങളുണ്ടെന്നല്ലാതെ മാധ്യമപഠനത്തെ സംസ്ക്കാരപഠനത്തിന്റെ ഭാഗമായി പഠിക്കുകയും ഗവേഷണം നിർവഹിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളില്ല. അവയ്ക്കുള്ള സാദ്ധ്യതകൾ നമ്മുടെ സർവ്വകലാശാലകൾ ആരായേണ്ടതാണ്.

മാധ്യമരംഗത്ത് നിലനിൽക്കുന്ന ലിംഗവിവേചനമാണ് ചർച്ചചെയ്യപ്പെടുന്ന മറ്റൊരു മേഖല. ഇതിന് രണ്ടുതലങ്ങളുണ്ട്. അതിലൊന്ന് ജീവിതത്തിന്റെ സമസ്തമണ്ഡലങ്ങളിലും നിലനിൽക്കുന്ന സ്ത്രീവിരുദ്ധതയാണ്. ഇടതുവലതു ഭേദമില്ലാതെ നാം പാലൂട്ടിവളർത്തിയ ആണ്കോയ്മ സാംസ്ക്കാരികലോകത്തെ സൂക്ഷ്മതലത്തിൽ പൂർണ്ണമായും ഗ്രസിച്ചിരിക്കുന്നു. അവൾ പെണ്ണാണ് എന്ന ഒറ്റക്കാരണംകൊണ്ട് അന്യമാക്കുന്ന സാംസ്ക്കാരികയിടങ്ങൾ നേരുലകത്തിലും നെറ്റുലകത്തിലും ഇവയിലൊട്ടും കുറയാതെ മാദ്ധ്യമോലകത്തിലും അറിഞ്ഞും അനുഭവിച്ചുമാണ് നാമോരോരുത്തരും ജീവിക്കുന്നത്. പുത്തന്മുതലാളിത്തത്തിന്റെ സന്ദർഭത്തിൽ സ്ത്രീയുടെ അസ്തിത്വത്തെത്തന്നെ അസാദ്ധ്യമാക്കുന്ന പ്രവണതകളാണു കണ്ടുവരുന്നത്. ഇതിന്റെ പ്രചാരണം വലിയതോതിൽ നടക്കുന്നത് മാധ്യമങ്ങളിലാണ്. ശരീരം മാത്രമുള്ള, മനസ്സോ ബുദ്ധിയോ ഇല്ലാത്ത ഒരു വസ്തുവായാണ് സ്ത്രീകളെ മാധ്യമങ്ങൾ അവതരിപ്പിക്കുന്നത്. സ്ത്രീയുടെ അന്തസ്സും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിന് നമ്മുടെ സമൂഹം ഉറപ്പുനൽകിയിട്ടുള്ള നിയമങ്ങളെക്കുറിച്ച് ഒരിക്കലും സ്ത്രീകളെ ബോധവൽക്കരിക്കാനോ അവരെ ശാക്തീകരിക്കാനോ പുതിയ കാലത്തിലെ മാധ്യമങ്ങൾ ശ്രമിക്കുന്നില്ല. അതേ സമയം മാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് അവരുടെ തൊഴിൽപരിസരം ഒട്ടും സൗഹൃദപരമായി അനുഭവപ്പെടുന്നില്ല എന്നതാണ് ചർച്ചചെയ്യപ്പെടുന്ന മറ്റൊരു പ്രധാന പ്രശ്നം. മിക്കവാറും മാധ്യമങ്ങളിൽ വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നില്ല. ദളിത്, പിന്നാക്കവിഭാഗങ്ങളിൽനിന്നുള്ള സ്ത്രീകളുടെ പങ്ക് മാധ്യമങ്ങളിൽ വളരെ കുറവാണ്. അവരുടെ അസാന്നിദ്ധ്യം പ്രതിനിധാനപരമായി ഉറപ്പുവരുത്താത്തതുകൊണ്ടാണ് മാധ്യമങ്ങളിൽ അടിസ്ഥാനവിഭാഗങ്ങളെ സംബന്ധിക്കുന്ന വാർത്തകൾക്കും വിശകലനങ്ങൾക്കും ഇടം ലഭിക്കാത്തത്. അതിനാൽ സമൂഹത്തിലെ പിന്നോക്കകീഴാള വിഭാഗങ്ങളിൽനിന്നുള്ള സ്ത്രീകൾക്ക് മാധ്യമങ്ങളിൽ സംവരണം ഏർപ്പെടുത്തണം.

സംസ്ക്കാരത്തിന്റെ മണ്ഡലത്തിൽ ജനപ്രിയതയുടെ വേലിയേറ്റമാണ് ഇപ്പോൾ നടക്കുന്നത്. ഇവ ജനകീയകലയെ തമസ്ക്കരിക്കാനും പൊതുസമൂഹത്തിന്റെ വിമർശനാത്മകബോധത്തെ മലിനമാക്കാനുമാണ് ശ്രമിക്കുന്നത്. ഈ ജനപ്രിയസംസ്ക്കാരത്തിന്റെ കളിത്തൊട്ടിലാണ് ഇന്നത്തെ മാധ്യമലോകം. മുതലാളിത്തത്തിന്റെ വളർച്ചയുടെ ഘട്ടത്തിൽ അധികാരവും പ്രമാണിത്തവും നഷ്ടപ്പെട്ട പ്രഭുവർഗത്തിന്റെ പ്രതിനിധികൾ പിൽക്കാലത്ത് അതേ മുതലാളിത്തത്തിന്റെ ഇത്തിക്കണ്ണികളായിത്തീരുകയും തങ്ങൾക്ക് നഷ്ടപ്പെട്ട പഴയ പ്രതാപത്തെ സംസ്ക്കാരത്തിന്റെ പേരിൽ പുനരുദ്ധരിക്കാന് ശ്രമിക്കുകയും ചെയ്യുന്നു. ഈ സാംസ്ക്കാരിക ജന്മിത്തത്തിന്റെ കളിത്തൊട്ടിലാണ് ഇന്ന് മാധ്യമലോകം. സാംസ്ക്കാരിക സംവർഗങ്ങളുടെ ഈ പ്രത്യായനം ഫാസിസ്റ്റ് പ്രവണതകൾക്ക് ആക്കം കൂട്ടും.

## സ്മാരകങ്ങൾ

സംരക്ഷിക്കപ്പെടേണ്ടത് എന്ന് കരുതുന്ന നിരവധി സ്മാരകങ്ങൾ കേരളസർക്കാര് ഏറ്റെടുത്തിട്ടുണ്ട്. അതിലധികവും എഴുത്തുകാരുടെ ജന്മഗൃഹങ്ങളോ അവരുടെ പേരിൽ നിർമ്മിച്ച കെട്ടിടങ്ങളോ ആണ്. ഇവ കൂടാതെ ചില കൊട്ടാരങ്ങളും മറ്റും ഈ ഗണത്തിൽ വരും. സർക്കാര് നിയമിക്കുന്ന കമ്മറ്റികളാണ് ഇവയുടെ ഭരണം നിർവ്വഹിക്കുന്നത്. പൊതുവായ ഒരു നയമില്ലാത്തതും വേണ്ടത്ര ഫണ്ടില്ലാത്തതുമാണ് ഈ സ്മാരകങ്ങളുടെ നടത്തിപ്പിലെ പ്രശ്നം. തുഞ്ചന് സ്മാരകട്രസ്റ്റിന്റേതുപോലുള്ള ഒരു സമിതിയാണ് എല്ലാ സ്മാരകങ്ങളുടെ കാര്യത്തിലും അഭികാമ്യം.

**കലാസമിതികൾ**

പുനരുത്ഥാനത്തിന്റേയും കമ്പോളസംസ്കാരത്തിന്റേയും കാലത്ത് പ്രാദേശിക കലാസമിതികൾക്ക് വലിയ പങ്ക് നിറവേറ്റാനുണ്ട്. സംസ്കാരത്തിന്റെ അടിസ്ഥാനസിരാപടലങ്ങളായി അവയെ എങ്ങനെ മാറ്റിത്തീർക്കാമെന്ന് ആലോചിക്കണം. പഴയ കലാസമിതികളുടെ പ്രവർത്തനം തിരികെക്കൊണ്ടുവരാന് കഴിയുമെന്നു കരുതാന് വയ്യ. ആ രാഷ്ട്രീയസാഹചര്യം അതേവിധം ഇപ്പോൾ നിലനിൽക്കുന്നില്ല. അന്നത്തെ കലാസമിതികൾ സ്വാഭാവികമായി വളർന്നുവന്നവയാണ്. എന്നാൽ ഇന്ന് നിർബന്ധത്തോടുകൂടിയ പ്രവർത്തനത്തിലൂടെ മാത്രമേ കലാസമിതികളെ സജീവമാക്കി നിർത്താനാവൂ. ഈ സമിതികൾ തമ്മിൽ വിനിമയബന്ധം വേണം. ഓരോ പ്രദേശത്തേയും കലാകാരരുടെ കഴിവുകളേയും താൽപര്യങ്ങളേയും പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം കലാസമിതികളുടെ ലക്ഷ്യം.

പ്രാദേശിക നാടകമേളകൾ നടക്കണം. നാടകങ്ങൾ ഡോക്യുമെന്റ് ചെയ്യണം. കുട്ടികളുടെ നാടകവേദിക്ക് സവിശേഷമായ പ്രാധാന്യം നൽകണം. പുതിയ നാടകസങ്കേതങ്ങളെ ജനകീയനാടകപ്രവർത്തകർക്ക് പരിചയപ്പെടുത്തിക്കൊടുക്കണം. ഇതിന് അക്കാദമികതലത്തിലെ പ്രവർത്തനങ്ങളും ജനകീയനാടകപ്രവർത്തനങ്ങളും തമ്മിലുള്ള ഉദ്ഗ്രഥനം ആവശ്യമായിവരും. എല്ലാ ഗ്രാമങ്ങളിലും നാടകസാംസ്ക്കാരികപ്രവർത്തനങ്ങൾക്ക് വേദിയൊരുക്കാനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തണം. ഗ്രാമീണ നാടകാവതരണങ്ങൾക്കും ക്യാമ്പുകൾക്കും സർക്കാര് ധനസഹായം നൽകണം. ക്യാമ്പസ് നാടകവേദികൾക്കു വേണ്ട പിന്തുണ ഉറപ്പുവരുത്തണം. അന്താരാഷ്ട്ര നാടകോത്സത്തോടൊപ്പം മലയാളനാടകോൽസവവും ഇന്ത്യൻനാടകോൽസവവും സംഘടിപ്പിക്കണം. സ്ത്രീനാടകവേദികൾ രൂപവത്ക്കരിക്കാൻ ബോധപൂർവ്വമായ ഇടപെടൽ വേണം. പ്രാദേശിക ഫിലിംസൊസൈറ്റികൾ കാര്യക്ഷമമാക്കണം. ഇവയെ സ്കൂൾ,കോളേജ് സംവിധാനവുമായി ബന്ധിപ്പിക്കണം. പ്രാദേശിക ചലച്ചിത്രമേളകൾ സംഘടിപ്പിക്കണം.

**പൈതൃകസംരക്ഷണം**

പൈതൃകത്തെക്കുറിച്ച് വളരെ വ്യത്യസ്തമായ ചില ധാരണകൾ പൊതുസമൂഹത്തിൽ വ്യാപിക്കുന്ന സന്ദർഭമാണിത്. പൈതൃകസംരക്ഷണത്തിനുള്ള പൊതു/സ്വകാര്യ സംരംഭങ്ങളെ ഈ പുതിയ കാഴ്ച്ചപ്പാടുകൾ സ്വാധീനിക്കുന്നുണ്ട്. അതിനാൽ ഈ മേഖലയിൽ കണ്ണുവെച്ചുള്ള ഇടപെടൽ ആവശ്യമായി വന്നിരിക്കുന്നു. ഒരേസമയം ഇരുദിശകളിലേക്കും സഞ്ചരിക്കുന്ന ഒന്നായി പൈതൃകഭാവന പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഒരുഭാഗത്ത് അത് സ്വാത്മനിർവചനത്തിന്റേയും സ്വത്വനിർണ്ണയനത്തിന്റേയും ഉപാധി എന്ന നിലയിൽ മനസ്സിലാക്കപ്പെടുമ്പോൾ മറുവശത്ത് കൗതുകപൂർണ്ണമായ കെട്ടുകാഴ്ചകളുടെയും വിനോദവ്യവസായ ത്തിന്റെയും ഉപകരണസാമഗ്രികളിലൊന്നുമാണ്. പരസ്പരവിരുദ്ധമായ ഈ ബലങ്ങൾ തമ്മിൽത്തമ്മിൽ ഇടഞ്ഞും ഇണങ്ങിയും പ്രവർത്തിക്കുന്ന ഒരു പുതിയ വ്യവഹാരമായി പൈതൃകലോകം മാറിത്തീർന്നു. ഒരുവശത്ത് ജാതി മത പ്രാദേശിക വിഭാഗീയതകളും തനിമാവാദവും ഉയർന്നുവന്ന് പൈതൃകഭാവനയെ ഇടുങ്ങിയ പാരമ്പര്യവാദമാക്കി മാറ്റാനും അപരവിദ്വേഷത്തിൽ അടിയുറച്ച മിഥ്യാഭിമാനനിർമ്മാണത്തിന്റെ ഉപകരണമാക്കി രൂപപ്പെടുത്താനുമുള്ള ശ്രമങ്ങൾ പ്രബലമാണ്. അതേസമയം പൈതൃകവിഭവങ്ങളുടെ വസ്തുവൽക്കരണവും സംഭവിക്കുന്നുണ്ട്. വിപണിയുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് പൈതൃകത്തെ വിനിയോഗിക്കുന്ന പ്രവണതയാണത്.

മഹാശിലാസ്മാരകങ്ങൾ മുതലുള്ള പല സൂചനകളും ചരിത്രഘട്ടങ്ങളിലേതായി നമുക്ക് ലഭിച്ചിട്ടുണ്ട്. അത്തരം സ്ഥാനങ്ങളെ ആരാധനാലയങ്ങളാക്കി മാറ്റുക, ഭൂമി ക്കടിയിൽനിന്ന് കുഴിച്ചെടുക്കുന്ന പ്രാചീനചരിത്ര സാമഗ്രികളെക്കുറിച്ച് അന്ധവിശ്വാസ ജടിലവും അന്യമതവിദ്വേഷം പ്രചരിപ്പിക്കുന്നതുമായ നിരവധി ആഖ്യാനങ്ങളും ആചാരങ്ങളും വളർത്തിക്കൊണ്ടുവരിക എന്നീ പ്രവണതകൾ ശക്തിപ്പെടുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിലെല്ലാം ശാസ്ത്രീയമായ നിലപാട് സ്വീകരിക്കേണ്ട സർക്കാര് വകുപ്പുകളും അക്കാദമിക് സ്ഥാപനങ്ങളും നോക്കുകുത്തിയായിത്തീരുന്ന അവസ്ഥയുണ്ട്.

സ്വകാര്യമ്യൂസിയങ്ങളിൽനിന്ന് വ്യത്യസ്തമായി പൊതുമ്യൂസിയങ്ങൾക്ക് പ്രത്യയ ശാസ്ത്രപരവും രാഷ്ട്രീയവുമായ ലക്ഷ്യങ്ങളുണ്ടായിരുന്നു. ഇന്ത്യയിലെ മ്യൂസിയങ്ങൾ കൊളോണിയൽ ഭാവനയിൽ കെട്ടിയുയർത്തിയവയാണ്. കോളനിവൽക്കരണത്തെ സാമാന്യമായി വസ്തുവൽക്കരണം എന്ന് വിശേഷിപ്പിക്കാം. കൊളോണിയൽ അധികാരികളുടെ കാഴ്ചശീലങ്ങളാണ് ഈ മ്യൂസിയങ്ങളെ വിഭാവനം ചെയ്യുന്നതിൽ അടിസ്ഥാനമായത്. കാഴ്ചകേന്ദ്രിതമായാണ് ഇപ്പോഴും നമ്മുടെ മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നത്. സംവേദനത്തിന്റെ സമഗ്രതയെ തിരസ്ക്കരിക്കുന്ന സമീപനമാണിത്. മനുഷ്യന്റെ രേഖീയമായ പുരോഗതി വിവരിക്കാനായി പാരമ്പര്യ ഘടകങ്ങളെ അവയുടെ സന്ദർഭത്തിൽനിന്ന് അടർത്തിമാറ്റിയാണ് മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചുവരുന്നത്. ഭൗതികസംസ്ക്കാരത്തെ ഇന്നലേയുടേത് എന്ന് തരംതിരിക്കു മ്പോൾത്തന്നെ അത് ഇന്നിന്റേതുകൂടി ആകുന്നുണ്ട്. അതുകൊണ്ടുതന്നെ അതിന്റെ ഗതി ഭാവിയുമായി ബന്ധപ്പെട്ടതാണ്. ബഹുതല ഇന്ദ്രിയസംവേദനത്വങ്ങളുടെ സാദ്ധ്യതകൾ അന്വേഷിക്കുക, വസ്തുക്കളുടെ അവകാശങ്ങളെ തിരിച്ചറിയുക, കേവലം വസ്തുക്കളെക്കാണാതെ വസ്തുക്കളിലൂടെ അദൃശ്യമായ മറ്റൊന്ന് കാട്ടി ക്കൊടുക്കുക, യുക്തിപരമായി വിന്യസിക്കപ്പെട്ട ഭാഷയുടെ മധ്യസ്ഥതയില്ലാതെ വസ്തുക്കളിലേക്ക് ഇറങ്ങിച്ചെല്ലാന് സന്ദർശകരെ പ്രാപ്തരാക്കുക, കേവലം ഉപഭോക്താ

ക്കളെന്ന നിലയിൽനിന്ന് ഉൽപ്പാദകരായി അവരെ മാറ്റിത്തീർക്കുക, സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുക എന്നിങ്ങനെ മ്യൂസിയങ്ങളുടെ ബഹുതലങ്ങളായ പരിപ്രേക്ഷ്യങ്ങളെ സംബന്ധിക്കുന്ന കാഴ്ച പ്പാടുകളും പുതിയ ജനാധിപത്യമ്യൂസിയങ്ങൾ സൃഷ്ടിക്കാനുതകുന്ന വീക്ഷണ ങ്ങളുമാണ് വളർന്നു വരേണ്ടത്.

വർഗീയ പ്രതിലോമശക്തികൾക്ക് സംസ്കാരത്തിൽ ഇടപെടേണ്ട രീതികളെക്കുറിച്ച് വ്യക്തമായ തിരിച്ചറിവുകളുണ്ട്. സമയബന്ധിതവും ആസൂത്രിതവുമായ രീതിയിൽ അവർ തങ്ങളുടെ അജണ്ടകൾ നടപ്പാക്കിക്കൊണ്ടിരിയ്ക്കുകയുമാണ്. ആചാരാ നുഷ്ഠാനങ്ങളിൽ ഇടപെട്ടും അവയെ രാഷ്ട്രീയതാൽപര്യങ്ങൾക്കുവേണ്ടി ഉപയോ ഗിച്ചും അവർ സംസ്കാരത്തിലിടപെടുന്നു. വിദ്യാഭ്യാസത്തെയും ചരിത്രത്തെയും ഹിന്ദുത്വാജൻഡകളുടെ പ്രചാരണത്തിനായി പ്രയോജനപ്പെടുത്തുന്നു. ഇക്കാര്യത്തിൽ ന്യൂനപക്ഷ വർഗീയതയും അവരോടു മത്സരിക്കുന്നു. ഈ മത്സരത്തിൽ ഭൂരിപക്ഷ ന്യൂനപക്ഷ വർഗീയതകൾ ഒന്നിനൊന്നു പരസ്പരം സഹകരിക്കുകയും ഏറ്റുമുട്ടു കയും ചെയ്യുന്ന വിചിത്രമായ സാംസ്കാരികക്കാഴ്ചകൾ നാം കാണുന്നു. കേരള ത്തിലെ സാംസ്കാരികരംഗത്ത് പ്രധാനമായും ചെയ്യാനുള്ളത് നമുക്കു നഷ്ടപ്പെടുന്ന നവോത്ഥാനമൂല്യങ്ങളെ തിരിച്ചുപിടിക്കുക എന്നതാണ്.

നവോത്ഥാനമൂല്യങ്ങളുടെ അന്തഃസത്തയെ രാഷ്ട്രീയമൂല്യബോധനങ്ങളുമായി സമന്വയിപ്പിക്കാനുള്ള ശ്രമമാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനം നടത്തിയത്. ഒരു ജനതയെ ചരിത്രത്തിൽനിന്ന് അന്യവൽകരിക്കാനും അരാഷ്ട്രീയവൽകരിക്കാനും, മദ്ധ്യവർഗ വൽകരിക്കാനും, പ്രതിലോമരാഷ്ട്രീയബോധങ്ങളിലേക്ക് പ്രത്യാനയിക്കാനുമുള്ള ശക്തമായ ഉപാധിയായി സംസ്കാരം മാറിക്കൊണ്ടിരിക്കെ തികഞ്ഞ ജാഗ്രതയോടെ ഈ പ്രശ്നങ്ങളെ നോക്കിക്കാണാൻ നമുക്കുകഴിയണം.

വളരെ പ്രധാനപ്പെട്ട ചില നിർദേശങ്ങൾമാത്രം താഴെ കൊടുക്കുന്നു.

1. വൈജ്ഞാനിക ഗ്രന്ഥങ്ങൾ, ബാലസാഹിത്യം തുടങ്ങിയവയിലെ കുറവ് പരിഹരിക്കാനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാള സര്വകലാശാല, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ നേരിട്ട് വലിയ തോതിൽ നിലവാരമുള്ള പുസ്തകങ്ങൾപ്രസിദ്ധീകരിച്ച് ഈ രംഗത്ത് അടിത്തറയും മാതൃകകളുമുണ്ടാക്കണം. കൂടാതെ വൈജ്ഞാനിക ഗ്രന്ഥങ്ങൾപ്രസിദ്ധീകരിക്കാൻചെറുതും വലുതുമായ സ്വകാര്യ പ്രസാധകരെ ധനസഹായം മുതലായവ നൽകി പ്രേരിപ്പിക്കുക.
2. സമൂഹത്തിൽവായനയുടെ വ്യാപനം ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് മലയാള വായനാഭിരുചി ഉണ്ടാക്കാനും ക്ലാസ് റൂം ലൈബ്രറികൾഉണ്ടാക്കാനുമായി ഒരു കുട്ടിക്കൊരു പുസ്തകം എന്ന പേരിൽകഴിഞ്ഞ ഇടതുപക്ഷ മുന്നണി സർക്കാരിൻ!റെ അവസാന ബഡ്ജറ്റിൽപ്രഖ്യാപിച്ച പദ്ധതി നടപ്പാക്കണം.
3. പ്രസാധന രംഗത്തെ സാങ്കേതിക വിദ്യാ മാറ്റത്തിനനുസരിച്ച് നമ്മുടെ പ്രസാധന സംവിധാനത്തെ മാറ്റാനായി ഏതെങ്കിലും ഒരു സർവകലാശാലയുടെ ഭാഗമായി ഒരു പ്രസാധന പരിശീലന കേന്ദ്രം ആരംഭിക്കുക.
4. വിവരസാങ്കേതികവിദ്യ, നവമാധ്യമങ്ങൾ എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഗ്രന്ഥശാലാനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. വിവരസാങ്കേതിക വിദ്യയുടെ ശേഷി നേടുന്നതിനും അതിലൂടെ വിവരവിനിമയത്തിൽ നേരിട്ടിടപെടുന്നതിനുമുള്ള ഒരു ഇടമായി വായനശാല മാറ്റാനായി സമ്പൂർണ്ണസാക്ഷരതാപ്രസ്ഥാനം പോലെ സമ്പൂർണ്ണ വായനാപ്രസ്ഥാനത്തിന് തുടക്കം കുറിക്കണം. വായനശാലകൾക്കുള്ള ഗ്രാൻറ് ഇന്നത്തേതിന്റെ മൂന്നു മടങ്ങായി ഉയർത്തണം. ലൈബ്രേറിയൻമാരുടെ ഓണറേറിയം ന്യായമായ ജീവിതത്തിന് ഉതകുന്ന നിലയിൽ വർദ്ധിപ്പിക്കണം. ലൈബ്രറികളിലുള്ള അപൂർവ ഗ്രന്ഥങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് ഒരു പ്രത്യേക സ്കീമിനു രൂപം നൽകണം.
5. മഹാവ്യക്തികളുടെയും എഴുത്തുകാരുടെയും മറ്റും സ്മാരകങ്ങളെ ഐജിഎൻസിഎ മട്ടിൽപുനസംഘടിപ്പിച്ച് ഒരു കോർപസ് ഫണ്ട് നൽകി തദ്ദേശീയ സംസ്കാരിക പ്രവർത്തനത്തിനുള്ള ഫലപ്രദമായ ഏജൻസികളാക്കി മാറ്റണം.
6. കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയാനുഭവങ്ങളുടെ പ്രതിഫലനം എന്നനിലയിലും രാഷ്ട്രീയ ഇച്ഛാശക്തിയുടെ ആവിഷ്കാരമെന്ന നിലയിലും മാതൃഭാഷയിലൂന്നി ക്കൊണ്ടുള്ള വികസനസങ്കൽപങ്ങൾ രൂപംകൊള്ളണം.
7. സ്കൂളുകളിൽ കലാപോഷണത്തിനാവശ്യമായ സാഹചര്യങ്ങൾ പ്രബലപ്പെടുത്തണം. സർക്കാർ സ്കൂളുകളിൽ കലാധ്യാപകരെ നിയമിക്കണം. സ്കൂൾ കലാമേളകളുടെ മാനുവൽ, നടത്തിപ്പു രീതികൾ എന്നിവ അടിമുടി പരിഷ്കരിക്കണം. ചെലവുകുറഞ്ഞതാക്കണം, വികേന്ദ്രീകരിക്കണം, മത്സരസ്വഭാവം കുറയ്ക്കണം. സായാഹ്നങ്ങളിലും ഒഴിവുദിവസങ്ങളിലും സ്ക്കൂളുകളെ കലാപഠന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്കീമുകൾ ആവിഷ്കരിക്കണം.
8. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിപുലീകരിച്ച്, പ്രത്യേക സാങ്കേതിക വിഭാഗം രൂപീകരിക്കണം.
9. സാഹിത്യ അക്കാദമിയെ കേന്ദ്രസാഹിത്യ അക്കാദമിയുടെ രീതിയിൽ പുനഃസംഘടിപ്പിക്കണം. അക്കാദമിക്കു സ്വതന്ത്രമായ വിഭവസമാഹരണത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കണം. ഭാഷാസാഹിത്യ സാംസ്കാരിക ഗവേഷണത്തിന് സഹായകമായ

കൃതികൾ അക്കാദമി മുൻഗണന നൽകി പ്രസിദ്ധീകരിക്കണം. പ്രാദേശിക സാഹിത്യസമിതികൾക്ക് ഗ്രാന്റ് നൽകണം. സാഹിത്യകാരന്മാർക്ക് ക്ഷേമപദ്ധതികൾ തുടങ്ങണം. അക്കാദമികളിലൂടെ ഇന്ത്യൻഭാഷകൾ തമ്മിലുള്ള വിനിമയം സാദ്ധ്യമാക്കണം. വിവർത്തനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും സാദ്ധ്യമാക്കണം. സാമ്പ്രദായരീതികളിൽ നിന്ന് വ്യത്യസ്തമായി ലിറ്ററി ഫെസ്റ്റിവെലുകൾ കേരളത്തിൽ സംഘടിപ്പിക്കണം.

10. ഫോക്ലോർ അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കണം. വിപുലവും സുസജ്ജവുമായ ഒരു ഫോക്ലോർ മ്യൂസിയം സ്ഥാപിക്കണം. കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സംഗീത നാടകോത്സവങ്ങൾ നടത്താനുള്ള പണം ലഭ്യമാക്കണം. തിരുവനന്തപുരം ഫിലിം ഫെസ്റ്റിവെലിന് സ്ഥിരം വേദിയുണ്ടാകണം. ഫിലിം സൊസൈറ്റികൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കണം, പ്രാദേശിക ചലച്ചിത്രോത്സവങ്ങൾക്ക് സർക്കാർ ധനസഹായം നൽകണം. സംസ്ഥാനത്തെ പ്രധാനപട്ടണങ്ങളിൽ സ്ഥിരം ഗാലറികൾക്കു രൂപം നൽകണം. ചിത്രകാരന്മാർക്ക് പെയിൻറിംഗ് എക്സിബിഷനുള്ള ധനസഹായം ലഭ്യമാക്കണം.

11. കലാസമിതികൾക്കും ക്ലബുകൾക്കും സർക്കാർ ധനസഹായം നൽകണം. കേന്ദ്ര അക്കാദമികളുടെ സഹായവും മറ്റും ഇവർക്കു ലഭിക്കുന്നതിന് അവരെ സഹായിക്കാൻ ഒരു പ്രത്യേക സെൽ കേരള സംഗീത നാടക അക്കാദമിയിൽ രൂപം നൽകേണ്ടതാണ്. കലാസമിതികൾക്കു തനതായ നാടകം അവതരിപ്പിക്കുന്നതിന് പ്രത്യേകധനസഹായം ലഭ്യമാക്കണം. കേരള സംഗീതനാടക അക്കാദമിയുടെ ഒരു പ്രധാന ചുമതലയായി ഡോക്യുമെന്റേഷൻ മാറണം.

12. കേരളത്തിന്റെ തനത് സംസ്കാരത്തേയും ചരിത്രത്തേയും ജീവിതത്തേയും അറിയാനുള്ള അവസരമൊരുക്കുകയും കല, ശാസ്ത്രം, വിദ്യാഭ്യാസം എന്നിവവഴി പൊതുബോധം ഉണ്ടാക്കാന് കഴിയുകയും ചെയ്യുന്ന തരം പൊതുയിടങ്ങൾ എന്ന രീതിയിൽ സാംസ്കാരിക ഇടനാഴികൾക്കുള്ള സ്കീമിനു രൂപം നൽകണം. മുസിരിസ് പൈതൃക പദ്ധതി ഇതിനു നല്ലൊരു ഉദാഹരണമാണ്.

13. പാരമ്പര്യകലകളുടെ അഭ്യസനത്തിന് ഉതകുന്ന രീതിയിൽ കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ പരിഷ്കരിക്കണം. പാരമ്പര്യ അവതരണ കലകളുടെ അഭ്യസനം. കലാരൂപങ്ങളുടെ സൗന്ദര്യഘടനകളുടെ മൂല്യവും മറുവശത്ത് അവ സൃഷ്ടിക്കുന്നതിനായി മുൻകാലങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്ന ശിക്ഷണസമ്പ്രദായത്തിന്റെ സമകാലീനമായ അപ്രായോഗികതയും പൂർണ്ണമായി അംഗീകരിക്കുന്ന ഒരു പുതിയ പരിശീലനപദ്ധതി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

14. അക്കാദമികതലത്തിൽ മാധ്യമപഠനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ശോചനീയമാണ്. മാധ്യമപ്രവർത്തനത്തിനാവശ്യമായ സാങ്കേതിക പരിശീലനം നൽകുന്ന ചില സ്ഥാപനങ്ങളുണ്ടെന്നല്ലാതെ മാധ്യമപഠനത്തെ സംസ്ക്കാരപഠനത്തിന്റെ ഭാഗമായി പഠിക്കുകയും ഗവേഷണം നിർവ്വഹിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളില്ല. അവയ്ക്കുള്ള സാദ്ധ്യതകൾ നമ്മുടെ സർവകലാശാലകൾ ആരായേണ്ടതാണ്. ബദൽ മാധ്യമങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകേണ്ടതുണ്ട്.

15. കേരളത്തിൽ ഒരു നല്ല മ്യൂസിയം പോലുമില്ല. ഉള്ളവയല്ലൊം കൊളോണിയൽ മാതൃകയിലുള്ളവയാണ്.

16. വസ്തുക്കൾ യഥാതഥമായി ദർശിക്കുമ്പോൾത്തന്നെ കേവലം വസ്തുക്കളെക്കാണാതെ വസ്തുക്കൾക്കപ്പുറമുള്ള ചരിത്രപരവും സാംസ്ക്കാരികവുമായ മാനങ്ങളിലേയ്ക്ക് മ്യൂസിയം കാഴ്ചക്കാരനെ കൊണ്ടുപോകണം. യുക്തിപരമായി വിന്യസിക്കപ്പെട്ട ഭാഷയുടെ മധ്യസ്ഥതയില്ലാതെ വസ്തുക്കളിലേക്ക് ഇറങ്ങിച്ചെല്ലാന് സന്ദർശകരെ പ്രാപ്തരാക്കണം. കേവലം ഉപഭോക്താക്കളെന്ന നിലയിൽനിന്ന് ഉൽപ്പാദകരായി അവരെ മാറ്റിത്തീർക്കുന്നതിന് ഇൻറർ ആക്ടീവ് സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്താം. ഇങ്ങനെ മ്യൂസിയങ്ങളുടെ ബഹുതലങ്ങളായ പരിപ്രേക്ഷ്യങ്ങളെ സംബന്ധിക്കുന്ന പുതിയ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ ജനാധിപത്യ മ്യൂസിയങ്ങൾ സൃഷ്ടിക്കുന്നത് ഏറെ ചെലവു വരുന്ന പദ്ധതിയാണ്. ഈ ചെലവ് നാം ഏറ്റെടുത്തേ പറ്റൂ.

17. നമ്മുടെ പഞ്ചവത്സര പദ്ധതിയിൽ സംസ്ക്കാരത്തിന് അർഹമായ സ്ഥാനമുണ്ടെങ്കിലേ മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യാനാവൂ. ഇന്ന് പദ്ധതിയുടെ അരശതമാനം പോലും സംസ്ക്കാരത്തിന് നീക്കിവെയ്ക്കുന്നില്ല. ഇത് കേരളത്തിലെ വികസനാസൂത്രണത്തിലെ അടിസ്ഥാനപരമായ പാളിച്ചയാണ്. അതിവേഗം വളരുന്ന കേരളത്തെയാണല്ലോ ഈ രേഖ വിഭാവനം ചെയ്യുന്നത്. അങ്ങനെ ജനങ്ങളുടെ സാമ്പത്തിക നിലവാരം ഉയരുമ്പോൾ കേവലം ഉപഭോഗ സംസ്ക്കാരത്തിലേയ്ക്കു നാം വഴുതി വീണാൽ അത് നമ്മുടെ ജനാധിപത്യവും ജനകീയവുമായിട്ടുള്ള പാരമ്പര്യങ്ങളിൽ നിന്നുള്ള വലിയ ഇടർച്ചയായിരിക്കും. വരുമാനം ഉയരുമ്പോൾ ഭൌതിക ഉൽപന്നങ്ങളുടെ ഉപഭോഗത്തിന്റെ വർദ്ധനയോടൊപ്പം സാംസ്ക്കാരിക ഉൽപന്നങ്ങൾക്കായുള്ള അഭിരുചിയും ഉയർന്നുവരും. നല്ല സാഹിത്യവും ചിത്രങ്ങളും സംഗീതവും സിനിമയും നാടകവുമെല്ലാം സാധാരണക്കാരനും പ്രാപ്യമാവുകയും ആസ്വദിക്കുകയും ചെയ്യുന്ന ഒരു കേരളമാണ് നമുക്കു വേണ്ടത്.

## അവലംബം

### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ


1. ഡോ. കെ. എൻ പണിക്കർ (2015): "സംസ്കാരത്തെ പുനർനിർമ്മിക്കുക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 13
2. ഡോ. കെ. എൻ ഗണേശ് (2015): "പുതിയൊരു സാംസ്കാരികപ്രസ്ഥാനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 14
3. എം. എം നാരായണൻ (2015): "പുരോഗമന സാംസ്കാരിക സംഘടന– ഒരു പരിപ്രേക്ഷ്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 17
4. യു കലാനാഥൻ (2015): "സാംസ്കാരികസംഘടനകളുടെ ഐക്യവേദി - പ്രസക്തിയും പരിപ്രേക്ഷ്യവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 18
5. ടി. കെ നാരായണദാസ് (2015): "ബാലസംഘം– കുട്ടികളുടെ ജനാധിപത്യ വിദ്യാഭ്യാസ സാംസ്കാരിക പ്രസ്ഥാനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 19
6. കെ.പി അരവിന്ദൻ (2015): "ഒന്നിക്കുക ശാസ്ത്രവിരുദ്ധതക്കെതിരെ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 20
7. ഡോ. ബി. ഇക്ബാൽ (2015): "പുസ്തകപ്രസാധനം - നവീന സാധ്യതകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 114
8. കെ.കെ കൃഷ്ണകുമാർ (2015): "മലയാള പുസ്തകപ്രസാധനം - പ്രശ്നങ്ങൾ, വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 117
9. എൻ. ഇ ബാലകൃഷ്ണമാരാർ (2015): "പ്രസാധനരംഗത്തെ പ്രശ്നങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 119
10. സി. അശോകൻ (2015): "പുസ്തക പ്രസാധനരംഗത്തെ പ്രശ്നങ്ങളും സർക്കാർ നയത്തിന്റെ ആവശ്യകതയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 120
11. എൻ. ഇ സുധീർ (2015): "താളിയോലയിൽ നിന്നു ഡിജിറ്റൽ പേജിലേക്ക് - പ്രസാധനം നേരിടുന്ന വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 121
12. അജിത് കെ. ശ്രീധർ (2015): "പുസ്തകപ്രസാധനം - മാറ്റപ്പെടേണ്ട നിലപാടുകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 122
13. ഡോ. കാവുമ്പായി ബാലകൃഷ്ണൻ (2015): "പുസ്തകപ്രസാധനത്തിലെ പാരിഷത്തികത'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 124
14. പിരപ്പൻകോട് മുരളി (2015): "ഗ്രന്ഥശാലാനിയമം - നാടിനൊപ്പം, കാലത്തിനൊപ്പം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 124
15. ഡോ. കെ.വി. കുഞ്ഞികൃഷ്ണൻ (2015): "ഗ്രന്ഥശാലകൾ ഇനിയെങ്ങോട്ട്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 126
16. എ.കെ ചന്ദ്രൻ (2015): "ഗ്രന്ഥശാലകളുടെ ആധുനികവത്ക്കരണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 127
17. ഡോ.സി.പി ചിത്രഭാനു (2015): "ഗ്രന്ഥശാലകളുടെ നവീകരണവും ലൈബ്രേറിയന്മാരും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 128
18. റൂബിൻ ഡിക്രൂസ് (2015): "കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ - അവസ്ഥയും സാധ്യതകളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 129
19. ഡോ.എ.കെ നമ്പ്യാർ (2015): "ഫോക് ലോർ അക്കാദമി സങ്കൽപവും യാഥാർഥ്യവും '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 131
20. പ്രൊഫ.ജോർജ് എസ്. പോൾ (2015): "കേരള സംഗീത നാടക അക്കാദമി മാർഗരേഖകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 132
21. ഡോ. സി രാവുണ്ണി (2015): "കേരള സാഹിത്യഅക്കാദമി - പരിമിതികളും ഭാവിയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 134
22. സി. ആർ ദാസ് (2015): "കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 135
23. ഡോ. കെ. ജി വിശ്വനാഥൻ (2015): "കേരളത്തിനൊരു സാംസ്കാരിക ഇടനാഴി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 136
24. ഡോ.കെ. ജി പൗലോസ് (2015): "കലാപഠനത്തിന്റെ സാമൂഹ്യപരിപ്രേക്ഷ്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 13, ജജ 139
25. ഡോ. എം.വി നാരായണൻ (2015): "പാരമ്പര്യ അവതരണകലകൾ - അഭ്യസനത്തിന്റെ സമകാല സമസ്യകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 141
26. വിനിത നെടുങ്ങാടി (2015): "കലാപഠനവും ഗവേഷണവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 143
27. എൻ രാധാകൃഷ്ണൻ നായർ (2015): "കലാപഠനവും ഗവേഷണവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 144
28. ഡോ. നീനാ പ്രസാദ് (2015): "ശാസ്ത്രീയകലകളും ഇടതുബോധവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 145
29. ആർ. പാർവതിദേവി (2015): "മാധ്യമം, മാധ്യമസാക്ഷരത, മാധ്യമാവബോധം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 146
30. എൻ.പി.രാജേന്ദ്രൻ (2015): "മാധ്യമ സാക്ഷരതയും പത്രവായനസമൂഹവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 147
31. സി.എസ് വെങ്കിടേശ്വരൻ (2015): "മാധ്യമസാക്ഷരത - കേരളീയ പരിസരങ്ങൾ, പ്രശ്നങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 152
32. Ashok R Chandran (2015): ''State of Media Research, Media Education, Media Literacy, and Developing Measuring Tools'', 4th International Congress on Kerala Studies, Preliminary Seminar -13, PP- 152
33. എൻ.പി ചന്ദ്രശേഖരൻ (2015): "മാധ്യമസാക്ഷരത - പിറക്കാനിരിക്കുന്ന ജ്ഞാനോദയത്തിന്റെ വിത്ത്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 154
34. ബിന്ദു വി.എസ് (2015): "ലിംഗനീതിയുടെ മാധ്യമസവിശേഷപാഠങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 155
35. എം.എസ് ശ്രീകല (2015): "മാധ്യമങ്ങളുടെ ജാതി, വർഗം,ലിംഗപദവി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 158
36. ശ്രീചിത്രൻ എം.ജെ (2015): "കല, സംസ്കാരം, മാദ്ധ്യമം - വിമർശനാത്മക സമീപനത്തിന്റെ അനിവാര്യത'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 160

37. എസ്. രമേശൻ (2015): "സ്മാരകങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 162
38. ഡോ. എസ്.കെ വസന്തൻ (2015): "സാംസ്കാരിക സ്ഥാപനങ്ങൾ ഉറങ്ങുകയാണോ, ജീർണിക്കുകയാണോ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 163
39. ഡോ. എം.എൻ കാരശ്ശേരി (2015): "സാംസ്കാരിക രാഷ്ട്രീയം- ഒരു കുറിപ്പ്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 165
40. പ്രൊഫ.ജി. രാജശേഖരൻ നായർ (2015): "സ്മാരകങ്ങൾ – പ്രശ്നങ്ങൾ, പ്രതിസന്ധികൾ, പരിഹാരങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 166
41. ഇ.പി രാജഗോപാലൻ (2015): "കലാസമിതികൾ – തുടക്കവും തുടർച്ചയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 166
42. അഡ്വ. പ്രേമപ്രസാദ് (2015): "വേണം നമുക്കൊരു പ്രാദേശിക ജനകീയ നാടകപ്രസ്ഥാനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 167
43. ഇ.ടി വർഗ്ഗീസ് (2015): "കോരളത്തിലെ ഗ്രാമീണ നാടകവേദി – പ്രതിസന്ധികളും പരിഹാരവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 170
44. മനോജ് വി. കൊടുങ്ങല്ലൂർ (2015): "കുട്ടികളുടെ നാടകവേദി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 171
45. ജി.പി രാമചന്ദ്രൻ (2015): "മലയാള സിനിമയുടെ ലാവണ്യപരവും വ്യാവസായികവും രാഷ്ട്രീയവുമായ വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 173
46. വിജയകൃഷ്ണൻ കെ (2015): "കേബിൾ ടിവി – ഭാവി സാദ്ധ്യതകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 175
47. വി.കെ ജോസഫ് (2015): "ഫിലിം സൊസൈറ്റി പ്രസ്ഥാനം – ജനകീയവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും സാധ്യതകളും പ്രശ്നങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 176
48. ഉണ്ണി കെ വാരിയർ (2015): "യുവജനോത്സവം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 179
49. ഡോ. ഹരിപ്രസാദ് (2015): "പൊളിച്ചെഴുത്ത് ആവശ്യപ്പെടുന്ന യുവജനോത്സവങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 179
50. വത്സരാജ് (2015): "കോളജ് കലോത്സവങ്ങൾ & കലോത്സവ പരിഷ്കരണ നിർദ്ദേശങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 181
51. ഡോ. എം. ആർ. രാഘവവാരിയർ (2015): "പൈതൃകസംരക്ഷണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 182
52. സുനിൽ പി. ഇളയിടം (2015): "പൈതൃകപഠനത്തിന്റെ രാഷ്ട്രീയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 183
53. കെ.എം.ഭരതൻ (2015): "സംസ്കാര പൈതൃക പഠനം: ഒരു രീതിശാസ്ത്രം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 186
54. ഡോ. എസ്. ഹേമചന്ദ്രൻ (2015): "പുരാവസ്തുസംരക്ഷണനിയമം-പരിഷ്കരണത്തിന്റെ ആവശ്യകത'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 203
55. ഡോ. ടി. പവിത്രൻ (2015): "കേരളത്തിൽ സംരക്ഷിക്കപ്പെടേ പുരാവിജ്ഞാനീയ സ്ഥലങ്ങളും പുരാലിഖിത സ്ഥലങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 187
56. ഡോ.സോമൻ കടലൂർ (2015): "ഫോക്‌ലോർ പഠനത്തിന്റെ സാംസ്കാരികമാനങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 188
57. ഡോ. പ്രസാദ് എം. (2015): "ആയുർവേദം-വൈദ്യത്തിന്റെ സംസ്കാരം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 189
58. ഡോ. രഞ്ജിത് കുമാർ പി. (2015): "നെല്ല്- സംസ്കാരവും പാരമ്പര്യവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 190
59. കെ.രാജൻ (2015): "പൈതൃകസംരക്ഷണം-വേത് നയപരമായ മാറ്റം '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 190
60. കെ.പി.രാജേഷ് (2015): "കേരളത്തിന് ഒരു പൈതൃകസംരക്ഷണ നയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 191
61. ഡോ. കെ.പി. ഗണേശൻ (2015): "നാട്ടറിവും സുസ്ഥിരവികസനവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 193
62. ഡോ.കെ.എസ് പ്രദീപ് കുമാർ (2015): "ഗോത്ര പൈതൃകം: നിലവിലെ സാഹചര്യങ്ങളിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 192
63. മിനി പി.വി (2015): "വംശീയ സംസ്കാര സംരക്ഷണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 193
64. എം. കെ. മധു (2015): "തൊട്ടറിയാൻ കഴിയാത്ത പൈതൃക സംസ്കാരസംരക്ഷണം: പ്രശ്നങ്ങളും സാധ്യതകളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 194
65. ധനഞ്ജയൻ കെ. മച്ചിങ്ങൻ (2015): "പൈതൃക സംരക്ഷണത്തിന്റെ ജനകീയ മുഖങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 195
66. അനൂപ് കെ. ആർ (2015): "നാടൻ കളികൾ : പ്രാദേശികതനിമയുടെ വീടെടുപ്പ്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 196
67. കെ. കൃഷ്ണരാജ്. & ഇ. ദിനേശൻ (2015): "മ്യൂസിയം-സിദ്ധാന്തവും പ്രയോഗവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 197
68. Rachel A. Varghese (2015): '''Whose' Own Country? Thoughts on Heritage as a Touristic Commodity'', 4th International Congress on Kerala Studies, Preliminary Seminar -13, PP- 198
69. സൗമ്യ. കെ. സി (2015): "കലയും സാമൂഹിക ധർമ്മവും- കഥാപ്രസംഗത്തിന്റെ പാരമ്പര്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 199
70. വി. ഹിക്മത്തുല്ല (2015): "ദേശചരിത്രവും മോയിൻകുട്ടിവൈദ്യരും-മലപ്പുറം പടപ്പാട്ടിനെ മുൻനിറുത്തിയ ആലോചനകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 200
71. സിനീഷ് വേലിക്കുനി (2015): "കാവും പരിസരവും: ഒരു പാരിസ്ഥിതിക നാട്ടുസൗന്ദര്യശാസ്ത്രവിശകലനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 201
72. രാഗേഷ്.കെ (2015): "മാവിലൻമാരുടെ കലാപാരമ്പര്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 201
73. പി. അരുൺ മോഹൻ (2015): "കേരളചരിത്രം-സംസ്കാരം എന്നിവയുടെ രൂപീകരണത്തിൽ ലിഖിതങ്ങളുടെ പ്രസക്തി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 202
74. ഉദയ്ഫാ റഹ്മാൻ (2015): "നെറ്റ് പിളർന്ന് വരുന്ന സ്ഥലങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 204

അധ്യായം 25

# മലയാളവും ഭാഷാസാങ്കേതികവിദ്യയും

## I. മലയാളം മലയാളിയുടെ സ്വത്വമാണ്

അറിവും അധികാരഘടനകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു പറയുന്നതുപോലെതന്നെ പ്രധാനമാണ് ഭാഷയും അധികാരഘടനകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചർച്ചകളും. വർഗപരവും ലിംഗപരവും ജാതീയവുമൊക്കെയായി സമൂഹത്തിൽ നിലനിന്ന ശ്രേണീബന്ധങ്ങളിലൊക്കെ ഭാഷയുടെ പ്രവർത്തനവും ഉണ്ടാകുന്നുണ്ടെന്നത് ഇന്നു പരക്കെ അറിയാവുന്ന കാര്യമാണ്. അതുകൊണ്ടുതന്നെ ഭാഷയുടെ മോചനം എന്നത് ഒരു വലിയ രാഷ്ട്രീയ പ്രശ്നമായിത്തീരുന്നു. അറിവിന്റെ നിർമ്മാണപ്രസരണങ്ങൾ മാതൃഭാഷയിലൂടെ, ഭരണം മാതൃഭാഷയിലൂടെ, നീതിന്യായനിർവ്വഹണം മാതൃഭാഷയിലൂടെ എന്നു കൂട്ടായ ആവശ്യം ഉയരുന്നത് ഇക്കാരണത്താലാണ്. അധ്യയനഭാഷയും ഭരണഭാഷയും കോടതിഭാഷയും മലയാളം ആകണമെന്നും പത്താംക്ലാസു വരെയെങ്കിലും മാതൃഭാഷാപഠനം ഒന്നാംഭാഷയെന്നനിലയിൽ നിലനിർത്തണമെന്നുമുള്ള ആവശ്യം ഉയർന്നുവന്നിട്ടും സർക്കാർ അത് അംഗീകരിച്ചിട്ടും എന്തുകൊണ്ട് നടപ്പാകാതെപോകുന്നു? ഒപ്പം, വ്യത്യസ്തതലങ്ങളിൽ അറിവിന്റെ ഉല്പാദനം, വിനിമയം, ശേഖരണം എന്നീ രംഗങ്ങളിൽ ഭാഷ അനുഭവിക്കുന്ന പരിമിതിയും പ്രതിസന്ധികളും ചരിത്രപരവും വസ്തുനിഷ്ഠവുമായ രീതിയിൽ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

ഭാഷയെ കൂടുതൽ സർഗ്ഗാത്മകമാക്കാനുള്ള പ്രവർത്തനങ്ങൾ ഏതു വിധമായിരിക്കണം? അന്യഭാഷകളിൽനിന്നു കടംകൊള്ളുന്ന വാക്കുകളെ തത്സമമായും തദ്ഭവമായും അതേപടിയും സ്വീകരിച്ച് സാത്മീകരിക്കാനുള്ള ഭാഷയുടെ വഴക്കം പ്രയോജനപ്പെടുത്തണം. ഏതെങ്കിലും ഒരു ഭാഷയിലുണ്ടാകുന്ന വാക്ക് എല്ലാ ഭാഷകളും അതേപടി സ്വീകരിക്കുന്നതിൽ എന്താണു തെറ്റ്? ഭാഷാമൗലികവാദവും ഭാഷാവരേണ്യവാദവും ഇപ്പോൾ നമ്മൾ ചർച്ചചെയ്യുന്നതിൽനിന്നു വ്യത്യസ്തമായി കാണണം.

### മലയാളമാകത്ത പഠനവും ഭരണവും

വികസനത്തിന്റെ എല്ലാ മേഖലകളിലും ജനകീയാധികാരം ഉറപ്പിക്കപ്പെടുന്നതിന്മാതൃഭാഷ അടിസ്ഥാന ഭാഷയായി അംഗീകരിക്കപ്പെടണം. മാതൃഭാഷയുടെ രാഷ്ട്രീയം ഒരു ജനതയുടെ ജീവിതത്തിലുടനീളം വ്യാപിച്ചുകിടക്കുന്നു. പ്രത്യേക സാമ്പത്തികമേഖലകളിൽ ഉൾപ്പെടെ എല്ലാ തൊഴിൽവ്യാപാര മേഖലകളിലും മുഖ്യവിനിമയമാദ്ധ്യമം മലയാളമായിരിക്കണം എന്ന് പറയുന്നത് അതുകൊണ്ടാണ്.

ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തണം. ഇഗവർണൻസ് പലപ്പോഴും പഞ്ചായത്തുതലം മുതൽ ഭരണഭാഷ ഇംഗ്ലീഷാക്കിക്കൊണ്ടിരിക്കുകയാണ്. അതു തിരുത്തപ്പെടണം.

വിജ്ഞാനോല്പാദനത്തിന്റെ ഭാഷ മലയാളമാകുമ്പോഴേ വിജ്ഞാനനിർമ്മിതിയുടെ സ്ഥലകാലങ്ങൾ കേരളത്തിന്റേതായിത്തീരുകയുള്ളൂ. വിജ്ഞാനത്തിന്റെ ഫലങ്ങൾ സാധാരണക്കാരിലെത്തണമെങ്കിലും അതുതന്നെ വേണം.

ബാങ്കുകളും ഇൻഷൂറൻസും ഉൾപ്പെടെ സർവ്വവിനിമയങ്ങളും മലയാളത്തിൽ സാധ്യമാകണം. ബഹുരാഷ്ട്രക്കമ്പനികൾ ആണെങ്കിൽപ്പോലും കേരളത്തിൽ ഉല്പാദനരംഗത്തിറങ്ങണമെങ്കിൽ അവരുടെ മാധ്യമം മലയാളമാണെന്ന് ഉറപ്പിക്കപ്പെടണം. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവയിലെല്ലാം അടിസ്ഥാനഭാഷയായി കേരളത്തിൽ മലയാളം കടന്നുവരണം. ചെറിയ മാറ്റങ്ങൾ ഇപ്പോൾ സംഭവിച്ചിട്ടുണ്ടെങ്കിലും ബോധപൂർവ്വമായ ഇടപെടൽവഴി ഇതു വികസിപ്പിക്കണം.

നരേന്ദ്രൻ കമ്മിറ്റിയുടെ നിർദ്ദേശം മുൻനിർത്തി കോടതിഭാഷ മലയാളമാക്കാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ തൊഴിൽപ്പരീക്ഷകൾ, മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷകൾ എന്നിവ മലയാളത്തിൽ എഴുതാൻ അവസരമുണ്ടാകണം. മലയാളമാധ്യമത്തിൽ പഠിച്ചിറങ്ങുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. ബിരുദതലംവരെ മലയാളപഠനം നിർബ്ബന്ധമാക്കണം. ഗവേഷണതാളം വരെ മലയാളത്തിൽ എഴുത്തുന്നതിനുള്ള സംവിധാനം ഉണ്ടാകണം. കേന്ദ്രസർവ്വകലാശാലകളിലടക്കം കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും മലയാളപഠനവകുപ്പുകൾ ആരംഭിക്കണം. മലയാളഭാഷയിൽ ഊന്നിയ ഭാഷാസൂത്രണത്തിനും ഭാഷാനിയമങ്ങളുടെയും ഉത്തരവുകളുടെയും പ്രയോഗത്തിനുംവേണ്ടി കേരളത്തിൽ പ്രത്യേകവകുപ്പും ഡയറക്ടറേറ്റും ഉണ്ടാക്കണം. ഇങ്ങനെ വിപുലമായ രാഷ്ട്രീയയിടപെടലിലൂടെ മലയാളിയെ ശാക്തീകരിക്കാനുള്ള മാർഗ്ഗം എന്ന നിലയിലാണ്മാതൃഭാഷയെ മുൻനിർത്തിയുള്ള മുന്നേറ്റങ്ങൾ പ്രസക്തമാകുന്നത്.

കേരളത്തിനകത്തുമാത്രം സംസാരിക്കുന്ന ആദിവാസിഭാഷകൾക്കു കേരളത്തിനു പുറത്ത് സംഘടിതമായ സംരക്ഷകരില്ല. ആദിവാസികളുടെ ഭാഷാപരമായ അവകാശങ്ങളുടെ സംരക്ഷണവും വികസനവും മലയാളത്തിന്റെ വികാസത്തിനു ശ്രമിക്കുന്നവർ ഏറ്റെടുക്കേണ്ട ദൗത്യമാണ്.

### മാതൃഭാഷയും ജനങ്ങളുടെ ശാക്തീകരണവും

ഉല്പാദന, സാമ്പത്തിക, രാഷ്ട്രീയ, പാരിസ്ഥിതിക, ജാതി, ലിംഗമേഖലയിലാകെ വ്യാപിച്ചുനില്ക്കുന്ന അസന്നിഹിതസാന്നിദ്ധ്യമാണ് മാതൃഭാഷയുടെ രാഷ്ട്രീയം. ഭാഷ പുലർത്തുന്ന ഈ സൂക്ഷ്മബന്ധങ്ങൾ കണ്ടെടുക്കുകയും അതിനു മൂർത്തരൂപം നൽകി ബോധപൂർവ്വമായ പ്രവർത്തനത്തിലേക്കു വിവർത്തനം ചെയ്യുകയും ചെയ്യുക എന്നതാണ് ജനകീയരാഷ്ട്രീയം മുന്നോട്ടുവെക്കേണ്ട പ്രാഥമികസമീപനം.

അധ്യയനഭാഷയും ഭരണഭാഷയും മലയാളത്തിലാക്കുമ്പോൾ ഇപ്പോൾ നിലവിലുള്ള പദസമ്പത്ത്, പുതുതായി നിർമ്മിക്കപ്പെടേണ്ട പദങ്ങൾ, ശബ്ദാവലികൾ എന്നിവ സംബന്ധിച്ച ചർച്ചകൾ വരണം. ഇതിനുവേണ്ടി പ്രവർത്തിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ലെക്സിക്കൺ, എൻസൈക്ലോപീഡിയ പ്രസിദ്ധീകരണവിഭാഗം, മലയാളം സർവ്വകലാശാല എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതെങ്ങിനെയെന്നതു ചർച്ചചെയ്യണം. അടിസ്ഥാനതലംതൊട്ടു നിരന്തരം വർക്ഷോപ്പുകളും അവലോകനസമിതികളും രൂപംകൊള്ളണം. സർഗ്ഗാത്മകമേഖലയിൽ ഭാഷയുടെ പ്രാദേശിക വർണ്ണങ്ങളും തനിമകളും ശൈലീഭംഗികളും ഒക്കെ നിലനിർത്താനാവശ്യമായ സമീപനം എങ്ങിനെയായിരിക്കണം എന്നന്വേഷിക്കണം. തൊഴിൽചിഹ്നപദവി, ജാതി എന്നിവയൊക്കെയായി ബന്ധപ്പെട്ടു ഭാഷയ്ക്കുണ്ടായ മാറ്റങ്ങളുടെ സവിസ്തരപഠനം ഉണ്ടാകണം. വിവർത്തനങ്ങളിലൂടെയുള്ള ആദാനപ്രദാനസാദ്ധ്യതകൾ പരിശോധിക്കപ്പെടണം.

ലോകനിലവാരത്തിൽ രചിക്കപ്പെട്ട ശാസ്ത്രകൃതികൾ, തത്വചിന്താപരമായ കൃതികൾ എന്നിവയെല്ലാം മലയാളത്തിൽ ലഭ്യമാക്കാനുള്ള ശ്രമം നടക്കണം. യൂറോപ്യൻ ഭാഷകളിൽനിന്നുമാത്രമല്ല മൂന്നാംലോക ഭാഷകളിൽനിന്നും കൃതികൾ വിവർത്തനം ചെയ്യണം. ഇതിലേക്കായി ഒരു വിവർത്തന പരിപാടി ഉണ്ടാകണം.ബഹുധ്രുവ ലോകം എന്ന ആശയം പ്രായോഗികമാകണമെങ്കിൽ ബഹുഭാഷാ ലോകവും ഉണ്ടാകേണ്ടതുണ്ട്. അതിനാൽ തന്നെ, ആഗോളവൽക്കരണ നയങ്ങൾക്കെതിരായുള്ള സമരത്തിന്റെ തന്നെ ഭാഗമാണ് മാതൃഭാഷാ സംരക്ഷണം എന്നത് തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാനാകണം.

ശാസ്ത്രസാങ്കേതിക മേഖലയിൽ ഇംഗ്ലീഷിൽനിന്നോ മറ്റു ഭാഷകളിൽനിന്നോ പ്രചുരപ്രചാരം നേടിയ പദങ്ങൾ ആ ഭാഷയിൽത്തന്നെ നിലനിർത്തി മലയാളത്തിൽ പ്രയോഗിക്കുക; അതേസമയം പര്യായമെന്നപോലെ ഒരു മലയാളപദമെങ്കിലും രൂപീകരിക്കുകയും ചെയ്യുക എന്നതും നയമാകണം.

### ഫെഡറലിസവും ഭാഷയും

ബോധപൂർവ്വം ഇടപെട്ടുകൊണ്ടുമാത്രമേ ഇന്ത്യൻഭാഷകൾക്ക് അന്തർദ്ദേശീയമായി അംഗീകാരം നേടിയെടുക്കാനാവൂ. ഹിന്ദിയെ മുൻനിർത്തി ഇത് ആരംഭിച്ചിട്ടുണ്ട്. ക്രമേണ മറ്റ് ഇന്ത്യൻഭാഷകൾക്കും അന്തർദ്ദേശീയ വിനിമയശേഷി ആർജ്ജിക്കാൻ കഴിയണം.

ഭരണഘടനയിലെ എട്ടാം പട്ടികയിൽപ്പെട്ട എല്ലാ ഭാഷകളും ഇന്ത്യയുടെ ഔദ്യോഗികഭാഷകളായി മാറണം. ഇന്ത്യയിൽ സോഷ്യലിസം മുന്നോട്ടുവെക്കുന്ന വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഈ സമീപനം സ്വീകരിച്ചിട്ടുണ്ട്. ഇതേ നിലപാട് ഇ.എം.എസ് മുമ്പു തന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

ഇംഗ്ലീഷിൽക്കൂടിയല്ലാതെയും ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കു പരസ്പരം ഉല്പാദനരംഗത്തു സഹകരിക്കാനും വിനിമയം ചെയ്യാനും കഴിയണം. തമിഴ്നാട്ടിൽ ഉല്പാദിപ്പിച്ചു കേരളത്തിൽ വിതരണം ചെയ്യുന്ന ഒരു ഉല്പന്നത്തിൽ തമിഴിനോടൊപ്പം മലയാളവുംകൂടി വേ

ണം; തിരിച്ചും. ദക്ഷിണേന്ത്യൻഭാഷകൾക്കും ഹിന്ദിക്കും ഇത്തരത്തിൽ ഉല്പന്നങ്ങളുടെ ഉപയോഗക്രമം വിശദീകരിക്കുന്ന ഒറ്റ യൂണിറ്റായി പ്രവർത്തിക്കാം. ഒപ്പം ഇംഗ്ലീഷുമാകാം. യൂറോപ്പിലെപ്പോലെ, ഉല്പാദനരംഗത്തെ നയമായി ഇന്ത്യൻഭാഷകൾ തമ്മിലുള്ള വിനിമയം സ്വീകരിക്കണം.

വിവിധ ഇന്ത്യൻഭാഷകളെ മലയാളവുമായി കൂട്ടിയിണക്കുന്നതിനുള്ള സ്ഥാപനമായിക്കൂടി മലയാള സർവ്വകലാശാലയെ പരിവർത്തിപ്പിക്കാൻ കഴിയണം. ഇന്ത്യൻഭാഷകൾ തമ്മിലുള്ള വിവർത്തനം പരമാവധി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. ടിഡിഐഎൽ ഇന്ത്യൻഭാഷകളെ കൂട്ടിയിണക്കുന്ന ഓൺലൈൻ വിവർത്തനപദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യാപാരരംഗത്തെ മുൻനിർത്തിയാണ് അവർ ഇതു ചെയ്തിരിക്കുന്നത്.

### നവലിബറൽക്കാലത്തെ ഭാഷായിടപെടൽ

നവലിബറൽ നയങ്ങളുടെ കാലത്ത്രാഷ്ട്രീയത്തിന്റെ അതിശക്തമായ കളിക്കളങ്ങളിലൊന്നായി സംസ്കാരം മാറിയിരിക്കുന്നു. കേരളത്തിന്റെ അന്തരീക്ഷവും വേറിട്ടുനില്ക്കുന്നില്ല. ഇവയിൽ മുഖ്യമായ മുതലാളിത്തത്തിന്റെയും വർഗ്ഗീയതയുടെയും സാംസ്ക്കാരിക സ്വാധീനങ്ങളെ പ്രതിരോധിക്കാൻ നാം കേന്ദ്രീകരിക്കേണ്ട ചില മേഖലകൾ ഇവയാണ്:

മലയാളഭാഷയെ ബോധനവിനിമയരൂപങ്ങളിൽനിന്നു തുടച്ചുമാറ്റാനുള്ള നീക്കങ്ങളെ പ്രതിരോധിക്കുക.

കമ്പോളവ്യവസ്ഥ, വർഗ്ഗീയത ഇവ രണ്ടിന്റേയും സ്വാധീനത്തിൽനിന്ന്മനുഷ്യരുടെ ചിന്തയെയും സർഗ്ഗാത്മകതയെയും മോചിപ്പിക്കേണ്ടതുണ്ട്.

ഭാഷയുടെ വർഗ്ഗീയവല്ക്കരണം ചെറുക്കുക. ലിംഗസമത്വം, ജാതിനിരാസം, മതനിരപേക്ഷത, ആവിഷ്ക്കാരവൈവിദ്ധ്യം എന്നിവയെ ആധാരമാക്കി ജനാധിപത്യപരമായ തുല്യത ഉറപ്പാക്കുമാറു ഭാഷാപ്രയോഗങ്ങൾ നവീകരിക്കുക.

സാംസ്കാരികരൂപങ്ങളുടെ വാണിജ്യവല്ക്കരണത്തിനെതിരെ പോരാടിക്കൊണ്ട്തദ്ദേശീയ ഭാഷാവിഷ്ക്കാരരൂപങ്ങൾക്കു പ്രാധാന്യം നലകാൻ ശ്രമിക്കുക.

## II. ഭാഷാക്കമ്പ്യൂട്ടിങ്: അവഗണന, അവ്യവസ്ഥ, അവ്യക്തത

മലയാളഭാഷയുടെ ചരിത്രപരമായ രൂപപ്പെടലിൻറെയും പരിണാമത്തിൻറെയും ഭാഗമായ സ്വഭാവങ്ങൾ ഭാഷാ കമ്പ്യൂട്ടിങിന് തടസ്സങ്ങൾസൃഷ്ടിക്കുന്നുണ്ട്. ഒരു ജൈവരൂപമെന്ന നിലയിൽഭാഷയുടെ വളർച്ചക്കും പരിണാമത്തിനുമുള്ള ഇടം വിട്ടുകൊണ്ട് പൊതു അംഗീകാരമുള്ള ഭാഷാരീതികൾക്കനുഗുണമായ സാങ്കേതികവിദ്യാ വികസനം ഉണ്ടാക്കുകയാണ് വേണ്ടത്. ടൈപ്പ്റൈറ്ററിൻറെ കാലത്ത് സാങ്കേതികവിദ്യക്കനുസരിച്ച് ഭാഷയുടെ കാല് മുറിക്കേണ്ടി വന്നുവെങ്കിൽഡിജിറ്റൽലോകത്ത് അത്തരം പരിമിതികൾഇല്ല. മാത്രവുമല്ല, അനുദിനം വികസിക്കുന്ന സാങ്കേതികവിദ്യയുടെ കാലത്ത് അത്തരം പരിഷ്കരണങ്ങൾവെറും താല്ക്കാലികജീവികളായിരിക്കും.

ഭാഷയുടെ വിവിധസാമൂഹികോപയോഗങ്ങൾ സാധ്യമാക്കാനുള്ള സാങ്കേതികവിദ്യാപ്രയോഗങ്ങളാണു ഭാഷാക്കമ്പ്യൂട്ടിങ്. അതു കേവലം സാങ്കേതികവിദ്യയുടെ വിഷയം മാത്രമല്ല; ഭാഷയുടെ സ്വഭാവവിശേഷങ്ങളും ഭാഷാശാസ്ത്രവും വ്യാകരണവും ഒക്കെയായി ബന്ധപ്പെട്ടതാണ്. അതിനാൽ, ഇപ്പറഞ്ഞ ഭാഷാമേഖലകളിലെയും സാങ്കേതികവിദ്യാരംഗത്തെയും വിദഗ്ധരുടെ കൂട്ടായ പരിശ്രമമാണ് ഈ രംഗത്തു വേണ്ടത്. ഇതിന്റെ അഭാവം കാരണം ഭാഷാക്കമ്പ്യൂട്ടിങ് രംഗത്തു ഗുരുതരമായ ഒരു പ്രതിസന്ധി നിലനിൽക്കുന്നു.

വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപനമില്ലായ്മയും താല്പര്യമില്ലായ്മയുമാണു മറ്റൊരു പ്രശ്നം. ഇത് പല കാര്യത്തിലും ശരിയായ തീരുമാനം എടുക്കുന്നതിനു തടസവും കാലതാമസവും ഉണ്ടാക്കുന്നു. യൂണിക്കോഡ് പോലുള്ള രാജ്യാന്തരസംവിധാനങ്ങളുമായി ബന്ധപ്പെട്ട, ഭാഷാക്കമ്പ്യൂട്ടിങ്ങിന്റെ പരമപ്രധാന അടിത്തറയായ ഫോണ്ട് എൻകോഡിങ് പോലുള്ള, കാര്യങ്ങളിൽ ഇതുണ്ടാക്കിയ അപകടം ഇന്നും ഭാഷാക്കമ്പ്യൂട്ടിങ്ങിന്റെ പുരോഗതിയെ ബാധിക്കുന്നു. ഒരുപക്ഷേ, യൂണിക്കോഡ് എൻകോഡിങ് ഏറ്റവും വൈകിയ ഇൻഡ്യൻ ഭാഷ മലയാളമായത് ഭരണപരമായ ഈ പരാജയം കാരണം ആണ്.

മറ്റൊരു പ്രശ്നം, ഭാഷയുടെ ഉപയോക്താക്കളായ വിവിധവിഭാഗക്കാരിൽ മഹാഭൂരിപക്ഷവും ഭാഷാസാങ്കേതികവിദ്യയുടെ കാര്യത്തിൽ വലിയയളവ് അജ്ഞരാണെന്നതാണ്. സാങ്കേതികവിദ്യാജ്ഞാനം ഇല്ലാത്ത ഭാഷാവിദഗ്ദ്ധരും ഭാഷാശാസ്ത്രജ്ഞാനം ഇല്ലാത്ത സാങ്കേതികവിദഗ്ദ്ധരുമാണു നമുക്കുള്ളത്. എന്നാൽ, ഭാഷാക്കമ്പ്യൂട്ടിങ്ങിന്റെ ആവശ്യങ്ങൾക്കായി ഭാഷാശാസ്ത്രം പഠിച്ച ചിലരാണ് ഈ രംഗത്തെ ഇതുവരെയുള്ള നേട്ടങ്ങൾക്കു പിന്നിൽ. ഇങ്ങനെയുള്ളവരെ കണ്ടെത്തി ഭാഷാവിദഗ്ദ്ധരുമായി കൂട്ടിയിണക്കുകയാണ് ഭാഷാക്കമ്പ്യൂട്ടിങ് രംഗത്തെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാൻ അടിയന്തരമായി ചെയ്യേണ്ടത്. അത്തരത്തിലുള്ള ഒരു ഭാഷാക്കമ്പ്യൂട്ടിങ് സമിതി സംസ്ഥാനതലത്തിൽ രൂപവത്ക്കരിക്കണം.

### സർക്കാരിന്റെ തെറ്റായ മുൻഗണനകൾ

സർക്കാരിന്റെ ഐറ്റി, സാംസ്ക്കാരിക, വിദ്യാഭ്യാസ, ഐ&പിആർ വകുപ്പുകളാണ് ഈ രംഗത്തു പ്രവർത്തിക്കുന്നത്. ഇതിൽ ഐറ്റി വകുപ്പു മാത്രമാണ് ഈ രംഗത്തു നേരിട്ടു നിക്ഷേപം നടത്തുന്നത്. സാംസ്ക്കാരികസ്ഥാപനമായ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും മലയാളം കമ്പ്യൂട്ടിങ് ഉപയുക്തികൾക്കായി നിക്ഷേപം നടത്താറുണ്ട്. സർക്കാരിനുകീഴിൽ മലയാളം കമ്പ്യൂട്ടിങ്ങുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ട സ്ഥാപനങ്ങൾ മലയാളം സർവ്വകലാശാലയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും

സിഡിറ്റും സിഡാക്കും ഐെറ്റി അറ്റ് സ്ക്കൂളും ട്രിപ്പിൾ ഐെറ്റിഎംകെയും ഒക്കെയാണ്. ഐെസിഫോസ്, സ്വത ന്ത്രമലയാളം കമ്പ്യൂട്ടിങ്, ഡിഎകെഎഫ്, എറ്റിപിഎസ്, വിക്കി പ്രസ്ഥാനം തുടങ്ങിയ സംഘടനകളും ഉണ്ട്.

സർക്കാരും അതിന്റെ സംവിധാനങ്ങളും ഭാഷാക്ക മ്പ്യൂട്ടിങ്ങിന്റെ അടിസ്ഥാനഘടകങ്ങൾ (infratsructure) വികസിപ്പിക്കുന്നതിൽ കൂടുതൽ താല്പര്യം കാണിക്ക ണം. ഉല്പന്നങ്ങളും സേവനങ്ങളും വികസിപ്പിച്ചെടു ത്താൽപ്പോര. വേഗം കാലഹരണപ്പെടാത്തതും കുത്ത കയാക്കപ്പെടാത്തതുമായ ഉൽപന്നങ്ങളാണ് സർക്കാർ സംവിധാനത്തിലൂടെ പുറത്തുവരേണ്ടത്.

ഇത്തരത്തിലുള്ള പല പദ്ധതികളും പ്രഖ്യാപിക്കു ന്നു, പിന്നാലെ ഉല്പന്നങ്ങളും സേവനങ്ങളും വികസി പ്പിച്ചതായി പ്രഖ്യാപിക്കുന്നു, അതിനായി ചടങ്ങുകൾ സംഘടിപ്പിക്കുന്നു. പക്ഷേ, ഈ അവകാശവാദങ്ങൾ എത്രമാത്രം ശരിയാണ്, ഈ ഉല്പന്നങ്ങളും സേവ നങ്ങളും പ്രവർത്തനക്ഷമമാണോ, പ്രവർത്തിക്കുന്ന വതന്നെ പ്രയോജനപ്രദമാണോ, സമൂഹത്തിന് അത് ഉപയോഗത്തിനു ലഭ്യമായിട്ടുണ്ടോ തുടങ്ങിയ കാര്യ ങ്ങൾ പരിശോധിക്കപ്പെടുന്നില്ല. പണം ചെലവാക്കു ന്നതല്ലാതെ പ്രയോജനം ഓഡിറ്റ് ചെയ്യപ്പെടുന്നില്ല. ഇതുണ്ടാകണം.

മറ്റൊരു പ്രശ്നം, ഈ രംഗത്തെ സ്റ്റേക് ഹോൾഡർ മാരായ സമൂഹാധിഷ്ഠിത സംഘടനകളെ പ്രയോജന പ്പെടുത്തുന്നില്ല എന്നതാണ്. അത്തരം സംഘടനകളെ കൂടുതൽ പ്രോത്സാഹിപ്പിക്കണം. ഇത്തരം സന്നദ്ധ സംഘടനകളാണ് വാസ്തവത്തിൽ ഭാഷാക്കമ്പ്യൂട്ടി ങ്ങിന്റെ ആധാരശിലകൾ (building blocks) മിക്കതും നിർമ്മിച്ചിട്ടുള്ളതും ആ രംഗത്തു പ്രവത്തനം തുടർ ന്നുവരുന്നതും.

കേരളത്തിനുപുറത്ത് പോണ്ടിച്ചേരി സർവ്വകലാശാ ലയിൽ മലയാളം കമ്പ്യൂട്ടിങ്ങിന് ഒരു വിഭാഗം ഉണ്ടായി രിക്കുകയും അവർ ഒട്ടേറെ പ്രവർത്തനം നടത്തുകയും ചെയ്യുമ്പോഴും അതിന്റെ ഒരംശം പോലും നമ്മുടെ സർവ്വകലാശാലകളിൽ നടക്കുന്നില്ല. അതിനൊരു വി ഭാഗം പോലും ഇവിടെ ഇല്ല!

സ്മാർട് ഫോണുകൾ വ്യാപകമായതോടെ വിവ രസാങ്കേതികത പാവപ്പെട്ടവരിലേക്കുവരെ എത്തുക യാണ്. താഴെയറ്റത്തോളമുള്ള സേവനവിനിമയത്തി നും ആ തലത്തിൽനിന്നുള്ള അഭിപ്രായലഭ്യതയ്ക്കും (feedback) അവരിലെ സർഗ്ഗാത്മകത വികസിപ്പിക്കാ നും ഒക്കെ അവസരം ഒരുങ്ങുന്ന ഈ ഘട്ടത്തിലും നാം അതിന്റെ സാധ്യതകൾ പരിഗണിച്ചുതുടങ്ങിയി ട്ടുപോലും ഇല്ല.

ഇത്തരത്തിൽ എല്ലാ മേഖലകളും എല്ലാ വിഭാഗങ്ങ ളും ഉൾക്കൊള്ളുന്ന സമഗ്രമായ (collective) റോഡ് മാപ് ഉണ്ടാക്കിവേണം മുന്നോട്ടുപോകാൻ.

### ഭാഷാസാങ്കേതികവിദ്യാനയം അനിവാര്യം

കഴിഞ്ഞ രണ്ടുമൂന്നു ദശകങ്ങളിലൂടെ സ്വതന്ത്ര സോഫ്റ്റ്വെയർ വ്യാപകമാവുകയും അതിനായുള്ള പ്രസ്ഥാനങ്ങൾ ശക്തിപ്പെടുകയും ചെയ്തതോടുകൂ ടിയാണ് ലോകത്തെമ്പാടും ഭാഷാസാങ്കേതികവിദ്യ യുടെ വികസനം ഊർജ്ജിതപ്പെടാൻ തുടങ്ങിയത്. വിവരസാങ്കേതികവിദ്യ(വിസാവി)യ്ക്കു നയതന്ത്ര പ്രധാന്യം കൈവന്നിട്ട് ഒരു വ്യാഴവട്ടക്കാലമായി. അ തിന്റെ ഫലമായി ലോകത്തെ മിക്ക സർക്കാരുകളും പ്രത്യേക വിസാവി നയങ്ങൾ രൂപവത്ക്കരിച്ചിരുന്നു. പ്രാദേശികഭാഷാസാങ്കേതികവിദ്യ (ഭാസാവി)യുടെ വികസനത്തിനും പ്രചാരത്തിനും ഊന്നൽ നല്കാ നാണു് ഇത്തരം നയങ്ങൾ ലക്ഷ്യമിട്ടിരുന്നത്.

കേരളസർക്കാരിന്റെ 2007ലെ വിസാവിനയം നല്ലൊ രു ചുവടുവെപ്പായിരുന്നു. എങ്കിലും, അവ നടപ്പിലാ ക്കിയെടുക്കുന്നതിൽ സർക്കാർസംവിധാനം വേണ്ടത്ര വിജയിച്ചില്ല. സോഫ്റ്റ്വെയർ രംഗത്തു വ്യാപകമായി രുന്ന കുത്തകവൽക്കരണവും അറിവു പൂഴ്ത്തിവെ ക്കലും ആണ് 2007ലെ വിസാവിനയം ഫലപ്രദമായി നടപ്പിലാക്കുന്നതിനു തടസ്സമായത്.

സർക്കാർനയങ്ങൾകൊണ്ടുമാത്രം ഭാസാവിയുടെ വികസനവും പ്രചാരവും ഫലപ്രദമാവുകയില്ല. ഭാഷ യുടെ സ്വതന്ത്രസ്വഭാവത്തിന് അനുഗുണമായവതന്നെ ആയിരിക്കണം അവയ്ക്കുപയോഗിക്കുന്ന സാങ്കേതി കവിദ്യകളും. ഭാസാവിയുടെ വികസനത്തിൽ പൊതു സമൂഹത്തിനു് ഇടപെടാൻ സാധിക്കണം; കൂടാതെ അവ സ്വതന്ത്രമായി പരിശീലിക്കാനും പരിപാലിക്കാനും പരിഷ്കരിക്കാനും സാധിക്കണം. സ്വതന്ത്രസോഫ്റ്റ് വെയറും സ്വതന്ത്രവിജ്ഞാനവും ഒരുക്കുന്ന സംവിധാ നങ്ങളിലൂടെ മാത്രമേ ഇതൊക്കെ സാദ്ധ്യമാകൂ. ഭാഷ യ്ക്കു് സാങ്കേതികമായ സ്വയംപര്യാപ്തി ഉറപ്പാക്കാൻ സ്വതന്ത്രസോഫ്റ്റ്വെയർ ഒഴിവാക്കാനാവാത്തതാണു്.

ഭാവിയിലെ വിസാവി നയം ഈ അനുഭവങ്ങളിൽ നിന്നു പാഠമുൾക്കൊണ്ടായിരിക്കണം രൂപകല്പന ചെയ്യേണ്ടതു്. അതിനായി ഓരോ മേഖലയിലെയും പ്രശ്നങ്ങൾ പരിശോധിക്കാം.

## III. പ്രശ്നങ്ങളും പരിഹാരവും

### ഭാഷയും സാങ്കേതികവിദ്യയും

പ്രാദേശികഭാഷകളിലും സംസ്കാരങ്ങളിലും വൈ വിദ്ധ്യമാർന്ന വളരെയേറെ അറിവുകൾ നിലനിൽക്കുന്നു ണ്ട്. അവയുടെ നിലനിൽപ്പിനും പരിപോഷണത്തിനും പ്രാദേശികഭാഷകൾക്കു വഴങ്ങുന്ന സാങ്കേതികവിദ്യ കാലാനുസൃതമായി വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ആധുനികസങ്കേതങ്ങൾ ജനങ്ങളുടെ ശാക്തീകരണത്തി നും ജീവിതനിലവാരമുയർത്താനും ഉതകണമെങ്കിൽ അത് ഉപയോഗിക്കാൻ എല്ലാവർക്കും സാധിക്കണം. അത്തരം സങ്കേതങ്ങളുടെ ഭാഷ അവയുടെ ഉപയോഗ ത്തിന് തടസ്സമാകരുത്. അന്യഭാഷയിൽ സംവദിക്കുന്ന കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ സാധാരണജനങ്ങൾ ക്ക് ഏറെ പരിമിതികളുണ്ട്. ഇത് സമൂഹത്തിലെ വി വരവിടവിനു പ്രധാനകാരണമാണ്.

## ഭാഷാകമ്പ്യൂട്ടിംഗ്: ഗവേഷണവും വികസനവും നിലവിലെ സ്ഥിതി

സർക്കാരിൽ ഭാഷാപരമായ കാര്യങ്ങൾ സാംസ്കാരികവകുപ്പും ഭാഷാസാങ്കേതികവിദ്യയുടെ കാര്യങ്ങൾ വിവരസാങ്കേതികവിദ്യാവകുപ്പും ആണു കൈകാര്യം ചെയ്യുന്നത്.

ഭാസാവിയുടെ വികസിപ്പിക്കൽ പ്രധാനമായും മൂന്നു രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് സാധ്യമാകുന്നത്. കുത്തകസ്ഥാപനങ്ങൾ അവരുടെ ഉൽപന്നം വ്യാപിപ്പിക്കാനായി നടപ്പിലാക്കുന്നവ, സർക്കാരും പൊതുസ്ഥാപനങ്ങളും വഴിയുള്ള ഭാസാവി പ്രവർത്തനങ്ങൾ, സാമൂഹികകൂട്ടായ്മകളിലൂടെ നടക്കുന്നവ.

വൻകിട കുത്തകസ്ഥാപനങ്ങളിലാണ് വിപണന താല്പര്യത്തോടെയുള്ള ഗവേഷണം പ്രധാനമായും നടക്കുന്നത്. അവിടെ സങ്കേതങ്ങളുടെ സ്വതന്ത്രമായ ഉപയോഗം ഉറപ്പാക്കുന്നില്ല. തങ്ങളുടെ സാങ്കേതിക രൂപകല്പനകളുടെ പരിമിതിക്കുള്ളിൽ തളച്ചിട്ടു ഭാഷയെ വക്രീകരിക്കാനുള്ള ശ്രമം അവർ നടത്തുന്നു. അതുമൂലം സാങ്കേതികപ്പിഴവിനെ ഭാഷാനിയമമായി വ്യഖ്യാനിക്കാനുള്ള ശ്രമവും നടക്കുന്നു. ഭാഷാസമൂഹത്തിന്റെ പങ്കാളിത്തമില്ലാത്ത ഗവേഷണമാണവിടെ നടക്കുന്നത്. ഭാഷാസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവർ സ്വീകരിക്കുന്നുമില്ല. ഇതുകൊണ്ടുതന്നെ പ്രയോഗതലത്തിൽ ഇവ വിജയിക്കുന്നില്ല. പരസ്യവരുമാനവും ഉള്ളടക്കശേഖരണവും ലക്ഷ്യമാക്കുന്ന വൻകിട കുത്തകസ്ഥാപനങ്ങളും സ്വതന്ത്രസോഫ്റ്റ്വെയർ അടിസ്ഥാനത്തിൽ ഭാസാവി വികസിപ്പിക്കുന്നുണ്ട്.

പൊതുസ്ഥാപനങ്ങളിലൂടെ നടക്കുന്ന ഗവേഷണം നല്ല ലക്ഷ്യങ്ങളോടെ വിഭാവനം ചെയ്യപ്പെടുന്നവയാണ്. പക്ഷെ, ഇന്നു പല കാരണങ്ങൾകൊണ്ടും അവയുടെ നടത്തിപ്പു പാളുന്നു. പല പദ്ധതികളും ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കലിൽ അവസാനിക്കുന്നു. ഗവേഷണഫലങ്ങൾ പലപ്പോഴും ജനങ്ങളിലേക്കെത്തുന്നില്ല. പലപ്പോഴും സാങ്കേതികവിദ്യയുടെ നിഗൂഢവൽക്കരണത്തിനു സഹായമാകുന്ന രീതിയിലാണ് അവ പ്രവർത്തിക്കുന്നത്. ബൗദ്ധികസ്വത്ത് രഹസ്യമാക്കിവെക്കാൻ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യം ഈ സ്ഥാപനങ്ങളിൽ നിലനിൽക്കുന്നു. പൊതുസമൂഹത്തിൽനിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്ന സംവിധാനങ്ങളും ഫലപ്രദമല്ല. ഇവരുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ കാണുന്ന പ്രധാനപ്രശ്നം സർക്കാരും അതിന്റെ സംവിധാനങ്ങളും ഭാസാവിയുടെ അടിസ്ഥാനഘടകങ്ങൾ വികസിപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നു എന്നതാണ്. പ്രത്യക്ഷഫലം പെട്ടന്നുണ്ടാക്കുന്ന ഉല്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കാനാണ് അവർ പ്രധാനമായും താല്പര്യമെടുക്കുന്നത്.

സാമൂഹികകൂട്ടായ്മകളിലൂടെ നടക്കുന്ന ഭാസാവി വികസനം ഏറിയ പങ്കും സ്വതന്ത്രസോഫ്റ്റ്വെയർ കൂട്ടായ്മകളിലൂടെയാണ് നടക്കുന്നത്. ഭാഷാസങ്കേതങ്ങളുടെ സ്വതന്ത്രോപയോഗം അവ ഉറപ്പാക്കുന്നു. ഭാസാവിയുടെ ആധാരശിലകൾ മിക്കതും നിർമ്മിച്ചിട്ടുള്ളതും ആ രംഗത്തു പ്രവർത്തനം തുടർന്നു നടത്തുന്നതും സാമൂഹികകൂട്ടായ്മകളാണ്. ജനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന ഭാസാവി സംവിധാനങ്ങൾ ഇത്തരം കൂട്ടായ്മകളിലൂടെ രൂപപ്പെട്ടുവരുന്നവയാണ്.

സാമൂഹികകൂട്ടായ്മകളിലൂടെ നടക്കുന്ന സ്വതന്ത്രമായ ഭാസാവി ഗവേഷണവും വികസനവും ഇന്നു പല പ്രതിസന്ധികളും നേരിടുന്നുണ്ട്. ഭാസാവി രംഗത്തെ സർക്കാർപദ്ധതികൾ ആ രംഗത്തു പ്രവർത്തിക്കുന്ന സംഘങ്ങളുമായി സഹകരിച്ചു നടപ്പിലാക്കുമെന്നു പറയാറുണ്ടെങ്കിലും പലപ്പോഴും അങ്ങനെ നടക്കാറില്ല. നല്ലതോതിൽ പശ്ചാത്തലസൗകര്യം ആവശ്യമുള്ള രംഗങ്ങളിൽ ഗവേഷണം നടത്താൻ ആവശ്യമായ സജ്ജീകരണങ്ങളും വിഭവവും പലപ്പോഴും ലഭ്യമാകുന്നില്ല. യുണിക്കോഡ് കൺസോർഷ്യം പോലുള്ള സമിതികളിലെ ജനാധിപത്യവിരുദ്ധമായ രീതി മലയാളം ഭാസാവി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

മലയാളത്തിലെ നിലവിലുള്ള സർക്കാർ, പൊതുസ്ഥാപനങ്ങളിലെ ഭാസാവി പദ്ധതികളും സാമൂഹികകൂട്ടായ്മകളിലൂടെ നടക്കുന്ന പദ്ധതികളും പരസ്പരസഹകരണത്തോടെയല്ല പ്രവർത്തിക്കുന്നത്. പല പദ്ധതികളും ആവർത്തനസ്വഭാവമുള്ളവയാണ്.

മൊബൈൽ ഫോണുകൾ വ്യാപകമായതോടെ പൊതുസമൂഹത്തിൽ വിസാവിയുടെ പ്രചാരം നല്ല തോതിൽ വർദ്ധിച്ചു. എന്നാൽ ഭാഷാസാങ്കേതിക ഉപകരണങ്ങൾ മൊബൈൽ ഫോണുകളിൽ വേണ്ടത്ര വികസിക്കുകയോ പ്രചാരം നേടുകയോ ചെയ്തിട്ടില്ല.

ഭിന്നശേഷിയുള്ളവർക്കു വായിക്കാൻവേണ്ടി ടെക്സ്റ്റിനെ ശബ്ദമാക്കി മാറ്റാനും സംസാരം കേട്ടു ടൈപ്പു ചെയ്യുന്നതിനു പകരം ശബ്ദം നേരിട്ടു ടെക്സ്റ്റ് ആക്കി മാറ്റാനും ഒക്കെയുള്ള സാങ്കേതികവിദ്യകളും ഇന്ന് മലയാളത്തിൽ ലഭ്യമാണെങ്കിലും അവയുടെ പ്രചാരത്തിനും പരിപാലനത്തിനും മെച്ചപ്പെടുത്തലിനുമുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല. മലയാളത്തിലെ ടൈപ്പ് സെറ്റിങ്ങും അച്ചടിയും ഇനിയും യൂണിക്കോഡിലേക്കു മാറാത്തത് ഉള്ളടക്കവികസനത്തിന് വലിയ തടസ്സമുണ്ടാക്കുന്നു.

## ഡിജിറ്റൽഭാഷാരംഗത്തെ പൊതുസ്ഥിതി

അക്കാദമികതലത്തിലുള്ള ഭാഷാവിദ്യാഭ്യാസം സാങ്കേതികവിദ്യയോടു പുറംതിരിഞ്ഞു നിൽക്കുന്നു.

മലയാളം യൂണിക്കോഡ് പ്രചാരത്തിലായതോടെ മലയാളത്തിൽ അനേകം ബ്ലോഗുകൾ, വിക്കി സംരംഭങ്ങൾ, മറ്റ് ഇന്റർനെറ്റധിഷ്ഠിത വിനോദവിജ്ഞാന സേവനങ്ങൾ, ടൈപ്പ്സെറ്റിങ്ങ് ജോലികൾ എന്നിവ വ്യാപകമായി.

മലയാളഭാഷയിൽ ഉണ്ടായിവന്ന അവ്യവസ്ഥകൾ ഉയർത്തുന്ന നിരവധിയായ പ്രശ്നങ്ങളാണ് ഈ രംഗത്തെ ഒട്ടുമിക്ക പ്രതിസന്ധികൾക്കും ഒരു കാരണം. പഴയ രേഖകളും ഗ്രന്ഥങ്ങളും ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തനത്തെയൊക്കെ ഇതു സാരമായി ബാധിക്കുന്നു.

ഭാസാവി സങ്കേതങ്ങളും ഗവേഷണവും പ്രധാനമായും കൃത്രിമബുദ്ധി അടിസ്ഥാനമായി പ്രവർത്തിക്കുന്നവയാണ്. അവയെ പരിശീലിപ്പിക്കാനായി ധാരാളം ഡിജിറ്റൽ ഉള്ളടക്കം ആവശ്യമാണ്. അതില്ലാത്തിടത്ത് ഭാസാവിവികസനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ഭാഷാമാനകീകരണത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കിയെടുക്കാൻ, നമുക്ക് സാധിച്ചിട്ടില്ല. ഭാഷയുടെ പ്രാദേശികവൈവിദ്ധ്യത്തെയും സ്വതന്ത്രമായ രൂപപ്പെടലിനേയും നിരാകരിക്കുന്ന സമീപനം ഇക്കാര്യത്തിൽ വലിയ ദോഷമുണ്ടാക്കുന്നു.

ദൃശ്യരൂപമല്ല ഭാഷ എന്നു മനസിലാക്കുകയും ഈ രീതികളിലെല്ലാം എഴുതാനുള്ള സ്വാതന്ത്ര്യം നൽകുകയും ആണു ഭാഷയുടെ വളർച്ചയ്ക്കു വേണ്ടതെന്ന് ആധുനിക ഭാഷാസിദ്ധാന്തങ്ങൾ ഉദ്ധരിച്ച് ഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

നിഘണ്ടു, അക്ഷരപരിശോധനാസംവിധാനം, പദസൂചിനിർമാണം എന്നിവ മലയാളം പ്രസാധനത്തിൽ ചെയ്യാൻകഴിയുന്നില്ല. വിവിധ ഭാഷാഉപയുക്തികൾ വികസിപ്പിക്കുന്നതിന് ഇവയെല്ലാം പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

### ഭാഷാക്കമ്പ്യൂട്ടിങ് ഉപയുക്തികൾ

എന്തൊക്കെയാണു ലോകഭാഷകളിൽ ഇന്നുള്ള കമ്പ്യൂട്ടിങ് ഉപയുക്തികൾ, ഇവയിൽ ഏതൊക്കെ എത്രമാത്രം മലയാളത്തിൽ പ്രയോഗക്ഷമം ആയിട്ടുണ്ട്, നാം രൂപപ്പെടുത്തിയതോ ആവിഷ്ക്കരിച്ചതോ ആയ ഇത്തരം ഉപയുക്തികൾ ഓരോന്നും എത്രമാത്രം ഫലപ്രദമാണ്, ഏതെങ്കിലുമൊക്കെ ഫലപ്രദം അല്ലെങ്കിൽ ഓരോന്നിന്റെയും ന്യൂനതകൾ എന്തെല്ലാം, അവ എങ്ങനെ പരിഹരിക്കാം, മലയാളത്തിന്റെ സവിശേഷസ്വഭാവത്തിന് അനുസരിച്ച് സവിശേഷമായ ഉപയുക്തികൾ ആവശ്യമുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാം, അവ എങ്ങനെ വികസിപ്പിക്കാം, ഭാഷാക്കമ്പ്യൂട്ടിങ് ഉപയുക്തികൾ എങ്ങനെ സമൂഹത്തിനു ലഭ്യമാക്കാം, അവയുടെ ഉടമാവകാശം എങ്ങിനെ ആയിരിക്കണം തുടങ്ങിയ കാര്യങ്ങളാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് ഈ ഘട്ടത്തിൽ പരിശോധിക്കേണ്ടത്. പൊതുവിലുള്ള ഒരു അവലോകനമാണ് ഇവിടെ നടത്തുന്നത്.

### ആർക്കൈവിങ്

വിവിധ കമ്പ്യൂട്ടിങ് പ്രക്രിയകൾ സാധ്യമാകത്തക്കവിധം യൂണിക്കോഡ് ലിപിസമ്പ്രദായം നിലവിൽ വന്നിട്ടു പതിറ്റാണ്ടു രണ്ടാകുമ്പോഴും നമ്മുടെ പുസ്തകപത്രആനുകാലിക പ്രസാധനരംഗം അതിലേക്കു ചുവടുമാറിയിട്ടില്ല. ആസ്കി രീതിയിൽ ടൈപ്പ് ചെയ്യുന്ന രേഖകളെല്ലാം യൂണിക്കോഡിൽ വീണ്ടും ടൈപ്പ് ചെയ്തു മാത്രമേ ശരിയായ ഡിജിറ്റൽ ആർക്കൈവ് ഉണ്ടാക്കാനാകൂ. നമ്മുടെ ടൈപ്പ് സെറ്റിങ്ങും അച്ചടിയും ഇനിയും യൂണിക്കോഡിലേക്കു മാറാത്തത് ഈ പ്രതിസന്ധി അനുനിമിഷം രൂക്ഷമാക്കിക്കൊണ്ടിരിക്കുന്നു.

ചില പത്രങ്ങൾ സ്വന്തം പത്രത്തിൽ വന്ന വാർത്തകളുടെ ഡിജിറ്റൽ ആർക്കൈവ് സൂക്ഷിക്കുന്നുണ്ടെങ്കിലും അതു പൊതുജനങ്ങൾക്കു ലഭ്യമല്ല. അവതന്നെയും ഏറെയും പിഡിഎഫ് രൂപത്തിലാണ്. കുറഞ്ഞ സ്പേസിൽ ആർക്കൈവ് സൂക്ഷിക്കാനും സമൂഹത്തിനു ലഭ്യമാക്കാനും വേണ്ടത് ഇംഗ്ലിഷ് പത്രങ്ങൾ ചെയ്യുന്നതുപോലെ എല്ലാ വാർത്തയും ഓൺലൈനായി ലഭ്യമാക്കുകയാണ്. അതിനു സാർവ്വലൗകികലിപികളിൽ (Unicode fonts) അവ സന്നിവേശിപ്പിക്കണം.

പത്രങ്ങൾ പലതും ഇന്ന് ഇപത്രങ്ങളായി ലഭ്യമാക്കുന്നുണ്ടെങ്കിലും അവയുടെപോലും ആർക്കൈവുകൾ കിട്ടുന്നില്ല. അഞ്ചോ ആറോ ദിവസത്തിനപ്പുറമുള്ള പത്രങ്ങൾ നീക്കംചെയ്യുകയാണു പതിവ്. ഗവേഷണ വിദ്യാർത്ഥികൾക്കൊക്കെ പഴയ പത്രങ്ങൾ ആവശ്യമാണെന്നിരിക്കെ ഈ രീതി ദോഷകരമാണ്. പത്രങ്ങളുടെ ഓൺലൈൻ എഡിഷനുകളിലെ പഴയ ഉള്ളടക്കങ്ങളും ചില പത്രങ്ങൾ ഇത്തരത്തിൽ പിൻവലിക്കുന്നു. ഇതിന്റെ യുക്തി മനസിലാകുന്നില്ല.

മലയാളപത്രങ്ങളിലും ആനുകാലികങ്ങളിലും 1981നുശേഷം വന്ന 75,000ൽപ്പരം മലയാളം രചനകളുടെ വിവരങ്ങൾ അടങ്ങുന്ന ഒരു 'കേരള ഇൻഡക്സ്'കേരള സർവ്വകലാശാല തയ്യാറാക്കിയത് ഇപ്പോൾ ഓൺലൈനിൽ ലഭ്യമാണ്. പക്ഷേ, ഇതനുസരിച്ച് ഏതെങ്കിലും ലേഖനം ഒരാൾ ഇന്റർനെറ്റിൽ തെരഞ്ഞാൽ കിട്ടില്ല എന്നതാണ് ആർക്കൈവുകൾ പൊതുസമൂഹത്തിന് പ്രാപ്തമാക്കാതിരുന്നാലുള്ള കുഴപ്പം.

### ഒസിആർ, ടെക്സ്റ്റ് സ്കാൻ, ശബ്ദസാങ്കേതികത

പിഡിഎഫ് രൂപത്തിലോ ഇമേജ് രൂപത്തിലോ ലഭ്യമാകുന്ന വിവരങ്ങളും നമ്മൾതന്നെ സ്കാൻ ചെയ്ത്എടുക്കുന്ന താളുകളിലെ വിവരങ്ങളും വീണ്ടും ടൈപ്പുചെയ്യാതെ പകർത്തിയെടുക്കാൻ കഴിയില്ല എന്നതു നേരത്തേ പറഞ്ഞല്ലോ. ടെക്സ്റ്റ് സ്കാൻ പോലെ കടലാസിലെ അക്ഷരങ്ങൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലാക്കി എഡിറ്റ് ചെയ്യാനും കോപ്പിചെയ്തു പേസ്റ്റുചെയ്യാനും ഒക്കെ കഴിയണം. ഇതിനു മലയാളത്തിൽ ഓപ്റ്റിക്കൽ ക്യാരക്റ്റർ റെക്കഗ്നിഷൻ (OCR) വികസിപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള വലിയ പരിശ്രമങ്ങൾ സർക്കാരേജൻസികളുടെ ആഭിമുഖ്യത്തിലും സമാന്തരമായി സർക്കാരിതരസംരംഭങ്ങളുടെ മുൻകയ്യിലും നടന്നുവരികയാണ്. ഇവയുടെ പുരോഗതി വിലയിരുത്തപ്പെടണം. ഒരേകാര്യത്തിനായി പലർ ഒരേസമയം

സമാന്തരമായി പ്രവർത്തിക്കുന്നത് ധനവും സമയവും അദ്ധ്വാനവും പാഴാക്കുന്ന ഏർപ്പാടാണ്. അതുകൊണ്ട് ശാസ്ത്രീയവും ഫലപ്രദവുമായി നടക്കുന്ന പ്രവർത്തനം ഏതെന്നു വസ്തുനിഷ്ഠമായി പരിശോധിച്ച് അങ്ങനെയല്ലാത്ത പ്രോജക്റ്റുകൾ അവസാനിപ്പിച്ച് പൊതുപ്പണം പാഴാക്കുന്നത് ഒഴിവാക്കണം. ഇത്തരം പ്രവൃത്തികൾ ഓപ്പൺ സോഴ്സ് ഉപയോഗിച്ചു ചെയ്താൽ പലർക്കും അതിൽ സംഭാവനചെയ്യാനും മെച്ചപ്പെടുത്താനും കഴിയും.

അന്ധർക്കും മറ്റും വായിക്കാൻ വേണ്ടി ടെക്സ്റ്റിനെ ശബ്ദമാക്കി മാറ്റാനും സംസാരം കേട്ടു ടൈപ്പുചെയ്യുന്നതിനു പകരം ശബ്ദം നേരിട്ടു ടെക്സ്റ്റ് ആക്കി മാറ്റാനും ഒക്കെയുള്ള സാങ്കേതികവിദ്യകളും ഇതുമായി ബന്ധപ്പെട്ടതാണ്.

ഇതൊക്കെ യാഥാർത്ഥ്യം ആയിത്തീരണമെങ്കിൽ ധാരാളം കടമ്പകളുണ്ട്. ഭാഷാപരമാണ് ഇവയിൽ ഏറെയും. ഇംഗ്ലീഷിൽ ഓരോ പദവും നിയതമായ സ്പെല്ലിങ്ങിൽ മാത്രമേ എഴുതാനാകൂ, അല്ലതെ എഴുതിയാൽ അതു തെറ്റാണെന്ന് സ്പെൽ ചെക്ക് അടിവരയിട്ടുകാട്ടും. ഭാഷ ശബ്ദരൂപം മാത്രമാണെന്നും അതിന്റെ ദൃശ്യരൂപത്തിനു പ്രാധാന്യമില്ലെന്നും ഒരു പദം നിശ്ചിതരൂപത്തിലേ എഴുതാവൂ എന്നു വാശിപിടിക്കുന്നത് ആധുനിക ഭാഷാശാസ്ത്രസിദ്ധാന്തങ്ങൾക്ക് എതിരാണെന്നും ഒക്കെ പറയുമ്പോഴും ഇംഗ്ലീഷ് അടക്കമുള്ള ഭാഷകളിൽ ഡിജിറ്റൽ ലോകത്ത് സ്പെല്ലിങ് കൃത്യമായിരിക്കാനുള്ള ജാഗ്രത പണ്ഡിതർ പുലർത്തുന്നു, അതിനുള്ള സങ്കേതങ്ങൾ വികസിപ്പിച്ചു നടപ്പാക്കാൻ സാങ്കേതികവിദഗ്ദ്ധരും ശ്രമിക്കുന്നു എന്നതു നാം കാണണം. ചില കാര്യങ്ങളിലെങ്കിലും മാനകീകരണം ആവശ്യമല്ലേ ഭാഷയിൽ എന്ന ചിന്ത ഇത് ഉയർത്തുന്നു.

'റ്റ' എന്നത് 'ററ' എന്നും 'റ്റ' എന്നും എഴുതുന്നതിനാൽ ഒസിആറിന് ഇതു കാണുമ്പോൾ ആശയക്കുഴപ്പം ഉണ്ടാകും. മീററിലാണ് എന്നത് മീറ്ററിലാണ് എന്നാണോ മീറ്റിലാണ് എന്നാണൊ എന്നറിയാൻ കമ്പ്യൂട്ടറിനു ശരാശരിമലയാളിക്കുള്ള ബോധനിലവാരവും ഭാഷായുക്തികളും കൂടി വേണ്ടിവരും! ഇത്തരം എത്രയോ സന്ദർഭങ്ങൾ ഉണ്ടാകാം. ആ ഓരോ സാഹചര്യവും പട്ടികപ്പെടുത്തി അതിനോരോന്നിനും അനുസരിച്ചുള്ള യുക്തികൾ ഇതിൽ കൂട്ടിച്ചേർക്കുക എന്നതാണോ എഴുത്തിലെ ഈ അവ്യവസ്ഥ ഇല്ലാതാക്കുകയാണോ പരിഹാരം? റ്റ എന്ന ലിപിയെ മാനകമായി നിശ്ചയിക്കുകയും ആ ശബ്ദം ഡിജിറ്റലായി ആലേഖനം ചെയ്യേണ്ടപ്പോൾ മുകളിലും താഴെയുമായി രണ്ടു റ ചേർത്ത് റ്റ എന്ന രൂപം മാത്രം കിട്ടത്തക്ക സാഹചര്യം ഉണ്ടാക്കുകയുമല്ലേ ഉചിതം?

വളരെ പഴയ രേഖകളും ഗ്രന്ഥങ്ങളുമൊക്കെ ഡിജിറ്റൈസ് ചെയ്യുന്ന പ്രവർത്തനം പല കോണിലും നടന്നുവരുന്ന വേളയിൽ നാം വേറെയും ഭാഷാപ്രശ്നങ്ങൾ തിരിച്ചറിയുകയാണ്; കൂടുതൽ പ്രതിസന്ധിയിലേക്കു നീങ്ങുകയാണ്. തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 1904 മുതലുള്ള തിരുവിതാംകൂർ, തിരുകൊച്ചി, കേരള ഗസറ്റുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനിടെ കണ്ടെത്തിയ ഒരു ചെറിയ പ്രശ്നത്തിലൂടെ ഒരു പ്രതിസന്ധി ചൂണ്ടിക്കാട്ടാം. അവയിലെ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങളിൽ 'കള്ളുഷാപ്പ്' എന്ന പദം പതിനഞ്ചു തരത്തിലെങ്കിലും അച്ചടിച്ചിട്ടുണ്ടത്രേ! ഈ പതിനഞ്ചു തരത്തിലും തെരഞ്ഞാലേ മുഴുവൻ പരാമർശങ്ങളും കിട്ടൂ. അല്ലെങ്കിൽ, ഈ 15 രൂപവും ഒന്നാണെന്നു കമ്പ്യൂട്ടറിനു പറഞ്ഞുകൊടുത്താൽ മതി. ഇത് ഒന്നോ പത്തോ പദത്തിന്റെ കാര്യത്തിൽ ചെയ്യാൻ കഴിയുന്നതുപോലെയാണോ ഇത്തരം അനന്തമായ സാഹചര്യങ്ങൾ ഉണ്ടാകുമെന്നുവന്നാൽ? മദ്യനയം എന്ന നാലക്ഷരപദം പോലും പിരിച്ചെഴുതുന്ന ഇക്കാലത്ത് എത്രായിരം പദങ്ങളുടെ കാര്യത്തിൽ ഇത്തരം പ്രശ്നം ഉണ്ടാകും! നാളെ ഇത്തരം പുതിയ പിരിക്കലുകളും പലരീതിയെഴുത്തുകളും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ഇത്തരം വാക്കുകളിൽ സ്പേസിങ് ആവശ്യമില്ലെങ്കിൽ അതൊഴിവാക്കിയും ഏതുതരം ഉകാരച്ചിഹ്നമാണു വേണ്ടതെന്നുവച്ചാൽ അത് ഉൾപ്പെടുത്തിയും ഉള്ള ഒരു ഒറ്റരൂപം മാത്രം അംഗീകരിച്ചു ഡിജിറ്റൽ ലോകത്ത് സാങ്കേതികമായി ഉറപ്പിക്കുന്നതാവില്ലേ ഫലപ്രദം?

ഒരുപക്ഷെ, അവ്യവസ്ഥകൾ ഇന്നു ശതഗുണീഭവിച്ചിരിക്കുന്നു. 'തല്ക്കാലം' എന്നെഴുതിയിരുന്നത് ഇന്ന് ഇതിനുപുറമെ 'തത്കാലം', 'തത്ക്കാലം', 'തൽകാലം', 'തൽക്കാലം', 'തല്കാലം', 'തല്ക്കാലം', എന്നിങ്ങനെയെല്ലാം എഴുതുന്നു. ഇങ്ങനെ എത്രയോ പദങ്ങൾ പലരൂപത്തിൽ നിൽക്കുന്നു! എന്തിനേറെ, 'ൽ' എന്നത് 'ത'യുടെ ചില്ലോ 'ല'യുടെ ചില്ലോ എന്നു തർക്കിക്കുന്നിടത്താണ് ഇന്നു നമ്മുടെ നില്പ്!

ചുരുക്കത്തിൽ, സാദ്ധ്യമായ എല്ലാ എഴുത്തുരീതികളും കണ്ടെത്തി അവയെയെല്ലാം ഉൾക്കൊള്ളുന്ന ആൽഗരിതങ്ങൾ ഉണ്ടാക്കുക എന്ന വലിയ അധ്വാനം ഇതിനു വേണ്ടിയിരിക്കുന്നു; അതിനുള്ള നിരന്തരസംവിധാനവും. അതിലും സൗകര്യം ഇതിൽ ഏതുതരത്തിൽ ടൈപ്പ് ചെയ്താലും ഒരൊറ്റ മാനകരൂപം സ്പെൽ ചെക്കിൽ കിട്ടത്തക്കവിധം സോഫ്റ്റ് വെയർ ക്രമപ്പെടുത്തുകയല്ലേ? ഇതു മാനകീകരണത്തിന്റെ ആവശ്യകതയിലേക്കല്ലേ നയിക്കുന്നത്?

ശബ്ദസാങ്കേതികവിദ്യയുടെ കാര്യത്തിലും ഇതെല്ലാം പ്രശ്നങ്ങളാണ്. ടെക്സ്റ്റിനെ ശബ്ദമായും ബ്രെയിൽ ആയും അവയെ ഓരോന്നിനെയും തിരികെയും ഒക്കെ മാറ്റേണ്ട ആവശ്യങ്ങൾ ഉണ്ടല്ലോ. അതിനുമൊക്കെ അപ്പുറം, ഒരേപദം വിവിധ ഊന്നലുകളിൽ പ്രയോഗിക്കുമ്പോൾ, അല്ലെങ്കിൽ ഒരു വാക്യത്തിൽ ഒരു പ്രത്യേകപദത്തിന് ഊന്നൽ നൽകുമ്പോൾ, ആ വാക്യം ജനിപ്പിക്കുന്ന അർത്ഥത്തിൽ വ്യത്യാസം ഉണ്ടാകുന്നതുപോലും പരിഗണിക്കപ്പെടണം. ശബ്ദം എഴുത്താക്കി മാറ്റുമ്പോൾ ശബ്ദത്തിന്റെ മോഡുലേഷനനു

സരിച്ച് ഉണ്ടാകുന്ന അർത്ഥവ്യത്യാസം മനസിലാക്കി ടെക്സ്റ്റ് ആക്കാനുള്ള വൈദഗ്ധ്യം പോലും ഇന്നു കമ്പ്യൂട്ടറുകൾക്കു പകർന്നുനൽകാമെന്ന് ആയിട്ടുണ്ട്. മലയാളത്തിൽ അതൊക്കെ നടപ്പാകണമെങ്കിൽ നാം എത്രയോ കാതം മുന്നേറേണ്ടിയിരിക്കുന്നു! എത്രയോ നിയമങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു! ഇതിനു നിലവിലുള്ള ഭാഷാശാസ്ത്രവ്യാകരണതത്വങ്ങൾ പുനഃപരിശോധിക്കുകയും പുതിയവ കണ്ടെത്തുകയും പുതിയ കാലത്തെ ആവശ്യങ്ങൾക്കനുസൃതമായി അവയെല്ലാം ആവിഷ്ക്കരിക്കുകയും ഒക്കെ വേണം. ഇതിനുള്ള പരിപാടി ഉണ്ടാകണം.

ഇവിടെയെല്ലാം സാങ്കേതികവിദ്യകൊണ്ടു പരിഹാരം കാണുകയും എഴുത്തിൽ എങ്ങനെയും എഴുതാനുള്ള സ്വാതന്ത്ര്യം അനുവദിക്കുകയും എന്നതാണോ ഈ ഓരോന്നിനും നിയതമായ ഒറ്റരൂപം നിശ്ചയിച്ച് സ്പെൽചെക്ക് സംവിധാനത്തിലൂടെ ടൈപ്പിങ് വേളയിൽത്തന്നെ ആ രൂപം തെരഞ്ഞെടുക്കാൻ കഴിയുന്ന അവസ്ഥ സൃഷ്ടിക്കുക എന്നതാണോ ശരിയായ പരിഹാരം? സാങ്കേതികരംഗത്തുള്ളവരുടെകൂടി പങ്കാളിത്തത്തോടെ ഇതിലെല്ലാം തീരുമാനം എടുക്കണം. അതിന്റെ അടിസ്ഥാനത്തിൽ ആകണം അതുസംബന്ധിച്ച നയം.

ഇംഗ്ലിഷിൽ 'Toddy shop' എന്ന ഒറ്റപ്പദമേയുള്ളൂ. ഒരാൾക്കും ഇത് ഇഷ്ടംപോലെ എഴുതാനാവില്ല. ഒരു പ്രസാധകനും സ്വന്തം ശൈലീപുസ്തകം വച്ച് ഇതു മാറ്റാനും ആവില്ല. മലയാളം മാത്രം ആർക്കും തോന്നിയപോലൊക്കെ ചെയ്യാവുന്ന ഭാഷയാണ് എന്നു വരുന്നതും അതു ഭാഷയുടെ വളർച്ചയാണ് എന്നു കരുതുന്നതും പലരും പറയുന്നതുപോലെ നമ്മുടെ ആത്മാഭിമാനമില്ലായ്മയുടെയോ ഭാഷാസ്നേഹമില്ലായ്മയുടെയോ ഫലമാണോ?

## സേർച്ചിങ്, സോർട്ടിങ്, സ്പെൽചെക്

ഏതു തരത്തിൽ ആയാലും പദങ്ങൾ മാനകീകരിച്ചാൽ മാത്രമേ വിവിധപട്ടികകൾ അകാരാദിക്രമത്തിൽ സോർട്ട് ചെയ്യാനും പദങ്ങൾ ഉൾക്കൊള്ളുന്ന പരാമർശങ്ങൾ തെരഞ്ഞുകണ്ടുപിടിക്കാനും ഒക്കെ കഴിയൂ. ഇതുകൂടാതെ, ഇംഗ്ലിഷ് ടൈപ്പുചെയ്യുമ്പോഴത്തെപ്പോലെ അക്ഷരപ്പിശകുകൾ കണ്ടുപിടിക്കാനും തിരുത്താനും സംവിധാനം വേണം. പര്യായ(്യ്lonym)വും വിപരീതവും നാനാർത്ഥവും ഒക്കെ സ്ക്രീനിൽ കിട്ടുന്ന അവസ്ഥ മലയാളത്തിലും വരണം.

മലയാളത്തിൽനിന്ന് ഇംഗ്ലിഷിലേക്കു മൊഴി മാറ്റാൻ ഒരു റിവേഴ്സ് ഡിക്ഷ്ണറി പലപ്പോഴും വേണ്ടിവരും. പര്യായങ്ങളും നാനാർത്ഥങ്ങളും വിപരീതവും എല്ലാം ഉൾച്ചേർത്ത ഒരു സമഗ്രപദകോശം (നിഘണ്ടു) ആണ് ഇതിനു വേണ്ടത്. അതു ഡിജിറ്റൽ രൂപത്തിൽ സന്നിവേശിപ്പിച്ചാൽ മേല്പറഞ്ഞതൊക്കെ സാദ്ധ്യമാകും. അത് ഓൺലൈനായി നിലനിർത്തിയാൽ പുതിയ പദങ്ങളും പ്രയോഗങ്ങളും കടന്നുവരുന്നമുറയ്ക്ക് അവകൂടി ചേർത്ത് അപ്പപ്പോൾ സമഗ്രമാക്കാൻ പറ്റും.

എന്നാൽ ഇംഗ്ലിഷിലേതുപോലെ സുഗമമല്ല മലയാളത്തിൽ ഇത്. ഇംഗ്ലീഷിൽ ഒറ്റയൊറ്റപ്പദങ്ങൾ നിരത്തിവച്ചാണു വാക്യങ്ങൾ ഉണ്ടാക്കുന്നത്. മലയാളത്തിൽ പദങ്ങളും പ്രത്യയങ്ങളും പരസ്പരം ഇഴുകിച്ചേർന്നു സമസ്തപദങ്ങളായാണു നിൽക്കുന്നത്. ഈ സമസ്തപദങ്ങൾതന്നെ അനന്തമായി വളരാം. സമസ്തപദങ്ങൾ രൂപപ്പെടുന്നതിന്റെ ലോജിക് കമ്പ്യൂട്ടറിനെ പഠിപ്പിക്കേണ്ടതുണ്ട്. അതിന് ആ നിയമങ്ങൾ കമ്പ്യൂട്ടർപ്രയോഗത്തിന് ഇണങ്ങുന്ന രൂപത്തിൽ പുനരാവിഷ്ക്കരിക്കണം. സ്പെൽ ചെക്കിൽ ഈ രൂപങ്ങൾ അങ്ങനെതന്നെ ശരിരൂപമായി കാട്ടണമെങ്കിൽ അത് ആവശ്യമാണ്. ഏതുതരത്തിൽ ഈ പ്രശ്നം പരിഹരിക്കാം എന്ന് ആലോചിക്കണം.

മലയാളത്തിൽ വാക്കുകൾ സന്ധിചേരുകയും സമാസിക്കുകയും ചെയ്യുന്നതിന്റെ തത്വങ്ങൾ മുഴുവൻ സമാഹരിച്ച് അതിനെല്ലാം അനുസരിച്ചുള്ള കമ്പ്യൂട്ടർ സൂത്രവാക്യങ്ങൾ (algorithms) ഉണ്ടാക്കി നിഘണ്ടുവിൽ സന്നിവേശിപ്പിച്ചാൽ ഇതു സാദ്ധ്യമായേക്കും എന്നു ചില വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

## ഇൻപുട്ട് രീതി

കമ്പ്യൂട്ടർ യുഗത്തോടെ എന്നേക്കും ഇല്ലാതാകും എന്നു കരുതിയിരുന്ന കയ്യെഴുത്ത് ചരിത്രത്തിലെ കൗതുകകരമായ ആവർത്തനമെന്നപോലെ തിരികെവന്നിരിക്കുന്നു! 'ഗൂഗിൾഹാൻഡ്റൈറ്റിങ് ഇൻപുട്ട്' ഉപകരണം മലയാളമെഴുത്തിനെ എളുപ്പമാക്കി. ഇതു പരിശോധിച്ചു കുറ്റമറ്റതും പരമാവധി കയ്യെഴുത്തുകൾക്കു പറ്റുന്നതും ആക്കണം. എഴുത്തിലെ സുഗമത പഴയലിപി ആയതിനാൽ പലരും അങ്ങനെയാണ് എഴുതുക. പക്ഷേ, അത്തരം പല അക്ഷരരൂപങ്ങളും നേരായി തിരിച്ചറിയാനുള്ള ശേഷി ഗൂഗ്ൾ ഹാൻഡ്റൈറ്റിങ്ങിന് ഇപ്പോൾ ഇല്ല. ഇംഗ്ലിഷിന്റെ കാര്യത്തിൽ അവർ ശേഖരിച്ചിട്ടുള്ളത്ര കയ്യെഴുത്തുവൈവിധ്യങ്ങൾ മലയാളത്തിനായി ശേഖരിച്ചിട്ടില്ല എന്നതാകണം കാരണം. അതിനാൽ, കൂടുതൽ സൂക്ഷ്മതയോടെ എഴുതിയില്ലെങ്കിൽ ധാരാളം തെറ്റു വരുന്ന അവസ്ഥയാണ് ഗൂഗിൾ ഹാൻഡ്റൈറ്റിങ്ങിനുള്ളത്.

കീബോർഡ് രീതിയിലുള്ള ഇൻപുട്ടിനും ഇൻഡിക് കീബോർഡിൽ ചില ഭേദങ്ങളുള്ള പതിപ്പുകൾ ഉണ്ട് എന്നത് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ എന്നതു പരിശോധിക്കണം. ഇഷ്ടമുള്ള കീ ബോർഡ് ഇൻസ്റ്റാൾ ചെയ്തു തെരഞ്ഞെടുത്ത് ഉപയോഗിക്കാമെങ്കിലും ഇക്കാര്യത്തിൽ സൗകര്യപ്രദമായ ഒരു പൊതു രീതി നിർണ്ണയിച്ചു വിദ്യാലയങ്ങളിൽത്തന്നെ (പഴയ ടൈപ്പ് പഠിപ്പിക്കൽ പോലെ) പരിശീലിപ്പിക്കുന്നതാവില്ലേ വരുംതലമുറകൾക്കു ഗുണകരം എന്നതു പരിശോധിക്കണം.

## വേണ്ടത് ഭാഷാമാനകീകരണമോ സാങ്കേതികപരിഹാരമോ?

മേല്പറഞ്ഞ വിവിധ ഉപയുക്തികളുമായി ബന്ധപ്പെട്ട ചർച്ചയിൽ ഉടനീളം നാം കണ്ടത് മലയാളത്തിന്റെ എഴുത്തിലെ അവ്യവസ്ഥകൾ ഉയർത്തുന്ന വെല്ലുവിളികളാണ്. ഇവിടെ മാനകീകരണം (standardization) ഒരിക്കൽക്കൂടി പ്രസക്തമാകുന്നു. ടൈപ് റൈറ്ററും ലിനോ ടൈപ്പ് അച്ചടിയും വന്നപ്പോൾ അതിനുവേണ്ടി ലിപികൾ വെട്ടിമുറിക്കാൻ നാം നിർബ്ബന്ധിതരായതുപോലെ ഭാഷയെ മാനകീകരിക്കാൻ നാം ഇന്നു നിർബ്ബന്ധിതരായിരിക്കുന്നു എന്നു പല വിദഗ്ദ്ധരും ചൂണ്ടിക്കാട്ടുന്നു. അതിനെ അഭിമുഖീകരിക്കാൻ വൈകുന്തോറും ഇതുമായി ബന്ധപ്പെട്ട പ്രതിസന്ധി കൂടുതൽ രൂക്ഷമാകുമെന്നും ഇവർ മുന്നറിയിപ്പു നൽകുന്നു. ഡിജിറ്റൽ ലോകത്ത് സ്പെൽ ചെക്കും ഗ്രാമർ ചെക്കും ഏർപ്പെടുത്തി മാനകഭാഷ ഉറപ്പാക്കാം. ഭാഷ മാനകീകരിച്ചാലേ സ്പെൽചെക്കും ഗ്രാമർ ചെക്കും ഏർപ്പെടുത്താനാകൂ. മാനകഭാഷ വോട്ടിനിട്ടോ ഭൂരിപക്ഷാടിസ്ഥാനത്തിലോ തീർപ്പാക്കേണ്ടതല്ല. ഉച്ചാരണത്തിലും പദനിഷ്പത്തിശാസ്ത്ര(etimology)ത്തിലും ഊന്നി നടപ്പാക്കേണ്ടതാണ് എന്നതാണ് അവരുടെ നിലപാട്. ഇതു കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടോ കേരള പ്രസ് അക്കാഡമിയോ പിആർഡിയോ മലയാളം സർവ്വകലാശാലയോ മലയാളം ലെക്സിക്കൺ വിഭാഗമോ സാംസ്ക്കാരികവകുപ്പോ ഒറ്റയ്ക്കു തീരുമാനിക്കേണ്ടതല്ല. എല്ലാവരും ചേർന്ന് അതിനുപുറത്തുള്ള ഭാഷാവിദഗ്ധരെ വിളിച്ചുചേർത്ത് അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ടതാണെന്ന് ആ പക്ഷം അഭിപ്രായപ്പെടുന്നു.

അതേസമയം, ഭാഷാമാനകീകരണത്തോടു മൊത്തത്തിൽത്തന്നെ ചില വിദഗ്ധർ വിയോജിക്കുന്നു. അത് അസാധ്യമാണെന്നും അതു ഭാഷയുടെ ദേശഭേദങ്ങൾ ഇല്ലാതാക്കുമെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. ദേശ്യഭേദങ്ങൾ സംഭാഷണഭാഷയിൽ മാത്രമാണ് ഉള്ളതെന്നും എഴുത്തിൽ സർഗ്ഗാത്മകസാഹിത്യത്തിലെ സംഭാഷണങ്ങളിൽ മാത്രമേ അതു കടന്നുവരുന്നുള്ളൂവെന്നും ബാക്കിയുള്ള അതിവിപുലമായ ലിഖിതരൂപങ്ങളിലാണു മാനകീകരണം ആവശ്യമുള്ളതെന്നും ഇംഗ്ലിഷ് അടക്കമുള്ള ഭാഷകളിലെല്ലാം മാനകഭാഷ ഉണ്ടെന്നും അതു ദേശഭേദങ്ങളെ ബാധിച്ചിട്ടില്ലെന്നും മറുപക്ഷവും വാദിക്കുന്നു.

എന്നാൽ, ദൃശ്യരൂപമല്ല ഭാഷ എന്നു മനസിലാക്കുകയും ഈ രീതികളിലെല്ലാം എഴുതാനുള്ള സ്വാതന്ത്ര്യം നൽകുകയും ആണു ഭാഷയുടെ വളർച്ചയ്ക്കു വേണ്ടതെന്ന് ആധുനിക ഭാഷാസിദ്ധാന്തങ്ങൾ ഉദ്ധരിച്ച് ഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. സാങ്കേതികവിദ്യകൊണ്ട് ഈ വൈവിധ്യങ്ങളെ സമന്വയിപ്പിക്കുക മാത്രമേ വേണ്ടൂ. ഭിന്നരൂപങ്ങളെയും പ്രയോഗങ്ങളെയും എല്ലാം ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിലുള്ള സാങ്കേതികവിദ്യാപരിഹാരങ്ങൾ തേടുകയാണു വേണ്ടതെന്ന് ഇവർ പറയുന്നു. അങ്ങനെയാണെങ്കിലും ഇത്തരം പ്രശ്നങ്ങൾ മുഴുവൻ കണ്ടെത്താനും അവയുടെ ബന്ധവ്യവസ്ഥകൾ നിശ്ചയിക്കാനും ഉള്ള പരിശ്രമം ഉണ്ടാകേണ്ടതുണ്ട്. ഭാഷാവിദഗ്ധർ തന്നെയാണ് ഈ ഉദ്യമവും നിർവ്വഹിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ ചെയ്യേണ്ടതെന്തെന്നു സാങ്കേതികവിദഗ്ധർക്ക് അവർ പറഞ്ഞുകൊടുക്കണം.

മാനകീകരണം ആവശ്യമെങ്കിൽ, വേണ്ടത് ഭാഷാമാനകീകരണമോ സാങ്കേതികവിദ്യാധിഷ്ഠിത മാനകീകരണമോ എന്നതു പ്രധാനമാണ്. ഇതിൽ തീർപ്പും തീർപ്പുപ്രകാരമുള്ള കർമ്മപദ്ധതിയും ഉണ്ടാകണം.

ഏതുതന്നെ ആയാലും ഭാഷാവിദഗ്ധരുടെയും സാങ്കേതികവിദഗ്ധരുടെയും പൊതുവായ ആശയവിനിമയ വേദി ഉണ്ടാകേണ്ടതുണ്ട്. അത് ഒരു തുടർസംവിധാനം ആകണം. സർക്കാർ ഇതിനു മുൻകൈ എടുക്കണം. ഇതും സർക്കാരിന്റെ നയം ആകണം.

കാര്യങ്ങൾ ഇത്രവേഗം പറഞ്ഞുതീർത്തെങ്കിലും പ്രശ്നങ്ങൾ പരിഹരിച്ച് ഉപയുക്തികൾ കുറ്റമറ്റതാക്കി സമൂഹത്തിനു ലഭ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. വിപുലമായ പഠനവും നിരവധിപേരുടെ അശ്രാന്തപരിശ്രമവും ധാരാളം പണച്ചെലവും ഒക്കെയുള്ള കാര്യങ്ങളാണ് ഇതെല്ലാം.

## ശൈലീപുസ്തകം

ഓരോ പത്രത്തിനും പ്രസാധകർക്കും ഓരോ ശൈലിയാണിന്ന്. പദങ്ങൾ, ആളുകളുടെയും സ്ഥലങ്ങളുടെയും പേരുകൾ തുടങ്ങിയവ ഇത്തരം സ്വകാര്യശൈലീപുസ്തകങ്ങളിൽനിന്ന് ഒഴിവാക്കണം. അത് എല്ലാ പത്രങ്ങളും പ്രസാധകരും ഒരുപോലെ എഴുതണം. എങ്കിലേ തെരച്ചിലും അക്ഷരക്രമത്തിൽ അടുക്കലും അടക്കമുള്ള പുതിയകാലാവശ്യങ്ങൾ സാദ്ധ്യമാകൂ. 'വിദ്യുച്ഛക്തി' എന്ന് എഴുതണ്ടാ, 'വൈദ്യുതി' എന്നു മതി എന്നു പത്രങ്ങൾക്കു തീരുമാനിക്കാം, 'ഹൈക്കോടതി' വേണ്ടാ, 'ഹൈകോടതി' മതി എന്നുമൊന്നും തീരുമാനിക്കാൻ അവകാശം ഉണ്ടാകരുത്. അവയ്ക്കെല്ലാമായി ഭാഷയ്ക്ക് ആകെക്കൂടി ഒരു ശൈലീപുസ്തകം ഉണ്ടാകണം. അത് എല്ലാ പ്രസാധകരും പിൻതുടരണം. ആ ശൈലി നേരത്തേ പറഞ്ഞപോലെ ഭാഷാപണ്ഡിതസമൂഹം തീരുമാനിക്കണം.

അതേസമയം, വാർത്തയിലേക്കു പുതുതായി കടന്നുവരുന്ന ആളുകളുടെ പേരുകളും തർജ്ജമ ആവശ്യമില്ലാത്ത ശാസ്ത്രസാങ്കേതികപദങ്ങൾ അടക്കമുള്ള പദങ്ങളും മലയാളത്തിൽ എങ്ങനെ എഴുതണമെന്ന് അപ്പപ്പോൾ തീരുമാനിച്ചു പത്രമാധ്യമങ്ങളെ അറിയിക്കാനുള്ള ചുമതല പ്രസ് അക്കാദമിയോ മറ്റേതെങ്കിലും സ്ഥാപനമോ ഏറ്റെടുക്കണം. അല്ലെങ്കിൽ, പ്രധാനപത്രങ്ങളുടെ പ്രതിനിധികളുടെ ഒരു സമിതി ഓൺലൈനായോ ഫോണിലോ കൂടിയാലോചിച്ചു നിശ്ചയിക്കട്ടെ. അതു മറ്റു പത്രങ്ങളെ ഉടൻ അറിയിക്കാൻ ഒരു ഓൺലൈൻ വേദി ഉണ്ടാക്കിയാലും മതി. അതതുഭാഷയിലെ ഉച്ചാരണത്തോടു പരമാവധി അടു

ത്തുനിൽക്കുന്നതാകണം അത്. അതു കണ്ടെത്താൻ ഇന്റർനെറ്റ് യുഗത്തിൽ ബുദ്ധിമുട്ടില്ല. എങ്കിലും ഏക രൂപത്തിലാകാൻ മേല്പറഞ്ഞ ഒരു 'ഏകജാലകം' അനിവാര്യമാണ്. അതിലൂടെ അംഗീകരിക്കപ്പെടുന്ന പദരൂപങ്ങൾ നേരത്തേ പറഞ്ഞ ഓൺലൈൻ സമഗ്ര പദകോശത്തിൽ അപ്പപ്പോൾ ചേർക്കാനും കഴിയണം.

പക്ഷേ, മലയാളം പഠിക്കുന്ന കുട്ടികൾഇത് സങ്കീർണ ഭാഷ ആണെന്ന് കണ്ട് മാതൃഭാഷയിൽനിന്ന് അകന്ന് പോകുന്ന സാഹചര്യവും ഉണ്ടാവരുത്. ഭാഷ ഉപയോഗിക്കുന്നവരുടെ എളുപ്പത്തിനായാണ് പലപ്പോഴും ചെറുവാക്കുകളായി പിരിച്ചെഴുതുന്നത്. ഭാഷയ്ക്കത് ലാളിത്യം നല്കുന്നു. അല്ലാതാക്കുന്നത് സ്വീകരിക്കപ്പെടാതിരിക്കാനും ഭാഷയുടെ മേലുള്ള അമിതാധികാരപ്രയോഗമായി കാണാനും സാധ്യതയുണ്ട്.

കൂട്ടക്ഷരങ്ങളുടെ കാര്യത്തിലാണ് ഇതു കൂടുതൽ പ്രസക്തം. ഉച്ചരിക്കുന്ന അക്ഷരത്തിന്റെ വലതുവശത്തെ അഞ്ച് അക്ഷരങ്ങളാണു കണ്ണിനു മുൻകൂട്ടി കാണാൻ കഴിയുന്നത് എന്നുവയ്ക്കുക. കൂട്ടക്ഷരങ്ങൾ ആണെങ്കിൽ അഞ്ച് അക്ഷരങ്ങളുടെ സ്ഥാനത്ത് ആറോ ഏഴോ എട്ടോ അക്ഷരങ്ങൾ കണ്ണിൽപ്പെടും. വായനയ്ക്ക് അത്രയും വേഗം കൂടും എന്നർത്ഥം. ഇക്കാര്യം ശാസ്ത്രീയമായ പരീശോധനയ്ക്കു വിധേയമാക്കണം. പല ധാരണകളും നാം പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. പുതിയ സാഹചര്യം അത് അനിവാര്യമാക്കിയിരിക്കുന്നു.

### ഉള്ളടക്കവികസനം (ഡിജിറ്റൽ, അച്ചടി രംഗങ്ങൾ)

മലയാളഭാഷാസാങ്കേതികവിദ്യകളുടെ ഫലപ്രദമായ വിപുലനത്തിനു പ്രയോഗതലത്തിലുള്ള മുന്നുപാധിയാണ് ഭാഷാസഞ്ചയം. ഇവ ഇന്റർനെറ്റിൽ പരമാവധി ശേഖരിക്കപ്പെടുന്നുണ്ട്. നിഘണ്ടു, അക്ഷരവ്യാകരണ പരിശോധിനി, ഒ.സി.ആർ. തർജ്ജമസഹായി ഉപയോഗിച്ച് പിഴവുകളില്ലാതെ ഭാഷാസഞ്ചയം തയ്യാറാക്കുവാൻ സാധിക്കും.

ലാംഗ്വേജ് കോർപ്പസ് തയ്യാറാക്കുവാൻ പകർപ്പുപേക്ഷ അനിവാര്യമാണ്. മലയാളത്തിലുള്ള ഭൂരിഭാഗം ഉള്ളടക്കവും സർക്കാരുടമസ്ഥതയിലുള്ളവയാണ്. അവയെല്ലാം പരമ്പരാഗതമായ കോപ്പി റൈറ്റ് ആക്ടിന് വിധേയമാണ്. രാജ്യസുരക്ഷയെ സംബന്ധിക്കുന്ന തൊഴികെ, പൊതുനികുതി ഉപയോഗിച്ച് ചെയ്യുന്ന എല്ലാ ഉള്ളടക്കങ്ങളും പൊതുജനത്തിനു് ലഭ്യമാകുന്നതാവണം.

സർക്കാർ സംബന്ധമായ വെബ് സൈറ്റുകളും മറ്റു പ്രസിദ്ധീകരണങ്ങളും അടഞ്ഞ പകർപ്പവകാശ നിബന്ധനകളാണു് ഉപയോഗിക്കുന്നത്. കേരളത്തിലെ ഗ്രാമ പഞ്ചായത്ത് വെബ്സൈറ്റുകൾഅതിനുദാഹരണമാണ്.

വിവരവ്യവസ്ഥകൾഎല്ലാത്തരം പ്രവർത്തനങ്ങളേയും സ്വാധീനിക്കുന്ന ഒരു സമൂഹമാണ് ഇനിയുണ്ടാകുക. ഇതുവരെ ആർജ്ജിച്ച ഡിജിറ്റൽ വിവരങ്ങളുടെ ശേഖരങ്ങൾ കെട്ടിപ്പടുക്കുക എന്നത് പ്രധാനമായി ത്തീരുന്നു.

പൊതുസഞ്ചയത്തിലെ ധാരാളം രേഖകൾസർക്കാരിന്റെയും വ്യക്തികളുടെയും കൈവശം നിലനിൽക്കുന്നു. അത്തരം വിവരങ്ങൾ നശിച്ചുപോകുംമുമ്പ് ഡിജിറ്റൈസ് ചെയ്യേണ്ടതുണ്ട്.

ഭാഷയേയും സംസ്കാരത്തെയും കുറിച്ചു പഠനം നടത്തുന്നവർക്ക് പഴയതും പുതിയതുമായ വിവരങ്ങൾ ഡിജിറ്റസ് ചെയ്യേണ്ടത് അനിവാര്യമാണ്.

നിലവിൽകുറച്ചൊക്കെ ഡിജിറ്റൈസ് ചെയ്യപ്പെട്ടിട്ടുണ്ട്. അവ ഭൂരിഭാഗവും ഇന്ത്യയ്ക്കു പുറത്തുനിന്നുള്ളവയാണ്. വിദേശയൂണിവേഴ്സിറ്റിയിൽനിന്നും സ്വകാര്യ അന്താരാഷ്ട്രകമ്പനികളിൽനിന്നും ഉള്ള വിവരങ്ങളാണു ഡിജിറ്റൈസ് ചെയ്യപ്പെട്ടിരിക്കുന്നത്. അവയിൽപ്രധാനപ്പെട്ട സ്വകാര്യകമ്പനികൾ ഗൂഗിൾ, ആർക്കൈവ്.ഓർഗ് എന്നിവയാണ്.

വിവിധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളും ലൈബ്രറികളും സ്ഥാപിച്ച ഡിജിറ്റൽ ആർക്കവുകളുടെ പ്രവർത്തനം വിലയിരുത്തുകയും പൊതുജനങ്ങൾക്കു ലഭ്യമാക്കാനും ലഭ്യമാക്കിയ സൗകര്യങ്ങൾ വിപുലീകരിക്കാനും നടപടി സ്വീകരിക്കുകയും വേണം.

പഴയ ഡാറ്റയും മെറ്റാഡാറ്റയും നശിപ്പിക്കുന്നത് ഒരു പ്രധാനപ്രശ്നമാണ്. വിവരങ്ങൾഅടിസ്ഥാനപരമായി മനസ്സിലാക്കുവാനുള്ള ഇൻഡക്സ് ഇപ്പോഴും നിലവിലില്ല.

ഡിജിറ്റൈസേഷൻഏകീകൃതമേൽനോട്ടത്തിൽ നടത്തണം. പലരും പലതായി ചെയ്യുമ്പോൾ ആവർത്തനം വരുന്നത് സമയധനനഷ്ടങ്ങൾ ഉണ്ടാക്കും. സർക്കാർസംവിധാനത്തിനു കീഴിലുള്ള സാങ്കേതി കോപകരണങ്ങൾ പൊതുസഞ്ചയത്തിലെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ ലഭ്യമാക്കണം. ഗൂഗിൾപോലുള്ള സ്വകാര്യകമ്പനികളുടെ ഒ.സി.ആർ. പ്രോജക്ട് വഴി ഡാറ്റശേഖരണം നടത്തുന്നത് ഗൂഗിൾതന്നെയാണ്. നമുക്കു പ്രത്യക്ഷത്തിലുള്ള ഔട്ട്പുട്ട് തരുന്നു എന്നതിൽക്കവിഞ്ഞ് ഗൂഗിൾ സോഫ്റ്റ്വെയർ പങ്കുവയ്ക്കുകയോ കൈമാറുകയോ ചെയ്യുന്നില്ല.

വിക്കി ഗ്രന്ഥശാല പോലുള്ള സന്നദ്ധ പ്രവർത്തനങ്ങൾക്ക് സ്വന്തമായി സെർവ്വറുകൾ നിലവിലുണ്ട്. പക്ഷേ സർക്കാരുടമസ്ഥതയിൽ നല്ല ശേഷിയുള്ള ഒരു സെർവർ അത്യന്താപേക്ഷിതമാണ്.

പൊതുസഞ്ചയത്തിലെ രേഖകൾ എളുപ്പത്തിൽ ലഭ്യമാക്കിയാൽ ഇതരവിഷയങ്ങളിൽ ഗവേഷണങ്ങൾക്കു വളരെ ഉപകാരപ്പെടും. അവയിൽപ്രധാനമായും ഡിജിറ്റൈസ് ചെയ്യേണ്ടത് പുരാതനരേഖകൾ, മാസ്റ്റർ ഇൻഡക്സ്, പൊതുസഞ്ചയ രേഖകൾ എന്നിവയാണ്.

2015 മെയ് 6ന് ഗൂഗിൾപുറത്തിറക്കിയ ലാംഗ്വേജ് ഉപകരണമാണ് 'ഓപ്ടിറ്റിക്കൽ ക്യാരക്ടർ റിക്കഗ്നിഷൻ' അഥവാ 'ഒ.സി.ആർ'. ഇതുപയോഗിച്ച് മൊബൈൽഫോണിന്റെ സഹായത്തോടെ ഡിജിറ്റൈസ് ചെയ്യാൻ കഴിയും.

### യൂണിക്കോഡുപൊരുത്തം

മലയാളം അച്ചടിയുടെ രംഗത്തെ ഏറ്റവും പ്രധാന ആവശ്യം യൂണീക്കോഡ് പൊരുത്തം (Unicode compatibiltiy) ആണ്. പക്ഷേ, പഴയ ആസ്കി (ASCII) സാങ്കേതികവിദ്യയിൽനിന്നു മോചനം നേടാൻ നമ്മുടെ അച്ചടിക്കും പ്രസാധകർക്കും ഒട്ടുമിക്ക പത്രങ്ങൾക്കും കഴിഞ്ഞിട്ടില്ല. കഴിഞ്ഞിട്ടില്ല എന്നല്ല പറയേണ്ടത്, ഉത്സാഹിച്ചിട്ടില്ല എന്നാണ്. കേരളകൗമുദി പത്രമാണ് ആദ്യം യൂണിക്കോഡ് സ്വീകരിച്ചത്. മനോരമയും മാതൃഭൂമിയും ആ പാത പിന്തുടർന്നുതുടങ്ങിയിരിക്കുന്നു. മറ്റുപത്രങ്ങൾ ഇനിയും മാറിയതായി അറിയില്ല. പത്രങ്ങളുടെ ഓൺലൈൻ എഡിഷനുകൾ എല്ലാംതന്നെ യൂണീക്കോഡ് ഫോണ്ടാണ് ഉപയോഗിക്കുന്നത്.

യൂണിക്കോഡിലേക്ക് അച്ചടി മാറാത്ത പത്രസ്ഥാപനങ്ങൾ ചെയ്യുന്നത് ഓൺലൈൻ എഡിഷനിൽ ഇടാനായി പത്രത്തിലെ ഓരോ വാർത്തയും യൂണീക്കോഡ് ഫോണ്ടിലേക്കു മാറ്റുകയാണ്. തത്സമയം അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ഓൺലൈൻ എഡിഷനിൽ നിന്നു പുതിയ വാർത്തകൾ പത്രത്തിലേക്ക് എടുക്കണമെങ്കിലും ഇതേ വ്യായാമം ചെയ്യണം. അച്ചടികൂടി യൂണീക്കോഡിലേക്കു മാറിയാലേ ഈ പ്രശ്നത്തിനു പരിഹാരമാകൂ.

സർക്കാർ വകുപ്പുകളും അനുബന്ധസ്ഥാപനങ്ങളും കത്തുകളും മറ്റു വിവരങ്ങളും തയ്യാറാക്കുന്നതും വെബ്സൈറ്റുകൾ നിർമ്മിക്കുന്നതും യൂണീക്കോഡ് മലയാളം ഫോണ്ടുകൾ ഉപയോഗിച്ച് ആയിരിക്കണമെന്നു നിഷ്ക്കർഷിക്കുന്ന വിവരസാങ്കേതികവകുപ്പിന്റെ 2008 ഓഗസ്റ്റ് 21ലെ ജിഒ (എംഎസ്) നം: 31/2008/ വി.വ.സ. നമ്പർ ഉത്തരവും 2009 ജൂലൈ 30ലെ 2826/ബി1/09/ വി.വ.സ. നമ്പർ സർക്കുലറും സർക്കാരിന്റെ പതിനായിരക്കണക്കിനു കമ്പ്യൂട്ടറുകളിലും സൈറ്റുകളിലും യൂണിക്കോഡ് ലിപി സാധ്യമാക്കിയിരിക്കുന്നു.

### മാറാത്ത വാർത്താവിന്യസനം

പത്രങ്ങളും പ്രസാധകരും നാടൊട്ടുക്കുമുള്ള ഡിറ്റിപി കേന്ദ്രങ്ങളും യൂണിക്കോഡിലേക്കു മാറാത്തത് യൂണീക്കോഡുപൊരുത്തമുള്ള ഡിസൈൻ / ലേയൗട്ട് സോഫ്റ്റ്വെയറുകളുടെ അഭാവം കൊണ്ടാണ്. ലഭ്യമായ വാണിജ്യസോഫ്റ്റ്വെയർ ഉള്ളതു വിലപിടിച്ചതാണ്. സ്വതന്ത്ര സോഫ്റ്റ്വെയറുകളിൽ ടെക്(Tex), എക്സ് ഇടെക്(XeTex), കോണ്ടെക്സ്റ്റ്(ConText), സ്ക്രൈബസ് എന്നിവ മലയാളം യൂണീക്കോഡ് പിന്തുണയുള്ളതാണെങ്കിലും ഇവയിൽചിലതിൽ പ്രവർത്തനതലം ഇല്ല. കോഡിംഗ് ഉപയോഗിച്ചാണ് രൂപഭംഗിയോടെ പ്രസിദ്ധീകരണങ്ങൾതയ്യാറാക്കിവരുന്നത്. അതിനാൽ ആമേഖലയിലും ഇടപെടലുകൾ വേണ്ടിയിരിക്കുന്നു. മലയാളം (മറ്റ് ഇൻഡിക് ഭാഷകളും) ലേഔട്ട് ചെയ്യാൻ കഴിയുന്ന സ്വതന്ത്രപ്ലാറ്റ്ഫോമിലുള്ള സോഫ്റ്റ്വെയർ അനിവാര്യമാണ്. അതിന്റെ സാദ്ധ്യത പരിശോധിക്കണം. സ്ക്രൈബസ് പോലുള്ള പരീക്ഷണങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തുകയും ആവശ്യമായവ പ്രോത്സാഹിപ്പിക്കുകയും വേണം. യൂണിസ്ക്രൈബ് (Microsoft Windows) മാതൃകയിൽ എല്ലാ ബ്രൗസറുകളും പിന്താങ്ങുന്ന ഒരു റെൻഡറിങ് (ഷേപ്പിങ്) എഞ്ജിൻ (ഹാർഫ്ബസ്) ആവിഷ്ക്കരിക്കാനുള്ള ശ്രമത്തെപ്പറ്റി കേട്ടിരുന്നു. ഇതെല്ലാം എത്രമാത്രം ഫലപ്രദമാണെന്നു പരിശോധിക്കേണ്ടതുണ്ട്. ഈ വഴിക്കു ചിന്തിച്ചില്ലെങ്കിൽ ഡിറ്റിപി മേഖല വൈകാതെ വലിയ പ്രതിസന്ധിയിൽ പെടാനുള്ള സാദ്ധ്യതയുണ്ട്. പത്രങ്ങൾക്കും പ്രസാധകർക്കുമെല്ലാം ഈ 'സ്വതന്ത്ര'വഴി തന്നെയാകും ഗുണകരമെന്നും തോന്നുന്നു. സ്വതന്ത്രസോഫ്റ്റ്വെയറിൽ സാദ്ധ്യതകൾ ഏറെയുണ്ടെങ്കിലും പ്രസാധന മാധ്യമരംഗത്ത് സ്വയംപരിമിതികൾ സൃഷ്ടിച്ചുകൊണ്ട് യൂണീക്കോഡ് വ്യാപനത്തെ പല നിക്ഷിപ്തതാല്പര്യങ്ങളും തടസ്സപ്പെടുത്തുന്നുണ്ട്.

ഭാഷയുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളും സമൂഹത്തിനു് സ്വതന്ത്രമായി ഇടപെടാൻ സാധിക്കുന്നതായിരിക്കണം. ഇത് സ്വതന്ത്ര സോഫ്റ്റ്വെയറിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. കുത്തകകളുടെ ഇടപെടൽഈ മേഖലയിൽ ഉണ്ടായാൽ സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലേക്ക് അതു മാറിയേക്കും. അത് ഒഴിവാക്കാൻ സർക്കാരും സർക്കാരനുബന്ധപ്രവർത്തനങ്ങളും കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് ഭാഷാസാങ്കേതികതയിലുള്ളപ്രവർത്തനങ്ങളെ സ്വതന്ത്രസോഫ്റ്റ്വെയറിലൂടെ സമൂഹത്തിന്റെ, പൊതുജനങ്ങളുടെയും പ്രയോക്താക്കളുടെയും ഗുണഭോക്താക്കളുടെയും പൂർണ്ണയിടപെടലോടെ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കഴിഞ്ഞ കാലങ്ങളിലത്രയും പൊതുസമൂഹത്തിന്റെയും സർക്കാരിന്റെയും ഇടപെടലുകൾ ഇല്ലാതെയുള്ള പ്രവർത്തനങ്ങൾ ഭാഷയുടെ സാങ്കേതികവളർച്ചയെ ഏറെ ബാധിച്ചിട്ടുമുണ്ട്. ഇനി അത് ആവർത്തിക്കാതെ നോക്കേണ്ടതുണ്ട്. അതിനായി സർക്കാരും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർക്കാർ പ്രസിദ്ധീകരണ വിഭാഗങ്ങൾ, മലയാളം സർവകലാശാല എന്നിവയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരണ സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള ക്ലാസുകളും പ്രചരണ പരിപാടികളും നടക്കണം. സർക്കാർ പ്രസിദ്ധീകരണങ്ങളെല്ലാം എത്രയും വേഗം യുണിക്കോഡിലേയ്ക്ക് മാറേണ്ടത് ഭാഷയുടെ വളർച്ചയ്ക്കും വികാസത്തിനും അത്യാവശ്യമാണ്.

### ഭരണഭാഷയും ഭാസാവി നയവും

ലഭ്യമായിട്ടുള്ള ഭാഷാസാങ്കേതികസംവിധാനങ്ങളുടെ ഭൂമികയിൽ നിന്നുകൊണ്ട് ആധുനിക മൊബൈൽ കമ്പ്യൂട്ടിങ്ങിന്റെ സാദ്ധ്യതകൾ വരെ ഉൾപ്പെടുത്തി ഉണ്ടാക്കുന്ന 'മലയാളഭാഷാസാങ്കേതികവിദ്യാനയം' ഭരണരംഗത്തെ മലയാളവത്ക്കരണത്തിനു പ്രത്യേക ഊന്നൽ നൽകുന്നതാകണം. പൂർണമായും സ്ഥാപനവൽക്കരിക്കുന്ന സംവിധാനങ്ങൾക്കു പകരം കൂടുതൽ പങ്കാളിത്തരൂപത്തി(collaborative mode)ൽ, തുറന്ന സ്വഭാവത്തിൽ, പുതുമകൾ ഉൾക്കൊള്ളാനും കാലാ

നുസൃതമായി പരിഷ്ക്കരിക്കാനും നല്ല സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കാനുമെല്ലാം കഴിയുന്ന രൂപത്തിൽ ഒക്കെ വികസിക്കാൻ വഴിയൊരുക്കുന്ന ഒന്നായിരിക്കണം ഈ നയം. ഇതിനു മുന്നോടിയായി നിലവിലുള്ള സംവിധാനങ്ങളും സ്ഥാപനങ്ങളും അവ കൈകാര്യം ചെയ്യുന്ന മേഖലകളും ഒപ്പം വിവിധ തലങ്ങളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സങ്കീർണ്ണതകളും തുറന്നുകാട്ടുന്ന പഠനങ്ങൾ മേഖല തിരിച്ച് ഉണ്ടാവണം. ഉദാഹരണത്തിന്, കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അഞ്ചുകോടിയിലധികം ആളുകളുടെ ജനനമരണവിവാഹ രജിസ്ട്രേഷന്റെ വിവരങ്ങൾ ഐഎസ്എം ഉപയോഗിച്ചു തയ്യാറാക്കിയത് യൂണിക്കോഡിലേക്കു മാറ്റുന്നത്. ഇതു കേവലം സാങ്കേതികവിദ്യാപ്രശ്നം മാത്രമല്ല, മറിച്ച് ലിഖിതമായ സർക്കാർപ്രക്രിയകളിലുംകൂടി പരിഷ്ക്കാരം ആവശ്യപ്പെടുതാണ്.

ഭാഷാസാങ്കേതികവിദ്യ പ്രയോഗത്തിൽ വരുമ്പോൾ അവയുടെ സമ്പർക്കമുഖം (interface), പ്രദർശനരീതി (web based, cloud hosted...), വേഗം (connectivtiy, server space...) തുടങ്ങിയ നിരവധി കാര്യങ്ങളുമായി ബന്ധപ്പെട്ട് ഇന്നുള്ള പ്രതിസന്ധികൾ കേവലം സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായതും പലതും എളുപ്പത്തിൽ പരിഹരിക്കാവുതുമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ഐ.കെ.എം നടത്തുന്ന പ്രവർത്തനങ്ങൾ വിപുലമായ പ്രക്രിയാപഠനം പിന്തുടർന്നുകൊണ്ടാണ് എന്നു കാണാമെങ്കിലും, അതിൽ ഇപ്പോഴും ഉടമസ്ഥാവകാശമുള്ള സോഫ്റ്റ്‌വെയറുകൾ ആവശ്യമായി വരുന്നു എന്നതും അവിടെ യൂണികോഡുപയോഗത്തിൽ പരിമിതികളുണ്ടാകുന്നതും നിരന്തരപരിഷ്ക്കരണത്തിൽ വെല്ലുവിളികൾ വരുന്നതുമൊക്കെ ആത്യന്തികമായി നാം വിഭാവനം ചെയ്യുന്ന ഭാഷാകമ്പ്യൂട്ടിങ് പ്രയോഗത്തിനു പ്രതികൂലമാകുന്നുണ്ട്. ഇത് സാങ്കേതികാടിസ്ഥാനത്തിൽത്തന്നെ ബൃഹത്തായ പരിശോധനയും പരിഷ്ക്കരണവും ആവശ്യപ്പെടുന്നതാണ്.

ഐടി മിഷന്റെ നേതൃത്വത്തിൽ 2008ൽ വിപുലമായ മലയാളം കമ്പ്യൂട്ടിങ് ബോധവൽക്കരണ പരിശീലന പരിപാടികൾ ആരംഭിച്ചിരുന്നെങ്കിലും അതു പാതിവഴിയിൽ ഉപേക്ഷിച്ച മട്ടാണ്.

കമ്പ്യൂട്ടേഷണൽ ലിംഗ്വസ്റ്റിക്സ് ടൂളുകൾ, മൊബൈൽ കമ്പ്യൂട്ടിങ് ടൂളുകൾ, ഫോണ്ടുകളും ടൈപ്ഫേസുകളും, ടെക്നിക്കൽ സ്റ്റാൻഡേർഡ്സ്, ലൈസൻസ് വ്യവസ്ഥകൾ, ഇന്റർനെറ്റ് പ്രോട്ടോക്കോൾ, ഭിന്നശേഷിയുള്ളവർക്കായുള്ള പ്രത്യേക ടൂളുകൾ എന്നിങ്ങനെ സമഗ്രഗവേഷണം ആവശ്യപ്പെടുന്ന നിരവധി മേഖലകളുണ്ട്. ഈ രംഗത്തെ ഗവേഷണവികസന പ്രവർത്തനങ്ങൾ ക്രോഡീകരിക്കാൻ തികച്ചും കേന്ദ്രീകൃതമായ സംവിധാനങ്ങളോ സ്ഥാപനങ്ങളോ ഫലപ്രദമാകുമോ എന്നു സംശയമാണ്. എന്നാൽ ഫലപ്രദമായ ശൃഖലാവൽക്കരണത്തിലൂടെ ഏറെക്കുറെ വികേന്ദ്രീകൃതമായിത്തന്നെ ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാം, കൃത്യമായ നയവും അതു നടപ്പാക്കാനുള്ള ഇച്ഛാശക്തിയും വേണം എന്നുമാത്രം.

ദുബായ് ഡ്രൈവിംഗ് ലൈസൻസിനായുള്ള എഴുത്തുപരീക്ഷയിൽ പോലും മലയാളം ഉൾപ്പെടുത്തുമ്പോഴാണ് കേരളസർക്കാരിന്റെ ഔദ്യോഗികവെബ്സൈറ്റിൽ വിവരങ്ങൾ മലയാളത്തിൽ പൂർണമായും ലഭ്യമാക്കാതിരിക്കുന്നത്! എസ്.എസ്.എൽ.സി. പരീക്ഷാസർട്ടിഫിക്കറ്റിൽ കുട്ടിയുടെ പേര് മലയാളത്തിലെഴുതിയത് (സാങ്കേതികബുദ്ധിമുട്ടു നേരിട്ടതിനാൽ?) ഒഴിവാക്കി ഇംഗ്ലിഷിൽ മാത്രമാക്കിയ അവസ്ഥയും റേഷൻ കാർഡും ആധാർ കാർഡുമൊക്കെ ഉൾപ്പെടുന്ന ഐഡി കാർഡുകളിൽ മലയാളം പതിവായി തെറ്റായി പ്രത്യക്ഷപ്പെടുതും നാം കണ്ടുകഴിഞ്ഞു. ചില അക്ഷരങ്ങൾക്കു പകരം സമാനരൂപമുള്ള ചിഹ്നങ്ങൾ (ഉദാ: 'ൻ'നു പകരം മലയാളം അക്കം ഒൻപത്, പൂജ്യത്തിനു പകരം ഠ, 'ഠ'യ്ക്കു പകരം പൂജ്യം, റകാരച്ചിഹ്നത്തിനനു പകരം ബ്രായ്ക്കറ്റ്) ടൈപ്പു ചെയ്തുവയ്ക്കുന്ന ഇത്തരം വിവരസഞ്ചയങ്ങളിൽനിന്നു വിവരങ്ങൾ സേർച്ചുചെയ്തു കണ്ടെത്താൻ കഴിയില്ല. അതായത്, ഒരുവശത്തു കൃത്യമായി ഭാഷാസാങ്കേതിക സംവിധാനങ്ങളുടെ സമ്പർക്കമുഖം ശക്തിപ്പെടുത്തുകയും ലഭ്യത വർദ്ധിപ്പിക്കുകയും ആയാസരഹിതമായ ഉപയോഗത്തിന് അവസരം നൽകുകയും ചെയ്യുമ്പോൾ പിന്നാമ്പുറത്തു ശക്തമായ ഗവേഷണവികസന പ്രവർത്തനങ്ങൾ കൃത്യമായ ഏകീകരണത്തോടെ അണിയിച്ചൊരുക്കാനും നമുക്കു കഴിയണം.

### വിദ്യാഭ്യാസമേഖലയിൽ

വിദ്യാഭ്യാസരംഗത്തു ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന സാങ്കേതികവിദ്യയായി ഭാഷാസാങ്കേതികവിദ്യ മാറിയിരിക്കുന്നു. വിവരശേഖരണം, ക്രോഡീകരണം, ക്രമീകരണം, പ്രദർശനം, വിതരണം തുടങ്ങിയവയിലെല്ലാം സാങ്കേതികവിദ്യയ്ക്കു നിർണായകപങ്കു വഹിക്കാനാകും. മലയാളഭാഷാകമ്പ്യൂട്ടിങ് രംഗത്ത് തുടങ്ങി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതും തുടർന്നുകൊണ്ടിരിക്കുതുമായ പല പ്രശ്നങ്ങൾക്കും കൃത്യമായ ദിശാബോധം നൽകേണ്ടതുണ്ട്.

വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്ത്വത്തിൽ നടപ്പാക്കിയ ഐടി@സ്കൂൾ പദ്ധതി വഴി ഉണ്ടായ ഏറ്റവും വലിയൊരു നേട്ടം സൈബർ സ്പേസിൽ മലയാളം ആഹ്ലാദത്തോടെ ഉപയോഗിക്കാൻ നമ്മുടെ കുട്ടികളെ പര്യാപ്തമാക്കി എന്നതാണ്. ഇതിന്റെ ഭാഗമായി നടപ്പാക്കിയതും വ്യാപകമായ സ്വീകാര്യത നേടിയതുമായ 'സ്കൂൾ വിക്കി', 'പ്രാദേശിക പത്രം', 'നാടോടി വിജ്ഞാനകോശം', 'എന്റെ നാട്' തുടങ്ങിയ ഭാഷാപ്രോജക്ടുകളെയെല്ലാം കൊല്ലാക്കൊല ചെയ്യുകയാണ് ഇപ്പോഴത്തെ യു.ഡി.എഫ് സർക്കാർ ചെയ്തത്.

കേവലസിദ്ധാന്തങ്ങൾക്കും ശാഠ്യങ്ങൾക്കും അപ്പുറം കുട്ടികളെ അവർക്കിഷ്ടമുള്ള ഡിജിറ്റൽ വിഭവങ്ങ

ളിലൂടെ കുറേ കാര്യവും നമ്മുടെ തനിമയും സംസ്കാരവുമെല്ലാം പരിചയപ്പെടുത്താനുള്ള ശ്രമങ്ങളാണു വേണ്ടത്. സ്കൂൾ സബ് ജില്ലാ ജില്ലാ സംസ്ഥാന ഐടി മേളകളിൽ 'മലയാളം കമ്പ്യൂട്ടിങ്' ഒരു മത്സരയിനമാക്കിയതിനാൽ ഇംഗ്ളീഷ് മീഡിയം പഠിക്കുന്ന കുട്ടികളുൾപ്പെടെ താല്പര്യപൂർവം അവയിൽ പങ്കെടുത്തുവരുന്നുണ്ട്.

പഠനമേഖലയിൽ ഏറ്റവും ആവശ്യമായിവരുന്ന നിഘണ്ടു, വിജ്ഞാനകോശം എന്നിവയിൽ മലയാളം ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട്. ഇവ സ്വതന്ത്രമായി ഉപയോഗിക്കാവുന്നവ ആണെങ്കിലേ സാങ്കേതികവിദ്യ എല്ലാവർക്കും ലഭ്യമാവൂ. സ്വതന്ത്രമായി ഉപയോഗിക്കാവുതും കൂട്ടിച്ചേർക്കാവുതുമായ വിക്കിപീഡിയ(ml.wikipedia.org)യും ഓളം (olam.in) ഡിക്ഷണറിയും നമുക്കുണ്ടെങ്കിലും ഉള്ളടക്കത്തിന്റെ കാര്യത്തിൽ ഇവ ഇനിയും കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിന്റെ വിവിധഘട്ടങ്ങളിൽ ഉപയോഗിക്കാവുന്നതും കുട്ടികൾക്കു വളരെ നല്ല പഠനാനുഭവങ്ങൾ നൽകുതുമായ ധാരാളം സ്വതന്ത്രസോഫ്റ്റ്വെയറുകൾ ലഭ്യമാണ്. (ഉദാ: ജികോംപ്രിസ്, ടക്സ് പെയിന്റ്, സ്റ്റെല്ലേറിയം, സ്ക്രാച്ച്, ടർട്ട്ൾ ആർട്ട്, കാൽസിയം, മാർബ്ൾ, ജിയോജിബ്ര). ഈ സോഫ്റ്റ്വെയറുകളിൽ ഭൂരിഭാഗത്തിലും മറ്റുഭാഷകളിലേക്കു ലോക്കലൈസ് ചെയ്യാനുള്ള സൗകര്യവും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ ഇത്തരം പല സോഫ്റ്റ്വെയറുകളുടെയും മലയാളവത്ക്കരണം ചെറിയ അളവിൽ നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. ഈ പ്രവർത്തനം നടത്തുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമയബന്ധിതമായി ഇതു പൂർത്തിയാക്കാനുള്ള പദ്ധതി തയ്യാറാക്കിയാൽ കുറേ നല്ല വിദ്യാഭ്യാസവിഭവങ്ങളുടെ ശേഖരം ഉണ്ടാക്കാം. വളരെയേറെ സമയവും മാനവശേഷിയും വേണം മലയാളം സ്പെൽചെക്കർ, നിഘണ്ടു മുതലായവ തയ്യാറാക്കാൻ. കേരളത്തിലെ സ്കൂൾവിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തിയാൽ കുറഞ്ഞ സമയംകൊണ്ട് നല്ല ഒരു നിഘണ്ടുവും സ്പെൽചെക്കറും തയ്യാറാക്കാം.

പ്രൈമറി ക്ലാസ്സുകളിലെ ഐസിടി പഠനം മേൽവസ്തുതകൾ മുന്നിൽക്കണ്ടായിരുന്നു. ഇവിടെയും ഊന്നൽ മാതൃഭാഷയ്ക്കായിരുന്നു എന്നതിനാൽ, പ്രൈമറിയിലെ ഐസിടി പഠനം ഒരു നടപടിക്രമവും പാലിക്കാതെ യുഡിഎഫ് സർക്കാർ നിറുത്തലാക്കിയപ്പോൾ അത് ഏറ്റവും മാരകമായി ബാധിച്ചത് ഭാഷാകമ്പ്യൂട്ടിങ്ങിനെക്കൂടി ആയിരുന്നു. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസിലെ കുട്ടികൾക്കു മലയാളം ടൈപ്പിങ് അവരുടെ പഠനത്തിന്റെ ഭാഗമായി അഭ്യസിക്കാനുള്ള അവസരം ഇപ്പോഴത്തെ സർക്കാർ പാടേ ഇല്ലാതാക്കി.

ഇത്തരം തെറ്റുകൾ മുഴുവൻ തിരുത്തുക പരമപ്രധാനമാണ്. മുൻ എൽഡിഎഫ് സർക്കാർ തുടങ്ങിവച്ച പരിപാടികൾ കാലികമായ മാറ്റങ്ങളോടെ മുന്നോട്ടു കൊണ്ടുപോകാനുള്ള ചുവടുവയ്പുകളും വേണം. ഇവയ്ക്കെല്ലാമൊപ്പം പുതിയ കർമ്മപരിപാടികളും. വിദ്യാഭ്യാസമേഖലയിൽ ഭാഷാസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ആവശ്യമുള്ള സങ്കേതങ്ങൾമാതൃകകൾവിഭവങ്ങൾ എല്ലാം നമ്മുടെ മുന്നിലുണ്ട്. പൂച്ചയ്ക്കാരു മണികെട്ടും എന്ന ചോദ്യത്തിന് ഉത്തരംകണ്ടു പ്രവർത്തിച്ചുതുടങ്ങിയാൽ മാത്രം മതി.

### ധനം കണ്ടെത്തലും ഉടമസ്ഥതയും

ഇതിനെല്ലാം ആരു പണം നൽകും? ഇക്കാലമത്രയും ഈ വഴിക്കുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സന്നദ്ധസംഘടനകളുണ്ട്. അവയ്ക്ക് ഇത്രവലിയ തോതിലേക്ക് ഈ പ്രവർത്തനങ്ങൾ കൊണ്ടുപോകാനുള്ള പാങ്ങില്ല; വിഭവങ്ങളില്ല. എന്നാൽ, കഴിവും മനസുമുണ്ട്. ആക്കൂട്ടർക്കു മതിയായ ധനപിന്തുണ നൽകാൻ കഴിയണം. സർക്കാർ ഇതിനൊക്കെ മതിയായത്ര പണം നീക്കിവയ്ക്കാനുള്ള സമയം വൈകിയിരിക്കുന്നു. വിവിധ സാംസ്ക്കാരികസ്ഥാപനങ്ങളും ഇതിനു പിന്തുണ നൽകണം.

സർക്കാർച്ചെലവിൽ പല കമ്പ്യൂട്ടിങ് ഉപാധികളും ഫോണ്ടുകളുമൊക്കെ വികസിപ്പിക്കാനുള്ള പരിശ്രമങ്ങൾ വർഷങ്ങളായി നടക്കുന്നു. ഇവ ശരിയായ ദിശയിലാണോ എന്ന് അടിയന്തരമായി വിലയിരുത്തി, റിസൾട്ടുണ്ടാക്കാത്തവയ്ക്കു പണം പാഴാക്കുന്നതു നിർത്തണം. ഉണ്ടാക്കൽ പോലെതന്നെ പ്രധാനമാണു പരിപാലനവും. അതും ഉറപ്പാക്കണം. പൊതുപ്പണംകൊണ്ടു നിർമ്മിക്കുന്ന ഉപയുക്തികൾ (ഫോണ്ട് അടക്കം എല്ലാം) സ്വതന്ത്രമായും സൗജന്യമായും ലഭ്യമാക്കണം. അവ പ്രൊപ്രൈറ്ററി ആക്കി മാറ്റി ആ സ്ഥാപനങ്ങൾ വിലയ്ക്കു വിറ്റു പണമുണ്ടാക്കുന്ന രീതിയും പണം മുടക്കിയ സ്ഥാപനത്തിന്റേതു മാത്രമായി കയ്യടക്കിവയ്ക്കുന്ന രീതിയും ഭാഷാക്കമ്പ്യൂട്ടിങ്ങിന്റെ വ്യാപനത്തെയും ജനകീയതയെയും പുരോഗതിയെയും തടയുന്നുണ്ട്. സമൂഹം നിർമ്മിക്കുന്ന ഇത്തരം ഉപാധികൾ എല്ലാം സ്വതന്ത്ര സോഫ്റ്റ്വെയറുകൾ ഉപയോഗിച്ചും സ്വതന്ത്ര ലൈസൻസിങ്ങിലും മാത്രമേ വികസിപ്പിക്കാവൂ എന്നും നിയമത്തിലൂടെ വ്യവസ്ഥ ചെയ്യണം. ഭാഷാക്കമ്പ്യൂട്ടിങ് പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്വെയറിൽ അധിഷ്ഠിതം ആക്കണം.

ഇതിലെല്ലാമുപരി, നമ്മുടെ പത്രമാധ്യമങ്ങളും പ്രസാധകരും ഈ രംഗത്തു മുതലിറക്കിയേ മതിയാകൂ. പത്രങ്ങളുടെ ഒറ്റപ്പെട്ട ഇടപെടലുകളല്ല, കൂട്ടായ, ഒരു കൺസോർഷ്യമോ മറ്റോ രൂപവത്ക്കരിച്ച് ആ നിലയിലുള്ള, പങ്കാളിത്തമാണ് അഭികാമ്യം. അതിന്റെ ഗുണം മാധ്യമസ്ഥാപനങ്ങൾക്ക് ഉണ്ടാകും എന്നതിൽ സംശയമില്ല. അത്തരം ഗുണഭോക്തൃപങ്കാളിത്തം ഉറപ്പാക്കാൻ സർക്കാർ നടപടിയെടുക്കണം.

ഇതൊരു സമ്പൂർണ്ണ അപഗ്രഥനമല്ല. ഇനിയുമുണ്ടു പ്രശ്നങ്ങൾ. അവയും ഉന്നയിച്ചു ചർച്ചചെയ്യേണ്ടതുണ്ട്.

## IV. നിർദ്ദേശങ്ങൾ

### ഭാഷയും ഭാഷാസാങ്കേതികവിദ്യയും

വ്യക്തമായ ഒരു ഭാസാവി നയം രൂപപ്പെടുത്തുകയും അത് കൃത്യമായി നടപ്പിലാക്കുകയും വേണം. ഭാഷയുടെ സ്വതന്ത്രസ്വഭാവത്തിന് അനുഗുണമായവ തന്നെ ആയിരിക്കണം അവയ്ക്കുപയോഗിക്കുന്ന സാങ്കേതികവിദ്യകളും. ഭാസാവിയുടെ വികസനത്തിൽ പൊതുസമൂഹത്തിന് ഇടപെടാൻ സാധിക്കണം; കൂടാതെ അവ സ്വതന്ത്രമായി പരിശീലിക്കാനും പരിപാലിക്കാനും പരിഷ്കരിക്കാനും സാധിക്കണം.

ബഹുമുഖവും വികേന്ദ്രീകൃതവുമായ സാങ്കേതികവിദ്യാവികസനത്തെയും ഗവേഷണത്തെയും പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനുമുള്ള ചട്ടക്കൂട് വികസിപ്പിക്കണം. അത് പരിപാലിക്കാനും, കാലികമായി പുതുക്കാനും സംവിധാനമുണ്ടാക്കണം. ഭാഷാസമൂഹത്തിൽനിന്നും വ്യവസായസംരംഭകരിൽനിന്നും സ്വാഭാവികമായും വരുന്ന ഭാസാവി സങ്കേതങ്ങൾ ഉൾക്കൊള്ളാൻ ഈ ചട്ടക്കൂടിന് സാധിക്കണം.

ഭാസാവിയുടെ പ്രയോഗം ഭാഷയുടെ സ്വഭാവവിശേഷങ്ങളും ഭാഷാശാസ്ത്രവും വ്യാകരണവും ഒക്കെയായി ബന്ധപ്പെട്ടതാണ്. അതിനാൽ, ഭാഷാമേഖലയിലെയും സാങ്കേതികവിദ്യാരംഗത്തെയും വിദഗ്ദ്ധരുടെ കൂട്ടായ പരിശ്രമമാണ് ഈ രംഗത്തു വേണ്ടത്. അത്തരത്തിലുള്ള ഒരു ഭാസാവി സമിതി രൂപവത്ക്കരിക്കണം. ഇവയിലൂടെ ഈ രംഗത്തെ മൊത്തം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കണം.

ഭാഷയുടെ സാങ്കേതികസംവിധാനങ്ങൾ സ്വതന്ത്രമായിരിക്കണം. അതിനാൽഭാഷയുടെ സാങ്കേതികവിദ്യാവികസനം സ്വതന്ത്രസോഫ്റ്റ്വെയറിലൂടെയാവണം. പൊതുമേഖലാസ്ഥാപനങ്ങൾ എറ്റെടുത്തിട്ടുള്ള ഭാസാവി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ശ്രമം വേണം. അവയുടെ സ്രോതസുകൾസ്വതന്ത്രോപയോഗ അനുമതിയോടെ പ്രസിദ്ധപ്പെടുത്തണം. കേവലം പ്രദർശനകാര്യങ്ങളായി മാത്രം അതിനെ കാണാതെ, അവയുടെ ഉപയോഗം ജനങ്ങളിലേക്കെത്തിക്കാനുള്ള പ്രായോഗികസമീപനംകൂടി വേണം.

ഭാസാവി ഉപകരണങ്ങളും സംവിധാനങ്ങളും സമൂഹത്തിൽ പ്രചരിപ്പിക്കുകയും ഉപയോഗത്തിനുള്ള പരിശീലനം നൽകുകയും വേണം. അവയെക്കുറിച്ചുള്ള അഭിപ്രായനിർദ്ദേശങ്ങൾ ശേഖരിക്കുകയും അവ പരിശോധിച്ച് ഉപയോഗപ്പെടുത്തുകയും വേണം. അവ പരിപാലിക്കാനും കാലികമായി പുതുക്കാനും ഫലപ്രദമായ സംവിധാനങ്ങളൊരുക്കണം. ജനങ്ങളിൽനിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് അതിനനുസരിച്ച മാറ്റങ്ങൾ വരുത്താനുള്ള സംവിധാനങ്ങളും വേണം.

സർക്കാർസംവിധാനങ്ങളോടൊപ്പം സ്വതന്ത്രകൂട്ടായ്മകളെയും പ്രാദേശിക സംരംഭകരെയും ഈ രംഗത്തെ പ്രയോക്താക്കളായി പരിഗണിക്കണം. ഒപ്പംതന്നെ ഇത്തരം കൂട്ടായ്മകളുടെ പാരസ്പര്യവും മെച്ചപ്പെടുത്തണം. അത്തരം യോജിച്ച പ്രവർത്തനങ്ങൾക്ക് വ്യക്തമായ രൂപരേഖയും പ്രായോഗികസമീപനവും രൂപപ്പെടുത്തണം. ഈ രംഗത്തു പ്രവർത്തിക്കുന്ന സാമൂഹികസംഘടനകളുടെ പ്രവർത്തനവും സംഭാവനകളും വിലയിരുത്തി അവരെ വിവിധ ചുമതലകൾ ഏൽപ്പിക്കുകയും നിർവഹണത്തിനുള്ള ധനസഹായം നൽകുകയും വേണം. മലയാളം ഭാഷാകമ്പ്യൂട്ടിങ്ങിനും ഡിജിറ്റൽ ഉള്ളടക്കനിർമ്മാണത്തിനുമുള്ള നയരൂപീകരണങ്ങൾക്കായി ഈ മേഖലയിൽ പ്രവൃത്തിപരിചയമുള്ളവരുടെ കൂട്ടായ്മകൾക്കും വ്യക്തികൾക്കും മുൻതൂക്കം നൽകികൊണ്ടുള്ള അഡ്വൈസറിഎക്സിക്യൂഷൻ പാനലുകൾ രൂപവത്ക്കരിക്കണം.

സർക്കാരിന്റെ നിലവിലുള്ളതും വരാൻപോകുന്നതുമായ എല്ലാ സോഫ്റ്റ്വെയറുകളെയും മലയാളഭാഷയോട് ഇണക്കമുള്ളതാക്കി ഉപഭോക്താവിനു നൽകുക. വിവിധ വകുപ്പുകളിൽ നടക്കുന്ന പദ്ധതികളുടെ ആവർത്തനം ഒഴിവാക്കി ഏകോപിപ്പിച്ചു പ്രവർത്തിപ്പിക്കണം. ഭാസാവി പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിങ് നിശ്ചിത കാലയളവിൽ നടത്തണം.

മലയാളം ലിപിസാക്ഷാൽക്കരണത്തിനായി വ്യത്യസ്ത ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിലെ സംവിധാനങ്ങൾ നിരന്തരമായി പരിപാലിക്കണം. അവയിൽ പരിഹരിക്കപ്പെടേണ്ടുന്ന ചില കാര്യങ്ങൾ ഇനിയുമുണ്ട്. അവയ്ക്ക് അക്ഷരസഞ്ചയങ്ങൾ, റെൻഡറിങ് ലൈബ്രറികൾ, തുടങ്ങി പലതലങ്ങളിലുള്ള പ്രതിവിധികളാണ് വേണ്ടത്. ഓരോ തലത്തിലേയും പ്രശ്നങ്ങൾക്ക് അതതുതലത്തിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പരിഹാരം കണ്ടെത്തണം.

പുതിയ അക്ഷരസഞ്ചയങ്ങൾ വികസിപ്പിക്കണം. നിലവിലുള്ളവ പരിപാലിക്കണം. കാലികമായി പുതുക്കണം. അവ സ്വതന്ത്രോപയോഗാനുമതിയോടെ വേണം വിതരണം ചെയ്യാൻ. സമർത്ഥരായ കാലിഗ്രാഫിക്കാരെയും ഫോണ്ടു നിർമ്മിക്കലിൽ വൈദഗ്ദ്ധ്യമുള്ളവരെയും ചുമതലപ്പെടുത്തണം. സ്ഥാപനങ്ങളിൽ കേന്ദ്രീകരിക്കാതെ ഇതു നടത്തണം. വികേന്ദ്രീകൃതമായി രൂപവൈവിദ്ധ്യമുള്ള ഫോണ്ടുകൾ ഉണ്ടാകാൻ ഇതാകും നല്ലത്.

ഉപയോഗയോഗ്യമായ യാന്ത്രികയെഴുത്ത്, വിവർത്തനം എന്നീ സംവിധാനങ്ങൾ മലയാളത്തിനുവേണ്ടി വികസിപ്പിക്കുന്നതിലുള്ള കാലതാമസം വലിയ ദോഷം ചെയുന്നുണ്ട്. പലതലങ്ങളിൽപാരസ്പര്യമില്ലാതെ നടക്കുന്ന ശ്രമങ്ങളെ ഏകോപിപ്പിച്ച് ഇവ പെട്ടന്നുതന്നെ യാഥാർത്ഥ്യമാക്കണം. സ്വതന്ത്ര ലൈസൻസിങ്ങിൽ മലയാളം ഒപ്റ്റിക്കൽ കാരക്ടർ റീഡർ, ടെക്സ്റ്റ് ടു സ്പീച്ച് എന്നിവ വികസിപ്പിച്ചു സംയോജിപ്പിക്കണം.

യൂണികോഡിന്റെ വ്യാപനത്തിലൂടെ മലയാളം സേർച്ചിങ്, സ്പെൽചെക്ക്, ഗ്രാമർ ചെക്ക് തുടങ്ങിയ സജ്ജമാക്കണം. ഇതിന് ഡിജിറ്റൽ നിഘണ്ടു സജ്ജമാക്കലും പങ്കാളിത്തത്തോടെ വിപുലപ്പെടുത്തലും മുന്തിയ പരിഗണന നൽകി നടപ്പാക്കണം. ഇതോടൊപ്പം

പരിഭാഷാ സോഫ്റ്റ്വെയറും വികസിപ്പിക്കണം. ഭാഷയുടെ ശബ്ദരൂപവും കൈയെഴുത്തും തിരിച്ചറിയുന്ന സാങ്കേതികവിദ്യയാണു മറ്റൊന്ന്. ഇവയ്ക്കെല്ലാമൊപ്പം ഭാഷയുടെ പ്രാദേശികരൂപങ്ങളുടെ പ്രോസസിംഗ് നിർവഹിക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയറുകളും ഉണ്ടാകണം.

### ഉള്ളടക്കവികസനം (ഡിജിറ്റലും അച്ചടിയും)

പല ഭാഷാസാങ്കേതികസംവിധാനങ്ങൾ രൂപപ്പെടുത്താനും വലിയ തോതിൽ മലയാളം ഉള്ളടക്കം ആവശ്യമാണ്. അതിനാൽഉള്ളടക്കനിർമ്മാണത്തിന് വളരെയേറെ ഊന്നൽ കൊടുക്കണം.

സർക്കാരിന്റെയും വ്യക്തികളുടെയും കൈവശം നിലനിൽക്കുന്ന പൊതുസഞ്ചയത്തിലെ വിപുലമായ രേഖകൾവേഗം ഡിജിറ്റൈസ് ചെയ്യണം. ഡിജിറ്റൈസേഷൻഏകീകൃതമായ മേൽനോട്ടത്തിൽ നടത്തണം. പൊതുസഞ്ചയത്തിലെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ സർക്കാർസംവിധാനത്തിന് കീഴിലുള്ള സാങ്കേതികോപകരണങ്ങൾ ലഭ്യമാക്കണം. സംസ്ഥാനവുമായി ബന്ധപ്പെട്ട വിവരശേഖരത്തിനായി സർക്കാരുടമസ്ഥതയിൽ നല്ല ശേഷിയുള്ള സെർവർ അത്യന്താപേക്ഷിതമാണ്.

സർക്കാരധീനതയിലുള്ള പ്രസിദ്ധീകരണങ്ങളും രേഖകളും സ്വതന്ത്രോപയോഗാനുമതിയോടെ പ്രസിദ്ധപ്പെടുത്തണം. അവ വിക്കിപീഡിയ പോലുള്ള സ്വതന്ത്ര വിജ്ഞാന സംരംഭങ്ങൾക്ക് ഏറെ സഹായകരമാകും. സർക്കാർ പ്രസിദ്ധീകരണങ്ങളെല്ലാം പകർപ്പുപേക്ഷ പ്രകാരം സ്വതന്ത്രാനുമതിയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഓപ്പൺ ആക്സസ് പ്രസാധനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കേരളത്തിൽ ഒരു ശ്രമവും ഇതുവരെ ഉണ്ടായിട്ടില്ല. ഗവേഷണങ്ങൾക്കു വലിയ പിന്തുണയാകുന്ന ഓപ്പൺ ആക്സസ് പ്രോത്സാഹിപ്പിക്കാൻ നയത്തിൽ പ്രത്യേക പരിഗണന ഉണ്ടാകണം.

മലയാള ഭാഷാവിഭവങ്ങളുടെ വിവരസംഭരണി ഏകീകരിക്കണം. സ്കൂൾവിക്കി പദ്ധതികൾ ശക്തിപ്പെടുത്തണം. കുട്ടികളെ മലയാളത്തിലുള്ള സ്വതന്ത്ര പ്രാദേശിക ഭൂപടനിർമ്മാണം പരിശീലിപ്പിക്കണം.

ഭാഷാസ്നേഹികളും ഭാഷാവിദഗ്ധരും സാങ്കേതികവിദഗ്ധരും പ്രസാധകരും മാധ്യമപ്രവർത്തകരും ഒരുമിച്ചിരുന്നു ചർച്ചചെയ്ത് മലയാളത്തെ ഒരു സമ്പൂർണ അച്ചടിഭാഷയായി വികസിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. വെബ്സൈറ്റ് മാതൃകയിലാണ് ഇന്നു പല മലയാളം സൈറ്റുകളും. അവയിൽനിന്ന് വ്യത്യസ്തമായ മലയാളമാതൃക ഇന്നും ആരംഭിച്ചിട്ടില്ല. ഇതിനു ശ്രമം വേണം. ഉപയോഗക്ഷമത തന്നെയായിരിക്കണം മാറുന്ന മലയാളവെബ്ലോകത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം. മൊബൈൽ ആപ്ലിക്കേഷൻ ഡവലപ്മെന്റ്, സോഷ്യൽ മീഡിയ, ഇന്റർനെറ്റ് ഓഫ് തിങ്ക്സ് (IoT) എന്നിങ്ങനെയുള്ളവ സമന്വയിപ്പിച്ചു കിട്ടുന്ന വിവരങ്ങളും മലയാളഭാഷയിൽത്തന്നെ ലഭ്യമാക്കണം. പ്രസിദ്ധീകരണത്തിനുള്ള സ്വതന്ത്ര സോഫ്റ്റ്വെയറുകൾ കാര്യക്ഷമമാക്കുന്നതിൽ ഇടപെടലുകൾ വേണ്ടിയിരിക്കുന്നു. മലയാളം (മറ്റ് ഇൻഡിക് ഭാഷകളും) ലേഔട്ട് ചെയ്യാൻ കഴിയുന്ന സ്വതന്ത്രപ്ലാറ്റ്ഫോമിലുള്ള ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കണം. പ്രസാധനരംഗത്തു സ്വതന്ത്രസോഫ്റ്റ്വെയറുകൾ ഉണ്ടായിട്ടും കുത്തക സോഫ്റ്റ്വെയറുകൾ വിട്ട് അതിലേയ്ക്കു വരാനുള്ള വിമുഖത മാറ്റാൻ ഇടപെടൽ വേണം.

ഗ്രാമീണവായനശാലകളെ ഇന്റർനെറ്റ് കണ്ക്ടിവിറ്റിയുള്ള ഗ്രാമീണ വിവരകേന്ദ്രങ്ങളാക്കി മാറ്റണം. വായനശാലകളെയും സംഘടനകളേയും കോർത്തിണക്കിയുള്ള ഡിജിറ്റൈസേഷൻ പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കണം. ഭാഷാ ഇൻസ്റ്റിട്യൂട്ട് പോലുള്ള സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ, ഐ.ടി അറ്റ് സ്കൂൾ പോലുള്ള സംവിധാനങ്ങളുടെ സഹായത്തോടെ കേരളത്തിലെ എല്ലാ ലൈബ്രറികളിലും സ്വകാര്യശേഖരങ്ങളിലുമുള്ള അച്ചടിച്ച വിവരങ്ങൾ മുഴുവൻ ഡിജിറ്റൽലോകത്തേക്ക് എത്തിക്കാനുള്ള പരിശ്രമം ഉണ്ടാകണം.

### ഭാഷാരംഗം

മലയാള സർവ്വകലാശാലയിൽ ഭാഷാസാങ്കേതികതയിൽ ഫാക്കൽറ്റിയെ നിയമിക്കണം. ഭാഷാമാനകീകരണത്തിന് വ്യക്തമായ കാഴ്ചപ്പാടും നയവും രൂപീകരിക്കണം. മാനനീകരണത്തിനായി ഭാഷാവിദഗ്ദ്ധരുടെയും സാങ്കേതികവിദഗ്ദ്ധരുടെയും പൊതുവായ ആശയവിനിമയവേദി ഉണ്ടാകേണ്ടതുണ്ട്. അത് തുടർസംവിധാനം ആകണം.

ഭാഷയ്ക്ക് ശൈലീപുസ്തകം വികസിപ്പിക്കാനും കാലികമായി പുതുക്കാനും ഭാഷാവിദഗ്ദ്ധർ ഉൾപ്പെട്ട ഒരു സമിതിയെ നിശ്ചയിക്കണം. പുതിയപദങ്ങൾക്കു മാനകരൂപങ്ങൾ അപ്പപ്പോൾ (അന്നന്നുതന്നെ) നിശ്ചയിക്കാൻ സ്ഥിരം സംവിധാനം ഓൺലൈനിൽ പ്രവർത്തിക്കണം. നിഘണ്ടു, ശൈലീപുസ്തകം തുടങ്ങിയവയിലെല്ലാം പദരൂപങ്ങൾക്ക് ഏകീകരണം ഉണ്ടായിരിക്കുകയും സ്പെൽ ചെക്കിൽ ഇതു മാനകരൂപമായി ഉൾച്ചേർക്കുകയും വേണം. പ്രാദേശികഭേദങ്ങളും പരമാവധി സമാഹരിച്ചു സ്പെൽ ചെക്കിൽ ഓപ്ഷനുകളായി നൽകാൻ കഴിയണം. മലയാളത്തിൽനിന്ന് ഇംഗ്ലിഷിലേക്കു മൊഴി മാറ്റാൻ സഹായിക്കുന്ന ഒരു നിഘണ്ടു വികസിപ്പിക്കണം. പര്യായങ്ങളും നാനാർത്ഥങ്ങളും വിപരീതവും എല്ലാം ഉൾച്ചേർത്ത ഒരു സമഗ്രപദകോശം (നിഘണ്ടു) ആണ് ഇതിനു വേണ്ടത്.

### വിദ്യാഭ്യാസരംഗം

പാഠപുസ്തകങ്ങൾ, റഫറൻസുകൾ എന്നിവയുടെ ഇലക്ട്രോണിക് പതിപ്പുകൾ ലഭ്യമാക്കണം. വിപുലമായ പങ്കാളിത്തസാദ്ധ്യതകൾ പരിഗണിച്ചു പാഠപുസ്തകങ്ങളും മറ്റു പഠന സാമഗ്രികളും ക്രിയേറ്റീവ് കോമൺ ഷെയർ എലൈക്ക് ലൈസൻസിൽ പ്രസിദ്ധീകരിക്കണം.

ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾ പരിഗണിച്ചു വിവരവിനിമയം, ആവിഷ്കാരം, വിശകലനം എന്നിവയ്ക്കു വേണ്ട സാങ്കേതികവിദ്യ വികസിപ്പിക്കുതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. പഠനപരിമിതി നേരിടു വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ മുൻനിർത്തിയുള്ള സമർപ്പിത സോഫ്റ്റ്വെയറുകൾ രൂപപ്പെടുത്തേണ്ടതുണ്ട്.

മലയാളം കമ്പ്യൂട്ടിംഗ് പഠനം പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം. ഭാഷാസാങ്കേതികവിദ്യാവികസനം ലക്ഷ്യമാക്കിയും ആ രംഗത്തേക്കു തിരിയാൻ പ്രേരണയാകുമാറും ഭാഷാസാങ്കേതികവിദ്യയുടെ പ്രാഥമികപാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക. ഐ.റ്റി.@ സ്കൂളിനെ ഭാസാവി നയവുമായും അത് ആവശ്യപ്പെടുന്ന സാഹചര്യങ്ങളിൽ ഭാസാവി സ്ഥാപനങ്ങളുമായും ബന്ധപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള ഏകോപനസംവിധാനം വേണം. ബന്ധപ്പെട്ട പാഠ്യപദ്ധതികളിൽ ഭാസാവി ഉൾപ്പെടുത്തണം. ഇതിനായി പാഠ്യപദ്ധതികൾ കാലോചിതമായി പിഷ്കരികരിക്കാനുള്ള സംവിധാനമൊരുക്കണം. കലാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭാഷാസാങ്കേതികവിദ്യാസംവിധാനങ്ങൾ വികസിപ്പിക്കാൻ സംവിധാനമൊരുക്കുകയും പ്രോത്സാഹനം നൽകുകയും വേണം. മെന്റർഷിപ്പ് പദ്ധതികൾ ഇതിനായി ആസൂത്രണം ചെയ്യണം.

## ഭരണരംഗം (ഇ, എം ഭരണം)

ഭാസാവിയുമായി ബന്ധമുള്ള എല്ലാ വകുപ്പുകളുടെയും ഈ രംഗത്തെ പ്രവർത്തനം ഏകോപിപ്പിക്കണം. ഒരേതരം വിവരസഞ്ചയം പല വകുപ്പുകളും സ്ഥാപനങ്ങളും തയ്യാറാക്കുന്ന അവസ്ഥ ഒഴിവാക്കണം. ആർക്കൈവിങ് പോലുള്ള പ്രവൃത്തികളിലെ എല്ലാ പ്രൊജക്റ്റുകളും അനുമതിക്കു മുമ്പുതന്നെ ഒരു കേന്ദ്രീകൃത സംവിധാനം പരിശോധിക്കാനും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകാനും കഴിയണം.

ഭരണഭാഷ മലയാളമാക്കുന്നതോടൊപ്പം ഭരണരംഗത്തെ കമ്പ്യൂട്ടർ പ്രവൃത്തികൾ മുഴുവൻ യൂണിക്കോഡ് അധിഷ്ഠിതം ആണെന്ന് ഉറപ്പാക്കണം. നിലവിൽ ആസ്കി രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്ന മുഴുവൻ വിവരശേഖരവും യൂണിക്കോഡിലേക്കു മാറ്റണം. തദ്ദേശഭരണവകുപ്പിലും മറ്റും ഇപ്പോഴും ആസ്കി ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവൃത്തികൾ അടിയന്തരമായി യൂണിക്കോഡധിഷ്ഠിതമാക്കണം.

ഐറ്റി രംഗത്തെ എല്ലാ പ്രവർത്തനങ്ങളിലും ഭാഷാസാങ്കേതികവിദ്യയുടെ അംശം എത്രമാത്രം ഉണ്ടെന്നു പരിശോധിച്ച് അക്കാര്യങ്ങളിൽ ഭാസാവി നയം പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കണം.

ഭാസാവി പ്രയുക്തികളും സങ്കേതങ്ങളും സർക്കാരുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരെ പരിശീലിപ്പിക്കണം. ഇത്തരം കാര്യങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം. അങ്ങനെ പരിശീലനം നേടിയ ഒരു തലമുറ കടന്നുവരുന്നതുവരെ ഈ പരിശീലനത്തിനു സ്ഥിരം സംവിധാനം വേണം. ഐ.എം.ജി. യിൽ ഇതു സജ്ജീകരിക്കാം. IIITMK പോലുള്ള സ്ഥാപനങ്ങളെ ഇതുമായി ബന്ധിപ്പിക്കണം.

മൊബൈൽ ഫോണിന്റെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ സ്വന്തം ഭാഷയിൽ മൊബൈൽ ഫോണിൽക്കൂടി ആശയവിനിമയം ചെയ്യുകയും ജനങ്ങൾക്ക് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട സർക്കാർസേവനങ്ങളുടെ വിവരങ്ങളും ആരോഗ്യനിർദ്ദേശങ്ങളും മുന്നറിയിപ്പുകളും അപായസൂചനകളും അപ്പപ്പോൾ മലയാളഭാഷയിൽതന്നെ നൽകുകയും ചെയ്യണം.

## അവലംബം


### അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ. കെ.പി. മോഹനൻ (2015): "ഭാഷയെക്കുറിച്ചുള്ള ചില ചിന്തകൾ '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 21
2. പി.പവിത്രൻ (2015): "മലയാളവും കേരളത്തിന്റെ വികസനവും -മലയാളം കേരളജനതയുടെ സാമൂഹ്യാവിഷ്കാരത്തിന്റെയും രാഷ്ട്രീയാധികാരത്തിന്റെയും പ്രതിനിധി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 22
3. പി. എം. ഗിരീഷ് (2015): "തമിഴ് നാട്ടിലെ മാതൃഭാഷാസംരക്ഷണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 26
4. അനിൽ. കെ. എം. (2015): "മലയാള ഗവേഷണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 30
5. ഡോ. വി.പി. മാർക്കോസ് (2015): "ഉന്നതവിദ്യാഭ്യാസവും ഭാഷാനയവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 31
6. സുഷമ എൽ (2015): "ബിരുദപഠനവും മാതൃഭാഷയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 33
7. ഡോ.പി.സുരേഷ് (2015): "മാതൃഭാഷാപഠനം ഹയർസെക്കന്ററി തലത്തിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 34
8. പ്രമോദ്കുമാർ ഇ (2015): "ഭാഷാപഠനം-സെക്കന്ററി തലം '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 35
9. സി.അരവിന്ദൻ (2015): ''മലയാള പഠനം- പ്രാഥമിക തലം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 35
10. സുരേഷ് പുത്തൻപറമ്പിൽ (2015): "മാതൃഭാഷാമാധ്യമ വിദ്യാഭ്യാസത്തിന്റെ പ്രസക്തി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 37
11. ജന്നത്തുന്നിസ ടി.പി.എൻ (2015): "മുസ്ലിം മതവിദ്യാഭ്യാസവും മാതൃഭാഷാപഠനവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 38

12. സജു കോച്ചേരി (2015): "മലയാളവും നവമാധ്യമങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 39
13. എം.ആർ.മഹേഷ് (2015): "മാതൃഭാഷയും തൊഴിൽ പരീക്ഷകളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 40
14. ഉണ്ണികൃഷ്ണൻ പി (2015): "ശാസ്ത്രം മലയാളത്തിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 41
15. സംഗീത എം.കെ, സ്മൃതി മോഹൻ ഇ., രമ്യ കെ.പി. (2015): "വിജ്ഞാനം മലയാളത്തിൽ: ഓർത്തിരിക്കേ പാഠങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 43
16. വിനീത. കെ (2015): "വിജ്ഞാനകൈരളി-മാറ്റം അഭികാമ്യമോ? '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 44
17. ദിവ്യ വി. (2015): "വിജ്ഞാനം മലയാളത്തിൽ: കാലിക്കറ്റ് സർവ്വകലാശാലയിലെ ഒരു നവീനാനുഭവം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 45
18. ശരണ്യ നെട്ടൂളിൽ (2015): "മലപ്പുറം ജില്ലയിലെ ഭരണഭാഷാനുഭവങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 46
19. സജ്ന ടി. (2015): "പാലക്കാട് ജില്ലയിലെ ഭാഷാ ന്യൂനപക്ഷങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 47
20. ശോഭിത ആർ (2015): "കുടകിലെ മലയാളികളും മലയാളവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 49
21. പ്രിയേഷ് എൻ. പി. (2015): "പുതിയ സാമ്പത്തിക വികസന മേഖലകളും മാതൃഭാഷയും '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 49
22. ഹേമ ജോസഫ് സി. (2015): "ഭരണവും കോടതിയും മലയാളവും '', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 50
23. മനോജ് കെ പുതിയവിള (2015): "മലയാളവും ഭാഷാസാങ്കേതികവിദ്യയും - ചർച്ചകൾക്കൊരു ആമുഖം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13
24. Satish Babu (2015): ''Malayalam Computing Technologies for the Government and Citizens'', 4th International Congress on Kerala Studies, Preliminary Seminar -13, PP- 52
25. ജയൻ വി, ഭദ്രൻ വി.കെ (2015): "മലയാളം കമ്പ്യൂട്ടിങ് എങ്ങനെ മുന്നോട്ടു പോകണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 13, PP- 53
26. ഡോ. ഷിബു ശ്രീധർ (2015): "മലയാളം അച്ചടിക്ക് ഒരു ഏകീകൃത ലിപിവ്യവസ്ഥ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 56
27. ഷാജി എ (2015): "മലയാളഭാഷയുടെ ഉപയോഗം ഐ.കെ.എം സോഫ്റ്റ് വെയറുകളിൽ - അനുഭവവും വെല്ലുവിളികളും സ്വതന്ത്രസോഫ്റ്റ് വെയർ സംവാദവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 57
28. എലിസബെത്ത് ഷെർളി (2015): "കേരളത്തിന് ഒരു ഭാഷാസാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 60
29. ബിജു എസ് ബി (2015): "ഭാഷാസാങ്കേതികവിദ്യയും സർക്കാരും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 60
30. ജയ്സെൻ നെടുമ്പാല (2015): "പഞ്ചായത്ത് കമ്പ്യൂട്ടർവത്ക്കരണവും ഭരണഭാഷയും - ചില ചിന്തകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 61
31. അശോകൻ ഞാറയ്ക്കൽ (2015): "വിദ്യാഭ്യാസവും ഭരണവും കോടതിയും മാതൃഭാഷയിലൂടെ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 64
32. എ.ഡി ജയൻ (2015): "സർക്കാർസേവനങ്ങളും വിവരലഭ്യതയും മലയാളത്തിലൂടെ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 65
33. ഡോ. പി.കെ തിലക് (2015): "ഭാഷാസാങ്കേതികവിദ്യയും വിദ്യാഭ്യാസാസൂത്രണവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 67
34. അബ്ദുൽ ഹകിം സി.പി (2015): "മലയാളം സാങ്കേതികവിദ്യയും പാഠ്യപദ്ധതികളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 68
35. രാജശ്രീ എം എസ് (2015): "ഉന്നതവിദ്യാഭ്യാസരംഗത്ത് മലയാളഭാഷാസാങ്കേതികത'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 69
36. ഹൃഷികേശ് കെ.ബി (2015): "വിദ്യാഭ്യാസരംഗത്ത് ഭാഷാകമ്പ്യൂട്ടിങ്ങിന് എന്തു ചെയ്യാൻ സാധിക്കും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 70
37. ഷിജു അലക്സ്, സുനിൽ വി.എസ് (2015): "മലയാളപൊതുസഞ്ചയരേഖകളുടെ ഡിജിറ്റൈസേഷൻ - തൽസ്ഥിതിയും സാദ്ധ്യതകളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 71
38. വി.കെ നിസാർ (2015): "മലയാളം കമ്പ്യൂട്ടിങ് സ്കൂൾതലത്തിലെ പ്രശ്നങ്ങളും പ്രതിവിധികളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP-
39. Dr. B. Ekbal (2015): ''Kerala Open Access Publication Initiative'', 4th International Congress on Kerala Studies, Preliminary Seminar -13, PP- 73
40. ജോസഫ് തോമസ് (2015): "ഉപയോഗമേഖലകൾ വിപുലപ്പെടുത്തുക, സ്വതന്ത്രമാക്കുക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 74
41. അഡ്വ. ടി.കെ സുജിത് (2015): "ഇ-മലയാളം വ്യാപനവും പകർപ്പുപേക്ഷയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 76
42. വിമൽ ജോസഫ് (2015): "ഡിജിറ്റൽ വിവരശേഖരണവും പ്രസിദ്ധീകരണവും - മൊബൈൽ, വെബ് സാങ്കേതികവിദ്യകളിലൂടെ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 78
43. ഡോ.ആർ. രാമൻ നായർ (2015): "മലയാളത്തിലെ വിവരവ്യവസ്ഥകൾ - ഒരു ചരിത്രാവലോകനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 79
44. ബാലശങ്കർ സി (2015): "ഡിജിറ്റൽലോകത്തെ ഭാഷാപോഷണത്തിനായുള്ള ശ്രമങ്ങൾ മലയാളപശ്ചാത്തലത്തിൽ ഒരുദാഹരണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP-
45. പി.എസ് രാജശേഖരൻ (2015): "അച്ചടി, പ്രസാധനം, മാധ്യമ മേഖലകളിൽ മലയാളം സാങ്കേതികവിദ്യാവ്യാപനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP-
46. ജോസഫ് ആന്റണി (2015): "ഓൺലൈൻ മലയാളം - ഇനി വേണ്ടത് പുനഃപ്രസിദ്ധീകരണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 80
47. കെ. എച്ച് ഹുസൈൻ (2015): "മലയാളം ടൈപ്പോഗ്രഫി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 83
48. പ്രശോഭ് ജി ശ്രീധർ (2015): "പ്രസാധന- മാദ്ധ്യമ രംഗത്തെ യൂണിക്കോഡ് വ്യാപനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP-
49. സിബു സി.ജെ (2015): "യൂണിക്കോഡൻ മലയാളം - ഇനി ഇന്നലെകളിലേയ്ക്ക്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 85

50. കെ.വി അനിൽ കുമാർ (2015): "ഇന്ത്യൻ ഭാഷാസാങ്കേതിക വിദ്യ- ഗവേഷണവും വികസനവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 87

51. സന്തോഷ് തോട്ടിങ്ങൽ (2015): "മലയാളഭാഷാസാങ്കേതികവിദ്യയ്ക്കു ശക്തവും നവീനവുമായ അടിത്തറ - ചില മാർഗ്ഗനിർദേശങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 89

52. C.V. Jawahar (2015): ''Towards a Roadmap for Malayalam Computing'', 4th International Congress on Kerala Studies, Preliminary Seminar -13, PP- 91

53. Dr. Babu Anto P., Anjali M.K. and Ajusha P V (2015): ''Natural Language Processing in Malayalam: Challenges, Issues and Suggestions'', 4th International Congress on Kerala Studies, Preliminary Seminar -13, PP- 94

54. Deepa P. Gopinath (2015): ''Towards an integrated approach in language and speech technologies'', 4th International Congress on Kerala Studies, Preliminary Seminar -13, PP- 96

55. സത്യശീലൻ (2015): "മലയാളഭാഷയും ഏക്സസബിലിറ്റിയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 98

56. കൃഷ്ണദാസ് (2015): "സംരംഭകത്വസാദ്ധ്യതകൾ ആരായണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 13, PP-

57. സോമനാഥൻ പി (2015): "ഭാഷാസൂത്രണവും മലയാളം കമ്പ്യൂട്ടിങ്ങും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 100

58. ശ്രീനാഥൻ (2015): "മലയാളഭാഷാസാങ്കേതികകതാനയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 104

59. പി. എം. ഗിരീഷ് (2015): "ലെക്സിക്കൻ ക്രിയേറ്ററും മലയാള ഭാഷയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 106

60. പി. ശ്രീകുമാർ (2015): "മലയാളഭാഷാസാങ്കേതികവിദ്യാ മാനകീകരണം - തത്ത്വം, നയം, പ്രയോഗം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 110

61. രാജീവ് ആർ.ആർ (2015): "മലയാളഭാഷണവിഭാഗ മാനകീകരണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -13, PP- 112



അധ്യായം 26

# കായികരംഗം

**പ**ഞ്ചവത്സരപദ്ധതി പോലുള്ള വികസനറിപ്പോർട്ടുകളിൽ സാധാരണഗതിയിൽ കായികരംഗം ചർച്ച ചെയ്യപ്പെട്ടു കാണാറില്ല. കേരളവികസനത്തിനു വേണ്ടുന്ന തിരുത്തലുകളിലൊന്നാണിത്. ആരോഗ്യം സംബന്ധിച്ച അധ്യായത്തിൽ കണ്ടതുപോലെ കേരളത്തിന്റെ രോഗാതുരതയുടെ പ്രത്യേകത ജീവിതശൈലീ രോഗങ്ങളുടെ കടന്നുവരവാണ്. ഇതിനെതിരായ ഒരു പ്രധാന പ്രതിരോധം ചിട്ടയായ വ്യായാമമാണ്. ജനങ്ങളുടെ കായികക്ഷമതയ്ക്ക് പൊതു ആരോഗ്യനിലവാരത്തിൽ നിർണായക സ്വാധീനമുണ്ട്.

ലോകത്തിലാകമാനം തന്നെ സ്പോർട്സിന് രണ്ടു വഴികളുണ്ട്. ആസ്വാദനോപാധിയായ സ്പോർട്സും ജീവിതോപാധിയായ സ്പോർട്സും. ഇത്തരത്തിൽ സ്പോർട്സിനെ വ്യത്യസ്തവും പരസ്പരബന്ധിതവുമായ രണ്ടു ശാഖകളായി കണ്ട് ഇവ രണ്ടിനെയും വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. ഇവയിൽ ഒന്നിന്റെ മാത്രം വളർച്ചയും, പൂർണ്ണരൂപം കൈവരിക്കലും കായികരംഗത്തിന്റെ ഗുണകരമായ ഉയർച്ചയ്ക്ക് പ്രയോജനപ്പെടില്ല.

ലോകത്തിൽ പ്രചാരമുള്ള എല്ലാ കായിക ഇനങ്ങളും കേരളത്തിൽ തോതുകളുടെ വ്യത്യാസത്തിൽ പ്രചാരത്തിലുണ്ട്. കളികളുടെ ഉല്പന്നങ്ങളുടെ നല്ല വിപണിയുമാണ് കേരളം. കായിക സംഘാടനത്തിലോ, പഠനത്തിലോ, പരിശീലനത്തിലോ ശാസ്ത്രീയ അംശങ്ങൾ സ്വാംശീകരിച്ച് വിജയപഥങ്ങളിൽ എത്തുന്നതിൽ നാം പരാജയം തന്നെയാണിന്നും. സമാന്തരമായി പ്രവർത്തിക്കേണ്ടതും, നടപ്പിലാക്കേണ്ടതുമായ ജീവിതശൈലിയുടെ മാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന വെല്ലുവിളികളെ ചെറുക്കുന്നതിലും നാം പ്രാപ്തരായിട്ടില്ല.

ഇന്ത്യയുടെ കായികപ്രകടനങ്ങളിൽ ഒട്ടുമിക്കവക്കും ആധാരമായത് കേരളത്തിന്റെ താരങ്ങളാണ്. ഈ അവസ്ഥയ്ക്ക് ഇന്ന് മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ട പ്രതിഭകളെ വാർത്തെടുത്ത നമ്മുടെ കായികരംഗം ഇന്ന് ഇന്ത്യയിലെ ഒന്നാംസ്ഥാനത്തിനായി കടുത്ത മത്സരം നേരിടുന്നു. മറ്റു സംസ്ഥാനങ്ങൾ മെച്ചപ്പെട്ട് നമുക്കൊപ്പമെത്തുമ്പോൾ കേരളം മുന്നോട്ടു പോകാനാവാത്ത അവസ്ഥയിലാണ്. ഒട്ടേറെ ഘടകങ്ങൾ അനുകൂലമായി വന്നാൽ മാത്രമേ പ്രഫഷണൽ സ്പോർട്സിന് വളർച്ച സാധ്യമാവുകയുള്ളൂ. കേരളത്തിൽ പ്രഫഷണൽ സ്പോർട്സിന്റെ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന കാരണങ്ങൾ ഏറെയാണ്.

കേരളത്തിന്റെ കായികരംഗം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

### അടിസ്ഥാന സൗകര്യവികസനം

1. കായിക രംഗത്തെ വികാസത്തിന് ഏറ്റവും പ്രധാനപ്പെട്ടത് പശ്ചാത്തല സൗകര്യവികസനമാണ്. പശ്ചാത്തലസൗകര്യസൃഷ്ടിയിൽ ശ്രദ്ധേയമായ കാൽവെയ്പ്പ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ദേശീയ ഗെയിംസുമായി ബന്ധപ്പെടുത്തി കേരളത്തിലെ സ്ഥിരം സ്പോർട്സ് പശ്ചാത്തലസൗ

കര്യങ്ങൾ സൃഷ്ടിക്കാൻ അഞ്ഞൂറു കോടിയോളം രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം നൽകിയതാണ്. എന്നാൽ നിർഭാഗ്യവശാൽ ഇതിനുണ്ടാക്കിയ മാസ്റ്റർപ്ലാൻ ഭാഗീകമായിട്ടേ നടപ്പിലായുള്ളൂ. അന്തർദേശീയ സ്പോർട്സ് മത്സരങ്ങൾ നടത്താൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നാം സൃഷ്ടിക്കേണ്ടതാണ്. ഓരോ ജില്ലകളിലും പശ്ചാത്തല സൗകര്യം ഒരുക്കുന്നവിധം ഈ സംവിധാനം വികസിപ്പിക്കേണ്ടതുണ്ട്.

2. അന്താരാഷ്ട്ര നിലവാരത്തിലുള്ള രണ്ട് സിന്തറ്റിക് ട്രാക്കുകൾ കേരളത്തിലെ ഉത്തര ദക്ഷിണ മേഖലകളിലായി സജ്ജീകരിക്കണം. ഇവയോട് ചേർന്ന് 100 പേർക്കുള്ള താമസ സൗകര്യവും മൾട്ടി ജിംനേഷ്യം, ജിംനാസ്റ്റിക് പരിശീലന ഹാൾ, ഇൻഡോർ സ്റ്റേഡിയം (എല്ലാ കായിക ഇനത്തിലുമുള്ള ക്വാർട്ടുകൾ ഉൾക്കൊള്ളിച്ചത്), പരിശീലനത്തിനായി ഒരു മൺട്രാക്കും വിവിധ കായിക ഇനങ്ങളുടെ ക്വാർട്ടുകളും ഒക്കെ കൂടി ചേർന്ന് ഒരു സ്പോർട്സ് കോപ്ലക്സ് ഉണ്ടായിരിക്കണം. ഇവ അവശ സൗകര്യങ്ങൾ ലഭ്യമായ നഗരങ്ങളോട് ചേർന്ന ഗ്രാമപ്രദേശങ്ങളിലുമാവാം.

3. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പരിശീലനം ചെയ്യുവാൻ യോഗ്യമായ ഒരു 200/400 മീറ്റർ ട്രാക്കിനും അനുബന്ധമായ മൈതാനവും ഉറപ്പുവരുത്തേണ്ടതുണ്ട്. കളിക്കളത്തിനും പരിശീലനക്കളരിക്കും ഉതകുന്ന തുറസ്സായ സ്ഥലം കണ്ടെത്തി പഞ്ചായത്ത് പരസ്യപ്പെടുത്തണം. കളിക്കളങ്ങളെ ഇല്ലാതാക്കിയുള്ള വികസനപ്രക്രിയകൾ സംരക്ഷിക്കുന്ന നിയമത്തിന്റെ ആനുകൂല്യം (കേരള പാർക്ക്, പ്ലേഫീൽഡ് ആന്റ് ഓപ്പൺ സ്പെയ്സസ് പ്രിസർവേഷൻ ആന്റ് റഗുലേഷൻ ആക്ട് 1968) പ്രയോജനപ്പെടുത്തണം.

4. കേരളം സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ കായിക ഇനങ്ങൾക്കായി സ്പോർട്സ് ഹോസ്റ്റലുകൾ സ്കൂളുകളിലും കോളേജുകളിലുമായി നടത്തിവരുന്നുണ്ട്.ഇവയുടെ നടത്തിപ്പിനായി നൽകിവരുന്ന തുക വർദ്ധിപ്പിക്കുകയും സൗകര്യങ്ങൾ സായി സ്പോർട്സ് ഹോസ്റ്റലുകൾക്ക് സമാനമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഹോസ്റ്റലുകൾ നടത്തുന്ന മാനേജ്മെന്റുകളുടെ സഹായത്തോടെ നൽകിവരുന്ന ദിവസത്തുകയ്ക്കു പുറമേ കായികതാരങ്ങൾക്കായി വർഷത്തിൽ ഒന്ന് എന്ന ക്രമത്തിൽ വ്യക്തിഗത സ്പോർട്സ് കിറ്റുകൾ വാങ്ങി നൽകണം. ഇതിനായുള്ള തുക മാറ്റിവെയ്ക്കണം. ഇതോടൊപ്പം തന്നെ സ്പോർട്സ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങിയിരിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് വാങ്ങി നൽകുവാനുള്ള നടപടികൾ സ്വീകരിക്കണം. സ്പോർട്സ് കൗൺസിൽ മുൻകൈ എടുത്ത് ഹോസ്റ്റലുകൾ, ഡേ ബോർഡിങ്ങ്, എലൈറ്റ് ട്രെയിനിങ്ങ് സെന്ററുകൾ എന്നിവയും നടത്തുന്നുണ്ട്. ഒളിമ്പിക് മെഡൽ എന്ന സ്വപ്നസാക്ഷാത്ക്കാരത്തിനായി ആരംഭിച്ച എലൈറ്റ് സെന്റർ എല്ലാ കായിക ഇനങ്ങൾക്കും അനുവദിച്ച് നൽകുന്ന പ്രക്രിയ ആശാസ്യമല്ല.

5. ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം എല്ലാവർക്കും ആരോഗ്യം എന്നതാണ്. അതുപോലെ എല്ലാവർക്കും വ്യായാമം എന്നതാവണം നമ്മുടെ ലക്ഷ്യം. ലക്ഷ്യസാക്ഷാത്ക്കാരത്തിനായി എല്ലാവർക്കും വ്യായാമത്തിനും അതിലൂടെ ആരോഗ്യം നിലനിർത്തുന്നതിനുമുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നാതണ് നാം ഉദ്ദേശിക്കുന്നത്. ആയതിലേക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മൈതാനവും ജിംനേഷ്യവും യോഗയ്ക്കാവശ്യമായ ഹാളുകളും സജ്ജീകരിക്കുവാനാകണം. മൈതാനം പ്രായം ചെന്നവർക്ക് നടക്കുവാനും അത്യാവശ്യം വ്യായാമം ചെയ്യുവാനും വൈകുന്നേരങ്ങളിൽ കളികൾ ആസ്വദിക്കുവാനും, ജീംനേഷ്യം, ശരീരം ആരോഗ്യകരമായി നിലനിർത്തുന്നതിനാവശ്യമായ വ്യായാമ പ്രക്രിയകളിൽ ഏർപ്പെടാനും പരിശീലനഹാൾ, യോഗാ പരിശീലനം നടത്തുന്നതിനും ആയി ഉപയോഗിക്കുവാനും പ്രാപ്തമാക്കണം. ഇവയുടെ പരിസരം വൃത്തിയായും ശുചിത്വത്തോടെയും സൂക്ഷിക്കാൻ വേണ്ട നടപടികൾ കൈകൊള്ളണം.

## പരിശീലനം

6. കേരളത്തിൽ നിലനിൽക്കുന്ന പരിശീലനരീതിക്ക് ഏകീകൃതരൂപമില്ല. ഇത് ഏതു കായിക ഇനമായാലും പരിശീലകർ പഠിച്ചിറങ്ങിയ സമയത്ത് നിലനിന്നിരുന്ന പരിശീലനരീതിയും ശൈലിയുമാണ് ഓരോ പരിശീലകരും പിൻതുടരുന്നത്. മറ്റു രാജ്യങ്ങളിൽ പരിശീലകരുടെ നിലവാരം പരിശോധിക്കുകയും അതിനനുസരിച്ച് വിലയിരുത്തി ലെവൽ – ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നൽകുകയും ചെയ്യുന്ന സമ്പ്രദായം നിലവിലുണ്ട്. ഇതിനായി അവർക്ക് സ്പോർട്സിലെ പുതിയ മാറ്റങ്ങളും കണ്ടുപിടിത്തങ്ങളും ശൈലികളും പരിശീലനമുറകളും പ്രാപ്യമാക്കുന്ന വിധത്തിൽ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. നമ്മുടെ പരിശീലകർക്ക് ഇത്തരത്തിലുള്ള ഒരു തുടർച്ച അനിവാര്യമാണ്. കാരണം ഒരു കായിക ഇനത്തിന്റെ പ്രാഥമിക ചുവടുകളിൽപ്പോലും ഇന്ന് ശാസ്ത്രത്തിനനുസരിച്ച് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതൊക്കെ തന്നെ നമ്മുടെ പരിശീലകർക്കും അറിയാനായി എല്ലാ വർഷവും ഓഫ് സീസണിൽ പരിശീലകർക്കായി ഘട്ടം ഘട്ടമായി റഫ്രഷർ കോഴ്സുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇവ ആരംഭിക്കുന്നതിനായി സ്പോർട്സ് കൗൺസിലിനെ സഹായിക്കാനും പഠനപദ്ധതി തയ്യാറാക്കുവാനുമായി

വിദഗ്ധസമിതി രൂപീകരിക്കണം. ഇവരുടെ മേൽ നോട്ടത്തിൽ പദ്ധതിയുടെ ഭംഗിയായ നടത്തിപ്പ് ഉറപ്പുവരുത്തണം. ഇത്തരത്തിൽ പുതിയ അറിവു സമ്പാദിച്ച പരിശീലകരെ മാത്രമേ സ്പോർട്സ് ഹോസ്റ്റലുകളുടെയും സംസ്ഥാന ടീമുകളുടെയും പരിശീലകരായി നിയോഗിക്കാവൂ.

7. കായികരംഗത്തെ പ്രാഥമികപരിശീലനം സാർവ്വത്രികവും സൗജന്യവുമായിരിക്കണം. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഏതെങ്കിലും ഒരു കായിക ഇനത്തിന് ശക്തമായ വേരോട്ടമുണ്ടാവാം. ഈ വേരോട്ടത്തെ മുതലാക്കുന്ന എന്ന ഉദ്ദേശ്യത്തോടെയാവണം പദ്ധതികൾ ആവിഷ്കരിക്കാൻ. എല്ലാ പഞ്ചായത്തുകളിലും അവിടെ പ്രചാരമുള്ള കായിക ഇനത്തിനായി സ്ഥിരം പരിശീലനപദ്ധതികൾ ആരംഭിക്കണം. ഇതോടൊപ്പംതന്നെ അത്‌ലറ്റിക്സിന് ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒന്നെന്ന വിധം കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ പരിശീലനപദ്ധതി നടപ്പാക്കണം. ഇവിടെ പരിശീലനം നൽകുവാനായി പ്രദേശത്തെ കായികാധ്യാപകരെയോ കായികവിദ്യാഭ്യാസത്തിൽ ബിരുദം നേടിയരെയോ മുൻകാല കായികതാരങ്ങളെയോ ഉപയോഗിക്കാം. പരിശീലനം സാർവത്രികമാക്കുന്നതിനായി ആവശ്യമെങ്കിൽ ജില്ലയിലെ അത്‌ലറ്റിക് പരിശീലകരായി തിരഞ്ഞെടുത്ത എല്ലാവരെയും അതുപോലെതന്നെ ഓരോ കായിക ഇനത്തിലും പരിശീലകരാവാൻ തിരഞ്ഞെടുത്തവരെയും സംസ്ഥാന സ്പോർട്സ് കൗൺസിൽ നേരിട്ട് നടത്തുന്ന പരിശീലനപദ്ധതിയിലോ അല്ലെങ്കിൽ ടഅക നടത്തുന്ന ചകട സർട്ടിഫിക്കറ്റ് കോഴ്സിന്റെ പരിശീലനത്തിനോ വിധേയരാക്കണം. ഇതിനായുള്ള തുക ജില്ലാ പഞ്ചായത്ത് വകയിരുത്തണം. പരിശീലകരായി തിരഞ്ഞെടുക്കപ്പെടുന്നവർ കുറഞ്ഞത് രണ്ടുവർഷമെങ്കിലും തങ്ങളുടെ സേവനം വാഗ്ദാനം ചെയ്യണം പരിശീലനം 4 ദിവസങ്ങളിൽ മതിയാകും. ആദ്യഘട്ടത്തിൽ ശനി, ഞായർ ദിവസങ്ങളിൽ രാവിലെയും മറ്റു രണ്ടു ദിവസങ്ങളിൽ വൈകുന്നേരവും

തിരഞ്ഞെടുക്കുന്നതാവും നല്ലത്. പരിശീലനത്തിനെത്തുന്ന കുട്ടികൾക്ക് ഒരു ഗ്ലാസ് പാലും ഒരു മുട്ടയും അല്ലെങ്കിൽ മറ്റെന്തെങ്കിലും പോഷകാഹാരം നൽകണം. പരിശീലകർക്ക് ചെറിയ തുക ഒണറേറിയമായി നൽകണം. ഇതിനാവശ്യമായ തുക അതാത് പഞ്ചായത്തുകളും വകയിരുത്തണം. പദ്ധതിക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഗ്രാമപഞ്ചായത്തും സ്പോർട്സ് കൗൺസിലുകളും എത്തിച്ചുനൽകണം.

8. സ്പോർട്സും അതിനോടു അനുബന്ധപ്പെട്ടു കിടക്കുന്ന ശാസ്ത്രശാഖകളും ദിനംപ്രതി വളർച്ച നേടിക്കൊണ്ടിരിക്കുന്നു. നൂറുമീറ്റർ ഓട്ടത്തിന് എയർ റെസിസ്റ്റൻസ് പരമാവധി ഒഴിവാക്കാനാവുന്ന വേഷമേതെന്നും അവ ധരിച്ചാൽ എത്ര നിമിഷത്തിന്റെ ആനുകൂല്യം ഓട്ടത്തിൽ ലഭിക്കുമെന്നുംവരെ എത്തിനിൽക്കുന്നു ഗവേഷണങ്ങൾ. നമുക്കിന്നും അനാട്ടമിയും സൈക്കോളജിയും കിനിസിയോളജിയും ബയോ മെക്കാനിക്സും ഒക്കെത്തന്നെ കായികവിദ്യാഭ്യാസത്തിലെ പാഠ്യവിഷയങ്ങൾ മാത്രം. ഇവയുടെ കൃത്യമായ ഉപയോഗമെന്തെന്ന് ഒട്ടനവധി അനുഭവ സാക്ഷ്യങ്ങളുണ്ടായിട്ടും ബോധ്യപ്പെട്ടിട്ടില്ല. നമുക്ക് സ്പോർട്സും കായികവിദ്യാഭ്യാസവും രണ്ടും രണ്ടുതന്നെ. ഈ അവസ്ഥ മാറണം. സ്പോർട്സിനോട് ചേർന്നു കിടക്കുന്ന ശാസ്ത്രശാഖകളിലെ കണ്ടുപിടിത്തങ്ങൾ നാം ഫലപ്രദമാംവിധം ഉപയോഗിക്കണം. കൽക്കട്ടയിലെയും പട്യാലയിലെയും ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഇതിനായി താൽപര്യമുള്ള പരിശീലകരേയും കായികാധ്യാപകരെയും അയയ്ക്കുകയും സേവനം ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് അനിവാര്യതയാകുന്നു.

9. ശരീരത്തിന്റെ കൃത്യമായ പാകപ്പെടുത്തലാണ് പരീശീലനത്തിലൂടെ ലക്ഷ്യം വെക്കുന്നത്. കായികതാരങ്ങൾ പരിശീലനത്തിലും മത്സരങ്ങളിലും ഏർപ്പെടുമ്പോൾ പരിക്കുകളുണ്ടാവുന്നത് സ്വാഭാവികം മാത്രം. പരിക്കുകൾ പല കാരണങ്ങൾ കൊണ്ട് ഉണ്ടാവാം. മാനസികവും ശാരീരികവുമായവ. അവ മറ്റ് ശാരീരിക അസ്വാസ്ഥ്യങ്ങളിൽ നിന്ന് ഭിന്നമാണ്. അതുകൊണ്ടുതന്നെ അവയുടെ പരിചരണവും വ്യത്യസ്തമാണ്. അന്തർദേശീയനിലവാരത്തിൽ ഏറെ വിസ്തൃതമായ ശാസ്ത്രശാഖയാണ് സ്പോർട്സ് മെഡിസിൻ. ഈ രംഗത്ത് ശക്തമായ ഇടപെടൽ ആവശ്യമായിട്ടുണ്ട്. ഈ അവസ്ഥ കണ്ടുകൊണ്ടാണ് ഇടതു ഗവൺമെന്റ് അതായത് ആരോഗ്യ വകുപ്പുമായി കൂടിയാലോചിച്ച് മെഡിക്കൽ കോളേജുകളിൽ സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിച്ചിരുന്നു. ക്രമേണ ഈ വിഭാഗത്തിന്റെ സേവനം ജില്ലാ ആശുപത്രിയിലേക്ക് വ്യാപിപ്പിക്കേണ്ടതായുണ്ട് എന്നാൽ ഒന്നും നടന്നിട്ടില്ല. മെഡിക്കൽ കോളേജിൽ ആരംഭിക്കുന്ന വിഭാഗത്തിൽ പൾസ്ഡ് മാഗ്നറ്റിക് തെറാപ്പിയും സ്പോർട്സ് ഫിസിയോതെറാപ്പിയും ചെയ്യുവാൻ ആവശ്യമായ സൗകര്യങ്ങളും ഒരുക്കണം. അതിനോടൊപ്പം തന്നെ താൽപര്യമുള്ള ഡോക്ടർമാരെ (സ്പോർട്സ് ക്വാട്ടയിൽ മെഡിസിനു പ്രവേശനം നേടിയവരെങ്കിൽ കൂടുതലുചിതം) ചുരുങ്ങിയപക്ഷം കൽക്കട്ടയിൽ അയച്ച് ഡിപ്ലോമാ പരിശീലനമെങ്കിലും നേടാൻ സ്പോർട്സ് കൗൺസിൽ നടപടിയെടുക്കണം.

10. ഇന്ത്യൻ കായികരംഗത്തെ നയിക്കുന്നവർക്ക് ഇന്നും കായിക മനഃശാസ്ത്ര (Sports Psychology) ത്തിന്റെ പ്രസക്തിയെക്കുറിച്ച് വേണ്ടത്ര തിരിച്ചറിവുണ്ടായിട്ടില്ല. കായികരംഗത്തെ ഏതൊരു നേട്ടത്തിനും മാനസികമായ തയ്യാറെടുപ്പുകൾ ഏറെ പ്രധാനമാണ്. കായിക മനഃശാസ്ത്രം (Sports Psychology) അതിന്റെ മേഖലകൾ വളരെ വലുതാക്കിക്കഴിഞ്ഞിരി

ക്കുന്നു. ഇന്ത്യൻ കായികതാരങ്ങളിൽ മത്സരഭയം താരതമ്യേന കൂടുതലായി കാണാം. ഇത് തരണം ചെയ്യണമെങ്കിൽ മത്സരഭയം, ആകാംക്ഷ, നിരാശ, അപകർഷതാബോധം എന്നിവ ഇല്ലാതാക്കണം. അതിന് ഉതകുന്ന ഇടപെടൽ ഉണ്ടാവണം.

11. കായികരംഗവും കായികവിദ്യാഭ്യാസവും പേരു പോലെ ഇഴചേർന്നിരിക്കുന്ന മേഖലയാണ്. എന്നാൽ ഇന്ത്യയിൽ ഇവ തമ്മിൽ ഏറെ ബന്ധമൊന്നുമില്ല. ഇവയുടെ സംയോജനം അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ച്, വിജയങ്ങൾ കൈപ്പിടിയിലാക്കാനായി നാം നമ്മുടെ പാതവെട്ടി തുറക്കുകയാണെങ്കിൽ, ഗവേഷണങ്ങൾ ചിട്ടപ്പടിയിൽ നിന്നും വ്യത്യസ്തമാവണം. പുതിയ മാറ്റങ്ങൾക്ക് ചുവടുപിടിക്കാനാവുന്ന തരത്തിലേക്ക് അവ മാറേണ്ടിയിരിക്കുന്നു. കായിക വിദ്യാഭ്യാസം പ്രായോഗിക തലത്തിൽ എത്തിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെയ്പ്പുകൾ ഇടതുപക്ഷ ഗവൺമെന്റ് ചെയ്തിരുന്നു. എന്നാൽ, ഇവയ്ക്കൊന്നും അനിവാര്യമായിരുന്ന അനന്തര നടപടികൾ സ്വീകരിക്കുന്നതിന് പിന്നീട് അധികാരത്തിൽ വന്നവർ ശ്രദ്ധ ചെലുത്തിയില്ല.

12. 2007 – 11 സർക്കാർ കേരളത്തിൽ സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതി നടപ്പിലാക്കി. ഭീതിതമായ ഫലങ്ങളാണ് ഈ പഠനവുമായി ബന്ധപ്പെട്ട് പുറത്ത് വന്നത്. 10നും 15നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികളിൽ നടത്തിയ പരിശോധനയിൽ 15% കുട്ടികൾക്ക് മാത്രമേ ശരാശരി കായികക്ഷമത നിലവാരം ഉള്ളൂ എന്നതായിരുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരം കാണണമെങ്കിൽ സ്ക്കൂൾ തലത്തിലെ കായിക വിദ്യാഭ്യാസ പഠനത്തിന്റെ വ്യാപ്തിക്ക് വ്യത്യാസം വരുത്തേണ്ടിയിരിക്കുന്നു. നിലവിലെ അവസ്ഥയിൽ യു.പി സ്കൂളുകളിൽ വിദ്യാർത്ഥികൾക്കുള്ള എണ്ണത്തിനനുസൃതമായും ഹൈസ്ക്കൂളിൽ ഡിവഷനുകൾക്ക് അനുസൃതമായും ആണ് കായിക അധ്യാപകന്റെ തസ്തിക ഒരു സ്കൂളിൽ നിലവിൽ വരുന്നത്. ഈഅനുപാതം പാലിക്കപ്പെടുന്ന സ്കൂളുകൾ ഇന്ന് കുറഞ്ഞു കൊണ്ടിരിക്കുന്നു. ആകെയുള്ള ഹൈസ്ക്കൂളുകളിൽ 1/3 സ്കൂളുകളിൽ മാത്രമെ കായിക അദ്ധ്യാപകരുള്ളൂ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒരു തസ്തിക പോലും നിലവിലില്ല. കേരളത്തിലെ കുട്ടികൾക്ക് കായിക വിദ്യാഭ്യാസം സിദ്ധിക്കേണ്ടത് പ്രത്യേകം തയ്യാറാക്കിയ സിലബസ്സിലൂടെ ആവണമെന്ന കാഴ്ച്ചപ്പാട് അന്നു ഭരിച്ചിരുന്ന ഇടതു ഗവൺമെന്റ് മുന്നോട്ടു വയ്ക്കുകയും അതിന് അനുസൃതമായി വിദ്യാഭ്യാസ വകുപ്പും സ്പോർട്ട്സ് കൗൺസിലും ചേർന്ന് വിദഗ്ദ്ധരുടെ സമിതി കൂടുകയും, ആ സമിതിയുടെ നേതൃത്വത്തിൽ സിലബസ്സും അദ്ധ്യാപകർക്കായുള്ള കൈപ്പുസ്തകവും തയ്യാറാക്കി. ഇതിന്റെ ഒക്കെ ഭാഗമായി കായിക വിദ്യാഭ്യാസം കേരളത്തിന്റെ സ്കൂളുകളിലെ ഒരു പാഠ്യവിഷയമായി ഗവൺമെന്റ് ഉത്തരവും പുറപ്പെടുവിച്ചു. ഈ അവസ്ഥയിലാണ് കേരളത്തിലെ ഭരണമാറ്റം സംഭവിക്കുന്നത്. പിന്നീട് വന്ന ഗവൺമെന്റ് ഈ രംഗത്ത് ആകെ ചെയ്തത് അദ്ധ്യാപകർക്കായുള്ള പുസ്തകം അച്ചടിച്ചു നൽകുക മാത്രമാണ്. ഈ രംഗത്ത് ദ്രുതഗതിയിലുള്ള ഇടപെടലുകൾ ഉണ്ടായിട്ടില്ലെങ്കിൽ വരും തലമുറയുടെ ഭാവി ആശങ്കാജനകമായിരിക്കും.

13. കായികരംഗത്ത് വിജയം വരിക്കുന്ന രാജ്യങ്ങളെല്ലാം തന്നെ ജിംനാസ്റ്റിക്സിനെ ഒരു കായിക ജനം എന്നതിൽ കവിഞ്ഞ്, കായികതാരത്തിലേക്കുള്ള വളർച്ചയുടെ അടിത്തറയായി കാണുന്നു. അതുകൊണ്ടുതന്നെ കായിക താരങ്ങൾ മെച്ചപ്പെട്ട Ḷexibility, Co-ordination എന്നിവ പ്രകടിപ്പിക്കുന്നു. ജിംനാസ്റ്റിക്സ് സ്വായത്തമാക്കിയവർക്ക് എത്ര കഠിനമായ നീക്കങ്ങളും ചുവടുകളും സമർത്ഥമായി പിൻതുടരുവാനാവുന്നു. തീർച്ചയായും ജിംനാസ്റ്റിക്സ് നമ്മുടെ കായികതാരങ്ങൾക്കും കായികരംഗത്തിനാകമാനം തന്നെയും ചിരപരിചിതമാകേണ്ടിയിരിക്കുന്നു. ഇനി ആരംഭിക്കുന്ന പരിശീലന പരിപാടികളിലെങ്കിലും ജിംനാസ്റ്റിക്സിനെ ഉൾപ്പെടുത്തണം. അതിനായി ജിംനാസ്റ്റിക്സ് പരിശീലകരെയും താരങ്ങളെയും തലശ്ശേരിയിലെ ജിംനാസ്റ്റിക്സ് സെന്ററിന്റെ പരിമിതികൾ മറികടന്ന് ഉപയോഗിക്കണം.

### മത്സരങ്ങൾ

14. കേരള ജനതയുടെ കായിക സംസ്കാരത്തിന് ആധാരമായത് മത്സരവീക്ഷണമാണ്.

    കുഗ്രാമങ്ങളിലും നഗരങ്ങളിലും ഒരുപോലെ മത്സരങ്ങൾ നടത്തി വന്നിരുന്നു. കായികതാരങ്ങൾക്ക് മത്സരപരിചയവും കാണികൾക്ക് കായിക ഇനത്തെക്കുറിച്ച് കൂടുതൽ അറിവും മത്സരങ്ങളുടെ സംഘാടനം മൂലം ലഭിച്ചിരുന്നു. ഇന്ന് അത് ഇല്ലാതായി കൊണ്ടിരിക്കുകയാണ്. ഇത് തിരിച്ചു പിടിക്കണം. അന്താരാഷ്ടമത്സരങ്ങൾ മുതൽ ദേശീയ–പ്രാദേശിക മത്സരങ്ങൾ വരെ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാവണം. അതിനുള്ള നടപടികളാരംഭിക്കണം. നമ്മുടെ കായികതാരങ്ങൾക്ക് നിലവാരമുള്ള മത്സരങ്ങൾ ലഭ്യമല്ല എന്നത് പോരായ്മയായി നിലനിൽക്കുന്നു. പ്രഫഷണൽ മത്സരങ്ങൾ ലഭ്യമല്ല എന്നത് പോരായ്മയായി നിലനിൽക്കുന്നു. പ്രഫഷണൽ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും വീക്ഷിക്കുന്നതിനുമുള്ള അവസരങ്ങൾ വീണ്ടെടുക്കേണ്ടിയിരിക്കുന്നു. അസോസിയേഷനുകളുടെ പതിവുമത്സരങ്ങൾ മാത്രമല്ല നമുക്ക് ജയസാദ്ധ്യതയുള്ള കായിക ഇനങ്ങളിൽ നാഷണൽ ഗെയിംസിനു മുമ്പായി മത്സരങ്ങൾ ജനകീയപങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

15. കേരളത്തിൽ കോളേജ് താരങ്ങൾക്കായി കോളേജ് ഗെയിംസ് നടന്നുവരുന്നുണ്ട്. ഇതിൽ സർവ്വകലാ

ശാല ഇനത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ കലാലയങ്ങളായിരുന്നു പങ്കെടുത്തിരുന്നത്. ഇത് സ്പോർട്സ് കൗൺസിൽ നേരിട്ടാണ് നടത്തിയിരുന്നതും സമ്മാനത്തുക നൽകിയിരുന്നതും. എന്നാൽ ഇതിന് തുടർനടപടികൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. കേരളത്തിലെ നാല് സർവ്വകലാശാലകളെ പ്രതിനിധീകരിച്ച് മത്സരങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നാണ് നമ്മുടെ ഒട്ടുമിക്ക ദേശീയ-അന്തർദേശീയ താരങ്ങളും പ്രത്യക്ഷപ്പെട്ടത്. സർവ്വകലാശാലാ ടീമുകൾക്ക് തങ്ങളുടെ പ്രകടനവൈഭവം പ്രകടമാക്കുവാൻ കേരളത്തിനകത്ത് മതിയായ വേദികൾ ലഭ്യമാവാറില്ല. ഇവ പരിഹരിക്കുന്നതിനായി ക്ലബ്ബുകളും, ത്രിതല പഞ്ചായത്തുകളും ആയി സഹകരിച്ച് അന്തർസർവ്വകലാശാല മത്സരങ്ങൾക്കുശേഷം അത്ലറ്റിക്സും നീന്തൽ, വോളിബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ, ഷട്ടിൽ, ടി.ടി. ക്രിക്കറ്റ് എന്നിവയിൽ മത്സരം നടത്തണം. ഇതിൽനിന്ന് ഒരു സംയുക്ത സർവ്വകലാശാലാ ടീമിനെ തിരഞ്ഞെടുക്കുകയും അവരെ സംസ്ഥാന ലീഗ് ചാമ്പ്യൻഷിപ്പുകളിൽ ഒരു ടീമായി പങ്കെടുപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അത്ലറ്റിക്സിൽ ക്ലബ്ബുകളും സ്പോർട്സ് കൗൺസിലും നേരിട്ട് മത്സരങ്ങൾ സംഘടിപ്പിക്കുകയും പ്രതിഭകളായി വിലയിരുത്തപ്പെട്ടവരെ ദീർഘകാല പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

16. കേരളോത്സവം ഏറ്റവും അനുകരണീയമായ മാതൃകയാണ്. പക്ഷേ കേരളോത്സവങ്ങളിലൂടെ നടത്തുന്ന മത്സരങ്ങൾക്ക് തുടർനടപടികൾ ഉണ്ടായില്ല. എന്തെന്നാൽ ഗ്രാമീണ സ്പോർട്സിൽ നിന്ന് കണ്ടെടുത്ത പ്രതിഭകളെ മിനുക്കു പണിചെയ്ത് പ്രഫഷണലുകൾ ആക്കുവാനുള്ള പദ്ധതികൾ ഉണ്ടായില്ല. കേരളോത്സവവിജയികൾക്ക് പ്രോത്സാഹസമ്മാനം നൽകുന്നതോടെ അവയുടെ തുടർനടപടികൾ അവസാനിക്കുകയായിരുന്നു. ഇതിൽ നിന്ന് ഒരു പടികൂടി മുന്നോട്ടുപോയി ജില്ലയിൽ നടക്കുന്ന മത്സരങ്ങളുടെ വിജയികളാവുന്നവരെ ഉൾക്കൊള്ളിച്ച് പരിശീലനക്യാമ്പുകൾ ആരംഭിക്കണം. അതല്റ്റിക്സിൽ ഇത്തരത്തിലുള്ള ക്ലാസുകൾ അനിവാര്യമാണ്. ഇതിന് ജില്ലാ സ്പോർട്സ് കൗൺസിൽ മുൻകൈ എടുക്കണം. കൗൺസിൽ പരിശീലകനെ നിയോഗിക്കണം. അതോടൊപ്പം തന്നെ കേരളോത്സവങ്ങളിൽ നിന്നു തിരഞ്ഞെടുക്കുന്ന താരങ്ങൾക്ക് ഏപ്രിൽ-മെയ് മാസങ്ങളിൽ Promising Youngsters Camp സംഘടിപ്പിക്കണം. ഇവയും സമ്മർ കോച്ചിങ്ങ് ക്യാമ്പുകളുമായി കൂട്ടിക്കുഴയ്ക്കരുത്. സംസ്ഥാനതലമത്സരങ്ങളിൽ അത്ലറ്റ്ക്സിൽ വിജയികളാവുന്നവരിൽ നിന്ന് പ്രായം മുമ്പ് ലഭിച്ച ട്രെയിനിങ്, മെച്ചപ്പെടുവാനുള്ള സാധ്യത എന്നിവ കണക്കിലെടുത്ത് താരങ്ങളെ തിരഞ്ഞെടുത്ത്15 ദിവസമെങ്കിലും നീണ്ടുനിൽക്കുന്ന പരിശീലനക്യാമ്പ് നടത്തണം. ഇതിലും കായികതാരങ്ങൾക്ക് യൂണിഫോമും ഷൂസും താമസവും ഭക്ഷണവും സൗജന്യമായി നൽകണം. കേരളോത്സവമത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രായപരിധി ഏർപ്പെടുത്തണമെന്ന് നിർദ്ദേശവും പരിഗണിക്കണം.

### താരങ്ങൾക്കുളള പ്രോത്സാഹനം

17. കായികതാരങ്ങൾക്ക് വർഷത്തിൽ 100 പേർക്കോളം സംസ്ഥാന സർക്കാർ തൊഴിൽ നൽകുന്നുണ്ട്. എന്നാൽ ഇവ മിക്കപ്പോഴും 5 വർഷത്തേത് ഒരുമിച്ചാവും അപേക്ഷ ക്ഷണിക്കുക. ഇതുമൂലം സംഭവിക്കുന്നത് ആദ്യവർഷങ്ങളിൽ മികച്ച പ്രകടനങ്ങൾ നടത്തിയിട്ടുള്ള താരങ്ങൾ മിക്കപ്പോഴും അപേക്ഷാസമയം, മറ്റ് സംസ്ഥാന താരങ്ങളോ, മുൻതാരങ്ങളോ ആയി മാറിയിട്ടുണ്ടാവും. കഴിഞ്ഞ വർഷം തന്നെ ഉദാഹരണം. സർക്കാർ, തൊഴിൽ നൽകിയവരിൽ വിരമിച്ചവരും മറ്റു സംസ്ഥാനത്തിന്റെ താരങ്ങളുമാണ് അധികവും. ഇത് നമ്മുടെ കായികരംഗത്തിന് ഗുണകരമാവില്ല. അതാതു വർഷങ്ങളിൽ ഈ പ്രക്രിയ നടത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ താരങ്ങൾക്കും കായികരംഗത്തിനും പ്രയോജനമാകുംവിധം പ്രകടനങ്ങൾ നടത്താനാവൂ. ഇതിനു പുറമേ ഇത്തരത്തിൽ ജോലി ലഭിക്കുന്ന താരങ്ങൾക്ക് പരിശീലനത്തിനുള്ള സൗകര്യങ്ങളും നാം ഉറപ്പുവരുത്തണം. അതുപോലെ തന്നെ തൊഴിൽ നൽകുന്നതിന് Ratio System നടപ്പിലാക്കണം. അത്ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ എന്നീ ജനപ്രിയ കായിക ഇനങ്ങളിലെ താരങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഉറപ്പുവരുത്തണം. കായികതാരങ്ങൾക്ക് പരിശീലനാർത്ഥം ജോലിയിൽ ഇളവുകൾ അനുവദിക്കണം. ടീം ഇനങ്ങളിലെ കായികതാരങ്ങൾക്ക് ജോലി നൽകുന്നത് ടീമുകൾ നിലവിലുള്ള വകുപ്പുകളിലാവണം. അല്ലെങ്കിൽ ടീമിനാവശ്യമായ താരങ്ങളെ നിയമിക്കണം. മുൻവർഷങ്ങളിലെ താരങ്ങളെയും ടീമിലേക്ക് മടക്കി വിളിക്കണം. ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും ഇവരുടെ പ്രകടനം കായികരംഗത്ത് ഉറപ്പുവരുത്തണം. അല്ലെങ്കിൽ ടീമിനാവശ്യമായ താരങ്ങളെ നിയമിക്കണം. മുൻവർഷങ്ങളിലെ താരങ്ങളെയും ടീമിലേക്ക് മടക്കി വിളിക്കണം. ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും ഇവരുടെ പ്രകടനം കായികരംഗത്ത് ഉറപ്പുവരുത്തണം. കായികതാരങ്ങളിൽ ഇപ്പോഴും രംഗത്ത് തുടരുന്നവരുടെ പട്ടിക തയ്യാറാക്കുകയും വർഷാവർഷം പുതുക്കുകയും ഇവർക്കായി പരിശീലകരെ അനുവദിക്കുകയും ചെയ്യണം. ഇവരുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോവുന്നതിനും ഒരു മുൻ കായികതാരത്തെ ടീമുകൾ നിലവിലുള്ള ഓരോ വകുപ്പിലും Sports Officers ആയി നിയമിക്കണം.

18. കേരളം ഒരു കാലത്ത് ഇന്ത്യൻ കായികരംഗത്തെ നായകപദവി അലങ്കരിച്ചിരുന്നു. നമ്മളെ സഹായിച്ചത് കേരളത്തിലെ പൊതുമേഖലാ-സർക്കാർ സ്ഥാപനങ്ങളിലെ ടീമുകൾ ആണ്. ഇവ കേരള സംസ്കാരത്തിൽ കായിക രംഗത്തിന് അർഹമായ സ്ഥാനം നേടിത്തന്നു. കേരള പോലീസ്, ടൈറ്റാനിയം, കെ.എസ്.ഇ.ബി., പ്രീമിയർ ടയേഴ്സ്, ഫാക്ട്, ഷിപ്പ്യാർഡ് എന്നിങ്ങനെ കേരളത്തിൽ ത്തന്നെ ഒരു ദേശീയ താരനിരയുണ്ടായിരുന്നു. ഇവർ തമ്മിലുള്ള ആരോഗ്യകരമായ മത്സരം കേരളീയരുടെ കായികാഭിനിവേശത്തെ ഒട്ടൊന്നുമല്ല സ്വാധീനിച്ചത്. ഇന്ത്യയിൽ തന്നെ ഫെഡറേഷൻ കപ്പ് മൂന്ന് കായിക ഇനങ്ങളിൽ സ്വന്തമാക്കിയ കേരള പോലീസ് ടീം ഇന്ന് വിസ്മൃതിയുടെ കാണാക്കയങ്ങളിലാണ്. പോലീസ് കളിക്കാനുള്ളവരല്ല എന്ന ന്യായവാദമുയർത്തി ടീമുകളെ പിരിച്ചുവിടുകയായിരുന്നു. ടൈറ്റാനിയത്തിന്റെയും അവസ്ഥ ഇതുതന്നെ. കെ.എസ്.ഇ.ബി മാത്രം കൊടിയ അവഗണനയിലും പിടിച്ചുനിൽക്കുന്നു. ഈ ടീമുകളെ നമുക്ക് പുനരുജ്ജീവിപ്പിക്കണം. കേരള കായികരംഗത്ത് സങ്കൽപ്പിക്കാനാവാത്തത്ര മാറ്റം ഈ നീക്കം ഒന്നുകൊണ്ടുമാത്രം സാധ്യമാവും. പൊതുമേഖലാസ്ഥാപനങ്ങളോടൊപ്പം പ്രൈവറ്റ് സ്ഥാപനങ്ങളിലും ടീമുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർ ശ്രമിക്കണം. കേരളത്തിൽ ഒരു കായിക ഇനത്തിനും സ്വകാര്യ പ്രൊഫഷണൽ ടീമുകൾ നിലവിലില്ല. Football പോലുള്ള കളികളിൽ leage പ്രാതിനിധ്യം കേരളത്തിനില്ല. ഇത് കളിക്കാരുടെ അവസരത്തിനെ ബാധിക്കുന്നുണ്ട്.

19. കേരളത്തെയാകെ നടുക്കിയ അന്തർദേശീയ തുഴച്ചിൽതാരം കുമാരി ശോഭിനിയുടെ അനുഭവം ഇനി ഒരു കായികതാരത്തിനും ഉണ്ടായിക്കൂടാ. 1996, 2001 വർഷങ്ങളിൽ കായികതാരങ്ങൾക്കായി സംസ്ഥാന സ്പോർട്സ് കൗൺസിൽ ഏർപ്പെടുത്തിയ ഇൻഷുറൻസ് പരിരക്ഷ അതേപടി പുനസ്ഥാപിക്കുവാൻ തയ്യാറാവേണ്ടിരിയിരിക്കുന്നു.

## സ്പോർട്സ് സംഘാടനം

20. കേരളത്തിലെ ഗ്രാമങ്ങളിൽ ഒന്നുംതന്നെ കായികരംഗത്തെ ഏകോപിപ്പിച്ച് സുഗമമായ മുന്നേറ്റത്തിന് വഴിയൊരുക്കുന്ന സംഘടിതരൂപങ്ങളല്ല. ഇവയുടെ അഭാവം നിഴലിച്ച് കാണുന്നുണ്ടുതാനും. ഇതിന് പരിഹാരമെന്നോണം ജനകീയാസൂത്രണപദ്ധതിയുടെ നടത്തിപ്പുകാലഘട്ടത്തിൽ ചില പഞ്ചായത്തുകളിൽ പ്രവർത്തനമാരംഭിച്ച ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളെ മാതൃകയാക്കണം. ഇത്തരത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്ത്-മുൻസിപ്പൽ സ്പോർട്സ് കൗൺസിലുകൾ നിലയിൽ വരുകയും പ്രദേശത്തെ കായികാവശ്യങ്ങളും സാധ്യതകളും അറിഞ്ഞ് പ്രവർത്തനത്തെ വിപുലീകരിക്കുകയും വേണം. കൗൺസിലുകൾ അംഗീകൃതവും ക്രിയാത്മകപ്രവർത്തനങ്ങൾ നടത്തുന്നതുമായ ക്ലബ്ബുകളുടെ പ്രതിനിധികളെ ഉൾക്കൊള്ളിക്കണം. പ്രദേശത്തെ കായികവിദ്യാഭ്യാസം പൂർത്തിയാക്കിയവരുടെയോ കായിക അധ്യാപരുടെയോ സാന്നിദ്ധ്യം കൗൺസിൽ ഉറപ്പുവരുത്തണം. ഈ സമിതികളാവണം പ്രാദേശിക ഗ്രാമീണ സ്പോർട്സിന്റെ വിപുലീകരണത്തിന് നേതൃത്വം കൊടുക്കേണ്ടത്. ഇവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാവണം പരിശീലന-മത്സരപദ്ധതികളുടെ നടത്തിപ്പ്. ഇതിനായുള്ള ഒരു ശ്രമം 2007ലെ എൽഡിഎഫ് സർക്കാർ നടത്തിയിരുന്നു. പൂർണ്ണമായും വിജയിത്തിൽ എത്താനായില്ല.

21. ഇപ്പോൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ തുടർച്ചയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ജില്ലയുടെ പ്രതിനിധികൾ ഉണ്ടാവാറുണ്ട്. എന്നാൽ ജില്ലയ്ക്കു താഴേത്തട്ടിലേക്ക് വേരോട്ടമില്ല. ഇതിന് മാറ്റം വരണം. ഗ്രാമപഞ്ചായത്ത്-മുൻസിപ്പൽ സ്പോർട്സ് കൗൺസിലുകളിലെ പ്രതിനിധികൾകൂടി ഉൾപ്പെട്ടതാവണം. ജില്ലാ സ്പോർട്സ് കൗൺസിൽ, ഗ്രാമ-മുൻസിപ്പൽ സ്പോർട്സ് കൗൺസിലുകളുടെ ആകെ എണ്ണത്തിന്റെ 1/3, 1/4 എന്ന ക്രമത്തിൽ ഇത് നിശ്ചിതപ്പെടുത്തണം. ഇത്തരത്തിൽ വരുന്ന അംഗങ്ങൾക്കും ജില്ലാ സ്പോർട്സ് കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിൽ വോട്ടവകാശം നൽകണം. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ജില്ലാ കളക്ടർ ചെയർമാനായ സമിതിയാണ് ജില്ലാ സ്പോർട്സ് കൗൺസിൽ. ഇവ നാമം മാത്രമായ പ്രവർത്തനങ്ങൾ മാത്രമെ നടത്തുന്നുള്ളു. സംസ്ഥാന സ്പോർട്സ് കൗൺസിൽ അനുവദിക്കുന്ന തുച്ഛമായ തുക മാത്രമാണ് ഇവയുടെ പ്രവർത്തനമൂലധനം. ഇതു തന്നെ ലഭ്യമായിട്ട് 4 വർഷമായി. ജില്ലാ സ്പോർട്സ് കൗൺസിലുകൾ അതാത് ജില്ലാ പഞ്ചായത്ത് ഭരണസമിതികൾക്കു എല്ലാ വർഷവും കായികരംഗത്തെ പ്രവർത്തനങ്ങൾക്കായി അധികം തുക വകയിരുത്താനാവും എന്നതാണ് മാറ്റത്തിനാധാരം.

22. കേരള കായികരംഗത്ത് ഏറ്റവും സ്തുത്യഹർമായ പ്രവർത്തനം നടത്തിവന്നിരുന്നവരാണ് സ്പോർട്സ് ക്ലബുകൾ. എന്നാൽ അടുത്ത കാലത്തായി ഇവയുടെ പ്രവർത്തനം മന്ദഗതിയിലായി. ഇവയെ പുനരുജ്ജീവിപ്പിച്ച് കർമ്മപഥത്തിലെത്തിക്കേണ്ടത് അത്യാവശ്യമാണ്. സ്പോർട്സ് കൗൺസിലുകൾ അംഗീകൃതക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകാറുണ്ട്. ഒപ്പം സാമ്പത്തികസഹായവും. ഇതിന് പ്രതേയക മാനദണ്ഡങ്ങൾ ഇല്ല എന്നും ഇവ സ്വജനപക്ഷപാതത്തിന്റെ ഭാഗമായാണ് നൽകുന്നതെന്നും ആക്ഷേപം നിലനിൽക്കുന്നുണ്ട്. ക്ലബ്ബുകൾക്കുള്ള സഹായത്തിന് വെള്ളക്കടലാസിലെ

അപേക്ഷകൾ മാനദണ്ഡമാവരുത്. മറിച്ച് കഴിവിന നുസരിച്ചാവണം സഹായമെത്തിക്കാൻ. സംസ്ഥാ നതലത്തിൽ കേരളോത്സവങ്ങളാണ് ക്ലബ്ബുകളെ മുഴുവൻ പങ്കെടുപ്പിച്ചു നടത്തുന്ന ഏക മത്സരം. ഇതിൽ ഓരോ കായിക ഇനത്തിലേയും വിജയിക്ക് ക്യാഷ് അവാർഡ് പുറമേ ആവശ്യമുള്ള പശ്ചാത്തല സൗകര്യങ്ങൾ (കോർട്ട്, കായികോപകരണങ്ങൾ, പരിശീലനോപകരണങ്ങൾ) സ്വരൂക്കൂട്ടുന്നതിനായി തുക അനുവദിക്കണം. ജില്ലയിലെ വിജയികൾക്ക് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹായവും ഉണ്ടാവണം.

23. കായികരംഗത്ത് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയറക്ടറേറ്റ് എന്നീ രണ്ട് അധികാര കേന്ദ്രങ്ങളുണ്ട്. ഇതിന് പകരം സ്പോർട്സ് കൗൺസിലിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഈ സംവിധാനത്തെ മാറ്റി പണിയേണ്ടതുണ്ട്. ഇത് സംബന്ധിച്ച് വിശദമായ ചർച്ച നടക്കേണ്ടതുണ്ട്. നിലവിൽ സ്പോർട്സ് കൗൺസിലിന്റെ ജനാധിപത്യ സ്വഭാവത്തെ മറിക്കടക്കുന്നതിനായി ഗവ: ഓർഡിനൻസിലൂടെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സമിതിയുടെ രൂപകൽപ്പനയിലാണ്. ഇതു തിരുത്തിയേ തീരൂ. ജനാധിപത്യപരമായ പ്രവർത്തനം ഉറപ്പ് വരുത്തണം. കായിക രംഗത്തെ വിദ്യാർത്ഥികൾ ഉൾപ്പെടെ പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ടുള്ള ജനാധിപത്യ സംവിധാനം ഈ രംഗത്ത് കൊണ്ടുവരണം.

24. സ്പോർട്സ് കൗൺസിൽ നിരവധിയായ കായിക സംഘടനകൾ ചേർന്ന ഒരു

    സംഘടനാ കായിക സംഘടനകൾക്ക് മാത്രമെ സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകാറുള്ളൂ. അത്തരത്തിലുള്ള യോഗ്യതകൾ പരിശോധിക്കുന്നതിനായി മാനദണ്ഡങ്ങൾ നിലവിലുണ്ട്. എന്നാൽ ഇവയൊന്നും പാലിക്കാതെ നിരവധി കായികസംഘടനകൾക്ക് കൗൺസിൽ അംഗീകാരം നൽകുകയും അതിലൂടെ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുയും ഉണ്ടായിട്ടുണ്ട്. ഇതിന് മാറ്റം വരുത്തണം.

25. ജീവനോപാധിയായ സ്പോർടിസിന്റെ ലക്ഷ്യം മത്സരവിജയമാണെങ്കിൽ ആസ്വാദനോപാധിയായ സ്പോർട്സ് ലക്ഷ്യം വെയ്ക്കുന്നത് വിനോദമാണ്. പ്രഫഷണൽ സ്പോർട്സിന് കായിക താരങ്ങളെ മിക്കപ്പോഴും സംഭാവന ചെയ്യുന്നത് അമെചർ സ്പോർട്സാണ്. നമ്മുടെ സ്പോർട്സ് നഗരകേന്ദ്രീകൃതമല്ല. ഗ്രമാങ്ങളിലാണ് കായികരംഗത്തിന്റെ ജീവന്റെ തുടിപ്പുകൾ. ആയതിനാൽ ഗ്രാമീണ സ്പോർട്സിന് കായികനയം അർഹമായ പങ്കാളിത്തം ഉറപ്പാക്കണം. ഗ്രാമങ്ങളിൽ കായിക രംഗത്തേക്ക് കടന്നുവരുന്നവർ തികച്ചും വിനോദം ഒന്നുമാത്രം ലക്ഷ്യംവച്ച് വരുന്നവരാണ്. ഇതിൽ തന്നെ അനേകം പ്രതിഭകൾ ഉണ്ടാവാം. ചിലരെ മാത്രമേ നമുക്ക് കണ്ടെത്താനാവുന്നുള്ളൂ. ബാക്കി വരുന്നവർ പലപ്പോഴും കായികരംഗത്തിന് ഗൗരവമായ പ്രാധാന്യം നൽകുന്നതിനു മുമ്പുതന്നെ ജീവിതത്തിന്റെ പുതിയ വഴിത്താരയിലെത്തിയിട്ടുണ്ടാവും. ഇത്തരത്തിൽ കാണാതാവുന്നവരെ -വെളിച്ചത്തുവരാത്തവരെ-തേടിപിടിച്ച് കായിക താരങ്ങളായി വളർത്തിയെടുക്കേണ്ടത്. നമ്മുടെ കായികരംഗത്തിന്റെ സുഗമമായ നിലനിൽപ്പിന് ആവശ്യമാണ്.

### സാമ്പത്തികം

26. കേരളത്തിലെ കായികരംഗത്തെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് ബജറ്റ് 30 കോടിയോളം രൂപ വകകൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഇതിനുശേഷം ഈ തുക വകമാറ്റി ചിലവഴിച്ച അനുഭവവും നമുക്കു മുമ്പിലുണ്ട്. മിച്ചതുക കൊണ്ട് കൗൺസിൽ ജോലിക്കാരുടെ ശമ്പളവും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും അംഗീകൃത കായികസംഘടനകളുടെയും വിഹിതവും നൽകിയതിനുശേഷം സംസ്ഥാനാടിസ്ഥാനത്തിൽ കായികരംഗത്തിന്റെ പുരോഗതിക്കുതകുംവിധം പ്രവർത്തനങ്ങൾ നടത്തുവാനുള്ള തുക ലഭ്യമല്ല. ഇതിനായി അധികതുക കണ്ടെത്തേണ്ടിയിരിക്കുന്നു. സ്പോർട്സിന്റെ രക്ഷക്കായി ഏതെങ്കിലും നികുതിയിന്മേൽ സെസ് ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിനായി മദ്യത്തെതന്നെ തിരഞ്ഞെടുക്കണം എന്ന എളിയ നിർദ്ദേശമുണ്ട്. മദ്യത്തിന് ചുമത്തുന്ന നികുതിയിന്മേൽ സെസ് ഏർപ്പെടുത്തുന്നതു കൊണ്ട് ഒരു ചെറിയ വർദ്ധനവ് ഉണ്ടാവുന്നതുമൂലം കേരളകായികരംഗത്തിന്റെ ചിത്രം വർണ്ണങ്ങൾകൊണ്ട് നിറയും. ഇത്തരത്തിൽ സംഭരിക്കുന്ന തുകകൊണ്ട് മാത്രമെ നമ്മുടെ കായികരംഗത്തിന് അർഹിക്കുന്ന സ്ഥാനം നേടാനാവൂ. ഈ ദിശയിലുള്ള നീക്കംകൊണ്ടുമാത്രമേ കേരള കായികരംഗത്തിന് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ.

27. കായികരംഗത്ത് മത്സരത്തിന്റെ നിലവാരം ഉയർന്നതോടെ മത്സരിക്കുവാനെത്തുന്നവരുടെ ചെലവും ഏറെ വർദ്ധിക്കും. കായികോപകരണങ്ങളും പരിശീലനവും യാത്രകളും ഭക്ഷണവും ഒക്കെക്കൂടി ഒരു സാധാരണക്കാരന് താങ്ങാനാവുന്നതിലും എത്രയോ അധികം. സാമ്പത്തികപരാധീനത ഒന്നുകൊണ്ടുമാത്രം കളംവിടുന്ന താരങ്ങളുടെ എണ്ണവും ഏറെയാണ്. രംഗത്തുള്ളവരാകട്ടെ ദൈനംദിനം തള്ളിനീക്കാൻ പാടുപെടുന്നു. ഇതുമാത്രമല്ല, ചില കായിക ഇനങ്ങളിൽ വിദേശമത്സരങ്ങളിൽ പങ്കെടുക്കാൻ പണമില്ലാതെ അവസരം നഷ്ടപ്പെട്ട അനേകം താരങ്ങളുടെ നാടാണ് കേരളം. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടിയിരിക്കുന്നു. ഗവൺമെന്റിനു മാത്രം ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ സാധ്യമല്ല. തീർച്ചയായും സഹായിക്കാൻ സൻമന

സുള്ള കായികപ്രേമികൾതന്നെ രംഗത്തു വരണം. ഇതിനായി സ്വകാര്യ സ്ഥാപനങ്ങളും തയ്യാറാവണം. ഇത്തരത്തിൽ താരങ്ങൾക്ക് സഹായം ഉറപ്പാക്കാൻ താരങ്ങളുടെ ഒന്നോ, രണ്ടോ വർഷത്തെ പരിശീലന – മത്സര ചെലവുകൾ വഹിക്കുവാൻ തയ്യാറായ സ്ഥാപനങ്ങളോ വ്യക്തിയെയോ കണ്ടെത്തുന്നതിൽ അവരെ സഹായിക്കാൻ, താൽപര്യമുള്ള സ്ഥാപനങ്ങൾക്ക് അർഹരായ താരങ്ങളെ ചൂണ്ടിക്കാണിച്ച് കൊടുക്കുവാൻ സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് അധികചെലവില്ലാത്ത ഒരു സ്പോൺസർഷിപ്പ് സെൽ ആരംഭിക്കണം.

### ഒളിമ്പിക്സ് – 2024

നാമിന്ന് 2016ന്റെ പടിവാതിൽക്കലാണ്. നാം തയ്യാറാക്കുന്നത് 2026 വരെ നടപ്പിലാക്കാനുദ്ദേശിക്കുന്ന നയപരിപാടികളും. 2024 തന്നെ ഒളിമ്പിക്സ് നടക്കുന്നു എന്നത് ഈ അവസരത്തിൽ ഓർക്കേണ്ടിയിരിക്കുന്നു. നാം അതുകൊണ്ടുതന്നെ ലക്ഷ്യം വക്കേണ്ടത് 2024 ഒളിമ്പിക്സിൽ, അത്‌ലറ്റിക്സിൽ കേരളത്തിന് സ്വന്തമായൊരു മെഡലാണ്.

ഇത് നമുക്ക് തീർച്ചയായും സാധ്യമാണ്. കാരണം, നമ്മുടെ ജൂനിയർ അത്‌ലറ്റുകളിൽ ഏറെപ്പേർ, അന്താരാഷ്ട്രനിലവാരത്തിൽ ഒന്നാംസ്ഥാനം നേടി എന്നു നിൽക്കുന്ന അത്‌ലറ്റുകൾ ജൂനിയർ നിലവാരത്തിൽ നടത്തിയിരുന്ന പ്രകടനത്തേക്കാൾ മെച്ചപ്പെട്ട പ്രകടനം കാഴ്ചവക്കുന്നവരാണ്. അതിനുശേഷമുള്ള കാര്യങ്ങളിലാണ് വ്യക്തമായ പദ്ധതിയുടെയും മേൽനോട്ടത്തിന്റെയും അഭാവം. അതിനാൽ നമുക്ക് 2024 ഒളിമ്പിക്സ് ലക്ഷ്യം വെച്ച് രണ്ട് അത്‌ലറ്റിക് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം. ഇത് പ്രകൃതി കനിഞ്ഞു നൽകിയിട്ടുള്ള സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താനാവുന്ന സ്ഥലത്താവുന്നതാണ് നല്ലത്. ഈ പദ്ധതിയിലേക്ക് കായികതാരങ്ങളുടെ തിരഞ്ഞെടുപ്പ് കേരളോത്സവങ്ങളിൽ നിന്നും, കേരളത്തിലെ സർവ്വകലാശാലകൾക്കായി സംഘടിപ്പിക്കുന്ന അത്‌ലറ്റിക് മീറ്റിൽ നിന്നും സ്കൂൾ അത്‌ലറ്റിക് മീറ്റിൽ നിന്നും അസോസിയേഷൻ സംഘടിപ്പിക്കുന്ന സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റുകളിൽ നിന്നും പ്രത്യേക തിരഞ്ഞെടുപ്പിനായി കായികതാരങ്ങളെ വിളിച്ചുചേർത്തതിൽ നിന്നോ ആകണം. തിരഞ്ഞെടുക്കപ്പെടുമ്പോൾ പ്രായം, ശാരീരികയോഗ്യത, മുമ്പ് ലഭിച്ച പരിശീലനം, സാധ്യതകൾ ഇവ കണക്കിലെടുക്കണം. ഇവരെ തിരഞ്ഞെടുക്കുന്നത് മൂന്നു പരിശീലകരും ഒരു കായിക വിദ്യാഭ്യാസവിദഗ്ധനും അടങ്ങിയ സമിതിവാവണം. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പരിശീലനവും താമസ -ഭക്ഷണസൗകര്യങ്ങളും തീർത്തും സൗജന്യമാവണം. ഇവരുടെ പുരോഗതി വിലയിരുത്തി പരിശീലനത്തിൽ മാറ്റങ്ങൾ വരുത്തണം. ഇതിലേക്കായി പരിശീലകരുടെ ഒരു സമിതിയും മേൽനോട്ടത്തിനായി വേറൊരുകൂട്ടം വിദഗ്ധരുടെ സേവനവും ഉറപ്പുവരുത്തണം. പ്രകടനങ്ങൾ അന്താരാഷ്ട്ര നിലവാരവുമായി അടിക്കടി താരതമ്യം ചെയ്യണം. സാധ്യമെങ്കിൽ രാജ്യാന്തരമത്സരപരിചയം ഉറപ്പുവരുത്തണം. ഈ പദ്ധതിയുടെ നടത്തിപ്പ് സംസ്ഥാനസർക്കാരും സ്പോർട്സ് കൗൺസിലും ഏറ്റെടുക്കണം. ഇതിലേക്കായി പ്രത്യേകം നമുക്ക് സാധ്യതയുള്ള കായിക ഇനങ്ങളെ തിരഞ്ഞെടുക്കണം. അത്‌ലറ്റിക്സ്, കനോയിംഗ് കയാക്കിങ്. റോമിങ്, വനിതാ ബോക്സിങ്, ഷട്ടിൽ, ബാറ്റ്മിന്റൺ, ഫെൻസിങ്ങ് എന്നിവയെ തെരഞ്ഞെടുക്കുക.



DO YOU WANT TO BE THE PROUD OWNER OF SHE TAXI
AND DRIVE IN STYLE?
shetaxi
A Govt. of Kerala Initiative
she transcends
TM
The Kerala State
Women's Development
Corporation Ltd.
Dept. of Social Welfare, Government of Kerala
Provides loan facilities at low interest rate
Contact : 0471 2727668
genderpark
resolve the gender inequity
An initiative of Dept.of Social Justice. Govt.of Kerala



കേരള സർക്കാർ
kerala
God's Own Country
ലക്ഷ്മി ഇനിമുതൽ
ധനലക്ഷ്മി
ജീവിതം ഇനി പഴയത് പോലെയല്ല!
ഫെഡറൽ ബാങ്കിന്റെയും എസ്ബിഐയുടെയും കാർഡുകൾ ഉപയോഗിച്ച് ഷോപ്പ് ചെയ്യൂ...
ഡിജിറ്റൽ കൂപ്പണുകൾ അധികമായി നേടൂ...
കൂപ്പൺ ഉപയോഗിച്ച് നേടാവുന്ന അതിശയിപ്പിക്കുന്ന ഓഫറുകൾ
ലക്ഷക്കണക്കിന് രൂപയുടെ സമ്മാനങ്ങൾ ലഭിക്കുന്ന ഓൺലൈൻ ഗെയിമുകൾ. സന്ദർശിക്കുക
www.grandkeralashopping.com
ഓരോ കൂപ്പണിലും ഒരു സമ്മാനം ഉറപ്പ്. ദൈവാര നറുക്കെടുപ്പുകൾ കൂടാതെ മെഗാ നറുക്കെടുപ്പും!
ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ മെഗാ സീസൺ 9
ഇനി ഭാഗ്യം നിങ്ങളെത്തേടിയെത്തും. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ
പങ്കാളികളായ വ്യാപാര സ്ഥാപനങ്ങളിൽ ഷോപ്പിംഗ് നടത്തുമ്പോൾ
15 കോടി രൂപയുടെ സമ്മാനങ്ങൾ. വേഗമാകട്ടെ! അപ്പോൾ ഷോപ്പിംഗ് തുടങ്ങുകയല്ലെ!!
1-ാം സമ്മാനം 1 kg സ്വർണ്ണം + മാരുതി സെലേറിയോ കാർ
2-ാം സമ്മാനം ½ kg സ്വർണ്ണം (ഒരാൾക്ക്)
3-ാം സമ്മാനം ¼ kg സ്വർണ്ണം വീതം (2 പേർക്ക്)
4-ാം സമ്മാനം 4 മാരുതി സെലേറിയോ കാർ (4 പേർക്ക്)
5-ാം സമ്മാനം ₹50,000/- വീതം (56 പേർക്ക്)
കൂടുതൽ വിവരങ്ങൾക്ക്:
1800 1234 573(ടോൾ ഫ്രീ)/
www.grandkeralashopping.com
GRAND KERALA SHOPPING FESTIVAL
SEASON - 9
01 Dec 2015 - 15 Jan 2016
BHIMA Trade Partner
CDFI Digital Partner
KASE Event Partner
MARUTI SUZUKI CELERIO Gift Partner
vodafone Telecom Partner
FEDERAL BANK Banking Partner
Social Banking Partner
Kairali Craft Partner
Digital Banking Partner
ApsaIT IT Partner
Citrus Gift Partner
In association with
MALABAR GOLD & DIAMONDS
MediaMate 10807